# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

2016 ഫെബ്രുവരി 11, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 161 - നമ്പർ 5

വില : ₹ 50


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

2016 ഫെബ്രുവരി 11, വ്യാഴം

*സ്പീക്കർ*
**ശ്രീ. എൻ. ശക്തൻ**

*ഡെപ്യൂട്ടി സ്പീക്കർ*
**ശ്രീ. പാലോട് രവി**

*സെക്രട്ടറി*
**ശ്രീ. പി. ഡി. ശാരംഗധരൻ**

*ചീഫ് എഡിറ്റർ*
**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. ഉമ്മൻ ചാണ്ടി |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. അബ്ദു റബ്ബ് |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : | ശ്രീ. അടൂർ പ്രകാശ് |
| പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. പി. അനിൽ കുമാർ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. അനൂപ് ജേക്കബ് |
| ഊർജ്ജ വകുപ്പുമന്ത്രി | : | ശ്രീ. ആര്യാടൻ മുഹമ്മദ് |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. കെ. ബാബു |
| സഹകരണവും ഖാദി, ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : | ശ്രീ. സി. എൻ. ബാലകൃഷ്ണൻ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീമതി പി. കെ. ജയലക്ഷ്മി |
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | : | ശ്രീ. കെ. സി. ജോസഫ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. പി. ജെ. ജോസഫ് |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : | ശ്രീ. മഞ്ഞളാംകുഴി അലി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : | ശ്രീ. കെ. പി. മോഹനൻ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ഡോ. എം. കെ. മുനീർ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | : | ശ്രീ. രമേശ് ചെന്നിത്തല |
| തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി | : | ശ്രീ. ഷിബു ബേബി ജോൺ |
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. ശിവകുമാർ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ |

# ഉള്ളടക്കം

*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ... 1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ... 27

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ... 27

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ... 67

**II അടിയന്തരപ്രമേയം**

ടൈറ്റാനിയം കമ്പനിയിലെ അഴിമതിക്കേസ് അട്ടിമറിക്കൽ ... 334

**III ശ്രദ്ധ ക്ഷണിക്കൽ**

റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിന് നടപടി
ചീഫ് വിപ്പ് (ശ്രീ. തോമസ് ഉണ്ണിയാടൻ) ... 369

**IV സബ്മിഷൻ**

(1) എ.ആർ. ക്യാമ്പ് പുനഃസ്ഥാപിക്കലും എയ്ഡ് പോസ്റ്റ് ആരംഭിക്കലും
—ശ്രീ. ആർ. സെൽവരാജ് ... 375

(2) വാഹനാപകടം ഒഴിവാക്കുന്നതിന് നടപടികൾ
—ശ്രീ. ടി. എൻ. പ്രതാപൻ ... 376

(3) സൗജന്യ കൊളോസ്റ്റമി കിറ്റ് വിതരണം
—ശ്രീ. എൻ. എ. നെല്ലിക്കുന്ന് ... 377

(4) സ്റ്റാഫ് നഴ്സുമാരുടെ നിയമനം
—ശ്രീ. എ. റ്റി. ജോർജ് ... 378

**V മേശപ്പുറത്തുവച്ച കടലാസ്സുകൾ**

(1) 2015-ലെ ഇക്കണോമിക് റിവ്യൂ ... 380

(2) ചട്ടം 47(2) അനുസരിച്ചുള്ള കടലാസ്സുകൾ ... 380

**VI റിപ്പോർട്ട് സമർപ്പണം**

(1) കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ, കാർഷികവിവരവും വിനിമയവും കാർഷിക സേവന കേന്ദ്രങ്ങളും സേവന വിതരണവും മണ്ണ് സംരക്ഷണ പദ്ധതികൾ, മണ്ണ് പര്യവേഷണം എന്നീ വിഷയങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ റിപ്പോർട്ട് ... 381

(2) നെല്ല് വികസനം, ജൈവ പച്ചക്കറി കൃഷി, ഹൈ-ടെക് അഗ്രികൾച്ചർ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, വിള ആരോഗ്യ പരിപാലനം, നിറവ്-കാർഷിക വികസനത്തിനുള്ള സമഗ്ര പദ്ധതി എന്നീ വിഷയങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-I-ന്റെ റിപ്പോർട്ട് ... 381

**VII ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച** ... 381

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

*2016 ഫെബ്രുവരി 11, വ്യാഴം*

വാല്യം 161] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 5

പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനം 2016 ഫെബ്രുവരി മാസം 11-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം എഴുന്നേറ്റുനിന്ന് അഴിമതി മന്ത്രിസഭ രാജി വയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ: ചോദ്യോത്തര സമയം കഴിഞ്ഞാലുടൻ അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കാം. ... ബഹളം...

മി. സ്പീക്കർ: ഓർഡർ............. ഓർഡർ........ ചോദ്യം നമ്പർ *91

### ലൈറ്റ് മെട്രോ പദ്ധതി

1(*91) ശ്രീ. എം. എ. വാഹീദ്:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. എ. റ്റി. ജോർജ്:
ശ്രീ. ആർ. സെൽവരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈറ്റ് മെട്രോ നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനു

ദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് ): സർ,

(എ) സംസ്ഥാനത്ത് തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി വിശദമായ പദ്ധതി റിപ്പോർട്ടും (ഡി.പി.ആർ.) രൂപരേഖയും തയ്യാറാക്കുകയും പ്രസ്തുത പദ്ധതിക്ക് 11-9-2015-ലെ ജി.ഒ. (എംഎസ്.) നമ്പർ 74/15/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൾട്ടന്റായ ഡി.എം.ആർ.സി.-യും കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ്-ഉം തമ്മിൽ 20-1-2016-ന് കരാർ ഒപ്പുവയ്ക്കുകയും ചെയ്തു.

സ്ഥലമെടുപ്പിനാവശ്യമായ വിശദവിവരങ്ങൾ തയ്യാറാക്കുക, ലൈറ്റ് മെട്രോ പാതയിൽ ആവശ്യമായ മേൽപ്പാലങ്ങളുടെ രൂപരേഖയും എസ്റ്റിമേറ്റും തയ്യാറാക്കുക, പൈപ്പുകളും കേബിളുകളും സ്ഥാപിക്കാനുള്ള രൂപരേഖ തയ്യാറാക്കുക, ലൈറ്റ് മെട്രോ കോച്ചുകളുടെ രൂപകല്പനയും ദർഘാസ് ക്ഷണിക്കുന്നതിനാവശ്യമായ സാങ്കേതിക വിവരണങ്ങളും തയ്യാറാക്കുക എന്നീ കർമ്മ പദ്ധതികൾ കെ.ആർ.റ്റി.എൽ. ആവിഷ്കരിച്ചു വരുന്നു. ഇതുകൂടാതെ കേന്ദ്ര സർക്കാരിന്റെ അനുമതി എത്രയും വേഗം ലഭ്യമാക്കുന്നതിനുതകുന്ന നടപടികളും കർമ്മ പദ്ധതിയിൽ ഉൾപ്പെടുന്നു.

(ബി) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങൾ ഇന്ന് നേരിട്ടു കൊണ്ടിരിക്കുന്ന ഗതാഗതക്കുരുക്കുകൾ ലഘൂകരിക്കുന്നതിൽ നിർണ്ണായകമായ കാൽവെയ്പ്പാകും ലൈറ്റ് മെട്രോ പദ്ധതി. യാത്രാ സമയത്തിൽ ഗണ്യമായ കുറവ്, സാധാരണക്കാരന് താങ്ങാൻ കഴിയുന്ന നിരക്കുകൾ, സുഖപ്രദമായ യാത്ര, ഇന്ധനലാഭം എന്നിങ്ങനെ പല ലാഭങ്ങളും ഈ പദ്ധതിമൂലം ഉണ്ടാകും. വൈദ്യുതിയിൽ ഓടുന്ന വാഹനമായതിനാൽ അന്തരീക്ഷ മലിനീകരണം ഉണ്ടാവില്ല എന്നതും മറ്റൊരു പ്രധാന നേട്ടമാണ്. റോഡ് വികസനത്തിന് ആവശ്യമായ വൻതോതിലുള്ള സ്ഥലമെടുപ്പും പുനരധിവാസവും മറ്റും വേണ്ടിവരില്ല എന്നതാണ് ലൈറ്റ് മെട്രോ പദ്ധതിയുടെ മറ്റൊരു പ്രത്യേകത.

(സി) കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന പേരിൽ ഈ പദ്ധതിയുടെ നടത്തിപ്പിനായി പൊതുമരാമത്ത് വകുപ്പിന് കീഴിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ട്. വിശദമായ പദ്ധതി റിപ്പോർട്ട് സംസ്ഥാന സർക്കാർ അംഗീകരിക്കുകയും അതിനുള്ള ഭരണാനുമതി 11-9-2015-ലെ

ജി.ഒ. (എംഎസ്.) നമ്പർ 74/15/പൊ.മ.വ. പ്രകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഡി.പി.ആർ. പ്രകാരം തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾക്ക് വേണ്ടി വരുന്ന ആകെ ചെലവ് 6728 കോടി രൂപയാണ്. (തിരുവനന്തപുരം-4219 കോടി, കോഴിക്കോട് 2509 കോടി) 21.821 കി.മീ. ദൂരത്തിൽ 19 സ്റ്റേഷനുകളോടെയാണ് തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കോഴിക്കോട് 13.33 കി.മീ. ദൂരവും 14 സ്റ്റേഷനുകളുമാണ് ഉണ്ടാകുക. കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി പദ്ധതി റിപ്പോർട്ടും സമഗ്ര ഗതാഗത രൂപരേഖയും സമർപ്പിച്ചിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, റൂൾ 50 അനുസരിച്ച് അടിയന്തരപ്രമേയം ഇന്നലെ ചർച്ചയ്ക്കെടുക്കാമെന്നു പറഞ്ഞിട്ട് അത് ചർച്ചയ്ക്കെടുത്തില്ല. അതുപോലൊരു **** ഇനി ഉണ്ടാകാൻ പാടില്ല. സ്പീക്കർ നൽകിയ വാക്കിന് ഒരു വില വേണം. അങ്ങ് നൽകിയ വാക്ക് ഇന്നലെ പാലിക്കാൻ കഴിഞ്ഞില്ല.

മി. സ്പീക്കർ: ചെയർ ഒരിക്കലും ***. സീറോ അവറിൽ അടിയന്തരപ്രമേയം എടുക്കാമെന്നാണ് ചെയർ ഇന്നലെ പറഞ്ഞത്. ഇന്നലെയും അടിയന്തര പ്രമേയം അവതരിപ്പിക്കാൻ അനുവാദം നൽകാമെന്ന് പറഞ്ഞിട്ടില്ല. ഇന്ന് അടിയന്തരപ്രമേയത്തിന് നോട്ടീസ് കിട്ടിയിട്ടുണ്ട്. അത് ബന്ധപ്പെട്ട വകുപ്പുമന്ത്രിക്ക് നൽകിയിട്ടുണ്ട്. സീറോ അവറിൽ ആദ്യം തന്നെ അതെടുക്കും. ദയവായി ഇരിക്കണം.

ശ്രീ. സി. പി. മുഹമ്മദ്: റൂൾ 307 അനുസരിച്ച് *** എന്ന വാക്ക് സഭാരേഖയിൽ നിന്നും നീക്കം ചെയ്യണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഒരു പദം പ്രയോഗിച്ചു. അത് രേഖയിൽ ഉണ്ടാകുകയില്ല.

ശ്രീ. എം. എ. വാഹീദ്: സർ, ഏറ്റവും കൂടുതൽ ഗതാഗതക്കുരുക്ക് അനുഭവിക്കുന്ന ഒരു പ്രദേശമാണ് കഴക്കൂട്ടം. ആയിരം പേർ തൊഴിൽ ചെയ്തിരുന്ന സ്ഥാനത്തുനിന്നും അൻപതിനായിരം പേർ തൊഴിൽ ചെയ്യുന്ന ഒരു സ്ഥാപനമായി ടെക്നോപാർക്ക് വളർന്നിരിക്കുകയാണ്. ടെക്നോസിറ്റി കൂടിയാകുമ്പോൾ ഗതാഗതം

---

* സഭാദ്ധ്യക്ഷന്റെ നിർദ്ദേശ പ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

വർദ്ധിക്കുകയാണ് ചെയ്യുന്നത്. മൂന്നാംഘട്ട ടെക്നോപാർക്കിന്റെ വികസനത്തോടു കൂടി ഏകദേശം ഒന്നര ലക്ഷം പേർ വന്നുപോകുന്ന ഒരു പ്രദേശമായി കഴക്കൂട്ടം മാറും. ഇപ്പോൾ കഴക്കൂട്ടത്തെ ഹൈവേയും മെയിൻ റോഡും ഭയങ്കരമായ ഗതാഗതക്കുരുക്കിലാണ്. മന്ത്രിമാർ വരെ മണിക്കൂറുകളോളം കാത്തുകിടക്കേണ്ട സ്ഥിതിയാണ്. അത് മുന്നിൽകണ്ടുകൊണ്ടാണ് മോണോ റെയിൽ പദ്ധതി ആരംഭിച്ചത്. രണ്ടുമൂന്ന് വർഷക്കാലം അതുമായി മുന്നോട്ടുപോയി. മോണോ റെയിൽ പദ്ധതി അവസാനിപ്പിക്കാനും അതിനുപകരം ലൈറ്റ് മെട്രോ പദ്ധതി കൊണ്ടുവരുവാനുമുണ്ടായ സാഹചര്യം എന്താണ്; അതുകൊണ്ടുണ്ടായ കാലതാമസം ഈ പ്രോജക്ടിനെ ബാധിച്ചിട്ടില്ലേ; അതിനെക്കുറിച്ച് എന്ത് വിശദീകരണമാണ് നൽകാനുള്ളത്?

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, ഡി.എം.ആർ.സി. തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമാണ് തിരുവനന്തപുരം, കോഴിക്കോട് മോണോ റെയിൽ പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. 1-10-2013-ന് ദർഘാസ് ക്ഷണിക്കുകയും ചെയ്തു. Bombardier Transportation India Private Limited എന്ന ഒരു സ്ഥാപനം മാത്രമാണ് അതിൽ താൽപ്പര്യം പ്രകടിപ്പിച്ചത്. എന്നാൽ സർക്കാർ നിർദ്ദേശപ്രകാരം പുനർദർഘാസ് ക്ഷണിക്കുകയും ചെയ്തു. 30-5-2014-ന് പുനർദർഘാസ് തുറന്നെങ്കിലും വീണ്ടും ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചത്. അതുകൊണ്ട് ഇതിന് മത്സരാധിഷ്ഠിതമായ ടെണ്ടർ ലഭിക്കുന്നില്ല, ടെക്നോളജിയുമില്ല എന്ന നിർദ്ദേശമാണ് ഡി.എം.ആർ.സി.-യുടെ ഉപദേഷ്ടാവ് ശ്രീ. ഇ. ശ്രീധരൻ നൽകിയത്. മോണോ റെയിൽ നടപ്പിലാക്കിയ രാജ്യങ്ങളിൽ പല തകരാറുകളും ഉണ്ടെന്നും അതുകൊണ്ട് ലൈറ്റ് മെട്രോയാണ് എറ്റവും നല്ലതെന്നും അദ്ദേഹം നൽകിയ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ടെണ്ടർ വിളിച്ചിട്ടും മത്സരാടിസ്ഥാനത്തിൽ ടെണ്ടറുകൾ വരാത്ത ഒരു സ്ഥിതി വന്നതിനാലാണ് ലൈറ്റ് മെട്രോയെപ്പറ്റി ആലോചിക്കാൻ നിർബന്ധിതമായത്. അതോടൊപ്പംതന്നെ ലൈറ്റ് മെട്രോയ്ക്ക് പല ഗുണങ്ങളുമുണ്ട്. ഉദാഹരണമായി, മെട്രോ സിറ്റികളിൽ ഇത്ര യാത്രക്കാർ വേണമെന്ന് നിർബന്ധമുണ്ട്. ലൈറ്റ് മെട്രോയ്ക്കാണെങ്കിൽ അതില്ല. കേന്ദ്രാനുമതി ലഭിക്കാൻ ലൈറ്റ് മെട്രോയാണ് ഏറ്റവും നല്ലതെന്ന ഉപദേശം കിട്ടിയതിന്റെ അടിസ്ഥാനത്തിലാണ് ലൈറ്റ് മെട്രോയിലേക്ക് മാറിയത്.

<u>ശ്രീ. എം. എ. വാഹീദ്</u>: സർ, 22 കിലോമീറ്റർ ദൈർഘ്യമുള്ള പദ്ധതിയാണ്

തിരുവനന്തപുരത്തെ ലൈറ്റ് മെട്രോ പദ്ധതി. അതിൽ 13 കി. മീ. എന്റെ നിയോജക മണ്ഡലത്തിൽ കൂടിയാണ് പോകുന്നത്. അതിൽത്തന്നെ ഹൈവേയിൽ ലാന്റ് അക്വിസിഷൻ ആവശ്യമില്ല. കേശവദാസപുരം കഴിഞ്ഞാൽ ലാന്റ് അക്വിസിഷൻ ആവശ്യമില്ല. കേശവദാസപുരത്തിനും കഴക്കൂട്ടത്തിനും ഇടയിൽ ഞെരുങ്ങിയ റോഡാണ്. അത് നാലുവരി പാതയാക്കിയാൽ മാത്രമേ ലൈറ്റ് മെട്രോ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. ലൈറ്റ് മെട്രോ നടപ്പിലാക്കാൻ ആവശ്യമായ പണം എവിടെ നിന്നും കണ്ടെത്തും; ഈ ഭൂമി ഏറ്റെടുക്കാൻ ഭീമമായ തുക ഇപ്പോൾ വേണ്ടി വരും. ഇപ്പോൾ കഴക്കൂട്ടം പ്രദേശത്ത് ഒരു സെന്റിന് 25 ലക്ഷം-40 ലക്ഷം രൂപ വിലയാണ്. അങ്ങനെ വളരെ അട്രാക്റ്റീവായ ഒരു പ്രദേശത്ത് റോഡ് വൈഡനിംഗിനുവേണ്ടി സ്ഥലം എടുക്കുമ്പോൾ ഭീമമായ തുക വേണ്ടിവരും. അത് എത്രത്തോളം കണക്കാക്കിയിട്ടുണ്ടെന്ന് എനിക്കറിയില്ല. ഈ പദ്ധതിക്ക് ആവശ്യമായ പണം എവിടെ നിന്നും കണ്ടെത്തും; എങ്ങനെയാണ് ഈ പദ്ധതിക്ക് സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തുന്നത്; അത് എത്രത്തോളം ഗുണപ്രദമാകും; എത്രത്തോളം നാട്ടുകാർക്കും സർക്കാരിനും പ്രയോജനപ്പെടും എന്നുള്ളതിനെക്കുറിച്ച് വ്യക്തമാക്കുമോ?

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, തിരുവനന്തപുരം ജില്ലയിലെ കേശവദാസപുരം മുതൽ കഴക്കൂട്ടം വരെയുള്ള 9.37 കിലോമീറ്റർ ദൈർഘ്യമുള്ള റോഡ് 24 മീറ്റർ വീതിയിൽ വികസിപ്പിക്കാനാണ് പദ്ധതിയിൽ വിഭാവന ചെയ്തിട്ടുള്ളത്. തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിക്കുവേണ്ടി 2.5 മീറ്റർ സെൻട്രൽ മീഡിയനോടുകൂടിയ നാലുവരിപ്പാതയുടെ വികസനം, ഫുട്പാത്ത്, യൂട്ടിലിറ്റി കോറിഡോർ, 7 ജംഗ്ഷനുകളുടെ വികസനം, ശ്രീകാര്യത്തും ഉള്ളൂരും ഫ്ലൈ ഓവറുകളുടെ നിർമ്മാണം എന്നിവയും ഇതിൽ ഉൾപ്പെടുന്നു. 426.44 കോടി രൂപ (ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ ഏകദേശം 548 കോടി രൂപ) അടങ്കൽ തുകയായി പ്രതീക്ഷിക്കുന്നു. ഇത് സംസ്ഥാന ഗവൺമെന്റ് മെഗാ പ്രോജക്ടുകൾക്ക് മാറ്റി വയ്ക്കുന്ന തുകയിൽ നിന്നും എടുക്കുന്നതിനാണ് ഇപ്പോൾ നിർദ്ദേശം വന്നിട്ടുള്ളത്. പദ്ധതിയുടെ പ്രിപ്പറേറ്ററി വർക്കിലാണ് ഇതുൾപ്പെടുന്നത്. പദ്ധതിയുടെ വിഹിതവും പദ്ധതിയുടെ അടങ്കൽ തുകയും വേറെ കണക്കാക്കേണ്ടിയിരിക്കുന്നു.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, തിരുവനന്തപുരത്തും കോഴിക്കോടുമാണ് ലൈറ്റ് മെട്രോ പദ്ധതി ആരംഭിക്കുന്നത്. മെട്രോ പദ്ധതിയും ലൈറ്റ് മെട്രോ പദ്ധതിയും തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമെന്താണ്; കൊച്ചിയിൽ മെട്രോ

പദ്ധതിയാണ്. കോഴിക്കോട്ടും തിരുവനന്തപുരത്തും ലൈറ്റ് മെട്രോ പദ്ധതിയും. ഇത് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡമെന്താണ്; അതോടൊപ്പം തന്നെ ലൈറ്റ് മെട്രോയുടെ ലാന്റ് അക്വിസിഷൻ നടപടികൾ എന്ന് ആരംഭിക്കാൻ കഴിയും; ദിവസം കഴിയുന്തോറും ഭൂമിയുടെ വില കൂടിക്കൊണ്ടിരിക്കുകയാണ്. ഈ പദ്ധതി എന്ന് ആരംഭിച്ച് പൂർത്തിയാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്; കോഴിക്കോട് ഇതിന്റെ ഫസ്റ്റ് സ്റ്റേജ് കഴിഞ്ഞു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. തിരുവനന്തപുരത്ത് ആരംഭിച്ചിട്ടില്ല. അപ്പോൾ എന്ന് പദ്ധതിയാരംഭിച്ച് പൂർത്തിയാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, Peak Hour Peak Direction Traffic (PHPDT) അടിസ്ഥാനത്തിലാണ് ഏത് തരം മാസ്റ്റർ റാപ്പിഡ് ട്രാൻസ്പോർട്ട് സിസ്റ്റമാണ് ഉചിതമെന്ന് തീരുമാനിക്കുന്നത്. അതായത് PHPDT 90000 വരെ ഹെവി മെട്രോയാണ് അനുവദിക്കുന്നത്. അതേസമയത്ത് 50000 വരെ മീഡിയം മെട്രോയാണ്. 30000-ൽ താഴെയാണ് ലൈറ്റ് മെട്രോ. നമ്മുടെ സിറ്റികളിൽ തിരുവനന്തപുരത്ത് ഇപ്പോൾ 10000 PHPDT മാത്രമേയുള്ളൂ. കോഴിക്കോട് 6000 PHPDT മാത്രമാണുള്ളത്. 2041-ൽ മാത്രമേ നമ്മൾ ഉദ്ദേശിക്കുന്ന ട്രാഫിക് ഇക്കാര്യത്തിൽ ഉണ്ടാവുകയുള്ളൂ. 30000-ൽ താഴെ PHPDT വരുന്ന സ്ഥലത്താണ് ലൈറ്റ് മെട്രോ സ്ഥാപിക്കുന്നത്. അതിനാണ് കേന്ദ്രഗവൺമെന്റ് അനുമതി നൽകുന്നത്.

ശ്രീ. എ. റ്റി. ജോർജ്: സർ, ഏത് പദ്ധതിയുടെയും വിജയം അതിന്റെ സാമ്പത്തിക സ്രോതസ്സാണ്. ബഹുമാനപ്പെട്ട എം. എ. വാഹീദ്, എം.എൽ.എ. സൂചിപ്പിച്ചതുപോലെ ഈ പദ്ധതിക്കാവശ്യമായ സാമ്പത്തിക സഹായം വായ്പയായി നൽകാമെന്ന് ജപ്പാൻ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ ഏജൻസി (JICA) സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടെന്ന് അറിയാൻ കഴിഞ്ഞു. രണ്ട് ശതമാനം പലിശയ്ക്കാണ് ഈ തുക ലഭിക്കുന്നതെന്നും അറിയുന്നു. ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ; അതുപോലെ തന്നെ ഡി.എം.ആർ.സി.-യെ ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭനടപടികൾക്കായുള്ള ഇടക്കാല കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ഏത് സാഹചര്യത്തിലാണ് എന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ലൈറ്റ് മെട്രോയുടെ ഇടക്കാല

കൺസൾട്ടന്റായി ഡി.എം.ആർ.സി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൊച്ചി മെട്രോയുടെ വർക്കിൽ അവർ നിർവ്വഹിച്ച സ്തുത്യർഹമായ ട്രാക്ക് റെക്കോർഡ് പരിഗണിച്ചാണ് അവരെ ഇടക്കാല കൺസൾട്ടന്റായി നിശ്ചയിച്ചിരിക്കുന്നത്. ഫണ്ടിംഗിന്റെ കാര്യത്തിൽ 20 ശതമാനം കേന്ദ്രഗവൺമെന്റിന്റെ വയബിലിറ്റി ഗ്യാപ്പും 20 ശതമാനം സംസ്ഥാന ഗവൺമെന്റും 60 ശതമാനം ഫോറിൻ/ ഡൊമസ്റ്റിക് ബോറോയിംഗുമാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. പല കമ്പനികളും വിദേശ ഏജൻസികളും ഇപ്പോൾത്തന്നെ സമീപിച്ചിട്ടുണ്ട്. ഏത് ഏജൻസിയുടെ സഹായം തേടണം എന്നുള്ള കാര്യത്തിൽ അന്തിമമായി ഗവൺമെന്റ് ഒരു തീരുമാനം എടുത്തിട്ടില്ല. പലിശയുടെ കാര്യത്തിലും തിരിച്ചടവിലുമൊക്കെ ഏറ്റവും എളുപ്പവും സുതാര്യവുമായ ഓഫറുള്ള കമ്പനികളുടെ ഓഫർ മാത്രമേ ഗവൺമെന്റ് സ്വീകരിക്കുകയുള്ളൂ. ആ ഏജൻസികളുടെ/ബാങ്കിന്റെ ഓഫർ മാത്രമേ ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുള്ളൂ. ഇതുവരെയും ഒരു ഏജൻസി/ബാങ്കിനെ അതുമായി ബന്ധപ്പെട്ട് സ്വീകരിക്കാൻ ഫൈനൽ ഡിസിഷൻ എടുത്തിട്ടില്ല.

<u>ശ്രീ. ആർ. സെൽവരാജ്</u>: സർ, ലൈറ്റ് മെട്രോ പദ്ധതിയുടെ സാങ്കേതിക സാദ്ധ്യതകളെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എപ്പോഴാണ് പഠനം പൂർത്തിയാക്കുന്നത്; പൂർത്തിയാകുന്ന മുറയ്ക്ക് തിരുവനന്തപുരം മുതൽ നെയ്യാറ്റിൻകര വരെ ദീർഘിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, തിരക്കേറിയ നഗരങ്ങളിൽ ഏറ്റവും അനുയോജ്യവും ചെലവുകുറഞ്ഞതുമായ ഒരു പദ്ധതിയാണ് ലൈറ്റ് മെട്രോ. തിരുവനന്തപുരത്തെ ലൈറ്റ് മെട്രോ രണ്ടാംഘട്ടം നെയ്യാറ്റിൻകര വരെ ഉദ്ദേശിക്കുന്നുണ്ട്. ഒന്നാംഘട്ടം പൂർത്തിയായതിനുശേഷം മാത്രമേ രണ്ടാം ഘട്ടത്തെപ്പറ്റി തീരുമാനമെടുക്കുകയുള്ളൂ.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, ഡി.എം.ആർ.സി.-യുടെ അഡ്വൈസ് പ്രകാരം മോണോ റെയിൽ പരാജയമാണ് അല്ലെങ്കിൽ വിജയകരമാകില്ല എന്നതുകൊണ്ട് ഉപേക്ഷിച്ചുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. ഈ മോണോറെയിൽ പദ്ധതി പ്രായോഗികമല്ല എന്നുപറഞ്ഞ് ഉപേക്ഷിക്കുകയും ടെണ്ടർ ചെയ്യുന്നതുവരെ എത്തിക്കുകയും ചെയ്തത് ആരുടെ ഉപദേശത്തിന്റെ അടിസ്ഥാനത്തിലാണ്; ഞാനും ബഹുമാനപ്പെട്ട കെ. മുരളീധരനുമൊക്കെ ഇപ്പോൾ പദ്ധതി നടപ്പാക്കുന്ന പ്രദേശത്തെ ജനപ്രതിനിധികളാണ്. ഞങ്ങളാരും അത്

മനസ്സിലാക്കിയിട്ടില്ല. ഡി.എം.ആർ.സി.-യാണ് അത് ചെയ്തത് എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. യഥാർത്ഥത്തിൽ അത് കഴിഞ്ഞ പാർലമെന്റ് ഇലക്ഷൻ വരെയുള്ള ഒരു ക്യാമ്പെയ്ൻ മെറ്റീരിയൽ ആയിരുന്നു. അടുത്ത നിയമസഭാ ഇലക്ഷനിലേയ്ക്കുള്ള ഒരു ക്യാമ്പെയ്ൻ മെറ്റീരിയലാണ് ഈ ലൈറ്റ് മെട്രോ പദ്ധതി. ഈ സർക്കാരിന് ഇക്കാര്യത്തിൽ ഒരു ആത്മാർത്ഥത ഇല്ലെന്നുള്ളതിന്റെ തെളിവാണിത്. ലൈറ്റ് മെട്രോ പദ്ധതി സംബന്ധിച്ചുള്ള ഡി.പി.ആർ. തയ്യാറാക്കിയത് ഡി.എം.ആർ.സി.-യാണല്ലോ; ടോട്ടൽ പ്രോജക്ട് കോസ്റ്റിന്റെ 20 ശതമാനം സംസ്ഥാന സർക്കാർ വകയിരുത്തണമെന്നും 20 ശതമാനം കേന്ദ്രഗവൺമെന്റ് നൽകണമെന്നും 60 ശതമാനം വായ്പയായി കൊണ്ടുവരണ മെന്നുള്ള വ്യവസ്ഥയുമുണ്ടെന്നാണ് ഞങ്ങൾ ആ പ്രോജക്ട് നോക്കിയപ്പോൾ മനസ്സിലാക്കിയത്. ആ 20 ശതമാനം ഇതുവരെ സംസ്ഥാന ഗവൺമെന്റ് നീക്കിവച്ചിട്ടില്ല. കേന്ദ്രഗവൺമെന്റിന്റെ ഫണ്ട് ലഭിക്കണമെങ്കിലും ബാങ്ക് വായ്പ ലഭിക്കണമെങ്കിലും നടപ്പാക്കുന്ന പട്ടണങ്ങളുടെ ഒരു കോംപ്രിഹെൻസീവ് മൊബിലിറ്റി പ്ലാൻ ആവിഷ്കരിച്ച് സബ്മിറ്റ് ചെയ്യാനുണ്ട്. അങ്ങനെയൊരു പദ്ധതി ഇതുവരെ ആവിഷ്കരിച്ചിട്ടില്ല. അങ്ങനെ ആവിഷ്കരിക്കണമെങ്കിൽ അതുമായി ബന്ധപ്പെട്ട് അവിടത്തെ ജനപ്രതിനിധികളുമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും ചർച്ച നടത്തേണ്ടതുണ്ട്. നടക്കാനിരിക്കുന്ന ഇലക്ഷന് ഒരു പ്രചരണോപാധി എന്നതിനപ്പുറത്ത് എന്ത് ആത്മാർത്ഥതയാണ് ഇതിനകത്തുള്ളത് എന്നറിയണം?

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, 2015 ഒക്ടോബർ 16-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും ഉദ്യോഗസ്ഥരും കേന്ദ്ര നഗരവികസന വകുപ്പുമന്ത്രി ശ്രീ. വെങ്കയ്യ നായിഡുവിനെ കണ്ട് തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിക്കുള്ള ഡി.പി.ആർ. സമർപ്പിച്ചു. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ കേന്ദ്രാനുമതി ലഭിക്കണമെങ്കിൽ രണ്ടുപദ്ധതികളുടെയും സമഗ്ര ഗതാഗത രൂപരേഖ കൊടുക്കണം. അന്ന് അവിടെയുള്ള മുഴുവൻ ഉദ്യോഗസ്ഥരും ഗവൺമെന്റ് തലത്തിലുള്ള സെക്രട്ടറിമാരും മെട്രോ, ലൈറ്റ്-മെട്രോ എന്നിവ കൈകാര്യം ചെയ്യുന്ന മുഴുവൻ ഉദ്യോഗസ്ഥരും മുഖ്യമന്ത്രിയുമായും ഞങ്ങളുൾപ്പെടെയുള്ള ആളുകളുമായും സംസാരിച്ചു. ഒരു മാസത്തിനുള്ളിൽ കോംപ്രിഹെൻസീവ് മൊബിലിറ്റി പ്ലാൻ (CMP) കൊടുക്കണമെന്നാണ് അവർ പറഞ്ഞത്. പക്ഷേ നമ്മൾ ഒരാഴ്ചയ്ക്കുള്ളിൽ സ്പെഷ്യൽ മെസഞ്ചർ വഴി കോംപ്രിഹെൻസീവ് മൊബിലിറ്റി പ്ലാൻ (CMP)

കേന്ദ്രഗവൺമെന്റിന് സമർപ്പിക്കുകയും കേന്ദ്രഗവൺമെന്റ് അത് വളരെ ഗൗരവമായി പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്രഗവൺമെന്റിന്റെ ഫിനാൻസ് ഡിപ്പാർട്ടുമെന്റ് ഉൾപ്പെടെ 12 ഡിപ്പാർട്ടുമെന്റുകൾ ഇത് പരിശോധിച്ചുവരികയാണ്. അതിനിടയിൽ നിരന്തരം കേന്ദ്രഗവൺമെന്റിൽ നിന്നും query വരുന്നുണ്ട്. നമ്മൾ മറുപടി നൽകുന്നുണ്ട്. സാധാരണഗതിയിൽ ഇതിനുള്ള അനുമതി ലഭിക്കുന്നതിന് ആറ് മാസം എടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അനുമതി ലഭിക്കുമെന്നുള്ള ഉറപ്പ് ലഭിച്ചതിന്റെയടിസ്ഥാനത്തിലാണ് ഇപ്പോൾ പ്രിപ്പറേറ്ററി വർക്കുമായി മുന്നോട്ടു പോകുകയും ഡി.എം.ആർ.സി.-യെ ഒരു ഇന്ററിം കൺസൾട്ടന്റായി എടുക്കുകയും അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോവുകയും ചെയ്തിട്ടുള്ളത്. ബഹുമാനപ്പെട്ട ജനപ്രതിനിധികൾക്ക് എന്തെങ്കിലും പ്രശ്നങ്ങളുണ്ടാകുമ്പോൾ സംസാരിക്കാൻ ഗവൺമെന്റ് തയ്യാറാണ്. ഇതുസംബന്ധിച്ച് നിയമസഭ കൂടുമ്പോഴും അല്ലാത്തപ്പോഴും ജനപ്രതിനിധികളുമായി സംസാരിച്ചിട്ടുണ്ട്. കോംപ്രിഹെൻസീവ് മൊബിലിറ്റി പ്ലാൻ (CMP) തയ്യാറാക്കിയത് ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള NATPAC ആണ്.

<u>ശ്രീ. വർക്കല കഹാർ:</u> സർ, ഏറ്റവും കൂടുതൽ ജനത്തിരക്കും തിക്കുംതിരക്കുമുള്ള പ്രദേശത്തെ പരിഗണിച്ചാണ് ലൈറ്റ് മെട്രോ സംവിധാനം ചെയ്തിട്ടുള്ളതെന്ന് മുൻപ് ഇവിടെ പറഞ്ഞിരുന്നു. അങ്ങനെയാണെങ്കിൽ, ഏറ്റവും കൂടുതൽ തിക്കും തിരക്കുമുള്ളതും സഞ്ചരിക്കാൻ ബുദ്ധിമുട്ടുള്ളതും ആറ്റിങ്ങൽ, കല്ലമ്പലം തുടങ്ങിയ പ്രദേശങ്ങളിലാണ്. അതുപോലെതന്നെ തീർത്ഥാടന പ്രാധാന്യം, വിനോദ സഞ്ചാര പ്രാധാന്യം തുടങ്ങിയവയ്ക്കും ഗുണകരമായും വരും. അതുകൊണ്ട് ആറ്റിങ്ങൽ, കല്ലമ്പലം വരെയെങ്കിലും രണ്ടാംഘട്ടം ലൈറ്റ് മെട്രോ ദീർഘിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:</u> സർ, ഇക്കാര്യത്തിൽ ഗവൺമെന്റിന് ഒരു തുറന്ന സമീപനമാണുള്ളത്. സാധാരണഗതിയിൽ ഹെവി മെട്രോ വേണമെങ്കിൽ പി.എച്ച്.പി.ഡി.റ്റി. 90000 വരെയും ലൈറ്റ് മെട്രോ വേണമെങ്കിൽ പി.എച്ച്.പി.ഡി.റ്റി. 30000 വരെയും വേണമെന്ന് ഞാൻ നേരത്തെ ഒരു ചോദ്യത്തിന് ഉത്തരമായി പറഞ്ഞു, തിരുവനന്തപുരം നഗരത്തിൽ തന്നെ പി.എച്ച്.പി.ഡി.റ്റി. 10000 ആണ്. 2041-ലെ പ്രതീക്ഷയുമായാണ് ഇപ്പോൾ ലൈറ്റ് മെട്രോയുമായി മുന്നോട്ടുപോകുന്നത്. തീർച്ചയായും രണ്ടാംഘട്ട വികസന സമയത്ത് വർക്കലയും കൂടി പരിഗണിക്കും. ശ്രീനാരായണ ഗുരുദേവനുമായി ബന്ധപ്പെട്ട

വർക്കല വളരെ പ്രധാനപ്പെട്ട ഒരു പ്രദേശമാണ്.

ശ്രീ. ബി. സത്യൻ: സർ, 2041 വരെ നമ്മളാരും ജീവിച്ചിരിക്കില്ല. നിലവിൽ എല്ലാ പട്ടണങ്ങളും കേന്ദ്രീകരിച്ചാണ് വികസനം എത്തി നിൽക്കുന്നത്. അതുതന്നെ അശാസ്ത്രീയമാണ്. പട്ടണത്തിലേക്ക് വരുന്ന ദേശീയപാതയിൽ പൊലിഞ്ഞുവീഴുന്ന ജീവിതങ്ങൾ, രാത്രിയിൽ ഉണ്ടാകുന്ന അപകടങ്ങൾ എന്നിവയെക്കുറിച്ചൊക്കെ അങ്ങേക്ക് അറിയാവുന്നതാണ്. ദേശീയപാതയിൽ ഉണ്ടാകുന്ന അപകടങ്ങൾ ലഘൂകരിക്കാൻ, വിശേഷിച്ചും ആറ്റിങ്ങൽ കേന്ദ്രീകരിച്ച് ഏറ്റവുമധികം റിവ്യൂ നടത്തിയിട്ടുള്ളത് വാസ്തവത്തിൽ മരാമത്ത് വകുപ്പുമന്ത്രിയാണ്. ആറ്റിങ്ങലിനെ ഒരു അപകടരഹിത പട്ടണമാക്കി മാറ്റുന്നതിനുവേണ്ടി സംസ്ഥാനത്തെ പ്ലാനിംഗ് ബോർഡിന്റെയും നാറ്റ്പാക്കിന്റെയും ദേശീയപാതാ അതോറിറ്റിയുടെയും യോഗം അങ്ങുതന്നെ മുൻകൈ എടുത്ത് വിളിച്ചുചേർത്തിരുന്നു. ശ്രീ. വർക്കല കഹാർ സൂചിപ്പിച്ചതുപോലെ മാമം മുതൽ കല്ലമ്പലം വരെ അപകടം പതുങ്ങിയിരിക്കുന്ന കേന്ദ്രങ്ങൾ സംസ്ഥാനത്തെ ആസൂത്രണ ബോർഡും നാറ്റ്പാക്കും മോട്ടോർ വാഹന വകുപ്പുമെല്ലാം രേഖപ്പെടുത്തിയിട്ടുള്ളത് ബ്ലാക്ക്സ്പോട്ടുകളെന്നാണ്. ഏത് സമയവും അപകടം ഉണ്ടാകാം. മാമം അപകടം നമ്മൾ കണ്ടതാണ്. ദേശീയപാതാ അതോറിറ്റി മോട്ടോർ വാഹന ടാക്സ് 15 വർഷത്തേക്ക് ഒരുമിച്ച് പിരിക്കുകയാണ്. ഞാൻ അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്, പട്ടണങ്ങളിൽ ചുറ്റിക്കറങ്ങിയുള്ള വികസനത്തിനപ്പുറം ദേശീയപാതയിൽ, സോഡാക്കുപ്പിയിലെ ഗോലിപോലെ കിടക്കുന്ന പട്ടണങ്ങളെ വികസിപ്പിച്ചെടുക്കാൻ വേണ്ടിയുള്ള പരിശ്രമം വേണ്ടേ; അങ്ങുതന്നെ മുൻകയ്യെടുത്ത് ആറ്റിങ്ങലിൽ മൂന്ന് കിലോമീറ്റർ വീതി കൂട്ടുന്നതിനുവേണ്ടി നടന്നുകൊണ്ടിരിക്കുന്ന പരിശ്രമം ദേശീയപാതാ അതോറിറ്റിയും ജില്ലാ ഭരണകൂടവും സർക്കാരും ഒരുമിച്ചാൽ മാത്രമേ നടക്കുകയുള്ളൂ. അത് പൂർത്തീകരിക്കാനുള്ള നടപടി അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ബഹുമാനപ്പെട്ട അംഗത്തിന്റെ ഒരു ഇനിഷ്യേറ്റീവ് ഇതിലുണ്ട്. അതിൽ പ്ലാനിംഗ് ബോർഡ് വരെ ഇടപെട്ടുവെന്നതാണ് ഏറ്റവും സന്തോഷകരമായ ഒരു സംഗതി. അതിനുള്ള ഫണ്ട് ഗവൺമെന്റ് അനുവദിച്ചു. പക്ഷെ, പിന്നെയും സ്ഥലം കിട്ടാനുള്ള തടസ്സം ഉണ്ടായതുകൊണ്ടാണ്

ആ പണി നീണ്ടുപോകുന്നത്. ആറ്റിങ്ങൽ, മാമം പ്രദേശത്ത് കുപ്പിക്കഴുത്ത് പോലെയാണ് നാഷണൽ ഹൈവേ സ്ഥിതിചെയ്യുന്നത്. അതിന് വീതി വയ്പിക്കുക എന്നുള്ളത് ഗവൺമെന്റിന്റെ ഏറ്റവും മുൻഗണനയിലുള്ള ഒരു പ്രോഗ്രാമാണ്. രണ്ട് ദിവസം മുമ്പ് അതിനെ സംബന്ധിച്ച് വിശദമായ ഡിസ്കഷൻ നടന്നിരുന്നു. ഗവൺമെന്റ് അതുമായി മുന്നോട്ടുപോകുകയാണ്.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:</u> സർ, അങ്ങ് ലൈറ്റ് മെട്രോയെക്കുറിച്ചാണ് ഇവിടെ പറഞ്ഞത്. കേരളത്തിൽ കൊച്ചി മെട്രോയും കണ്ണൂർ എയർപോർട്ടുമൊക്കെ സമയബന്ധിതമായി നടപ്പാക്കിയ ഒരു സർക്കാർ എന്ന നിലയിൽ തീർച്ചയായും ഇതും പൂർത്തിയാക്കുമെന്ന പൂർണ്ണമായ വിശ്വാസം ഞങ്ങൾക്കുണ്ട്. കാരണം, ഇതിന് തുടക്കം കുറിക്കണമെന്നേയുള്ളൂ. ഏറ്റവും കൂടുതൽ പി.എച്ച്.പി.ഡി.റ്റി.-യുള്ള നഗരങ്ങൾക്കാണ് ലൈറ്റ് മെട്രോ കൊടുക്കുന്നതെന്ന് ഇവിടെ പറഞ്ഞു. കോഴിക്കോട് നഗരത്തിൽ ഇത് കൊടുക്കുന്നതിന് മുമ്പുതന്നെ ഒരു മാസ്റ്റർ പ്ലാൻ ഉണ്ടെങ്കിൽ അത് ഏറ്റവും ഗുണകരമായി മാറും. കരിപ്പൂർ വിമാനത്താവളവുമായി ബന്ധപ്പെട്ട് നിൽക്കുന്ന ഒരു പ്രദേശമാണ് കോഴിക്കോട്. മലപ്പുറം ജില്ലയിലേക്ക് കടന്നാലും കരിപ്പൂർ വിമാനത്താവളവും കൂടി ബന്ധപ്പെടുത്തിക്കൊണ്ട് കോഴിക്കോട് ലൈറ്റ് മെട്രോയെക്കുറിച്ച് അങ്ങ് ആലോചിക്കുമോ?

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:</u> സർ, വളരെ പോസിറ്റീവായ ഒരു നിർദ്ദേശമാണ് ബഹുമാനപ്പെട്ട അംഗത്തിന്റേത്. പക്ഷെ, കോഴിക്കോട് ലൈറ്റ് മെട്രോയുടെ രണ്ടാംഘട്ട വികസനം രാമനാട്ടുകര വരെ ഇപ്പോൾതന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന്റെ വയബിലിറ്റികൂടി കണക്കിലെടുത്ത്, വികസന സമയത്ത് കരിപ്പൂർ വിമാനത്താവളം വരെ നീട്ടുന്ന കാര്യം പരിശോധിക്കുന്നതാണ്.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : സർ, കോഴിക്കോട് ലൈറ്റ് മെട്രോ നടപ്പിലാക്കുന്നതിന് എത്ര ഏക്കർ ഭൂമിയാണ് ആവശ്യമുള്ളതെന്ന് നിശ്ചയിച്ചിട്ടുണ്ടോ; ഭൂമി ഏറ്റെടുക്കുന്നതിന്റെ പ്രാരംഭ നടപടികൾ എന്നത്തേക്കാണ് തുടങ്ങാൻ കഴിയുക; 2016 മാർച്ച് 31-ന് മുൻപ് കോഴിക്കോട് ഇത് സംബന്ധിച്ച് എന്തെങ്കിലും പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് ഈ സഭയ്ക്ക് ഉറപ്പുനൽകാൻ കഴിയുമോ?

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :</u> സർ, തീർച്ചയായും 2016 ഫെബ്രുവരി 28-ന് മുമ്പ് പണി ആരംഭിക്കണം എന്നുതന്നെയാണ് ഉദ്ദേശിക്കുന്നത്. ഇന്ററിം കൺസൾട്ടന്റിനെ നിയമിച്ചിരിക്കുന്നത് നാല് കാര്യങ്ങൾക്കുവേണ്ടിയാണ്. ഒന്ന്, സ്ഥലമെടുപ്പിന് ആവശ്യമായ വിശദവിവരങ്ങൾ തയ്യാറാക്കുക. രണ്ട്,

മേൽപ്പാലങ്ങളുടെ രൂപരേഖയും എസ്റ്റിമേറ്റും തയ്യാറാക്കുക. മൂന്ന്, പൈപ്പുകളും കേബിളുകളും മാറ്റി സ്ഥാപിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കുക. നാല്, ലൈറ്റ് മെട്രോ കോച്ചുകളുടെ രൂപകൽപ്പനയും ടെണ്ടർ ക്ഷണിക്കുന്നതിന് ആവശ്യമായ സാങ്കേതിക വിവരങ്ങളും തയ്യാറാക്കുക എന്നിവയ്ക്കുവേണ്ടിയാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് നന്നായി. കോഴിക്കോട് ഇതിന്റെ വർക്ക് തുടങ്ങിക്കഴിഞ്ഞു. ഇതിന്റെ പ്രിപ്പറേറ്ററി വർക്കിന്റെ ഭാഗമാണ് കോഴിക്കോട് പന്നിയങ്കര മേൽപ്പാലം. അതിന്റെ വർക്ക് തുടങ്ങി. സംസ്ഥാന ഗവൺമെന്റ് ഫണ്ട് ചെലവഴിച്ച് ഡി.എം.ആർ.സി.യെക്കൊണ്ട് പണി ചെയ്യിക്കുന്ന ഒരു പാലമാണ് പന്നിയങ്കര മേൽപ്പാലം. തിരുവനന്തപുരത്ത് ഒന്നും തുടങ്ങിയിട്ടില്ല, ഇപ്പോൾ തുടങ്ങാൻ പോകുന്നതേയുള്ളൂ.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ):</u> സർ, ഇവിടെ മെട്രോ, ലൈറ്റ് മെട്രോ, വിമാനത്താവളം തുടങ്ങിയ കാര്യങ്ങളെക്കുറിച്ചൊക്കെയാണ് ബഹുമാനപ്പെട്ട മന്ത്രിയും സർക്കാരും സംസാരിച്ചുകൊണ്ടിരിക്കുന്നത്. തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ടാണ് ഈ പണികളെല്ലാം എന്ന് എല്ലാവർക്കും അറിയാം. പക്ഷെ, മെട്രോയ്ക്കും വിമാനത്താവളത്തിനും പുറമെ നമ്മുടെ നാട്ടിലെ സാധാരണക്കാർ ജീവിക്കുകയും യാത്ര ചെയ്യുകയും ചെയ്യുന്ന പ്രധാനപ്പെട്ട റോഡുകളുണ്ട്. അതിൽ കാസർഗോഡ് ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് കാഞ്ഞങ്ങാട്-കാസർഗോഡ് ദേശീയപാത. കെ.എസ്.ടി.പി. ഏറ്റെടുത്ത് പണി തുടങ്ങിയിട്ട് പത്ത് കൊല്ലമായി. 2015 മാർച്ച് 31-ന് പൂർത്തിയാക്കുമെന്നായിരുന്നു തീരുമാനം. എന്നാൽ ഇപ്പോൾ 2016 മാർച്ച് 31 എന്നാക്കി. ഇപ്പോൾ പകുതിപോലും ആയിട്ടില്ല. ആകെ 27 കിലോമീറ്റർ ദൂരമുള്ള റോഡ് 10 വർഷം പണി ചെയ്തിട്ടും പകുതിപോലും ആയിട്ടില്ല. രണ്ട് കൊല്ലമായി ആ റോഡ് സൈഡിൽ ആർക്കും ജീവിക്കാൻ സാധിക്കുന്നില്ല. പൊടി കാരണം കുട്ടികളെ വീട്ടിൽ നിന്നും മാറ്റി നിർത്തുകയാണ്. പള്ളിക്കര, ഉദുമ ഭാഗത്ത് ആരും റോഡ് സൈഡിൽ താമസിക്കുന്നില്ല. അവർ നാട്ടിലേക്ക് തിരിച്ചുവരണമെങ്കിൽ ആ റോഡ് പണി പൂർത്തീകരിക്കണം. അതിന് എന്തെങ്കിലും നടപടി സ്വീകരിക്കണം. ഒരു ലോക്കൽ റോഡിന്റെ നിലവാരം പോലുമില്ലാതെയാണ് അതിന്റെ പണി നടക്കുന്നത്. ഇത് പരിശോധിച്ച് അടിയന്തരമായി ഇടപെട്ട് റോഡ് പണി പൂർത്തീകരിച്ച് ആ നാട്ടിലെ ആളുകൾക്ക് ജീവിക്കാനുള്ള ഒരവസരം ഉണ്ടാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ നന്നായി. കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയിലാണ്

അത് ഉൾപ്പെടുത്തിയിരിക്കുന്നത്. രണ്ടാംഘട്ട പദ്ധതി വേൾഡ് ബാങ്ക് സമ്മതിക്കാതിരുന്ന ഒരു പദ്ധതിയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം വളരെയേറെ ശ്രമം നടത്തിയാണ് നിങ്ങളുടെ പ്രദേശത്തേക്ക് ഈ പദ്ധതി കൊണ്ടുവന്നത്. ആ പദ്ധതി നടപ്പിലാക്കുമ്പോൾ ജനങ്ങളുടെ കാര്യമായ സഹകരണം ഇല്ലെന്നുള്ള പരാതി അത് നടത്തുന്നവർക്കുണ്ട്. ഇക്കാര്യത്തെക്കുറിച്ച് മാസത്തിലൊരിക്കൽ അവലോകന യോഗം വിളിച്ചുചേർക്കാറുണ്ട്. അവലോകന യോഗത്തിൽ കിട്ടുന്ന പ്രധാനപ്പെട്ട സംഗതി, വേണ്ടത്ര പിന്തുണ കിട്ടുന്നില്ല എന്നുള്ളതാണ്. ബഹുമാനപ്പെട്ട ശ്രീ. റ്റി. വി. രാജേഷ് ഇവിടെ ഇരിപ്പുണ്ട്. കഴിഞ്ഞ ദിവസം അദ്ദേഹത്തിന്റേയും ശ്രീ. കെ. എം. ഷാജിയുടെയും നിയോജക മണ്ഡലവുമായി ബന്ധപ്പെട്ട പ്രദേശത്തെ റോഡിന്റെ പണി നോക്കാൻ പോയതാണ്. വളരെ കൃത്യമായ അവലോകനം നടത്തുകയും, വളരെ കൃത്യമായി പണി നടക്കുകയും ചെയ്യുന്നുണ്ട്. പക്ഷെ, കുറച്ചുകൂടി ജനപിന്തുണ ഈ പദ്ധതികൾക്ക് ആവശ്യമാണ്. അല്ലെങ്കിൽ സമയ ദൈർഘ്യം ഉണ്ടാകും. കൃത്യമായി ചെയ്തു തീർക്കാനും പ്രയാസമുണ്ട്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ലൈറ്റ് മെട്രോയിൽ 22 കിലോമീറ്ററിൽ 19 സ്റ്റേഷനുകളാണ് ആദ്യമായി പ്ലാൻ ചെയ്യുന്നത്. ടെക്നോസിറ്റി പള്ളിപ്പുറത്ത് നിന്ന് തുടങ്ങി സെക്രട്ടേറിയറ്റ്, തമ്പാനൂർ, കിള്ളിപ്പാലം, കരമന വരെയാണ്. ഡൽഹി മെട്രോയും മുംബൈ മോണോറെയിലുമൊക്കെ കാണുമ്പോൾ ടിക്കറ്റിൽ നിന്ന് കിട്ടുന്ന വരുമാനത്തോടൊപ്പം ഒരു വലിയ വരുമാന സ്രോതസ്സ് ചില പ്രത്യേക സ്റ്റേഷനുകൾ കേന്ദ്രീകരിച്ചുള്ള ഷോപ്പിംഗ് കോംപ്ലക്സും അതിനോടൊപ്പമുള്ള ഓഫീസ് സമുച്ചയങ്ങളുമാണ്. ഡൽഹിയിൽ നമ്മളെല്ലാം പോകുന്ന നെഹ്റു പ്ലേയ്സ് പോലുള്ള സ്ഥലങ്ങളിൽ നിന്ന് ഏറ്റവും കൂടുതൽ വരുമാനം ഡി.എം.ആർ.സി.-ക്ക് ലഭിക്കുന്നത് ഓഫീസ് സ്പേയ്സിൽ നിന്നാണ്. അതുപോലെയുള്ള പ്ലാനുകൾ സ്ഥലത്തിന്റെ അവയ്ലബിലിറ്റി അനുസരിച്ച് പ്ലാൻ ചെയ്യുന്നുണ്ടോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ബഹുമാനപ്പെട്ട അംഗം നിർദ്ദേശിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. സാധാരണ ഗതിയിൽ മെട്രോ റെയിൽ ആണെങ്കിലും ലൈറ്റ് മെട്രോ ആണെങ്കിലും മറ്റ് ഏത് പദ്ധതിയാണെങ്കിലും ടിക്കറ്റ് വിറ്റ് മാത്രം വയബിൾ ആകുന്നതല്ല. അത് ലാഭകരമാക്കണമെങ്കിൽ, വയബിൾ ആക്കണമെങ്കിൽ, നോ പ്രോഫിറ്റ് നോ ലോസ്സിൽ പോകണമെങ്കിൽ മറ്റ് ചില

പദ്ധതികൾ കൂടി ഇതിനോടൊപ്പം ആവിഷ്കരിക്കേണ്ടതുണ്ട്. അതുകൊണ്ട് തിരുവനന്തപുരം പള്ളിപ്പുറത്ത് ലൈറ്റ് മെട്രോ ഡിപ്പോ സ്ഥാപിക്കുന്നതിനും അതിനോടനുബന്ധിച്ച് ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കുന്നതിനും പത്ത് ഹെക്ടർ (20 ഏക്കറോളം) സ്ഥലം ഇപ്പോൾ ലഭ്യമാക്കിയിട്ടുണ്ട്. അത് ഡവലപ് ചെയ്ത് ഇത് ലാഭകരമാക്കി കൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. അതുപോലെ തിരുവനന്തപുരം സിറ്റിയിലും കുറച്ച് സ്ഥലം കിട്ടുകയാണെങ്കിൽ ആ സ്ഥലം എടുത്ത് അതും ഡവലപ് ചെയ്യാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. വി. ശിവൻകുട്ടി: സർ, കൊച്ചിയോടൊപ്പംതന്നെ തിരുവനന്തപുരത്തും മോണോ റെയിൽ സ്ഥാപിക്കുന്നതു സംബന്ധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ എസ്റ്റിമേറ്റ് തുക പതിനാലായിരം കോടി രൂപയായതിനെത്തുടർന്ന് പദ്ധതി ഒഴിവാക്കുകയായിരുന്നു. പദ്ധതി നെയ്യാറ്റിൻകര വരെ സ്ഥാപിക്കുമെന്ന് അങ്ങ് പറയുകയുണ്ടായി. എന്തായാലും നേമം കഴിഞ്ഞു മാത്രമേ നെയ്യാറ്റിൻകരയ്ക്ക് പോകാൻ കഴിയൂ. ആ കാര്യത്തിലെനിക്ക് തർക്കമില്ല. ഒരുപാട് കാര്യങ്ങൾ പ്രഖ്യാപിക്കുന്നുണ്ട്. ബുള്ളറ്റ് ട്രെയിനിനെ സംബന്ധിച്ച് ഇന്നെല്ലാവരും ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. തിരുവനന്തപുരത്തുനിന്ന് കാസർഗോഡുവരെ ബുള്ളറ്റ് ട്രെയിൻ ആരംഭിച്ചാൽ മൂന്ന് മണിക്കൂർകൊണ്ട് കാസർഗോഡ് എത്തും. അതിനെ സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസലുണ്ടോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ശ്രീ. വി. ശിവൻകുട്ടി സൂചിപ്പിച്ചതുപോലെ, തിരുവനന്തപുരം ലൈറ്റ് മെട്രോയുടെ രണ്ടാംഘട്ടം നെയ്യാറ്റിൻകര വരെ വികസിപ്പിക്കുമ്പോൾ നേമം വഴി തന്നെയാണ് കടന്നുപോകുന്നത്. വേറെ ഒരു വഴിയിൽക്കൂടിയും പോകില്ല. അക്കാര്യത്തിൽ ഉറപ്പു നൽകാൻ ഈ അവസരം ഉപയോഗിക്കുകയാണ്. അതോടൊപ്പം തന്നെ ബുള്ളറ്റ് ട്രെയിനിന്റെ കാര്യം സംബന്ധിച്ച് മറുപടി പറയേണ്ടത് ഞാനല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോ അല്ലെങ്കിൽ റെയിൽവേയുടെ ചുമതലയുള്ള മന്ത്രിയോ ആണ് മറുപടി പറയേണ്ടത്.

ശ്രീ. പി. ഉബൈദുള്ള : സർ, പൊതുമരാമത്ത് വകുപ്പിൽ ചരിത്രത്തിലില്ലാത്ത പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്തെ റോഡുകളൊക്കെ അന്താരാഷ്ട്ര നിലവാരമുള്ളവയായി മാറിക്കഴിഞ്ഞു. നിരവധി മേൽപ്പാലങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. കേരളത്തിലെ ജനങ്ങളുടെ ഏറ്റവും

വലിയ സ്വപ്നമായിരുന്ന ലൈറ്റ് മെട്രോ പദ്ധതി സാക്ഷാത്ക്കരിക്കാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ സാധ്യമായി എന്നത് ഏറെ അഭിമാനകരമായ കാര്യമാണ്. എന്നാൽ അത് തിരുവനന്തപുരത്തും നെയ്യാറ്റിൻകരയിലും മാത്രമായി ചുരുക്കരുത്. ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ജില്ലയാണ് മലപ്പുറം. മലപ്പുറം ജില്ലയെ പ്രതിനിധീകരിച്ച് 16 എം.എൽ.എ.മാർ ഈ നിയമസഭയിലുണ്ട്. ഏറ്റവും കൂടുതൽ ജനസംഖ്യയുള്ളതും യാത്രാസൗകര്യം വളരെ കുറവുള്ളതുമായ ഒരു പ്രദേശമാണിത്. കോഴിക്കോട് ടൗണിൽ നിന്ന് മലപ്പുറം ജില്ലയിലെ ഹോസ്പിറ്റൽ സിറ്റിയായി അറിയപ്പെടുന്ന പെരിന്തൽമണ്ണയിലേയ്ക്ക് മെട്രോ പദ്ധതി നടപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, അതിന്റെ വയബിലിറ്റിയും ഫീസിബിലിറ്റി സ്റ്റഡിയുമൊക്കെ നോക്കേണ്ടതുണ്ട്. മലപ്പുറം ജില്ലയിലെ റോഡ് പുനരുദ്ധാരണത്തിനുവേണ്ടി ഒരു മെഗാ പദ്ധതി ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. അത് സംബന്ധിച്ചുള്ള പ്രഖ്യാപനങ്ങൾ വരും. അക്കാര്യത്തിൽ തീരുമാനങ്ങളെടുത്തിട്ടുണ്ട്.

<u>ശ്രീമതി കെ. കെ. ലതിക</u>: സർ, അങ്ങ് എന്റെ മണ്ഡലത്തിലെ തോടന്നൂരിൽ വന്ന് ഒരു പ്രഖ്യാപനം നടത്തിയിട്ടുണ്ടായിരുന്നു. റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷന്റെ, വടകര - പേരാമ്പ്ര വരെയുള്ള റോഡ് പണി സാംഗ്ഷനായി എന്ന് പ്രഖ്യാപനം നടത്തിപ്പോയതാണ്. പ്രഖ്യാപനം കഴിഞ്ഞിട്ട് മൂന്നു വർഷമായി. ആ റോഡിലൂടെ ഒരു വാഹനവും പോകാത്ത രൂപത്തിലായിട്ടുണ്ട്. പണം മുഴുവൻ മറ്റ് മണ്ഡലങ്ങളിലേക്ക് കൊടുക്കുന്നതുപോലെ, നമ്മുടെ മണ്ഡലത്തിനൊന്നും പണം തരാത്തതിന്റെ ഭാഗമായി ആയിരക്കണക്കിന് വാഹനങ്ങൾ പോകുന്ന ഈ റോഡ് പൊട്ടിപ്പൊളിഞ്ഞു കിടക്കുകയാണ്. റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷന്റെ ഫണ്ടില്ലെങ്കിൽ മറ്റേതെങ്കിലും ഫണ്ട് ഉപയോഗിച്ച് ആ റോഡിന്റെ റീ-ടാറിംഗിനാവശ്യമായ പ്രവർത്തനം നടത്തുമോ?

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് എനിക്ക് നല്ല ഓർമ്മയുണ്ട്. റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി ലിമിറ്റഡ് പി.പി.പി. - ആന്വിറ്റി മോഡലിൽ കുറേ റോഡുകൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നു. പക്ഷേ അതിൽ രണ്ട് പാക്കേജിന് മാത്രമേ ധനകാര്യ വകുപ്പ് അനുമതി നൽകിയുള്ളൂ. ആ രണ്ട് പാക്കേജും ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ നടപടികളുമായി മുന്നോട്ടു പോകുകയാണ്. എഗ്രിമെന്റ് സ്റ്റേജിലാണിപ്പോഴുള്ളത്.

ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച റോഡിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള ഫണ്ട് അനുവദിക്കുന്നതാണ്.

ശ്രീ. കെ. രാജു : സർ, ലൈറ്റ് മെട്രോ പോലെയുള്ള വലിയ പദ്ധതികൾ പ്രഖ്യാപിക്കുമ്പോൾ അങ്ങ് ഗ്രാമീണ മേഖലയെ പൂർണ്ണമായി അവഗണിക്കുകയാണ്. എന്റെ മണ്ഡലത്തിലെ പുനലൂർ - പൊൻകുന്നം റോഡിനെ സംബന്ധിച്ച് കഴിഞ്ഞ രണ്ടുമൂന്ന് ബഡ്ജറ്റുകളിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. പുനലൂരിൽ നിന്ന് പണി ആരംഭിക്കുന്നതിനുള്ള ഒരു നടപടിയും ഇതുവരെ ആരംഭിച്ചിട്ടില്ല. ആ റോഡിന്റെ ഏതോ മറ്റുചില ഭാഗങ്ങളിൽ പണി ആരംഭിക്കുകയും ചെയ്തു. പുനലൂർ - പത്തനാപുരം ഉൾപ്പെട്ടുവരുന്ന, ആ നിയോജക മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന റോഡു ഭാഗത്തിന്റെ പണി ഇതുവരെ ആരംഭിച്ചിട്ടില്ല. ഇത് എന്ന് തുടങ്ങുമെന്ന് പറയാമോ; വളരെ പ്രാധാന്യം കൊടുത്ത് ചെയ്യേണ്ടൊരു റോഡാണെന്ന് അങ്ങേക്കു തന്നെ അറിയാവുന്നതാണ്. അതിന്റെ സ്ഥിതിയൊന്ന് പറയാമോ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് പുനലൂർ - മൂവാറ്റുപുഴ റോഡിനെക്കുറിച്ചാണ്. പുനലൂർ - മൂവാറ്റുപുഴ റോഡ് കെ.എസ്.ടി.പി. പദ്ധതിയിലുൾപ്പെടുത്തി നടത്താനായി വേൾഡ് ബാങ്കിന് പ്രൊപ്പോസൽ കൊടുക്കുകയും വേൾഡ് ബാങ്ക് മറ്റുള്ള പദ്ധതികളിൽ നിന്ന് വ്യത്യസ്തമായി ഇത് പി.പി.പി. ഹൈബ്രിഡ് ആന്വിറ്റിയിൽ ഉൾപ്പെടുത്തുകയും ചെയ്തു. അപ്പോഴതിന് കുറേയധികം പ്രോസസ് ആവശ്യമായി വന്നു. അതിനുള്ള എല്ലാ ചർച്ചകളും നടത്തി. ലോകത്തിന്റെ നാനാ ഭാഗത്തുനിന്നും ഇതിന് മുതൽ മുടക്കാൻ തയ്യാറായി ഇൻവെസ്റ്റർമാർ എത്തിയിട്ടുണ്ട്. ഈ മാസം തന്നെ അതിന്റെ ടെണ്ടർ നടത്താൻ സാധിക്കും. ഞാൻ ഇന്നലെ ഇതുസംബന്ധിച്ച് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയിരുന്നു.

ശ്രീ. ഇ. പി. ജയരാജൻ: സർ, ഇന്ന് കേരളത്തിലെ പ്രധാന വിഷയമാണ് യാത്രാ പ്രശ്നം. കേരളത്തിൽ പുതിയ റോഡുകൾ നിർമ്മിക്കുകയെന്നത് വളരെ പ്രയാസകരമാണ്, പ്രത്യേകിച്ച് ഭൂമി ലഭ്യമാക്കുകയെന്നുള്ളത്. അതുകൊണ്ട്

ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിക്കൊണ്ട് മഞ്ചേശ്വരം മുതൽ പാറശ്ശാല വരെ ഇന്നുള്ള നാഷണൽ ഹൈവേക്ക് മുകളിലൂടെ പുതിയ പാത നിർമ്മിക്കുന്നതിനായി, അതിന്റെ സാങ്കേതിക പ്രശ്നങ്ങളെക്കുറിച്ചും മറ്റ് ശാസ്ത്രീയ വശങ്ങളെക്കുറിച്ചും സമഗ്രമായ പഠനം നടത്തണം. അത് നടപ്പിലാക്കുന്നതിനുവേണ്ടി കോടിക്കണക്കിന് രൂപയുടെ പ്രശ്നമായിരിക്കും നിങ്ങൾ പറയുന്നത്. അതിനുള്ള പരിഹാരമാർഗ്ഗവും നമുക്ക് കണ്ടെത്താൻ സാധിക്കും. അങ്ങനെ വരുമ്പോൾ ഇന്നുള്ള യാത്രാ പ്രശ്നങ്ങൾ പരമാവധി പരിഹരിക്കാൻ സാധിക്കും. പെരിന്തൽമണ്ണയും നേമത്തേക്കുമെല്ലാം പുതിയ സംവിധാനങ്ങൾ ഒരുക്കിയെടുക്കാനും മെട്രോ രൂപകൽപ്പന ചെയ്യാനുമൊക്കെയുള്ള സാധ്യത വളരെ കൂടുതലാണ്. അതുകൊണ്ട് വരും തലമുറയെ കണ്ടുകൊണ്ട് ഒരു സമഗ്രമായ പഠനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : സർ, ശ്രീ. ഇ. പി. ജയരാജൻ സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട നിർദ്ദേശമാണ്. ഇതുസംബന്ധിച്ച പ്രാരംഭ ചർച്ചകളൊക്കെ കഴിഞ്ഞു. എലിവേറ്റഡ് ഹൈവേക്ക് പ്രാരംഭമായി ഭൂമി ഏറ്റെടുത്ത് റോഡ് വികസിപ്പിക്കുന്നതും ഫ്ലൈഓവറുകൾ സ്ഥാപിക്കുന്നതുമൊക്കെ വച്ചുനോക്കുമ്പോൾ കൂടുതൽ ചെലവുണ്ട് എന്നാണ് റിപ്പോർട്ട് കിട്ടിയിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം വളരെ സ്വാഗതാർഹമാണ്. ഇക്കാര്യത്തിൽ സമഗ്രമായ പഠനം നടത്താനുള്ള സംവിധാനം ഗവൺമെന്റ് ആലോചിക്കാം.

<u>ശ്രീ. എം. ചന്ദ്രൻ</u> : സർ, 2009-ൽ എന്റെ നിയോജക മണ്ഡലത്തിൽ ആരംഭിച്ച മുടപ്പല്ലൂർ-മംഗലം ഡാം റോഡ് ഇപ്പോഴും സാങ്കേതിക കാരണങ്ങൾ കൊണ്ട് മുടങ്ങിക്കിടക്കുകയാണ്. ഞാൻ നിരവധി തവണ ഇവിടെ ഇക്കാര്യം സബ്മിഷനായി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. റോഡിന്റെ പണി ആദ്യം എടുത്ത കരാറുകാരൻ പകുതി ചെയ്തിട്ടിട്ട് പോയി. പിന്നീടുവന്ന കരാറുകാരൊക്കെ above tender ആണ് ക്വാട്ട് ചെയ്തത്. ഇപ്പോൾ ഒരാൾ ടെണ്ടർ കൊടുത്തത് 92.6 ശതമാനം above-ലാണ്. അത് സാങ്കേതികമായി പി.ഡബ്ല്യൂ.ഡി.-യിലും ധനകാര്യ വകുപ്പിലുമൊക്കെ പോയി ചുറ്റിത്തിരിഞ്ഞ് വീണ്ടും കീഴ്പ്പോട്ട് വന്ന് വീണ്ടും മേൽപ്പോട്ട് പോയി ഇപ്പോളത് reject ചെയ്തിരിക്കുകയാണ്. അങ്ങ് ആ ഫയൽ തിരിച്ചുവിളിച്ച് ഈ ടെണ്ടർ അംഗീകരിച്ച് ഏഴ് കൊല്ലമായി മുടങ്ങിക്കിടക്കുന്ന റോഡുപണി നടത്തിത്തരാൻ തയ്യാറാകുമോയെന്നാണ് എന്റെ

ചോദ്യം.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, നമ്മുടെ ഒരു സംവിധാനത്തിന്റെ പ്രത്യേകതയാണിത്, പല പ്രാവശ്യം ടെണ്ടർ വിളിച്ചു. എല്ലാം above tender ആയിട്ടാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. നൂറ് ശതമാനത്തോളം ഇരട്ടിത്തുകയാണ് ടെണ്ടർ എക്സസ് വന്നത്. അതുകൊണ്ട് ഫിനാൻസ് ഡിപ്പാർട്ടുമെന്റിന് ഒരു കാരണവശാലും തരാൻ സാധിക്കില്ല. അത് തരില്ല. അത് വേറെ ഏതെങ്കിലും രീതിയിൽ ചെയ്യാൻ പറ്റുമോയെന്ന് ഫയൽ വിളിച്ചുവരുത്തി ഒരു കോൺഫറൻസ് നടത്തി തീരുമാനിക്കാം.

ശ്രീ. സി. പി. മുഹമ്മദ്: സർ, കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം തുടങ്ങിയ മഹാനഗരങ്ങൾ കഴിഞ്ഞാൽ സംസ്ഥാനത്ത് ഏറ്റവുമധികം ഗതാഗതത്തിരക്കുള്ള പ്രദേശമാണ് പാലക്കാട്-കോയമ്പത്തൂർ ലൈൻ. പാലക്കാട്ടു നിന്നും ഗുരുവായൂരിലേയ്ക്കും അങ്ങനെ തന്നെയാണ്. ഈ മഹാനഗരങ്ങളിൽ മെട്രോയും ലൈറ്റ് മെട്രോയും സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമ്പോൾ സംസ്ഥാനത്ത് ഏറ്റവും ഗതാഗതത്തിരക്കുള്ള ഈ മേഖലയിലേക്ക് എന്തു പദ്ധതിയാണ് സർക്കാർ കൊണ്ടുവരാനുദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കുമോ;

ശ്രീ. വി. കെ. ഇബ്രാംഹിം കുഞ്ഞ്: സർ, ബഹുമാനപ്പെട്ട സി. പി. മുഹമ്മദ് പറഞ്ഞ മേഖലയിലേക്ക് റോഡ് വികസനവുമായി ബന്ധപ്പെട്ട ഒരു മെഗാ പദ്ധതി ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. ബഡ്ജറ്റ് വരാനിരിക്കുന്നതുകൊണ്ട് അത് ഞാൻ ഇവിടെ പ്രഖ്യാപിക്കുന്നത് ശരിയല്ല.

മി. സ്പീക്കർ : ചോദ്യം *92, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി, ചോദ്യം *111-ഉം *118-ഉം ഇതോടൊപ്പം ക്ലബ്ബ് ചെയ്യണമെന്ന് ബഹുമാന്യരായ അംഗങ്ങൾ എഴുതി തന്നിട്ടുണ്ട്. ഒരേ വിഷയം ആയതിനാൽ അതുകൂടി ക്ലബ്ബ് ചെയ്യുന്നു.

**ആഗോള വിദ്യാഭ്യാസ സംഗമം**

2(*92) ശ്രീ. എ. പ്രദീപ്കുമാർ;
ശ്രീ. എ. കെ. ബാലൻ;
ശ്രീ. കെ. സുരേഷ് കുറുപ്പ്;

ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടക്കുന്ന ആഗോള വിദ്യാഭ്യാസ സംഗമത്തിന്റെ നടത്തിപ്പിലെ പങ്കാളികൾ ആരൊക്കെയാണ്; വിശദമാക്കാമോ; സംഗമത്തിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു;

(ബി) വിദ്യാഭ്യാസ നയങ്ങൾ കച്ചവട താല്പര്യത്തോടെ നടപ്പാക്കുക ആണെങ്കിൽ പ്രസ്തുത രംഗത്തെ മികവും സാമൂഹ്യനീതിയും അട്ടിമറിക്കപ്പെടും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിലുള്ള നീക്കം സംസ്ഥാനത്തെ സർവ്വകലാശാലകളുടെയും സ്ഥാപനങ്ങളുടേയും ഭൂമിയും പണവും വിദേശ സ്വകാര്യ സ്ഥാപനങ്ങൾക്ക് അടിയറ വെയ്ക്കാൻ ഇടയാക്കും എന്നത് കണക്കിലെടുത്തിട്ടുണ്ടോ;

(ഡി) കയറ്റുമതി-സംസ്കരണ മേഖലയുടെ രീതിയിൽ സൃഷ്ടിക്കപ്പെടുന്ന അനിയന്ത്രിത ഉന്നത വിദ്യാഭ്യാസ മേഖല, പ്രസ്തുത രംഗത്ത് ഇന്നുള്ള അവകാശങ്ങളെ ഇല്ലാതാക്കും എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഇത്തരം നടപടികൾക്കുപകരം, ഇന്നുള്ള ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ പി.കെ. അബ്ദു റബ്ബ്): സർ,

(എ) ആഗോള വിദ്യാഭ്യാസ സംഗമത്തിന്റെ നടത്തിപ്പിലെ പങ്കാളികൾ ഉന്നത വിദ്യാഭ്യാസ വകുപ്പ്, ഉന്നത വിദ്യാഭ്യാസ കൗൺസിൽ, ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേമ്പേഴ്സ് ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രീസ് എന്നിവരാണ്. ആഗോള വിദ്യാഭ്യാസ സംഗമത്തിന്റെ ഉദ്ദേശ്യങ്ങൾ താഴെ ചേർത്തിരിക്കുന്നു :

(a) വിദ്യാഭ്യാസത്തിന്റെ അന്തർദ്ദേശീയവൽക്കരണം.

(b) അക്കാദമിക് സിറ്റിയുടെ രൂപീകരണം.

(c) അന്തർദ്ദേശീയ ഉന്നത അക്കാദമിക് സോൺ.

(d) ഉന്നത വിദ്യാഭ്യാസ രംഗത്ത് അന്തർദ്ദേശീയ വൈദഗ്ധ്യം

ഉൾപ്പെടുത്തിക്കൊണ്ടുള്ള വിദഗ്ധ തൊഴിൽ പരിശീലന കോഴ്സുകൾ.

(ബി) കച്ചവട താല്പര്യത്തോടെയല്ല ഉന്നതവിദ്യാഭ്യാസ നയങ്ങൾ നടപ്പാക്കുന്നത്.

(സി) സംസ്ഥാനത്തെ സർവ്വകലാശാലകളുടെയും സ്ഥാപനങ്ങളുടേയും ഭൂമിയും പണവും വിദേശ സ്വകാര്യ സ്ഥാപനങ്ങൾക്ക് അടിയറ വയ്ക്കുന്നില്ല.

(ഡി)ഇത്തരത്തിലുള്ള തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല.

(ഇ) വിദ്യാഭ്യാസ മികവ് തന്നെയാണ് ലക്ഷ്യം. അതിന്റെ ഭാഗമായ ഒരു ചർച്ച മാത്രമാണ് ആഗോള വിദ്യാഭ്യാസ സംഗമത്തിൽ നടന്നത്.

**ആഗോള വിദ്യാഭ്യാസ സംഗമം**

3(*111) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ശ്രീ. പി. കെ. ഗുരുദാസൻ:
ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രത്യേക വിദ്യാഭ്യാസ മേഖല ആരംഭിക്കുന്നതിന് ആഗോള വിദ്യാഭ്യാസ സംഗമം സംഘടിപ്പിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ സർവ്വകലാശാലകളേയും സർക്കാർ കോളേജുകളേയും കോർപ്പറേറ്റുകൾക്ക് അടിയറ വയ്ക്കാനുള്ള നീക്കമാണ് ഇതിനുപിന്നിലെന്ന ആക്ഷേപം ഉയർന്നിട്ടുണ്ടോ; ഇത് പരിഗണിച്ചിട്ടുണ്ടോ;

(സി) വിദ്യാഭ്യാസ സംഗമത്തിൽ പങ്കെടുക്കുന്നതിനായി ഏതെല്ലാം സ്ഥാപനങ്ങളാണ് ഇതിനകം രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(ഡി) വിദേശ സർവ്വകലാശാലകൾ സംഗമത്തിൽ പങ്കെടുക്കുന്നുണ്ടോ; ഏതെല്ലാം സർവ്വകലാശാലകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(ഇ) ആഗോള വിദ്യാഭ്യാസ സംഗമത്തിന് എന്തു തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(എഫ്) പ്രത്യേക വിദ്യാഭ്യാസ മേഖലയിൽ കോഴ്സുകൾ ആരംഭിക്കുന്ന സ്ഥാപനങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് വാഗ്ദാനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ജി) ഈ സ്ഥാപനങ്ങൾ നടത്തുന്ന കോഴ്സുകളിൽ പ്രവേശനത്തിന് സംവരണതത്വം പാലിക്കപ്പെടുമോ; ആഗോള വിദ്യാഭ്യാസ സംഗമം സംബന്ധിച്ച് വിദ്യാർത്ഥികളും അക്കാദമിക സമൂഹവും ഉയർത്തിയിട്ടുള്ള പ്രതിഷേധം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തീരുമാനം പുനഃപരിശോധിക്കാൻ തയ്യാറാകുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ പി. കെ. അബ്ദു റബ്ബ്</u>) : സർ,

(എ) ആഗോള വിദ്യാഭ്യാസ സംഗമം 2016 ജനുവരി 29, 30 തീയതികളിൽ കോവളത്ത് വച്ച് നടന്നു.

(ബി) ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആക്ഷേപങ്ങൾക്ക് അടിസ്ഥാനമില്ല.

(സി&ഡി) ആഗോള വിദ്യാഭ്യാസ സംഗമത്തിൽ 29 പേർ അന്താരാഷ്ട്ര പ്രസ്ഥാനങ്ങളേയും 46 പേർ ദേശീയ സ്ഥാപനങ്ങളേയും 86 പേർ സംസ്ഥാനത്തെ സ്ഥാപനങ്ങളേയും പ്രതിനിധീകരിച്ച് പങ്കെടുക്കുകയുണ്ടായി.

(ഇ) ഏകദേശം 55 ലക്ഷം രൂപ.

(എഫ്) (1) അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ മേഖലയിൽ ആരംഭിക്കുന്ന സ്ഥാപനങ്ങൾക്ക് അക്കാഡമിക് സിറ്റി അതോറിറ്റിയുടെ കീഴിൽ ഏക ജാലക സംവിധാനത്തിനുള്ള അനുമതികൾ.

(2) സ്റ്റാമ്പ്ഡ്യൂട്ടിയിനത്തിലെ ഇളവുകൾ.

(3) അടിസ്ഥാന സൗകര്യങ്ങളായ റോഡ്, ജലം, വൈദ്യുതി, ഇന്റർനെറ്റ് സൗകര്യങ്ങൾ അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ മേഖലയുടെ ക്യാമ്പസ് അതിർത്തി വരെ ലഭ്യമാക്കുന്നതാണ്.

(ജി) അക്കാദമിക് നിലവാരത്തിൽ വിട്ടുവീഴ്ച വരുത്താതെ ദേശീയ

വിദ്യാഭ്യാസ സ്ഥാപനങ്ങൾ നൽകിവരുന്ന രീതിയിൽ സംവരണ ആനുകൂല്യങ്ങൾ നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു. സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള ആക്ഷേപങ്ങൾ പരിശോധിച്ച് ഉചിതമായ തീരുമാനങ്ങൾ യഥാസമയം എടുക്കുന്നതാണ്.

**ആഗോള നിക്ഷേപ സംഗമം**

4 (*118) ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീ. ഇ. ചന്ദ്രശേഖരൻ:

ശ്രീ. കെ. അജിത് :

ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ മേഖലയിൽ ആഗോള നിക്ഷേപ സംഗമം സംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സംഗമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കുമോ?

(ബി) സംഗമത്തിൽ പങ്കെടുക്കുന്നവർക്ക് ആകർഷകമായ ഓഫറുകൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ പി. കെ. അബ്ദു റബ്ബ്): സർ,

(എ) ആഗോള വിദ്യാഭ്യാസ സംഗമത്തിന്റെ ഉദ്ദേശ്യങ്ങൾ താഴെ ചേർത്തിരിക്കുന്നു.

1. വിദ്യാഭ്യാസത്തിന്റെ അന്തർദ്ദേശീയവൽക്കരണം.
2. അക്കാദമിക് സിറ്റിയുടെ രൂപീകരണം.
3. അന്തർദ്ദേശീയ ഉന്നത അക്കാദമിക് സോൺ.
4. ഉന്നത വിദ്യാഭ്യാസ രംഗത്ത് അന്തർദ്ദേശീയ വൈദഗ്ദ്ധ്യം ഉൾപ്പെടുത്തിക്കൊണ്ടുള്ള വിദഗ്ദ്ധ തൊഴിൽ പരിശീലന കോഴ്സുകൾ.

(ബി) ഓഫറുകൾ ഒന്നും നൽകിയിട്ടില്ല.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, വിദ്യാഭ്യാസത്തിന്റെ കച്ചവട ഉദ്ദേശ്യം ഒട്ടുമില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രി ചോദ്യങ്ങൾക്കുള്ള മറുപടിയിൽ പറഞ്ഞു. ഈയിടെ നടന്ന ആഗോള വിദ്യാഭ്യാസ സമ്മേളനത്തിൽ മുഖ്യ സംഘാടകരായി പ്രവർത്തിച്ചത്, ഇൻഡ്യൻ ചേമ്പേഴ്സ് ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രീസ് ആണെന്നും അദ്ദേഹം പറയുകയുണ്ടായി. ആഗോള വിദ്യാഭ്യാസ സംഗമത്തിൽ ഇൻഡ്യൻ ചേമ്പേഴ്സ് ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രീസിനുള്ള പങ്കിന്റെ പ്രാധാന്യം എന്താണ്? ശ്രീ. ടി. പി. ശ്രീനിവാസൻ അദ്ധ്യക്ഷത വഹിച്ച പ്രസ്തുത സംഗമത്തിൽ, ചേമ്പർ ഓഫ് കൊമേഴ്സ് ഡയറക്ടർ ഡോ. എർബിൻ പ്രസാദ്, ജിം സ്പെഷ്യൽ ഓഫീസർ ശ്രീ. എസ്. അജികുമാരൻ നായർ എന്നിവരാണ് വിദ്യാഭ്യാസ കാഴ്ചപ്പാടുകൾ ആവിഷ്കരിക്കുന്നതിനെക്കുറിച്ചുള്ള പ്രധാനപ്പെട്ട പ്രസന്റേഷൻ നടത്തിയത് എന്നാണ് ഞങ്ങൾക്ക് ഈ റിപ്പോർട്ട് പത്രങ്ങളിൽ വായിച്ചപ്പോൾ അറിയാൻ കഴിഞ്ഞത്. ഈ രണ്ടുപേരും വിദ്യാഭ്യാസവുമായിട്ട് പുലബന്ധം പോലുമില്ലാത്തവരും വ്യാപാര രംഗത്ത് പ്രവർത്തിക്കുന്നവരുമാണ്. എന്നിട്ട്, അവരുടെ പ്രസന്റേഷനോട് പ്രതികരിച്ച് കൊണ്ടാണ് ശ്രീ. മാധവമേനോൻ ഉൾപ്പെടെയുള്ളവർ സംസാരിക്കുന്നത്. എന്നു പറഞ്ഞാൽ ഈ നയ രൂപീകരണത്തിൽ നിയമസഭയിലെ ഒരംഗത്തേയും ക്ഷണിച്ചിട്ടില്ല. വിദ്യാഭ്യാസ മേഖലയുമായി ഇടപഴകുന്ന എത്രയോ ആൾക്കാർ ഭരണപക്ഷത്തും പ്രതിപക്ഷത്തുമുണ്ട്, നമ്മളാരും ഇത് അറിയുന്നില്ല. ഈ നാടിന്റെ നയ രൂപീകരണത്തിൽ ഇവിടത്തെ ചേമ്പർ ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രി ഡയറക്ടറും ജിം സ്പെഷ്യൽ ഓഫീസറുമാണ് നയം അവതരിപ്പിക്കുന്നത്. ഈ രംഗത്ത് വലിയ കോൺട്രിബ്യൂഷൻ നൽകിയ വിദ്യാഭ്യാസ വിചക്ഷണൻമാരായ ആൾക്കാർ ആരാണ് ഇതിൽ പങ്കെടുത്തത് എന്നുപറയണം. ഇതെല്ലാം പൂർണ്ണമായിട്ടും കച്ചവടത്തിന് വച്ചതല്ലേ?

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, കച്ചവട കണ്ണിലൂടെ കാണുന്നവർക്ക് എല്ലാം കച്ചവടമായിട്ടേ തോന്നുകയുള്ളൂ. ഇവിടെ പറഞ്ഞ ഇൻഡ്യൻ ചേമ്പേഴ്സ് ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രീസിന് അഖിലേന്ത്യാതലത്തിൽ ലോക പ്രശസ്ത സർവ്വകലാശാലകളേയും ദേശീയ സർവ്വകലാശാലകളേയും സംഘടിപ്പിച്ച് വർഷാവർഷം ആഗോള വിദ്യാഭ്യാസ സംഗമം നടത്തുന്നതിലുള്ള പരിചയവും മികവും കണക്കാക്കിയാണ് സംസ്ഥാനത്തെ ആഗോള വിദ്യാഭ്യാസ സംഗമത്തിലെ നടത്തിപ്പിന്റെ പങ്കാളിയായി അവരെ ക്ഷണിച്ചത്. അതിൽ എന്താണ് തെറ്റുള്ളത്? ............(ബഹളം).............

ശ്രീ. എ. കെ. ബാലൻ: സർ, ആഗോള വിദ്യാഭ്യാസ സമ്മേളനം, കേരളത്തിൽ നടക്കുന്നതിന്റെ രണ്ടാഴ്ച മുൻപ് മാതൃഭൂമി പത്രം ഒരു എഡിറ്റോറിയൽ എഴുതി, ബഹുമാനപ്പെട്ട അങ്ങ് അത് ശ്രദ്ധിച്ചിട്ടുണ്ടാകും. സോളാർ എന്നു കേൾക്കുമ്പോൾ മലയാളിയുടെ മുഖത്ത് പരിഹാസം പടരുന്നത്, സൗരോർജ്ജത്തിന് എന്തെങ്കിലും കുഴപ്പമുള്ളതുകൊണ്ടല്ല. ലോകം ഭാവിയുടെ പ്രതീക്ഷയായി കാണുന്ന ഒരു സാങ്കേതിക വിദ്യയെ തട്ടിപ്പിനുള്ള സാധ്യത കണ്ടറിഞ്ഞ ഒരുകൂട്ടം കച്ചവടക്കാരും അവർക്ക് ഒത്താശ ചെയ്തുകൊടുത്ത ഭരണകൂടത്തിന്റെ പിണിയാളുകളും ചേർന്ന് ഒരു അശ്ലീല പദമാക്കി മാറ്റി. അതേ അനുഭവം തന്നെയായിരിക്കും ഇതിനും വരാൻ പോകുന്നത് എന്ന് മാതൃഭൂമി പത്രം എഴുതിയിരിക്കുകയാണ്. മാതൃഭൂമിയുടെ എഡിറ്റോറിയൽ ആണ് ഞാൻ വായിക്കുന്നത്. വിദ്യാഭ്യാസത്തെ ആഗോള കച്ചവട ചരക്കാക്കി മാറ്റുന്നതായിരിക്കും ഇതിന്റെ അനന്തരഫലം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട എ. കെ. ബാലൻ, ഇത് ചോദ്യോത്തര സമയമാണ് അങ്ങ് ചോദ്യം ചോദിക്കൂ.

ശ്രീ. എ. കെ. ബാലൻ: സർ, ഈ ഒരു സാഹചര്യത്തിൽ, ഞാൻ വീക്ഷണം പത്രം എടുക്കണോ?

ശ്രീ. കെ. എം. ഷാജി: (മൈക്ക് ഓഫ്).... ആ പത്രവാർത്ത മേശപ്പുറത്ത് വയ്ക്കണം. .........(ബഹളം)..........

ശ്രീ. എ. കെ. ബാലൻ: ഞാൻ വീക്ഷണമോ ചന്ദ്രിക പത്രമോ ഇപ്പോൾ എടുക്കേണ്ട ആവശ്യമില്ലല്ലോ? അതിലോട്ടൊന്നും ഞാൻ കടക്കാനുദ്ദേശിക്കുന്നില്ല. ......(ബഹളം)...... മാതൃഭൂമി പത്രത്തിന്റെ എഡിറ്റോറിയൽ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു. 11-1-2013-ലെ മാതൃഭൂമി പത്രത്തിന്റെ എഡിറ്റോറിയലാണിത്. അതിൽ എഴുതിയിരിക്കുകയാണ്, സംസ്ഥാനത്ത് സ്വാശ്രയ സ്ഥാപനങ്ങൾ തുടങ്ങുമ്പോൾ ഉണ്ടാക്കിയ കരാറുകൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കാൻ വർഷങ്ങൾ പണിപ്പെട്ടിട്ടും സർക്കാരിന് കഴിഞ്ഞിട്ടില്ല എന്ന് ഓർക്കണം. ഈ ഗവൺമെന്റിനെ സംബന്ധിച്ച് മാതൃഭൂമി എഡിറ്റോറിയൽ എഴുതിയത്, അതുപോലും വിശ്വസിക്കാത്ത നിങ്ങളോട് ഞാൻ എന്തു പറയാനാണ്; ഞാൻ ചോദ്യത്തിലേക്ക് വരികയാണ്, ഇതിനു നേതൃത്വം കൊടുക്കുന്ന ബഹുമാനപ്പെട്ട ശ്രീനിവാസനെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ മാനവ വിഭവശേഷി മന്ത്രാലയം ആവിഷ്കരിച്ച രാഷ്ട്രീയ ഉച്ഛ്ധാർ ശിക്ഷാ അഭിയാൻ (റൂസ) തയ്യാറാക്കിയ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ച അഭിപ്രായത്തിൽ പറയുന്നത്,

ഇദ്ദേഹത്തിന്റേതായി വിദ്യാഭ്യാസ രംഗത്ത് ഒരു സംഭാവനയും ഇല്ല, അദ്ദേഹം മുൻ അംബാസിഡർ മാത്രമാണ്, ഇദ്ദേഹത്തെ മാറ്റണം എന്നാണ്. റൂസയുടെ ഈ അഭിപ്രായം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; റൂസയുടെ അഭിപ്രായത്തിന്റെ ഭാഗമായി ഈ രംഗത്ത് നേതൃത്വം കൊടുക്കുന്ന ബഹുമാനപ്പെട്ട ശ്രീനിവാസന്റെ അക്കാഡമിക് തലത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ശ്രീ. ടി. പി. ശ്രീനിവാസനെ മാറ്റണമെന്ന കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പക്ഷേ കഴിഞ്ഞ അഞ്ച് വർഷമായി ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ വൈസ് ചെയർമാനായി സ്തുത്യർഹമായ സേവനമാണ് അദ്ദേഹം അനുഷ്ഠിച്ചിട്ടുള്ളത്. ഉന്നത വിദ്യാഭ്യാസ രംഗത്തെ മെച്ചപ്പെടുത്താൻവേണ്ടി ഒരുപാട് നല്ല റിപ്പോർട്ടുകൾ അദ്ദേഹം സമർപ്പിച്ചിട്ടുണ്ട്. അദ്ദേഹം മാത്രമല്ല ചെയർമാൻ, വൈസ് ചെയർമാൻ, ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രഗത്ഭരായ വൈസ് ചാൻസിലർമാർ, വിദ്യാഭ്യാസ വിചക്ഷണർ എന്നിവർ അടങ്ങുന്നതാണ് ഉന്നത വിദ്യാഭ്യാസ കൗൺസിൽ. അതിന്റെ ഭാഗമായിട്ടാണ് ഈ കാര്യങ്ങളൊക്കെ വരുന്നത്. കഴിഞ്ഞ വർഷം ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലും ഗ്ലോബൽ എഡ്യൂക്കേഷൻ മീറ്റിനെപ്പറ്റി പറഞ്ഞിട്ടുണ്ടായിരുന്നു. അതിലേക്ക് പോകാനുള്ള ഒരു പ്രാഥമിക സംരംഭമാണ് കോവളത്തുവച്ച് നടന്ന ഗ്ലോബൽ എഡ്യൂക്കേഷൻ മീറ്റ്.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, അക്കാഡമിക മികവ് കാണിക്കുന്ന പ്രസിദ്ധമായ ഓക്സ്ഫോർഡ്, കേംബ്രിഡ്ജ്, ഹാർവാർഡ് സർവ്വകലാശാലകളൊന്നും ലോകത്ത് മറ്റേതെങ്കിലും സ്ഥലത്തുപോയി അവരുടെ ബ്രാഞ്ചുകൾ തുടങ്ങിയതായി കേട്ടിട്ടില്ല. ഇവിടെ വരുന്ന സർവ്വകലാശാലകളോ പഠന കേന്ദ്രങ്ങളാക്കാൻ വരുന്നവരോ ഒന്നും അക്കാഡമിക് മികവിൽ ഒന്നാംകിടക്കാരല്ല എന്നുള്ളത് നൂറ് ശതമാനം ഉറപ്പാണ്. അപ്പോൾ അവിടെ മെറിറ്റ് ബാധകമായിരിക്കുമോ; മെറിറ്റിന്റെ അടിസ്ഥാനത്തിലായിരിക്കുമോ പ്രവേശനം നൽകുന്നത്; ഫീസിന്റെ കാര്യത്തിൽ നിയന്ത്രണമുണ്ടാകുമോ? അവിടത്തെ കോഴ്സുകൾ എങ്ങനെയായിരിക്കും? കേരളത്തിലും ഇന്ത്യയിലും മറ്റും മൂന്നുവർഷം കൊണ്ട് നടത്തുന്ന കോഴ്സുകൾ അവർ വേണമെങ്കിൽ ഒരു വർഷം നടത്തി സർട്ടിഫിക്കറ്റ് നൽകും. അതിന്മേൽ

ഗവൺമെന്റിന് നിയന്ത്രണം ഉണ്ടാകുമോ? ഇത്തരം ചോദ്യങ്ങൾക്കൊന്നും ഈ ഗവൺമെന്റ് ഇതുവരെയും ഉത്തരം പറഞ്ഞിട്ടില്ല. മാത്രമല്ല തെരഞ്ഞെടുപ്പിന് കാലാവധി തികയ്ക്കാൻ രണ്ടുമാസം മാത്രം ശേഷിക്കുന്ന ഒരു ഗവൺമെന്റാണിത്. ലോകത്ത് ഒരു ജനാധിപത്യ രാജ്യത്തും തെരഞ്ഞെടുപ്പിലേക്ക് പോകുന്ന ഒരു ഗവൺമെന്റ് ഇത്ര സുപ്രധാനമായ, നയപരമായ ഒരു തീരുമാനം എടുക്കില്ല. അതുകൊണ്ട് എനിക്ക് ചോദിക്കാനുള്ളത്, തെരഞ്ഞെടുപ്പിലേക്ക് പോകുന്ന ഘട്ടത്തിൽ, വിദ്യാഭ്യാസ വകുപ്പ് ഈ തീരുമാനം മാറ്റിവയ്ക്കുമോ?

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : സർ, ഇത് മാറ്റിവയ്ക്കേണ്ട യാതൊരു കാര്യവുമില്ല. ആ കാര്യത്തിൽ ഒരു വ്യക്തമായ തീരുമാനം ഇതുവരേയും എടുത്തിട്ടില്ല. ആശയ വിനിമയം നടത്തുന്നതിന് വേണ്ടിയാണ് എല്ലാവരേയും ക്ഷണിച്ചത്. അതിന്റെ ലക്ഷ്യം നേരത്തെ തന്നെ പറഞ്ഞിട്ടുണ്ട്.

1. വ്യാവസായിക സംരംഭങ്ങൾക്ക് ഉതകുന്ന തരത്തിൽ അക്കാഡമിക് പ്രവർത്തനങ്ങളോടൊപ്പം കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള കോഴ്സുകൾകൂടി ചേർത്തുകൊണ്ട് അന്താരാഷ്ട്രതലത്തിൽ കാര്യക്ഷമത നൽകുന്നതിന് അവരുടെ സഹകരണം ഉറപ്പാക്കുകയെന്നതാണ് ഇത്തരമൊരു മീറ്റ് കൊണ്ട് ഉദ്ദേശിച്ചത്.

2. അക്കാഡമിക് കോഴ്സുകൾ നടപ്പിലാക്കുന്നതിനും അതിന് പുതിയ രീതികൾ അവലംബിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം നൽകിക്കൊണ്ട് ഉന്നത വിദ്യാഭ്യാസ മേഖലയിൽ സ്വയംഭരണ കോളേജുകൾ ആരംഭിക്കുക.

3. അക്കാഡമിക് കോഴ്സുകൾ നടപ്പിലാക്കുന്നതിനും അതിൽ പുതിയ രീതികൾ അവലംബിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം നൽകിക്കൊണ്ട് ഉന്നത വിദ്യാഭ്യാസ മേഖലകളിൽ സ്വയംഭരണ കോളേജുകൾ ആരംഭിക്കുക. അന്താരാഷ്ട്ര തലത്തിൽ വിദ്യാർത്ഥികൾക്കായി പ്രത്യേക കോഴ്സുകൾ രൂപീകരിക്കുക. ആഗോള വിദ്യാഭ്യാസ സംഗമത്തിലെ കരാറുകൾക്കനുസൃതമായി എം.ഒ.യു.-കൾ ഒപ്പു വയ്ക്കുക. അക്കാഡമിക് സിറ്റി രൂപീകരിക്കുക. സ്പെഷ്യൽ എക്സ്പോർട്ട് പ്രോസസിംഗ് സോണുകളുടെ മാതൃകയിൽ അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ കൗൺസിൽ

രൂപീകരിക്കുക. ഇങ്ങനെയുള്ള ലക്ഷ്യങ്ങൾ വച്ചുകൊണ്ടുള്ള ചർച്ചകളാണ് നടന്നത്. അവിടെ യു.കെ, യു.എസ്.എ., കാനഡ, അയർലന്റ്, മലേഷ്യ, യു.എ.ഇ., ജർമ്മനി, സുൽത്താനേറ്റ് ഓഫ് ഒമാൻ, ന്യൂസിലാന്റ്, ഓസ്ട്രേലിയ തുടങ്ങി ധാരാളം വിദേശ രാജ്യങ്ങളിൽ നിന്നുള്ളവർ കൂടാതെ നമ്മുടെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ, മറ്റ് വിദേശ പ്രതിനിധികൾ തുടങ്ങിയവരാണ് പങ്കെടുത്തത്. അദ്ദേഹം പറഞ്ഞു എവിടെയും ഓക്സ്ഫോർഡിന്റെയും ഹാർവാർഡിന്റെയും ബ്രാഞ്ചുകൾ ഇല്ലായെന്ന്, ദുബായിലെ അക്കാഡമിക് സിറ്റിയിൽ ഒക്സ്ഫോർഡിന്റെയും ഹാർവാർഡിന്റെയും ശാഖകൾ പ്രവർത്തിക്കുന്നുണ്ട്. ഞാൻ നേരിൽ പോയി കണ്ടതാണ്.

<u>ശ്രീ. ആർ. രാജേഷ്</u> : സർ, ആഗോള വിദ്യാഭ്യാസ സംഗമം തനി കച്ചവട താൽപ്പര്യത്തോടുകൂടിയാണ് സംഘടിപ്പിച്ചിട്ടുള്ളത്. അത്തരം ഒരു വിദ്യാഭ്യാസ സംഗമം നടത്തി ഒരു തീരുമാനവുമെടുത്തിട്ടില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. ഇത്രയും വലിയ ഒരു സംഗമം നടക്കുന്ന അവസരത്തിൽ സ്വാഭാവികമായും ചർച്ചകളും സംവാദവുമൊക്കെ നടക്കുമ്പോൾ അതിൽ ഒരു തീരുമാനമുണ്ടാകും. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ വരാൻ പോകുന്ന മാറ്റത്തെക്കുറിച്ചുള്ള ഇത്രയും പ്രധാനപ്പെട്ട ഒരു ചർച്ചയിൽ നിയമസഭാ സാമാജികരെപ്പോലും പങ്കാളികളാക്കിയിട്ടില്ല. നിയമസഭയോ നിയമസഭാ സാമാജികരോ അതറിഞ്ഞിട്ടില്ല. അവിടെ ഇത്തരമൊരു സംഗമം നടന്നിട്ട് ഒരു തീരുമാനവും എടുത്തിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിൽ അവ്യക്തതയുണ്ട്. കോവളത്ത് വച്ച് നടന്ന ഗ്ലോബൽ എഡ്യൂക്കേഷൻ മീറ്റിൽ എടുത്ത തീരുമാനമെന്താണ് എന്നുള്ളത് ഈ നിയമസഭയേയും നിയമസഭാ സാമാജികരെയും കേരളത്തിലെ ജനങ്ങളെയും അറിയിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം. നിരവധി വിദേശ സർവ്വകലാശാലകൾ അതിന്റെ ഭാഗമായി ഇവിടേക്ക് വരുമെന്നാണ് മാധ്യമങ്ങളിലൂടെ അറിയുവാൻ കഴിഞ്ഞത്. ഓസ്ട്രേലിയ, ജർമ്മനി തുടങ്ങിയ വിദേശ സർവ്വകലാശാലകളുടെ നിരവധി സ്ഥാപനങ്ങൾ ഇവിടേക്ക് വരാൻ പോകുന്നുവെന്ന് അറിയാൻ കഴിഞ്ഞു. ഓസ്ട്രേലിയയിലടക്കം നിരവധി സർവ്വകലാശാലകളും കോളേജുകളും അടച്ചുപൂട്ടുന്ന സ്ഥിതിയിലാണ്

എന്നാണ് വാർത്തകളിലൂടെ കാണാൻ കഴിയുന്നത്. അപ്പോൾ അവിടെ അടച്ചുപൂട്ടപ്പെട്ട കോളേജുകളാണോ ഇവിടേക്ക് വരുന്നത്? ഏത് കോളേജുകളാണ് ഇവിടേക്ക് കൊണ്ടുവരാൻ തീരുമാനിച്ചിട്ടുള്ളത്; അതിന്റെ ആകെ വിശദാംശങ്ങൾ ഞങ്ങൾക്ക് ലഭ്യമാക്കേണ്ടിയിരിക്കുന്നു. അവിടെ എടുത്ത തീരുമാനങ്ങൾ ഏറ്റവും വേഗത്തിൽ നിയമസഭാ സാമാജികരേയും കേരളത്തിലെ ജനങ്ങളേയും അറിയിക്കുവാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ശ്രീ. കെ. സുരേഷ് കുറുപ്പ് പറയുന്നത് നല്ല യൂണിവേഴ്സിറ്റികളൊന്നും വരില്ലായെന്നാണ്. എന്നാൽ ശ്രീ. ആർ. രാജേഷ് പറയുന്നത് നിരവധി വിദേശ രാജ്യങ്ങളിൽ നിന്നും യൂണിവേഴ്സിറ്റികൾ കൊണ്ടുവരാൻ പോകുന്നുവെന്നും അവിടെ പൂട്ടാൻ പോകുന്ന യൂണിവേഴ്സിറ്റികളാണ് ഇങ്ങോട്ട് കൊണ്ടുവരുന്നതെന്നുമാണ്. ഇവിടെ നിന്നും പ്ലസ് ടു കഴിഞ്ഞ എത്ര വിദ്യാർത്ഥികളാണ് ഉന്നത വിദ്യാഭ്യാസത്തിനായി ഓരോ വർഷവും ലണ്ടനിലേക്കും ഓസ്ട്രേലിയയിലേക്കും മറ്റും പോകുന്നതെന്ന് അറിയാമോ? എന്തുകൊണ്ട് അവർക്ക് നമ്മുടെ രാജ്യത്ത് അത്തരം കോഴ്സുകൾ പഠിക്കാൻ സൗകര്യമൊരുക്കിക്കൂടാ? ഓരോ യൂണിവേഴ്സിറ്റികളുമായി ചർച്ച ചെയ്ത് കോഴ്സുകൾ സംബന്ധിച്ച് വ്യക്തമായ തീരുമാനങ്ങൾ എടുത്തിട്ടില്ലായെന്നാണ് ഞാൻ പറഞ്ഞത്. കോവളം മീറ്റിന്റെ ഡിക്ലറേഷൻ ഇറക്കിയിട്ടുണ്ട്. അതിൽ പൊതുവായിട്ടുള്ള തീരുമാനങ്ങളാണ് പറയുന്നത്.

കേന്ദ്ര സർക്കാർ നടപ്പിലാക്കേണ്ടവ - ഉന്നത വിദ്യാഭ്യാസ ബിൽ പാസ്സാക്കുക, വിദേശ വിദ്യാർത്ഥികൾക്കായുള്ള വിസാ നിയമങ്ങൾ ലഘൂകരിക്കുക, ഇങ്ങനെയുള്ള കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റ് ചെയ്യേണ്ടതാണ്.

സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കേണ്ട വിദ്യാഭ്യാസ പദ്ധതികൾ - അക്കാഡമിക് സിറ്റി അതോറിറ്റി രൂപീകരിക്കുക, അക്കാഡമിക് സിറ്റിയും അന്തർദ്ദേശീയ ഉന്നത വിദ്യാഭ്യാസ മേഖലകളും ആരംഭിക്കുന്നതിന് നിയമനിർമ്മാണം നടത്തുക. സ്വകാര്യ സർവ്വകലാശാലകൾ ആരംഭിക്കുന്നതിന് അനുമതി നൽകുക - അത് നമ്മൾ നേരത്തെ വേണ്ടായെന്ന് തീരുമാനിച്ച കാര്യമാണ്. വിദ്യാർത്ഥികൾക്കുള്ള ഗവേഷണ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക യു.ജി.സി. നടപ്പാക്കേണ്ടവ - വിദേശ സർവ്വകലാശാലകളുമായി അന്താരാഷ്ട്ര

സഹകരണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുക, വിദേശ-സ്വദേശ സർവ്വകലാശാലകളിലെ ബിരുദങ്ങൾ പരസ്പരം അംഗീകരിച്ച് ഉന്നത വിദ്യാഭ്യാസം അന്തർദ്ദേശീയവൽക്കരിക്കുന്നതിന് സഹായകമായ നിലപാടുകൾ സ്വീകരിക്കുക. ഇങ്ങനെയുള്ള പൊതുവായ കാര്യങ്ങളാണ് കോവളം ഡിക്ലറേഷനിൽ വന്നിട്ടുള്ളത്. ഡിക്ലറേഷനിൽ വന്നിട്ടുള്ളത് ഇതിന്റെ ആദ്യത്തെ നടപടിയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ 2015-16-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രസ്താവനയുടെ അടിസ്ഥാനത്തിലാണ് ഈ കാര്യങ്ങൾ നടത്തിയിട്ടുള്ളത്. ഒൻപത് വിദേശ രാജ്യങ്ങളിൽ നിന്ന് ഇരുപത്തിയൊൻപത് വിദേശ പ്രതിനിധികൾ ഈ മീറ്റിൽ പങ്കെടുത്തിട്ടുണ്ട്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളെ മികവിന്റെ കേന്ദ്രമാക്കുകയെന്നുള്ള ലക്ഷ്യമാണ് ഇതിനുപിന്നിലുള്ളത്. കേരളത്തെ അന്തർദ്ദേശീയ വിദ്യാഭ്യാസ കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി അന്തർദ്ദേശീയ തലത്തിൽ ബന്ധങ്ങൾ സ്ഥാപിച്ചെടുക്കാനുള്ള ഒരു പ്രക്രിയ മാത്രമാണിത്. വിദേശ സർവ്വകലാശാലകളുമായുള്ള പരമ്പരാഗത ബന്ധങ്ങൾക്കുപുറമെ ഒരു അക്കാഡമിക് സിറ്റി നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ ആരംഭിക്കുന്നതിനുള്ള ആലോചനയുടെ ഭാഗമായി മാത്രമേ ഇതിനെ കാണേണ്ടതുള്ളൂ. മേൽപ്പറഞ്ഞ എല്ലാ കാര്യങ്ങളും പ്രാവർത്തികമാക്കുന്നത് നിലവിലുള്ള കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും നിയമങ്ങൾക്കുള്ളിൽ നിന്നുകൊണ്ടുതന്നെയായിരിക്കും. അല്ലാതെ നയപരമായ കാര്യങ്ങളിൽ മാറ്റം വിഭാവനം ചെയ്യുന്നില്ല. ഈ സംഗമം വിദേശ സർവ്വകലാശാലകൾ ആരംഭിക്കുവാനോ സ്വകാര്യ സർവ്വകലാശാലകൾ ഉണ്ടാക്കുവാനോ ഉള്ള ഒരു ഉപാധിയല്ല. അതുകൊണ്ട് വിദ്യാഭ്യാസത്തെ വാണിജ്യവൽക്കരിക്കുന്നതു കൊണ്ട് വിദേശ സർവ്വകലാശാലകൾ ഇവിടെ കൊണ്ടുവരുന്നുവെന്ന ആരോപണം അടിസ്ഥാനരഹിതമാണ്. പാർലമെന്റിൽ ഈ വിദ്യാഭ്യാസ ബിൽ പാസ്സാക്കുക യെന്നുള്ളത് പങ്കെടുത്ത എല്ലാപേരും ഒരുപോലെ ആവശ്യപ്പെട്ട കാര്യമാണ്. അതാണ് വളരെ ആലോചിച്ച് ചർച്ച ചെയ്യേണ്ട അവസരങ്ങളിൽ ചർച്ച ചെയ്ത് മാത്രമേ തീരുമാനമെടുക്കുകയുള്ളൂ എന്ന് ഞാൻ ആദ്യം തന്നെ പറഞ്ഞത്. നേരത്തെ ഇവിടെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള ഒരു കാര്യമായതുകൊണ്ട് അതിന്റെ തുടക്കമെന്ന നിലയിൽ വിദേശത്തുള്ളവരും സംസ്ഥാനങ്ങളിലുള്ളവരുമായൊക്കെ ആശയ വിനിമയം നടത്താൻ വേണ്ടിയാണ് ഇത്തരമൊരു സംഗമത്തിന് അവസരം

നൽകിയത്. നമ്മുടെ നാട്ടിൽത്തന്നെ ഇപ്പോൾ ധാരാളം യൂണിവേഴ്സിറ്റികൾ വിദേശ സർവ്വകലാശാലകളുമായി യോജിച്ചുകൊണ്ട് കോഴ്സുകൾ നടത്തുന്നുണ്ട്. ക്രെഡിറ്റ് സമ്പ്രദായങ്ങളും മറ്റും മാറ്റിയിട്ടുണ്ട്. കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഉണ്ടാക്കി കൊടുക്കുക, മറ്റ് രാജ്യങ്ങളിലേക്ക് നമ്മുടെ വിദ്യാർത്ഥികൾ ഉന്നത പഠനത്തിന് പോകുന്നത് അവസാനിപ്പിച്ച്, ഇവിടെത്തന്നെ അവർക്ക് അവർ ആഗ്രഹിക്കുന്ന കോഴ്സുകൾ പഠിക്കുന്നതിനുള്ള സൗകര്യമൊരുക്കുന്ന സംരംഭത്തിന്റെ തുടക്കമായിട്ട് മാത്രമേ ഈ ഗ്ലോബൽ എഡ്യൂക്കേഷൻ മീറ്റിനെ കാണേണ്ടതുള്ളൂ.

മി. സ്പീക്കർ : ബഹുമാനപ്പെട്ട എ. കെ. ബാലൻ, അങ്ങ് ഒരു ചോദ്യം ഉന്നയിച്ച സമയത്ത് ഒരു രേഖ മേശപ്പുറത്ത് വയ്ക്കുന്നുവെന്ന് പറഞ്ഞു. അത് മേശപ്പുറത്ത് വയ്ക്കുവാൻ സാധ്യമല്ല. അങ്ങനെ വയ്ക്കണമെന്നുണ്ടെങ്കിൽ അതിന്റെ കോപ്പി ആദ്യം ചെയറിന് തരികയും രേഖാമൂലം എഴുതിത്തരുകയും വേണം. അതൊന്നുമില്ലാത്തതു കൊണ്ട് അത് മേശപ്പുറത്ത് വയ്ക്കുവാൻ അങ്ങേക്ക് കഴിയില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

5(*93) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത സംസ്ഥാനമായി മാറ്റുമെന്ന പ്രഖ്യാപനം നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഭൂരഹിതരായ എത്ര പേർ ഭൂമിക്കുവേണ്ടി അപേക്ഷകൾ സമർപ്പിച്ചു ; അതിൽ എത്ര പേർ ഇപ്പോഴും ഭൂരഹിതരായി കഴിയുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കു വേണ്ടി മാറ്റിവച്ച തുക ചെലവഴിക്കാൻ കഴിയാതെ വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര തുക;

(ഡി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി അവസാനിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) ഉണ്ട്. കേരളത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിവിധ ഘട്ടങ്ങളായാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. കണ്ണൂർ, കാസർഗോഡ് ജില്ലകളെ ആദ്യഘട്ടത്തിലും ഇടുക്കി ജില്ലയെ രണ്ടാം ഘട്ടത്തിലും ഭൂരഹിത കുടുംബങ്ങളില്ലാത്ത ജില്ലകളാക്കി മാറ്റുവാൻ ഇതിനകം കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത ജില്ലകളിലെ മുഴുവൻ ഗുണഭോക്താക്കൾക്കും പദ്ധതി പ്രകാരം പട്ടയം നൽകാൻ കഴിഞ്ഞിട്ടുണ്ട്. മറ്റ് ജില്ലകളിൽ രണ്ടാംഘട്ട പ്രവർത്തനം പുരോഗമിച്ചുവരികയാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ കേരളത്തിൽ എത്ര ഭൂരഹിത കുടുംബങ്ങൾ ഉണ്ടെന്ന ആധികാരിക രേഖയില്ലായിരുന്നു. ഭൂരഹിതരായ കുടുംബങ്ങളുടെ ആധികാരിക കണക്ക് പ്രസിദ്ധീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു. പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്നതിന് 2,91,757 അപേക്ഷകൾ ലഭിച്ചിരുന്നു. ഇതിൽനിന്നും 2,43,928 കുടുംബങ്ങളെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുകയും 43,437 പേർക്ക് പട്ടയം നൽകുകയും ചെയ്തിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി എന്നീ 3 ജില്ലകളിലെ അർഹരായ മുഴുവൻ അപേക്ഷകർക്കും ഭൂമി നൽകിക്കൊണ്ട് ടി 3 ജില്ലകളെ രാജ്യത്തെ ആദ്യത്തെ ഭൂരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിച്ചു. 2,00,491 ഗുണഭോക്താക്കൾക്കുകൂടി പട്ടയം നൽകാനുണ്ട്. 1-2-2014 മുതൽ 31-3-2014 വരെ പദ്ധതിയിലേക്ക് വീണ്ടും അപേക്ഷകൾ ക്ഷണിച്ചിരുന്നു. കൂടാതെ മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടികളിലും റവന്യൂ വകുപ്പുമന്ത്രിയുടെ ജില്ലാതല റവന്യൂ സർവ്വേ അദാലത്തുകളിലും അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഈ അപേക്ഷകളിൽനിന്നും പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഗുണഭോക്താക്കളെ കണ്ടെത്തുന്ന പ്രവർത്തനം പൂർത്തിയായിട്ടില്ല.

(സി) പദ്ധതിക്കുവേണ്ടി നടപ്പു സാമ്പത്തിക വർഷം 6 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മുൻവർഷങ്ങളിൽ അനുവദിച്ചിരുന്ന തുകയും ചെലവായ തുകയും ചുവടെ ചേർക്കുന്നു:-

| സാമ്പത്തിക വർഷം | അനുവദിച്ച തുക | ചെലവാക്കിയ തുക |
|---|---|---|
| 2012-13 | 6,50,00,000 | 1,01,72,550 |
| 2013-14 | 3,00,00,000 | 1,33,04,003 |
| 2014-15 | 10,00,00,000 | 40,09,949 |
| 2015-16 | 6,00,00,000 | 1,36,16,446 |
| ആകെ | 25,50,00,000 | 4,11,02,948 |

2014-15 സാമ്പത്തിക വർഷം ചെലവാകാതെ വന്ന 9.54 കോടി രൂപ ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. ഇതിൽ നിന്നുള്ള 6 കോടി രൂപയാണ് ഈ സാമ്പത്തിക വർഷം പദ്ധതിക്കായി ചെലവാക്കി വരുന്നത്.

(ഡി) കേരളത്തിന് വിപ്ലവകരമായ മാറ്റത്തിന് തുടക്കം കുറിച്ച പദ്ധതിയാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി അവസാനിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടില്ല. കണ്ണൂർ, കാസർഗോഡ്, ഇടുക്കി ഒഴികെയുള്ള ജില്ലകളിൽ സർക്കാർ ഭൂമിക്ക് ഏറെ ദൗർലഭ്യവും കോടതി കേസ്സുകളുംമൂലം ഭൂമി ഏറ്റെടുത്ത് വിതരണം ചെയ്യുന്നതിന് തടസ്സം നേരിട്ടു. ആവശ്യമായ ഭൂമി മറ്റ് ജില്ലകളിലും കണ്ടെത്തി പദ്ധതി പൂർത്തിയാക്കുന്നതിനു വേണ്ടി ത്വരിതഗതിയിൽ പ്രവർത്തനം നടന്നുവരുന്നു.

**ഭക്ഷ്യ സുരക്ഷാ പദ്ധതി**

6(*94) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ശ്രീ. എം. ചന്ദ്രൻ
ശ്രീമതി കെ. കെ. ലതിക
ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി

നടത്തുന്ന പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാകുമ്പോൾ കേന്ദ്രത്തിൽ നിന്ന് സംസ്ഥാനത്തിന് ലഭിക്കുന്ന ഭക്ഷ്യധാന്യവിഹിതത്തിൽ വൻകുറവ് വരാൻ സാദ്ധ്യതയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് നിലനിൽക്കുന്ന സാർവ്വത്രിക റേഷനിംഗ് സമ്പ്രദായം അവസാനിപ്പിക്കുവാൻ ഇത് കാരണമാകുമെന്ന് കരുതുന്നുണ്ടോ;

(ഡി) സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യത്തിൽ അനുവദിക്കപ്പെട്ട റേഷൻ സമ്പ്രദായം കേന്ദ്രസർക്കാരിന്റെ പ്രസ്തുത നയം മൂലം തകരാൻ ഇടവരുമെന്നതിനാൽ ആയത് നിലനിർത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യകതമാക്കുമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്):

(എ) സംസ്ഥാനത്ത് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. കാർഡ് ഉടമകളിൽനിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഡേറ്റാ എൻട്രി നടത്തി മുൻഗണനാ റാങ്കിംഗ് നടത്തി കരട് മുൻഗണനാ/മുൻഗണനേതര പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതിനു മുമ്പ് ശരാശരി 16.01 ലക്ഷം ടൺ ഭക്ഷ്യധാന്യം ലഭിച്ചു വന്നിരുന്നു. എന്നാൽ ഈ നിയമം നടപ്പിലാക്കുമ്പോൾ കേന്ദ്ര സർക്കാർ പ്രതിവർഷം 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യമാണ് നൽകുക. മുൻപ് നൽകി വന്നിരുന്ന തോതിൽത്തന്നെ ഭക്ഷ്യധാന്യം തുടർന്നും അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് ലഭ്യമാക്കുമെന്ന് കരുതുന്നു.

(സി) ഇല്ല.

(ഡി) കൂടുതൽ (16.01 ലക്ഷം മെട്രിക് ടൺ) ഭക്ഷ്യ ധാന്യം നൽകണമെന്നും മുൻഗണനാ വിഭാഗത്തിന് വിതരണം ചെയ്യുന്നതിനുള്ള ഭക്ഷ്യധാന്യത്തിന്റെ തോത് ആളൊന്നിന് 7 കി.ഗ്രാം ആയി വർദ്ധിപ്പിക്കണമെന്നും സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**റവന്യൂ അദാലത്ത്**

7(*95) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. വി. റ്റി. ബൽറാം :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ അദാലത്തുകൾ നടത്തിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് അദാലത്തുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) ഉണ്ട്.

(ബി) റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ പൊതുജനങ്ങളിൽനിന്ന് പരാതികൾ നേരിട്ട് സ്വീകരിച്ചും പൂർണ്ണമായ പ്രശ്ന പരിഹാരത്തിന് വഴിയൊരുക്കുകയുമാണ് അദാലത്ത് വഴി ലക്ഷ്യമിട്ടിട്ടുള്ളത്. വർഷങ്ങളായോ മാസങ്ങളായോ പരിഹരിക്കപ്പെടാതെ കിടക്കുന്നതും എന്നാൽ നിയമക്കുരുക്കുകളിലോ കോടതി വ്യവഹാരങ്ങളിലോ ഉൾപ്പെടാത്തതുമായ പരാതികൾക്ക് അതിവേഗം പരിഹാരം കാണുകയും ജനങ്ങൾക്ക് മികച്ച സേവനം നൽകുകയുമാണ് അദാലത്തുകൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനത്തെ 14 ജില്ലകളിൽ റവന്യൂ-സർവ്വേ അദാലത്ത് 8-1-2015 മുതൽ 27-2-2015 വരെ സംഘടിപ്പിക്കുകയും എൽ.ആർ.എം. (ലാന്റ് റെക്കോർഡ്സ് മാനേജ്മെന്റ്), സി.എം.ഡി.ആർ.എഫ്. (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി), എൻ.എഫ്.ബി.എസ്. (നാഷണൽ ഫാമിലി ബെനിഫിറ്റ് സ്കീം), പോക്കുവരവ്, അതിർത്തി നിർണ്ണയം, പട്ടയം, കെ. എൽ.യു (കേരള ലാന്റ് യൂട്ടിലൈസേഷൻ), പ്രകൃതിക്ഷോഭം തുടങ്ങിയവയുമായി ബന്ധപ്പെട്ട് റവന്യൂ-സർവ്വേ വകുപ്പുകളിൽ 31-10-2014 വരെ നിലവിലുണ്ടായിരുന്നതും 1-11-2014 മുതൽ 20-12-2014 വരെ ലഭിച്ചതുമായ 476377 അപേക്ഷകളിൽ 467515 അപേക്ഷകൾ തീർപ്പാക്കിയിട്ടുള്ളതും ബാക്കി അപേക്ഷകൾ തീർപ്പാക്കാനുള്ള നടപടികൾ ജില്ലാ കളക്ടർമാർ സ്വീകരിച്ചു

വരുന്നതുമാണ്.

**മൂന്നാറിലെ വ്യാജ പട്ടയങ്ങൾ**

8(*96) ശ്രീ. സാജു പോൾ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മൂന്നാറിലെ വ്യാജ പട്ടയങ്ങൾ കണ്ടെത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നറിയിക്കാമോ;

(ബി) മൂന്നാറിൽ ഭൂമി ഉള്ളവരെല്ലാം കയ്യേറിയതാണെന്ന അഭിപ്രായം സർക്കാരിനുണ്ടോ;

(സി) പ്രസ്തുത പ്രദേശത്ത് യഥാർത്ഥമായി തലമുറകളായി ഭൂമി കൈവശം വച്ചിരിക്കുന്നവർക്കും പട്ടയം നൽകാത്ത സ്ഥിതിയുണ്ടോ;

(ഡി) ലഭിച്ച പട്ടയങ്ങൾ പോലും വ്യാജമെന്ന രീതിയിൽ നടപടി എടുത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) മൂന്നാർ പ്രദേശത്തെ വൻകിട ഭൂമി കയ്യേറ്റക്കാരെ കണ്ടെത്തി ഭൂമി തിരിച്ചു പിടിക്കുന്നതിനും യഥാർത്ഥ കുടിയേറ്റ കർഷകർക്ക് പട്ടയം നൽകി സംശയനിഴലിൽ നിന്നൊഴിവാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) മൂന്നാറിൽ കണ്ടെത്തിയ വ്യാജ പട്ടയങ്ങൾ സംബന്ധിച്ച് പോലീസ് വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്യുകയും അന്വേഷണം നടന്നുവരുന്നതുമാണ്. മൂന്നാറിലെ വ്യാജ പട്ടയങ്ങൾ കണ്ടെത്തുന്നതിനും അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനായി ആരംഭിച്ച മൂന്നാർ സ്പെഷ്യൽ റവന്യൂ ഓഫീസിന്റെ പ്രവർത്തനം നടന്നുവരുന്നുണ്ട്. സ്പെഷ്യൽ റവന്യൂ ഓഫീസറുടെ കീഴിൽ പബ്ലിക് ലാന്റ് പ്രൊട്ടക്ഷൻ ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം കേസുകൾ പരിഗണിക്കുന്നതിനായി ആരംഭിച്ച മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണലിന്റെ പ്രവർത്തനം നടന്നുവരുന്നുണ്ട്.

(ബി) ഇല്ല.

(സി&ഡി)) ഉണ്ട്.

(ഇ) എല്ലാവിധ ഭൂമി കയ്യേറ്റങ്ങളും കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുന്നതിനും വേണ്ടി രൂപീകരിച്ച മൂന്നാർ സ്പെഷ്യൽ റവന്യൂ ഓഫീസിന്റെ പ്രവർത്തനം നടന്നുവരുന്നു. കെ.ഡി.എച്ച്. വില്ലേജിൽ 1977-ലെ കെ.ഡി.എച്ച് ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിവിന് അർഹരായ കർഷകർക്കും കർഷക തൊഴിലാളികൾക്കും പ്രസ്തുത ചട്ടങ്ങളിലെ വ്യവസ്ഥകൾ പൂർണ്ണമായി പാലിച്ചു കൊണ്ടാണ് പട്ടയം അനുവദിക്കേണ്ടത്.

**ഹയർ സെണ്ടണ്ടറി അദ്ധ്യാപകരുടെ സ്ഥലംമാറ്റം**

9(*97) ശ്രീ. വി. ചെന്താമരാക്ഷൻ :

ശ്രീ. രാജു എബ്രഹാം :

ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് വ്യാപകമായ പരാതി ഉയർന്നിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാർഷിക പരീക്ഷയ്ക്കായുള്ള ഒരുക്കങ്ങൾ നടക്കുന്ന വേളയിലുള്ള ഈ സ്ഥലംമാറ്റ പ്രക്രിയ സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പഠനത്തേയും പരീക്ഷയേയും ബാധിക്കുമെന്ന കാര്യം അറിവുള്ളതാണോ; ഇത് പരിഗണിക്കുകയുണ്ടായോ;

(സി) പ്രസ്തുത സ്ഥലംമാറ്റ ഉത്തരവുമായി ബന്ധപ്പെട്ട് നേരത്തെ പരാതികളും നിയമനടപടികളും ഉണ്ടായിരുന്നുവോ; ഇത് പരിഗണിക്കുയുണ്ടായോ;

(ഡി) ഈ സാഹചര്യത്തിൽ ഹയർ സെക്കന്ററി ഡയറക്ടറെ മാറ്റാനുണ്ടായ സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്):

(എ) ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ 2015-16 അദ്ധ്യയന വർഷത്തെ പൊതു സ്ഥലംമാറ്റ ഉത്തരവ് 21-9-2015-ൽ ഹയർ സെക്കണ്ടറി ഡയറക്ടർ പുറപ്പെടുവിച്ചിരുന്നെങ്കിലും ടി സ്ഥലംമാറ്റ ഉത്തരവിൽ അപാകതകളും അനോമലിയും ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സർക്കാർ പ്രസ്തുത സ്ഥലംമാറ്റ ഉത്തരവ് മരവിപ്പിക്കുകയുണ്ടായി. ഇതിനിടയിൽ 21-09-2015-ൽ ഹയർസെക്കണ്ടറി ഡയറക്ടർ പുറപ്പെടുവിച്ച സ്ഥലംമാറ്റ ഉത്തരവിലെ അപാകതകൾ പരിഹരിക്കണ

മെന്നാവശ്യപ്പെട്ട് ഒരു കൂട്ടം അദ്ധ്യാപകർ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിച്ചു. ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ അന്തിമ വിധിക്ക് വിധേയമായി 2015-16-ലെ ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ സ്ഥലം മാറ്റ നടപടികൾ പൂർത്തീകരിക്കുന്നതിന് ഹയർ സെക്കണ്ടറി ഡയറക്ടർ നടപടി സ്വീകരിച്ചു വരുന്നു.

(ബി&സി) പരിഗണിച്ചിട്ടുണ്ട്.

(ഡി) ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ സ്ഥലംമാറ്റവും ഡയറക്ടറുടെ മാറ്റവും തമ്മിൽ ബന്ധമില്ല. ഭരണപരമായ സൗകര്യത്തിനായി മന്ത്രിസഭാ യോഗ തീരുമാനം അനുസരിച്ചാണ് ഹയർ സെക്കണ്ടറി ഡയറക്ടറെ സ്ഥലം മാറ്റിയിട്ടുള്ളത്.

**റോഡുകളുടെ നിർമ്മിതി, നവീകരണം**

10(*98) ശ്രീ. സി. മോയിൻകുട്ടി :

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :

ശ്രീ. കെ. എം. ഷാജി :

ശ്രീ. പി. ബി. അബ്ദുൽ റസ്സാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റോഡുകളുടെ നിർമ്മിതി, നവീകരണം എന്നിവയ്ക്കായി നടപ്പാക്കിയ പദ്ധതികളുടെ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) ഈ വർഷം ഇതിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; തുക അനുവദിച്ചിട്ടുണ്ടോ ;

(സി) നവീകരണ പദ്ധതിയിൽ റോഡിന്റെ ഓരത്ത് ഉപയോഗ യോഗ്യമല്ലാത്തതും കൈയേറാൻ സാദ്ധ്യതയുള്ളതുമായ സ്ഥലം ഉപയോഗപ്പെടുത്തി കാൽ നടയാത്രക്കാർക്ക് സുരക്ഷിതമായ നടപ്പാത ഒരുക്കുന്ന പ്രവൃത്തി കൂടി ഉൾപ്പെടുത്തുമോ എന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റോഡുകളുടെ നിർമ്മിതി, നവീകരണം എന്നിവയ്ക്കായി വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ദേശീയ പാത വിഭാഗത്തിൻ കീഴിൽ സ്പീഡ് കേരള, മിഷൻ 676 എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി ചുവടെ കാണുന്ന നിർമ്മാണ നവീകരണ പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ട്.

തിരുവനന്തപുരം ബൈപ്പാസ്: ദേശീയപാത അതോറിറ്റി നടപ്പാക്കുന്ന ഈ പ്രവൃത്തിയുടെ നിർമ്മാണം പുരോഗമിക്കുന്നു.

കൊല്ലം ബൈപ്പാസ്: കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ 50% തുല്യ പങ്കാളിത്തത്തോടെ നിർമ്മിക്കുന്ന ഈ ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

ആലപ്പുഴ ബൈപ്പാസ്: കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ 50% തുല്യ പങ്കാളിത്തത്തോടെ നിർമ്മിക്കുന്ന ഈ ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

തൃപ്പൂണിത്തുറ ബൈപ്പാസ്: സ്ഥലമെടുപ്പിനുള്ള ഡി.പി.ആറും നിർമ്മാണത്തിനുള്ള ഡി.പി.ആറും കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

കോഴിക്കോട് ബൈപ്പാസ്: ഈ ബൈപ്പാസിന്റെ 2 വരി പാത പൂർത്തീകരണം സംസ്ഥാന സർക്കാർ 152.75 കോടി രൂപയ്ക്ക് നടപ്പിലാക്കി. ബൈപ്പാസ് 4 വരിപ്പാതയാക്കൽ കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽപ്പെടുത്തി ഡി.പി.ആർ. തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

തലശ്ശേരി-മാഹി ബൈപ്പാസ്: തലശ്ശേരി-മാഹി ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഡി.പി.ആർ. തയ്യാറാക്കാനുള്ള കരാർ നൽകി.

കുണ്ടന്നൂർ, വൈറ്റില ഫ്ലൈഓവറുകൾ: ഭരണാനുമതി നൽകിയിട്ടുള്ള പ്രസ്തുത ഫ്ളൈ ഓവറുകളുടെ നിർമ്മാണത്തിന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കേന്ദ്രാനുവാദം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

<u>കഴക്കൂട്ടം-കേശവദാസപുരം റോഡ് വീതികൂട്ടൽ:</u> പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

ദേശീയ പാതയുടെ വീതി 45 മീറ്ററായി അംഗീകരിച്ച് സംസ്ഥാന സർക്കാർ ജി.ഒ.(എം.എസ്.)നമ്പർ 94/2014/പൊ.മ.വ. തീയതി 25-10-2014 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും കേന്ദ്ര സഹായത്താൽ ദേശീയപാതാ വികസനം നടപ്പിലാക്കാനുള്ള നടപടികളെടുത്തുവരുകയും ചെയ്യുന്നു. 400 ദിവസങ്ങൾക്കുള്ളിൽ നൂറുപാലം എന്ന പദ്ധതിയിൽപ്പെടുത്തി മൊയ്തുപാലം, മൂന്നാർ പാലം, കൊല്ലം ഇരുമ്പുപാലം, മൂന്നാർ കെ.എസ്.ആർ.ടി.സി. പാലം, ആർ.ഒ.ബി. കഴക്കൂട്ടം പാലം, കുന്തിപ്പുഴ പാലം, കോരപ്പുഴ പാലം, പുറക്കാട്ടിരി പാലം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ കുറ്റിപ്പുറം മുതൽ പുതു പൊന്നാനി വരെ 16 കി.മീ. നീളത്തിൽ 2 വരിപ്പാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഗതാഗതത്തിന് തുറന്നു കൊടുത്തിട്ടുണ്ട്.

ദേശീയപാത വിഭാഗവുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്ന മറ്റു പ്രധാന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

പുതിയതെരു മുതൽ താഴെചൊവ്വ വരെയുള്ള റോഡ് നവീകരണ പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്. ദേശീയപാത 47-ൽ കരമന മുതൽ കളിയിക്കാവിള വരെയുള്ള നാലുവരിപ്പാത നിർമ്മാണത്തിന്റെ ഒന്നാം ഘട്ടത്തിന്റെ ആദ്യ ഭാഗമായ കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള നാലുവരിപ്പാത നിർമ്മാണം അന്തിമഘട്ടത്തിലാണ്. കേന്ദ്ര സർക്കാരിന്റെ സി.ആർ.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി 380.2 കോടി രൂപ ചെലവഴിച്ച് 523.75 കി.മീ. ദൂരം വരുന്ന ജില്ലാ-സംസ്ഥാന റോഡുകളുടെ നവീകരണം നടപ്പിലാക്കിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 18 കി.മീ. ദൈർഘ്യം വരുന്ന റോഡിന്റെ നവീകരണത്തിന് 26.8 കോടി രൂപയുടെ അനുമതി കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. കൂടാതെ ദേശീയപാത നവീകരണത്തിന് കേന്ദ്ര സർക്കാർ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി 1682.49 കോടി രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 652.703 കോടി രൂപയുടെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകകയും

1029.79 കോടി രൂപയുടെ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. നിരത്തുകളും പാലങ്ങളും വിഭാഗത്തിൻ കീഴിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>റോഡുകളുടെ ഉപരിതലം അഭിവൃദ്ധിപ്പെടുത്തൽ :</u>

റോഡുകൾ കൂടുതൽ ഈടുറ്റതാക്കുന്നതിന് ആധുനിക രീതിയിലുള്ള BM&BC രീതിയിൽ 3840 കിലോമീറ്റർ റോഡുകളുടെ ഉപരിതലം പുതുക്കി. ഇതിനായി ഏകദേശം 3500 കോടി രൂപ ചെലവായിട്ടുണ്ട്. കൂടാതെ ചിപ്പിംഗ് കാർപ്പെറ്റ് ഉപയോഗിച്ച് 7936 കി.മീ. റോഡുകൾ ഉപരിതലം പുതുക്കി. ഇതിനായി 1500 കോടി രൂപ ചെലവായിട്ടുണ്ട്. ഇതുവഴി റോഡിന്റെ ഉപരിതലം യാത്രയ്ക്ക് സുഖപ്രദമാകുകയും വാഹനങ്ങളുടെ ഇന്ധന ക്ഷമത കൂടുകയും, യാത്രാ സമയം കുറയ്ക്കുകയും റോഡുകൾ ദീർഘനാൾ ഈടുനില്ക്കുകയും ചെയ്യുന്നു. ഇതിന്റെ പ്രയോജനം റോഡുകൾ ഉപയോഗിക്കുന്ന വാഹനങ്ങൾക്കും അതുവഴി യാത്രക്കാരായ പൊതുജനങ്ങൾക്കും ലഭിക്കുന്നു.

<u>പാലങ്ങളുടെ നിർമ്മാണം :</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ 180 പാലങ്ങൾ പൂർത്തീകരിച്ചു. ഇതിൽ 400 ദിവസത്തിൽ 100 പാലങ്ങൾ പൂർത്തീകരിക്കുന്ന പദ്ധതി പ്രകാരം പൂർത്തീകരിച്ച 65 പാലങ്ങൾ ഉൾപ്പെടുന്നു. ഫെബ്രുവരി മാസത്തോടുകൂടി 35 പാലങ്ങൾകൂടി പൂർത്തിയാക്കുന്നതാണ്. റോഡ്സ് & ബ്രിഡ്ജസ് വിഭാഗത്തിൽ ആകെ 215 പാലങ്ങളാണ് പൂർത്തിയാകുന്നത്. ഇതിന് 1800 കോടി രൂപ ചെലവായിട്ടുണ്ട്. ഇതുവഴി ലക്ഷക്കണക്കിന് പൊതുജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കപ്പെട്ടു. പൊതുജനങ്ങൾക്ക് ലക്ഷ്യ സ്ഥാനത്തെത്തുവാനുള്ള യാത്രാദൂരവും സമയവും ലാഭിക്കുകയും ചെയ്തു. പൊതുജനങ്ങളെ സംബന്ധിച്ച് കടത്തുവള്ളങ്ങളെ ആശ്രയിക്കുന്നതുകൊണ്ടുള്ള അപകടങ്ങൾ ഒഴിവാക്കുവാനും സാധിച്ചു.

<u>പ്രവൃത്തികളുടെ ഗുണനിലവാരം സാക്ഷ്യപ്പെടുത്തുന്നതിന് ക്വാളിറ്റി കൺട്രോൾ ലാബുകൾ :</u>

പൊതുമരാമത്ത് വകുപ്പിന്റെ ചരിത്രത്തിലാദ്യമായി വിവിധ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന സാധന സാമഗ്രികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന്

റീജിയണൽ തലത്തിലും ജില്ലാ തലത്തിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രാവർത്തികമാക്കി. ഇതിനായി 11.24 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുവഴി എല്ലാ സർക്കാർ പ്രവൃത്തികളുടെയും ഗുണനിലവാരം മെച്ചപ്പെടുകയും അതുവഴി പൊതുജനങ്ങൾക്ക് അടിസ്ഥാന വികസന പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്താൻ സാധിക്കുന്നു.

ശബരിമലയുമായി ബന്ധപ്പെട്ട റോഡുകളുടെ വികസനം :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ശബരിമലയിലേക്ക് നയിക്കുന്ന പ്രധാന റോഡുകളിൽ അഞ്ചുവർഷ ഗ്യാരന്റിയോടെ BM&BC ഹൈവേ മെയിന്റനൻസ് പദ്ധതി പ്രകാരം 83.95 കിലോമീറ്റർ റോഡ് പൂർത്തീകരിക്കുവാൻ സാധിച്ചു. കൂടാതെ മൂന്നു വർഷം ഗ്യാരന്റിയോടെ 115 കിലോമീറ്റർ റോഡുകൾ BM&BC ചെയ്ത് പുനരുദ്ധരിക്കാൻ സാധിച്ചു. കഴിഞ്ഞ അഞ്ചു വർഷക്കാലം ശബരിമലയിലേക്കുള്ള റോഡുകളുടെ പുനരുദ്ധാരണത്തിനും കണമല പാലത്തിന്റെ നിർമ്മാണം ഉൾപ്പെടെ പൂർത്തിയാക്കുന്നതിന് 518 കോടി രൂപ ചെലവായിട്ടുണ്ട്. ഈ റോഡുകളുടെ പുനരുദ്ധാരണം പൂർത്തിയാക്കിയതോടെ ശബരിമലയിലേക്ക് കേരളത്തിൽനിന്നും മറ്റു സംസ്ഥാനങ്ങളിൽനിന്നും എത്തിച്ചേരുന്ന കോടിക്കണക്കിന് തീർത്ഥാടകരുടെ യാത്ര സുഗമമാക്കാൻ സാധിച്ചു.

നഗര-ഗ്രാമീണ റോഡുകളിൽ ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതി :

സംസ്ഥാനത്ത് വിവിധ കോർപ്പറേഷനുകളുടെയും മുനിസിപ്പാലിറ്റികളുടെയും പഞ്ചായത്തുകളുടെയും അധീനതയിലുള്ള റോഡുകൾ ഒറ്റ തവണ പുനരുദ്ധാരണ പദ്ധതി പ്രകാരം ഏറ്റെടുത്ത് പൂർത്തിയാക്കി. ഈ പദ്ധതി പ്രകാരം 1070.07 കോടി രൂപ അനുവദിച്ചു. ഗ്രാമീണ നഗര മേഖലകളിലെ ഏകദേശം 5000 റോഡുകൾ അഭിവൃദ്ധിപ്പെടുത്തുകവഴി ഈ മേഖലകളുടെ വികസനം കൂടുതൽ മെച്ചപ്പെട്ടു.

കോൺക്രീറ്റ് റോഡുകളുടെ നിർമ്മാണം :

സംസ്ഥാനത്ത് കോൺക്രീറ്റ് റോഡ് നിർമ്മാണത്തിന് തുടക്കം കുറിച്ചു. ഇത്തരം റോഡുകൾ ടാർ റോഡുകളേക്കാൾ കൂടുതൽ വർഷങ്ങൾ ഈടു നിൽക്കുന്നവയും കേരളത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യവുമാണ്. ആദ്യത്തെ പ്രവൃത്തിയായി 5.5 കിലോമീറ്റർ നീളമുള്ള കളമശ്ശേരി-മണലിമുക്ക് റോഡ്

നിർമ്മാണത്തിനായി ഏറ്റെടുത്തു. ഇതിനായി 15 കോടി രൂപ വകയിരുത്തി.

റോഡ് സുരക്ഷ സംബന്ധിച്ച്

റോഡുകളിലൂടെയുള്ള യാത്ര അപകടരഹിതമാക്കുന്നതിന്റെ ഭാഗമായി 200-ഓളം ബ്ലോക്ക് സ്പോട്ടുകൾ കണ്ടെത്തുകയും അതിൽ 50 ബ്ലോക്ക് സ്പോട്ടുകൾ റോഡു സുരക്ഷാ അതോറിട്ടിയുടെ ധനസഹായത്തോടെ അപകടരഹിത മേഖലയായി മാറ്റുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ സ്കൂൾ മേഖലകളിൽ വിദ്യാർത്ഥികളുടെയും മറ്റ് യാത്രക്കാരുടെയും സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി "സുരക്ഷാ സ്കൂൾ മേഖലാ പദ്ധതി" മുഖേന സംസ്ഥാനത്തുടനീളമുള്ള തെരഞ്ഞെടുത്ത 40 സ്കൂളുകളുടെ മുന്നിലുള്ള റോഡുകൾ സുരക്ഷാ മേഖലയായി മാറ്റുവാൻ സാധിച്ചു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലോകബാങ്ക് ധനസഹായത്തോടെ 2403 കോടി രൂപയുടെ കെ.എസ്.ടി.പി. രണ്ട് പദ്ധതികൾ നടപ്പിലാക്കിവരുന്നു. 363 കി.മീ. ദൈർഘ്യമുള്ള സംസ്ഥാനത്തെ തിരഞ്ഞെടുത്ത 6 റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ നവീകരിക്കുന്ന നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

ആർ.ബി.ഡി.സി.കെ.-യുടെ കീഴിൽ എയർപോർട്ട് സീപോർട്ട് റോഡിന്റെ ഒന്നാം ഘട്ടത്തിലെ എച്ച്.എം.റ്റി. മുതൽ ഭാരതമാത കോളേജുവരെ 2.5 കി.മീ. നാലുവരിയാക്കൽ 2015-ൽ പൂർത്തിയാക്കി. എയർപോർട്ട് സീപോർട്ട് ഹൈവേയുടെ രണ്ടാം ഘട്ടത്തിന്റെ എച്ച്.എം.റ്റി. മുതൽ എൻ.എ.ഡി. വരെ 185 കോടി രൂപ ചെലവ് വരുന്ന നാലുവരി റോഡിന്റെ നിർമ്മാണം 2015-ൽ തുടങ്ങി.

വല്ലാർപാടം കോഴിക്കോട് തീരദേശ പാതയുടെ ഭാഗമായി മലപ്പുറം ജില്ലയിൽ 112 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി. സ്ഥലം ലഭ്യമായ ആശാൻപടി മുതൽ പറവണ്ണ വരെ 4.5 കി.മീ. റോഡിന്റെ നിർമ്മാണം 2014 നവംബറിൽ പൂർത്തിയാക്കി.

കേരള റോഡ് ഫണ്ട് ബോർഡ് മുഖേന DBFOT-Annuity വ്യവസ്ഥയിൽ നടപ്പിലാക്കുന്ന കോഴിക്കോട് നഗര റോഡു വികസന പദ്ധതിയുടെ ഒന്നാം

ഘട്ടത്തിൽ ഉൾപ്പെടുന്ന 22.251 കി.മീ. ദൈർഘ്യത്തിലുള്ള 6 റോഡ് കോറിഡോറുകളുടെ വികസന പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

സ്പീഡ് കേരള പരിപാടിയിൽ ഉൾപ്പെട്ട 620 മീ. ദൈർഘ്യമുള്ള പാലാരിവട്ടം ഫ്ളൈ ഓവറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 41.28 കോടി രൂപ ചെലവിൽ പൂർത്തീകരിച്ചുവരികയാണ്.

46.81 കി.മീ. ദൈർഘ്യമുള്ള രാമപുരം-നാലമ്പലം ദർശനം റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 50.75 കോടി രൂപ ചെലവിൽ പൂർത്തീകരിച്ചു വരികയാണ്.

25.8 കി.മീ. ദൈർഘ്യമുള്ള കഞ്ഞിക്കുഴി-വെട്ടത്തുകവല - കറുകച്ചാൽ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 45.35 കോടി രൂപ ചെലവിൽ പൂർത്തീകരിച്ചുവരികയാണ്.

(ബി) <u>കെ.എസ്.ടി.പി. :</u>

2013 ജൂണിൽ ലോക ബാങ്കുമായി കരാർ ഒപ്പിട്ട് തുടങ്ങിയ ഈ പദ്ധതിയിൽപ്പെട്ട കാസർഗോഡ്-കാഞ്ഞങ്ങാട് റോഡ് (27.78 കി.മീ.), പിലാത്തറ-പാപ്പിനിശ്ശേരി റോഡ് (20.90 കി.മീ.), തലശ്ശേരി-വളവുപാറ റോഡ്-(53.12 കി.മീ.), ചെങ്ങന്നൂർ-ഏറ്റുമാനൂർ റോഡ് (43.65 കി.മീ.), ഏറ്റുമാനൂർ - മൂവാറ്റുപുഴ റോഡ് (42 കി.മീ.), തിരുവല്ല ബൈപാസ് (2.3 കി.മീ.), പൊൻകുന്നം-തൊടുപുഴ റോഡ്-( 50 കി.മീ.) എന്നീ റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾ 2013-14 വർഷം തുടങ്ങുകയും ഇതിന്റെ നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുകയും ചെയ്യുന്നു. റോഡുകളുടെ ഉപരിതരം അഭിവൃദ്ധിപ്പെടുത്തുന്നതിനും പാലങ്ങളുടെ നിർമ്മാണത്തിനായും 2015-16 വർഷത്തിൽ 815.77 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. Quality Control Lab-കൾ സ്ഥാപിക്കുന്നതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ 4.6 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ശബരിമലയുമായി ബന്ധപ്പെട്ട റോഡുകളുടെ അറ്റകുറ്റ പണികൾക്കായും ഉപരിതലം പുതുക്കുന്ന പ്രവൃത്തികൾക്കായും 95.54 കോടി രൂപയുടെ ഭരണാനുമതി 2015-16 സാമ്പത്തിക വർഷത്തിൽ നൽകിയിട്ടുണ്ട്. നഗര ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണ പുനരുദ്ധാരണ

പണികൾക്കായി 2015-16 സാമ്പത്തിക വർഷത്തിൽ 552.11 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

തലശ്ശേരി-വളവുപാറ റോഡിന്റെ നിർമ്മാണ പ്രവൃത്തി റദ്ദാക്കിയതിനെ തുടർന്ന് ഈ റോഡു നിർമ്മാണം രണ്ട് റീച്ചുകളായി റീ ടെണ്ടർ ചെയ്ത് ഈ വർഷം തുടങ്ങുന്നതാണ്. പുനലൂർ-പൊൻകുന്നം റോഡ് PPP Hybrid Annuity രീതിയിലും പെരിമ്പിലാവ്-പെരിന്തൽമണ്ണ റോഡിന്റെ 17 കി.മീ. ഉപരിതലം പുതുക്കലും ഈ വർഷം തുടങ്ങുന്നതാണ്. കെ.എസ്.ടി.പി. രണ്ട് പദ്ധതിക്ക് 2015-16 സാമ്പത്തിക വർഷം 382 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും അടിസ്ഥാന സൗകര്യ വികസന മേഖലയിൽ ഒരു പദ്ധതി വീതമെങ്കിലും നടപ്പാക്കുന്ന പരിപാടിയായ ഡിസ്ട്രിക്ട് ഫ്ളാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പദ്ധതിപ്രകാരം ഈ വർഷം 14 ജില്ലകളിലായി 20 പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.* സംസ്ഥാനത്ത് വില്ക്കപ്പെടുന്ന ഡീസലിന്റെയും പെട്രോളിന്റെയും അധിക വില്പന നികുതിയിനത്തിൽ പിരിച്ചെടുക്കുന്ന തുകയുടെ 50% ആണ് ഈ പദ്ധതി നടപ്പിലാക്കുന്നതിനായി നീക്കിവച്ചിട്ടുള്ളത്. ഇതിനായി തുകയൊന്നും അനുവദിച്ചിട്ടില്ല.

(സി) പുതുതായി നവീകരണ പ്രവൃത്തികൾ നടത്തുന്ന റോഡുകളിലും ജംഗ്ഷൻ ഇംപ്രൂവ്മെന്റ് ചെയ്യുന്ന റോഡുകളിലും കാൽനടക്കാർക്കു വേണ്ടിയുള്ള നടപ്പാതകൂടി ഉൾപ്പെടുത്തിയാണ് പ്രവൃത്തികൾ ചെയ്യുന്നത്. ഫണ്ടിന്റെ അപര്യാപ്തത കാരണം എല്ലാ സ്ഥലങ്ങളിലും ഈ സംവിധാനം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കൂടുതൽ സ്ഥലങ്ങളിൽ റോഡിന്റെ ഓരത്ത് ഉപയോഗമില്ലാത്തതും കയ്യേറാൻ സാധ്യതയുള്ളതുമായ സ്ഥലം ഉപയോഗപ്പെടുത്തി കാൽനട യാത്രക്കാർക്ക് സുരക്ഷിതമായ നടപ്പാതകൂടി പ്രവൃത്തിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

## സ്കൂൾ കലോൽസവം

11(*99) ശ്രീമതി കെ. കെ. ലതിക :
ശ്രീ. ബി. സത്യൻ :
ശ്രീ. ആർ. രാജേഷ് :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കലോത്സവ നടത്തിപ്പിലെ പോരായ്മകൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) വിധി കർത്താക്കളെ സംബന്ധിച്ച് ജില്ലാ-സംസ്ഥാന കലോത്സവങ്ങളിൽ ഉയർന്നു വന്ന പരാതികൾ പരിശോധിക്കുകയുണ്ടായോ; വിശദമാക്കാമോ;

(സി) കലോത്സവങ്ങളിൽ വിധി കർത്താക്കളെ നിശ്ചയിക്കുന്നതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ഡി) അപ്പീലുകൾ വഴി കലോത്സവങ്ങളിൽ പങ്കെടുക്കുന്നവരുടെ എണ്ണം ഗണ്യമായി വർദ്ധിച്ചു വരുന്നത് ഒഴിവാക്കുന്നതിനായി ഉചിതമായ നടപടി സ്വീകരിക്കുമോ;

(ഇ) കലോത്സവങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും വിധികർത്താക്കളെ നിശ്ചയിക്കുന്നതിലുള്ള ആക്ഷേപങ്ങൾ ഒഴിവാക്കുന്നതിനുമായി കലോത്സവ മാന്വലിൽ സമഗ്രമാറ്റം വരുത്തുന്നതിന് തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സ്കൂൾ കലോൽത്സവ നടത്തിപ്പിലെ പോരായ്മകൾ വിലയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വിധികർത്താക്കളെ സംബന്ധിച്ച് ജില്ലാ സംസ്ഥാന കലോത്സവങ്ങളിൽ ഉയർന്നുവന്ന പരാതികൾ പരിശോധിക്കുകയുണ്ടായി. പരിശോധനയിൽ വിധി നിർണ്ണയത്തിൽ അപാകത കണ്ടെത്തിയ വിധി കർത്താക്കൾക്കെതിരെ നടപടി സ്വീകരിക്കാൻ, അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാന തലത്തിൽ ഹയർസെക്കണ്ടറി വിഭാഗം തബല മത്സരത്തിൽ വിധിനിർണ്ണയത്തിൽ അപാകത കണ്ട ഒരു വിധി കർത്താവിനെ അയോഗ്യനാക്കുകയും ചെയ്തിട്ടുണ്ട്.

(സി) സ്കൂൾ കലോത്സവ മാന്വലിൽ വിധികർത്താക്കളെ നിയമിക്കുന്നതിനുള്ള നടപടികൾ സർക്കാർ അംഗീകരിച്ച് നല്കിയിട്ടുണ്ട്. സ്കൂൾതലത്തിലുള്ള മത്സരങ്ങളുടെ വിധി നിർണ്ണയത്തിനായി ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ യോഗ്യരായ വിധികർത്താക്കളെ നിയമിക്കേണ്ടതാണ്. സബ് ജില്ലാതലത്തിലുള്ള വിധികർത്താക്കളെ വിദ്യാഭ്യാസ ഉപഡയറക്ടർ അംഗീകരിച്ചിട്ടുള്ള പാനലിൽ നിന്നാണ് നിയമിക്കാറുള്ളത്. ജില്ലാതല വിധികർത്താക്കളെ പൊതു വിദ്യാഭ്യാസ ഡയറക്ടർ അംഗീകരിക്കുന്ന

പാനലിൽനിന്നും സംസ്ഥാനതല വിധി കർത്താക്കളെ പൊതു വിദ്യാഭ്യാസ ഡയറക്ടറും നിയമിക്കുന്നു.

(ഡി) അപ്പീലുകളുടെ എണ്ണം നിയന്ത്രിക്കുന്നതിനായി ജില്ലാതല അപ്പീൽ കമ്മിറ്റിയിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നിരീക്ഷകരെ നിയമിക്കുകയും ബാലാവകാശ കമ്മീഷൻ, ലോകായുക്ത എന്നിവയുടെ ഉത്തരവുകൾ സ്വീകരിക്കുന്ന കാര്യത്തിൽ നിയമോപദേശം നൽകുന്നതിന് അഡ്വക്കേറ്റ് ജനറലിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഇ) കലോൽസവ മാന്വൽ പരിഷ്കരണത്തിനായി ഒരു മാന്വൽ പരിഷ്കരണ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

**നെൽ കർഷകർക്ക് ഇ.പി.ആർ.എസ്.**

12(*100) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകർഷകർക്ക് ഇ.പി.ആർ.എസ്. പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്):

(എ) നെൽകർഷകർക്ക് ഇ.പി.ആർ.എസ്. പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കർഷകരിൽനിന്ന് നെല്ല് കൈപ്പറ്റുമ്പോൾ സപ്ലൈകോയ്ക്ക് വേണ്ടി മില്ലുകൾ നല്കുന്ന രസീത് (PRS) ഇലക്ട്രോണിക് സംവിധാനത്തിലൂടെ POS device

മുഖേന നൽകപ്പെടുന്നു. ഇതാണ് EPRS (Electronic Paddy Receipt Sheet). കർഷകർക്ക് രജിസ്ട്രേഷൻ സമയം മുതൽ പേമെന്റ് ഓഫീസർ പാസ്സാക്കുന്നതു വരെയും തുടർന്നും എല്ലാ വിവരങ്ങളും വിശദമായി വെബ്സൈറ്റിലൂടെ അറിയുവാൻ കഴിയുന്നു. വിവരങ്ങൾ യഥാസമയം വെബ്സൈറ്റിൽ update ചെയ്യപ്പെടുന്നതിനാൽ സുതാര്യതയും കൃത്യതയും ഉറപ്പാക്കുന്നു.

(സി) നെല്ല് സംഭരണത്തിന് കർഷകർ ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ രേഖപ്പെടുത്തുന്ന മുഴുവൻ വിവരങ്ങളും മില്ലുകാർക്ക് നൽകിയിരിക്കുന്ന Hand held POS device-ലേക്ക് GPRS സംവിധാനം വഴി കൈമാറുകയും നെല്ല് മില്ലിൽ എത്തി സ്റ്റോക്കിൽ ഏറ്റെടുത്തതിനുശേഷം നെല്ലിന്റെ തൂക്കം ഉൾപ്പെടെയുള്ള അനുബന്ധ വിവരങ്ങൾ computer സംവിധാനത്തിലൂടെ ലഭ്യമാകുകയും ചെയ്യുന്നു. ഇപ്രകാരമുള്ള ഇലക്ട്രോണിക് നെല്ല് കൈപ്പറ്റ് രസീത് (EPRS) കർഷകർക്ക് ഇന്റർനെറ്റ് സൗകര്യമുള്ള ഏത് കമ്പ്യൂട്ടറിൽനിന്നും എപ്പോൾ വേണമെങ്കിലും പ്രിന്റ് എടുക്കാവുന്നതാണ്. EPRS സംവിധാനം 2014-15 ഒന്നാം സീസൺ മുതൽ നടപ്പിലാക്കിവരുന്നു.

**റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി**

13(*101) ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) കമ്പനിയുടെ പ്രവർത്തനത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടി എടുത്തിട്ടുണ്ട്?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്):

(എ) ഉണ്ട്. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സ്റ്റേറ്റ് ഹൈവേകളുടേയും പ്രധാന ജില്ലാ റോഡുകളുടേയും സമഗ്രവികസനം ലക്ഷ്യമാക്കി സർക്കാർ

രൂപംകൊടുത്ത സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (SRIP) നടപ്പാക്കാനായി രൂപീകരിച്ച സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആണ് റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരളാ ലിമിറ്റഡ് (RICKLtd.)

(ബി) വിദഗ്ധരായ കൺസൾട്ടന്റുമാർ മുഖേന തെരഞ്ഞെടുക്കപ്പെട്ട 1090 കി.മീ. റോഡുകളെ ദേശീയ നിലവാരത്തിൽ വികസിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിൽ സ്ഥലമേറ്റെടുക്കൽ ആവശ്യമില്ലാത്ത 469 കി.മീ. റോഡുകളെ റീഹാബിലിറ്റേഷൻ വിഭാഗത്തിലും സ്ഥലം ഏറ്റെടുക്കൽ ആവശ്യമുള്ള 621 കി.മീ. റോഡുകളെ അപ്ഗ്രഡേഷൻ വിഭാഗത്തിലും ഉൾപ്പെടുത്തി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. റീഹാബിലിറ്റേഷൻ പദ്ധതി പി.പി.പി. അന്യൂറ്റി രീതിയിലും അപ്ഗ്രഡേഷൻ പദ്ധതി മറ്റു ധനകാര്യ സ്ഥാപനങ്ങളുടെ സഹകരണത്തോടെ EPC രീതിയിലും നടപ്പിലാക്കുവാനാണ് വിഭാവനം ചെയ്യുന്നത്. റോഡുകൾ ദേശീയ നിലവാരത്തിൽ പുനർനിർമ്മിക്കുന്നതിന് ഉപരിതലം ബലപ്പെടുത്തുക, വളവുകൾ നിവർത്തുക, പാലങ്ങൾ, കലുങ്കുകൾ, ഓടകൾ, സംരക്ഷണ ഭിത്തികൾ, നടപ്പാതകൾ എന്നിവ പണിയുക, റോഡു സുരക്ഷാ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക, ബസ് ഷെൽട്ടറുകൾ, തെരുവു വിളക്കുകൾ എന്നിവ സ്ഥാപിക്കുക, ഇതിനാവശ്യമായ ഫണ്ട് സർക്കാരിൽനിന്നോ മറ്റ് ധനകാര്യ ഏജൻസികളിൽനിന്നോ സ്വരൂപിക്കുക തുടങ്ങിയവയാണ് കമ്പനിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) 6-12-2012-ലെ സ.ഉ.(കൈ)നമ്പർ 91/12/പൊ.മ.വ. പ്രകാരം സംസ്ഥാന റോഡു വികസന പദ്ധതിയുടെ റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് പാക്കേജുകൾ നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകി. ഇതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കൽ ആവശ്യമില്ലാത്ത റീഹാബിലിറ്റേഷൻ പാക്കേജിൽ ഉൾപ്പെട്ട 106.2 കി.മീ. റോഡുകൾ ഒരു പൈലറ്റ് പ്രോജക്ട് എന്ന രീതിയിൽ വികസിപ്പിക്കുന്നതിന് 22-5-2015-ലെ സ.ഉ.(കൈ) നമ്പർ 43/15/ പൊ.മ.വ. പ്രകാരം അനുമതി നൽകി. 13-11-2015-ലെ സ.ഉ.(സാധാ) നമ്പർ 1676/15/പൊ.മ.വ പ്രകാരം റീഹാബിലിറ്റേഷൻ പാക്കേജ് B-യുടെ (58 കി.മീ.) ബിഡ്ഡും 29-1-2016-ലെ സ.ഉ.(സാധാ) നമ്പർ 198/16/പൊ.മ.വ. പ്രകാരം റീഹാബിലിറ്റേഷൻ പാക്കേജ് A (Modified)-യുടെ (25 കി.മീ.) ബിഡ്ഡും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും കൺസഷൻ കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരികയും ചെയ്യുന്നു.

## പൊതുവിതരണ സംവിധാനം കാര്യക്ഷമമാക്കുവാൻ പരിഷ്കാരങ്ങൾ

14(*102) ഡോ.എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിതരണ സംവിധാനം കാര്യക്ഷമമാക്കുവാൻ ഈ സർക്കാർ നടത്തിയ പരിഷ്കാരങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പരിഷ്കരണ നടപടികളിലൂടെ കാതലായ എന്തുമാറ്റമാണ് പൊതുവിതരണ രംഗത്തുണ്ടായതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പരിഷ്ക്കരണത്തിന്റെ ഭാഗമായ കമ്പ്യൂട്ടർവൽക്കരണ നടപടികൾ സമ്പൂർണ്ണമായും സമയബന്ധിതമായും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്):

(എ) പൊതുവിതരണ രംഗത്ത് ഭക്ഷ്യ വിതരണത്തിനായി സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണ പദ്ധതിയായ എൻഡ് ടു എൻഡ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി തയ്യാറാക്കിയ വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ടിന് (DPR) മന്ത്രിസഭയുടെ തത്വത്തിലുള്ള അംഗീകാരം ലഭ്യമായിട്ടുണ്ട്.

(ബി) ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക, സംസ്ഥാനത്തിനാവശ്യമായ റേഷൻ സാധനങ്ങൾ ലഭ്യമാക്കുക, റേഷൻ സാധനങ്ങൾ അർഹരായവർക്ക് അർഹമായ അളവിൽ ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുക, എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള പൊതു വിതരണ ശൃംഖല കമ്പ്യൂട്ടർവൽക്കരിച്ച് ഭക്ഷ്യധാന്യങ്ങൾ സർക്കാർ സംവിധാനത്തിലൂടെ നേരിട്ട് എ.ആർ.ഡി.-കളിൽ എത്തിക്കുന്നതിനുള്ള സംവിധാനം ഒരുക്കുക, ഉപഭോക്താക്കൾക്കായി സുതാര്യത പോർട്ടലും സുതാര്യമായ പരാതി പരിഹാര സംവിധാനവും ഒരുക്കുക, റേഷൻ കടകളിൽ സ്ഥാപിക്കുന്ന ഇ-പോസ് മെഷീനിലൂടെ യഥാർത്ഥ ഗുണഭോക്താവിനെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് അവർക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ നൽകുക തുടങ്ങിയവ ഈ പദ്ധതി മുഖേന കൈവരിക്കാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങളാണ്. അതോടൊപ്പം വാതിൽപ്പടി

വിതരണ സംവിധാനത്തിലൂടെ റേഷൻ സാധനങ്ങൾ എഫ്.സി.ഐ.-യിൽനിന്നും എ.ആർ.ഡി.-കളിൽ എത്തിക്കുക, വെഹിക്കിൾ ട്രാക്കിംഗ് സംവിധാനത്തിലൂടെ റേഷൻ സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങൾ നിരീക്ഷിക്കുക എന്നിവയും മേൽ പദ്ധതിയിലൂടെ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) കമ്പ്യൂട്ടർവൽക്കരണ നടപടികൾ സമ്പൂർണ്ണമായും സമയബന്ധിതമായും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

**പാഠപുസ്തക അച്ചടിയിൽ വന്ന ക്രമക്കേടുകൾ**

15(*103) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയനവർഷത്തെ പാഠപുസ്തക അച്ചടിയിൽ വ്യാപകമായ ക്രമക്കേടും അഴിമതിയും നടന്നതായി പരാതി ലഭിച്ചിരുന്നോ; എങ്കിൽ പ്രസ്തുത പരാതിയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) സി ആപ്റ്റിൽ പാഠപുസ്തക അച്ചടിക്ക് ആവശ്യമായ സൗകര്യമുണ്ടായിട്ടും മണിപ്പാലിലെ സ്വകാര്യ പ്രസിന് ഉയർന്ന നിരക്കിൽ അച്ചടി മറിച്ചു നൽകുകയുണ്ടായോ;

(സി) കെ.ബി.പി.എസ്-നും മണിപ്പാൽ ടെക്നോളജി ലിമിറ്റഡിനും പാഠപുസ്തക അച്ചടിക്ക് നൽകിയ നിരക്ക് എത്രയെന്ന് വിശദമാക്കാമോ ;

(ഡി) ടെണ്ടർ നടപടികളിൽ ക്രമക്കേട് നടന്നതായി ആരോപണമുയർന്നിരുന്നോ; ഇതു സംബന്ധിച്ച് സർക്കാരിന് ഹൈക്കോടതി നിർദ്ദേശം ലഭിച്ചിരുന്നോ; വിശദമാക്കാമോ;

(ഇ) പാഠപുസ്തക അച്ചടി ക്രമക്കേട് സംബന്ധിച്ച് ഏതെല്ലാം തരത്തിലുള്ള അന്വേഷണങ്ങളാണ് നടത്തിയിട്ടുള്ളത്; ഇതു സംബന്ധിച്ച് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്):

(എ) പൊതു വിദ്യാഭ്യാസ വകുപ്പിന് നേരിട്ട് പരാതി ലഭിച്ചിട്ടില്ല.

(ബി) 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ കെ.ബി.പി. എസ്.

മുഖേനയാണ് അച്ചടിച്ചത്. ഹയർ സെക്കന്ററി പാഠപുസ്തകങ്ങൾ സമയ ബന്ധിതമായും പൂർണ്ണമായും അച്ചടിക്കാൻ സി-ആപ്റ്റിലെ സൗകര്യങ്ങൾ അപര്യാപ്തമായതിനാൽ എല്ലാ നടപടിക്രമങ്ങളും പാലിച്ച് സ്റ്റോർ പർച്ചേസ് മാനുവലിലെ നിബന്ധനകൾ പ്രകാരം ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്കുകൾ സമർപ്പിച്ച മണിപ്പാലിലെ സ്വകാര്യ പ്രസ്സ് ഉൾപ്പെടെയുള്ള അച്ചടി സ്ഥാപനങ്ങളെ പാഠപുസ്തക അച്ചടിക്കായി ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് സി-ആപ്റ്റ് അറിയിച്ചിട്ടുണ്ട്.

(സി) അനുബന്ധമായി ചേർക്കുന്നു.*

(ഡി)1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തക അച്ചടി 2010 മുതൽ നിർവ്വഹിച്ചു വരുന്നത് കെ.ബി.പി.എസ് ആണ്. 2015-16 വർഷത്തെ ഒന്നാം ഘട്ട പാഠപുസ്തക അച്ചടി 2015 മെയ് 30-നകം പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യം കെ.ബി.പി.എസ് അറിയിച്ചതിനെ തുടർന്ന് 60 ലക്ഷത്തോളം പുസ്തകങ്ങൾ ഗവണ്മെന്റ് പ്രസ്സുകൾ വഴി അച്ചടിക്കുവാനുള്ള നിർദ്ദേശം ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ സ.ഉ.(എം.എസ്) നമ്പർ 174/2015.ഉ.വി.വ പ്രകാരം നൽകുകയുണ്ടായി. നിശ്ചിത സമയപരിധിക്കുള്ളിൽ ഗവണ്മെന്റ് പ്രസ്സുകൾക്കും അച്ചടി പൂർത്തീകരിക്കാൻ സാധിക്കാത്തതിനെ തുടർന്ന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി, അച്ചടി വകുപ്പ് സെക്രട്ടറി, കെ.ബി.പി.എസ് പ്രതിനിധികൾ, സി-ആപ്റ്റ് പ്രതിനിധികൾ എന്നിവരുടെ യോഗത്തിൽ വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ അച്ചടി പൂർത്തീകരിക്കാൻ സി-ആപ്റ്റ് മുഖേന പുറം കരാർ നൽകാൻ തീരുമാനിക്കുകയും ജൂൺ 20-നകം അച്ചടി പൂർത്തീകരിക്കണം എന്ന വ്യവസ്ഥയിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 15856/എച്ച്2/2015/ഉ.വി.വ. കത്ത് മുഖേന സി-ആപ്റ്റിന് നിർദ്ദേശം നൽകി. രേഖാമൂലമുള്ള നിർദ്ദേശം ലഭിക്കുന്നതിനു മുമ്പ് തന്നെ സി-ആപ്റ്റ് ടെണ്ടറിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ ടെണ്ടർ നടപടികൾക്ക് കാലതാമസവും സർക്കാരിന് സാമ്പത്തിക നഷ്ടവും ഉണ്ടാകും എന്നതിനാലും കെ.ബി.പി.എസ് തന്നെ അച്ചടി ജോലികൾ തീർത്തുതരാമെന്ന് സന്നദ്ധത അറിയിച്ചതിനെ തുടർന്നും സർക്കാർ ഉത്തരവ് 2507/2015/പൊ.വി.വ തീയതി 23-6-2015 പ്രകാരം ജൂലൈ 20-നകം അച്ചടി പൂർത്തീകരിക്കണമെന്ന വ്യവസ്ഥയിൽ കെ.ബി.പി.എസിനെ തന്നെ ചുമതലപ്പെടുത്തി. ഇതിനിടയിൽ അച്ചടി ഏൽപ്പിക്കാത്തതിനെതിരെ M/s മണിപ്പാൽ ടെക്നോളജീസ് ലിമിറ്റഡ് ഫയൽ ചെയ്ത WP(c) 18531/2015 നമ്പരിൽ ബഹുമാനപ്പെട്ട

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ സർക്കാരും കെ.ബി.പി.എസ്സും 20-07-2015-നകം അച്ചടി പൂർത്തിയാക്കാമെന്ന് സത്യവാങ്മൂലം സമർപ്പിക്കുകയും 21-07-2015-ലെ ബഹു മാനപ്പെട്ട ഹൈക്കോടതി ഉത്തരവിൽ സർക്കാർ നിശ്ചയിച്ച സമയപരിധിക്കുള്ളിൽ അച്ചടി പൂർത്തികരിച്ചതിന് ബഹുമാനപ്പെട്ട കോടതി സർക്കാരിനേയും കെ.ബി.പി.എസ്.-നെയും പ്രശംസിച്ചിട്ടുണ്ട്.

(ഇ) പാഠപുസ്തക അച്ചടി സി-ആപ്റ്റ് പുറം കരാർ നൽകിയതുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന അഴിമതി ആരോപണങ്ങളിന്മേൽ ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ ക്രമക്കേടുകളിന്മേലുള്ള നടപടി സംബന്ധിച്ച ശിപാർശ റിപ്പോർട്ട് ഉന്നത വിദ്യാഭ്യാസ വകുപ്പിൽ ലഭിച്ചതിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. സ്കൂൾ പാഠപുസ്തക അച്ചടിയിലെ ക്രമക്കേട് സംബന്ധിച്ച് ശ്രീ. പായ്ച്ചിറ നവാസ് 16-6-2015-ൽ ബഹുമാനപ്പെട്ട ലോകായുക്ത മുമ്പാകെ സമർപ്പിച്ച പരാതിയിൽ 17-6-2015-ലെ ഉത്തരവ് പ്രകാരം ബഹുമാനപ്പെട്ട ലോകായുക്ത ശ്രീമതി സന്ധ്യ ഐ.പി.എസ്-നെ അന്വേഷണ ചുമതല ഏൽപ്പിച്ചിട്ടുണ്ട്.

## പൊതു വിദ്യാലയങ്ങളോടുള്ള സമീപനം

16(*104) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണത്തിൽ നടപ്പുവർഷവും കുറവു വന്നതായുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പാഠ്യപദ്ധതിയിലും അടിസ്ഥാന സൗകര്യങ്ങളിലും പരിഷ്കരണം നടത്തിയിട്ടും പൊതു വിദ്യാലയങ്ങളോടുള്ള സമീപനത്തിൽ അനുകൂല മാറ്റം വരാത്തതിന്റെ കാരണങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത സാഹചര്യത്തിൽ ഇനിയും എന്തൊക്കെ പരിഷ്കരണ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്):

(എ) 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവു വന്നിട്ടുണ്ട്. എന്നാൽ ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി മേഖലയിൽ പൊതു വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവു വന്നിട്ടില്ല.

(ബി) പുതുക്കിയ പാഠ്യപദ്ധതിയും അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്തിയപ്പോൾ വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. രക്ഷിതാക്കൾക്ക് ഇംഗ്ലീഷ് മീഡിയം കേന്ദ്ര സിലബസുകളോടുമുള്ള അമിത താൽപ്പര്യം പൊതു വിദ്യാലയങ്ങളോടുള്ള സമീപനത്തിൽ മാറ്റം വരാത്തതിന് കാരണമാകുന്നുണ്ട്.

(സി) സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളുടെ സമ്പൂർണ്ണ വികസനം ലക്ഷ്യമിട്ട് കായികവും സമഗ്രവും, ഉള്ളടക്കം സമ്പുഷ്ടവുമായ പാഠപുസ്തകങ്ങളിലൂടെയും മേഖലയിലെ പുതുക്കിയ പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ അദ്ധ്യാപകർക്ക് മികച്ച പരിശീലനം നൽകിയും വിദ്യാലയങ്ങളുടെ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി പൊതു വിദ്യാഭ്യാസ മേഖല ആർഷകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസ വിദ്യാർത്ഥികളുടെ രക്ഷകർത്താക്കളുമായി ബന്ധപ്പെടുന്നതിന് എം-ഗവേണൻസ്, സംസ്ഥാന ആരോഗ്യ വകുപ്പുമായി ചേർന്ന് പെൺകുട്ടികൾക്കായി ഷി ക്യാമ്പുകൾ സംഘടിപ്പിക്കൽ, ഒന്നാം വർഷ വി.എച്ച്.എസ്.ഇ. ക്ലാസ്സുകളിൽ കരിയർ സ്ലേറ്റ് സ്ഥാപിക്കൽ, കോഴ്സുമായി ബന്ധപ്പെട്ട് കമ്പനികൾ സന്ദർശിക്കൽ, വിവിധ കമ്പനികളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും മേധാവികളുമായുള്ള മുഖാമുഖം പരിപാടി, സ്കൂൾതലത്തിൽ വിദ്യാർത്ഥികൾക്കായി വിദഗ്ധരെ ഉൾപ്പെടുത്തി ക്കൊണ്ടുള്ള ഗ്രൂപ്പ് കൗൺസിലിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ 2015-2016 അദ്ധ്യയന വർഷത്തെ വിദ്യാർത്ഥി കേന്ദ്രീകൃത പദ്ധതിയിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

## അവശ്യ വസ്തുക്കളുടെ വിലക്കയറ്റം

17(*105) <u>ശ്രീ. എ. കെ. ബാലൻ :</u>
<u>ശ്രീ. പി. കെ. ഗുരുദാസൻ :</u>
<u>ശ്രീമതി കെ. എസ്. സലീഖ :</u>

ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശ്യ വസ്തുക്കളുടെ വിലക്കയറ്റം അതിരൂക്ഷമായി തുടരുന്നത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;

(ബി) വിലവർദ്ധന തടയുന്നതിന് നടപടി സ്വീകരിക്കുമെന്ന പ്രഖ്യാപനം പാലിക്കപ്പെടാത്തതെന്തുകൊണ്ടെന്ന് അറിയിക്കാമോ;

(സി) പൊതുവിപണിയിൽ ഇടപെടുന്നതിന് മതിയായ ഫണ്ട് സിവിൽ സപ്ലൈസ് കോർപ്പറേഷന് നൽകുന്നതിൽ വീഴ്ച വന്നിട്ടുണ്ടോ; കോർപ്പറേഷന് സർക്കാർ എന്ത് തുക കുടിശ്ശിക നല്കാനുണ്ടെന്ന് അറിയിക്കാമോ;

(ഡി) സപ്ലൈകോയുടെ പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്ന സബ്സിഡി സാധനങ്ങളുടെ വില വർദ്ധിക്കുകയുണ്ടായോ; 2011 മേയ് മാസത്തിനുശേഷം നാളിതുവരെ സബ്സിഡി സാധനങ്ങളുടെ വില എത്ര തവണ വർദ്ധിപ്പിച്ചുവെന്നും ഓരോന്നിനും എത്ര ശതമാനം വർദ്ധനയുണ്ടായെന്നും അറിയിക്കാമോ;

(ഇ) പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തി ഗുണമേന്മയുള്ള അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്):

(എ&ബി) ചില സാധനങ്ങൾക്ക് വിലക്കയറ്റം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യ സാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ കേരളത്തിൽ നിത്യോപയോഗ സാധനങ്ങൾക്ക് വിലവർദ്ധനവുണ്ടായിട്ടുണ്ട്. എന്നിരുന്നാലും സപ്ലൈകോ വിപണിയിൽ ഫലപ്രദമായി ഇടപെടുന്നതുമൂലം അവശ്യ സാധനങ്ങളുടെ വിലവർദ്ധന പിടിച്ചുനിർത്താൻ സാധിക്കുന്നുണ്ട്.

(സി) പൊതുവിപണിയിൽ ഇടപെടുന്നതിനായി സപ്ലൈകോയ്ക്ക് സർക്കാർ വിഹിതമായി ബജറ്റിൽ ഉൾപ്പെടുത്തുന്ന തുകയെക്കാൾ കൂടുതൽ തുക സിവിൽ സപ്ലൈസ് കോർപ്പറേഷന് അനുവദിക്കാറുണ്ട്.

(ഡി) സബ്സിഡി സാധനങ്ങളുടെ വിലനിലവാരം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* കഴിഞ്ഞ ഒരു വർഷമായി സബ്സിഡി സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല എന്നുമാത്രമല്ല പല സബ്സിഡി സാധനങ്ങളുടെയും വില കുറയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) സപ്ലൈകോയുടെ ഔട്ട്‌ലെറ്റുകൾ വഴി ഗുണമേന്മയുള്ള അവശ്യ വസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്തുവരുന്നുണ്ട്.

**കോഴിക്കോട് സർവ്വകലാശാലയ്ക്കുവേണ്ടി അക്വയർ ചെയ്ത സ്ഥലം**

18(*106) <u>ശ്രീമതി ജമീലാ പ്രകാശം</u>
<u>ശ്രീ. സി. കെ. നാണു</u>
<u>ശ്രീ. ജോസ് തെറ്റയിൽ</u>
<u>ശ്രീ. മാത്യു ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1970-കളിൽ കോഴിക്കോട് സർവ്വകലാശാലക്കുവേണ്ടി അക്വയർ ചെയ്ത സ്ഥലത്തു നിന്ന് എഴുപത് ഏക്കർ സ്ഥലം കിൻഫ്ര ഏറ്റെടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച നടപടികളുടെ തുടക്കം കുറിച്ചത് ആരാണെന്നും അതിനെത്തുടർന്ന് സ്വീകരിക്കപ്പെട്ട മറ്റു നടപടികളുടെ വിശദാംശങ്ങളും വ്യക്തമാക്കാമോ;

(സി) കോഴിക്കോട് സർവ്വകലാശാല സിൻഡിക്കേറ്റ് ഇക്കാര്യം എപ്പോഴെങ്കിലും ചർച്ച ചെയ്തിരുന്നോ; തീരുമാനങ്ങളെന്തായിരുന്നു;

(ഡി) പ്രസ്തുത സ്ഥലം കിൻഫ്രയ്ക്ക് നല്കുന്നത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) എങ്കിൽ അത് സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പ് എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) സിൻഡിക്കേറ്റ് തീരുമാനപ്രകാരം 28.58 ഹെക്ടർ (70 Acre nearly) കിൻഫ്രയ്ക്ക് നൽകിയിട്ടുണ്ട്.

(ബി) കിൻഫ്ര ഇൻഡസ്ട്രീയൽ പാർക്ക് അതോറിറ്റിയുടെ അപേക്ഷ പ്രകാരമാണ് സ്ഥലം നൽകാനുള്ള നടപടികൾക്ക് തുടക്കം കുറിച്ചത്. അന്നത്തെ വിദ്യാഭ്യാസമന്ത്രി, വ്യവസായ വകുപ്പുമന്ത്രി, യൂണിവേഴ്സിറ്റി വൈസ് ചാൻസലർ എന്നിവർ നടത്തിയ ചർച്ചയെത്തുടർന്ന് സിൻഡിക്കേറ്റ് ചർച്ച ചെയ്യുകയും സ്ഥലം നൽകാൻ ഉത്തരവായതായും കാണുന്നു, ചർച്ച നടന്ന തീയതി 27-11-1992.

(സി) സർവ്വകലാശാല സിൻഡിക്കേറ്റ്, സ്ഥലം കൊടുക്കുവാനുള്ള അപേക്ഷ പരിഗണിക്കുകയും അതേ തുടർന്ന് വിശദമായ ചർച്ചകൾക്ക് ശേഷം സ്ഥലം കൊടുക്കുവാൻ തീരുമാനം എടുക്കുകയും ചെയ്തു.

(ഡി) അന്നത്തെ വിദ്യാഭ്യാസമന്ത്രിയും യൂണിവേഴ്സിറ്റി വൈസ് ചാൻസലറും, വ്യവസായ വകുപ്പ് മന്ത്രിയും കൂടി നടത്തിയ ചർച്ചയെടുത്തുടർന്നാണ് സ്ഥലം കൊടുക്കുന്നതിനുള്ള തുടർനടപടി എടുത്തിട്ടുള്ളത്.

(ഇ) അന്നത്തെ വിദ്യാഭ്യാസ മന്ത്രിയും യൂണിവേഴ്സിറ്റി വൈസ് ചാൻസിലറും, വ്യവസായ വകുപ്പ് മന്ത്രിയും ചേർന്ന് 27-11-1992-ൽ നടത്തിയ ചർച്ചയിൽ പ്രസ്തുത സ്ഥലകൈമാറ്റ പദ്ധതി തത്വത്തിൽ അംഗീകരിച്ചതായി കാണുന്നു.

**അദ്ധ്യാപക പാക്കേജ്**

19(*107) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>
<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>
<u>ശ്രീ. കെ. രാജു :</u>
<u>ശ്രീ. കെ. അജിത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 അദ്ധ്യായന വർഷം മുതൽ അദ്ധ്യാപക പാക്കേജിൽ

ഉൾപ്പെടുത്തി എന്തെല്ലാം വ്യവസ്ഥകളാണ് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനത്തിന് നടപ്പ് അദ്ധ്യയന വർഷം മുതൽ 1:45 എന്ന അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം പാലിക്കണമെന്ന വ്യവസ്ഥ ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ റദ്ദാക്കാനുണ്ടായ കാരണങ്ങൾ വിശദീകരിക്കുമോ;

(സി) അദ്ധ്യാപകരുടെ പ്രവർത്തന മികവ് വിലയിരുത്താൻ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ കൺവീനറായുള്ള സമിതി എന്നുള്ള വ്യവസ്ഥ കോടതി റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ പകരം ഏർപ്പെടുത്താനുദ്ദേശിക്കുന്ന സംവിധാനം എന്താണെന്ന് വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്):

(എ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഡബ്ല്യൂ.പി(സി) നമ്പർ 19008/13 തുടങ്ങിയ വിവിധ അന്യായങ്ങളിൽ പുറപ്പെടുവിച്ച 17-12-2015-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകരുടെ നിയമനാംഗീകാരം, തസ്തിക നിർണ്ണയം സംരക്ഷണാനുകൂല്യം തുടങ്ങിയവ സംബന്ധിച്ച് പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ 29-1-2016-ലെ സ.ഉ. (പി) നമ്പർ 29/16/പൊവിവ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) റദ്ദാക്കിയിട്ടുണ്ട്. 2009-ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഷെഡ്യൂളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതു പ്രകാരം എൽ.പി. ക്ലാസ്സുകളിൽ (1 മുതൽ 5 വരെ) 1:30, യു.പി. ക്ലാസ്സുകളിൽ (6 മുതൽ 8 വരെ) 1:35 എന്ന അദ്ധ്യാപക വിദ്യാർഥി അനുപാതം ക്ലാസ് തലത്തിൽ നടപ്പിലാക്കണമെന്ന കണ്ടെത്തൽ കാരണമാണ് ബഹുമാനപ്പെട്ട ഹൈക്കോടതി 1:45 അനുപാതം റദ്ദാക്കിയിട്ടുള്ളത്. എന്നാൽ ഹൈസ്കൂൾ ക്ലാസ്സുകളിൽ (9, 10 ക്ലാസ്സുകളിൽ) 1:45 അനുപാതം സംബന്ധിച്ച വ്യവസ്ഥ ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദാക്കിയിട്ടില്ല.

(സി) റദ്ദാക്കിയിട്ടുണ്ട്. പകരം സംവിധാനം ഏർപ്പെടുത്തുന്ന വിഷയം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇപ്പോൾ പരിഗണനയിലില്ല.

**തൊഴിൽ നൈപുണ്യ വികസന പദ്ധതി**

20(*108) ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. എം. പി. വിൻസെന്റ് :

ശ്രീ. എം. എ. വാഹീദ് :

ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രത്യേക തൊഴിൽ നൈപുണ്യ വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്താമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്):

(എ) ഉണ്ട്. സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസ വകുപ്പിന്റെയും ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ പ്രത്യേക തൊഴിൽ നൈപുണ്യ വികസന പദ്ധതി 2012-13 വർഷത്തിൽ തുടക്കം കുറിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി ബിരുദതലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ തൊഴിൽ ക്ഷമത ഉയർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം.

(ബി) ഹയർ സെക്കണ്ടറി ബിരുദ വിദ്യാർത്ഥികൾക്ക് റഗുലർ പഠനത്തോടൊപ്പം താല്പര്യമുള്ള തൊഴിൽ മേഖലകളിൽ പരിശീലനം നൽകി അവരുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, വിവര സാങ്കേതിക വിദ്യ, ഇഷ്ടമുള്ള ഒരു തൊഴിൽ മേഖല എന്നിവയിൽ

വിവിധ പരിശീലന സ്ഥാപനങ്ങൾ (TSP) ട്രെയിനിംഗ് നൽകിവരുന്നു. ഇതിനകം 958 വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ ഈ പദ്ധതിയിൽ ഭാഗമായിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ താഴെ സൂചിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി പ്ലസ് വൺ വിദ്യാർത്ഥികൾക്കും ബിരുദ വിദ്യാർഥികൾക്കും റഗുലർ പഠനത്തോടൊപ്പം താല്പര്യമുള്ള തൊഴിൽ മേഖലകളിൽ പരിശീലനം നൽകി അവരുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലും തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലും കോളേജുകളിലും അസാപ്പിന്റെ കീഴിൽ 105-ൽ പരം സ്കിൽ ഡവലപ്മെന്റ് സെന്ററുകൾ ഇതിനകം ആരംഭിച്ചുകഴിഞ്ഞു.

വിദ്യാർത്ഥികൾക്ക് പരിശീലനം ലഭ്യമാക്കുന്നതിനുവേണ്ടി ഓരോ സെന്ററിലും കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കുകയും ആവശ്യമായ സാങ്കേതിക ഉപകരണങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ ചെലവിൽ ഓരോ സെന്ററിലേക്കും കേബിൾ നെറ്റ്‌വർക്ക് കണക്ഷനും സജ്ജമാക്കിയിട്ടുണ്ട്. ഓരോ സ്കിൽ സെന്ററിന്റെയും ക്ലാസ്സ് മുറികളിൽ പ്രൊജക്ടേഴ്സ് സ്ഥാപിച്ചിട്ടുണ്ട്. ഇതിനകം 958 വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ ഈ പദ്ധതിയിൽ ഭാഗമായിട്ടുണ്ട്. ഇതിനോടകം 50000-ൽ അധികം വിദ്യാർത്ഥികൾ അസാപ്പിന്റെ നൈപുണ്യ പദ്ധതിയിൽ പങ്കെടുക്കുകയും പരിശീലനം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ നിയോജക മണ്ഡലങ്ങളിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 15 അസംബ്ലി നിയോജക മണ്ഡലങ്ങളിൽ സ്ഥലം കണ്ടെത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ധാരാളം വിദ്യാർത്ഥികൾ അസാപ്പിന്റെ നൈപുണ്യം പദ്ധതിയിൽ പങ്കെടുക്കുകയും പരിശീലനം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

**പൊതുമരാമത്ത് വകുപ്പിന്റെ ആധുനികവൽക്കരണം**

21(*109) ശ്രീ. എം. വി. ശ്രേയാംസ് കുമാർ:

ശ്രീ. റോഷി അഗസ്റ്റിൻ :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിനായി ഏർപ്പെടുത്തിയ പരിഷ്കാരങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത പരിഷ്കാരങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എത്രത്തോളം സഹായകരമായി എന്നു വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്):

(എ) പൊതുമരാമത്ത് വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് മാന്വൽ പരിഷ്കരിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഓൺലൈനായി സമർപ്പിച്ച് അവയ്ക്ക് അംഗീകാരം നൽകുന്നതിന് NIC-യുമായി സഹകരിച്ച് PRICE സോഫ്റ്റ്‌വെയർ രൂപകല്പന ചെയ്ത് നടപ്പിലാക്കി. ടെണ്ടർ നടപടിക്രമങ്ങളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനായി ഇ-ടെണ്ടറിംഗ് നടപ്പിലാക്കി. ഇ-പേമെന്റ് നടപ്പിലാക്കിവരുന്നു. പൊതുമരാമത്ത് പ്രവൃത്തികൾ ദേശീയ നിലവാരത്തിൽ ഉയർത്തുന്നതിലേക്കായി CPWD ഡേറ്റയും MORTH Specification-നും നാഷണൽ ബിൽഡിംഗ് കോഡും പൊതുവായി Delhi Schedule of rate-ഉം നടപ്പിലാക്കി. പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ജില്ലാതലത്തിൽ Quality Control ലാബുകൾ സ്ഥാപിച്ചു. നിർമ്മാണ രംഗത്തെ ആധുനിക സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിനും നടപ്പാക്കുന്നതിനുംവേണ്ടി ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചിട്ടുണ്ട്. വകുപ്പിന്റെ കീഴിൽ ഒരു കേന്ദ്രീകൃത പരിശീലന സ്ഥാപനം (ട്രെയിനിംഗ് സെന്റർ) തുടങ്ങുന്നതിനുവേണ്ടി നേര്യമംഗലത്ത് കെട്ടിട നിർമ്മാണം നടന്നുവരുന്നു.

(ബി) പ്രസ്തുത പരിഷ്കാരങ്ങൾ മുഖേന പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കിയിട്ടുണ്ട്. മാന്വൽ പരിഷ്കരണത്തിലൂടെ ഉദ്യോഗസ്ഥരുടെ അധികാരങ്ങൾ പുനഃക്രമീകരിച്ചതിനാൽ

പ്രവൃത്തികൾ ത്വരിതപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്. ഓൺ ലൈൻ സംവിധാനമായ PRICE സോഫ്റ്റ്‌വെയർ നടപ്പിലാക്കിയതു വഴി എസ്റ്റിമേറ്റ് തയ്യാറാക്കി അവ അംഗീകരിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുവാൻ കഴിയുന്നുണ്ട്. ഇ-ടെണ്ടറിംഗ്, ഇ-പേയ്മെന്റ് സംവിധാനം വഴി വകുപ്പിന്റെ പ്രവർത്തനങ്ങൾ വേഗത്തിലും സുതാര്യമാക്കുവാനും സാധിക്കുന്നുണ്ട്. CPWD ഡേറ്റയും MORTH Specification-ഉം നാഷണൽ ബിൽഡിംഗ് കോഡും Delhi Schedule of rate-ഉം നടപ്പിലാക്കിയതുവഴി പ്രവൃത്തികളെ ദേശീയ നിലവാരത്തിലേക്ക് ഉയർത്തുവാൻ കഴിയുന്നുണ്ട്. Quality Control ലാബുകൾ മുഖേന നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കാൻ സാധിക്കുന്നുണ്ട്.

**മൂന്നാർ ഭൂമി ഏറ്റെടുക്കൽ കേസ് പുന:പരിശോധനാ ഹർജി**

22(*110) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
ശ്രീ. പി. കെ.ബഷീർ
ശ്രീ. എൻ. ഷംസുദ്ദീൻ
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കേസിൽ പുനഃപരിശോധനാ ഹർജി തള്ളിയതിനെ തുടർന്നുള്ള സ്ഥിതി വിശേഷം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) നഷ്ടപരിഹാര കാര്യത്തിൽ സർക്കാരിനുണ്ടാവുകുന്ന ബാദ്ധ്യത എത്രത്തോളമെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ എന്തു തുടർനടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) ഉണ്ട്. മൂന്നാറിൽ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കേസുകളിലെ 696/14, 714/14, 825/14 നമ്പർ പുനഃപരിശോധനാ ഹർജികൾ ബഹുമാനപ്പെട്ട ഹൈക്കോടതി 23-12-2015-ൽ തള്ളി ഉത്തരവായതിനെ തുടർന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ Special Leave Petition ഫയൽ ചെയ്യുന്നതിനുള്ള

നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) 10,15,000 (പത്ത് ലക്ഷത്തി പതിനയ്യായിരം രൂപ- മാത്രം) രൂപയാണ്.

(സി) മൂന്നാർ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കേസിൽ പുനഃപരിശോധനാ ഹർജി തള്ളിയതിനെ തുടർന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ Special Leave Petition ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഓപ്പറേഷൻ ഗ്രാമ**

23(*112) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എം. ഉമ്മർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. പി. കെ. ബഷീർ താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് വകുപ്പ് സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ കേന്ദ്രീകരിച്ച് നടത്തിയ "ഓപ്പറേഷൻ ഗ്രാമ"യിലെ കണ്ടെത്തലുകൾ സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിലെ കണ്ടെത്തലുകളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം ജനോപകാരക്ഷേമവും അഴിമതി മുക്തവുമാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) വില്ലേജ് ഓഫീസുകളുടെ ജോലിഭാരം നിശ്ചയിക്കാനും നടപടിക്രമങ്ങൾ ലളിതമാക്കിയും നവസാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിയും നവീകരിക്കാൻ നടപടി സ്വീകരിക്കുമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ&ബി) 'ഓപ്പറേഷൻ ഗ്രാമ' എന്ന പേരിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സംസ്ഥാനത്തെ വിവിധ വില്ലേജ് ഓഫീസുകൾ കേന്ദ്രീകരിച്ച് നടത്തിയ മിന്നൽ പരിശോധനകളുടെ റിപ്പോർട്ട് ഇപ്പോൾ വിജിലൻസ് ഡയറക്ടറുടെ സൂക്ഷ്മ പരിശോധനയിലാണ്. വിജിലൻസ് ഡയറക്ടർ സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ച കഴിഞ്ഞാൽ മാത്രമേ ആയതിന്മേൽ നടപടികൾ സ്വീകരിക്കാൻ

സാധിക്കുകയുള്ളൂ.

(സി) വില്ലേജ് ഓഫീസുകളുടെ ജോലിഭാരം കുറയ്ക്കാനും നടപടിക്രമങ്ങൾ ലളിതമാക്കാനുമായി ഇന്റർനെറ്റ് പോലുള്ള നവ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി അക്ഷയ കേന്ദ്രങ്ങൾ വഴി സേവനങ്ങൾ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. റവന്യൂ ഓഫീസുകളിൽനിന്നും സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന 'ഇ-ഡിസ്ട്രിക്ട് ' പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാർക്കും ലാപ്ടോപ്പുകൾ/പേഴ്സണൽ കമ്പ്യൂട്ടറുകൾ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. ഏതു സമയത്തും എവിടെനിന്നു വേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷ സമർപ്പിക്കുകയും അവ ലഭ്യമാക്കുകയും ചെയ്യുന്ന ഈ സംവിധാനത്തിന് വർദ്ധിച്ച ബഹുജന പിന്തുണ ലഭിച്ചിട്ടുണ്ട്. റവന്യൂ സർവ്വേ, രജിസ്ട്രേഷൻ വകുപ്പുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ഏർപ്പെടുത്തുന്ന സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കുന്ന വില്ലേജുകളിൽ ഓൺലൈനായിത്തന്നെ ഭൂനികുതി അടയ്ക്കുന്നതിനുള്ള സൗകര്യം ഉടൻ നിലവിൽവരുന്നതാണ്. വില്ലേജ് ഓഫീസിൽനിന്നും സർക്കാരിലേക്ക് ലഭിക്കേണ്ട റിപ്പോർട്ടുകൾ വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽത്തന്നെ ലഭ്യമാക്കുന്നതിനും വില്ലേജ് ഓഫീസുകളിലെ ജോലിഭാരം ഒരു പരിധിവരെ കുറയ്ക്കുന്നതിനും മേൽപ്പറഞ്ഞ സംവിധാനങ്ങൾ സഹായകമാണ്.

**സ്മാർട്ട് ചിൽഡ്രൻ പദ്ധതി**

24(*113) <u>ശ്രീ. വർക്കല കഹാർ</u> :

<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :

<u>ശ്രീ. സി. പി. മുഹമ്മദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'സ്മാർട്ട് ചിൽഡ്രൻ' പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) ഉണ്ട്.

(ബി) ഓരോ വിദ്യാർത്ഥിയും അതാത് ക്ലാസ്സുകളിൽനിന്നും ആർജ്ജിക്കേണ്ടതായ മിനിമം ശേഷികൾ നേടിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിലേക്കായുള്ള പദ്ധതിയാണ് സ്മാർട്ട് ചിൽഡ്രൻ പദ്ധതി.

(സി) പാഠ്യപദ്ധതിയെയും പാഠപുസ്തകങ്ങളെയും അടിസ്ഥാനമാക്കി അദ്ധ്യാപകർക്ക് മികച്ച പരിശീലനം, ക്ലാസ് പ്രവർത്തനങ്ങളുടെ മോണിട്ടറിംഗ് സംവിധാനം, ഗണിതം, ശാസ്ത്രം, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾ കേന്ദ്രീകരിച്ച് അദ്ധ്യാപകർക്കും കുട്ടികൾക്കും മികച്ച രീതിയിലുള്ള പ്രത്യേക പരിശീലനം എന്നിവ നടപ്പിലാക്കിവരുന്നുണ്ട്.

**കോളേജുകളിലെ അദ്ധ്യാപക നിയമനം**

25(*114) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും അധ്യാപകരുടെ കുറവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കോളേജുകളിൽ ഒഴിവുള്ള അദ്ധ്യാപക തസ്തികകൾ എത്രയെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് വിദ്യാർത്ഥികളുടെ പഠനത്തെ സാരമായി ബാധിച്ചിട്ടുള്ള കാര്യം അറിവുള്ളതാണോ;

(ഡി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിനുണ്ടായ കാലതാമസത്തിന് കാരണമെന്തെന്ന് വ്യക്തമാക്കാമോ; നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്):

(എ) ഉണ്ട്.

(ബി) സർക്കാർ കോളേജുകളിൽ ആകെ 229 അദ്ധ്യാപകരുടെ ഒഴിവുകൾ ഉണ്ട്. പ്രസ്തുത കോളേജുകളിൽ നിയമനം നടത്തുന്നതിനായി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അദ്ധ്യാപക തസ്തികകളിലെ ഒഴിവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കെമിസ്ട്രി | - | 24 |
| ഇലക്ട്രോണിക്സ് | - | 7 |
| സൈക്കോളജി | - | 6 |
| സുവോളജി | - | 4 |
| ബോട്ടണി | - | 11 |
| ജിയോളജി | - | 1 |
| മൈക്രോ ബയോളജി | - | 1 |
| തമിഴ് | - | 1 |
| ഫ്രഞ്ച് | - | 1 |
| ടൂറിസം | - | 1 |
| ഹോട്ടൽ മാനേജ്മെന്റ് | - | 1 |
| ജർമൻ | - | 1 |
| പൊളിറ്റിക്സ് | - | 1 |
| സ്റ്റാറ്റിസ്റ്റിക്സ് | - | 10 |
| മാത്തമാറ്റിക്സ് | - | 46 |
| കമ്പ്യൂട്ടർ സയൻസ് | - | 8 |
| കമ്പ്യൂട്ടർ ആപ്ലിക്കേഷൻ | - | 5 |
| മലയാളം | - | 4 |
| ഇംഗ്ലീഷ് | - | 54 |
| ഫിസിക്സ് | - | 11 |
| ഉറുദു | - | 3 |
| ഹിന്ദി | - | 15 |
| ഇസ്ലാമിക് ഹിസ്റ്ററി | - | 1 |

| | | |
|---|---|---|
| അറബിക് | - | 9 |
| മ്യൂസിക് | - | 2 |
| ഫിലോസഫി | - | 1 |
| ആകെ | - | 229 |

(സി) സ്ഥിരാദ്ധ്യാപകരുടെ ഒഴിവുകളിൽ ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നതുമൂലം സ്ഥിരം തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് വിദ്യാർത്ഥികളുടെ പഠനത്തെ ബാധിക്കുന്നില്ല.

(ഡി) ഗവൺമെന്റ് കോളേജുകളിലെ ഒഴിഞ്ഞു കിടക്കുന്ന എല്ലാ അദ്ധ്യാപക തസ്തികകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.യിൽനിന്നും അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള ശിപാർശ ലഭിക്കാത്തതാണ് കാലതാമസത്തിന് കാരണം. ഇക്കാര്യത്തിൽ പി.എസ്.സി.യുമായി ആശയവിനിമയം നടത്തുന്നുണ്ട്.

**കയർ മേഖലയിലെ പ്രതിസന്ധി**

26(*115) ശ്രീ. ജി. സുധാകരൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിലെ പ്രതിസന്ധി രൂക്ഷമായി തുടരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുറഞ്ഞ കൂലി നിരക്കും, അസംസ്കൃത വസ്തുവായ തൊണ്ടിന്റെ ദൗർലഭ്യവും കയർ മേഖലയിലെ തൊഴിലാളികളെ സാരമായി ബാധിച്ചിട്ടുള്ള കാര്യം വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത മേഖലയിൽനിന്നും തൊഴിലാളികളുടെ കൊഴിഞ്ഞുപോക്കുണ്ടാകുന്നുണ്ടോ എന്ന് വിലയിരിത്തിയിട്ടുണ്ടോ ;

(സി) നിലവിൽ കയർ മേഖലയിൽ എത്ര തൊഴിലാളികൾ തൊഴിലെടുക്കുന്നുണ്ട്; ഇവർക്ക് പ്രതിവർഷം ശരാശരി എത്ര തൊഴിൽ ദിനങ്ങൾ ലഭ്യമാകുന്നുണ്ട് എന്നറിയിക്കാമോ;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ ഇൻകം സപ്പോർട്ട് സ്കീം ഇപ്പോൾ നിലവിലുണ്ടോ; ഇതിന്റെ പ്രയോജനം തൊഴിലാളികൾക്ക്

ലഭിക്കുന്നുണ്ടോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) കയർ മേഖലയിലെ പ്രതിസന്ധി വിലയിരുത്തി അപ്പപ്പോൾ അവ പരിഹരിക്കുന്നതിനുള്ള വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. ചകിരിയുടെ ദൗർലഭ്യം കയർമേഖല നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. ഇത് പരിഹരിക്കുന്നതിനും കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള ഒരു പുതിയ പദ്ധതി -'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും ' നടപ്പിലാക്കി വരുന്നു. നാളികേര വികസന ബോർഡുമായിട്ടുള്ള പ്രോജക്ടിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും നിർമ്മാണത്തിനാവശ്യമായ ചകിരിയുടെ ദൗർലഭ്യവും അടിക്കടിയുണ്ടാകുന്ന വില വ്യതിയാനവും കയർ മേഖലയെ അപേക്ഷിച്ച് നിർമ്മാണ മേഖല ഉൾപ്പെടെ കൂലി കൂടുതലുള്ള മറ്റു മേഖലകളിലേക്കുള്ള തൊഴിലാളികളുടെ കൊഴിഞ്ഞുപോക്കും ഉൾപ്പെടെയുള്ള കയർ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കയർ മേഖലയിൽ 3.75 ലക്ഷത്തോളം തൊഴിലാളികൾ ഉള്ളതായി കണക്കാക്കപ്പെടുന്നു. കയർ മേഖലയിൽ സഹകരണ വിഭാഗത്തിൽ 90,000 തൊഴിലാളികൾക്ക് പ്രതിവർഷം ശരാശരി 155 തൊഴിൽദിനങ്ങൾ ലഭിക്കുന്നു.

(ഡി) മുൻസർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ ഇൻകം സപ്പോർട്ട് സ്കീം ഇപ്പോൾ നിലവിലുണ്ട്. ഇൻകം സപ്പോർട്ട് സ്കീമിന്റെ പ്രയോജനം തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്. കയർപിരി മേഖലയിലെ തൊഴിലാളികളുടെ കൂലി 150 രൂപയിൽനിന്നും 300 രൂപയായും ഉൽപ്പാദന മേഖലയിലെ തൊഴിലാളികളുടെ കൂലി 360 രൂപയിൽ നിന്നും 500 രൂപയായും വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്.

**ഭൂരഹിതരില്ലാത്ത കേരളം പദ്ധതി**

27(*116) ശ്രീ. എസ്. രാജേന്ദ്രൻ:
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും

കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി എന്ന് പൂർത്തീകരിക്കും; നിശ്ചിത സമയത്തിനുള്ളിൽ പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ കഴിയാത്തതിനു കാരണം അറിയിക്കാമോ;

(ബി) പ്രസ്തുത ലക്ഷ്യം കൈവരിക്കാനാകാത്തതിനാൽ തീയതികളിൽ മാറ്റം വരുത്തുകയുണ്ടായോ ; എത്ര തവണ ഇത്തരത്തിൽ മാറ്റം വരുത്തുകയുണ്ടായി; പദ്ധതിയുടെ നിലവിലുള്ള അവസ്ഥയെന്തെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്നതിന് ലഭിച്ച അപേക്ഷകൾ എത്രയായിരുന്നു; യഥാർത്ഥ ഭൂരഹിതരുടെ എണ്ണമെത്രയെന്ന് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി എത്ര പേർക്ക് ഇതിനകം ഭൂമി നൽകാനായി; പട്ടയം നൽകിയെന്ന് അവകാശപ്പെടുന്നവരിൽ പലർക്കും ഇതുവരെ അനുവദിക്കപ്പെട്ട ഭൂമി കണ്ടെത്താനായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ലഭിച്ച ഭൂമി വിദൂരങ്ങളിലായതിനാലും വാസയോഗ്യമല്ലാത്തതിനാലും ഏറ്റെടുക്കാൻ തയ്യാറാകാത്തവരുടെ കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>):

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി ഘട്ടം ഘട്ടമായി പൂർത്തിയാക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിരുന്നത്. വിവിധ ഘട്ടങ്ങളായിട്ടാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. ഒന്നാംഘട്ട പട്ടയ വിതരണം 14 ജില്ലകളിലും പൂർത്തിയായപ്പോൾ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മുഴുവൻ ഗുണഭോക്താക്കൾക്കും പട്ടയം നൽകാൻ കഴിഞ്ഞിട്ടുണ്ട്. 22-8-2015-ൽ നടന്ന രണ്ടാംഘട്ട പട്ടയ വിതരണത്തിൽ ഇടുക്കി ജില്ലയിലെ മുഴുവൻ ഗുണഭോക്താക്കൾക്കുകൂടി ഭൂമി നൽകിക്കൊണ്ട് പ്രസ്തുത ജില്ലയിലും പദ്ധതി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. മറ്റു ജില്ലകളിൽ രണ്ടാംഘട്ട പട്ടയ വിതരണത്തിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. വീട് വയ്ക്കാൻ അനുയോജ്യമായതും പതിവിന് വിധേയമായതുമായ സർക്കാർ ഭൂമിയുടെ ദൗർലഭ്യമാണ് പദ്ധതി പൂർത്തിയാക്കാനുള്ള മുഖ്യ തടസ്സമായി കാണുന്നത്. പ്രവർത്തനം 2016 ഡിസംബർ വരെ ദീർഘിപ്പിച്ചുകൊണ്ട് പദ്ധതി പൂർത്തിയാക്കാനാണ് ശ്രമിച്ചുവരുന്നത്.

(ബി) വിവിധ ഘട്ടങ്ങളായി പട്ടയ വിതരണം നടത്തിവരുന്ന പ്രസ്തുത

പദ്ധതിയുടെ കാലാവധിക്ക് മാറ്റം വരുത്തേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. കണ്ണൂർ, കാസർഗോഡ്, ഇടുക്കി ജില്ലകളിൽ ഒന്നും രണ്ടും ഘട്ടങ്ങളിൽത്തന്നെ പദ്ധതി പൂർത്തിയായിട്ടുണ്ട്. മറ്റ് ജില്ലകളിൽ പ്രവർത്തനം പുരോഗമിച്ചുവരുന്നു. ഫെബ്രുവരി അവസാനവാരത്തിലും മാർച്ച് ആദ്യവാരത്തിലുമായി മറ്റു ജില്ലകളിൽ രണ്ടാംഘട്ട പട്ടയ വിതരണം നടത്താൻ തീരുമാനിച്ചിരിക്കുകയാണ്.

(സി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിപ്രകാരം ഭൂമി ലഭിക്കുന്നതിന് ലഭിച്ച അപേക്ഷകളുടെ എണ്ണവും അവയിൽനിന്ന് പദ്ധതിയുടെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് തെരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണവും ജില്ല തിരിച്ച് താഴെ ചേർക്കുന്നു:

| ജില്ല | ലഭിച്ച അപേക്ഷകളുടെ എണ്ണം | തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 47340 | 35851 |
| കൊല്ലം | 29850 | 28591 |
| പത്തനംതിട്ട | 7532 | 6807 |
| ആലപ്പുഴ | 17142 | 14163 |
| കോട്ടയം | 10742 | 10388 |
| ഇടുക്കി | 10496 | 7970 |
| എറണാകുളം | 43248 | 31379 |
| തൃശ്ശൂർ | 30836 | 26776 |
| പാലക്കാട് | 28524 | 23874 |
| മലപ്പുറം | 25998 | 23962 |
| കോഴിക്കോട് | 9070 | 8304 |
| വയനാട് | 6611 | 4546 |
| കണ്ണൂർ | 12184 | 11099 |

| | | |
|---|---|---|
| കാസർഗോഡ് | 12184 | 10218 |
| ആകെ | 291757 | 243928 |

പദ്ധതിയിലേക്ക് അപേക്ഷ നൽകുന്നതിന് 1-2-2014 മുതൽ 31-3-2014 വരെ വീണ്ടും അവസരം നൽകിയിരുന്നു. കൂടാതെ റവന്യൂ വകുപ്പ് മന്ത്രിയുടെ ജില്ലാതല റവന്യൂ സർവ്വേ അദാലത്തുകൾ, മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടികൾ എന്നിവ മുഖേനയും അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള അപേക്ഷകളിൽ നിന്നും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്ന നടപടികൾ പൂർത്തിയായിട്ടില്ല.

(ഡി) പദ്ധതിപ്രകാരം 43437 ഗുണഭോക്താക്കൾക്ക് ഇതുവരെ പട്ടയം അനുവദിക്കാൻ കഴിഞ്ഞിട്ടുണ്ട്. കോടതി ഇടപെടലുകൾ മൂലമോ മറ്റ് തർക്കങ്ങൾ മുഖേനയോ അനുവദിക്കപ്പെട്ട ഭൂമി കൈമാറാൻ കഴിയാത്ത സാഹചര്യം ചില ജില്ലകളിൽ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ഗുണഭോക്താക്കൾക്ക് സ്വന്തം വില്ലേജിൽത്തന്നെയാണ് പ്രസ്തുത പദ്ധതി പ്രകാരം ഭൂമി നൽകിവരുന്നത്. എന്നാൽ അപേക്ഷകരുടെ സ്വന്തം വില്ലേജിൽ ഭൂമി ലഭ്യമല്ലാത്തതിനാൽ സമീപ വില്ലേജുകളിൽ നിന്നുള്ള ഭൂമി നൽകിയ സാഹചര്യം ചില ജില്ലകളിൽ ഉണ്ടായിട്ടുണ്ട്. അനുവദിച്ചിട്ടുള്ള ഭൂമി വാസയോഗ്യമല്ലാത്ത താണെന്ന് ബോദ്ധ്യമാകുന്ന കേസുകളിൽ അനുയോജ്യമായ ഭൂമി നൽകാനുള്ള നടപടികളെടുക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് അനുമതി നൽകിയിട്ടുണ്ട്.

**റോഡുകൾ സുരക്ഷിതമാക്കുന്നതിന് കർമ്മ പദ്ധതി**

28(*117) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകൾ സുരക്ഷിതമാക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന

കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ) റോഡുകൾ സുരക്ഷിതമാക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടി പല പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

(ബി)റോഡപകടങ്ങൾ പരമാവധി കുറച്ച് റോഡ് സുരക്ഷ വർദ്ധിപ്പിക്കുക, ഗതാഗതക്കാർക്ക് കുറച്ച് സുഗമമായ ഗതാഗതം ഉറപ്പുവരുത്തുക, വാഹനയാത്രക്കാരുടെ സുരക്ഷിതത്വത്തിനായി ഉന്നത ഗുണനിലവാരമുള്ള റോഡുകൾ നിർമ്മിക്കുക എന്നീ ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്. റോഡുകൾ സുരക്ഷിതമാക്കുന്നതിനും റോഡപകടങ്ങൾ കുറയ്ക്കുന്നതിനുമുള്ള മുൻകരുതൽ എന്ന നിലയിൽ റോഡ് മാർക്കിംഗുകൾ, ദിശാ ബോർഡുകൾ, സൈൻ ബോർഡുകൾ, അപകട മേഖലകളിൽ മുന്നറിയിപ്പ് ബോർഡുകൾ, ക്രാഷ് ബാരിയറുകൾ, ഹംപുകൾ, റംപിൾ സ്ട്രിപ്പുകൾ, റിഫ്ലക്ടറുകൾ, സ്റ്റഡുകൾ സ്ഥാപിക്കുക തുടങ്ങിയ റോഡ് സുരക്ഷാ ഉപാധികൾ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ ജ്യോമെട്രിക് ഇംപ്രൂവ്മെന്റ്, ജംഗ്ഷൻ ഇംപ്രൂവ്മെന്റ്, സൈറ്റ് ഡിസ്റ്റൻസ് ഇംപ്രൂവ്മെന്റ്, ഓടുപാകിയ നടപ്പാതകൾ, പ്രധാന ജംഗ്ഷനുകളിൽ കൈവരികൾ, സിഗ്നൽ ലൈറ്റുകൾ, സീബ്രാ ക്രോസിംഗുകൾ, ഫുട്പാത്തുകൾ, അണ്ടർപാസ്സുകൾ, ഓവർ ബ്രിഡ്ജുകൾ എന്നിവയുള്ള ശിപാർശകളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിലെ കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കേരള റോഡ് സുരക്ഷ അതോറിറ്റിയെയും കേരള പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡ് സുരക്ഷാ സെല്ലിനെയും ശക്തിപ്പെടുത്തുക, ജില്ലാ റോഡ് സുരക്ഷ സമിതികളെ ശക്തിപ്പെടുത്തി കൂടുതൽ മാതൃകാ സുരക്ഷാ റോഡുകൾ എല്ലാ ജില്ലകളിലും ഉണ്ടാക്കുക എന്നിവയാണ് പ്രധാനമായും ചെയ്യുക.

(സി) പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലാതല റോഡ് സുരക്ഷാ സമിതി, കേരള റോഡ് സുരക്ഷാ അതോറ്റി എന്നിവ മീറ്റിംഗുകളും സംസ്ഥാനതല അവലോകന യോഗങ്ങളും സംഘടിപ്പിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് നടക്കുന്ന റോഡപകടങ്ങളുടെ എണ്ണം നിരീക്ഷിക്കുകയും ആയത് കുറയ്ക്കുന്നതിനു വേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്.

## ആധാരങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നതിന് പദ്ധതി

**29(*119)** ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്):

(എ) ആധാരങ്ങൾ ഓൺലൈനിൽ ലഭ്യമാക്കുന്നതിന് പദ്ധതികളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. എന്നാൽ ആധാര വിവരങ്ങൾ ഓൺലൈനായി ലഭിക്കുന്നതിനുള്ള പദ്ധതി സംസ്ഥാന വ്യാപകമായി നടന്നുവരികയാണ്. ആധാരങ്ങൾ തയ്യാറാക്കി ഓൺലൈനായി സമർപ്പിക്കുവാനും കക്ഷിയുടെ സൗകര്യത്തിനനുസരിച്ച് രജിസ്ട്രേഷനുള്ള തീയതിയും സമയവും നിശ്ചയിച്ചു കൊണ്ടുള്ള ടോക്കൺ നേരത്തേ എടുക്കുവാനുമുള്ള സൗകര്യം സംസ്ഥാനത്തെ 242 സബ് രജിസ്ട്രാർ ഓഫീസുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ 314 സബ് രജിസ്ട്രാർ ഓഫീസുകളിലെയും വിവരങ്ങൾ ക്രോഡീകരിച്ച് തിരുവനന്തപുരത്തുള്ള ഡാറ്റാ സെന്ററിലെ കമ്പ്യൂട്ടറുകളിൽ ശേഖരിക്കുകവഴി രജിസ്ട്രേഷൻ സംബന്ധമായ സേവനങ്ങൾ ഇന്റർനെറ്റ് അധിഷ്ഠിത സംവിധാനത്തിലേക്ക് മാറ്റിക്കൊണ്ട് സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനത്തിൽ ഒരു പുതിയ ചുവടുവയ്പ് കാഴ്ചവയ്ക്കുവാൻ ഈ പദ്ധതിയിലൂടെ സർക്കാർ ഉദ്ദേശിക്കുന്നു. നിലവിലെ പ്രവർത്തന രീതിക്ക് പകരം 314 സബ് രജിസ്ട്രാർ ഓഫീസുകളെയും ഒരു പ്രത്യേക കമ്പ്യൂട്ടർ ശൃംഖല വഴി തിരുവനന്തപുരത്തുള്ള ഡാറ്റാസെന്ററുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തന

രീതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ അവിഭാജ്യ ഘടകമായ കണക്ടിവിറ്റി സൗകര്യം ബി.എസ്.എൻ.എൽ-ൽ നിന്ന് ലഭ്യമാക്കി. Kerala State Wide Area ശൃംഖലയുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഈ സംവിധാനം പ്രാബല്യത്തിൽ വരുമ്പോൾ, സർക്കാരിന് ചുവടെപ്പറയുന്ന സേവനങ്ങൾ ലഭ്യമാകുന്നതാണ്.

1. സംസ്ഥാനത്തെ ആധാര രജിസ്ട്രേഷനുകൾ സംബന്ധിച്ച് പൂർണ്ണമായ വിവരങ്ങൾ ഒരു സ്ഥലത്ത് കേന്ദ്രീകരിക്കുന്നു.
2. രജിസ്ട്രേഷൻ വകുപ്പിന്റെ റവന്യൂ വരുമാനവുമായി ബന്ധപ്പെട്ട് എല്ലാ വിവരങ്ങളും ഉടനടി ലഭ്യമാകുന്നു.
3. ഫോട്ടോയും വിരൽപ്പതിപ്പും ഇലക്ട്രോണിക്കായിത്തന്നെ എടുക്കുന്ന സംവിധാനം നിലവിൽ വരുമ്പോൾ വ്യാജ ആധാരങ്ങൾ തടയുവാൻ കഴിയുന്നു.
4. രജിസ്ട്രേഷൻ വരുമാനത്തെ അടിസ്ഥാനപ്പെടുത്തിയുള്ള സാമ്പത്തിക വിശകലനം സാധ്യമാകുന്നു.

(സി) 1. പദ്ധതിയുടെ നടത്തിപ്പിനായി രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിലുള്ള എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

2. കമ്പ്യൂട്ടറുകളിൽ നെറ്റ്‌വർക്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

3. വകുപ്പിലെ ജീവനക്കാർക്ക് പദ്ധതി നടപ്പിലാക്കുന്നതിനായി പരിശീലനം നൽകിവരുന്നു.

4. ആദ്യഘട്ടത്തിൽ ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ, ആധാര പകർപ്പുകൾ, വിവാഹം, ഗഹാൻ എന്നീ സേവനങ്ങൾക്കുള്ള അപേക്ഷാ വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ആധാരങ്ങൾ തയ്യാറാക്കി ഓൺലൈനായി സമർപ്പിക്കുവാനും കക്ഷിയുടെ സൗകര്യത്തിനനുസരിച്ച് രജിസ്ട്രേഷനുള്ള തീയതിയും സമയവും

നിശ്ചയിച്ചുകൊണ്ടുള്ള ടോക്കൺ നേരത്തേ എടുക്കുവാനുള്ള സൗകര്യം 242 സബ് രജിസ്ട്രാർ ഓഫീസുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ബാക്കിയുള്ള സബ് രജിസ്ട്രാർ ഓഫീസുകളിലും ഈ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്ട്രേഷനുകൾക്ക് ഹാജരാക്കുന്ന ആധാരങ്ങളുടെ ഘടനയ്ക്ക് ഏകീകൃത രൂപവും നിലവാരവും കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

6. മുദ്രകൾ ഇലക്ട്രോണിക് രൂപത്തിൽ നല്കുന്ന ഇ-സ്റ്റാമ്പിംഗ് പദ്ധതിയുടെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

7. സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്റ്റർ വാല്യങ്ങളായി സൂക്ഷിച്ചിരിക്കുന്ന ആധാര പകർപ്പുകൾ സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചു.

8. ബാധ്യതാ സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ നൽകുന്നതിനായി 1980 മുതലുള്ള ആധാര വിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

**ഓൺലൈൻ രജിസ്ട്രേഷൻ - പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി**

30(*120) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ രജിസ്ട്രേഷൻ നടപ്പിലാക്കിയിട്ടുണ്ടോ ; ഏതെല്ലാം രജിസ്ട്രേഷനുകളാണ് ഓൺലൈനാക്കിയിട്ടുള്ളത് ;

(ബി) സെർവറിന് ആവശ്യത്തിന് ശേഷിയില്ലാത്തതിനാൽ ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം പരാജയപ്പെട്ടതായറിയാമോ ;

(സി) പ്രസ്തുത സംവിധാനം ആരംഭിച്ചതു മുതൽ ആധാരം രജിസ്ട്രേഷൻ ഭീമമായി കുറഞ്ഞ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതു കാരണം വകുപ്പിന്റെ വരുമാനത്തിൽ എത്ര കുറവുണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഇ) പൊതുജനത്തിന് ഈ സംവിധാനംമൂലം ഉണ്ടായിട്ടുള്ള പ്രയാസങ്ങളും സർക്കാരിനുണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടവും പരിഹരിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. അനൂപ് ജേക്കബ്</u>):

(എ) സംസ്ഥാനത്തെ 242 സബ് രജിസ്ട്രാർ ഓഫീസുകളിൽ ഓൺലൈൻ രജിസ്ട്രേഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ബാക്കിയുള്ള സബ് രജിസ്ട്രാർ ഓഫീസുകളിലും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

1. ആധാര രജിസ്ട്രേഷൻ
2. സ്പെഷ്യൽ മാര്യേജ് രജിസ്ട്രേഷൻ
3. പാർട്ട്ണർഷിപ്പ് ഫേംസ് രജിസ്ട്രേഷൻ
4. സൊസൈറ്റി രജിസ്ട്രേഷൻ എന്നീ സേവനങ്ങളാണ് ഓൺലൈൻ സംവിധാനംവഴി പൊതുജനങ്ങൾക്ക് നൽകിവരുന്നത്.

(ബി) ഇല്ല. സംസ്ഥാനത്തെ മുഴുവൻ സബ് രജിസ്ട്രാർ ഓഫീസുകളിലും ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുവാൻ ക്ഷമതയുള്ള 2 സെർവറുകൾ സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ സ്ഥാപിച്ചിട്ടുണ്ട്.

(സി) ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം നടപ്പിലാക്കിയ കാരണത്താൽ ആധാര രജിസ്ട്രേഷനിൽ കുറവ് സംഭവിച്ചിട്ടില്ല.

(ഡി) സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് ഇനങ്ങളിലുള്ള രജിസ്ട്രേഷൻ വകുപ്പിന്റെ റവന്യൂ വരുമാനം പരിശോധിച്ചതിൽ ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം നടപ്പിലാക്കിയ കാരണത്താൽ വരുമാനത്തിൽ കുറവുവന്നതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർത്തിരിക്കുന്നു:

| ഓൺലൈൻ പദ്ധതി നടപ്പിലാക്കുന്നതിനു മുമ്പ് | | ഓൺലൈൻ പദ്ധതി നടപ്പിലാക്കിയതിന് ശേഷം | |
|---|---|---|---|
| കാലയളവ് | വരുമാനം | കാലയളവ് | വരുമാനം |
| 2014 ഡിസംബർ | 193.29 കോടി രൂപ | 2015 ഡിസംബർ | 210.93 കോടി രൂപ |
| 2015 ജനുവരി | 207.62 കോടി രൂപ | 2016 ജനുവരി | 216.28 കോടി രൂപ |

(ഇ) പ്രാരംഭ ഘട്ടത്തിലുണ്ടായ ചില സാങ്കേതിക തടസ്സങ്ങളൊഴിച്ചാൽ പൊതുജനത്തിന് സുതാര്യമായ ഈ സംവിധാനം പ്രയോജനകരമാകുന്നതാണ്. ഇതുമൂലം സർക്കാരിന് റവന്യൂ വരുമാനത്തിൽ കുറവു വന്നതായി കാണുന്നില്ല.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### എയ്ഡഡ് കോളേജുകൾ

1(1042) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ എത്ര എയ്ഡഡ് കോളേജുകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഏതൊക്കെ മാനേജുമെന്റുകൾക്കാണ് കോളേജ് നൽകിയിട്ടുള്ളത്;

(ബി) പ്രസ്തുത കോളേജുകളിലേയ്ക്കായി എത്ര തസ്തികകൾ അനുവദിക്കപ്പെട്ടു എന്ന് വ്യക്തമാക്കാമോ;

(സി) ഇങ്ങനെ അനുവദിക്കപ്പെട്ട തസ്തികകൾക്കെല്ലാം കൂടി പ്രതിവർഷം എത്ര തുക അധികച്ചെലവ് വരുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് 4 എയ്ഡഡ് കോളേജുകൾ അനുവദിച്ചിട്ടുണ്ട്.

1. മലബാർ എഡ്യൂക്കേഷൻ സൊസൈറ്റി, മലപ്പുറം, വേങ്ങര
2. കെ.പി.എം.എസ്., കുര്യാട്ടുമല, കൊല്ലം
3. പി.ആർ.ഡി.എസ്., അമര, ചങ്ങനാശ്ശേരി, കോട്ടയം
4. ഇന്ദിരാഗാന്ധി മെമ്മോറിയൽ സൊസൈറ്റി, വണ്ടൂർ, മലപ്പുറം

(ബി) അനുവദിച്ച 4 എയ്ഡഡ് കോളേജുകളിൽ മലബാർ എഡ്യൂക്കേഷൻ സൊസൈറ്റിക്ക് അനുവദിച്ച മലബാർ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് എന്ന കോളേജിന് 23 അദ്ധ്യാപക തസ്തികകളും 8 അനദ്ധ്യാപക തസ്തികകളും, വണ്ടൂർ അംബേദ്കർ കോളേജ് ഓഫ് ആർട്സ് & സയൻസിന് പ്രിൻസിപ്പാളടക്കം 8 അദ്ധ്യാപക തസ്തികകളും 7 അനദ്ധ്യാപക തസ്തികകളും അനുവദിച്ചിട്ടുണ്ട്.

(സി) ഇപ്രകാരം അനുവദിക്കപ്പെട്ട തസ്തികകൾക്കെല്ലാംകൂടി 1,93,35,774 രൂപ (ഒരു കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി മുപ്പത്തയ്യായിരത്തി എഴുന്നൂറ്റി എഴുപത്തിനാല് രൂപ) പ്രതിവർഷം അധികച്ചെലവ് വരും.

**കെ-സാക് ചെയർമാനായി ശ്രീ. പി. അൻവറിനെ നിയമിച്ച നടപടി**

2 (1043) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈസ് ചാൻസലർ പദവിയുള്ള, സംസ്ഥാന അക്രഡിറ്റേഷൻ കൗൺസിലിന്റെ (കെ-സാക്) ചെയർമാനായി നിയമിക്കപ്പെടേണ്ടവരുടെ യോഗ്യതകൾ എന്തെല്ലാമെന്നും ഇവർക്ക് നിശ്ചയിച്ചിട്ടുള്ള ശമ്പളം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിലേക്ക് ചീഫ് സെക്രട്ടറിയുടെ എതിർപ്പ് തള്ളി മുൻ ഗ്രാമപഞ്ചായത്തംഗമായ ശ്രീ. പി. അൻവറിനെ നിയമിക്കാനുള്ള തീരുമാനം ഹൈക്കോടതി സ്റ്റേ ചെയ്യുവാനുള്ള കാരണം എന്താണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഉന്നതവിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറിക്കു വേണ്ട യോഗ്യതകൾ എന്തെല്ലാം; പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കാൻ ശ്രീ. പി.

അൻവറിനുണ്ടായിരുന്ന യോഗ്യതകൾ എന്തെല്ലാം; വ്യക്തമാക്കുമോ;

(ഡി) ശ്രീ. പി. അൻവർ ഉന്നത വിദ്യാഭ്യാസ കൗൺസിൽ മെമ്പർ സെക്രട്ടറിയായിരുന്ന കാലയളവിൽ സ്വയംഭരണാവകാശത്തിന് എത്ര കോളേജുകൾ അപേക്ഷ നൽകി എന്നും അതിൽ എത്രയെണ്ണത്തിന് സ്വയംഭരണാവകാശം നൽകിയെന്നും അവ ഏതൊക്കെ കോളേജുകളാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഇ) കെ-സാക് ചെയർമാനായി ശ്രീ. പി. അൻവറിനെ എന്നാണ് സർക്കാർ നിയമിച്ചതെന്നും ടിയാന്റെ വിദ്യാഭ്യാസയോഗ്യത എന്താണെന്നും പ്രസ്തുത നിയമനത്തിന് യു.ജി.സി. നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾ ടിയാന് ഉണ്ടോ എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അഞ്ച് വർഷം അക്കാദമിക ഭരണ പരിചയവും 25 വർഷത്തെ അദ്ധ്യാപന പരിചയവുമുള്ളതും പി.എച്ച്.ഡി. ബിരുദധാരിയുമായി വിദ്യാഭ്യാസ വിചക്ഷണനായിരിക്കണം. കൂടാതെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ പരിശോധിച്ച് വിലയിരുത്തിയ പരിചയവും എന്നതാണ് ചെയർമാന് വേണ്ട യോഗ്യതകൾ. സംസ്ഥാനത്തെ സർവ്വകലാശാല വൈസ്ചാൻസലർക്ക് ലഭിക്കുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമാകും ചെയർമാന് ലഭിക്കുക.

(ബി) കേരള സ്റ്റേറ്റ് അസസ്സ്മെന്റ് & അക്രഡിറ്റേഷൻ കൗൺസിൽ ചെയർമാനായി ആരെയും നിയമിച്ചിട്ടില്ല. ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ കേസ് നിലവിലുള്ളതിനാൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമേ ചെയർമാൻ സ്ഥാനത്തേക്ക് നിയമനം നടത്തുന്നതിന് കഴിയുകയുള്ളൂ.

(സി) 2007 കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആക്ട് പ്രകാരം "an Academician, preferably with administrative experience" എന്നതാണ് മെമ്പർ സെക്രട്ടറിക്കുവേണ്ട യോഗ്യത. സാമ്പത്തിക ശാസ്ത്ര വിഭാഗം വകുപ്പ് തലവനും അസോസിയേറ്റ് പ്രൊഫസറുമായിരുന്ന ശ്രീ. പി. അൻവറിന് 29 വർഷത്തെ അദ്ധ്യാപന പരിചയവും അഡൽറ്റ് എഡ്യൂക്കേഷൻ പ്രോഗ്രാം ഓഫീസർ, കൊച്ചിൻ സർവ്വകലാശാല സെനറ്റ് മെമ്പർ എന്നീ നിലകളിൽ പ്രവർത്തിച്ച പരിചയവുമുള്ളതാണ്.

(ഡി) ആദ്യഘട്ടത്തിൽ 32 കോളേജുകളിൽ പരിശോധന നടത്തുകയും 13 കോളേജുകളെ സ്വയംഭരണ പദവിക്കായി യു.ജി.സി.-യോട് ശിപാർശ

ചെയ്യുന്നതിന് സർവ്വകലാശാലകളോട് നിർദ്ദേശിക്കുകയും അതിൽ 12 കോളേജുകൾക്ക് സ്വയംഭരണ പദവി അനുവദിക്കുകയും ചെയ്തു. രണ്ടാം ഘട്ടത്തിൽ പരിശോധന നടത്തിയ 17 കോളേജുകളിൽ 9 കോളേജുകൾക്ക് സ്വയംഭരണ പദവിക്കായി ശിപാർശ ചെയ്തു. അതിൽ ഒരു കോളേജിന് യു.ജി.സി. സ്വയംഭരണ പദവി അനുവദിച്ചിട്ടുണ്ട്. സ്വയംഭരണ പദവി ലഭിച്ച കോളേജുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം
2. ഫാത്തിമ മാതാ നാഷണൽ കോളേജ്, കൊല്ലം
3. സെന്റ് ബെർക്ക്മാൻസ് കോളേജ്, ചങ്ങനാശ്ശേരി, കോട്ടയം
4. മഹാരാജാസ് കോളേജ്, എറണാകുളം
5. സെന്റ് തെരേസാസ് കോളേജ്, എറണാകുളം
6. സേക്രട്ട് ഹാർട്ട് കോളേജ്, തേവര, എറണാകുളം
7. രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, എറണാകുളം
8. സെന്റ് തോമസ് കോളേജ്, തൃശ്ശൂർ
9. എം.ഇ.എസ്. കോളേജ്, മമ്പാട്, മലപ്പുറം
10. ഫറോക്ക് കോളേജ്, കോഴിക്കോട്
11. സെന്റ് ജോസഫ്സ് കോളേജ്, ദേവഗിരി, കോഴിക്കോട്
12. ക്രൈസ്റ്റ് കോളേജ്, ഇരിങ്ങാലക്കുട, തൃശ്ശൂർ
13. വിമല കോളേജ്, തൃശ്ശൂർ.(2016 -17 മുതൽ)

(ഇ) കേരള സ്റ്റേറ്റ് അസസ്മെന്റ് & ആക്രഡിറ്റേഷൻ കൗൺസിൽ ചെയർമാനായി ശ്രീ. പി. അൻവറിനെ നിയമിച്ച് സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

**ഹയർ സെക്കണ്ടറി വകുപ്പിലെ നിയമനം**

3 (1044) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വകുപ്പിൽ ഹിസ്റ്ററി സീനിയർ, ജൂനിയർ അദ്ധ്യാപകരുടെ എത്ര തസ്തികകളാണ് നിലവിലുള്ളത്;

(ബി) എത്ര അദ്ധ്യാപകർക്ക് ഹിസ്റ്ററി സീനിയർ അദ്ധ്യാപകരായി ബൈട്രാൻസ്ഫർ മുഖേന പ്രൊമോഷൻ നൽകിയിട്ടുണ്ട്; നിശ്ചിത ശതമാനത്തിൽ കൂടുതൽ

അദ്ധ്യാപകർക്ക് ബൈട്രാൻസ്ഫർ മുഖേന പ്രൊമോഷൻ നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) എൽ.പി.എസ്.എ., യു.പി.എസ്.എ., എച്ച്.എസ്.എ. വിഭാഗങ്ങളിൽ നിന്ന് ജൂനിയർ ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ ബൈട്രാൻസ്ഫർ നിയമനം നൽകിയ എത്ര അദ്ധ്യാപകർ ജോലിയിൽ പ്രവേശിക്കാതെയുണ്ട്; പ്രസ്തുത ഒഴിവുകളിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) 2-4-2014-ന് നിലവിൽ വന്ന ഹിസ്റ്ററി സീനിയർ, ജൂനിയർ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്; ഇപ്പോൾ എത്ര ഒഴിവുകൾ നിലവിലുണ്ട്?

<u>ഉത്തരം</u>

(എ) ഹയർ സെക്കണ്ടറി വകുപ്പിൽ ഹിസ്റ്ററി സീനിയർ അദ്ധ്യാപകരുടെ 485-ഉം ജൂനിയർ അദ്ധ്യാപകരുടെ 95-ഉം തസ്തികകളാണ് നിലവിലുള്ളത്.

(ബി) 48 പേർക്ക് ഹിസ്റ്ററി സീനിയർ അദ്ധ്യാപകരായി ബൈട്രാൻസ്ഫർ മുഖേന പ്രൊമോഷൻ നൽകിയിട്ടുണ്ട്. നിശ്ചിത ശതമാനത്തിൽ കൂടുതൽ ബൈട്രാൻസ്ഫർ പ്രൊമോഷൻ നൽകിയിട്ടില്ല.

(സി) 14 പേർ. തസ്തികമാറ്റ നിയമനത്തിനുവേണ്ടി തയ്യാറാക്കിയ സീനിയോറിറ്റി ലിസ്റ്റ് നിലവിലുള്ളതിനാൽ ടി ലിസ്റ്റിൽനിന്നും പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിനാൽ പ്രസ്തുത ഒഴിവുകളിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തേണ്ടതില്ല.

(ഡി) ഹിസ്റ്ററി സീനിയർ തസ്തികയിൽ 102 പേർക്കും ജൂനിയർ തസ്തികയിൽ 82 പേർക്കും നിയമനം നൽകിയിട്ടുണ്ട്. നിലവിൽ സീനിയർ തസ്തികയിൽ 40-ഉം ജൂനിയർ തസ്തികയിൽ 32-ഉം ഒഴിവുകൾ ഉണ്ട്.

**പുതിയ സർക്കാർ കോളേജുകൾ**

4 (1045) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പുതുതായി സർക്കാർ കോളേജുകൾ അനുവദിച്ചിട്ടുണ്ടോ, എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

കോളേജുകൾ അനുവദിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം വിശദമാക്കാമോ; ഇതിൽ പ്രവർത്തനമാരംഭിച്ച കോളേജുകൾ എത്രയെന്നും ഏതൊക്കെ തീയതിയിലെന്നും വ്യക്തമാക്കാമോ;

(ബി) വൈപ്പിനിലെ നിർദ്ദിഷ്ട ആർട്സ് കോളേജ് ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത കോളേജ് ആരംഭിക്കുന്നതിന് വേണ്ടി വിശദമായ റിപ്പോർട്ട് നൽകുന്നതിന്, എറണാകുളം കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എന്നാണ് ചുമതലപ്പെടുത്തിയത്; റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ, റിപ്പോർട്ട് നൽകുന്നതിൽ കാലതാമസം നേരിട്ടതിനുള്ള കാരണം, കാലതാമസം വരുത്തിയതിന് സ്വീകരിച്ച നടപടി ഇവ വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി 29 സർക്കാർ ആർട്സ് & സയൻസ് കോളേജുകൾ അനുവദിച്ചിട്ടുണ്ട്. അവ അനുബന്ധമായി ചേർക്കുന്നു.* 2013-14 ബഡ്ജറ്റ് ചർച്ചയിലെ മറുപടി പ്രസംഗത്തിൽ സർക്കാർ/എയ്ഡഡ് കോളേജുകളില്ലാത്തതും സ്ഥലം ലഭ്യമായതുമായ എല്ലാ നിയോജകമണ്ഡലങ്ങളിലും ആർട്സ്&സയൻസ് കോളേജുകൾ ആരംഭിക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരുന്നു. പുതിയ കോളേജുകൾ അനുവദിച്ചത് സർക്കാരിന്റെ നയപരമായ കാര്യപരിപാടിയുടെ ഭാഗമായാണ്. മേൽപ്പറഞ്ഞ 22 കോളേജുകളിൽ കരുനാഗപ്പള്ളി ആർട്സ് &സയൻസ് കോളേജ്, ഗവ. കോളേജ് നിലമ്പൂർ എന്നീ രണ്ട് കോളേജുകൾ ഒഴികെ ബാക്കി 20 കോളേജുകളും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പ്രവർത്തനമാരംഭിക്കാനുള്ള രണ്ട് കോളേജുകൾ 2016-17 അദ്ധ്യയന വർഷത്തിൽ ആരംഭിക്കുന്നതാണ്.

2016-17 അദ്ധ്യയന വർഷം മുതൽ പ്രവർത്തനം ആരംഭിക്കുന്നതിനായി 9-2-2016 തീയതിയിലെ സ.ഉ.(എം.എസ്)നമ്പർ 30/16/ഉ.വി.വ. പ്രകാരം ഗവ. കോളേജ്, നിലമ്പൂർ കോളേജിന് അനുമതി നൽകിയിട്ടുണ്ട്.

(ബി-ഡി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഗവ. ആർട്സ് കോളേജ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അനുവദിക്കുന്നതു സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

**വിദേശ സർവ്വകലാശാലകളുടെ കടന്നുവരവ്**

5 (1047) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിലേക്ക് വിദേശ സർവ്വകലാശകളെ കൊണ്ടുവരുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ; അതു സംബന്ധിച്ച് എന്തെങ്കിലും പഠനം ഉന്നതവിദ്യാഭ്യാസ വകുപ്പ് നടത്തിയോ; വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് രാഷ്ട്രീയ കക്ഷികൾ, വിദ്യാഭ്യാസ വിചക്ഷണർ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരുമായി എന്തെങ്കിലും ചർച്ച ഉന്നത വിദ്യാഭ്യാസ വകുപ്പ് നടത്തിയോ; വിശദമാക്കുമോ; ഇല്ല എങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട ആഗോള വിദ്യാഭ്യാസ സംഗമം എവിടെ വച്ച് എന്നാണ് നടന്നതെന്നും ഇത് ഉദ്ഘാടനം ചെയ്തത് ആരാണെന്നും ഇതിൽ മുഖ്യമന്ത്രിയോ വിദ്യാഭ്യാസ വകുപ്പ് മന്ത്രിയോ പങ്കെടുത്തോയെന്നും ഇല്ല എങ്കിൽ കാരണം എന്തെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സംഗമത്തിന് സംസ്ഥാനത്തെ സർവ്വകലാശാലകളുടെ അധിപനായ ബഹു. ഗവർണറെ ക്ഷണിച്ചിരുന്നോ; വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത സംഗമത്തിന് ഏതെല്ലാം വിദേശ രാജ്യത്തെ പ്രതിനിധികൾ പങ്കെടുത്തുവെന്നും ഇതിന്റെ പേരിൽ എത്ര തുക സർക്കാർ ഖജനാവിൽ നിന്നും ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(എഫ്) അദ്ധ്യാപകരും വിദ്യാർത്ഥികളും സമൂഹവും സർക്കാരും സമർപ്പണ ബുദ്ധിയോടുകൂടി ഒത്തൊരുമിച്ച് പ്രവർത്തിച്ച് ഉന്നത വിദ്യാഭ്യാസരംഗം ആഗോളസ്ഥാനം നേടണമെന്ന ബഹു. ഗവർണർ ജസ്റ്റിസ്. പി. സദാശിവം പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അഭിപ്രായം സഫലമാക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ജി) വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിലുൾപ്പെടുന്നതിനാൽ നിലവിലുള്ള ചട്ടമനുസരിച്ച് വിദേശ മുതൽ മുടക്ക് അസാധ്യമായിരിക്കെ ഇത്തരത്തിലുള്ള ഉന്നത വിദ്യാഭ്യാസ കൗൺസിൽ തീരുമാനം എപ്രകാരം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) വിദേശ സർവ്വകലാശാലകൾ കൊണ്ടുവരാനുള്ള തീരുമാനമെടുക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. അതിനുള്ള പഠനമൊന്നും നടത്തിയിട്ടില്ല.

(ബി) ആഗോള വിദ്യാഭ്യാസ സംഗമത്തിൽ സ്വദേശീയരും വിദേശീയരുമായ വിദ്യാഭ്യാസ വിചക്ഷണർ, അദ്ധ്യാപകർ എന്നിവർ പങ്കെടുത്തിരുന്നു. സംഗമത്തിന്റെ തീരുമാനമായി കോവളം ഡിക്ലറേഷൻ മുഖേന കേന്ദ്ര-സംസ്ഥാന സർക്കാരുകളോടും വിദ്യാർത്ഥി സമൂഹത്തോടും ചർച്ചയിൽ ഉരുത്തിരിഞ്ഞുവന്ന ആശയങ്ങൾ പ്രാവർത്തികമാക്കാൻ അഭ്യർത്ഥിക്കുകയും ചെയ്തു.

(സി) ജനുവരി 29, 30 തീയതികളിൽ തിരുവനന്തപുരത്ത് (കോവളത്ത്) വച്ചാണ് ആഗോള വിദ്യാഭ്യാസ സംഗമം നടന്നത്. ഇത് ഉദ്ഘാടനം ചെയ്തത് പ്രൊഫ. വില്യം ജി. ടേർനിയാണ് (പ്രൊഫസർ ഓഫ് ദി യൂണിവേഴ്സിറ്റി ഓഫ് സതേൺ കാലിഫോർണിയ). മുഖ്യമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും പങ്കെടുത്തില്ല.

(ഡി) ബഹുമാനപ്പെട്ട ഗവർണറെ ക്ഷണിച്ചിരുന്നു. അസൗകര്യം കാരണം അദ്ദേഹത്തിന് വരാൻ കഴിയില്ലെന്ന് അറിയിച്ചിരുന്നു.

(ഇ) യു.കെ., യു.എസ്.എ., ജർമ്മനി, യു.എ.ഇ., ഐർലന്റ്, ഓസ്ട്രേലിയ, ന്യൂസിലാന്റ്, ഒമാൻ, മലേഷ്യ എന്നീ വിദേശ രാജ്യങ്ങളിലെയും യു.എൻ-ന്റെയും പ്രതിനിധികൾ പങ്കെടുത്തു. ഏകദേശം 7,00,000 രൂപ വിദേശികളുടെ യാത്രയ്ക്കും താമസത്തിനും ചെലവഴിച്ചു.

(എഫ്) എല്ലാ വിഭാഗവുമായി ചർച്ച നടത്തിയ ശേഷം മാത്രമേ തീരുമാനമെടുക്കുകയുള്ളൂ.

(ജി) വിദേശ മുതൽമുടക്കിനെപ്പറ്റി ഉന്നത വിദ്യാഭ്യാസ കൗൺസിൽ

തീരുമാനിച്ചിട്ടില്ല. പ്രൈവറ്റ് യൂണിവേഴ്സിറ്റിയുടെ സാധ്യതയെപ്പറ്റി മാത്രമേ കൗൺസിൽ പഠനം നടത്തിയിട്ടുള്ളൂ.

## ഉന്നത/പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ റേറ്റിംഗ്

6 (1048) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ഉന്നത/പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ദേശീയ റേറ്റിംഗ് ഏജൻസികളുടെ റേറ്റിംഗ് നിർബന്ധമാക്കിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം ഉന്നത/പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ദേശീയ റേറ്റിംഗ് ഏജൻസികളുടെ റേറ്റിംഗ് ലഭിച്ചിട്ടുണ്ട്; സ്ഥാപനത്തിന്റെ പേര്, റേറ്റിംഗ് നൽകിയ ഏജൻസി, ലഭിച്ച റേറ്റിംഗ് എന്നിവ തിരിച്ച് വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ ഏതെല്ലാം ഉന്നത/പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) നിർബന്ധമാക്കിയിട്ടില്ല.

(ബി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലെ വിവിധ കോഴ്സുകൾക്ക് നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനായി അതാത് സ്ഥാപനങ്ങൾ അപേക്ഷ നൽകിയിട്ടുണ്ട്. തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിന് കമ്പ്യൂട്ടർ സയൻസ് കോഴ്സ് ഒഴികെയുള്ള എല്ലാ കോഴ്സുകൾക്കും നാഷണൽ ബോർഡ് ഓഫ് അക്രഡിറ്റേഷൻ ലഭ്യമായിട്ടുണ്ട്.

എൽ.ബി.എസ് സെന്ററിനു കീഴിലുള്ള കാസർഗോഡ് എൽ.ബി.എസ് എഞ്ചിനീയറിംഗ് കോളേജിന് 2008 മുതൽ 2011 വരെ എൻ.ബി.എ. റേറ്റിംഗ് ലഭിച്ചിട്ടുണ്ട്. പൂജപ്പുര എൽ.ബി.എസ്. വനിത എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ, കമ്പ്യൂട്ടർ സയൻസ് ആന്റ്

എഞ്ചിനീയറിംഗ് എന്നീ ബിരുദ കോഴ്സുകൾക്ക് 2 വർഷത്തെ താല്ക്കാലിക എൻ.ബി.എ. റേറ്റിംഗ് ഈ വർഷം ലഭിച്ചിട്ടുണ്ട്. UGC-യുടെ കീഴിലുള്ള ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങൾക്ക് നൽകുന്ന NAAC അംഗീകാരം ലഭിച്ച ഈ വകുപ്പിനു കീഴിലുള്ള കോളേജുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് സംസ്ഥാന പദ്ധതി മുഖാന്തരവും കേന്ദ്രാവിഷ്കൃത പദ്ധതിയായ ടെക്യൂപ്പ് II മുഖാന്തരവും ഭൗതിക സാഹചര്യങ്ങളും അനുബന്ധ സൗകര്യങ്ങളും വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

**കോളേജ് അദ്ധ്യാപകർക്ക് എഫ്.ഐ.പി.**

7(1051) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് അദ്ധ്യാപകർക്ക് എഫ്.ഐ.പി. നൽകുന്നതുമായി ബന്ധപ്പെട്ട നിലവിലെ മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) എഫ്.ഐ.പി. നൽകുന്നതിന് റെഗുലറൈസേഷൻ, പ്രൊബേഷൻ എന്നിവ പൂർത്തീകരിക്കണമെന്ന് ഉത്തരവ് നിലവിലുണ്ടോ; പകർപ്പ് ലഭ്യമാക്കാമോ; വിശദവിവരം നൽകുമോ;

(സി) അദ്ധ്യാപകരുടെ റെഗുലറൈസേഷനും പ്രൊബേഷനും വകുപ്പിന്റെ ഭാഗത്തുനിന്നുള്ള അനാസ്ഥമൂലം അനന്തമായി വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇത്തരം കാലതാമസം എഫ്.ഐ.പി. എടുക്കുന്നതിന് തടസ്സമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ അദ്ധ്യാപകരുടെ വീഴ്ചയല്ലാതെയുള്ള കാലതാമസത്തിന് പരിഹാരമായി കോളേജ് വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(എഫ്) ഇല്ലെങ്കിൽ റെഗുലറൈസേഷൻ, പ്രൊബേഷൻ എന്നിവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വകുപ്പുതല നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 3 വർഷം തുടർ സേവനം പൂർത്തിയാക്കിയ സ്ഥിര അദ്ധ്യാപകർക്ക് എഫ്.ഐ.പി. ഡെപ്യൂട്ടേഷന് അപേക്ഷിക്കാൻ അർഹതയുണ്ട്. എന്നാൽ ഇങ്ങനെ വിടുതൽ ചെയ്യുന്ന അദ്ധ്യാപകരുടെ പ്രായപരിധി 50 വയസ് കവിയാൻ പാടില്ല. ഒരു സ്ഥാപനത്തിൽനിന്നും എഫ്.ഐ.പി. ഡെപ്യൂട്ടേഷന് വിടുതൽ ചെയ്യുന്ന അദ്ധ്യാപകർ 20%-ൽ കവിയാൻ പാടില്ല.

(ബി) എഫ്.ഐ.പി. നൽകുന്നതിന് റഗുലറൈസേഷൻ, പ്രൊബേഷൻ എന്നിവ പൂർത്തീകരിക്കണമെന്നുള്ള പ്രത്യേക ഉത്തരവൊന്നും നിലവിലില്ല. എന്നാൽ സ്ഥിര അദ്ധ്യാപകർക്ക് മാത്രമേ എഫ്.ഐ.പി. ഡെപ്യൂട്ടേഷന് അർഹതയുണ്ടായിരിക്കുകയുള്ളൂവെന്ന് യു.ജി.സി.-യുടെ മാർഗ്ഗ നിർദ്ദേശത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

(സി-എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സ്വയംഭരണ കോളേജുകൾ ആരംഭിക്കാൻ പദ്ധതി**

8 (1052) <u>ശ്രീ. ഷാഫി പറമ്പിൽ :</u>
<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :
<u>ശ്രീ. സണ്ണി ജോസഫ് :</u>
<u>ശ്രീ. എ. റ്റി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വയംഭരണ കോളേജുകൾ ആരംഭിക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സർക്കാരിന്റെ ഇടപെടൽ ഇല്ലാതെ എന്നാൽ നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം മികച്ച നിലവാരമുള്ള കോളേജുകൾക്ക് അക്കാഡമിക് സ്വയംഭരണാവകാശം അനുവദിച്ച് പ്രവർത്തന സ്വാതന്ത്ര്യം നല്കുവാനാണ് കോളേജുകൾക്ക് സ്വയംഭരണാവകാശം അനുവദിക്കുന്നതിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്. സ്വയംഭരണ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പദവി ലഭിക്കുന്ന കോളേജുകൾക്ക് പുതിയ കോഴ്സുകൾ തുടങ്ങാനും സിലബസ് രൂപവൽക്കരിക്കാനും പരിഷ്കരിക്കാനും അധികാരമുണ്ടായിരിക്കും. ഇതിലൂടെ പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ച് കാലാനുസൃതമായി നവീനമായ കോഴ്സുകൾ രൂപപ്പെടുത്തുന്നതിന് കോളേജുകൾക്ക് കഴിയും.

(സി) സംസ്ഥാന തലത്തിൽ സ്വയംഭരണത്തിനായുള്ള കോളേജുകൾ തെരഞ്ഞെടുക്കുന്നതിന് യു.ജി.സി.-യുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായ സ്വയംഭരണ അംഗീകാര സമിതി എന്ന പേരിൽ ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സ്വയംഭരണ കോളേജുകളെ സംബന്ധിച്ച് ഒരു പുതിയ അദ്ധ്യായം കേരള, എം.ജി., കാലിക്കറ്റ്, കണ്ണൂർ സർവ്വകലാശാലകളുടെ ആക്ടിൽ ഉൾപ്പെടുത്തി സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ആക്ട്, 2014 പാസ്സാക്കിയിട്ടുള്ളതാണ്. സ്വയംഭരണ അംഗീകാര സമിതി രണ്ടു ഘട്ടങ്ങളിലായി സർവ്വകലാശാലകളോട് ശിപാർശ ചെയ്ത 22 കോളേജുകളിൽ 13 എണ്ണത്തിന് യു.ജി.സി. സ്വയംഭരണ പദവി അനുവദിച്ചിട്ടുണ്ട്.

## സ്പെഷ്യൽ ഓഫീസർമാർക്ക് വേതനം

9 (1054) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ആരംഭിച്ച സർക്കാർ കോളേജുകളിൽ സ്പെഷ്യൽ ഓഫീസർമാരായി അഡീഷണൽ ചാർജ്ജ് നൽകിയവർക്ക് പ്രത്യേക വേതനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) റിട്ടയർ ചെയ്തവരെ സ്പെഷ്യൽ ഓഫീസർമാരായി നിയമിച്ചയിടങ്ങളിൽ ഇവർക്ക് പ്രത്യേകമായി വേതനം നൽകാൻ എന്തു നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഇല്ല.

(ബി) മങ്കട ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിൽ 25-6-2013

മുതൽ 21-11-2013 വരെ സ്പെഷ്യൽ ഓഫീസറായി സേവനമനുഷ്ഠിച്ച ഡോ. എൻ. എം. മാധവന് (റിട്ട പ്രിൻസിപ്പാൾ, ഡയറ്റ്) അദ്ദേഹത്തിന്റെ സ്പെഷ്യൽ ഓഫീസർ സേവനത്തിന് പ്രതിമാസം 20,000 രൂപ (ഇരുപതിനായിരം രൂപ മാത്രം) 20-7-2015-ലെ സ.ഉ.(സാധാ)നമ്പർ 1841/2015/ഉ.വി.വ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നു. താനൂർ, കൊടുവള്ളി സർക്കാർ കോളേജുകളിൽ സ്പെഷ്യൽ ഓഫീസർമാർ ആയിരുന്ന ശ്രീ. വി. പി ബാബു, ശ്രീ. പി. റ്റി. സുലൈമാൻ എന്നിവരുടെ വേതനകാര്യം പരിശോധിച്ചുവരുന്നു.

## പിണറായിയിലെ അപ്ലയ്ഡ് സയൻസ് കോളേജ് കെട്ടിട നിർമ്മാണം

10 (1055) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജക മണ്ഡലത്തിലെ പിണറായിയിൽ പ്രവർത്തിക്കുന്ന അപ്ലയ്ഡ് സയൻസ് കോളേജിന്റെ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടിയുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഇതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പിണറായിയിൽ പ്രവർത്തിക്കുന്ന അപ്ലയ്ഡ് സയൻസ് കോളേജിന്റെ കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ല.

(ബി) കോളേജിനുവേണ്ടി അനുവദിച്ച സ്ഥലം മണ്ണിട്ട് നികത്തിയാൽ മാത്രമേ കെട്ടിട നിർമ്മാണം ആരംഭിക്കാൻ സാധിക്കുകയുള്ളൂ. സ്ഥലം മണ്ണിട്ട് നികത്താൻ അനുമതി ലഭിച്ചാലുടൻതന്നെ സ്ഥലം നികത്തി കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് ഐ.എച്ച്.ആർ.ഡി. ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

## സർക്കാർ കോളേജുകൾ

11 (1057) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാതെ എത്ര സർക്കാർ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാം; ഇതിൽ പുതുതായി ആരംഭിച്ച കോളേജുകൾ എത്ര;

(ബി) സംസ്ഥാനത്ത് സർക്കാർ കോളേജുകളിൽ നിലവിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് അറിയിക്കാമോ; ആകെ തസ്തികകളുടെ എണ്ണമെത്ര; ഒഴിവുള്ള തസ്തികകളുടെ കണക്ക് റവന്യൂ ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) പുതുതായി അനുവദിച്ച സർക്കാർ കോളേജുകളിൽ അദ്ധ്യാപക-അനദ്ധ്യപക തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ; പ്രസ്തുത തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) സ്വന്തമായി കെട്ടിടമില്ലാത്ത 24 സർക്കാർ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. പുതുതായി ആരംഭിച്ച പ്രസ്തുത 24 കോളേജുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ആകെയുള്ള 4846 തസ്തികകളിൽ 682-ഉം സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ആകെയുള്ള 7369 തസ്തികകളിൽ 698 തസ്തികകളും ഒഴിഞ്ഞു കിടക്കുന്നുണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പിൽ അനദ്ധ്യാപക തസ്തികകൾ ജില്ലാടിസ്ഥാനത്തിലും അദ്ധ്യാപക തസ്തികകൾ സംസ്ഥാന തലത്തിലുമാണ് നിയമനം നടത്തുന്നത്. ആയതിന്റെ കണക്ക് റവന്യൂ ജില്ലാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ഒഴിവുള്ള തസ്തികകളുടെ റവന്യൂ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| 1. | തിരുവനന്തപുരം | - | 58 |
| 2. | കൊല്ലം | - | 13 |
| 3. | ആലപ്പുഴ | - | 28 |
| 4. | പത്തനംതിട്ട | - | 19 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

5. കോട്ടയം - 29
6. ഇടുക്കി - 21
7. എറണാകുളം - 28
8. തൃശ്ശൂർ - 31
9. പാലക്കാട് - 29
10. മലപ്പുറം - 32
11. കോഴിക്കോട് - 29
12. വയനാട് - 18
13. കണ്ണൂർ - 26
14. കാസർഗോഡ് - 13

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന ഒഴിവുകളെല്ലാം സ്റ്റേറ്റ് വൈസ് നിയമനങ്ങളാണ്

(സി) പുതുതായി അനുവദിച്ച സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ 471 അദ്ധ്യാപക/പ്രിൻസിപ്പാൾ തസ്തികകളും 364 അനദ്ധ്യാപക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. പുതിയ തസ്തിക സൃഷ്ടിച്ചതുമൂലമുണ്ടായ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകിവരുന്നു. പുതിയ കോളേജുകളുടെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി അത്യാവശ്യ തസ്തികകളിൽ സ്ഥലംമാറ്റം മൂലം നിയമനം നടത്തിയിട്ടുണ്ട്. പുതുതായി സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ ഒന്നുംതന്നെ അനുവദിച്ചിട്ടില്ല. എന്നാൽ സർക്കാർ മേഖലയിൽ ആരംഭിച്ച 6 പോളിടെക്നിക് കോളേജുകൾക്കുവേണ്ടി 6 സീനിയർ ക്ലാർക്ക് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

**അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

12 (1058) <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇപ്രകാരം സ്പെഷ്യൽ എക്സ്പോർട്ട് പ്രോസസിംഗ് സോണുകളിൽ ഐ.എച്ച്.ഇ.ഇസഡ്. സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി അപേക്ഷ നൽകിയിരിക്കുന്നത് ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) വിവിധ അന്താരാഷ്ട്ര സർവ്വകലാശാലകളുടെ കീഴിലുള്ള കോഴ്സുകൾ എവിടെയെല്ലാം എന്ന് മുതൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; ഇതിനകം ഇക്കാര്യത്തിൽ ആരെല്ലാമായി കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഇതിനായി എത്ര രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയത് ; ഇതിനകം ചെലവഴിച്ച തുക എത്രയാണെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) തീരുമാനിച്ചിട്ടില്ല.

(ബി) താഴെ പറയുന്ന സ്ഥാപനങ്ങളാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്.

1. Peermade Development Society
2. Rajagiri Education & Charitable Trust
3. MIMS Academy Trust
4. Charitable Educational and Welfare Society
5. DM Education and Research Foundation
6. Ahalia International Foundation
7. Sree Narayana University Trust
8. Sree Gurudeva Charitable and Educational Trust-Promoters of Sri Vellappally Natesan College of Engineering
9. Nirmala Educational Trust

(സി) ആഗോള വിദ്യാഭ്യാസ സമ്മേളനത്തിൽ ചർച്ചകൾ മാത്രമേ നടത്തിയിട്ടുള്ളൂ. ആരുമായും ഒരു കരാറിലും ഒപ്പ് വച്ചിട്ടില്ല.

(ഡി) ബഡ്ജറ്റിൽ 2 കോടി രൂപ വകയിരുത്തിയിരുന്നു. ആകെ ചെലവ് 55 ലക്ഷം രൂപ ആയിരിക്കുമെന്ന് കണക്കാക്കുന്നു.

## സർവ്വകലാശാല നിയമനങ്ങൾ

13 ([T]1059) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാല നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നിയമനങ്ങൾ കാലതാമസം കൂടാതെ നടത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമനങ്ങൾ നടത്തുന്നതിന് സ്പെഷ്യൽ റൂൾസ് രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) സ്പെഷ്യൽ റൂൾസ് രൂപീകരണം എത്രയും വേഗം പൂർത്തിയാക്കി പി.എസ്.സി. വഴി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചില കൂടുതൽ ചുമതലകൾ നിർവ്വഹിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള ആക്ട് (2015, 18-ാം ആക്ട്) 2015 ഡിസംബർ 15-ാം തീയതി ഗവർണർ അനുമതി നൽകുകയുണ്ടായി.

(ബി) റൂൾസ് രൂപീകരിക്കുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചു വരികയാണ്.

(സി) സ്വീകരിക്കുന്നതാണ്.

## സർവ്വകലാശാല കാമ്പസുകളിൽ നടക്കുന്ന അതിക്രമങ്ങൾ

14 (1060) ശ്രീ. റ്റി. വി. രാജേഷ്
ശ്രീ. ബി. സത്യൻ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(എ) കോളേജുകളിലും സർവ്വകലാശാലകളിലും മറ്റും പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് കാമ്പസുകളിൽ നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) കോഴിക്കോട് സർവ്വകലാശാലാ കാമ്പസിലും ഹോസ്റ്റൽ പരിസരങ്ങളിലും പെൺകുട്ടികൾക്കു നേരെ നടക്കുന്ന അതിക്രമങ്ങൾ സംബന്ധിച്ച് സർവ്വകലാശാല അധികൃതർക്ക് നൽകിയ പരാതിയിൽ അന്വേഷണം നടത്തിയിരുന്നോ; ഏതെല്ലാം തരത്തിലുള്ള അന്വേഷണമാണ് നടത്തിയത്; കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പരാതി നൽകിയ പെൺകുട്ടികൾക്കെതിരെ സർവ്വകലാശാല സെനറ്റ് യോഗം പ്രമേയം പാസാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) സർവ്വകലാശാലാ കാമ്പസിൽ വിദ്യാർത്ഥിനികൾക്കുനേരെ നടക്കുന്ന അതിക്രമങ്ങൾ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഇ) വിദ്യാർത്ഥികൾക്കു നേരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിനും കാമ്പസിലും ഹോസ്റ്റലുകളിലും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അതാതു സർവ്വകലാശാലകൾ പരാതികൾ ലഭിക്കുന്ന മുറയ്ക്ക് അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) അന്വേഷണം നടന്നുവരുന്നു. പരാതിയിൽ സർവ്വകലാശാലയിലെ ആന്റി റാഗിംഗ് കമ്മിറ്റിയും ഇന്റേണൽ കംപ്ലയൻസ് കമ്മിറ്റിയും വിദ്യാർത്ഥി ക്ഷേമ വിഭാഗം ഡീനും ഈ വിഷയവുമായി ബന്ധപ്പെട്ട് നിയമിതമായ സിൻഡിക്കേറ്റ് ഉപസമിതിയും പോലീസും അന്വേഷണം നടത്തിവരുന്നു. കുറ്റക്കാർക്കെതിരെ നടപടിയെടുത്തിട്ടുണ്ട്.

(സി) വിദ്യാർത്ഥിനികൾ ബഹുമാനപ്പെട്ട ചാൻസലർക്ക് നൽകിയ പരാതി വ്യാജമാണോ എന്ന് അന്വേഷിച്ച് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെടുന്ന അടിയന്തരപ്രമേയമാണ് വിദ്യാർത്ഥി പ്രതിനിധി അവതരിപ്പിച്ച് പാസ്സാക്കിയത്.

25-1-2016-ന് ചേർന്ന സിൻഡിക്കേറ്റ് ഈ പ്രമേയത്തിന്മേൽ നടപടികൾ സ്വീകരിക്കാതിരിക്കുവാനും ഇത് അടുത്ത സെനറ്റിൽ റിപ്പോർട്ട് ചെയ്യുവാനും തീരുമാനിച്ചു.

(ഡി&ഇ) കോഴിക്കോട്, എം.ജി തുടങ്ങിയ ചില സർവ്വകലാശാലകളിൽ ഇത്തരത്തിലുള്ള പരാതികൾ ലഭിച്ചിട്ടുണ്ട്. അത്തരത്തിലുള്ള പരാതികളിന്മേൽ കർശനമായ അച്ചടക്ക നടപടികൾ അതാത് സർവ്വകലാശാലകൾ സ്വീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിനായി മിക്ക സർവ്വകലാശാലകളിലും ആന്റി റാഗിംഗ് കമ്മിറ്റി/ആന്റി റാഗിംഗ് സ്ക്വാഡ്/ജെന്റർ ജസ്റ്റിസ് കമ്മിറ്റി/വനിത പരാതി പരിഹാര സെൽ തുടങ്ങിയവ നിലവിലുണ്ട്. കൂടാതെ കുസാറ്റ്, ശ്രീശങ്കരാചാര്യ തുടങ്ങിയ സർവ്വകലാശാലകളിൽ വനിത സെക്യൂരിറ്റി ഗാർഡുകളുൾപ്പെടെ നല്ലൊരു സെക്യൂരിറ്റി സംവിധാനം കാമ്പസ്സിനകത്ത് പ്രവർത്തിക്കുന്നുണ്ട്.

## കമ്മ്യൂണിറ്റി കോളേജുകൾ ആരംഭിക്കുന്നത്

15 (1061) <u>ശ്രീ. ബെന്നി ബെഹനാൻ</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. വർക്കല കഹാർ</u> :
<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കമ്മ്യൂണിറ്റി കോളേജുകൾ ആരംഭിക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പഠനത്തോടൊപ്പം തൊഴിൽ പരിശീലനവും നൽകുക, അതുവഴി തൊഴിൽ രഹിതരായ യുവാക്കളെ ശാക്തീകരിക്കുക എന്നതാണ് ഈ പദ്ധതിയുടെ

ലക്ഷ്യം.

(സി) യു.ജി.സി.-യുടെയും AICTE-യുടെയും ധനസഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ആറ്റിങ്ങൽ, പെരിന്തൽമണ്ണ, കോട്ടയം, തൃശ്ശൂർ, ശ്രീ നീലകണ്ഠ ഗവൺമെന്റ് സംസ്കൃത കോളേജ് പട്ടാമ്പി എന്നീ ഗവൺമെന്റ് കോളേജുകളിലും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള ആറ്റിങ്ങൾ, കോട്ടയം, തൃശ്ശൂർ, പെരിന്തൽമണ്ണ, ഷൊർണ്ണൂർ എന്നിവിടങ്ങളിലെ പോളിടെക്നിക് കോളേജുകളിലും കേന്ദ്രാവിഷ്കൃത പദ്ധതിയായ കമ്മ്യൂണിറ്റി കോളേജ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2014-15 വർഷത്തെ ബഡ്ജറ്റിൽ ഈ പദ്ധതിക്കായി തുക വകയിരുത്തിയിരുന്നു. എന്നാൽ സർക്കാർ പോളിടെക്നിക്കിലെ ഉപയോഗിക്കാത്ത അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് സമീപ പ്രദേശത്തെ വ്യവസായ സ്ഥാപനങ്ങളുമായി സഹകരിച്ച് പാഠ്യക്രമവും പാഠ്യ പദ്ധതിയും രൂപീകരിച്ച് തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തുന്നതിന് കേന്ദ്ര സർക്കാരിൽനിന്ന് ഫണ്ട് ലഭിച്ചു. 2014 ജൂലായ് മുതൽ ക്ലാസ്സുകൾ ആരംഭിച്ചു. പദ്ധതിക്ക് കേന്ദ്രസർക്കാർ നേരിട്ട് ഫണ്ട് അതാത് കോളേജ് പ്രിൻസിപ്പാൾമാർക്ക് നൽകിവരുന്നു. ആയതിനാൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുള്ള ബഡ്ജറ്റ് വിഹിതത്തിൽനിന്നും തുകയൊന്നും ചെലവായിട്ടില്ല. ഈ പദ്ധതിയുടെ ഭാഗമായി 19-9-2015 മുതൽ 1-11-2015 വരെ ഫ്ളോറിഡ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയും സാന്റാഫി കോളേജും സംയുക്തമായി സംഘടിപ്പിച്ച കമ്മ്യൂണിറ്റി കോളേജ് അഡ്മിനിസ്ട്രേറ്റേഴ്സ് പ്രോഗ്രാം വിത്ത് ഇന്ത്യ എന്ന പരിപാടിക്ക് കേരളത്തിൽനിന്നും രണ്ട് ഉദ്യോഗസ്ഥരെ ട്രെയിനിംഗിനായി നിയോഗിച്ചിരുന്നു. ഗവൺമെന്റ് കോളേജുകളിൽ സ്റ്റേറ്റ് നോഡൽ ഓഫീസറായി ശ്രീ. സി. രാജശേഖരൻ പിള്ളയെ നിയമിച്ചിട്ടുണ്ട്.

## വിദ്യാഭ്യാസ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

16 (1062) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദ്യാഭ്യാസ വകുപ്പ് മുഖേന തിരൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും, ഓരോ പദ്ധതിക്കും ഇതുവരെ ചെലവഴിച്ച തുക എത്ര വീതമാണെന്നും ലഭ്യമാക്കുമോ?

<u>ഉത്തരം</u>

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ സംസ്ഥാനാടിസ്ഥാനത്തിലുള്ള വിവിധ പദ്ധതികളിൽ തിരൂർ മണ്ഡലത്തിലെ സർക്കാർ സ്കൂളുകളും ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ, തിരൂർ മണ്ഡലത്തിലെ ഹയർ സെക്കണ്ടറി സ്കൂളുകളുടെ ടോയ്‌ലെറ്റുകളുടെ നിർമ്മാണത്തിനായി 2012-13-ൽ 10 ലക്ഷം രൂപയും യൂറിനൽ, കുടിവെള്ള സൗകര്യം എന്നിവയ്ക്കായി 5.8 ലക്ഷം രൂപയും ലബോറട്ടറി ഉപകരണങ്ങളുടെ വിതരണത്തിനായി 2014-15-ൽ 6 ലക്ഷം രൂപയും ഹയർ സെക്കണ്ടറി വകുപ്പ് ചെലവഴിച്ചിട്ടുണ്ട്. ചെട്ടിയാംകിണർ സർക്കാർ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിന് കെട്ടിട നിർമ്മാണത്തിനായി 100 ലക്ഷം രൂപ 2012-13 സാമ്പത്തിക വർഷത്തിൽ വൊക്കേഷണൽ ഹയർസെക്കണ്ടറി വകുപ്പ് അനുവദിച്ചിട്ടുണ്ട്. സ്കൂൾ ഗ്രാന്റ്, സയൻസ് കിറ്റ്, സ്പോർട്സ് കിറ്റ്, കലോത്സവം, മൈനർ മെയിന്റനൻസ് തുടങ്ങിയവയ്ക്കായി 19.95 ലക്ഷം രൂപ രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ മുഖേന തിരൂർ മണ്ഡലത്തിലെ സ്കൂളുകളിൽ ചെലവാക്കിയിട്ടുണ്ട്. സർവ്വശിക്ഷാ അഭിയാൻ പദ്ധതി മുഖേന സൗജന്യ യൂണിഫോം വിതരണം, സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം, സ്കൂൾ ഗ്രാൻറ്, ലൈബ്രറി ഗ്രാന്റ്, ലബോറട്ടറി ഗ്രാന്റ് എന്നിവയുൾപ്പെടെയുള്ള വിവിധ ഘടകങ്ങൾക്കായി 389.24 ലക്ഷം രൂപ വിനിയോഗിക്കുകയുണ്ടായി. സാക്ഷരതാ മിഷൻ സംസ്ഥാനാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന അക്ഷരലക്ഷം (രണ്ടാം ഘട്ടം), അതുല്യം (രണ്ടാം ഘട്ടം) എന്നീ പദ്ധതികളിൽ തിരൂർ മണ്ഡലവും ഉൾപ്പെട്ടിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിനെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

## ഓൾ പാസ്സ് സമ്പ്രദായം

17 (1063) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ "ഓൾ പാസ്സ് " സമ്പ്രദായം നിർത്തലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) വിദ്യാഭ്യാസ വകുപ്പ് കേന്ദ്ര മാനവ വിഭവശേഷി വകുപ്പിനോട് ഇതു സംബന്ധിച്ച് ആവശ്യം ഉന്നയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) പരിഗണനയിലില്ല.

(ബി) RTE ആക്ട് 2009-ലെ നോ ഡിറ്റൻഷൻ വ്യവസ്ഥ പുനഃപരിശോധിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം ആവശ്യപ്പെട്ടതനുസരിച്ച് സംസ്ഥാനം പാസ്സ്-ഫെയിൽ സമ്പ്രദായത്തിനെ അനുകൂലിക്കുന്നതായി റിപ്പോർട്ട് നൽകിയിട്ടുണ്ട്.

## സൗജന്യ യൂണിഫോം പദ്ധതി

18 (1064) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം നൽകുന്ന പദ്ധതി നിലവിലുണ്ടോ; ഈ പദ്ധതി പ്രഖ്യാപിച്ചത് ഏത് വർഷം മുതലാണ്; ലക്ഷ്യം വിശദമാക്കാമോ;

(ബി) ഏത് വർഷമാണ് അവസാനമായി പദ്ധതി നടപ്പിലാക്കിയതെന്ന് അറിയിക്കുമോ ; പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം വന്നിട്ടുണ്ടെങ്കിൽ അതിന്റെ കാരണം അറിയിക്കുമോ;

(സി) പ്രസ്തുത ആനുകൂല്യം ലഭിക്കാനുള്ള മാനദണ്ഡം എന്തൊക്കെയെന്നും ഓരോ വിദ്യാർത്ഥിക്കുംവേണ്ടി എന്ത് തുകയാണ് ചെലവഴിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) യൂണിഫോമിനായി നൽകുന്ന തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുണ്ട്. 2012-13 മുതൽ എസ്.എസ്.എ. പദ്ധതി പ്രകാരം സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് നൽകിവരുന്ന സൗജന്യ യൂണിഫോം അതേ കാറ്റഗറിയിൽപ്പെട്ട എയ്ഡഡ് മേഖലയിലെ കുട്ടികൾക്കുകൂടി അനുവദിച്ച് 29-5-2013-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 177/2013/പൊ.വി.വ. പ്രകാരം സർക്കാർ തീരുമാനിക്കുകയുണ്ടായി. പൊതു വിദ്യാഭ്യാസ മേഖലയിൽ

ഒന്നാം ക്ലാസ്സ് മുതൽ എട്ടാം ക്ലാസ് വരെയാണ് യൂണിഫോം വിതരണം ചെയ്യുന്നത്. ഇതിൽ ഗവ./എയ്ഡഡ് സ്കൂളുകളിൽ ഒന്നു മുതൽ എട്ട് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന എ.പി.എൽ. വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ യൂണിഫോം വിതരണം ചെയ്യാനാണ് 2013-ൽ തീരുമാനമെടുത്തത്.

(ബി) 2013 മുതൽ എല്ലാ വർഷവും യൂണിഫോം വിതരണം നടത്തുന്നുണ്ട്. ഈ അദ്ധ്യയന വർഷവും യൂണിഫോം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(സി) പൊതു വിദ്യാഭ്യാസ മേഖലയിൽ ഒന്നാം ക്ലാസ്സ് മുതൽ എട്ടാം ക്ലാസ്സ് വരെയാണ് യൂണിഫോം വിതരണം ചെയ്യുന്നത്. ഇതിൽ ഗവ./എയ്ഡഡ് സ്കൂളുകളിൽ ഒന്നു മുതൽ എട്ടു വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ള ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യ യൂണിഫോം വിതരണം നടത്തുവാനാണ് തീരുമാനമെടുത്തത്. ഓരോ വിദ്യാർത്ഥിക്കും 2 ജോഡി യൂണിഫോമിനായി 400 രൂപയാണ് അനുവദിച്ചിട്ടുള്ളത്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**ഗസ്റ്റ് അദ്ധ്യാപകരുടെ ദിവസ വേതന കുടിശ്ശിക**

19 (1065) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറവൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ പുതുതായി അനുവദിച്ച ഹയർ സെക്കണ്ടറി വിഭാഗത്തിൽ നിലവിൽ എത്ര താല്ക്കാലിക അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട്; ഇവർ ഓരോരുത്തരും എത്ര കാലമായി ഇവിടെ ജോലി ചെയ്യുന്നു;

(ബി) ഇവർക്ക് എത്ര മാസത്തെ ദിവസ വേതനമാണ് നൽകാൻ കുടിശ്ശികയുള്ളത്;

(സി) ഇവർക്ക് ദിവസവേതനം നൽകുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ; ഇവരുടെ വേതനം അടിയന്തരമായി നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 11 പേർ. 7 അദ്ധ്യാപകർ 27-8-2014 മുതൽ 28-2-2015 വരെയും 4 അദ്ധ്യാപകർ 2-6-2015 മുതലും ജോലി ചെയ്തിരുന്നു.

(ബി) ഒന്നാം വർഷം 7 മാസത്തെ കുടിശ്ശികയും രണ്ടാം വർഷം 9 മാസത്തെ

കുടിശ്ശികയും.

(സി) ടി അദ്ധ്യാപകരുടെ ശമ്പള ബിൽ ആലപ്പുഴ ജില്ലാ ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ട്.

**പ്രതിപക്ഷ നേതാവിനെതിരെയുള്ള ആരോപണം**

20 (1067) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി.-യെ സംബന്ധിച്ച് പ്രതിപക്ഷ നേതാവിനെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി രൂപീകരിച്ച നിയമസഭ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) സമിതിയുടെ പ്രധാന നിഗമനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) സമിതിയുടെ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) സമിതിയുടെ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സമിതിയുടെ പ്രധാന നിഗമനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) നിയമസഭാ സമിതിയുടെ നിഗമനങ്ങളിൽ പരാമർശിക്കുന്ന (1), (3) വിഷയങ്ങൾ ക്ലബ്ബ് ചെയ്ത് ഒരു വിജിലൻസ് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ വിജിലൻസ് വകുപ്പിൽനിന്നും വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. സമിതിയുടെ 2-ാം നിഗമനത്തിന്മേൽ നടപടി സ്വീകരിച്ചുവരുന്നു. സ്പേസ് എന്ന സ്ഥാപനത്തെപ്പറ്റിയുള്ള ആരോപണം തെറ്റാണെന്ന് സമിതി കണ്ടെത്തിയതിനാൽ സമിതിയുടെ 4-ാം നിഗമനത്തിൽ നടപടി ആവശ്യമില്ലായെന്നും തീരുമാനിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ഈ വിഷയം സംബന്ധിച്ച് സർക്കാർ നിർദ്ദേശാനുസരണം വി.ഇ.2/2012/എസ്.ഐ.യു II എന്ന നമ്പരിൽ അന്വേഷണം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ വി.സി.01/15/എസ്.ഐ.യു II എന്ന വിജിലൻസ് കേസ് 20-4-2015-ൽ രജിസ്റ്റർ ചെയ്യുകയുണ്ടായി. കേസ് അന്വേഷണം പുരോഗമിച്ചുവരുന്നു. വി.ഇ.1/2012/എസ്.ഐ.യു II എന്ന നമ്പരായി മറ്റൊരു വിജിലൻസ് അന്വേഷണവും നടന്നുവരുന്നു.

**മലക്കപ്പാറ ജി.യു.പി. സ്കൂൾ**

21 (1068) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ആതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ആദിവാസി മേഖലയിൽ ഉൾപ്പെട്ട മലക്കപ്പാറ ജി.യു.പി.എസിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും, സ്കൂൾ വിദ്യാർത്ഥികൾക്കായി ഹോസ്റ്റൽ, ക്ലാസ്സ് റൂമുകൾ എന്നിവ നിർമ്മിക്കുന്നതടക്കമുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ;

(ബി) 2016-17 വർഷത്തെ ബജറ്റിൽ ഇതിനായി ആവശ്യമായ തുക അനുവദിക്കുന്നതിനും ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2015-16 വർഷത്തിൽ ജി.യു.പി. സ്കൂൾ മലക്കപ്പാറയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് SSA മുഖേന 2,00,000 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) SSA നടപടി സ്വീകരിച്ചിട്ടുണ്ട്.

**വിജിലൻസ് പരിശോധന**

22(1069) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വിഭാഗം കോഴിക്കോട് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ നടന്ന വിജിലൻസ് പരിശോധനയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ കാര്യങ്ങളാണ് വിജിലൻസ് കണ്ടെത്തിയതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) റിപ്പോർട്ടിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു

കൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഓഫീസിൽ ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഓഫീസിനെക്കുറിച്ച് ഉയർന്നുകൊണ്ടിരിക്കുന്ന ആരോപണങ്ങൾ ഡയറക്ടർ നേരിട്ട് അന്വേഷിച്ച് ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ടി ഓഫീസിൽ ഫയലുകൾ കൈകാര്യം ചെയ്യുന്നതിലുണ്ടായ കാലതാമസവും മറ്റ് അപാകതകളുമാണ് പ്രധാനമായും വിജിലൻസ് റിപ്പോർട്ടിലെ ഉള്ളടക്കം. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) റിപ്പോർട്ട് പ്രകാരം നടപടിക്ക് ശിപാർശ ചെയ്തിട്ടുള്ള 14 ഉദ്യോഗസ്ഥർക്കെതിരെയുള്ള കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും തയ്യാറാക്കി വരുന്നു.

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

**അദ്ധ്യാപകരുടെ നിയമനം**

23 (1070) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എൽ.പി., യു.പി., ഹൈസ്കൂൾ വിഭാഗം അദ്ധ്യാപകരുടെ നിയമനം സംബന്ധിച്ച് ഇപ്പോൾ ഉണ്ടായിട്ടുള്ള കോടതി വിധിയുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതുമായി ബന്ധപ്പെട്ട് സർക്കാർ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 17-12-2015-ലെ WP(C) നമ്പർ 19008/13 തുടങ്ങിയ അന്യായങ്ങളിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 29-1-2016-ലെ സ.ഉ.(പി) നമ്പർ 29/16/പൊ.വി.വ പ്രകാരം നിർദ്ദേശങ്ങൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത വിധിക്കെതിരെ സർക്കാർ ബഹുമാനപ്പെട്ട കോടതിയിൽ ഫയൽ ചെയ്യാനുദ്ദേശിക്കുന്ന അപ്പീലിനു വിധേയമായാണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*)

**വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകൽ**

24 (1071) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹൈസ്കൂൾ, യു.പി തലത്തിൽ ഉള്ളതിനേക്കാൾ എൽ.പി. തലത്തിൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോകൽ നിരക്ക് കൂടുതലാണെന്ന പഠനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്താണ് ഇതിന്റെ കാരണമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ഇപ്രകാരം കൊഴിഞ്ഞുപോയ വിദ്യാർത്ഥികളെ കണ്ടെത്തി സ്കൂളുകളിൽ പുനഃപ്രവേശിപ്പിക്കുന്നതിനും വിദ്യാഭ്യാസം തുടരുന്നതിന് സഹായിക്കുന്നതിനുമായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇപ്രകാരമൊരു പദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ആദിവാസി/തീരദേശ മേഖലയിലെ സ്കൂളുകളിൽ വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) സാമൂഹ്യനീതി വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും എസ്.എസ്.എ.-യുടെയും സഹകരണത്തോടെ വിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിൽ ഇത്തരം കുട്ടികളെ കണ്ടെത്തുന്നതിനും തിരികെ സ്കൂളിൽ എത്തിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഐ.ഡി.എം.ഐ. ഫണ്ട്

25 (1072) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മദ്രസകൾക്കുമായി കേന്ദ്രസർക്കാർ പദ്ധതിയായ ഐ.ഡി.എം.ഐ.-യിൽ നിന്നും 2010-11 മുതൽ എന്ത് തുക വീതം ലഭിച്ചിട്ടുണ്ടെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) 2014-15 വർഷത്തിൽ പ്രസ്തുത ഫണ്ട് ലഭിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭിച്ച തുക സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.* മദ്രസകൾക്ക് ഐ.ഡി.എം.ഐ. പദ്ധതി പ്രകാരം ഗ്രാന്റ് അനുവദിക്കുന്നില്ല.

(ബി) 2014-15 വർഷം 274 സ്ഥാപനങ്ങളുടെ പ്രൊപ്പോസൽ എം.എച്ച്.ആർ.ഡി-ക്ക് സമർപ്പിച്ചിരുന്നെങ്കിലും ഇവയെല്ലാംതന്നെ പദ്ധതി നിഷ്കർഷിക്കുന്ന മാനദണ്ഡം പാലിച്ചിട്ടില്ലാത്തതിനാൽ എം.എച്ച്.ആർ.ഡി. ഗ്രാന്റിന് പരിഗണിച്ചിട്ടില്ല. ഇവയിൽ ഗ്രാന്റിന് യോഗ്യതയുള്ള 70 സ്ഥാപനങ്ങളുടെ അപാകത പരിഹരിച്ച് എം.എച്ച്.ആർ.ഡി.-ക്ക് ശിപാർശ ചെയ്തിട്ടുണ്ട്.

## സി-ആപ്റ്റ് എം.ഡി. നടത്തിയ ക്രമക്കേടുകൾ

26 (1073) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ആപ്റ്റ് എം.ഡി. സ്ഥാനത്ത് നിന്നും സജിത് വിജയരാഘവനെ സസ്പെന്റ് ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനിടയാക്കിയ സാഹചര്യം വിശദമാക്കാമോ;

(സി) സി-ആപ്റ്റ് എം.ഡി. ഏതെല്ലാം തരത്തിലുള്ള ക്രമക്കേടുകൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടത്തിയെന്നാണ് വിജിലൻസും ധനകാര്യ പരിശോധന വിഭാഗവും കണ്ടെത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) സി-ആപ്റ്റ്. എം.ഡി.-യുടെ ചുമതല നിലവിൽ ആർക്കാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വി.ഇ.03/14/എസ്.ഐ.യു-II നമ്പറായി നടത്തിയ വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടറായിരുന്ന പ്രൊ. സജിത് വിജയരാഘവനെ 1-1-2016 തീയതിയിലെ ജി.ഒ. (ആർറ്റി.) 02/2016/വി.ജി. നമ്പർ ഉത്തരവ് പ്രകാരം സസ്പെന്റ് ചെയ്യുകയുണ്ടായി. (അനുബന്ധം I*)

(സി) ലോട്ടറി ടിക്കറ്റുകൾക്ക് നമ്പറും ബാർകോഡും രേഖപ്പെടുത്താനുള്ള വേരിയബിൾ ഡാറ്റാ പ്രിന്റർ വാടകയ്ക്കെടുത്തതിലും ബാർ കോഡിംഗ്, ചെന്നൈയിലെ അൻസലാ കമ്പനിക്ക് ഉയർന്ന നിരക്കിൽ കരാർ നൽകിയ ഇനത്തിൽ സി-ആപ്റ്റിന് 1,36,05,442 (ഒരു കോടി മുപ്പത്തിയാറ് ലക്ഷത്തി അയ്യായിരത്തി നാനൂറ്റി നാൽപ്പത്തിരണ്ട് രൂപ മാത്രം) നഷ്ടം വരുത്തിയതിലും ടി നഷ്ടം നികത്തുന്നതിലേക്കായി ലോട്ടറി വകുപ്പിന് നൽകിയ ഇൻവോയിസിലെ ബിൽ തുക ഒരു ടിക്കറ്റിന് 32 പൈസ എന്ന നിരക്കിനു പകരമായി 37 പൈസയായി അധിക തുക ഈടാക്കുകയും തൽഫലമായി നികുതി ഇനത്തിൽ ഒടുക്കിയ 4.53 ലക്ഷം രൂപ തിരിച്ചുപിടിക്കാൻ സാധിച്ചില്ല എന്നതുമാണ് വിജിലൻസിന്റെ കണ്ടെത്തൽ. പാഠപുസ്തക അച്ചടിയുമായി ബന്ധപ്പെട്ട് സുതാര്യമല്ലാതെയും ചട്ടവിരുദ്ധമായും ഒരു പ്രത്യേക സ്ഥാപനത്തിന് സഹായകരമായ രീതിയിലും ടെണ്ടർ നടപടികൾ സ്വീകരിച്ചതിൽ എം.ഡി.യുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചകൾ സംഭവിച്ചു എന്നതാണ് ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ കണ്ടെത്തൽ.

(ഡി) എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി രജിസ്ട്രാർ ഡോ. ജി. പി. പത്മകുമാറിനാണ് സി-ആപ്റ്റ് എം.ഡി.യുടെ മുഴുവൻ അധിക

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ചുമതല നൽകിയിരിക്കുന്നത്. (അനുബന്ധം -II*)

## യു.പി. സ്കൂൾ അസിസ്റ്റന്റ് നിയമനം

27(1074) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ യു.പി. സ്കൂൾ അസിസ്റ്റന്റ് (മലയാളം മീഡിയം) തസ്തിക നിർണയത്തിനുള്ള അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം സംബന്ധിച്ച പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; തീയതി സഹിതം വിശദാംശം നൽകുമോ; അതനുസരിച്ച് അദ്ധ്യാപകരെ പുനർവിന്യാസം നടത്തിയിട്ടുണ്ടോ; പ്രസ്തുത തസ്തികയിലേക്ക് ടി കാലയളവിലേക്കുള്ള തസ്തിക നിർണ്ണയം പൂർത്തിയാക്കാൻ എത്ര സമയം വേണ്ടി വരും എന്ന് അറിയിക്കാമോ;

(ബി) യു.പി. സ്കൂൾ അസിസ്റ്റന്റ് (മലയാളം മീഡിയം) തസ്തികയിലേക്ക് തിരുവനന്തപുരം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും 2-1-2015-ന് ശേഷം നേരിട്ടോ, ബൈട്രാൻസ്ഫർ മുഖേനയോ പ്രൊമോഷൻ മുഖേനയോ നിയമനം നടത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത ഓഫീസിൽ 2-1-2015-ന് റിപ്പോർട്ട് ലഭ്യമാക്കിയ എൻ. ജെ. ഡി. (മുസ്ലീം) ഒഴിവ് നികത്തുന്ന കാര്യത്തിൽ നിലനിൽക്കുന്ന സാങ്കേതിക തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) 2014-15-ലെ തസ്തിക നിർണ്ണയം നടത്തുന്നതിന് മുമ്പ് നിലവിലിരുന്ന മുസ്ലിം സംവരണ ഒഴിവ് നികത്തുന്നത് തടഞ്ഞുകൊണ്ട് ഏതെങ്കിലും നിയമങ്ങളോ, ചട്ടങ്ങളോ, കോടതി ഉത്തരവുകളോ, സർക്കുലറുകളോ, ഓഫീസ് ഓർഡറോ എന്തെങ്കിലും നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) ഇല്ലെങ്കിൽ 2-1-2015-ന് തിരുവനന്തപുരം ഡി.ഡി.ഇ. ഓഫീസിൽ ലഭ്യമായ DTB(2)927/09 തീയതി 26-12-2014-ലെ നിയമന ശിപാർശ പ്രകാരം ടി ഉദ്യോഗാർത്ഥിയുടെ നിയമനം തടഞ്ഞുവച്ചിരിക്കുന്നത് എന്തടിസ്ഥാനത്തിലാണ് വിശദാംശം നൽകുമോ;

(എഫ്) എങ്കിൽ ടി ഉദ്യോഗാർത്ഥിക്ക് എന്നത്തേക്ക് നിയമനം നൽകാൻ

കഴിയും എന്നറിയാക്കാമോ?

<u>ഉത്തരം</u>

(എ) 29-1-2016-ലെ സ.ഉ. (പി) നമ്പർ 29/16/പൊ.വി. സർക്കാർ ഉത്തരവിൽ തസ്തിക നിർണ്ണയത്തിനുള്ള അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം സംബന്ധിച്ച പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ജില്ല/ഉപജില്ല വിദ്യാഭ്യാസ ഓഫീസുകൾ വഴി ജില്ലയിലെ തസ്തിക നിർണ്ണയ നടപടികൾ നടന്നുവരുന്നു.

(ബി) ഇല്ല.

(സി) 2014-15-ലെ തസ്തിക നിർണ്ണയ പ്രകാരം നിലവിൽ 136 അദ്ധ്യാപകർ തസ്തിക നഷ്ടപ്പെട്ട് അധികമായി നിലനിൽക്കുന്നുണ്ട്. ഇക്കാരണത്താലാണ് നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് നിയമനം വൈകുന്നത്.

(ഡി) നിയമനം തടഞ്ഞുകൊണ്ട് ഉത്തരവുകൾ ഒന്നും തന്നെ നിലവിലില്ല.

(ഇ) 2014-15-ന് മുമ്പ് നിലവിലുണ്ടായിരുന്ന ഒഴിവ് 2014-15-ലെ തസ്തിക നിർണ്ണയ പ്രകാരം നഷ്ടപ്പെട്ട സാഹചര്യത്തിലാണ് നിയമനം നൽകാൻ സാധിക്കാത്തത്.

(എഫ്) 29-1-2016-ലെ സ.ഉ. (പി) നമ്പർ 29/2016/പൊ.വി.വ സർക്കാർ ഉത്തരവ് പ്രകാരം തസ്തിക നിർണ്ണയം നടത്തി അധികം വരുന്ന അദ്ധ്യാപകരെ പുനർവിന്യസിച്ചതിനുശേഷം ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് ടി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാൻ കഴിയും.

**ബി.ആർ.സി. ട്രെയിനർമാരുടെ സ്ഥലംമാറ്റം**

28(1075) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പ്രൊട്ടക്ടഡ് അദ്ധ്യാപകരാണ് ബി.ആർ.സി- കളിൽ ട്രെയിനർമാരായി ഇപ്പോൾ നിലവിൽ ഉള്ളത്; ഇവരുടെ സ്ഥലംമാറ്റം സംബന്ധിച്ച്

എന്തെങ്കിലും ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഈ ഉത്തരവ് പ്രകാരം ട്രാൻസ്ഫർ ചെയ്തവരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പത്തനംതിട്ട ജില്ലയിൽ 21-1-2015-ൽ ട്രെയിനർമാരെ ജില്ലാ പ്രോജക്ട് ഓഫീസർ ഏത് ഉത്തരവ് പ്രകാരമാണ് സ്ഥലം മാറ്റിയത്; അടിയന്തരമായി ഇവരെ സ്ഥലം മാറ്റാനുണ്ടായ കാരണം വ്യക്തമാക്കാമോ; ഇവരിൽ നിന്നും ട്രാൻസ്ഫർ അപേക്ഷ ക്ഷണിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(സി) 2003-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം വിന്യസിക്കപ്പെട്ട എയ്ഡഡ് സ്കൂളിലെ അദ്ധ്യാപകരെ ട്രാൻസ്ഫർ ചെയ്തപ്പോൾ ഇവർ ശമ്പളം വാങ്ങുന്ന ബന്ധപ്പെട്ട സ്കൂളുകൾക്ക് സ്ഥലംമാറ്റ ഉത്തരവ് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) അദ്ധ്യയന വർഷത്തിന്റെ അവസാനം ജില്ലാ പ്രോജക്ട് ഓഫീസർ ഇറക്കിയ സ്ഥലമാറ്റ ഇത്തരവിന് ഏതെങ്കിലും സർക്കാർ ഉത്തരവിന്റെ പിൻബലമുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 46 സംരക്ഷിത അദ്ധ്യാപകർ ബി.ആർ.സി.കളിൽ ട്രെയിനർമാരായി നിലവിൽ പ്രവർത്തിക്കുന്നുണ്ട്. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ ഇവരുടെ സ്ഥലംമാറ്റം സംബന്ധിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്. ട്രാൻസ്ഫർ ചെയ്തവരുടെ വിശദാംശം ജില്ലതിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ കത്ത് നമ്പർ എ 3-4482/2015/ എസ്.എസ്.എ. തീയതി 12-5-2015 പ്രകാരമാണ് സ്ഥലം മാറ്റം നൽകിയത്. എസ്.എസ്.എ-യുടെ പ്രവർത്തനങ്ങളിൽ സംരക്ഷിത അദ്ധ്യാപകർ സജീവമായി ഇടപെടുന്നില്ലായെന്ന ബി.പി.ഒ.-മാരുടെ റിപ്പോർട്ടുകൾ പ്രകാരവും 2003 മുതൽ നാളിതുവരെ ഒരേ ബി.ആർ.സി.-യിൽ തുടരുന്നതായുള്ള കാരണത്താലുമാണ്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സ്ഥലംമാറ്റ ഉത്തരവ് നൽകിയിട്ടുള്ളത്. അവരിൽ നിന്നും അപേക്ഷ സ്വീകരിച്ചതിനുശേഷമാണ് അവർക്ക് സൗകര്യപ്രദമായ ബി.ആർ.സി.കൾ നൽകിയത്.

(സി) സ്ഥലംമാറ്റ ഉത്തരവിന്റെ പകർപ്പ് എ.ഇ.ഒ.-മാർക്കും സ്കൂൾ അധികൃതർക്കും നൽകിയിട്ടുണ്ട്.

(ഡി) ഭരണപരമായ സൗകര്യാർത്ഥം എസ്.എസ്.എ. പ്രോജക്ടിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കായി ജില്ലയ്ക്കുള്ളിൽ പരാതിക്ക് ഇടം നൽകാതെ സ്ഥലം മാറ്റം നടത്തുന്നതിന് സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, ജില്ലാ പ്രോജക്ട് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

### ഗവ. യു.പി. സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തണമെന്ന ആവശ്യം

29(1076) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മൂളിയാർ പഞ്ചായത്തിൽ 1926 മുതൽ പ്രവർത്തിച്ചുവരുന്ന പൊവ്വൽ ഗവ. യു.പി. സ്കൂൾ (പൊവ്വൽ മൂളിയാർ - മാപ്പിള യു.പി. സ്കൂൾ) ഹൈസ്കൂളാക്കി ഉയർത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഇതു സംബന്ധിച്ച് സ്ഥലം എം.എൽ.എ-യും നാട്ടുകാരും തന്നിട്ടുള്ള നിവേദനങ്ങളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ബഹു. കാസർഗോഡ് എം.എൽ.എ. ശ്രീ. എൻ. എ. നെല്ലിക്കുന്ന് സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് വിദ്യാഭ്യാസ ഉപഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടില്ല. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ സമർപ്പിക്കപ്പെട്ട ഒരു കൂട്ടം ഹർജികളിന്മേൽ 18-6-2015-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി

പുറപ്പെടുവിച്ച വിധി ന്യായത്തിൽ സംസ്ഥാനത്തെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതു സംബന്ധിച്ച് സ്കൂൾ മാപ്പിംഗിന്റെ അടിസ്ഥാനത്തിൽ സർക്കാർ നയപരമായ തീരുമാനം കൈക്കൊള്ളുകയും അത്തരത്തിൽ അപ്ഗ്രഡേഷൻ ആവശ്യമുള്ള പക്ഷം വിജ്ഞാപനം പുറപ്പെടുവിച്ച് തുടർനടപടികൾ സ്വീകരിക്കണമെന്നും അതുവരെ സ്കൂളുകളുടെ അപ്ഗ്രഡേഷൻ സംബന്ധിച്ച വിഷയം പരിഗണിക്കരുതെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിരുന്നു. പ്രസ്തുത വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ സ്കൂൾ മാപ്പിംഗ് പൂർത്തിയായശേഷം പൊതു വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെയും സർക്കാരിന്റെ നയപരമായ തീരുമാനം അനുസരിച്ചും മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## സി.ബി.എസ്.ഇ. വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റിൽ ജാതി രേഖപ്പെടുത്തൽ

30(1077) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ബി.എസ്.ഇ. വിദ്യാർത്ഥികളുടെ 12-ാം ക്ലാസ് സർട്ടിഫിക്കറ്റിൽ ജാതി രേഖപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് നിയമസഭാംഗങ്ങളിൽ നിന്നുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന് കത്തെഴുതിയിട്ടുണ്ടോ; അതിന്റെ പൂർണ്ണ വിവരം ലഭ്യമാക്കുമോ; ഇക്കാര്യത്തിൽ അടിയന്തരമായി തീരുമാനമുണ്ടാകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) 10-12-2014-ൽ ബഹു. കാസർഗോഡ് എം.എൽ.എ ശ്രീ. എൻ.എ. നെല്ലിക്കുന്ന് ഈ വിഷയം സംബന്ധിച്ച് സർക്കാരിന് കത്ത് നൽകിയിരുന്നു. പ്രസ്തുത കത്തിന്റെ പകർപ്പ് 9-3-2015-ലെ72489/ എൻ 3/14/ പൊ.വി.വ. സർക്കാർ കത്ത് പ്രകാരം സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. അധികൃതർക്ക് ആവശ്യമായ നടപടികൾക്കായി കൈമാറിയിരുന്നു. അതിനുശേഷം ഇതുസംബന്ധിച്ച് മറുപടിയൊന്നും നാളിതുവരെയും ലഭിച്ചിട്ടില്ല. എങ്കിലും ഇക്കാര്യത്തിൽ അടിയന്തരമായി തീരുമാനമുണ്ടാക്കുന്നതിന് കേന്ദ്ര സർക്കാരിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## അൺ എയ്ഡഡ് വിദ്യാലയങ്ങൾ

31(1079) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന

അംഗീകൃത -അൺ എയ്ഡഡ് സ്കൂളുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സർക്കാർ എത്ര അൺ-എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകിയെന്ന് വർഷം, ജില്ല തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ;

(സി) അൺ-എയ്ഡഡ് വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു?

ഉത്തരം

(എ) നിലവിലുള്ള സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് 813 അംഗീകൃത അൺ എയ്ഡഡ് സ്കൂളുകൾ ഉണ്ടായിരുന്നു.

(ബി) 2009-ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സിലബസ് പിന്തുടരുന്ന വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്നതിനായി സ.ഉ (കൈ) നമ്പർ 184/13/പൊ.വി.വ തീയതി 10-6-2013 പ്രകാരം സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ഇതനുസരിച്ച് സ്കൂളുകൾ അംഗീകാരത്തിനായി അപേക്ഷിക്കുകയും ആയത് വിദ്യാഭ്യാസ അധികാരികൾ വിശദമായി പരിശോധന നടത്തി മാനദണ്ഡങ്ങൾ പാലിച്ചിരുന്ന 308 സ്കൂളുകൾക്ക് സ.ഉ. (കൈ) നമ്പർ 114/15/പൊ.വി.വ. തീയതി 14-5-2015 പ്രകാരവും 87 സ്കൂളുകൾക്ക് സ.ഉ (കൈ) നമ്പർ 282/15/പൊ.വി.വ. തീയതി 9-11-2015 പ്രകാരവും അംഗീകാരം നൽകിയിട്ടുണ്ട്. ജില്ലതിരിച്ചുള്ള എണ്ണം ഇപ്രകാരമാണ് :

| | | |
|---|---|---|
| തിരുവനന്തപുരം | - | 22 |
| കൊല്ലം | - | 37 |
| പത്തനംതിട്ട | - | 8 |
| ആലപ്പുഴ | - | 11 |
| കോട്ടയം | - | 13 |
| ഇടുക്കി | - | 18 |
| എറണാകുളം | - | 15 |
| തൃശ്ശൂർ | - | 26 |

| | | |
|---|---|---|
| പാലക്കാട് | - | 32 |
| മലപ്പുറം | - | 80 |
| കോഴിക്കോട് | - | 46 |
| വയനാട് | - | 10 |
| കണ്ണൂർ | - | 29 |
| കാസർഗോഡ് | - | 48 |
| ആകെ | - | 395 |

ഇതിനുപുറമേ ആലപ്പുഴ ജില്ലയിലെ പ്രയാർ ആർ.വി.എസ്.എം. ഹയർ സെക്കണ്ടറി സ്കൂളിലെ എൽ.പി. വിഭാഗത്തിന് ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 2015 മാർച്ച് 3-ലെ സ.ഉ. (സാധാ) നമ്പർ 863/15/പൊ.വി.വ. ഉത്തരവു പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

(സി) സ.ഉ. (കൈ) നമ്പർ 184/13/പൊ.വി.വ. തീയതി 10-6-2013 പ്രകാരമാണ് സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുള്ളത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

## അൺ-എയ്ഡഡ് സ്കൂളുകളുടെ അംഗീകാരം

32(1080) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അൺ-എയ്ഡഡ് സ്കൂളുകൾ അംഗീകാരത്തിനായി അപേക്ഷ നൽകിയിരുന്നു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) അപേക്ഷ പരിഗണിച്ച് എത്ര സ്കൂളുകൾക്ക് അംഗീകാരം നൽകുകയുണ്ടായി എന്ന് ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(സി) അംഗീകാരം ലഭിച്ച സ്കൂളുകൾക്കെല്ലാം ചട്ടപ്രകാരമുള്ള അടിസ്ഥാന സൗകര്യം ഉണ്ടെന്ന് ഉറപ്പാക്കിയിരുന്നോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) അടിസ്ഥാനസൗകര്യം ഇല്ലാത്തതുകാരണം എത്ര സ്കൂളുകൾക്ക് അംഗീകാരം നൽകിയില്ല എന്ന് അറിയിക്കാമോ; അവയെ പിന്നീട് പരിഗണിക്കുകയുണ്ടായോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്താകെ അംഗീകാരത്തിന് അപേക്ഷ നൽകിയ അൺ എയ്ഡഡ് സ്കൂളുകളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| തിരുവനന്തപുരം | - | 169 |
| കൊല്ലം | - | 102 |
| പത്തനംതിട്ട | - | 57 |
| കോട്ടയം | - | 46 |
| ആലപ്പുഴ | - | 64 |
| എറണാകുളം | - | 43 |
| ഇടുക്കി | - | 19 |
| തൃശ്ശൂർ | - | 39 |
| പാലക്കാട് | - | 174 |
| മലപ്പുറം | - | 120 |
| കോഴിക്കോട് | - | 108 |
| വയനാട് | - | 50 |
| കണ്ണൂർ | - | 128 |
| കാസർഗോഡ് | - | 75 |
| ആകെ | | 1194 |

(ബി) സ.ഉ. (കൈ.)നമ്പർ 114/15/പൊ.വി.വ. തീയതി 14-5-2015 പ്രകാരം 308 സ്കൂളുകൾക്കും സ.ഉ (കൈ.) നമ്പർ 282/15/പൊ.വി.വ തീയതി 9-11-2015 പ്രകാരം 87 സ്കൂളുകൾക്കും അംഗീകാരം നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| തിരുവനന്തപുരം | - | 22 |
| കൊല്ലം | - | 37 |
| പത്തനംതിട്ട | - | 8 |
| ആലപ്പുഴ | - | 11 |
| കോട്ടയം | - | 13 |
| ഇടുക്കി | - | 18 |
| എറണാകുളം | - | 15 |

| | | |
|---|---|---|
| തൃശ്ശൂർ | - | 26 |
| പാലക്കാട് | - | 32 |
| മലപ്പുറം | - | 80 |
| കോഴിക്കോട് | - | 46 |
| വയനാട് | - | 10 |
| കണ്ണൂർ | - | 29 |
| കാസർഗോഡ് | - | 48 |
| ആകെ | | 395 |

ഇതിനുപുറമേ ആലപ്പുഴ ജില്ലയിലെ പ്രയാർ ആർ.വി.എസ്.എം. ഹയർ സെക്കണ്ടറി സ്കൂളിലെ എൽ.പി. വിഭാഗത്തിന് ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 2015 മാർച്ച് 3-ലെ സ.ഉ. (സാധാ) നമ്പർ 863/2015/പൊ.വി.വ. ഉത്തരവു പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

(സി&ഡി) സ.ഉ. (കൈ.)നമ്പർ 184/2013/പൊ.വി.വ. തീയതി 10-6-2013 പ്രകാരം നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള സ്കൂളുകൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. അടിസ്ഥാന സൗകര്യം ഇല്ലാത്തതു കാരണം അംഗീകാരം നൽകാത്ത സ്കൂളുകളുടെ എണ്ണം ശേഖരിച്ചിട്ടില്ല. നിരസിക്കപ്പെട്ട അപേക്ഷകൾ പിന്നീട് പരിഗണിച്ചിട്ടില്ല.

## അൺ-എയ്ഡഡ് സ്കൂളുകളുകൾക്ക് എയ്ഡഡ് പദവി

33(1081) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി എത്ര അൺ എയ്ഡഡ് സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകി ഉത്തരവായിട്ടുണ്ട്; സ്കൂളുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളിലായി എത്ര പുതിയ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## പ്ലസ് ടു ബാച്ചുകളുടെ സ്ഥിതിവിവരം

34(1085) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി മേഖലയിൽ എത്ര എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകൾ ഉണ്ട്; ജില്ല തിരിച്ചുള്ള എണ്ണം നൽകാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളിൽ എത്ര പ്ലസ് ടു ബാച്ചുകൾ അനുവദിച്ചു എന്നതിന്റെ മേഖലയും ജില്ലയും തിരിച്ചുള്ള വിശദാംശം നൽകുമോ;

(സി) അനുവദിച്ച പ്ലസ് ടു ബാച്ചുകളിൽ ആവശ്യത്തിന് വിദ്യാർത്ഥികൾ ഇല്ലാത്തതായി റിപ്പോർട്ട് ചെയ്യപ്പെട്ട ബാച്ചുകൾ ആകെ എത്ര;

(ഡി) ഒരു ബാച്ചിന് അംഗീകാരം ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ വിശദമാക്കാമോ;

(ഇ) ഈ വ്യവസ്ഥകൾ പ്രകാരം എത്ര എയ്ഡഡ് സ്കൂളുകളിലെ എത്ര ബാച്ചുകൾക്ക് അംഗീകാരത്തിനർഹതയുണ്ട്;

(എഫ്) അർഹതയുള്ള ബാച്ചുകളിലെല്ലാം കൂടി എത്ര തസ്തികകൾക്ക് അനുമതിയുണ്ട്; അവയിൽ എത്രയെണ്ണത്തിന് അംഗീകാരം നൽകിയിട്ടുണ്ട്;

(ജി) ഇതിനായി എന്തു തുക ചെലവ് വരും എന്നാണ് കണക്കാക്കിയിട്ടുള്ളത്?

<u>ഉത്തരം</u>

(എ-ജി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## അൺ-എയ്ഡഡ് വിദ്യാലയങ്ങൾക്ക് എയ്ഡഡ് പദവി

35(1086) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അൺ എയ്ഡഡ് വിദ്യാലയങ്ങൾക്ക് എയ്ഡഡ് പദവി നല്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ വിദ്യാലയങ്ങൾക്കാണ് എയ്ഡഡ് പദവി നല്കിയതെന്നും ഈ വിദ്യാലയങ്ങളിൽ എത്ര അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാരുണ്ടെന്നും വ്യക്തമാക്കാമോ;

(സി) മുൻകാല പ്രാബല്യത്തോടെ സ്കൂളുകൾക്ക് എയ്ഡഡ് പദവി നല്കിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) ഇതിലൂടെ ഒരു വർഷം എത്ര രൂപയുടെ ബാധ്യതയുണ്ടാകുമെന്ന്

അറിയിക്കുമോ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**വികസന പദ്ധതികൾ**

36(1087) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2015-16 വർഷത്തിലെ ബഡ്ജറ്റിൽ വിദ്യാഭ്യാസ വകുപ്പിൽ വിവിധ വികസന പദ്ധതികൾക്കായി ഓരോ ഹെഡ്ഡിലും വകയിരുത്തിയ തുക എത്രയെന്നും 31-1-2016 വരെ ചെലവഴിച്ച തുക എത്രയെന്നും വിശദീകരിക്കാമോ ?

<u>ഉത്തരം</u>

പൊതുവിദ്യാഭ്യാസ വകുപ്പിനെ സംബന്ധിക്കുന്ന വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഉന്നത വിദ്യാഭ്യാസ വകുപ്പിനെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

**ഹയർ സെക്കണ്ടറി തുല്യതാ കോഴ്സുകൾ**

37(1088) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി തുല്യതാ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നു മുതലെന്നും പ്രസ്തുത പദ്ധതിയുടെ ഇതുവരെയുള്ള പുരോഗതിയും വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള പ്ലസ് ടുവും തുല്യതാ ഹയർസെക്കണ്ടറിയും പാസാകുന്നവർക്ക് തുടർ വിദ്യാഭ്യാസം, ഉദ്യോഗം, പ്രമോഷൻ, മൽസര പരീക്ഷ തുടങ്ങിയവയിലും തുല്യത ഉറപ്പുവരുത്തിയിട്ടുണ്ടോ;

(സി) കൂടുതൽ പേർക്ക് അവസരം നൽകുന്നതിനായി കൂടുതൽ പഠന കേന്ദ്രങ്ങൾ അനുവദിക്കാൻ തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 1-2-2015 മുതലാണ് ആരംഭിച്ചത്. ഹയർ സെക്കണ്ടറി തുല്യതാ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കോഴ്സിന്റെ (ഹ്യൂമാനിറ്റീസ്, കൊമേഴ്സ്) പ്ലസ് വൺ രജിസ്ട്രേഷൻ പൂർത്തിയാവുകയും 14 ജില്ലകളിലും സമ്പർക്ക പഠന ക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ യോഗ്യരും പരിചയസമ്പന്നരുമായ അദ്ധ്യാപകരെ തെരഞ്ഞെടുത്ത് ജില്ലാ തലങ്ങളിൽ വച്ച് പരിശീലനം നൽകി ഹയർ സെക്കണ്ടറി സമ്പർക്ക പഠന ക്ലാസ്സുകൾ ജില്ലാതലത്തിൽ നടത്തി വരികയും ചെയ്യുന്നുണ്ട്. ജില്ലകളിൽ 213 സമ്പർക്ക പഠന കേന്ദ്രങ്ങളിലായി 18368 പഠിതാക്കൾ ഹ്യൂമാനിറ്റീസ്, കൊമേഴ്സ് എന്നീ ഗ്രൂപ്പുകളിൽ പഠനം നടത്തിവരുന്നു.

(ബി) ഹയർ സെക്കണ്ടറി തുല്യതാ കോഴ്സ് (ഒന്നാം വർഷം) ആരംഭിച്ചിട്ടേയുള്ളൂ.

(സി) പഠിതാക്കളുടെ എണ്ണം അനുസരിച്ച് അടുത്ത ബാച്ച് മുതൽ കൂടുതൽ പഠന കേന്ദ്രങ്ങൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## സമഗ്ര വിദ്യാഭ്യാസ പദ്ധതി

38(1090) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഇനിയും നടപ്പാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ആയതിനു വകയിരുത്തിയ തുക എത്രയെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ?

### <u>ഉത്തരം</u>

(എ) സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി കൽപ്പറ്റ നിയോജക മണ്ഡലത്തിൽ സീമാറ്റ്-കേരളയുടെ ആഭിമുഖ്യത്തിൽ നിയോജക മണ്ഡലത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്കായി ചെയ്യേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് ഒരു ആശയരൂപീകരണ ശിൽപ്പശാല നടത്തുകയും തുടർ പ്രവർത്തനമെന്ന നിലയിൽ സ്കൂളുകളെ

സംബന്ധിച്ച് ഡേറ്റ ശേഖരണം നടത്തുകയും പൊതുവായ (ഭൗതികവും അക്കാഡമികവുമായ) ആവശ്യങ്ങൾ കണ്ടെത്തി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിരുന്നു. കൂടാതെ സീമാറ്റ്-കേരളയുടെ ആഭിമുഖ്യത്തിൽ കൽപ്പറ്റ നിയോജക മണ്ഡലത്തിലെ പ്രഥമാദ്ധ്യാപകർക്ക് (പ്രൈമറി തലം മുതൽ ഹയർ സെക്കണ്ടറി തലം വരെ) മാനേജ്മെന്റ് പരിശീലനം നൽകുകയും മണ്ഡലത്തിൽ നടപ്പിലാക്കുന്ന സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ പ്രോജക്ട് അവരെ പരിചയപ്പെടുത്തുകയും ചെയ്തിരുന്നു.

(ബി) ഓരോ പദ്ധതിക്കും പ്രത്യേകം തുക അനുവദിച്ചിട്ടില്ല. ബഹുമാനപ്പെട്ട എം.എൽ.എ.മാരുടെ വികസന ഫണ്ട്, ആർ.എം.എസ്.എ/എസ്.എസ്.എ ഫണ്ട്, സ്പോൺസർഷിപ്പ്, സന്നദ്ധ സംഘടനകൾ എന്നീ ധനസ്രോതസ്സുകൾ വിനിയോഗിച്ചാണ് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കിവരുന്നത്. ബഹുമാനപ്പെട്ട എം.എൽ.എ.-മാർ അദ്ധ്യക്ഷന്മാരായ നിയോജകമണ്ഡലം സമിതിയുടെ നേതൃത്വത്തിൽ നിയോജക മണ്ഡലാടിസ്ഥാനത്തിലും മുനിസിപ്പൽ/പഞ്ചായത്ത് തലങ്ങളിലുള്ള കമ്മിറ്റികളുടെ നേതൃത്വത്തിലും സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കിവരുന്നു.

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ആശയ രൂപീകരണം, പ്രോജക്ട് ഫൈനലൈസേഷൻ, മാനേജ്മെന്റ് പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ, പ്രൈമറിതലം മുതൽ ഹയർ സെക്കണ്ടറിതലം വരെയുള്ള സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച മാനേജ്മെന്റ് പരിശീലനവും സീമാറ്റ്- കേരളയുടെ നേതൃത്വത്തിൽ നടപ്പിലാക്കി കഴിഞ്ഞു. ബാക്കി പ്രവർത്തനങ്ങൾ പ്രോജക്ടിൽ പറയും പ്രകാരം ബഹു. എം.എൽ.എ. ചെയർമാനായ നിയോജക മണ്ഡലം സമിതിയുടെയും മുനിസിപ്പൽ ചെയർമാൻ ചെയർമാനായ മുനിസിപ്പൽ കമ്മിറ്റിയുടെയും ഗ്രാമ പഞ്ചായത്തു പ്രസിഡന്റ് ചെയർമാനായ ഗ്രാമപഞ്ചായത്തു കമ്മിറ്റിയുടെയും നേതൃത്വത്തിലാണ് നടക്കുന്നത്.

## കായിക താരങ്ങൾക്കുള്ള ഗ്രേയ്സ് മാർക്ക്

39(T1091) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കായിക പരിശീലനത്തിൽ ഏർപ്പെടുന്ന കുട്ടികൾക്ക് എൻ. സി. സി., എൻ. എസ്. എസ്. എന്നിവയിൽ ചേരുന്ന കുട്ടികൾക്ക് നൽകുന്ന പോലെ ഗ്രേയ്സ് മാർക്ക് നൽകുന്ന കാര്യം പരിഗണിക്കുമോ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) കായിക താരങ്ങൾക്ക് സബ് ജില്ലാ റവന്യൂ സോൺ മത്സരങ്ങൾക്ക് ശേഷം സംസ്ഥാന സ്കൂൾ ഗെയിംസിൽ പങ്കെടുത്തതിനു ശേഷമേ ഗ്രെയ്സ് മാർക്കിന് അർഹത ലഭിക്കുന്നുള്ളു എന്ന അവസ്ഥ മാറ്റുന്നതിന് പരിശീലനത്തിൽ പങ്കെടുക്കുന്ന മറ്റു കായികതാരങ്ങൾക്കും മത്സരത്തിൽ പങ്കെടുത്ത് മെഡൽ ലഭിക്കാത്തവർക്കും കൂടി ഗ്രെയ്സ് മാർക്ക് നൽകുന്ന കാര്യം ആലോചിക്കുമോ;

(സി) റവന്യൂ ജില്ലാ കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് കൂടി ഗ്രെയ്സ് മാർക്കും ക്യാഷ് അവാർഡും നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഡി) സബ് ജില്ലാ കായിക മത്സരങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന ചെലവ് വഹിക്കുമോ എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) നിലവിൽ പരിഗണനയിലില്ല.

(ബി) നിലവിൽ സംസ്ഥാന മത്സരങ്ങളിൽ പങ്കെടുക്കുന്ന 1 മുതൽ 6 വരെ സ്ഥാനക്കാരായ ഗെയിംസ് വിഭാഗത്തിലെ കുട്ടികൾക്കും അത്‌ലറ്റിക്സ്, അക്വാട്ടിക്സ് എന്നീ വിഭാഗത്തിന് 1 മുതൽ 8 വരെ സ്ഥാനക്കാർക്കും ഗ്രേസ് മാർക്ക് നൽകിവരുന്നു. കൂടാതെ ദേശീയ മത്സരത്തിൽ പങ്കെടുത്ത് വിജയിക്കുന്ന 1, 2, 3 സ്ഥാനക്കാർക്കും പങ്കെടുക്കുന്ന കുട്ടികൾക്കും ഗ്രേസ് മാർക്ക് നൽകുന്നു. കൂടുതൽ വിഭാഗങ്ങൾക്ക് ഗ്രേസ് മാർക്ക് നൽകുന്നത് നിലവിൽ പരിഗണനയിലില്ല.

(സി&ഡി) നിലവിൽ പരിഗണനയിലില്ല.

## എച്ച്.എസ്.എസ്.റ്റി. നിയമനം

40(1092) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എസ്.റ്റി. ഫിസിക്സ്, കെമിസ്ട്രി വിഭാഗങ്ങളിൽ നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും ജൂനിയർ-സീനിയർ തലങ്ങളിൽ നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിൽ നാളിതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം ലഭിച്ച പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം ഉദ്യോഗാർത്ഥികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) എച്ച്.എസ്.എസ്.റ്റി. (ജൂനിയർ ഫിസിക്സ്) തസ്തികയിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും 99 പേർക്കും സീനിയർ തസ്തികയിലേക്ക് 3 പേർക്കും നിയമനം നൽകിയിട്ടുണ്ട്. എച്ച്.എസ്.എസ്.റ്റി (ജൂനിയർ കെമിസ്ട്രി) തസ്തികയിൽ 177 പേർക്കും സീനിയർ തസ്തികയിൽ 3 പേർക്കും നിയമനം നൽകിയിട്ടുണ്ട്.

(ബി) എച്ച്.എസ്.എസ്.റ്റി (ജൂനിയർ ഫിസിക്സ്) തസ്തികയിൽ 99 ഒഴിവുകളും സീനിയർ തസ്തികയിൽ 3 ഒഴിവുകളും റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ എച്ച്.എസ്.എസ്.റ്റി. (കെമിസ്ട്രി ജൂനിയർ) തസ്തികയിൽ 181 ഒഴിവുകളും സീനിയർ തസ്തികയിൽ 3 ഒഴിവുകളും റിപ്പോർട്ട് ചെയ്തിരുന്നു.

(സി) പട്ടികജാതി വിഭാഗത്തിൽ എച്ച്.എസ്.എസ്.റ്റി. ഫിസിക്സ് (ജൂനിയർ) തസ്തികയിൽ 13 പേർക്കും കെമിസ്ട്രി (ജൂനിയർ) തസ്തികയിൽ 15 പേർക്കും നിയമനം ലഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗമില്ല.

## എച്ച്.എസ്.എസ്.റ്റി. ഹിന്ദി തസ്തികയിലെ നിയമനം

41(1093) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എസ്.റ്റി. ഹിന്ദി (ജൂനിയർ) തസ്തികയിലെ നിയമനത്തിന് എത്ര പേർക്ക് പി.എസ്.സി. അഡ്വൈസ് നൽകി; ഇവർക്ക് എല്ലാപേർക്കും ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് നിയമനം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ഇവർക്ക് എന്നേക്ക് നിയമനം ലഭിക്കും എന്നറിയിക്കാമോ;

(ബി) എച്ച്.എസ്.എസ്.റ്റി. ഹിന്ദി (സീനിയർ) തസ്തികയിൽ എത്ര വേക്കൻസി ഇപ്പോൾ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ ഉണ്ട്; ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ഇവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 123 പേർക്ക് പി.എസ്.സി. അഡ്വൈസ് നൽകിയിട്ടുണ്ട്. നിയമന ഉത്തരവ് അടിയന്തിരമായി നൽകുന്നതിനുള്ള നടപടി ഹയർസെക്കണ്ടറി ഡയറക്ടർ സ്വീകരിച്ചു വരുന്നു.

(ബി) എച്ച്.എസ്.എസ്.റ്റി. ഹിന്ദി (സീനിയർ) തസ്തികയിൽ സ്പെഷ്യൽ റൂൾ പ്രകാരം ക്വാളിഫൈഡ് ജൂനിയർ അദ്ധ്യാപകർക്ക് നിയമനം നൽകിയതിനാൽ നിലവിൽ വേക്കൻസിയില്ല.

## എയ്ഡഡ് സ്കൂൾ

42(1094) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് എത്ര മാനേജ്മെന്റ് സ്കൂളുകൾ ഏറ്റെടുത്തു; വിശദാംശം ലഭ്യമാക്കാമോ;

(ബി) പാലക്കാട് ജില്ലയിലെ എത്ര എയ്ഡഡ് സ്കൂളുകൾ ഏറ്റെടുത്തിട്ടുണ്ട്; എന്തടിസ്ഥാനത്തിലാണ് ഏറ്റെടുത്തതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

## പൊതുജന സമ്പർക്ക പരിപാടി

43(1095) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടിയിൽ പൊതുവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രഖ്യാപനങ്ങൾ എന്തെല്ലാമായിരുന്നു എന്നറിയിക്കാമോ; ബഡ്ജറ്റ് പ്രഖ്യാപനങ്ങളിൽ ഉൾപ്പെടാത്ത എത്ര പദ്ധതികൾ ഇവയിൽ ഉണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇവയുടെ നടത്തിപ്പിന് ആവശ്യമായ തുക ഉപധനാഭ്യർത്ഥനയിലൂടെ അനുവദിച്ചു നൽകിയിട്ടുണ്ടോ;

(സി) പ്രഖ്യാപിക്കപ്പെട്ടവയിൽ ഇനിയും നടപ്പിലാക്കാനും പൂർത്തീകരിക്കാനും സാധിക്കാത്തവയായി എത്ര പദ്ധതികൾ ഉണ്ട്; വിശദാംശം നല്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## സ്കോൾ കേരള

44(1097) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പൺ സ്കൂൾ സ്കോൾ കേരളയായി പുനഃസംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) വിജിലൻസ് അന്വേഷണം നേരിടുന്ന ആളുകളെ സ്കോൾ കേരളയിൽ നിയമിക്കുവാൻ നീക്കം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ) ഉണ്ട്.

(ബി) മാറ്റം വരുത്തിയിരിക്കുന്ന ഭാഗം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി&ഡി) അഡ്വക്കേറ്റ് എസ്. കെ. ബെൻഡാർവിൻ വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ മുൻപാകെ സമർപ്പിച്ച പരാതി വിജിലൻസ് വകുപ്പ് മുഖേന ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

## സ്കൂൾ പാചക തൊഴിലാളികളുടെ വേതനം

45(1098) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാചക തൊഴിലാളികളുടെ ഉന്നമനത്തിനായി മിനിമം വേജസ് അഡ്വൈസറി ബോർഡ് സമർപ്പിച്ച റിപ്പോർട്ടിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(ബി) സ്കൂൾ ഉച്ചഭക്ഷണ പദ്ധതി കുടുംബശ്രീയെ ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്ത് നേട്ടം ഉണ്ടാകും; ഇതിലൂടെ അവസരം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നഷ്ടപ്പെടുന്ന സ്കൂൾ പാചക തൊഴിലാളികളെ സംരക്ഷിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ;

(സി) കേന്ദ്ര ശമ്പള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്കൂൾ പാചക തൊഴിലാളികൾക്ക് കുറഞ്ഞത് പ്രതിമാസം 15000 രൂപ ലഭിക്കത്തക്കവണ്ണം വേതനം പുതുക്കി നിശ്ചയിക്കുമോ;

(ഡി) സ്കൂൾ പാചക തൊഴിലാളികൾക്ക് നൽകുന്ന വേതനം ഉൾപ്പടെ എല്ലാ ഇടപാടുകളും ബാങ്ക് വഴി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെ റിപ്പോർട്ട് പൊതു വിദ്യാഭ്യാസ വകുപ്പിലോ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലോ ലഭ്യമായിട്ടില്ല.

(ബി) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ട 5, 6, 10 സ്കൂളുകൾ ഒരു ഗ്രൂപ്പായി എടുത്തിട്ട് ഒരു പൊതു അടുക്കളയിൽ ഉച്ചഭക്ഷണം പാചകം ചെയ്തു വിതരണം നടത്തുന്നതിനുള്ള സാധ്യത കുടുംബശ്രീയും പൊതു വിദ്യാഭ്യാസ ഡയറക്ടറും കൂടി പരിശോധിച്ച് പ്രൊപ്പോസൽ സമർപ്പിക്കുവാൻ 25-8-2014 തീയതിയിലെ 14735/ഡി1/2014 പൊ.വി.വ നമ്പർ കത്ത് പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നു. അതിൻപ്രകാരം ചടയമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലുള്ള സ്കൂളുകളെ ഉൾപ്പെടുത്തി പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനുള്ള സ്കൂൾ മാപ്പിംഗ്, അടിസ്ഥാന സൗകര്യം പരിശോധിക്കുക തുടങ്ങിയവ ആരംഭിക്കുവാൻ കുടുംബശ്രീയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടത്തി നോക്കിയതിനുശേഷം മാത്രമേ പദ്ധതിയുടെ നേട്ടങ്ങളേയും കോട്ടങ്ങളേയും പാചക തൊഴിലാളികളുടെ ജോലി നഷ്ടപ്പെടുന്നതിനെ സംബന്ധിച്ചുമുള്ള വിവരങ്ങൾ അറിയുവാൻ സാധിക്കുകയുള്ളൂ.

(സി) 11-8-2015-ലെ സ.ഉ. (കൈ) നമ്പർ 217/15/പൊ.വി.വ. പ്രകാരം സ്കൂൾ പാചകതൊഴിലാളികളുടെ പരമാവധി വേതനം 300 രൂപയിൽ നിന്ന് 400 രൂപയായി വർദ്ധിപ്പിച്ച് ഇതിനോടകം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്തു നിലവിൽ 13664 പാചകതൊഴിലാളികൾ ജോലി ചെയ്തുവരുന്നു. അതിൽ 506 തൊഴിലാളികൾക്ക് മാത്രമേ ബാങ്ക് അക്കൗണ്ട് നിലവിലുള്ളൂ. അടുത്ത അദ്ധ്യയന വർഷം മുതൽ എല്ലാ പാചക തൊഴിലാളികൾക്കുമുള്ള ആനുകൂല്യം ബാങ്ക് മുഖേന നൽകുന്നതിനുള്ള നടപടി

സ്വീകരിക്കുന്നതാണ്.

**ആശ്വാസ് പദ്ധതി**

46(1099) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശ്വാസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 8 വരെ ക്ലാസുകളിലുള്ള കുട്ടികൾക്ക് കല, കായിക പ്രവൃത്തി പരിചയ മേഖലകളിൽ പ്രാവീണ്യം നേടുന്നതിന് പ്രത്യേക പരിശീലനം നൽകുന്നതിനായി ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ആശ്വാസ് പദ്ധതി. വിവിധ ജില്ലകളിൽ ആശ്വാസ് പദ്ധതി നടപ്പിലാക്കുന്നതിനായി സ്കൂളുകൾ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**ഗസ്റ്റ് അദ്ധ്യാപക വേതനം**

47(1100) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി അനുവദിച്ച എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിൽ ഗസ്റ്റ് അദ്ധ്യാപകരായി നിയമിതരായവർക്ക് മാത്രം വേതനം നാളിതുവരെ നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധമായി പൊതുവിദ്യാഭ്യാസ (റ്റി) വകുപ്പിലുള്ള 48404/റ്റി 2/15/പൊ.വി.വ. നമ്പർ ഫയലിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിച്ച് എയ്ഡഡ്

ഹയർ സെക്കണ്ടറി ഗസ്റ്റ് അധ്യാപകർക്കും വേതനം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ;

(ഡി) ശമ്പള പരിഷ്കരണത്തിന് ആനുപാതികമായി ഗസ്റ്റ് അദ്ധ്യാപകരുടെ വേതനം വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ജൂനിയർ/സീനിയർ ദിവസ വേതനം എത്രയെന്ന് കൂടി വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 6-8-2015-ലെ HRMP No. 7498/14/KNR പരാതിയിലെ ഉത്തരവിൻ പ്രകാരമാണ് 48404/റ്റി2/15 പൊ.വി.വ. നമ്പർ ഫയലിൽ തുടർ നടപടികൾ സ്വീകരിക്കുന്നത്. 2011-12 അദ്ധ്യയന വർഷത്തിൽ അനുവദിച്ച ഹയർസെക്കണ്ടറി ബാച്ചുകളിൽ നിയമിതരായ ഗസ്റ്റ് അദ്ധ്യാപകർക്ക് വേതനം നൽകിയിട്ടില്ലെങ്കിൽ അതിനെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ഹയർ സെക്കണ്ടറി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഇല്ല. എന്നാൽ ശനിയാഴ്ച പ്രവൃത്തി ദിവസം ഒഴിവാക്കിയതുകൊണ്ട് ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടവും 2011-ൽ പരിഷ്ക്കരിച്ച ദിവസ വേതനത്തിന്റെ അപര്യാപ്തതയും കണക്കിലെടുത്ത് 1-12-2015 മുതൽ മുൻകാല പ്രാബല്യം നൽകി ഹയർസെക്കണ്ടറി ജൂനിയർ അദ്ധ്യാപകരുടെ ശമ്പളം പ്രതിദിനം 600 രൂപയായും ഹയർസെക്കണ്ടറി സ്കൂൾ ടീച്ചറുടെ ശമ്പളം പ്രതിദിനം 720 രൂപയായും വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

**സിവിൽ സർവ്വീസ് അക്കാദമിക്ക് കെട്ടിടം**

48(1102) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിവിൽ സർവ്വീസ് അക്കാദമിക്ക് സ്വന്തമായി കെട്ടിടം

നിർമ്മിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കെട്ടിട നിർമ്മാണത്തിന് എന്ത് തുകയാണ് ഇതുവരെ വകയിരുത്തിയത് ; ഇതിനാവശ്യമായ തുക എവിടെ നിന്നെല്ലാമാണ് ലഭിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2014-ൽ പ്രവർത്തനം ആരംഭിച്ച കോഴിക്കോട് സിവിൽ സർവ്വീസ് അക്കാദമി, വെസ്റ്റ് ഹിൽ യു.പി. സ്കൂളിലാണ് പ്രവർത്തിക്കുന്നത്. അനാദായകരമായ സ്കൂളുകളുടെ ശ്രേണിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രസ്തുത സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ പരമാവധി ഉപയോഗിച്ചാണ് സിവിൽ സർവ്വീസ് അക്കാദമിയുടെ പ്രവർത്തനം. സ്കൂൾ പരിധിയിലുള്ള റവന്യൂ ഭൂമിയിൽ കെട്ടിട നിർമ്മാണത്തിന്റെ സാദ്ധ്യതകൾ പരിശോധിച്ചുവെങ്കിലും തദ്ദേശീയമായി നിലനിൽക്കുന്ന ശക്തമായ എതിർപ്പിനെ തുടർന്ന് കെട്ടിട നിർമ്മാണം ടി ഭൂമിയിൽ അസാദ്ധ്യമായിരിക്കുകയാണ്. ആയതിനാൽ പ്രസ്തുത സ്കൂളിലെ കെട്ടിടം ഉപയോഗപ്രദമാകുന്നതനുസരിച്ച് സിവിൽ സർവ്വീസ് അക്കാദമിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) കെട്ടിട നിർമ്മാണത്തിനായി 2010-11-ലെ പ്ലാൻ ഫണ്ടിൽ 25 ലക്ഷം രൂപയും 2011-12 -ലെ പ്ലാൻ ഫണ്ടിൽ 31 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി.

**കേന്ദ്ര വിദ്യാഭ്യാസ അവകാശനിയമം**

49(1103) ശ്രീ. എം. എ. ബേബി :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമനം നടപ്പിലാക്കിയിട്ടുണ്ടോ, എന്നു മുതൽക്കാണ് പ്രസ്തുത നിയമം സംസ്ഥാനത്ത്

പ്രാബല്യത്തിൽ വന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) കേന്ദ്ര നിയമത്തിനു വിരുദ്ധമായി സംസ്ഥാനത്ത് അനധികൃത വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; ഇത്തരം വിദ്യാലയങ്ങളുടെ വിശദാംശം ലഭ്യമാണോ;

(സി) വിദ്യാഭ്യാസ അവകാശ നിയമത്തിന് വിരുദ്ധമായും മാനദണ്ഡങ്ങൾ പാലിക്കാതെയും പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം സ്വകാര്യ-അൺ എയ്ഡഡ് മേഖലയിൽ ഇതിനകം അനുവദിക്കപ്പെട്ട വിദ്യാലയങ്ങളുടെ എണ്ണമെത്രയെന്ന് അറിയിക്കാമോ;

(ഇ) അനധികൃത വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുന്ന നടപടി സർക്കാർ വിദ്യാലയങ്ങളുടെ നിലനില്പിനെത്തന്നെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കേന്ദ്ര വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു. 1-4-2010 മുതൽ എല്ലാ സംസ്ഥാനങ്ങളിലും പ്രസ്തുത നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരമില്ലാതെ വിദ്യാലയങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. വിശദാംശങ്ങൾ ശേഖരിച്ചിട്ടില്ല.

(സി) സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാത്ത വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകുവാൻ ഉദ്ദേശിക്കുന്നില്ല.

(ഡി) സ.ഉ. (കൈ.) നമ്പർ 114/2015/പൊ.വി.വ. തീയതി 14-5-2015 പ്രകാരം 308 സ്കൂളുകൾക്കും സ.ഉ. (കൈ) 282/2015/പൊ.വി.വ. തീയതി 9-11-2015 പ്രകാരം 87 സ്കൂളുകൾക്കും (ആകെ 395) അൺ എയ്ഡഡ് വിഭാഗത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(ഇ) അനംഗീകൃത വിദ്യാലയങ്ങൾക്ക് സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി അംഗീകാരം നൽകുന്നതുകൊണ്ട് മാത്രം സർക്കാർ വിദ്യാലയങ്ങളുടെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിക്കുന്നില്ലായെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി

50(1104) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന നമ്മുടെ രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളത്തെ മാറ്റുക, ഔപചാരിക വിദ്യാഭ്യാസത്തിലൂടെ പ്രാഥമിക വിദ്യാഭ്യാസം നേടാൻ കഴിയാത്തവർക്കും സ്കൂളിൽ നിന്നും കൊഴിഞ്ഞുപോയവർക്കും അടിസ്ഥാന സാക്ഷരത നേടിയ നവസാക്ഷരർക്കും നാലാം തരത്തിന് തുല്യമായ പ്രാഥമിക വിദ്യാഭ്യാസം നൽകുക, തുല്യതാ വിദ്യാഭ്യാസത്തിലൂടെ സമഗ്ര വികസനം സാധ്യമാക്കുക, ജനങ്ങളുടെ തൊഴിലും ജീവിത ഗുണനിലവാരവും മെച്ചപ്പെടുത്തുക, സാമൂഹിക സാംസ്കാരിക സാമ്പത്തിക മേഖലകളിൽ പുത്തൻ ഉണർവുണ്ടാകുക, തുടർ പഠനത്തിലൂടെ സ്ത്രീ ശാക്തീകരണത്തിന് ആക്കം കൂട്ടുക, ജീവിതത്തിന്റെ വിവിധ മേഖലകളിൽ പുത്തൻ അവബോധം സൃഷ്ടിക്കുക എന്നിവയാണ് അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണ സഹകരണത്തോടെയും പങ്കാളിത്തത്തോടെയും വിവിധ സർക്കാർ, സർക്കാർ ഇതര സ്ഥാപനങ്ങളുടെയും സഹകരണത്തോടെയും ജനകീയ കൂട്ടായ്മ രൂപീകരിച്ച് പഠിതാക്കളെ കണ്ടെത്തി പാഠപുസ്തക വിതരണം, പരിശീലനത്തിനുള്ള ഇൻസ്ട്രക്ടർമാരെ കണ്ടെത്തി അവർക്ക് റിസോഴ്സ് പേഴ്സൺമാരുടെ സഹകരണത്തോടെയുള്ള പരിശീലനം, പഠിതാക്കൾക്ക് വേണ്ട കണ്ണട, മറ്റ് പഠനോപകരണ വിതരണം, ലഘു ഭക്ഷണ വിതരണം എന്നിവ ആറ് മാസം നീണ്ട് നിന്ന പഠന കാലയളവിൽ സംഘടിപ്പിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്ക് ബഹു.മുഖ്യമന്ത്രി, മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, എം.പി.-മാർ, എം.എൽ.എ.-മാർ, മറ്റ് ജനപ്രതിനിധികൾ, രാഷ്ട്രീയ സാമൂഹ്യ-സാംസ്കാരിക സന്നദ്ധപ്രവർത്തകർ തുടങ്ങി സ്കൂൾ വിദ്യാർത്ഥികൾവരെയുള്ളവരുടെ സഹകരണവും സാന്നിദ്ധ്യവും ഉണ്ടായിട്ടുണ്ട്. പദ്ധതിയുടെ ബ്രാൻഡ് അംബാസിഡറായി പ്രശസ്ത ചലച്ചിത്ര താരം ശ്രീ. ദിലീപിന്റെ സഹകരണവും ലഭിക്കുകയുണ്ടായി. 2015 ജൂൺ 7-ാം തീയതി കേരളത്തിലെ 2,05,913 പേർ അതുല്യം അക്ഷരോത്സവം എന്ന പേരിൽ ഒരേ സമയം പരീക്ഷ എഴുതുകയും അതിൽ 2,02,862 പേർ വിജയിക്കുകയും ചെയ്തു. 2015 ജൂൺ 19-ന് മുഴുവൻ പഞ്ചായത്തുകളിലും അതുല്യം പ്രഖ്യാപനം നടത്തുകയുണ്ടായി. സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന ഇൻഡ്യയിലെ ആദ്യ സംസ്ഥാനമായി കേരളത്തെ പ്രാഖ്യാപിക്കുന്ന ചടങ്ങ് ബഹുമാന്യ ഇൻഡ്യൻ ഉപരാഷ്ട്രപതി ശ്രീ. ഹാമിദ് അൻസാരി 2016 ജനുവരി 13-ാം തീയതി തിരുവനന്തപുരത്തെ കേരള സർവ്വകലാശാല സെനറ്റ് ഹാളിൽ വച്ച് നിർവ്വഹിക്കുകയും ചെയ്തു.

**സ്കൂൾ അപ്ഗ്രഡേഷൻ**

51(1105) <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാങ്ങര ജി.എം.എൽ.പി. സ്കൂൾ അപ്ഗ്രഡേഷൻ ചെയ്യണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വടക്കാങ്ങര ജി.എം.എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതു സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ട് പരിശോധിച്ചുവരികയാണ്.

**സ്കൂൾ അപ്ഗ്രഡേഷൻ**

52(1106) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ തലത്തിലുള്ള എത്ര സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തു ; ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

വിവരം ശേഖരിച്ചു നൽകുന്നതാണ്.

**താനൂർ നിയോജക മണ്ഡലത്തിൽ അസാപ്**

53(1107) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര വിദ്യാലയങ്ങളിൽ അസാപ് (അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം) ആരംഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) താനൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങളെയാണ് പ്രസ്തുത പദ്ധതിക്ക് കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) താനൂർ മണ്ഡലത്തിലെ ശേഷിക്കുന്ന വിദ്യാലയങ്ങളെ കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 958 വിദ്യാലയങ്ങളിൽ (ഹയർ സെക്കണ്ടറി സ്കൂളുകളും

കോളേജുകളും ഉൾപ്പെടെ) 2015-16 വർഷത്തിൽ ' അസാപ് ' പദ്ധതി നടപ്പിലാക്കപ്പെടുന്നു. ജില്ല തിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു :

| | | |
|---|---|---|
| തിരുവനന്തപുരം | : | 84 |
| കൊല്ലം | : | 78 |
| ആലപ്പുഴ | : | 64 |
| പത്തനംതിട്ട | : | 34 |
| കോട്ടയം | : | 59 |
| ഇടുക്കി | : | 36 |
| എറണാകുളം | : | 70 |
| തൃശ്ശൂർ | : | 58 |
| പാലക്കാട് | : | 87 |
| മലപ്പുറം | : | 102 |
| കോഴിക്കോട് | : | 100 |
| കണ്ണൂർ | : | 105 |
| വയനാട് | : | 41 |
| കാസർഗോഡ് | : | 40 |

(ബി) ഹയർ സെക്കണ്ടറി, ബിരുദ വിദ്യാർത്ഥികൾക്ക് റഗുലർ പഠനത്തോടൊപ്പം താല്പര്യമുള്ള തൊഴിൽ മേഖലകളിൽ പരിശീലനം നൽകി അവരുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, വിവര സാങ്കേതിക വിദ്യ, ഇഷ്ടമുള്ള ഒരു തൊഴിൽ മേഖല എന്നിവയിൽ വിവിധ പരിശീലന സ്ഥാപനങ്ങൾ (TSP) ട്രെയിനിംഗ് നൽകി വരുന്നു. ഇതിനകം 958 വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ ഈ പദ്ധതിയിൽ ഭാഗമായിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാരിന്റെ ഇലക്ട്രോണിക്സ് വകുപ്പ്, ഏഷ്യൻ ഡവലപ്മെന്റ് ബാങ്ക് എന്നീ ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) താനൂർ നിയോജകമണ്ഡലത്തിലെ ജി.എച്ച്.എസ്സ്.എസ്സ് നിറമരുതൂർ സി.പി.പി.എച്ച്.എം, എച്ച്.എസ്സ്.എസ്സ്. വെള്ളച്ചൽ, ഒഴൂർ, ദേവധർ ജി.എച്ച്.എസ്സ്.എസ്സ്., താനൂർ, ജി.എച്ച്.എസ്സ്.എസ്സ്. ചെറിയമുണ്ടം എന്നിവിടങ്ങളിലാണ് അസാപ് പരിശീലനം നടത്തുന്നത്.

(ഇ) പരിഗണിക്കാവുന്നതാണ്. സർക്കാർ, എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾ, ആർട്സ്&സയൻസ് കോളേജുകൾ എന്നിവർക്ക് അടുത്ത അദ്ധ്യയന വർഷാരംഭത്തിൽ അസാപ് വെബ്സൈറ്റിൽ അപേക്ഷ സമർപ്പിക്കുന്നതിന് സൗകര്യം ഒരുക്കുന്നതാണ്. അടിസ്ഥാന സൗകര്യം, കമ്പ്യൂട്ടർ ലഭ്യത എന്നിവയുടെ ചില നിബന്ധനകൾക്ക് വിധേയമായി അസാപ് അനുയോജ്യതാപഠനം നടത്തുന്നതും സ്കൂളുകളിൽ പദ്ധതിയാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

## സ്കൂൾ കുട്ടികൾക്കുള്ള ഉച്ചഭക്ഷണ വിതരണത്തിലെ ക്രമക്കേട്

54(1108) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികളുടെ ഉച്ചഭക്ഷണ വിതരണ പരിപാടിയുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ നൂൺമീൽ ഓഫീസർമാരെ നിയമിച്ചശേഷം ഓരോ ഉപജില്ലയിലും എത്ര വീതം വിദ്യാലയങ്ങളിൽ പരിശോധനകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നൂൺമീൽ ഓഫീസർമാരുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ എത്ര ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടെന്നും ഇവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നൂൺമീൽ ഓഫീസർമാരെ നിയമിച്ചശേഷം ഓരോ ഉപജില്ലയിലും പരിശോധന നടത്തിയ വിദ്യാലയങ്ങളുടെ എണ്ണം ജില്ലാ അടിസ്ഥാനത്തിൽ അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) നൂൺമീൽ ഓഫീസർമാരുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച വിശദാംശം അനുബന്ധം 2 ആയി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചേർക്കുന്നു.*

## ഇടുക്കി നിയോജക മണ്ഡലത്തിലെ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

55(1109) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുതകുന്ന എന്തെല്ലാം കാര്യങ്ങൾ ഇടുക്കി നിയോജക മണ്ഡലത്തിൽ നടപ്പിൽ വരുത്തിയെന്ന് വ്യക്തമാക്കുമോ;

(ബി) ഇടുക്കി നിയോജക മണ്ഡലത്തിൽ നിർമ്മിച്ച കെട്ടിടങ്ങളുടെയും ആയതിലേക്ക് ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ&ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## ബാപ്പുജി വിജ്ഞാനകേന്ദ്രം

56(1110) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനവ വിഭവശേഷി വികസനത്തിനായി ബാപ്പുജി വിജ്ഞാനകേന്ദ്രം സ്ഥാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കേരളത്തിൽ എന്നാണ് ആരംഭിച്ചത്; എവിടെയെല്ലാം ആരംഭിച്ചു;

(ബി) ഈ സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ കേന്ദ്രങ്ങളിൽ നടക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതിക്ക് കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഈ വകുപ്പിൽ മാനവ വിഭവശേഷി വികസനത്തിനായി ബാപ്പുജി വിജ്ഞാനകേന്ദ്രം സ്ഥാപിച്ചിട്ടില്ല.

(ബി-ഡി)ബാധകമല്ല.

**അദ്ധ്യാപക പാക്കേജ്**

57(1111) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

ശ്രീ. കെ. എൻ. എ. ഖാദർ

ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ഉത്തരവായ അദ്ധ്യാപക പാക്കേജിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പാക്കേജിന്റെ കാര്യത്തിലുണ്ടായ കോടതിവിധി അതിനെ ഏതൊക്കെ വിധത്തിലാണ് ബാധിക്കുകയെന്ന കാര്യം വിശദമാക്കുമോ;

(സി) സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസനയങ്ങൾക്കും, സാമ്പത്തിക സ്ഥിതിക്കും, അദ്ധ്യാപകരുടെ താല്പര്യങ്ങൾക്കും ഹാനികരമാവാത്തവിധം പാക്കേജ് നടപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നിരവധി വർഷങ്ങളായി നിയമനാംഗീകാരവും ശമ്പളവുമില്ലാതെ നിന്ന എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് ശമ്പളവും നിയമനാംഗീകാരവും നൽകുക. യു.ഐ.ഡി. അടിസ്ഥാനമാക്കിയുള്ള തസ്തിക നിർണ്ണയവും സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയശേഷമുള്ള നിയമനവും നടപ്പിലാക്കുന്നതുവഴി ക്രമക്കേടുകൾ തടയുക എന്നീ ഉദ്ദേശലക്ഷ്യങ്ങളോടെയാണ് അദ്ധ്യാപക പാക്കേജ് രൂപവൽക്കരിച്ചത്.

(ബി&സി) സർക്കാരിന്റെ മുൻകൂർ അനുമതി തേടിയശേഷമുള്ള നിയമനവും 2010-11 വർഷത്തെ അടിസ്ഥാനമാക്കിയുള്ള തസ്തിക നിർണ്ണയവും ഇതു സംബന്ധിച്ച തുടർ നിർദ്ദേശങ്ങളും കോടതി റദ്ദ് ചെയ്തിട്ടുണ്ട്.

എന്നാൽ പാക്കേജുമായി ബന്ധപ്പെട്ട കോടതിവിധികൾ ഹാനികരമായി ബാധിക്കാത്ത തരത്തിൽ പാക്കേജിലൂടെ അംഗീകാരം ലഭിച്ച അദ്ധ്യാപകർക്ക് സംരക്ഷണം നൽകി സർക്കാർ 29-1-2016-ലെ സ.ഉ(പി) 29/2016/പൊ.വി.വ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് അദ്ധ്യാപകരുടെ താൽപര്യങ്ങൾക്കോ വിദ്യാഭ്യാസ നയത്തിനോ സാമ്പത്തികാവസ്ഥയ്ക്കോ ഹാനികരമാവില്ലായെന്ന വിലയിരുത്തിയിട്ടാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

**കാക്കാഴം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ**

58(1112) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാക്കാഴം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ എന്നാണ് സർക്കാർ ഏറ്റെടുത്തത്; ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ബി) സ്കൂൾ വക സ്വത്തുക്കൾ സർക്കാരിന് നൽകുന്ന ഗിഫ്റ്റ്ഡീഡ് അംഗീകരിച്ചുവോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ഈ സ്കൂളിലെ ജീവനക്കാരുടെ ശമ്പളം, വാർഷിക ഇൻക്രിമെന്റ്, ഗ്രേഡ്, പ്രോവിഡന്റ് ഫണ്ട് തുടങ്ങിയ എല്ലാ കാര്യങ്ങളും സർക്കാർ നിയോഗിച്ച ഹെഡ്മാസ്റ്റർ ഉണ്ടെങ്കിൽപ്പോലും ഇപ്പോഴും ജില്ലാ വിദ്യാഭ്യാസ ഓഫീസിലാണ് പാസ്സാക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ എന്തു നടപടിയാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രൊബേഷൻ പ്രഖ്യാപനം പോലും നടത്താതെ അഞ്ചു വർഷമായി വാർഷിക ഇൻക്രിമെന്റ് പോലും ലഭിക്കാതെ ജോലി ചെയ്യുന്ന ജീവനക്കാർക്ക് അവരുടെ ആനുകൂല്യങ്ങൾ അടിയന്തരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 18-1-2011-ലെ സ.ഉ. (എംഎസ്.) നമ്പർ9/2011/പൊ.വി. ഉത്തരവ് പ്രകാരമാണ് കാക്കാഴം ഹൈസ്കൂൾ സർക്കാർ ഏറ്റെടുത്തത്. എറ്റെടുക്കൽ നടപടികൾ പൂർത്തിയായി.

(ബി) ഭേദഗതി വരുത്തിയ ഗിഫ്റ്റ് ഡീഡ് 8-2-2016-ൽ സർക്കാരിൽ

ലഭ്യമായിട്ടുണ്ട്. ഇത് പരിശോധിച്ചുവരുന്നു.

(സി) സർക്കാർ ഏറ്റെടുക്കുന്ന സന്ദർഭത്തിൽ പ്രസ്തുത സ്കൂളുകളിൽ ജോലി നോക്കിയിരുന്ന ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള കാര്യങ്ങൾ ആലപ്പുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ തന്നെയാണ് നിർവ്വഹിച്ചിരുന്നത്. ടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ചാൽ മാത്രമേ പ്രസ്തുത സ്കൂളിലെ പ്രഥമാദ്ധ്യാപകന് ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയുകയുള്ളൂ.

(ഡി) പബ്ലിക് സർവ്വീസ് കമ്മീഷന്റെ അനുമതിക്ക് വിധേയമായി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ലോട്ടറി അച്ചടിയന്ത്രം വാടകയ്ക്കെടുത്തതിലുള്ള ക്രമക്കേട്**

59(1113) ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി അച്ചടിയന്ത്രം വാടകക്കെടുത്തതിൽ സി - ആപ്റ്റിൽ വ്യാപകമായ ക്രമക്കേടും അഴിമതിയും നടക്കുന്നതായി ആരോപണം ഉയർന്നിരുന്നോ; ഇതു സംബന്ധിച്ച് ധനപരിശോധനാ വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ട് ലഭിച്ചിരുന്നോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) സി-ആപ്റ്റ് എം.ഡി.-യ്ക്കെതിരെ നടപടിക്ക് പ്രസ്തുത റിപ്പോർട്ടിൽ ശിപാർശയുണ്ടായിരുന്നോ; ഇതു സംബന്ധിച്ച ഫയലിൽ വകുപ്പ് മന്ത്രിയുടെ അഭിപ്രായമെന്തായിരുന്നു; പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു തെളിഞ്ഞിട്ടും എം.ഡി.-ക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കാത്തതെന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(സി) ലോട്ടറി അച്ചടിയന്ത്രം വാടകക്കെടുത്തതുമായി ബന്ധപ്പെട്ട ക്രമക്കേടിൽ വിജിലൻസ് അന്വേഷണം നടത്തിയിരുന്നോ; വിജിലൻസ് റിപ്പോർട്ടിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഡി) അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എം.ഡി.യെ സസ്പെന്റ്

ചെയ്യുകയുണ്ടായോ; എങ്കിൽ സസ്പെഷൻ ഉത്തരവ് ഏത് വകുപ്പിൽ നിന്നാണ് പുറപ്പെടുവിപ്പിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലോട്ടറി അച്ചടിയന്ത്രം വാടകക്കെടുത്തതുമായി ബന്ധപ്പെട്ട് ആരോപണം ഉയർന്ന സാഹചര്യത്തിൽ വിജിലൻസ് വകുപ്പ് അന്വേഷണം നടത്തുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് ധനപരിശോധനാ വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി&ഡി) ലോട്ടറി അച്ചടിയന്ത്രം വാടകക്കെടുത്തതുമായി ബന്ധപ്പെട്ട് വി.ഇ 03/14/എസ്.ഐ.യു-II നമ്പറായി ഒരു വിജിലൻസ് അന്വേഷണം നടത്തുകയും വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടറായിരുന്ന പ്രൊഫ. സജിത്ത് വിജയരാഘവനെ വിജിലൻസ് (ബി) വകുപ്പിന്റെ 01/01/2016-ാം തീയതിയിലെ ജി.ഒ. (ആർറ്റി.) നമ്പർ 02/2016 വിജി. നമ്പർ ഉത്തരവ് പ്രകാരം സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

**ട്രൈബൽ പെൺകുട്ടികൾക്കായുള്ള ഹോസ്റ്റൽ**

60(1114) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഈസ്റ്റ് ഗേൾസ് ഹൈസ്കൂൾ വക സ്ഥലത്ത് നിലവിൽ സ്ഥിതി ചെയ്യുന്ന ട്രൈബൽ പെൺകുട്ടികൾക്കായുള്ള ഹോസ്റ്റലിന് പുതിയ കെട്ടിടം അതേ സ്ഥലത്ത് പണിയുന്നതിനായി വിദ്യാഭ്യാസ വകുപ്പിന്റെ അനുമതി ഇനിയും ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 20454/08, 54703/14, 12930/E1/14, 12252/14, 13122/10 എന്നീ നമ്പരുകളിലായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ ഇതു സംബന്ധിച്ച നിരവധി കത്തുകളടക്കമുള്ള ഫയലുകളിൽ, എട്ട് വർഷക്കാലം പിന്നിട്ടിട്ടും നടപടിയുണ്ടാകാത്തത് മൂലം പാവപ്പെട്ട പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ അവസാനിപ്പിക്കുന്നതിനായി, ഹോസ്റ്റൽ നിർമ്മാണത്തിന് അനുമതി നൽകുവാൻ തയ്യാറാകുമോ?

ഉത്തരം

(എ&ബി) പരിശോധിച്ച് അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**അദ്ധ്യാപക നിയമനം**

61(1115) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക നിയമനം മുതലായ ആസൂത്രണ ബോർഡ് ശുപാർശകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ശുപാർശകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) സ്കൂളുകളിലെ അദ്ധ്യാപക നിയമനം സംബന്ധിച്ചുള്ള ഹൈക്കോടതി വിധി നടപ്പാക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബഹു. ഹൈക്കോടതിയുടെ 17-12-2015-ലെ WP(C) നമ്പർ 19008/13 തുടങ്ങിയ അന്യായങ്ങളിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 29-1-2016- ലെ സ.ഉ.(പി) നമ്പർ 29/16 പൊ.വി.വ. പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. ബഹു. ഹൈക്കോടതി വിധിക്കെതിരെ സർക്കാർ ബഹു. കോടതിയിൽ ഫയൽ ചെയ്യാനുദ്ദേശിക്കുന്ന അപ്പീലിനു വിധേയമായാണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു)*

**അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം**

62(1116) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ബെന്നി ബെഹനാൻ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പ്രോഗ്രാം വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രോഗ്രാം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹയർ സെക്കണ്ടറി ബിരുദ പഠനത്തോടൊപ്പം താല്പര്യമുള്ള തൊഴിൽ മേഖലകളിൽ പരിശീലനം നൽകി അവരുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, വിവര സാങ്കേതിക വിദ്യ, ഇഷ്ടമുള്ള ഒരു തൊഴിൽ മേഖല എന്നിവയിൽ വിവിധ പരിശീലന സ്ഥാപനങ്ങൾ (TSP) ട്രെയിനിംഗ് നൽകിവരുന്നു. ഇതിനകം 958 വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ ഈ പദ്ധതിയിൽ ഭാഗമായിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ താഴെ സൂചിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി, പ്ലസ് വൺ വിദ്യാർത്ഥികൾക്കും ബിരുദ വിദ്യാർത്ഥികൾക്കും റെഗുലർ പഠനത്തോടൊപ്പം താല്പര്യമുള്ള തൊഴിൽ മേഖലകളിൽ പരിശീലനം നൽകി അവരുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലും തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലും കോളേജുകളിലും അസാപ്പിന്റെ കീഴിൽ 105-ൽ പരം സ്കിൽ ഡവലപ്മെന്റ് സെന്ററുകൾ ഇതിനകം ആരംഭിച്ചുകഴിഞ്ഞു. വിദ്യാർത്ഥികൾക്ക് പരിശീലനം ലഭ്യമാക്കുന്നതിനുവേണ്ടി ഓരോ സെന്ററിലും കമ്പ്യൂട്ടർ ലാബ് സ്ഥാപിക്കുകയും ആവശ്യമായ സാങ്കേതിക ഉപകരണങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ ചെലവിൽ ഓരോ സെന്ററിലേയ്ക്കും

കേബിൾ നെറ്റ്‌വർക്ക് കണക്ഷനും സജ്ജമാക്കിയിട്ടുണ്ട്. ഓരോ സ്കിൽ സെന്ററിന്റേയും ക്ലാസ്സ് മുറികളിൽ പ്രൊജക്ടേഴ്സ് സ്ഥാപിച്ചിട്ടുണ്ട്. ഇതിനകം 958 വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ ഈ പദ്ധതിയിൽ ഭാഗമായിട്ടുണ്ട്. ഇതിനോടകം 50000-ൽ അധികം വിദ്യാർത്ഥികൾ അസാപ്പിന്റെ നൈപുണ്യ പദ്ധതിയിൽ പങ്കെടുക്കുകയും പരിശീലനം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ നിയോജക മണ്ഡലങ്ങളിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ നിർമ്മാണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 15 അസംബ്ലി നിയോജക മണ്ഡലങ്ങളിൽ സ്ഥലം കണ്ടെത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ധാരാളം വിദ്യാർത്ഥികൾ അസാപ്പിന്റെ നൈപുണ്യ പദ്ധതിയിൽ പങ്കെടുക്കുകയും പരിശീലനം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

**അദ്ധ്യാപക പാക്കേജ്**

63(1117) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. എം. ഹംസ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക പാക്കേജിന്റെ നിലവിലെ സ്ഥിതിയെന്തെന്ന് വിശദമാക്കാമോ;

(ബി) അദ്ധ്യാപക പാക്കേജിലെ ഏതെല്ലാം വ്യവസ്ഥകളാണ് ഹൈക്കോടതി റദ്ദാക്കിയിട്ടുള്ളത്; ഇതുസംബന്ധിച്ച് സ്വീകരിച്ച തുടർ നടപടികൾ എന്തെന്ന് അറിയിക്കാമോ;

(സി) എയ്ഡഡ് വിദ്യാലയങ്ങളിലെ അദ്ധ്യാപക നിയമത്തിന് മുൻകൂർ അനുമതി വേണമെന്ന് പാക്കേജിൽ വ്യവസ്ഥ ചെയ്തിരുന്നോ; ഇത് ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ടോ;

(ഡി) ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനത്തിന് മുൻകൂർ അനുമതി വാങ്ങണമെന്ന് കെ.ഇ.ആറിൽ ഭേദഗതി കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം വിദ്യാഭ്യാസ അവകാശനിയമം അനുശാസിക്കും വിധമാകണമെന്ന ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ സർക്കാർ സ്കൂളുകളിൽ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതത്തിൽ മാറ്റം വരുത്താൻ

തയ്യാറാകുമോ?

ഉത്തരം

(എ&ബി) ബഹു. ഹൈക്കോടതിയുടെ 17-12-2015-ലെ WP(C) 19008/13 തുടങ്ങിയ കേസുകളിലെ വിധി ന്യായത്തിൽ ബഹു. ഹൈക്കോടതി 4-8-2014-ൽ സ.ഉ. (പി) നമ്പർ 154/14/പൊ.വി.വ. പ്രകാരം അദ്ധ്യാപക പാക്കേജ് സംബന്ധമായി കൊണ്ടുവന്ന കെ.ഇ.ആർ. ഭേദഗതിയും അദ്ധ്യാപക പാക്കേജ് സംബന്ധിച്ച് സർക്കാർ 6-8-2015-ൽ പുറപ്പെടുവിച്ച സ.ഉ(പി) നമ്പർ 213/15/പൊ.വി.വ. നമ്പർ ഉത്തരവും ചില ഭേദഗതികളോടെയും റദ്ദാക്കലുകളോടെയും നിലനിർത്തുകയുണ്ടായി. താഴെപ്പറയുന്ന വ്യവസ്ഥകൾ റദ്ദാക്കിയിട്ടുണ്ട്.

1. 2010-11-നെ അടിസ്ഥാനമാക്കി തുടർ വർഷങ്ങളിലുള്ള തസ്തിക നിർണ്ണയം റദ്ദാക്കി.
2. 1:45 അനുപാതത്തിൽ I-VIII വരെ ക്ലാസുകളിൽ തസ്തിക നിർണ്ണയത്തിനുള്ള അനുപാതം റദ്ദാക്കി.
3. അദ്ധ്യാപക നിയമനങ്ങൾക്ക് മാനേജർമാർ മുൻകൂർ അനുമതി വാങ്ങണമെന്ന കെ.ഇ.ആർ ഭേദഗതി വ്യവസ്ഥ റദ്ദാക്കി.
4. അദ്ധ്യാപകരുടെ നിലവാരം പരിശോധിക്കുന്നതിനുള്ള മോണിറ്ററിംഗ് സമിതി വ്യവസ്ഥ റദ്ദാക്കി.
5. ഹയർലെവൽ വെരിഫിക്കേഷൻ സംബന്ധിച്ച കെ.ഇ.ആർ. വ്യവസ്ഥ റദ്ദാക്കി.

ഹൈക്കോടതി ഉത്തരവിനെതിരായി സർക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. അപ്പീലിനു വിധേയമായി കോടതി ഉത്തരവിനനുസൃതമായ രീതിയിൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് 29-1-2016-ലെ സ.ഉ. (പി) നമ്പർ 29/16/ പൊ.വിവ. പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 2012-13 വർഷം മുതൽ എൽ.പി.-യിൽ (I-V)വരെ ക്ലാസുകളിൽ 1:30-ഉം യു.പി.-യിൽ (VI-VIII) വരെ ക്ലാസുകളിൽ 1:35-ഉം എന്ന രീതിയൽ ക്ലാസ് തലത്തിൽ നടപ്പിലാക്കുവാൻ നിർദ്ദേശിച്ചു.

(സി) വ്യവസ്ഥ ചെയ്തിരുന്നു. ഇത് റദ്ദാക്കിയിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ) ഹൈക്കോടതി വിധിക്കെതിരെ സർക്കാർ ഫയൽ ചെയ്യാനുദ്ദേശിക്കുന്ന അപ്പീലിനു വിധേയമായി 29-1-2016-ലെ സ.ഉ(പി) നമ്പർ 29/16 പൊ.വി.വ. പ്രകാരം ഇതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**പുതിയതായി അനുവദിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

64(1118) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സർക്കാർ മേഖലയിൽ അനുവദിച്ചിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സ്ഥാപനങ്ങളിൽ എത്ര തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ എയ്ഡഡ് മേഖലയിൽ അനുവദിച്ചിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; പ്രസ്തുത സ്ഥാപനങ്ങളിലേക്കായി എത്ര തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) അൺ-എയ്ഡഡ് മേഖലയിൽ അനുവദിച്ചിട്ടുള്ള പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച നൽകുന്നതാണ്.

**അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം**

65(1119) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം സംബന്ധിച്ച ഏറ്റവും ഒടുവിലത്തെ കോടതിവിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 17-12-2015-ലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിന്യായത്തിൽ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം സംബന്ധിച്ച് ആർ.ടി.ഇ. ആക്ടിന്റെ ഷെഡ്യൂളിൽ

വ്യവസ്ഥ ചെയ്തിട്ടുള്ളത് എൽ.പി.-യിൽ (I-V വരെ) 1:30 എന്ന ക്ലാസ് തല അനുപാതവും യു.പി.-യിൽ (VI-VIII) വരെ 1:35 എന്ന ക്ലാസ് തല അനുപാതവുമാണെന്ന് കോടതി കണ്ടെത്തുകയും അത് നടപ്പിലാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. കൂടാതെ 2010-11-ലെ തസ്തിക നിർണ്ണയം തുടർവർഷങ്ങളിലും ബാധകമാക്കിയ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥ റദ്ദാക്കുകയും കൂടാതെ അദ്ധ്യാപക പാക്കേജിന്റെ അടിസ്ഥാനത്തിൽ കൊണ്ടുവന്ന കെ.ഇ.ആർ. ഭേദഗതിയിലെ തസ്തിക നിർണ്ണയം സംബന്ധിച്ച ചട്ടങ്ങൾ ഒഴികെയുള്ളവ റദ്ദാക്കുകയും ചെയ്തതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾ കോടതി വിധിയിലുണ്ട്.

(ബി) കോടതി ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. അപ്പീലിനു വിധേയമായി 29-1-2016-ലെ സ.ഉ.(പി) നമ്പർ 29/16/പൊ.വി.വ. കോടതി വിധിക്കനുസൃതമായ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. കോടതിവിധിക്കെതിരായി സർക്കാർ ഫയൽ ചെയ്യാനുദ്ദേശിക്കുന്ന അപ്പീലിനു വിധേയമായിട്ടാണ് പ്രസ്തുത ഉത്തരവെന്നതാണ് ഇപ്പോഴത്തെ സർക്കാർ നിലപാട്.

## സ്പെഷ്യൽ അദ്ധ്യാപകരുടെ നിയമനം

66(1120) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ സ്പെഷ്യൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ആയത് പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രത്യേക ശ്രദ്ധ ആവശ്യമുള്ള അഞ്ചു കുട്ടികളുള്ള സ്കൂളിൽ സ്പെഷ്യൽ അദ്ധ്യാപക നിയമനം അനുവദിക്കാറുണ്ടോ;

(സി) പ്രത്യേക ശ്രദ്ധ ആവശ്യമുള്ള കുട്ടികളെ മുഖ്യധാരയിലെത്തിക്കാൻ സ്പെഷ്യൽ സ്കൂളുകളിലല്ല സാധാരണ സ്കൂളുകളിൽ മറ്റു കുട്ടികൾക്കൊപ്പം പഠിക്കാൻ സൗകര്യം നൽകുകയാണ് വേണ്ടതെന്ന ശിപാർശ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സാധാരണ സ്കൂളുകളിൽ സ്പെഷ്യൽ അദ്ധ്യാപകർ താൽക്കാലികാടിസ്ഥാനത്തിൽ വർഷങ്ങളായി ജോലി ചെയ്തു വരുന്ന കാര്യം ശ്രദ്ധയിലുണ്ടോ; എങ്കിൽ

മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അവരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സ്കൂളുകളിൽ റിസോഴ്സ് അദ്ധ്യാപകരെ നിയമിക്കുന്നത് കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിലാണ്. നിലവിലെ അധ്യാപക വിദ്യാർത്ഥി അനുപാതം 1:5 ആണ്. റിസോഴ്സ് അദ്ധ്യാപകർ നിയമിക്കപ്പെടുന്ന സ്കൂളുകളിൽ കുട്ടികളുടെ എണ്ണം അഞ്ചിൽ കുറവാണെങ്കിൽ മറ്റ് സ്കൂളുകളുമായി ക്ലബ്ബ് ചെയ്താണ് നിയമനം നൽകേണ്ടത്. ഈ ഗൈഡ്ലൈൻസ് പരിഷ്ക്കരിക്കേണ്ടത് കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയമാണ്.

(ബി) ഐ.ഇ.ഡി.എസ്.എസ്. ഗൈഡ്ലൈൻസ് പ്രകാരം അഞ്ച് കുട്ടികളുള്ള സ്കൂളിൽ റിസോഴ്സ് അദ്ധ്യാപകരെ നിയമിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും നിലവിലെ സാഹചര്യത്തിൽ അദ്ധ്യാപകരുടെ എണ്ണത്തിലുള്ള കുറവ് കാരണം അതിന് സാധിക്കുകയില്ല. 725 റിസോഴ്സ് അദ്ധ്യാപകരെ മാത്രമാണ് എം.എച്ച്.ആർ.ഡി. അനുവദിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ വൈകല്യമുള്ള കുട്ടികൾക്ക് പരമാവധി സേവനം നൽകുകയെന്ന ലക്ഷ്യത്തോടെ ഒന്ന് അല്ലെങ്കിൽ രണ്ട് സ്കൂളുകളിലായാണ് റിസോഴ്സ് അദ്ധ്യാപകരെ നിയമിച്ചിട്ടുള്ളത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) നിലവിൽ ജോലി ചെയ്യുന്ന റിസോഴ്സ് അദ്ധ്യാപകരെ ഒരോ വർഷവും കരാർ അടിസ്ഥാനത്തിലാണ് നിയമിച്ചു വരുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട റിസോഴ്സ് അദ്ധ്യാപകരെ സ്ഥിരപ്പെടുത്തുവാൻ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം കഴിയില്ല.

**സ്കൂളുകളിലെ ഉച്ചഭക്ഷണം പദ്ധതി**

67(1122) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി ഹെഡ് മാസ്റ്റർമാർക്ക് ഉണ്ടായിട്ടുള്ള സാമ്പത്തിക ബാദ്ധ്യത കൊടുത്തു തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഉച്ചഭക്ഷണം പദ്ധതിയ്ക്ക് ആവശ്യമായ തുക വകയിരുത്തിയശേഷം തിരിച്ചെടുക്കുന്നതിന്റെ കാരണം വിശദമാക്കുമോ;

(സി) വരും വർഷങ്ങളിൽ ഈ പദ്ധതിക്കായി മതിയായ തുക വകയിരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ കുടിശ്ശിക ഒന്നുംതന്നെ നൽകാനില്ല.

(ബി) ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിന് അനുവദിക്കുന്ന തുകയിൽ നിന്നും പദ്ധതിയുടെ നടത്തിപ്പിന് ആവശ്യമായ എല്ലാ തുകയും പിൻവലിക്കുകയും ആയത് ഉപയോഗിച്ച് വരികയും ചെയ്യുന്നു. പദ്ധതിയുടെ നടത്തിപ്പിന് ആവശ്യം വരാത്ത തുക മാത്രമേ തിരിച്ചടയ്ക്കുന്നുള്ളൂ.

(സി) സ്വീകരിച്ചിട്ടുണ്ട്.

## സ്കൂളുകളുടെ ഭൗതിക സാഹചര്യം

68(1123) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഹയർ സെക്കണ്ടറി സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി തീരദേശ വികസന കോർപ്പറേഷൻ മുഖേന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള സഹായം തീരദേശ വികസന കോർപ്പറേഷൻ അനുവദിക്കുമോ?

ഉത്തരം

(എ&ബി) കോഴിക്കോട് ജില്ലയിലെ പുതിയാപ്പ ഹയർ സെക്കണ്ടറി സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി തീരദേശ വികസന കോർപ്പറേഷനിൽ നിവേദനം ലഭിച്ചിട്ടുണ്ട്. ആയതിന് തീരദേശ വികസന

കോർപ്പറേഷൻ സ്ഥലം സന്ദർശിച്ച് പ്രോജക്ട് സമർപ്പിക്കുന്നതനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## സ്കൂളുകളുടെ അംഗീകാരം

69(1125) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്തെ എത്ര എയ്ഡഡ് സ്കൂളുകൾക്കും അൺ എയ്ഡഡ് സ്കൂളുകൾക്കും അംഗീകാരം നൽകിയിട്ടുണ്ട് എന്നറിയിക്കാമോ;

(ബി) അനുമതിയില്ലാത്ത എത്ര അൺ എയ്ഡഡ് സ്കൂളുകൾ സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാരിന്റെ മുന്നിൽ ഇപ്പോൾ എത്ര അപേക്ഷകൾ അനുമതിക്കായി ഉണ്ട്;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര സ്കൂളുകൾ ഏറ്റെടുത്തിട്ടുണ്ട്; എത്ര സർക്കാർ സ്കൂളുകൾ ആരംഭിച്ചിട്ടുണ്ട്?

### ഉത്തരം

(എ-ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാനദണ്ഡങ്ങൾ പാലിക്കുന്ന 395 അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. മറ്റു വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

## അനാദായകരമായ സ്കൂളുകളും ഏകാദ്ധ്യാപക സ്കൂളുകളും

70(1128) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനാദായകരമായി കണക്കാക്കിയിട്ടുള്ള സ്കൂളുകളുടെ എണ്ണമെത്ര; ഇവ അടച്ചുപൂട്ടൽ ഭീഷണിയിലാണോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അടച്ചുപൂട്ടിയ സ്കൂളുകളുടെ എണ്ണമെത്ര; അവയിൽ സർക്കാർ സ്കൂളുകൾ എത്ര;

(സി) എത്ര ഏകാദ്ധ്യാപക വിദ്യാലയങ്ങളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്; എവിടെയെല്ലാം;

(ഡി) ഈ വിദ്യാലയങ്ങളിൽ കൃത്യമായി ശമ്പളം നൽകാത്തതിനാൽ

അദ്ധ്യാപകർ ഒഴിഞ്ഞുപോയതുമൂലം അടച്ചുപൂട്ടിയ വിദ്യാലയങ്ങൾ ഉണ്ടോ; എങ്കിൽ എത്ര;

(ഇ) ഇത്തരം വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ തുടർ പഠനത്തിന് എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## സ്കൂളുകളിൽ അഡീഷണൽ ബാച്ച് അനുവദിക്കൽ

71(1131) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയന വർഷം പ്ലസ് വൺ-ന് എത്ര അഡീഷണൽ ബാച്ചുകൾ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഗവൺമെന്റ്/എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകൾ എന്നിങ്ങനെ എത്ര വീതം ബാച്ചുകൾ ആരംഭിച്ചിട്ടുണ്ട് എന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ;

(സി) അഡീഷണൽ ബാച്ചുകൾക്ക് വേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) അഡീഷണൽ ബാച്ചുകൾ അനുവദിച്ചതിന് സ്വീകരിച്ച മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഈ അദ്ധ്യയന വർഷം ഹയർ സെക്കണ്ടറിയിൽ പ്ലസ് വൺ-ന് അഡീഷണൽ ബാച്ചുകൾ ഒന്നും തന്നെ അനുവദിച്ചിട്ടില്ല.

(ബി-ഡി) ഉത്തരം (എ)-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

## കുളത്തുപ്പുഴ ഗവ.എച്ച്.എസ്.എസിന് കെട്ടിട നിർമ്മാണം

72(1133) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ എം.എൽ.എ.-യുടെ 2014-15 വർഷത്തെ നിയോജകമണ്ഡലം ആസ്തി വികസനഫണ്ടിൽ ഉൾപ്പെടുത്തി കുളത്തുപ്പുഴ ഗവൺമെന്റ് എച്ച്.എസ്.എസ്.-ന് കെട്ടിടം നിർമ്മാണം നടത്തുന്നതിലേക്കായി എന്നാണ് എം.എൽ.എ.-യുടെ

പ്രൊപോസൽ ലഭിച്ചതെന്ന് വ്യക്തമാക്കുമോ; ആയത് ധനകാര്യ വകുപ്പിന് സമർപ്പിച്ച തീയതിയും, ധനകാര്യ വകുപ്പിൽ നിന്നും അനുവാദം ലഭിച്ച തീയതിയും വ്യക്തമാക്കുമോ;

(ബി) ടി പ്രവൃത്തിക്ക് ധനകാര്യ വകുപ്പിൽ നിന്നും അനുവാദം ലഭിച്ചപ്പോൾ പ്രസ്തുത പ്രവൃത്തി നടത്തുന്നതിന് 'തസ്തിക സൃഷ്ടിക്കൽ' ആവശ്യമുണ്ടോ എന്ന് നിർദ്ദേശിച്ചിരുന്നോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് ഹയർ സെക്കണ്ടറി ഡയറക്ടർക്ക് വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഏത് തീയതിയിലാണ് കത്ത് നൽകിയതെന്നും ആയത് ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ കൈപ്പറ്റിയ തീയതിയും വ്യക്തമാക്കുമോ;

(സി) ഹയർ സെക്കണ്ടറി വകുപ്പിൽ നിന്നും ടി കത്തിന് മറുപടി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ധനവകുപ്പിൽ നിന്നും അനുമതി ലഭിച്ച് ഏറെ നാളുകൾ കഴിഞ്ഞിട്ടും ഭരണ വകുപ്പിൽ നിന്നും വർക്കിന് ഭരണാനുമതി നൽകാത്ത സാഹചര്യം എന്താണെന്ന് വിശദമാക്കുമോ; ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭിച്ച് ടെണ്ടർ നടപടികൾ ആകേണ്ട സമയം കഴിഞ്ഞിട്ടും പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുവാൻ കഴിയാത്ത ഗുരുതര വീഴ്ച ഭരണ വകുപ്പിലെ ഉദ്യോഗസ്ഥരാണോ ഹയർ സെക്കന്ററി ഡയറക്ടറേറ്റാണോ സൃഷ്ടിച്ചതെന്ന് വ്യക്തമാക്കുമോ;

(ഇ) ഇത്തരം വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പുനലൂർ എം.എൽ.എ.-യുടെ 2014-15 വർഷത്തെ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി കുളത്തൂപ്പുഴ ഗവ.എച്ച്.എസ്.എസിന് കെട്ടിട നിർമ്മാണം നടത്തുന്നതിലേക്കായി പൊതുമരാമത്ത് (കെട്ടിട വിഭാഗം) ചീഫ് എഞ്ചിനീയർ സമർപ്പിച്ച ശുപാർശ 10-8-2015-ൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ ലഭ്യമായി. ആയത് 20-8-2015-ന് ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന് സമർപ്പിച്ചു. ധനകാര്യ വകുപ്പിന്റെ 28-9-2015 തീയതി രേഖപ്പെടുത്തിയ അഭിപ്രായകുറിപ്പ് 5-10-2015-ന് പൊതു വിദ്യാഭ്യാസ വകുപ്പിന് ലഭിച്ചു.

(ബി) നിർദ്ദേശിച്ചിരുന്നു. 13-10-2015-ലെ കത്ത് മുഖേന ഹയർ സെക്കണ്ടറി ഡയറക്ടറുടെ ഇതുസംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു.

(സി) ഹയർ സെക്കണ്ടറി വകുപ്പിൽ നിന്നും 12-1-2016 തീയതി

രേഖപ്പെടുത്തിയ കത്ത് 20-1-2016-ൽ ലഭ്യമായി (പകർപ്പ് അനുബന്ധമായി ചേർക്കുന്നു).*

(ഡി&ഇ) ധനകാര്യ വകുപ്പ് പ്രസ്തുത പ്രവൃത്തിക്ക് തസ്തിക സൃഷ്ടിക്കൽ ആവശ്യമുണ്ടോയെന്ന് ഉറപ്പുവരുത്തണമെന്ന വ്യവസ്ഥയോടെയാണ് അനുമതി നൽകിയിരുന്നത്. ആയത് സംബന്ധിച്ച് ഹയർ സെക്കണ്ടറി വകുപ്പിൽ നിന്ന് റിപ്പോർട്ട് ആവശ്യപ്പെട്ടുവെങ്കിലും 13-10-2015-ലെ കത്തിന് 12-1-2010-ലെ കത്ത് പ്രകാരമാണ് മറുപടി ലഭ്യമാക്കിയത്. ആയതിൽ നിർമ്മാണ പ്രവൃത്തികൾക്ക് തസ്തിക സൃഷ്ടിക്കൽ ആവശ്യമില്ലായെന്ന മറുപടിയാണ് ലഭ്യമാക്കിയത്. പുതിയ കെട്ടിട നിർമ്മാണത്തിനുശേഷം തസ്തിക സൃഷ്ടിക്കുന്നതിനെ സംബന്ധിച്ചാണ് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നത്. ആയതിനാൽ, വ്യക്തമായ റിപ്പോർട്ട് സമർപ്പിക്കുവാൻ, DHSE-യോട് ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാകാത്ത സാഹചര്യത്തിൽ 10-2-2016-ൽ G.O(Rt) 518/2016-ലെ നമ്പർ ഉത്തരവ് പ്രകാരം തസ്തിക സൃഷ്ടിക്കൽ അനുവദിക്കില്ലെന്ന വ്യവസ്ഥയോടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിന് പദ്ധതി**

73(1135) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർസെക്കണ്ടറി തുല്യതാ കോഴ്സിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാന സാക്ഷരതാ മിഷൻ സമർപ്പിച്ച പദ്ധതി സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പത്താതരം തുല്യത വിജയിച്ചവർ, ഔപചാരിക പത്താംതരം വിജയിച്ച് പഠനം തുടരാൻ കഴിയാത്തവർ, പ്രീ-ഡിഗ്രി കോഴ്സ് വിജയിക്കാത്തവർ എന്നിവരെ കണ്ടെത്തി തുടർന്ന് പഠിക്കാൻ അവസരം നൽകുക, പഠനം നഷ്ടപ്പെട്ടുപോയവരെ അതിലേക്ക് തിരികെ കൊണ്ടുവന്ന് ജീവിത സാഹചര്യങ്ങളെ അഭിമുഖീകരിക്കാൻ ഉതകുന്ന ക്രിയാത്മകവും വിമർശനാത്മകവുമായ ചിന്ത വളർത്തുക, പഠിതാക്കളിൽ തൊഴിൽ/സംരംഭകത്വശേഷി വളർത്തുക, പാർശ്വവൽക്കരിക്കപ്പെട്ടവരിലും അവകാശങ്ങൾ നിഷേധിക്കപ്പെട്ടവരിലും പുനർപഠനത്തിലൂടെ ആത്മാഭിമാനവും ആത്മവിശ്വാസവും വളർത്തുക എന്നിവ കൈവരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) ഹയർ സെക്കണ്ടറി തുല്യതാ കോഴിസിന്റെ (ഹ്യുമാനിറ്റീസ്, കോമേഴ്സ്) പ്ലസ് വൺ രജിസ്ട്രേഷൻ പൂർത്തിയാവുകയും 14 ജില്ലകളിലും സമ്പർക്ക പഠനക്ലാസ്സുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ യോഗ്യതയും പരിചയ സമ്പന്നരുമായ അധ്യാപകരെ തെരഞ്ഞെടുത്ത് ജില്ലാ തലങ്ങളിൽ വച്ച് പരിശീലനം നൽകി ഹയർ സെക്കണ്ടറി സമ്പർക്ക പഠന ക്ലാസ്സുകൾ ജില്ലാതലത്തിൽ നടത്തി വരികയും ചെയ്യുന്നുണ്ട്. ജില്ലകളിൽ 213 സമ്പർക്ക പഠന കേന്ദ്രങ്ങളിലായി 18,368 പഠിതാക്കൾ ഹ്യുമാനിറ്റീസ്, കോമേഴ്സ് എന്നീ ഗ്രൂപ്പുകളിൽ പഠനം നടത്തിവരുന്നു. പൊതു പരീക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിന്റെ നേതൃത്വത്തിലാണ് നടത്തുന്നത്. SCERT-യുടെ സഹകരണത്തോടെ ഹയർ സെക്കണ്ടറി പഠന സാമഗ്രികൾ തയ്യാറാക്കി 10 വിഷയങ്ങൾക്ക് 13 പുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്തു.

## പൊതുവിദ്യാഭ്യാസ വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ

74(1137) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസ വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാം;

(ബി) പ്രസ്തുത പദ്ധതികൾക്കായി ഓരോ ബഡ്ജറ്റിലും വകയിരുത്തിയ തുക എത്ര; പദ്ധതികളുടെ നടത്തിപ്പിനായി ഖജനാവിൽ നിന്ന് ഇതിനകം പിൻവലിക്കപ്പെട്ട തുക എത്ര;

(സി) കഴിഞ്ഞ അഞ്ചു വർഷമായി പ്രഖ്യാപിക്കപ്പെട്ടതും എന്നാൽ നടപ്പിലാക്കാൻ കഴിയാത്തതുമായ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) ഇതുകാരണം കേന്ദ്രത്തിന്റെ ഫണ്ട് നഷ്ടമായിട്ടുള്ളതിന്റെ വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ&ബി) പൊതുവിദ്യാഭ്യാസ വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 2014-15 സാമ്പത്തിക വർഷത്തിൽ ആശ്വാസ്, തിരുവനന്തപുരം ജി.വി.രാജാ സ്പോർട്സ് സ്കൂളിലും കണ്ണൂർ ജി.വി.എച്ച്.എസ്.എസ് (കണ്ണൂർ സ്പോർട്സ് ഡിവിഷൻ)-ലെയും അടിസ്ഥാനസൗകര്യ വികസനം എന്നിവ ഒറ്റത്തവണ കേന്ദ്രസഹായ പദ്ധതികളായതിനാൽ കേന്ദ്ര ധനസഹായം ലഭിക്കാത്തതിനാൽ നടപ്പിലാക്കാൻ സാധിച്ചില്ല. കൂടാതെ തെരെഞ്ഞെടുക്കപ്പെടുന്ന രണ്ട് ജില്ലകളിലെ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്ന പദ്ധതി, ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് എക്സലൻസ് അവാർഡ് നൽകുന്ന പദ്ധതി, സാക്ഷരതാ മിഷന്റെ കീഴിൽ പ്രഖ്യാപിച്ച അക്ഷരസാഗരം പദ്ധതി, വയനാട് ആദിവാസി സാക്ഷരതാ പദ്ധതി എന്നിവയാണ് കഴിഞ്ഞ അഞ്ചു വർഷമായി പ്രഖ്യാപിക്കപ്പെട്ടതും നടപ്പിലാക്കാൻ കഴിയാത്തതുമായ പദ്ധതികൾ

(ഡി) 2014-15 സാമ്പത്തിക വർഷത്തിൽ ആശ്വാസ്, തിരുവനന്തപുരം ജി.വി.രാജാ സ്പോർട്സ് സ്കൂളിലും (കണ്ണൂർ സ്പോർട്സ് ഡിവിഷൻ)-ലെയും അടിസ്ഥാന സൗകര്യവികസനം എന്നീ പദ്ധതികൾക്ക് സംസ്ഥാന സർക്കാർ യഥാസമയം ഭരണാനുമതി നൽകിയെങ്കിലും കേന്ദ്രസഹായം ലഭിച്ചില്ല.

**ഹയർസെക്കണ്ടറി സ്കൂളുകളിലെ ഒഴിവുകൾ**

75(1138) <u>ശ്രീ. റ്റി. യു. കുരുവിള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി സ്കൂളുകളിൽ ക്ലാർക്ക്, പ്യൂൺ(ഓഫീസ് അറ്റൻഡന്റ്), ലൈബ്രേറിയൻ തുടങ്ങിയ തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടിക്രമം ഏതുവരെയായി എന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് ഹൈക്കോടതിയുടെ ഏതെങ്കിലും ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഹയർസെക്കണ്ടറി സ്കൂളുകളിലെ അധ്യാപക തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) ഹയർ സെക്കണ്ടറിയിൽ നിലവിലുള്ള അദ്ധ്യാപക തസ്തികയിലെ ഒഴിവുകൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലോവർ ഡിവിഷൻ ക്ലാർക്ക്, മീനിയൽ, ലൈബ്രേറിയൻ തസ്തികകൾ അനുവദിക്കുന്നതിന് 17-8-2015-ലെ ജി.ഒ. (എംഎസ്.) നമ്പർ 220/2015/ പൊ.വി.വ. ഉത്തരവ് പ്രകാരം ഒരു സ്കീമിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത സ്കീം അനുസരിച്ച് തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) ഉണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി&ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**വിദ്യാലയങ്ങളുടെ പ്രവർത്തനം**

76(1139) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വിദ്യാലയങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) സ്കൂളുകളിൽ അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) യു.പി.എസ്.എ. തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും അവയിൽ എത്ര എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ജില്ല തിരിച്ച് അറിയിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) സോഷ്യൽ സ്റ്റഡീസ് വിഭാഗത്തിൽ എച്ച്.എസ്.എ. തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും അവയിൽ എത്ര എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ജില്ല തിരിച്ച് അറിയിക്കുമോ;

(ഇ) ഒഴിവുകൾ നികത്താതിരിക്കാനുണ്ടായ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വിശദാംശം അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു.*

(ഡി) വിശദാംശം അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു.*

(ഇ) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ പി.എസ്.സി. അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ നികത്താൻ കഴിയുകയുള്ളൂ. എച്ച്.എസ്.എ. സോഷ്യൽ സയൻസ് തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനായി റാങ്ക് ലിസ്റ്റ് നിലവിലില്ല. അന്തർജില്ലാ സ്ഥലം മാറ്റം, പ്രൊമോഷൻ, ബൈട്രാൻസ്ഫർ നിയമനം ഇവയ്ക്കായി മാറ്റി വച്ചിരിക്കുന്ന മറ്റ് ഒഴിവുകളിൽ നിയമന നടപടികൾ സ്വീകരിച്ചുവരുന്നു.

**അൻപത്തിയാറാമത് സംസ്ഥാന സ്കൂൾ കലോത്സവം**

77(1140) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 അദ്ധ്യയന വർഷത്തെ സംസ്ഥാന സ്കൂൾ കലോത്സവത്തിലും അതിനു മുന്നോടിയായി നടന്ന സബ് ജില്ല/ജില്ലാ കലോത്സവങ്ങളിലും വാതുവയ്പു സംഘങ്ങളും ഇടനിലക്കാരും ഇവർക്ക് വിധേയരായ ചില വിധികർത്താക്കളുടെയും നടത്തിപ്പു ജീവനക്കാരുടേയും ഇടപെടലുകൾ ഉണ്ടായതായും അതിന്റെ അടിസ്ഥാനത്തിൽ മത്സരാർത്ഥികളും രക്ഷകർത്താക്കളും വിദ്യാർത്ഥികളുടെ ഗുരുസ്ഥാനീയരും പരാതിപ്പെട്ടതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തൊക്കെ അന്വേഷണം നടത്തിയെന്നും അന്വേഷണത്തിൽ കണ്ടെത്തിയ വാതുവയ്പ്പ സംഘങ്ങളും ഇടനിലക്കാരും വിധികർത്താക്കളും നടത്തിപ്പുകാരും ആരെല്ലാമെന്നും ഇവർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചുവെന്നും ഇത്തരം പ്രവർത്തനം നടത്തിയവരിൽ കരിമ്പട്ടികയിൽപ്പെടുത്തിയവർ ആരെല്ലാമെന്നും കുറ്റക്കാരായി കണ്ടെത്തി ആജീവനാന്ത വിലക്ക് ഏർപ്പെടുത്തിയ മറ്റുള്ളവർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) വർദ്ധിച്ചു വരുന്ന ഇത്തരം പ്രവണത തടയുവാൻ സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ നൈസർഗ്ഗിക കലാവാസനയുള്ള, സാമ്പത്തിക പരാധീനത അനുഭവിക്കുന്ന കുട്ടികൾക്ക് മുൻതൂക്കം നൽകുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) നടപ്പുമേളയിൽ സംസ്ഥാനതലത്തിൽ വിധി നിർണ്ണയം ചോദ്യം ചെയ്തു എത്ര അപ്പീൽ ഉണ്ടായിയെന്നും അവസാന റിസൾട്ട് വരെ അപ്പീലിനെ ആശ്രയിച്ചായിരുന്നു എന്നതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കുമോ;

(ഇ) നൈസർഗ്ഗിക കലാവാസനയില്ലാത്ത അൻപത് ശതമാനം പേരെങ്കിലും എം.ബി.ബി.എസ്. തുടങ്ങിയ പ്രൊഫഷണൽ മേഖലാ പഠനത്തിനു വേണ്ടിയുള്ള അഡ്മിഷൻ സമ്പാദിക്കാൻ മാത്രമായി വിവിധ മാർഗ്ഗങ്ങളിലൂടെ മേള ഉപയോഗിക്കുന്നതും ശേഷം കലാമേഖല വിടുന്നതും സംബന്ധിച്ച് പരിശോധന നടത്തിയോ; വിശദാംശം വ്യക്തമാക്കുമോ;

(എഫ്) അൻപത്തിയാറാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ അപ്പീൽ വഴി എന്തു തുക പിരിഞ്ഞുകിട്ടി; പ്രസ്തുത കലോത്സവത്തിന് ആകെ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സബ്ജില്ലാ/ജില്ലാ കലോത്സവങ്ങളിലെ വിധിനിർണ്ണയവുമായി ബന്ധപ്പെട്ട് ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) സബ്ജില്ലാ/ജില്ലാ കലോത്സവങ്ങളിലെ വിധിനിർണ്ണയവുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികൾ അന്വേഷണം നടത്തി നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായി ഒരു മാന്വൽ പരിഷ്കരണ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പരിഷ്കരണത്തിൽ നൈസർഗ്ഗിക കലാവാസനയുള്ള സാമ്പത്തിക പരാധീനത അനുഭവിക്കുന്ന കുട്ടികൾക്ക് മുൻതൂക്കം നൽകുവാൻ നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) 353 അപ്പീലുകളാണ് ലഭിച്ചത്. റവന്യൂ ജില്ലകളിൽ നിന്നും കോടതികളിൽ നിന്നും അപ്പീൽ മുഖാന്തരം പങ്കെടുത്ത മത്സരാർത്ഥികൾ ജില്ലയിൽ നിന്നും മത്സരിച്ച് വിജയിച്ചുവന്ന മത്സരാർത്ഥിയെക്കാൾ സ്കോർ മെച്ചപ്പെടുത്താത്തതിനാലാണ് അവസാന റിസൾട്ട് വരെ അപ്പീലിനെ ആശ്രയിച്ചിരുന്നത്.

(ഇ) സംസ്ഥാന കലോത്സവത്തിൽ പങ്കെടുക്കുന്ന മത്സരാർത്ഥികൾക്ക് എം.ബി.ബി.എസ്. തുടങ്ങിയ പ്രൊഫഷണൽ മേഖലാ പഠനത്തിനുവേണ്ടി യാതൊരു സൗജന്യവും നൽകുന്നില്ല.

(എഫ്) അൻപത്തിയാറാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ അപ്പീൽ വഴി 4,62,000 രൂപ ലഭിച്ചിട്ടുണ്ട്. കലോത്സവ നടത്തിപ്പുമായി ബന്ധപ്പെട്ട് 1,84,15,000 രൂപ ചെലവഴിച്ചിട്ടുമുണ്ട്.

## ഡ്യൂപ്ലിക്കേറ്റ് എസ്.എസ്.എൽ.സി. ബുക്ക് നൽകാൻ നടപടി

78(1141) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ സെമീറ. കെ.പി. ഫയൽ നമ്പർ ഇ.എക്സ്./ജെ. എ.3/11864/2015/സി. ജി. ഇ. പ്രകാരം എസ്.എസ്.എൽ.സി. ബുക്ക് ഡ്യൂപ്ലിക്കേറ്റ് എടുക്കുന്നതിനു വേണ്ടി സമർപ്പിച്ച അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ;

(ബി) ടിയാൾക്ക് എസ്.എസ്.എൽ.സി. ബുക്ക് നൽകുന്നതിന് എന്താണ് തടസ്സമെന്ന് വെളിപ്പെടുത്താമോ;

(സി) ശ്രീമതി സെമീറ. കെ.പി. -യ്ക്ക് എസ്.എസ്.എൽ.സി. ബുക്ക് എപ്പോൾ നൽകുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ-സി) പരീക്ഷാഭവനിലെ ജെ.എ 3/11864/2015 ഫയൽ നമ്പർ പ്രകാരം കോഴിക്കോട് ജില്ലയിലെ സെമീറ കെ.പി, എസ്.എസ്.എൽ.സി. ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിന് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് എസ്.എസ്.എൽ.സി. ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് 30-6-2015-ന് രജിസ്റ്റർ ബാർകോഡ് RL-36076451 IN തീയതി 30-6-2015 ആയി കുളത്തൂർ ഗവ.എച്ച്.എസ്. പ്രഥമാദ്ധ്യാപകന് അയച്ച് കൊടുത്തിട്ടുണ്ട്.

**സമഗ്ര വിദ്യാഭ്യാസ പദ്ധതി**

79(1142) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം അസംബ്ലി മണ്ഡലങ്ങളിൽ സമഗ്രവിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്; എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തുവാനാണ് നിർദ്ദേശം നല്കിയത്;

(ബി) നിലവിൽ ഏതെല്ലാം അസംബ്ലി മണ്ഡലങ്ങളിൽ സമഗ്രവിദ്യാഭ്യാസ പദ്ധതി സജീവമായി നടപ്പിലാക്കി വരുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) സമഗ്രവിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം അസംബ്ലിമണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ ആണ് നടത്തിയത്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സമഗ്രവിദ്യാഭ്യാസ പദ്ധതിയുടെ പ്രവർത്തനത്തിനായി എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കാൻ 57 അസംബ്ലി നിയോജക മണ്ഡലങ്ങളിൽ അനുമതി നൽകിയിട്ടുണ്ട്. അതിൽ 9 അസംബ്ലി നിയോജക മണ്ഡലങ്ങളിൽ ആശയ രൂപീകരണവും 6 അസംബ്ലി നിയോജക മണ്ഡലങ്ങളിൽ പ്രോജക്ട് തയ്യാറാക്കലും 40 അസംബ്ലി നിയോജക മണ്ഡലങ്ങളിൽ ആശയ രൂപീകരണം, പ്രോജക്ട് ഫൈനലൈസേഷൻ, മാനേജ്മെന്റ് പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ, പ്രൈമറി തലം മുതൽ ഹയർ സെക്കണ്ടറി തലം വരെയുള്ള സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച മാനേജ്മെന്റ് പരിശീലനം എന്നിവ സീമാറ്റ്-കേരളയുടെ

നേതൃത്വത്തിൽ നടപ്പിലാക്കി കഴിഞ്ഞു. (ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു).*

(സി) സീമാറ്റ്-കേരളയുടെ നേതൃത്വത്തിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ പ്രോജക്ട് തയ്യാറാക്കുകയും ആ നിയോജക മണ്ഡലത്തിലെ പ്രൈമറി തലം മുതൽ ഹയർ സെക്കണ്ടറി തലം വരെയുള്ള സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച രണ്ട് ദിവസത്തെ മാനേജ്മെന്റ് പരിശീലനവും നൽകിവരുന്നു. ആശയ രൂപീകരണം, പ്രോജക്ട് തയ്യാറാക്കൽ, മാനേജ്മെന്റ് പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ, അതാതു മണ്ഡലത്തിലെ സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് മാനേജ്മെന്റ് പരിശീലനം ഇവ സീമാറ്റ്-കേരളയുടെ ഫണ്ടിൽ നിന്നാണ് ചെലവു ചെയ്യുന്നത്. പ്രോജക്ട് റിപ്പോർട്ടനുസരിച്ചുള്ള പ്രവർത്തനങ്ങൾ എം.എൽ.എ. അദ്ധ്യക്ഷനായ നിയോജകമണ്ഡല സമിതിയുടെ നേതൃത്വത്തിലും മുനിസിപ്പൽ/പഞ്ചായത്ത്/സ്കൂൾ തലങ്ങളിലുള്ള കമ്മിറ്റികളുടെ നേതൃത്വത്തിലും നടന്നു കൊണ്ടിരിക്കുന്നു.

(ഡി) സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കി വരുന്ന നിയോജക മണ്ഡലങ്ങളിൽ, ആശയ രൂപീകരണം, പ്രോജക്ട് തയ്യാറാക്കൽ, മാനേജ്മെന്റ് പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ, അതാതു മണ്ഡലങ്ങളിലെ സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് മാനേജ്മെന്റ് പരിശീലനം ഇവ സീമാറ്റ്-കേരളയുടെ ഫണ്ടിൽ നിന്നാണ് ചെലവു ചെയ്യുന്നത്. സീമാറ്റ്-കേരളയ്ക്ക് സമഗ്ര വിദ്യാഭ്യാസ പദ്ധതിയ്ക്കായി പ്രത്യേകം ഫണ്ട് അനുവദിച്ചിട്ടില്ല. അതാത് എം.എൽ.എ.-മാരുടെ വികസന ഫണ്ട്, ആർ.എം.എസ്.എ., എസ്.എസ്.എ. ഫണ്ട്, സ്പോൺസർഷിപ്പ്, സന്നദ്ധ സംഘടനകൾ എന്നീ സ്രോതസ്സുകൾ വിനിയോഗിച്ചാണ് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കി വരുന്നത്.

## പ്രഥമാദ്ധ്യാപകരുടെ ഉച്ചഭക്ഷണ ഡ്യൂട്ടി

80(1143) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ മേഖലയിലെ പ്രഥമാദ്ധ്യാപകർ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) ഉച്ചഭക്ഷണ ചുമതലയിൽ നിന്നും പ്രഥമാദ്ധ്യാപകരെ ഒഴിവാക്കുന്നതിനും തമിഴ്നാട്, പോണ്ടിച്ചേരി, മാഹി, മദ്ധ്യപ്രദേശ് തുടങ്ങിയ സ്ഥലങ്ങളിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചെയ്യുന്നതുപോലെ സർക്കാർ ഏജൻസികളെക്കൊണ്ട് കേന്ദ്രീകൃത അടുക്കള സംവിധാനമൊരുക്കി ഉച്ചഭക്ഷണം വിതരണം ചെയ്യുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിൽ നിന്നും സ്കൂൾ പ്രഥമാദ്ധ്യാപകരെ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് സ്കൂൾ പ്രഥമാദ്ധ്യാപക മേഖലയിലെ വിവിധ സംഘടനകൾ നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെട്ട 5, 6, 10 സ്കൂളുകൾ ഒരു ഗ്രൂപ്പായി എടുത്ത് ഒരു പൊതു അടുക്കളയിൽ ഉച്ചഭക്ഷണം പാകം ചെയ്തു വിതരണം നടത്തുന്നതിനുള്ള സാധ്യത കുടുംബശ്രീയും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റും കൂടി പരിശോധിച്ച് പ്രൊപ്പോസൽ സമർപ്പിക്കാൻ സർക്കാർ പൊതു വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്നു. അതിൻപ്രകാരം ചടയമംഗലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലുള്ള സ്കൂളുകളെ ഉൾപ്പെടുത്തി നിലവിലുള്ള സംവിധാനം ഉപയോഗിച്ച് പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുവാൻ കുടുംബശ്രീ ഡയറക്ടറേറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**അംഗീകാരമില്ലാത്ത സ്കൂളുകൾ**

81(1144) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ അഞ്ച് വർഷമായി പ്രവർത്തിക്കുന്ന മുഴുവൻ അംഗീകാരമില്ലാത്ത സ്കൂളുകൾക്കും അംഗീകാരം നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളുടെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) അൺ-എയ്ഡഡ് സ്കൂളുകളിൽ ഉൾപ്പടെ മുഴുവൻ സ്കൂളുകളിലും എല്ലാ ഭൗതിക സാഹചര്യങ്ങളും ലഭ്യമാക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്?

<u>ഉത്തരം</u>

(എ) വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നതും സംസ്ഥാന പാഠ്യ പദ്ധതി പിന്തുടരുന്നതുമായ സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതു സംബന്ധിച്ച് സ.ഉ (കൈ) നമ്പർ 184/13/പൊ.വിവ. തീയതി 10-6-2013 പ്രകാരം മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ഇതനുസരിച്ച് 1-6-2012-ൽ കുറഞ്ഞത് 5 വർഷം പൂർത്തിയാക്കിയ സ്കൂളുകളെ മാത്രമേ അംഗീകാരത്തിനായി പരിഗണിക്കുകയുള്ളൂ. പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി&സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**നോൺ വൊക്കേഷണൽ ഹയർ സെക്കണ്ടറി കോമേഴ്സ് അദ്ധ്യാപകരുടെ ഒഴിവുകൾ**

82(1145) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോൺവൊക്കേഷണൽ ഹയർസെക്കണ്ടറി കോമേഴ്സ് അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) അഡ്വൈസ് അയച്ചിട്ടും ജോയിൻ ചെയ്യാത്ത സീനിയർ കോമേഴ്സ് അദ്ധ്യാപകരുടെ കണക്ക് വ്യക്തമാക്കുമോ; പ്രസ്തുത ഒഴിവുകൾ കൂടി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ;

(സി) നോൺവൊക്കേഷണൽ അധ്യാപകരുടെ എല്ലാ ഒഴിവുകളും (കോമേഴ്സ് അധ്യാപകരുടെ) അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 26 ഒഴിവുകൾ നിലവിലുണ്ട്. വി.എച്ച്.എസ്.ഇ. വകുപ്പിലെ നോൺ വൊക്കേഷണൽ ടീച്ചർ തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനു 22 ഒഴിവുകളും ബൈ ട്രാൻസ്ഫർ വഴി യോഗ്യരായ മിനിസ്റ്റീരിയൽ വിഭാഗത്തിൽനിന്നും 4 ഒഴിവുകളും പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 14 പേർ അഡ്വൈസ് അയച്ചിട്ടും ജോലിയിൽ പ്രവേശിച്ചിട്ടില്ല. ഈ 14 എൻ.ജെ.ഡി. ഒഴിവുകളും പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

**വിദ്യാർത്ഥികൾക്ക് വ്യവസായ സംരംഭകത്വ പദ്ധതി**

83(1146) ശ്രീ.വി. ഡി. സതീശൻ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികൾക്ക് വ്യവസായ സംരംഭകത്വ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ-സി) ഉണ്ട്. വിദ്യാർത്ഥികളുടെ സംരംഭങ്ങൾക്ക് പ്രചോദനം നൽകേണ്ടത് കേരളത്തിന്റെ വികസനത്തിന് അനിവാര്യമാണെന്ന് കണ്ടതിനാലാണ് സംരംഭകത്വ ക്ലബുകൾ ആരംഭിക്കുന്നതിന് തീരുമാനം കൈക്കൊണ്ടത്.

സംസ്ഥാനത്തെ വ്യവസായ, വിവര സാങ്കേതിക വകുപ്പുകൾ, സർവ്വകലാശാലകൾ, ടെക്നോപാർക്ക് ടി.ബി.ഐ, കാക്കനാട്ടുള്ള സ്റ്റാർട്ട് അപ്പ് വില്ലേജ്, സംസ്ഥാനത്തെ 8 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ, 4 പോളി ടെക്നിക്ക് കോളേജുകൾ, കളമശ്ശേരിയിലെ സൂപ്പർവൈസറി ഡവലപ്മെന്റ് സെന്റർ തുടങ്ങിയ സ്ഥാപനങ്ങൾ വ്യവസായ സംരംഭകത്വ പദ്ധതിയുമായി സഹകരിക്കുന്നുണ്ട്. സംരംഭകത്വ ക്ലബ്ബുകൾ സ്ഥാപിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം 15-1-2014-ന് ടെക്ക്നോപാർക്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവഹിക്കുകയുണ്ടായി. സാധാരണ ക്ലബ്ബുകളിൽ നിന്ന് വ്യത്യസ്തമായി സംരംഭകത്വ ക്ലബ്ബുകൾ സൊസൈറ്റികളായി രജിസ്റ്റർ ചെയ്യുകയും പൂർണ്ണമായും വിദ്യാർത്ഥികൾ തന്നെ നടത്തുകയും ചെയ്യുന്നു. എല്ലാ കോളേജുകളിലും ഇത്തരം ക്ലബ്ബുകൾ സ്ഥാപിക്കുക എന്നതാണ് ലക്ഷ്യം. സംസ്ഥാന ബഡ്ജറ്റിന്റെ ഒരു ശതമാനം യുവാക്കൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി മാറ്റിവയ്ക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാർത്ഥി സംരംഭകത്വ പദ്ധതിയെ എല്ലാ സർവ്വകലാശാലകളും അക്കാദമിക് റഗുലേഷൻസിലും ഉൾപ്പെടുത്തുക, സർവ്വകലാശാലകളിൽ ഇതിനുവേണ്ടി പ്രത്യേക സെൽ ആരംഭിക്കുക, ഇൻക്യൂബേറ്റർ അംഗീകരിച്ച പ്രോജക്ടുകൾ വിദ്യാർത്ഥികളുടെ അവസാന വർഷ പ്രോജക്ടിന്റെ ഭാഗമാക്കി സിലബസ്സ് അനുസരിച്ച് മാർക്ക് നൽകുക, ആയിരം കോളേജുകളിൽ ബൂട്ട് ക്യാമ്പുകൾ സംഘടിപ്പിക്കുക, അയ്യായിരം ബിരുദ വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് ഭാവിയിൽ വിവിധ മേഖലകളിൽ തിളങ്ങുന്നതിന് നേതൃത്വ പരിശീലനം നൽകുക തുടങ്ങിയ പദ്ധതികളാണ് ഉദ്ദേശിക്കുന്നത്. ടെക്നോളജി ബിസിനസ്സ് ഇൻകുബേറ്റർ സ്ഥാപിക്കുന്നതിനായി 2015-16 ബഡ്ജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് 1 കോടി രൂപ വീതം നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതേ തുടർന്ന് മഹാത്മാഗാന്ധി സർവ്വകലാശാലയിലും കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലും ബിസിനസ്സ് ഇൻകുബേറ്റർ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

**ഒന്നു മുതൽ 9-ാം ക്ലാസ് വരെ ആൾ പാസ് സംവിധാനം**

84(1147) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ഒന്ന് മുതൽ 9-ാം ക്ലാസ്സ് വരെ ആൾ പാസ് സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള മാനദണ്ഡത്തിൽ ഇളവ് ചെയ്തിട്ടുണ്ടോ;

(ബി) അധികം കുട്ടികളും ഈ ക്ലാസ്സുകളിൽ ചെറിയ ശതമാനം മാർക്കോടെയാണെങ്കിലും ജയിച്ച് വരുന്നതിനാൽ ഇവർക്ക് 10-ാം ക്ലാസ് കഴിഞ്ഞുള്ള പഠനത്തിന് വളരെ ബുദ്ധിമുട്ടുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് തയ്യാറാകുമോ ?

ഉത്തരം

(എ) കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള അവകാശ ആക്ട് 2009 (ആർ.റ്റി.ഇ. ആക്ട്) പ്രകാരം ഒന്നുമുതൽ എട്ടാം ക്ലാസുവരെയുള്ള ക്ലാസുകളിൽ വിദ്യാർത്ഥികളെ തോല്പിക്കാൻ പാടില്ല. ഒൻപതാം ക്ലാസ് പ്രസ്തുത പരിധിയിൽ വരുന്നില്ല. മേൽ മാനദണ്ഡത്തിൽ ഇളവും വരുത്തിയിട്ടില്ല.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഫുട്ബോൾ ഗ്രൗണ്ടിന്റെ നിർമ്മാണം**

85(1148) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാലുവരിപ്പാത നിർമ്മാണത്തിന്റെ ഭാഗമായി ചാലക്കുടി ഗവൺമെന്റ് മോഡൽ ഹൈസ്കൂളിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന ഫുട്ബോൾ ഗ്രൗണ്ട് രണ്ടായി വിഭജിക്കപ്പെടുകയും, ചാലക്കുടിക്കാരുടെ പൊതുകളിസ്ഥലം നഷ്ടപ്പെടുകയും ചെയ്ത സാഹചര്യത്തിൽ സ്കൂളിന്റെ പഴകിയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി ഒരു പുതിയ കെട്ടിടസമുച്ചയത്തിൻ കീഴിലാക്കി, ബാക്കിയുള്ള സ്ഥലത്ത് ഗ്രൗണ്ട് നിർമ്മിക്കുന്നതിനായുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ആസ്തിവികസന ഫണ്ടുപയോഗിച്ച് സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ അടിയന്തര അനുമതി നൽകുമോ; കെട്ടിട നിർമ്മാണങ്ങൾക്കായി ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) 2016-17 വർഷത്തെ ബഡ്ജറ്റിൽ ഇതിനാവശ്യമായ ഫണ്ട് നീക്കിവയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. " ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് ചാലക്കുടി ജി.എച്ച്.എസ്-ന്റെ ഗ്രൗണ്ട് നഷ്ടമായതിന് പകരം നൽകിയ ഗ്രൗണ്ട് മെച്ചപ്പെടുത്തി ഉപയോഗിക്കാമെന്നിരിക്കെ പ്രവർത്തനയോഗ്യമായ സ്കൂൾ കെട്ടിടങ്ങൾ പൊളിച്ചു മാറ്റി സ്കൂൾ കോമ്പൗണ്ടിൽ തന്നെ ഗ്രൗണ്ട് പണിയുക എന്ന അപേക്ഷ അംഗീകരിക്കാനാവില്ലായെന്ന് കായിക യുവജനക്ഷേമ വകുപ്പിനെ അറിയിച്ചിട്ടുമുണ്ട്.

(ബി&സി) ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**ഐ.എച്ച്.ആർ.ഡി.-യിൽ ശമ്പള വർദ്ധന**

86(1149) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി.-യിൽ ജോലി ചെയ്യുന്ന സാങ്കേതിക വിഭാഗം ജീവനക്കാർക്ക് 2011 നു ശേഷം വാർഷിക ഇൻക്രിമെന്റ് നൽകിയിട്ടില്ല എന്നതും, എ.ഐ.സി.ടി.ഇ. പ്രകാരമുള്ള ശമ്പളവർദ്ധന നടപ്പിലാക്കിയിട്ടില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഐ.എച്ച്.ആർ.ഡി.-യിൽ ജോലി ചെയ്യുന്ന സാങ്കേതിക വിഭാഗം ജീവനക്കാർക്ക് മുടക്കം കൂടാതെ വാർഷിക ഇൻക്രിമെന്റ് നൽകി വരുന്നുണ്ട്. എന്നാൽ എഞ്ചിനീയറിംഗ് കോളേജുകളിൽ ജോലിചെയ്യുന്ന എ.ഐ.സി.റ്റി.ഇ. ശമ്പള സ്കെയിൽ ബാധകമാക്കിയ അദ്ധ്യാപകർക്ക് 2012 ജൂലൈ മുതലുള്ള വാർഷിക ഇൻക്രിമെന്റുകൾ നൽകിയിട്ടില്ല. ഐ.എച്ച്.ആർ.ഡി.-യുടെ

സാമ്പത്തിക സ്ഥിതി വളരെ മോശമായതിനാലാണ് വാർഷിക ഇൻക്രിമെന്റ് നൽകാത്തത്. എങ്കിലും 2012 ജൂലൈ മുതലുള്ള ഒരു വാർഷിക ഇൻക്രിമെന്റ് അർഹരായവർക്കെല്ലാം നൽകാൻ ഐ.എച്ച്.ആർ.ഡി. തീരുമാനിച്ചിട്ടുണ്ട്. എ.ഐ.സി.റ്റി.ഇ./യു.ജി.സി സ്കീം പ്രകാരമുള്ള ശമ്പള സ്കെയിലിന്റെ ആനുകൂല്യം തടയപ്പെട്ടിട്ടുള്ള അദ്ധ്യാപകരുടെ കാര്യത്തിൽ ആനുകൂല്യങ്ങൾ ക്രമപ്പെടുത്തി നൽകുന്നതിനുള്ള ശുപാർശകൾ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്.

## പി.എസ്.സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ വഴിയല്ലാതെയുള്ള നിയമനങ്ങൾ

87(1150) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൻ കീഴിലെ സ്ഥാപനങ്ങളിൽ പി.എസ്.സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ വഴിയല്ലാതെ, ജീവനക്കാരെ നിയമിക്കുന്ന സ്ഥാപനങ്ങൾ എതെല്ലാമാണെന്ന് പറയാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിവിധ തസ്തികകളിലായി പ്രസ്തുത സ്ഥാപനങ്ങളിൽ ഇപ്രകാരം നിയമിച്ച ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ;

(സി) ഇത്തരം സ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് സ്വീകരിച്ച മാനദണ്ഡം വിശദമാക്കാമോ;

(ഡി) ഈ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണതത്ത്വം പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന എത്രപേർ ഈ സ്ഥാപനങ്ങളിൽ ജോലി നോക്കുന്നു എന്ന് പറയാമോ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

## ടെക്നിക്കൽ യൂണിവേഴ്സിറ്റി

88(1151) ശ്രീ. ലൂഡി ലൂയിസ് :

<u>ശ്രീ. അൻവർ സാദത്ത് :</u>

<u>ശ്രീ. എ. റ്റി. ജോർജ് :</u>

<u>ശ്രീ. ടി. എൻ. പ്രതാപൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടെക്നിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിതമായിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ ഇത് മുഖേന എന്തെല്ലാം നേട്ടങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) 2014 മേയ് 5-ാം തീയതിയിലെ 11-ാം നമ്പർ ഓർഡിനൻസ് പ്രകാരം കേരള സാങ്കേതിക സർവ്വകലാശാല നിലവിൽ വന്നു. 2015 ആഗസ്റ്റ് 31-ാം തീയതി എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയെന്ന് പുനർ നാമകരണം ചെയ്ത് ആക്ടും നിലവിൽ വന്നു.

(ബി) സർവ്വകലാശാലയുടെ ഉദ്ദേശലക്ഷ്യങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) സാങ്കേതിക വിദ്യാഭ്യാസം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുക, സാങ്കേതിക വിദ്യാഭ്യാസ പാഠ്യപദ്ധതി കാലോചിതമായി പരിഷ്കരിക്കുക, സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ ഏകീകൃത പാഠ്യപദ്ധതി നടപ്പിലാക്കുക എന്നീ നേട്ടങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്.

**സാങ്കേതിക സർവ്വകലാശാലയിലെ ഭരണസമിതികൾ**

89(1152) <u>ശ്രീ. കെ. സുരേഷ് കുറുപ്പ് :</u>

<u>പ്രൊഫ. സി. രവീന്ദ്രനാഥ് :</u>

<u>ശ്രീ. വി. ചെന്താമരാക്ഷൻ :</u>

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാലയിൽ നിയമത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള ഭരണ സമിതികൾ രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഭരണപരവും അക്കാദമികവുമായ വിവിധ സമിതികളിലേയ്ക്കുള്ള തെരഞ്ഞെടുപ്പുകൾ നടന്നിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത സർവ്വകലാശാല നിലവിൽ വന്നശേഷം ഗവേണിംഗ് ബോഡിയും നിർവ്വാഹകസമിതിയും എത്ര തവണ യോഗം ചേർന്നു ; ഇതിൽ പങ്കെടുത്തവർ ആരെല്ലാം; വിശദാംശം വ്യക്തമാക്കാമോ;

(ഡി) നിയമസഭാംഗങ്ങൾ ഉൾപ്പെടെ വിവിധ മേഖലയിൽ നിന്നുള്ള പ്രതിനിധികളുടെ തെരഞ്ഞെടുപ്പിന് കാലതാമസമുണ്ടാകുന്നത് എന്തുകൊണ്ട്; പ്രസ്തുതവിഷയം സംബന്ധിച്ച് സഭയിൽ നൽകിയ ഉറപ്പ് പാലിക്കാത്തതെന്തു കൊണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) സാങ്കേതിക സർവ്വകലാശാല നിയമത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള ഭരണസമിതികളായ ബോർഡ് ഓഫ് ഗവർണ്ണേഴ്സ്, നിർവ്വാഹക സമിതി, അക്കാദമിക് സമിതി, ഗവേഷണ കൗൺസിൽ എന്നിവ രൂപീകരിച്ചിട്ടുണ്ട്.

(ബി) ഭരണസമിതിയായ ബോർഡ് ഓഫ് ഗവർണ്ണേഴ്സിൽ നിയമസഭാ സാമാജികരുടേയും വിദ്യാർത്ഥികളുടേയും പ്രതിനിധികൾക്ക് മാത്രമാണ് തെരെഞ്ഞെടുപ്പ് നിഷ്കർഷിച്ചിട്ടുള്ളത്. പ്രസ്തുത തെരെഞ്ഞെടുപ്പ് നടന്നിട്ടില്ല.

(സി) സർവ്വകലാശാല നിലവിൽ വന്നശേഷം ബോർഡ് ഓഫ് ഗവർണ്ണേഴ്സ് ഒരു തവണയും നിർവ്വാഹക സമിതി അഞ്ച് തവണയും യോഗം ചേർന്നിട്ടുണ്ട്. ഓരോ യോഗത്തിലും പങ്കെടുത്തവരുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ഡി) നിയമസഭാംഗങ്ങളെ ബോർഡ് ഓഫ് ഗവർണ്ണേഴ്സിലേക്ക് തെരെഞ്ഞെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട നിയമസഭാ സെക്രട്ടറിയ്ക്ക് കത്ത് നൽകിയിരുന്നെങ്കിലും സ്റ്റ്യാറ്റ്യൂട്ട് നിലവിലില്ലാത്തതിനാൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തെരെഞ്ഞെടുപ്പ് നടത്താൻ സാധിക്കില്ലായെന്ന് അറിയിച്ചിട്ടുണ്ട്. സ്റ്റാറ്റ്യൂട്ട് തയ്യാറാക്കി വരുന്നു.

## പോളിടെക്നിക് വിദ്യാർത്ഥികൾക്ക് ഫീസ് ഇളവ്

90(1153) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പോളിടെക്നിക് കോളേജുകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫീസ് ഇളവ് നൽകിയിരുന്നത് പിൻവലിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ എന്താണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം എന്ന് വിശദമാക്കുമോ;

(ബി) മലപ്പുറം ജില്ലയിൽ തിരൂരങ്ങാടി അവുക്കാദർകുട്ടി നഹ സാഹിബ് മെമ്മോറിയൽ ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫീസ് ഇളവ് നിഷേധിക്കുന്നതായി കാണിച്ച് പരാതികൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; എങ്കിൽ പരാതികളിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) ഫീസ് ഇളവ് ആനുകൂല്യം ലഭിക്കാത്തതു കാരണം എത്ര വിദ്യാർത്ഥികൾ ഈ കോളേജിൽ നിന്ന് ട്രാൻസ്ഫർ വാങ്ങിയിട്ടുണ്ട്;

(ഡി) അർഹമായ ഫീസ് ആനുകൂല്യം ലഭിക്കാത്തത് പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ തുടർപഠനം ബുദ്ധിമുട്ടിലാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ വിഷയം അടിയന്തരമായി പരിശോധിച്ച് സർക്കാർ പോളിടെക്നിക് കോളേജുകളിലെ ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫീസ് ഇളവ് ആനുകൂല്യം നൽകുന്നത് സംബന്ധിച്ച് ഉത്തരവ് നൽകുമോ?

### ഉത്തരം

(എ) സർക്കാർ പോളിടെക്നിക്കുകളിലെ റഗുലർ കോഴ്സുകളിലെ പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിയിരുന്ന ഫീസ് ഇളവ് പിൻവലിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി-ഇ) റഗുലർ ഡിപ്ലോമ കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് ഫീസ് ഇളവ് നിഷേധിക്കുന്നതായി പരാതി ലഭിച്ചിട്ടില്ല. ഇക്കാരണത്താൽ ട്രാൻസ്ഫർ വാങ്ങിയതായും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സായാഹ്ന ഡിപ്ലോമാ കോഴ്സ് സ്വാശ്രയ രീതിയിലാണ് നടത്തപ്പെടുന്നത്. വിദ്യാർത്ഥികളിൽ നിന്നും ലഭിക്കുന്ന ഫീസുപയോഗിച്ചാണ് ശമ്പളമുൾപ്പെടെയുള്ള ചെലവുകൾ നിർവഹിച്ചു വരുന്നത്. സ്വാശ്രയ ഡിപ്ലോമാ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഫീസ് ഇളവ് നൽകുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്.

## പോളിടെക്നിക് കോളേജ്

91(1154) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ കിനാനൂർ കരിന്തളം പഞ്ചായത്തിൽ പോളിടെക്നിക് കോളേജ് സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ&ബി) ഉണ്ട്. സംസ്ഥാനത്ത് ആവശ്യത്തിലധികം എഞ്ചിനീയറിംഗ് സീറ്റുകൾ നിലവിലുള്ളതിനാലും വമ്പിച്ച അധിക സാമ്പത്തിക ബാദ്ധ്യത വരുമെന്നതിനാലും സർക്കാർ മേഖലയിൽ പുതിയ പോളിടെക്നിക്കുകൾ ആരംഭിക്കേണ്ടതില്ലായെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നിർദ്ദേശം പരിഗണിച്ചിട്ടില്ല.

## പെരിന്തൽമണ്ണ പോളിടെക്നിക് കോളേജ്

92(1155) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥാപിച്ചിട്ട് അമ്പതു വർഷം കഴിഞ്ഞിട്ടും വെറും നാലു കോഴ്സുകളോടെ മാത്രം പ്രവർത്തിക്കുന്ന പെരിന്തൽമണ്ണ പോളിടെക്നിക്ക് കോളേജിൽ പുതിയ കോഴ്സുകളാരംഭിക്കുന്നതിന് ഇത് വരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) എല്ലാവിധ ഭൗതിക സൗകര്യങ്ങൾ ഒരുക്കിയിട്ടും ഇത് വരെ പുതിയ കോഴ്സുകൾ അനുവദിക്കാത്തത് പരിഗണിച്ച് പെരിന്തൽമണ്ണ പോളിടെക്നിക്ക് കോളേജിൽ പുതിയ മൂന്ന കോഴ്സുകളാരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പോളിടെക്നിക്കുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് ആദ്യമായി എ.ഐ.സി.റ്റി.ഇ.-യുടെ അംഗീകാരം ആവശ്യമാണ്. 2013-14, 2014-15 വർഷങ്ങളിൽ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്, ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിന് അപേക്ഷ നൽകിയിരുന്നുവെങ്കിലും എ.ഐ.സി.റ്റി.ഇ.-യുടെ അംഗീകാരം ലഭിച്ചിരുന്നില്ല. കോഴ്സുകൾ അക്രഡിറ്റഡ് അല്ലാത്തതിനാൽ 2015-16-ൽ പുതിയ കോഴ്സുകൾക്ക് ഓൺലൈനായി എ.ഐ.സി.റ്റി.ഇ.-യ്ക്ക് അപേക്ഷ സമർപ്പിക്കുവാൻ സാധിച്ചിട്ടില്ല. അക്രഡിറ്റേഷൻ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ അനന്തര നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

**അറബിക് സർവ്വകലാശാല**

93(1157) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അറബിക് സർവ്വകലാശാല പ്രവർത്തന മാരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയാണ്; ആയത് മറ്റ് സർവ്വകലാശാലകളുടെ രീതിയിൽ പൂർണ്ണമായി പ്രവർത്തനക്ഷമമാണോ;

(ബി) ഇല്ലെങ്കിൽ അതിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സർക്കാരിന്റെ പരിഗണനയിലാണ്. പക്ഷേ ഇതുസംബന്ധിച്ച നയപരമായ തീരുമാനങ്ങളൊന്നും തന്നെ കൈകൊണ്ടിട്ടില്ല.

**സർവ്വകലാശാലകളിലെ ഫീസ്**

94(1159) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ ഒരു ഏകീകൃത ഫീസ് സംവിധാനം നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ സർവ്വകലാശാലകളിൽ ഏകീകൃത ഫീസ് സംവിധാനം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സർവ്വകലാശാലകൾ അനിയന്ത്രിതമായി ഫീസ് വർദ്ധിപ്പിക്കുന്നത് തടയാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാം ;

(ഡി) സർവ്വകലാശാലകൾക്ക് ഒരു സമയം വർദ്ധിപ്പിക്കാൻ കഴിയുന്ന ഫീസിന്റെ നിരക്ക് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്ര;

(ഇ) വർദ്ധിപ്പിക്കാൻ കഴിയുന്ന പരിധിക്കും മുകളിൽ ഫീസ് വർദ്ധിപ്പിച്ചിട്ടുള്ള സർവ്വകലാശാലകളുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഇല്ല. സർവ്വകലാശാലകൾ സ്വയംഭരണ സ്ഥാപനങ്ങളാണ്. സർവ്വകലാശാലകളിലെ പ്രവർത്തനങ്ങൾ അതാത് സർവ്വകലാശാലകളിലെ ആക്ടുകൾക്കു സ്റ്റാറ്റ്യൂട്ടുകൾക്കും വിധേയമായാണ് നടത്തുന്നത്.

(ബി-ഇ) ഇതുസംബന്ധിച്ച് നയപരമായ തീരുമാനങ്ങളൊന്നും നാളിതുവരെ കൈക്കൊണ്ടിട്ടില്ല.

**വ്യാജ പട്ടയനിർമ്മാണം**

95(1160) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ മുളിയാർ വില്ലേജ് ഓഫീസ് കേന്ദ്രീകരിച്ച് വ്യാജ പട്ടയ നിർമ്മാണം നടക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യാജ പട്ടയരേഖ ഉണ്ടാക്കി വില്ലേജ് ഓഫീസ് രജിസ്റ്ററിൽ ഉൾക്കൊള്ളിച്ച് നടത്തിയ തിരിമറി സംബന്ധിച്ച് എന്തെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) അന്വേഷണത്തിൽ എന്തൊക്കെ കണ്ടെത്തിയെന്നും ആരൊക്കെയാണ് കുറ്റക്കാർ എന്നും വിശദമാക്കാമോ;

(ഡി) ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) വർഷങ്ങളായി നടത്തിക്കൊണ്ടിരിക്കുന്ന പ്രസ്തുത തിരിമറിയിലെ കുറ്റക്കാരെ നിയമത്തിന്റെ മുൻപിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പോലീസ്, റവന്യൂ വകുപ്പുതല അന്വേഷണങ്ങൾ നടക്കുന്നു.

(സി-ഇ) വ്യാജപട്ടയത്തിന് ഭൂനികുതി സ്വീകരിച്ചതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത കാലയളവിൽ വില്ലേജ് അസിസ്റ്റന്റായിരുന്ന ശ്രീ. കൃഷ്ണൻ എം. എന്നവരെ സർവ്വീസിൽനിന്നും അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

**നടമ്മൽ കടവ് പാലം**

96(1161) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജക മണ്ഡലത്തിലെ കൊടുവള്ളി- ഓമശ്ശേരി ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന നടമ്മൽ കടവ് പാലത്തിനുള്ള സ്ഥലമേറ്റെടുക്കൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) സ്ഥലമേറ്റെടുക്കൽ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) സ്ഥലം ഏറ്റെടുക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ നടമ്മൽ കടവ് പാലം അനുബന്ധറോഡ് നിർമ്മാണത്തിനായുള്ള സ്ഥലമെടുപ്പിനായി ജില്ലാതല പർച്ചേസ് കമ്മിറ്റി നിശ്ചയിച്ച വിലയ്ക്ക് സമ്മതപത്രം നൽകിയ 7 കൈവശക്കാരിൽ 4 പേരുടെ ഭൂമി ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. ബാക്കി കൈവശക്കാർ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് അവാർഡ് പാസ്സാക്കി ഭൂമി ഏറ്റെടുക്കുന്നതാണ്. ജില്ലാതല പർച്ചേസ് കമ്മിറ്റി നിശ്ചയിച്ച വിലയ്ക്ക് സമ്മതപത്രം നൽകാത്ത 5 പേരുടെ ഭൂമി പുതിയ എൽ.എ.

ആക്ട് പ്രകാരം ഏറ്റെടുക്കേണ്ടതുണ്ട്. പുഴയുടെ മറുകരയിലുള്ള ഭൂമിയുടെ സർവ്വേയിൽ വന്ന പിശകുകാരണം എൽ.എ. നടപടി കാലഹരണപ്പെടുകയുണ്ടായി. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് അർത്ഥന സമർപ്പിക്കാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 പ്രകാരമുള്ള നടപടികൾ പാലിച്ച് സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതാണ്.

(സി) നെഗോഷ്യബിൾ പർച്ചേസ് മുഖാന്തരം സംസ്ഥാനതല സമിതി അനുമതി നൽകിയ വിലയ്ക്ക് ഭൂമി കൈമാറാൻ പൂത്തൂർ വില്ലേജിലെ സ്ഥലമുടമകൾ വിസമ്മതം പ്രകടിപ്പിച്ചിട്ടുണ്ട്.

## താലൂക്ക് ഓഫീസ് കെട്ടിടം

97(1162) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ പുതുതായി അനുവദിച്ച താലൂക്ക് ഓഫീസിനായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ചാലക്കുടിയിൽ റീഫ്രാക്ടറീസ് വക വ്യവസായ വകുപ്പ് മുനിസിപ്പാലിറ്റിക്കു കൈമാറിയ സ്ഥലത്ത് താലൂക്ക് ഓഫീസിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(സി) 2016-17 വർഷത്തെ ബഡ്ജറ്റിൽ ഇതിന് ആവശ്യമായ തുക വകയിരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കാഫീസിന് കെട്ടിട നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭിച്ച 5 കോടി രൂപയുടെ പ്രൊപ്പോസൽ പ്ലാനിംഗ് ബോർഡിൽ 2015-16 സാമ്പത്തിക വർഷത്തിൽ അംഗീകാരത്തിനായി സമർപ്പിച്ചുവെങ്കിലും ഫണ്ട് പരിമിതി കാരണം അംഗീകാരം ലഭിച്ചിട്ടില്ല.

(ബി) & (സി) വ്യവസായ വകുപ്പിൽ നിന്നും മുനിസിപ്പാലിറ്റിക്ക് അനുവദിച്ചു നൽകിയ റീഫാക്ടറീസ് വക സ്ഥലത്ത് മിനി സിവിൽ സ്റ്റേഷൻ പണിയുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരികയാണ്.

## പയ്യന്നൂർ താലൂക്ക് അനുവദിക്കാൻ നടപടി

98(1163) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പുതുതായി പയ്യന്നൂർ താലൂക്ക് അനുവദിക്കാനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രൊപ്പോസലിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

ഉത്തരം

(എ&ബി) കണ്ണൂർ ജില്ലയിൽ പുതുതായി പയ്യന്നൂർ താലൂക്ക് അനുവദിക്കണമെന്നാവശ്യപ്പെട്ട പ്രൊപ്പോസലിന്മേൽ സംസ്ഥാനം സാമ്പത്തിക ഞെരുക്കം നേരിടുന്ന സാഹചര്യത്തിൽ സർക്കാരിന്റെ പദ്ധതിയേതര ചെലവുകൾക്കായി കൂടുതൽ തുക മാറ്റിവയ്ക്കുവാൻ കഴിയാത്തതിനാൽ പുതിയ ഒരു താലൂക്ക് രൂപീകരിക്കുകയെന്ന ശിപാർശ തൽക്കാലം മാറ്റിവയ്ക്കുന്നതായിരിക്കും ഉചിതമെന്ന ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പയ്യന്നൂർ കേന്ദ്രമായി പുതിയ താലൂക്ക് രൂപീകരിക്കണമെന്ന ആവശ്യം ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

## വീടുകൾക്ക് റവന്യൂ വകുപ്പ് പിരിക്കുന്ന നികുതി

99(1164) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകൾ നിർമ്മിക്കുമ്പോൾ റവന്യൂ വകുപ്പ് മുഖേന എന്തെല്ലാം നികുതികളാണ് പിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇവയ്ക്ക് നിഷ്കർഷിക്കുന്ന സ്ലാബ് നിരക്ക് എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

(സി) വീടുകൾക്ക് ലക്ഷ്വറി ടാക്സ് ഈടാക്കുന്നുണ്ടോ; എങ്കിൽ എത്ര വിസ്തൃതിയുള്ള വീടുകൾക്കാണ് ഇവ ഈടാക്കുന്നതെന്നും അവയുടെ സ്ലാബ് നിരക്കുകൾ എത്ര വീതമാണെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) KBT, നിയമം 1975 പ്രകാരം കെട്ടിട നികുതിയും (ഒറ്റത്തവണ നികുതി), ആഡംബര നികുതിയുമാണ് ഈടാക്കിവരുന്നത്.

(ബി) 1-4-2014 മുതൽ നിലവിൽവന്ന കെട്ടിട നികുതി നിരക്ക് സംബന്ധിച്ച് പുതുക്കിയ ഷെഡ്യൂൾ അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്. 1975-ലെ കേരള കെട്ടിട നികുതി നിയമത്തിലെ 5 (എ) വകുപ്പിലെ ഒന്നാം ഉപവകുപ്പ് പ്രകാരം 1999 ഏപ്രിൽ മാസം 1-ാം തീയതിയോ അതിനുശേഷമോ പൂർത്തിയാക്കിയ 278.74 ച.മീ. തറവിസ്തീർണ്ണമുള്ള താമസത്തിനുള്ള എല്ലാ കെട്ടിടങ്ങൾക്കും നിലവിൽ പ്രതിവർഷം 4000 (നാലായിരം) രൂപ നിരക്കിൽ ആഡംബര നികുതി ഈടാക്കിവരുന്നു. ആഡംബര നികുതിയിനത്തിൽ ഇതുവരെ സ്ലാബ് ഏർപ്പെടുത്തിയിട്ടില്ല.

**പി.എസ്.സി.-യിൽനിന്നും തറവാടക ഈടാക്കുന്നതിനുള്ള നിർദ്ദേശം**

100(T1165) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം പി.എസ്.സി. ആഫീസിന്റെയും മേഖലാ ആഫീസിന്റെയും പരിധിയിൽ വരുന്ന വിവിധ തസ്തികകളുടെ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റുകൾ, ഡ്രൈവിംഗ് ടെസ്റ്റുകൾ എന്നിവ നടത്തുന്നതിന് സൗജന്യമായി ലഭ്യമായിരുന്ന ആശ്രാമം മൈതാനത്തിന് ഇപ്പോൾ തറ വാടക ഈടാക്കാൻ നിർദ്ദേശിച്ചു കൊണ്ടുള്ള ഉത്തരവ് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പി.എസ്.സി.-ക്ക് 72000 രൂപയുടെ റവന്യൂ റിക്കവറി നോട്ടീസ് നല്കിയിരിക്കുന്നത് പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പി.എസ്.സി.-യ്ക്ക് സൗജന്യമായി ആശ്രാമം മൈതാനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 1995-ലെ കേരള മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമാണ് തറവാടക ഈടാക്കാൻ നിർദ്ദേശിച്ച് ഉത്തരവ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

നൽകിയിട്ടുള്ളത്. ആയത് പിൻവലിക്കുന്നതിന് നിലവിൽ തീരുമാനിച്ചിട്ടില്ല.

(ബി) പി.എസ്.സി. റീജിയണൽ ഓഫീസ് കുടിശ്ശികയായ 60,000 (അറുപതിനായിരം രൂപ മാത്രം) രൂപ 28-1-2016-ലെ റ്റി.ആർ5-01587/5645 നമ്പർ രസീത് പ്രകാരം ഒടുക്കിയിട്ടുണ്ട്. ജില്ലാ ഓഫീസറുടെ കുടിശ്ശികയായ 12,000 രൂപ ഇനിയും ഒടുക്കുവാൻ അവശേഷിക്കുന്നുണ്ട്.

(സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## ചെങ്ങറ കുടിയേറ്റ കോളനിയിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത

101(1166) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ചീമേനിയിലെ ചെങ്ങറ കുടിയേറ്റ കോളനിയിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

### ഉത്തരം

കാസർഗോഡ് ജില്ലയിൽ ചെങ്ങറ പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട ഹോസ്ദുർഗ്ഗ് താലൂക്കിലെ പെരിയ വില്ലേജിൽ മാത്രമാണ് ചെങ്ങറ കുടുംബങ്ങൾക്ക് വീടും സ്ഥലവും അനുവദിച്ചിട്ടുള്ളത്. ഹോസ്ദുർഗ്ഗ് താലൂക്കിലെ ചീമേനി വില്ലേജിൽ സ്ഥലം മാത്രമാണ് അനുവദിച്ചിരിക്കുന്നത്. എന്നിരുന്നാലും സ്ഥലം അനുവദിച്ച കുടുംബങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിന് കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും മുൻഗണനാക്രമമനുസരിച്ച് വീടും മറ്റും അനുവദിച്ച് വരുന്നുമുണ്ട്.

## ഇടുക്കി നിയോജക മണ്ഡലത്തിലെ പട്ടയ വിതരണം

102(1167) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി നിയോജക മണ്ഡലത്തിൽ അർഹരായ എത്രപേർക്ക് പട്ടയം നൽകി; ആയതിന്റെ വിവരങ്ങൾ

വില്ലേജ് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി നിയോജക മണ്ഡലത്തിൽ നൽകിയ പട്ടയങ്ങളുടെ എണ്ണം വില്ലേജ് അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

| വില്ലേജ് | ആകെ നൽകിയ പട്ടയങ്ങളുടെ എണ്ണം |
|---|---|
| കൊന്നത്തടി | 619 |
| വാത്തിക്കുടി | 1910 |
| ഉപ്പുതോട് | 588 |
| തങ്കമണി | 2874 |
| കഞ്ഞിക്കുഴി | 34 |
| ഇടുക്കി | 98 |
| കട്ടപ്പന | 1453 |
| കാഞ്ചിയാർ | 110 |
| ആകെ | 7686 |

**ഭൂനികുതി സ്വീകരിക്കാനുള്ള നിർദ്ദേശം**

103(1168) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ കർഷകരുടെ ഭൂമിക്ക് നികുതി സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം പ്രദേശങ്ങളിലെ കർഷകരുടെ ഭൂമിക്ക് നികുതി സ്വീകരിക്കാൻ ഈ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇനിയും ഏതെല്ലാം പ്രദേശങ്ങളിലെ കർഷകരുടെ ഭൂമിക്ക് നികുതി സ്വീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനി അനധികൃതമായി കൈവശം വച്ചിരിക്കുന്നതും അവർ മറിച്ച് വിറ്റതുമായ സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിന് നിയോഗിച്ച സ്പെഷ്യൽ ഓഫീസർ & കളക്ടർ, ഗവൺമെന്റ് ലാന്റ് റിസംപ്ഷൻ കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിനാൽ പ്രസ്തുത നിയമനടപടികൾ അവസാനിക്കുംവരെ ഇത്തരം ഭൂമിയിലെ നിലവിലെ കൈവശക്കാരിൽനിന്നും ഭൂനികുതി സ്വീകരിക്കുന്നതും മരം മുറിക്കുന്നതും റവന്യൂ രേഖകൾ നൽകുന്നതും നിർത്തിവയ്ക്കാൻ വയനാട് ജില്ല ഉൾപ്പെടെ സംസ്ഥാനത്തെ 8 ജില്ലകളിലെ ജില്ലാ കളക്ടർമാർക്ക് സ്പെഷ്യൽ ഓഫീസർ & കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനിയുടെ കൈവശത്തിലുള്ള സർക്കാർ ഭൂമി വാങ്ങിയ രണ്ടേക്കർ ഭൂമിവരെ കൈവശമുള്ള ചെറുകിട കർഷകർക്ക് നിലവിലെ നിയമങ്ങൾക്ക് അനുസൃതമായി സംസ്ഥാനത്തിന്റെ അവകാശത്തെ ഹനിക്കാത്ത വിധത്തിൽ താൽക്കാലികമായി നികുതി അടയ്ക്കുന്നതിന് 1-10-2015-ലെ സ.ഉ.(എം.എസ്) നമ്പർ 542/2015/റവന്യൂ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(സി) വില്ലേജ് റിക്കാർഡുകളിൽ നിക്ഷിപ്ത വനഭൂമിയായി രേഖപ്പെടുത്തിയതുമൂലം മുപ്പൈനാട്, കോട്ടപ്പടി, തൃക്കൈപ്പറ്റ, വെള്ളരിമല എന്നീ വില്ലേജുകളുടെ പരിധിയിൽവരുന്ന പ്രദേശങ്ങളിലെ കൈവശക്കാരിൽനിന്നും ഭൂനികുതി സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല. കൂടാതെ രണ്ടേക്കറിൽ കവിഞ്ഞ മേൽവിവരിച്ച ഇനം ഭൂമി കൈവശം വയ്ക്കുന്നവരുടെ പേരിൽ നിയന്ത്രണം തുടരുന്നു.

**പെരിങ്ങോം വില്ലേജിൽ മോഡൽ റസിഡൻഷ്യൽ സ്കൂളിന് ഭൂമി**

104(1169) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പെരിങ്ങോം വില്ലേജിൽ മോഡൽ റസിഡൻഷ്യൽ സ്കൂളിന് ഭൂമി അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത ഫയലിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

ഉത്തരം

(എ&ബി) കണ്ണൂർ ജില്ലയിൽ പെരിങ്ങോം വില്ലേജിൽ മോഡൽ റസിഡൻഷ്യൽ സ്കൂളിന് ഭൂമി അനുവദിച്ചുകൊണ്ട് സ.ഉ. (എം.എസ്.) നമ്പർ 52/2016/റവ. തീയതി 27-1-2016 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്

**ഭൂസമരങ്ങൾ**

105(1170) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നടന്നിട്ടുള്ള ഭൂസമരങ്ങൾ സംബന്ധിച്ച് വിശദാംശങ്ങൾ നൽകുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട സമരം നടത്തിയവരുമായി സർക്കാർ ചർച്ച നടത്തിയിരുന്നോ; എന്തെല്ലാം ഉറപ്പുകളാണ് അവർക്ക് നൽകിയിരുന്നത് ;

(സി) നൽകിയിരുന്ന ഉറപ്പുകളിൽ ഏതെല്ലാം പാലിക്കാൻ സാധിച്ചിട്ടുണ്ട് എന്നറിയിക്കാമോ; പരിഗണിക്കാൻ കഴിയാതെ പോയ ഉറപ്പുകൾ ഏതെല്ലാമായിരുന്നു; വിശദമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**തീരപ്രദേശങ്ങളിലുള്ളവർക്ക് പട്ടയം**

106(1171) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജക മണ്ഡലത്തിലെ തീരപ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) അപേക്ഷകരായ തീരദേശവാസികൾക്ക് എന്നത്തേക്ക് പട്ടയം വിതരണം ചെയ്യാനാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) താനൂർ നിയോജക മണ്ഡലത്തിലെ തീരപ്രദേശങ്ങളിൽ താമസിക്കുന്ന

കുടുംബങ്ങൾക്ക് പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ വില്ലേജ് തലത്തിൽ പൂർത്തിയായിവരുന്നു.

(ബി) തീരദേശ സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്ന സ്ഥലങ്ങൾ, ഫിഷറീസ് വകുപ്പിന്റെ അനുമതി ആവശ്യപ്പെട്ട കേസുകൾ, തീരദേശ റീസർവ്വേ തീരുമാനം എന്നിവ ലഭിക്കുന്ന മുറയ്ക്ക് പട്ടയ നടപടികൾ പൂർത്തിയാക്കാനാകുമെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

**ഇ-ഡിസ്ട്രിക്ട് പദ്ധതി**

107(1172) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ ഇ-ഡിസ്ട്രിക്റ്റ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്. 24 ഇനം സർട്ടിഫിക്കറ്റുകൾ റവന്യൂ വകുപ്പിൽനിന്ന് ഓൺലൈനായി നൽകിവരുന്നു.

(ബി) റവന്യൂ വകുപ്പിൽ ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. അപേക്ഷകന് എപ്പോഴും എവിടെ നിന്നുവേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് ഓൺലൈനായി അപേക്ഷിക്കുകയും ലഭ്യമാകുകയും ചെയ്യുന്ന സംവിധാനമാണ് ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളതും നടപ്പിലാക്കിവരുന്നതും. ഓൺലൈനായി വില്ലേജ് ഓഫീസർക്ക്/തഹസിൽദാർക്ക് എത്തുന്ന അപേക്ഷകൾ പരിശോധിച്ചശേഷം ഡിജിറ്റൽ ഒപ്പോടുകൂടിയ

സർട്ടിഫിക്കറ്റുകൾ അനുവദിച്ച് നൽകുന്നു.

(സി) G.O.(P)No.24/2010/ITD തീയതി 4-8-2010 പ്രകാരം ഓൺലൈൻവഴി നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് ആധികാരികതയുണ്ട്. ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാർക്കും ലാപ് ടോപ്പുകൾ/പേഴ്സണൽ കമ്പ്യൂട്ടറുകൾ എന്നിവ കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻവഴി നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇ-ഡിസ്ട്രിക്ട് പദ്ധതി ഉപയോഗിക്കുന്ന എല്ലാ വില്ലജ് ഓഫീസർമാർക്കും എസ്.വി.ഒ.-മാർക്കും തഹസിൽദാർമാർക്കും മറ്റ് ഉദ്യോഗസ്ഥർക്കും മതിയായ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ, എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടായാൽ പരിഹരിക്കുന്നതിനും ആവശ്യമായ പരിശീലനം നൽകുന്നതിനും എല്ലാ താലൂക്കുകളിലും ഹാൻഡ് ഹോൾഡിംഗ് സ്റ്റാഫിനെയും കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻവഴി നിയമിച്ചിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾവഴി വിതരണം ചെയ്ത ലഘുലേഖകൾ വഴിയും വിവിധ മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങളിലൂടെയും ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നൽകുന്ന സർട്ടിഫിക്കറ്റുകളുടെ പൂർണ്ണവിവരവും സർട്ടിഫിക്കറ്റുകൾക്ക് ആവശ്യമായിട്ടുള്ള അനുബന്ധ രേഖകളുടെ വിവരങ്ങളും അപേക്ഷ നൽകുന്നതിനും സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനുംവേണ്ട പരിശീലനങ്ങളും അനുബന്ധ സാങ്കേതിക വിവരങ്ങളും അക്ഷയ കേന്ദ്രങ്ങൾക്ക് നൽകിയിട്ടുണ്ട്. റവന്യൂ വകുപ്പിന്റെ പൗരാവകാശരേഖയിൽ നിഷ്കർഷിച്ചിരിക്കുന്നതും സർക്കാരിന്റെ സേവനാവകാശ നിയമം അനുശാസിക്കുന്നതുമായ സമയപരിധി പാലിച്ചാണ് സർട്ടിഫിക്കറ്റുകൾ നൽകിവരുന്നത്. എല്ലാ ജില്ലാ അക്ഷയ കോ-ഓർഡിനേറ്റർമാർക്കും അക്ഷയകേന്ദ്രങ്ങളുടെ പ്രവർത്തനം പരിശോധിക്കുന്നതിനും സാങ്കേതികമായ സഹായം ലഭ്യമാക്കുന്നതിനും എന്തെങ്കിലും ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ തക്കതായ നടപടികൾക്ക് ജില്ലാ കളക്ടർമാർക്ക് ശിപാർശ നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഇത്തരം പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ഇ- ഗവേണൻസ് സൊസൈറ്റികളും രൂപീകരിച്ചിട്ടുള്ളതാണ്. ഓൺലൈൻ പേയ്മെന്റ് സംവിധാനംകൂടി ഈ പദ്ധതിയുടെ ഭാഗമായതോടുകൂടി വീട്ടിലിരുന്നുതന്നെ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്നതിനും ലഭ്യമാക്കുന്നതിനുമുള്ള സൗകര്യവും നിലവിൽ വന്നു കഴിഞ്ഞിട്ടുണ്ട്. ഇ-ഡിസ്ട്രിക്ട് പദ്ധതി മുഖേന 7-2-2016 വരെ 1,84,38,683 അപേക്ഷകൾ പരിശോധിച്ച് ഓൺലൈനായി സ്വീകരിച്ച് നടപടിയെടുത്തിട്ടുണ്ട്.

## സീറോ ലാന്റ് പദ്ധതി

108(1174) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റവന്യൂ വകുപ്പ് നടപ്പിലാക്കിയ സീറോ ലാൻഡ് പദ്ധതി പ്രകാരം എത്ര പേർക്കാണ് ഭൂമി ലഭ്യമാക്കിയത്; അതിൽ വീട് നിർമ്മിച്ച് താമസം തുടങ്ങിയവർ എത്രയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

റവന്യൂ വകുപ്പ് നടപ്പിലാക്കിവരുന്ന ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 43,437 ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. ഇങ്ങനെ കിട്ടിയ ഭൂമിയിൽ ധാരാളം കേസ്സുകളിൽ വീട് നിർമ്മാണം നടന്നുവരുന്നതായും, വീട് നിർമ്മാണം പൂർത്തിയായ ഗുണഭോക്താക്കൾ താമസം തുടങ്ങിയതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ഭൂമി കയ്യേറ്റം**

109(1175) <u>ശ്രീ. കെ. അജിത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലയോലപ്പറമ്പ് ജംഗ്ഷനു സമീപം കുറുന്തറപ്പുഴയോടനുബന്ധിച്ച് ഭൂമി കയ്യേറാൻ ശ്രമിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രദേശത്ത് എത്ര അളവിൽ പുറമ്പോക്ക് ഭൂമി ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത പ്രദേശത്ത് ഭൂമി കയ്യേറാൻ ശ്രമിച്ചതുമായി ബന്ധപ്പെട്ട സംഭവത്തിൽ വകുപ്പ് തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രദേശത്ത് 19.83.219 ഏക്കർ പുറമ്പോക്ക് ഭൂമിയുണ്ട്.

(സി) പരാതിയിൻമേൽ വടയാർ വില്ലേജ് ഓഫീസർ മുഖാന്തരം അന്വേഷണം നടത്തിയതിൽ തോട് പുറമ്പോക്ക് കയ്യേറ്റം കണ്ടെത്തിയിട്ടില്ലാത്തതും കെട്ടിട നിർമ്മാണ ചട്ടങ്ങൾ ലംഘിച്ച് സർവ്വേ 225/1-ൽപ്പെട്ട വസ്തുവിൽ കെട്ടിടം നിർമ്മിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് തലയോലപ്പറമ്പ് ഗ്രാമപഞ്ചായത്ത് പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുവാൻ സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളതുമാണ്.

**ഭൂമി കയ്യേറ്റങ്ങൾ**

110(1176) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ ഭൂമിയിലുള്ള കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ;

(ബി) ഇതിന്റെ ഫലമായി എത്ര ഏക്കർ ഭൂമി കയ്യേറ്റക്കാരിൽ നിന്ന് തിരിച്ചു പിടിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര ഏക്കർ ഭൂമി പിടിച്ചെടുത്തു എന്നറിയിക്കാമോ; അവയിൽ എത്ര ഏക്കർ ഭൂമി വീണ്ടും നഷ്ടമായിട്ടുണ്ട് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കയ്യേറ്റക്കാരിൽനിന്ന് തിരിച്ചുപിടിച്ച ഭൂമി സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു :

| | |
|---|---|
| തിരുവനന്തപുരം | 35.61.30 ഹെക്ടർ |

| | | |
|---|---|---|
| | കൊല്ലം | 03.06.75 ഹെക്ടർ |
| | പത്തനംതിട്ട | 4.8147 ഹെക്ടർ |
| | ആലപ്പുഴ | 03.81.14 ഹെക്ടർ |
| | കോട്ടയം | 3.18.24.88 ഹെക്ടർ |
| | ഇടുക്കി | 1737.5314 ഹെക്ടർ |
| | എറണാകുളം | 0.3714 ഹെക്ടർ |
| | തൃശ്ശൂർ | 5.2407 ഹെക്ടർ |
| | മലപ്പുറം | 1.459 ഹെക്ടർ |
| | പാലക്കാട് | 1.3729 ഹെക്ടർ |
| | കോഴിക്കോട് | 0.5508 ഹെക്ടർ |
| | വയനാട് | 0.5668 ഹെക്ടർ |
| | കണ്ണൂർ | 0.6883 ഹെക്ടർ |
| | കാസർഗോഡ് | 0.79.15 ഹെക്ടർ |
| (സി) | തിരുവനന്തപുരം | 21.72.43 ഹെക്ടർ |
| | കൊല്ലം | 16.97.55 ഹെക്ടർ |
| | പത്തനംതിട്ട | 6.3740 ഹെക്ടർ |
| | ആലപ്പുഴ | 01.45.34 ഹെക്ടർ |
| | കോട്ടയം | 4.35.34 ഹെക്ടർ |
| | ഇടുക്കി | 4847-06.05 ഹെക്ടർ |
| | എറണാകുളം | 1.0808 ഹെക്ടർ |
| | തൃശ്ശൂർ | 1.7358 ഹെക്ടർ |
| | മലപ്പുറം | 41.155 ഹെക്ടർ |
| | പാലക്കാട് | 8.2488 ഹെക്ടർ |

| | |
|---|---|
| കോഴിക്കോട് | 14.086 ഹെക്ടർ |
| വയനാട് | 25.77 ഹെക്ടർ |
| കണ്ണൂർ | 0.6397 ഹെക്ടർ |
| കാസർഗോഡ് | 0.01.41 ഹെക്ടർ |

പിടിച്ചെടുത്ത ഭൂമി നഷ്ടപ്പെട്ടതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

**വീട് വയ്ക്കുന്നതിനായി നിലം നികത്തുന്നതിനുള്ള അപേക്ഷ**

111 (1177) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ തുറവൂർ പഞ്ചായത്തിൽ കളരിക്കൽ വീട്ടിൽ സുജാത സ്വാമിദാസ് വീട് വയ്ക്കുന്നതിനായി നിലം നികത്തുന്നതിനുള്ള അനുമതിക്കായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ;

(ബി) വാടക വീട്ടിൽ താമസിക്കുന്ന ടി കുടുംബത്തിന്റെ ദയനീയ സ്ഥിതി കണക്കിലെടുത്ത് പ്രസ്തുത അപേക്ഷയിൽ അടിയന്തര നടപടി സ്വീകരിക്കുമോ ;

(സി) എന്നത്തേക്ക് അനുമതി നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) അനുമതി നൽകുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) ശ്രീമതി സുജാത സ്വാമിദാസ്, കളരിക്കൽ വീട്, തുറവൂർ എന്നയാളുടെ നിലം പരിവർത്തനം നടത്തി വീട് വയ്ക്കുന്നതിനുള്ള അപേക്ഷയിൽ 16-11-2015 തീയതിയിൽ നടന്ന ജില്ലാതല അധികൃത സമിതിയുടെ 13-ാം നമ്പർ തീരുമാന പ്രകാരം അനുമതി നൽകി തീരുമാനമെടുത്തിട്ടുണ്ട്.

**ഭൂമി കയ്യേറ്റത്തിനെതിരെ നടപടി**

112(T 1178) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗാന്ധി സ്മാരക നിധിയ്ക്ക് തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാം ഏതെല്ലാം സർവ്വേ നമ്പരിൽ സ്വന്തമായി ഭൂമിയുണ്ട് എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഭൂമികളിൽ ഏതിലൊക്കെയാണ് കയ്യേറ്റങ്ങൾ ഉള്ളത്; ഇവ തിരികെ ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ പെരുമ്പഴുതൂർ വില്ലേജിൽ ബ്ലോക്ക് 24-ൽ റീസർവ്വേ 417/27-ൽപ്പെട്ട 27 ആർ സ്ഥലവും, പാറശ്ശാല വില്ലേജിൽ ബ്ലോക്ക് 50-ൽ റീസർവ്വേ 10/17-ൽ 18.30 ആർ സ്ഥലവും, നെടുമങ്ങാട് താലൂക്കിൽ ബ്ലോക്ക് 29-ൽ റീസർവ്വേ 442-ൽ 20.60 ആർ സ്ഥലവും കേരള ഗാന്ധി സ്മാരകനിധി എന്ന സ്ഥാപനത്തിന്റെ പേരിലുള്ളതായി വില്ലേജ് രേഖകളുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

**ശ്രീ. സി. ആർ. സുബ്രഹ്മണ്യത്തിന്റെ പരാതി**

113(1179) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ കൊടകര, മണകുളങ്ങര, എലിഞ്ഞേരി വീട്ടിൽ ശ്രീ. സി. ആർ. സുബ്രഹ്മണ്യം (വിശ്വനാഥ്) പുറമ്പോക്ക്ഭൂമി, വീട് വയ്ക്കുന്നതിന് പതിച്ച് കിട്ടുന്നതിനായി 10-11-2014-ൽ ബഹുമാനപ്പെട്ട റവന്യൂ മന്ത്രിക്ക് അപേക്ഷ നൽകിയിരുന്നോ;

(ബി) പ്രസ്തുത അപേക്ഷ പരിശോധിക്കുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടർക്ക് അയച്ച് കൊടുത്തിട്ടുണ്ടോ; (2434/യു.ഐ.പി/14 എം(ആർ&സി) തീയതി

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

12/11/2014) (എൻ ഡിസ് നമ്പർ 70740/14 ബി5 കളക്ടേറ്റ്, എൻ ഡിസ് ബി 3 15345/2014 തഹസിൽദാർ).

(സി) പ്രസ്തുത അപേക്ഷ കൊടകര വില്ലേജ് ഓഫീസർ പരിഗണിക്കുകയും പട്ടയ പ്രൊപ്പോസൽ ചാലക്കുടി തഹസിൽദാർക്ക് 16-5-2015-ന് അയച്ച് കൊടുത്തിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ എന്ത് നടപടിയാണ് തഹസിൽദാർ കൈകൊണ്ടത്;

(ഡി) ശ്രീ. സി. ആർ. സുബ്രമണ്യത്തിന് 40 വർഷമായി കൈവശമുള്ള 3.5 സെന്റ് പുറമ്പോക്ക് ഭൂമി പതിച്ച് നൽകുന്നതിന് എന്തെങ്കിലും നിയമ തടസ്സങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ അപേക്ഷകന് ഭൂമി പതിച്ച് നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നൽകിയിരുന്നു.

(ബി) ഉണ്ട്.

(സി) തദ്ദേശസ്വയംഭരണ വകുപ്പിൽ നിക്ഷിപ്തമായ പ്രസ്തുത അപേക്ഷാ ഭൂമി 1-8-1971-ന് മുമ്പ് അപേക്ഷകന്റെ കൈവശമില്ലാത്തതും അപേക്ഷകന്റെ വാർഷിക വരുമാനം ഭൂമി പതിവ് ചട്ടങ്ങളിൽ അനുശാസിക്കുന്ന പരിധിയിൽ കൂടുതലായതിനാലും നിലവിലുള്ള നിയമമനുസരിച്ച് പ്രസ്തുത ഭൂമി പതിവ് നടത്തുന്നതിന് പരിഗണിക്കുവാൻ നിർവ്വാഹമില്ലാത്തതാണെന്ന വിവരം ചാലക്കുടി തഹസിൽദാർ മുഖേന കക്ഷിയെ അറിയിച്ചിട്ടുള്ളതാണ്.

(ഡി) ഉണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിൽ നിക്ഷിപ്തമായ അപേക്ഷാ ഭൂമി 1-8-1971-ന് മുമ്പ് അപേക്ഷകന്റെ കൈവശമില്ലാത്തതും അപേക്ഷകന്റെ വാർഷിക വരുമാനം ഭൂമി പതിവ് ചട്ടങ്ങളിൽ അനുശാസിക്കുന്ന പരിധിയിൽ കൂടുതലായതിനാലും നിലവിലുള്ള നിയമമനുസരിച്ച് ഭൂപതിവ് നടത്തുന്നത് പരിഗണിക്കുവാൻ നിർവ്വാഹമില്ല.

**ഉപാധിരഹിത പട്ടയങ്ങൾ**

114(1180) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എത്ര ഉപാധി രഹിത പട്ടയങ്ങൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇവയുടെ താലൂക്ക് തിരിച്ചുള്ള എണ്ണം

നൽകാമോ;

(ബി) പ്രസ്തുത പട്ടയങ്ങളിലെ ഉപാധികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; ഈ പട്ടയങ്ങൾ എന്നു മുതലാണ് നൽകി തുടങ്ങിയതെന്ന് വ്യക്തമാക്കുമോ;

(സി) പട്ടയ ഫോറങ്ങളിലെ വ്യവസ്ഥകൾ സംബന്ധിച്ച് പരിശോധന നടത്തി മാറ്റങ്ങൾ വരുത്തുന്നതിനുള്ള ശിപാർശകൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ നിലവിലുള്ള വിവിധ ഭൂമി പതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായിട്ടുള്ള പട്ടയങ്ങളാണ് നൽകിയിട്ടുള്ളത്. നിലവിലുള്ള ഏത് ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമാണോ പട്ടയം നൽകിയിട്ടുള്ളത്, പ്രസ്തുത ചട്ടങ്ങളിലെ എല്ലാ വ്യവസ്ഥകളും പാലിക്കാൻ പട്ടാദാർ ബാധ്യസ്ഥനാണ്. പഞ്ചായത്ത് പ്രദേശത്ത് പതിച്ച് നൽകുന്ന കൈവശഭൂമികൾ അന്യാധീനപ്പെടുത്തുന്നതിനുള്ള നിയന്ത്രണം നീക്കിക്കൊണ്ട് ജി.ഒ. (പി) 425/2014/ആർ.ഡി. തീയതി 30-9-2014 പ്രകാരം ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിന് 24-12-2013 മുതലാണ് പ്രാബല്യം നൽകിയിട്ടുള്ളത്. ഭേദഗതി ഉത്തരവായ തീയതി മുതൽ നൽകിയ പട്ടയങ്ങൾക്ക് മേൽപ്പറഞ്ഞ വ്യവസ്ഥ ബാധകമാണ്. പ്രസ്തുത ഭേദഗതികൾക്കനുസൃതമായി പട്ടയഫാറത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്.

(സി) 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ള പട്ടയഫോറങ്ങളിലെ ഭേദഗതി നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

**പട്ടയ ലഭ്യത**

115(1181) <u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അങ്കമാലി നിയോജക മണ്ഡലത്തിൽ അയ്യംമ്പുഴ ഗ്രാമപഞ്ചായത്തിലെ കണ്ണിമംഗലത്തെയും പാണപാറയിലെയും നിവാസികൾക്ക് പട്ടയം നൽകുന്നതിനായി പ്രസ്തുത പ്രദേശം ഹിൽട്രാക്ക് പരിധിയിൽ ഉൾക്കൊള്ളിക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന്

വ്യക്തമാക്കാമോ; ഇല്ലെങ്കിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിലെ കാലതാമസത്തിന് കാരണമെന്താണ്; റിപ്പോർട്ട് എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

അയ്യമ്പുഴ വില്ലേജിലെ മുഴുവൻ ഭൂമിയും ഹിൽട്രാക്ടായി ഉൾപ്പെടുത്തേണ്ടതുണ്ടോയെന്നും വിഭജനത്തിന് ശേഷമുള്ള മഞ്ഞപ്ര വില്ലേജ് ഹിൽട്രാക്ട് ആയി പ്രസ്തുത ചട്ടങ്ങളിൽ നിലനിർത്തേണ്ടതുണ്ടോ എന്നത് സംബന്ധിച്ചും റിപ്പോർട്ട് നൽകുവാൻ 6-2-2014-ൽ ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച റിപ്പോർട്ട് എറണാകുളം ജില്ലാ കളക്ടറിൽനിന്നും 21-1-2016-നാണ് ലഭിച്ചതെന്ന് ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലാന്റ് റവന്യൂ കമ്മീഷണറിൽനിന്നും റിപ്പോർട്ട് 10-2-2016-ന് സർക്കാരിന് ലഭിച്ചിട്ടുണ്ട്.

**പട്ടയ വിതരണം**

116(1182) ശ്രീമതി ജമീലാ പ്രകാശം :

ശ്രീ. സി. കെ. നാണു :

ശ്രീ. ജോസ് തെറ്റയിൽ :

ശ്രീ. മാത്യു ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര പേർക്ക് പുതിയതായി പട്ടയം നൽകിയിട്ടുണ്ട്; ജില്ലകൾ, താലൂക്കുകൾ, വില്ലേജുകൾ എന്നിവ തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) എത്ര പേർക്ക് നൽകാനുള്ള പട്ടയങ്ങൾ ഇപ്പോൾ തയ്യാറായിട്ടുണ്ട്; ജില്ലകൾ, താലൂക്കുകൾ, വില്ലേജുകൾ തിരിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) നെയ്യാറ്റിൻകര, തിരുവനന്തപുരം താലൂക്കുകളിൽ തയ്യാറായിരിക്കുന്ന പട്ടയങ്ങൾ അപേക്ഷകർക്ക് നല്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**വിദേശ കമ്പനികളുടെ സർക്കാർ ഭൂമി**

117(1183) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം വിദേശ കമ്പനികൾ സർക്കാർ ഭൂമി കൈവശം വച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് നിലവിലുള്ള അവസ്ഥയെന്തെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം വിദേശ കമ്പനികൾ നിയന്ത്രിച്ചിരുന്ന സർക്കാർ ഭൂമി തിരിച്ചുപിടിക്കുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്?

ഉത്തരം

(എ) സ്വാതന്ത്ര്യത്തിനുശേഷം വിദേശ കമ്പനികൾ കൈവശം വച്ചിരുന്ന ഭൂമി ഭരണഘടനയുടെ 296-ാം വകുപ്പ് പ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായി. പ്രസ്തുത ഭൂമി സ്വതന്ത്ര ഇന്ത്യയിൽ ബ്രിട്ടീഷ് കമ്പനികളോ, അവരുടെ ഇവിടത്തെ ഏജന്റുമാരോ നിലവിലെ കൈവശക്കാർക്ക് കൈമാറിയതായി അവകാശപ്പെടുന്ന ഇന്ത്യൻ കമ്പനികളാണ് നിലവിലുള്ളതായി കാണുന്നത്. ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനിയും പ്രസ്തുത കമ്പനിയിൽനിന്നും ഭൂമി വിലയ്ക്ക് വാങ്ങിയവരും തിരുവനന്തപുരം-പട്ടം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ട്രാവൻകൂർ റബ്ബർ & റ്റീ കമ്പനിയും അതിന്റെ അനുബന്ധ കമ്പനികളും മൂന്നാറിലെ കെ.ഡി.എച്ച്. കമ്പനിയും ഇത്തരത്തിൽ സർക്കാർ ഭൂമി അനധികൃതമായി കൈവശം വച്ചുവരുന്നു.

(ബി) ഹാരിസൺസ് മലയാളം ലിമിറ്റഡും അവരിൽനിന്നും ഭൂമി വിലയ്ക്ക് വാങ്ങിയവരും അനധികൃതമായി കൈവശം വയ്ക്കുന്ന സർക്കാർ ഭൂമി സ്വാതന്ത്ര്യത്തിന് മുമ്പ് മലയാളം പ്ലാന്റേഷൻസ് (യു.കെ.) ലിമിറ്റഡ് എന്ന വിദേശ കമ്പനി കൈവശം വച്ചിരുന്നതും സ്വാതന്ത്ര്യാനന്തരം ഉപേക്ഷിച്ചുപോയതുമാണ്. നിയമപ്രകാരം കേന്ദ്ര ഗവൺമെന്റോ റിസർവ് ബാങ്കോ അനുവദിച്ചാൽ മാത്രമേ

വിദേശീയർക്ക് ഇന്ത്യയിൽ ഭൂമി ഇടപാട് നടത്താൻ കഴിയുമായിരുന്നുള്ളൂ. പ്രസ്തുത ഇനത്തിൽപ്പെട്ട 38051 ഏക്കൽ ഭൂമി കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽനിന്നും ലാന്റ് കൺസർവ്വൻസി ആക്ട് പ്രകാരം സർക്കാരിലേക്ക് ഏറ്റെടുത്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശപ്രകാരം പ്രസ്തുത ഉത്തരവുകളുടെ തൽസ്ഥിതി തുടരുന്നു.

(സി) ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനിയുടെ കൈവശത്തിലുള്ള സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിലേക്കായി 25-4-13-ലെ ജി.ഒ. (എം.എസ്.) നമ്പർ 161/2013/ആർ.ഡി. ഉത്തരവ് പ്രകാരം എറണാകുളം ജില്ലാ കളക്ടറായ ശ്രീ. എം. ജി. രാജമാണിക്യം ഐ.എ.എസ്.-നെ സ്പെഷ്യൽ ഓഫീസറായി ചുമതലപ്പെടുത്തി ഉത്തരവായി. ആദ്യഘട്ടമായി സ്പെഷ്യൽ ഓഫീസർ ഹാരിസൺസ് മലയാളം ലിമിറ്റഡ് കൈവശത്തിലുള്ള 38,051 ഏക്കർ ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുത്ത് ഉത്തരവായി. വിദേശ കമ്പനികൾ സ്വാതന്ത്ര്യത്തിന് മുമ്പ് കൈവശം വച്ചിരുന്ന ഭൂമി, സ്വാതന്ത്ര്യാനന്തരം കേരള സർക്കാരോ കേന്ദ്ര ഗവൺമെന്റോ നിലവിലെ കൈവശക്കാർക്ക് കൈമാറ്റം ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും കെ.എൽ.സി. നിയമപ്രകാരം അനധികൃത കൈവശങ്ങൾ കണ്ടെത്തി, സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനും സ്പെഷ്യൽ ഓഫീസർ & കളക്ടർ, ഗവൺമെന്റ് ലാന്റ് റിസംപ്ഷനെ ചുമതലപ്പെടുത്തിക്കൊണ്ട് 30-12-2015-ലെ ജി.ഒ.(എം.എസ്.) 703/2015/ആർ.ഡി. നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ വെളിച്ചത്തിൽ സ്പെഷ്യൽ ഓഫീസർ & കളക്ടർ, ഗവൺമെന്റ് ലാന്റ് റിസംപ്ഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

**പട്ടയവിതരണത്തിനുള്ള നടപടി**

118(1184) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജക മണ്ഡലത്തിലെ അത്തിക്കയം, തെക്കേതൊട്ടി, ചൂരക്കുഴി, പെരുമ്പെടി, അറയാഞ്ഞിലിമൺ, പമ്പാവാലി പ്രദേശങ്ങളിലെ പട്ടയ വിതരണത്തിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ; ഓരോ പ്രദേശത്തും

എത്ര കുടുംബങ്ങൾക്കാണ് ഇനി പട്ടയം ലഭിക്കാനുള്ളത്;

(ബി) പട്ടയം നൽകാനായി ഓരോ പ്രദേശത്തും എന്തൊക്കെ നടപടികളാണ് പൂർത്തിയായിട്ടുള്ളത്; എത്ര അപേക്ഷകൾ വീതം ലഭിച്ചിട്ടുണ്ട്;

(സി) ഓരോ ഭാഗത്തും പട്ടയം ലഭിക്കുന്നതിനായി എത്ര സർവ്വേ ടീമുകളെ നിയോഗിച്ചിട്ടുണ്ട്; ഇവരുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ഡി) ഓരോ പ്രദേശത്തും എത്ര പേർക്ക് പട്ടയം നൽകി എന്നും, അവശേഷിക്കുന്നവർക്ക് എന്ന് പട്ടയം നൽകും എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) റാന്നി താലൂക്കിലെ പഴവങ്ങാടി വില്ലേജിലെ ചൂരക്കുഴി പ്രദേശത്തെ 224 കൈവശങ്ങളിൽ 174 കൈവശങ്ങൾക്ക് പട്ടയം നൽകി, ബാക്കി 50 പട്ടയങ്ങൾകൂടി വിതരണം ചെയ്യാനുണ്ട്. പമ്പാവാലി പ്രദേശത്ത് ഇനിയും നൽകാനുണ്ടായിരുന്ന 290 പട്ടയങ്ങളിൽ 207 പട്ടയങ്ങൾ 2015 സെപ്റ്റംബർ മാസത്തിലെ പട്ടയമേളയിൽ വിതരണം ചെയ്തു. ബാക്കി 83 പട്ടയങ്ങൾകൂടി വിതരണം ചെയ്യാനുണ്ട്. അത്തിക്കയം വില്ലേജിലെ തെക്കേത്തൊട്ടി, കൊല്ലമുള വില്ലേജിലെ അറയാഞ്ഞിലിമൺ എന്നീ സ്ഥലങ്ങളിലെ കൈവശങ്ങൾക്ക് പട്ടയം നൽകിയിട്ടില്ല. തെക്കേത്തൊട്ടി പ്രദേശത്ത് 117 കുടുംബങ്ങളും അറയാഞ്ഞിലിമൺ പ്രദേശത്ത് 540 കുടുംബങ്ങളും താമസിച്ചുവരുന്നു. മല്ലപ്പള്ളി താലൂക്കിന്റെ പരിധിയിൽവരുന്ന പെരുമ്പെട്ടി പ്രദേശത്തെ കൈവശക്കാർക്ക് പട്ടയം നൽകിയിട്ടില്ല. ചൂരക്കുഴി, പമ്പാവാലി പ്രദേശത്തെ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. അത്തിക്കയം 46 ഏക്കറിൽ 101 അപേക്ഷകൾ ലഭിച്ചിട്ടുള്ളതും തെക്കേത്തൊട്ടി, അറയാഞ്ഞിലിമൺ, പെരുമ്പെട്ടി എന്നിവിടങ്ങളിൽനിന്നും വ്യക്തിഗത അപേക്ഷകൾ ലഭിച്ചിട്ടില്ലാത്തതുമാണ്.

(സി) പമ്പാവാലിയിൽ രണ്ട് ടീമിനെയും ചൂരക്കുഴിയിൽ ഒരു ടീമിനെയും നിയോഗിച്ച് കൈവശങ്ങൾ തിട്ടപ്പെടുത്തി റിക്കാർഡുകൾ തയ്യാറാക്കുന്ന നടപടി പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) പമ്പാവാലി പ്രദേശത്ത് 290-ൽ 207 കൈവശങ്ങൾക്കും ചൂരക്കുഴിയിൽ 224-ൽ 174 കൈവശങ്ങൾക്കും പട്ടയം നൽകിയിട്ടുണ്ട്. പമ്പാവാലിയിൽ 83-ഉം ചൂരക്കുഴിയിൽ 50-ഉം പട്ടയങ്ങൾ വിതരണം ചെയ്യാനുണ്ട്. ഇതിൽ 70 പട്ടയങ്ങൾ അടുത്ത പട്ടയമേളയിൽ വിതരണം ചെയ്യാൻ തയ്യാറാക്കിയിട്ടുണ്ട്.

## വക്കം, ചെറുന്നിയൂർ ഗ്രാമപഞ്ചായത്തുകളിലെ കായൽ കയ്യേറ്റം

119(1185) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വക്കം, ചെറുന്നിയൂർ ഗ്രാമപഞ്ചായത്തുകളുടെ കായലോരത്ത് വ്യാപകമായി നടന്നുവരുന്ന കായൽ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരെ ഏതെല്ലാം തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വർക്കല താലൂക്ക് പരിധിയിലുള്ള ചെറുന്നിയൂർ വില്ലേജിൽ കായൽ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കായൽ കയ്യേറ്റത്തിനെതിരെ കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ജില്ലാ വികസന സമിതി യോഗം

120(1186) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എല്ലാ മാസത്തിലേയും അവസാനത്തെ ശനിയാഴ്ച തിരുവനന്തപുരം കളക്ടേറ്റിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിൽ ഓരോ നിയോജക മണ്ഡലത്തിനും നിശ്ചിത സമയക്രമം നിശ്ചയിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

ജില്ലയിലെ വിവിധ വകുപ്പുകൾക്ക് ലഭ്യമായ പ്ലാൻ ഫണ്ട് വിനിയോഗത്തെക്കുറിച്ചും വികസനപ്രശ്നങ്ങളെക്കുറിച്ചും ചർച്ച ചെയ്യുന്നതിനാണ് പ്രധാനമായും ജില്ലാ വികസന സമിതി യോഗം ചേരുന്നത്. ആയതിനാൽ ഓരോ നിയോജക മണ്ഡലത്തിനും നിശ്ചിത സമയം അനുവദിച്ചുനൽകുന്നതിനുള്ള നടപടി പ്രായോഗികമല്ല.

## റവന്യൂ റിക്കവറി

121(1187) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-12-15 ൽ അവസാനിച്ച കാലയളവിൽ പാലക്കാട് ജില്ലയിൽ സ്റ്റേ ഉൾപ്പെടെ റവന്യൂ റിക്കവറി ഇനത്തിൽ എത്ര തുകയാണ് പിരിച്ചെടുക്കുവാനുള്ളത്;

(ബി) ഇതിൽ എത്ര തുകയ്ക്കാണ് സ്റ്റേ അനുവദിച്ചിട്ടുള്ളത്; ഗവൺമെന്റ് തലത്തിൽ എത്ര തുകയ്ക്ക് സ്റ്റേ അനുവദിച്ചിട്ടുണ്ട്;

(സി) കോടതി സ്റ്റേ ഇനത്തിൽ എത്ര കുടിശ്ശികയുണ്ട്; കോടതിയിൽ നിന്നും സ്റ്റേ നീക്കിക്കിട്ടുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

### ഉത്തരം

(എ) 31-12-2015 വരെ പാലക്കാട് ജില്ലയിൽ സ്റ്റേ ഉൾപ്പെടെ റവന്യൂ റിക്കവറിയിനത്തിൽ ആകെ 255.5 കോടി രൂപ പിരിച്ചെടുക്കുവാനുണ്ട്.

(ബി) 255.5 കോടി രൂപയിൽ, സ്റ്റേ ഇനത്തിൽ ആകെ 212.4 കോടി രൂപയ്ക്കാണ് സ്റ്റേ അനുവദിച്ചിട്ടുള്ളത്. ഗവൺമെന്റ് തലത്തിൽ 35.8 കോടി രൂപയ്ക്ക് സ്റ്റേ അനുവദിച്ചിട്ടുണ്ട്.

(സി) കോടതി സ്റ്റേ ഇനത്തിൽ 154.7 കോടി രൂപ കുടിശ്ശികയുണ്ട്. കോടതി സ്റ്റേ ഒഴിവാക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതിന് താലൂക്ക് തഹസിൽദാർമാർക്ക് നിർദ്ദേശം നൽകുകയും കാര്യവിവര പത്രിക,

എതിർ സത്യവാങ്മൂലം എന്നിവ സമർപ്പിക്കാത്ത കേസ്സുകളിൽ ആയത് അടിയന്തരമായി സമർപ്പിക്കുന്നതിനും സ്റ്റേ കേസ്സുകൾ തുടർച്ചയായി പരിശോധിച്ച് സ്റ്റേ കാലാവധി കഴിഞ്ഞയുടൻതന്നെ ആർ.ആർ. നടപടി പുനരാരംഭിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

**പാങ്ങ് വില്ലേജ് രൂപീകരണം**

122(1188) <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വലിയ വില്ലേജുകളിലൊന്നായ കുറുവ വില്ലേജ് വിഭജിച്ച്, പാങ്ങ് വില്ലേജ് രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ 55000-ത്തിലധികം ജനസംഖ്യാ പരിധിയും വലിയ വിസ്തൃതിയുള്ളതുമായ പ്രസ്തുത വില്ലേജ് വിഭജിച്ച് പാങ്ങ് വില്ലേജ് രൂപീകരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**റവന്യൂ വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ**

123(1189) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാം;

(ബി) പ്രസ്തുത പദ്ധതികൾക്കായി ഓരോ ബഡ്ജറ്റിലും വകയിരുത്തിയ

തുകയെത്ര; പദ്ധതികളുടെ നടത്തിപ്പിനായി ഇതിനകം പിൻവലിക്കപ്പെട്ട തുക എത്ര; വിശദാംശം ലഭ്യമാക്കുമോ ;

(സി) കഴിഞ്ഞ അഞ്ചു വർഷമായി റവന്യൂ വകുപ്പിൽ പ്രഖ്യാപിച്ചതും എന്നാൽ നടപ്പിലാക്കാൻ കഴിയാത്തതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റവന്യൂ വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ചുവടെ ചേർക്കുന്നു:

(1) 2012-13-ൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

(2) 2013-14-ൽ പ്രഖ്യാപിച്ച സ്മാർട്ട് റവന്യൂ വില്ലേജ് ഓഫീസുകൾ എന്ന പദ്ധതി

(3) 2015-16-ൽ റവന്യൂ വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം

(4) Integrated ഓൺലൈൻ പോക്കുവരവ് പദ്ധതി

(5) ഓൺലൈൻ നികുതി (Online Tax payment) സ്വീകരിക്കൽ സംവിധാനം

(6) റവന്യൂ സർവ്വേ അദാലത്ത്

(7) ഓൺലൈനായി 24 ഇനം സർട്ടിഫിക്കറ്റുകൾ നൽകുന്ന ഇ-ഡിസ്ട്രിക്ട് സംവിധാനം 14 ജില്ലകളിൽ വ്യാപിപ്പിച്ചു.

(ബി) പ്രസ്തുത പദ്ധതികൾക്കായി ഓരോ ബഡ്ജറ്റിലും വകയിരുത്തിയ തുക, പദ്ധതികളുടെ നടത്തിപ്പിനായി ഇതിനകം പിൻവലിക്കപ്പെട്ട തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) റവന്യൂ വകുപ്പിൽ പ്രഖ്യാപിത പദ്ധതികളെല്ലാം നടപ്പിലാക്കിവരുന്നു.

**റവന്യൂ വകുപ്പിൽ ഇ-ഗവേണൻസ് പദ്ധതി**

124(1190) <u>ശ്രീ. ബെന്നി ബെഹനാൻ</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; വ്യക്തമാക്കാമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ലാന്റ് റവന്യൂ വകുപ്പിൽ ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളതാണ്.

- സർട്ടിഫിക്കറ്റ് സേവനങ്ങൾ- ഇ-ഡിസ്ട്രിക്ട്
- ഭൂസംബന്ധമായ സേവനങ്ങൾ- ഓൺലൈൻ പോക്കുവരവ് (റെലിസ്), കേരള സ്റ്റേറ്റ് ലാന്റ് ബാങ്ക്, ഓൺലൈൻ ടാക്സ് പെയ്മെന്റ്
- ഫയലുകളിലെ സുതാര്യത ഉറപ്പാക്കൽ- ഡി.സി. സ്യൂട്ട്, ആർ.ആർ. ഓൺലൈൻ, ഇ-ഓഫീസ്

(ബി) ആധുനിക വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ റവന്യൂ വകുപ്പിൽനിന്നുമുള്ള സേവനങ്ങൾ പൊതുജനങ്ങൾക്ക് വേഗത്തിലും സുതാര്യമായും ഗുണമേൻമയോടുംകൂടി ലഭ്യമാക്കുക എന്നതാണ് ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുന്നതിലൂടെ പ്രധാനമായും ലക്ഷ്യമിടുന്നത്. അപേക്ഷകന് എപ്പോഴും, എവിടെനിന്നുവേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് ഓൺലൈനായി അപേക്ഷിക്കുകയും ചെയ്യുന്ന സംവിധാനമാണ് ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളതും നടപ്പിലാക്കിവരുന്നതും. ഓൺലൈനായി വില്ലേജ് ഓഫീസർക്ക്/തഹസിൽദാർക്ക് എത്തുന്ന അപേക്ഷകൾ പരിശോധിച്ചശേഷം ഡിജിറ്റൽ ഒപ്പോടുകൂടിയ സർട്ടിഫിക്കറ്റുകൾ അനുവദിച്ച് നൽകുന്നു. പദ്ധതിവഴി റവന്യൂ വകുപ്പിൽനിന്നും

നൽകുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകിവരുന്നു. ആധുനിക വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ്/ജമമാറ്റം നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുകയെന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കിവരുന്നത്. ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കുന്ന വില്ലേജുകളിൽ ഭൂനികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം (ഓൺലൈൻ ടാക്സ് പേയ്മെന്റ്) കൂടി നടപ്പിൽവരുത്താൻ ഉദ്ദേശിക്കുന്നുണ്ട്. സർക്കാർ ഭൂമി സംബന്ധിച്ച രേഖകൾ നൂതന സാങ്കേതികവിദ്യയുടെ സാധ്യത ഉപയോഗപ്പെടുത്തി കേന്ദ്രീകൃതമായി സൂക്ഷിക്കുകയെന്ന ലക്ഷ്യത്തോടെയാണ് കേരള സ്റ്റേറ്റ് ലാന്റ് ബാങ്ക് രൂപീകരിച്ചിട്ടുള്ളത്. ജില്ലാ കളക്ടേറ്റുകളെ ഉദ്ദേശിച്ചുള്ള ഒരു ഫയൽ മാനേജ്മെന്റ് സിസ്റ്റമാണ് ഡി.സി. സ്യൂട്ട്. എം.ജി.പി. പദ്ധതിയുടെ ഭാഗമായി ഡി.സി. സ്യൂട്ട് സംവിധാനം തിരുവനന്തപുരം ഒഴികെയുള്ള എല്ലാ ജില്ലാ കളക്ടേറ്റുകളിലും നടപ്പിലാക്കിയിട്ടുണ്ട്. റവന്യൂ റിക്കവറി സംബന്ധമായ പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്ന സംവിധാനമാണ് ആർ.ആർ. ഓൺലൈൻ. റവന്യൂ റിക്കവറിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വേഗത്തിൽ ഇത് സംബന്ധിച്ച തീരുമാനങ്ങൾ എടുക്കുന്നതിനും കൂടുതൽ കാര്യക്ഷമതയോടെ ആയത് നടപ്പിലാക്കുന്നതിനും ആർ.ആർ. ഓൺലൈൻ മുഖേന സാധിക്കുന്നതാണ്.

(സി) G.O.(P)No.24/2010/ITD തീയതി 4-8-2010 പ്രകാരം ഓൺലൈൻ വഴി നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് ആധികാരികതയുണ്ട്. 17-10-2015-ലെ G.O.(MS)No.575/2015/RD പ്രകാരം സംസ്ഥാനമൊട്ടാകെ സംയോജിത ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. G.O.(MS) No.22/2015/ITD തീയതി 16-7-2015 പ്രകാരം 20 കോടി രൂപ ചെലവിൽ ലാന്റ് റവന്യൂ വകുപ്പിൽ ഇ-ഓഫീസ് സംവിധാനം കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻ മുഖേന നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ലാന്റ് റവന്യൂ വകുപ്പിൽ ഇ-ഗവേണൻസ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള മോണിറ്ററിംഗ് സംവിധാനമായി എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ജില്ലാതലത്തിൽ ജില്ലാ ഐ.റ്റി. സെല്ലുകളും

സംസ്ഥാനതലത്തിൽ സ്റ്റേറ്റ് ഐ.റ്റി. സെല്ലും പ്രവർത്തിക്കുന്നുണ്ട്. ഇ-ഗവേണൻസ് പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനായി 2-6-2015-ലെ G.O.(MS)No. 220/2015/RD പ്രകാരം വെർച്വൽ ഐ.റ്റി. കേഡറും വകുപ്പിൽ രൂപീകരിച്ചിട്ടുണ്ട്.

## റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗം

125(1191) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെ; വിശദീകരിക്കാമോ;

(ബി) പ്രസ്തുത ഫണ്ട് ഉപയോഗിക്കുന്നത് ഏതൊക്കെ പ്രവൃത്തികൾക്കാണ് ; വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ അഞ്ചുവർഷ കാലത്തെ റിവർ മാനേജ്മെന്റ് ഫണ്ടിന്റെ ജില്ല തിരിച്ചുള്ള വിനിയോഗത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) തിരുവനന്തപുരം ജില്ലയിൽ പ്രസ്തുത ഫണ്ട് വിനിയോഗിച്ച് കഴിഞ്ഞ അഞ്ചുവർഷക്കാലം ഏറ്റെടുത്ത പദ്ധതികൾ ഏതെല്ലാമെന്നും നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും വെളിപ്പെടുത്താമോ;

(ഇ) പ്രസ്തുത ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്നതിനായി എത്ര പ്രൊപ്പോസലുകൾ ജില്ലയിൽ നിലവിലുണ്ട്; ഇവ എന്നു മുതൽ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ; വിശദാംശം വെളിപ്പെടുത്താമോ?

### ഉത്തരം

(എ) 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമത്തിന് കീഴിൽ 2002-ൽ രൂപീകൃതമായ ചട്ടങ്ങളിലെ ചട്ടം 22 പ്രകാരമാണ് റിവർ മാനേജ്മെന്റ് ഫണ്ട് രൂപീകരിച്ചിട്ടുള്ളത്. കടവുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടും, നദീതീര വികസന പദ്ധതികൾക്കായുമാണ് ടി ഫണ്ടിൽനിന്നും തുക വിനിയോഗിക്കുന്നത്.

(ബി) 1. സർക്കാർ അംഗീകരിച്ച നദീതീര വികസന പദ്ധതികൾ നടപ്പാക്കുന്നതിനുവേണ്ടി വരുന്ന തുകകൾ

2. നിയമത്തിന്റെ 29-ാം വകുപ്പനുസരിച്ച് സെസ്സ് പോലുള്ള സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി മണലിന്റെ അളവ് തിട്ടപ്പെടുത്തുന്നതിനുള്ള തുകകൾ

3. ജില്ലാ വിദഗ്ദ്ധ സമിതികളുടെയും സംസ്ഥാന ഉന്നതതല സമിതിയുടെയും യോഗനടപടികൾക്കും സമിതിയിലെ അനൗദ്യോഗിക അംഗങ്ങളുടെ യാത്രാബത്ത നൽകുന്നതിനുംവേണ്ടി വരുന്ന തുകകൾ

4. റിവർ മാനേജ്മെ ന്റ് ഫണ്ട് ആഡിറ്റ് ചെയ്യുന്നതിനുള്ള തുക

5. അനുമതിയില്ലാത്ത കടവുകളിലെ മണൽ ഖനനം തടയുന്നതിനായി സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നതിനുള്ള ചെലവുകൾ

6. കടവുകളിൽ വാഹനം ഇറങ്ങാത്തവിധം 100 മീറ്റർ അകലത്തിൽ സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നതിനുള്ള ചെലവുകൾ

7. അനധികൃത മണൽവാരൽ തടയുന്നതിനുള്ള പട്രോളിംഗിന് ഉപയോഗിക്കുന്ന വാഹനങ്ങളുടെ ഇന്ധന ചെലവുകൾ

8. സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടെയോ സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരമുള്ളതോ ആയ കാര്യങ്ങളുടെ നടത്തിപ്പിനുള്ള ചെലവുകൾ

9. പ്രകൃതിക്ഷോഭം, വരൾച്ച, പേമാരി എന്നിവ മൂലമുണ്ടായ നാശനഷ്ടങ്ങൾ പുനഃസ്ഥാപിക്കുന്നതിലേയ്ക്കായി സർക്കാർ നടത്തിയതും പൂർത്തീകരിച്ചതുമായ പ്രവൃത്തികൾക്ക് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടെയോ പ്രത്യേക നിർദ്ദേശത്തോടെയോ നൽകുന്ന ചെലവുകൾ

10. ഒരു കടവിൽനിന്ന് മണൽ കൊണ്ടുപോകുമ്പോൾ നൽകേണ്ടതായ പാസ് അച്ചടിക്കുന്നതിനുള്ള ചെലവുകൾ

11. 9-ാം ഉപചട്ടത്തിന്റെ (എസ്) ഖണ്ഡത്തിന്റെ ആവശ്യത്തിലേയ്ക്കായി ജീവനക്കാരെ ദിവസ വേതനത്തിൽ നിയമിക്കുമ്പോൾ ഒരു ദിവസം 120 രൂപാവീതം നൽകുന്നതിനുള്ള ചെലവ്.

(സി) കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ റിവർ മാനേജ്മെന്റ് ഫണ്ടിന്റെ ജില്ല

തിരിച്ചുള്ള വിനിയോഗത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) നദീതീരങ്ങളിലെ പാർശ്വഭിത്തി നിർമ്മാണം, റിവർ മാനേജ്മെന്റ് സെല്ലിലെ ജീവനക്കാരുടെ ശമ്പളം, ജില്ലാ വിദഗ്ധ സമിതിയുടെ യോഗ നടപടികൾക്കും അനൗദ്യോഗിക അംഗങ്ങളുടെ യാത്രാബത്ത നൽകുന്നതിനും സർക്കാർ ഉത്തരവനുസരിച്ചുള്ള വിവിധ പദ്ധതികൾക്കുമാണ് പ്രസ്തുത ഫണ്ട് കഴിഞ്ഞ അഞ്ചുവർഷക്കാലം വിനിയോഗിച്ചത്.

(ഇ) തിരുവനന്തപുരം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് നട<u>ത്തു</u>ന്നതിന് 22 പ്രൊപ്പോസലുകളുണ്ട്. ഇതിൽ 20 എണ്ണത്തിന് സ്റ്റേറ്റ് ഹൈലെവൽ കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്. അതിൽ 7 എണ്ണം പൂർത്തിയായിട്ടുണ്ട്. ബാക്കി പദ്ധതികൾ നടപ്പിലാക്കി വരുന്നതും ഈ വർഷംതന്നെ പൂർത്തിയാക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

## പട്ടയം അനുവദിക്കുന്നതിനുള്ള നടപടി

126(1192) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിനിലെ പള്ളപ്പുറം, കുഴിപ്പിള്ളി, ഞാറക്കൽ, എളങ്കുന്നപ്പുഴ, പുതുവൈപ്പ്, മുളവുകാട് എന്നീ വില്ലേജുകളിൽ വർഷങ്ങളായി സർക്കാർ പുറമ്പോക്കു ഭൂമിയിൽ താമസിച്ചുവരുന്നവരിൽ അർഹരായവർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എം.എൽ.എ. നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ, റിപ്പോർട്ട് ലഭിച്ചുവെങ്കിൽ സ്വീകരിച്ച തുടർ നടപടി വ്യക്തമാക്കാമോ;

(സി) അർഹരായവർക്ക് എന്നത്തേക്ക് പട്ടയം ലഭ്യമാക്കാനാകുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വൈപ്പിനിലെ വിവിധ വില്ലേജുകളിൽ വർഷങ്ങളായി സർക്കാർ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പുറമ്പോക്ക് ഭൂമിയിൽ താമസിച്ചുവരുന്നവരിൽ അർഹരായവർക്ക് പട്ടയം അനുവദിക്കണമെന്ന വിഷയത്തിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 17-12-2015-ന് ഒരു യോഗം ചേരുകയും ആയതിന്റെ നടപടിക്രമമനുസരിച്ച് ഇതുസംബന്ധിച്ച് ആവശ്യമായ രേഖകൾ സഹിതമുള്ള ശിപാർശ ലാന്റ് റവന്യൂ കമ്മീഷണർ മുഖേന സർക്കാരിന് സമർപ്പിക്കുവാൻ എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) പ്രസ്തുത റിപ്പോർട്ട് ലഭിച്ചിട്ടില്ല.

## റവന്യൂ സർട്ടിഫിക്കറ്റുകൾ ഓൺലൈൻവഴി നൽകൽ

127 (1193) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ വഴി നൽകാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) ഉണ്ട്. 24 ഇനം സർട്ടിഫിക്കറ്റുകൾ റവന്യൂ വകുപ്പിൽനിന്നും ഓൺലൈൻ സംവിധാനത്തിൽ നൽകിവരുന്നു. 5-2-2016 വരെ 1,84,38,683 ഓൺലൈൻ അപേക്ഷകളിൽ നടപടി സ്വീകരിച്ചു.

(ബി) റവന്യൂ വകുപ്പിൽ ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടാണ് ഇ-ഡിസ്ട്രിക്റ്റ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. അപേക്ഷകന് എപ്പോഴും എവിടെ നിന്നുവേണ്ടമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് ഓൺലൈനായി അപേക്ഷിക്കുകയും ലഭ്യമാകുകയും ചെയ്യുന്ന സംവിധാനമാണ് ഇ-ഡിസ്ട്രിക്റ്റ് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളതും നടപ്പിലാക്കിവരുന്നതും. ഓൺലൈനായി

വില്ലേജ് ഓഫീസർക്ക്/തഹസിൽദാർക്ക് എത്തുന്ന അപേക്ഷകൾ പരിശോധിച്ച ശേഷം ഡിജിറ്റൽ ഒപ്പോടുകൂടിയ സർട്ടിഫിക്കറ്റുകൾ അനുവദിച്ചുനൽകുന്നു.

(സി) സംസ്ഥാനത്ത് റവന്യൂ വകുപ്പ് മുഖേന ഓൺലൈൻവഴി നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് ആധികാരികതയുണ്ട്. ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാർക്കും ലാപ്ടോപ്പ്/ പേഴ്സണൽ കമ്പ്യൂട്ടറുകൾ എന്നിവ കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻവഴി നൽകി കഴിഞ്ഞിട്ടുണ്ട്. ഇ-ഡിസ്ട്രിക്ട് പദ്ധതി ഉപയോഗിക്കുന്ന എല്ലാ വില്ലേജ് ഓഫീസർമാർക്കും എസ്.വി.ഒ.-മാർക്കും തഹസിൽദാർമാർക്കും മറ്റ് ഉദ്യോഗസ്ഥർക്കും മതിയായ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ, എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടായാൽ പരിഹരിക്കുന്നതിനും ആവശ്യമായ പരിശീലനം നൽകുന്നതിനും എല്ലാ താലൂക്കുകളിലും ഹാന്റ് ഹോൾഡിംഗ് സ്റ്റാഫിനെയും കേരള സ്റ്റേറ്റ് ഐ.ടി. മിഷൻവഴി നിയമിച്ചിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾവഴി വിതരണം ചെയ്ത ലഘുലേഖകൾ വഴിയും വിവിധ മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങളിലൂടെയും ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നൽകുന്ന സർട്ടിഫിക്കറ്റുകളുടെ പൂർണ്ണവിവരവും സർട്ടിഫിക്കറ്റുകൾക്ക് ആവശ്യമായിട്ടുള്ള അനുബന്ധ രേഖകളുടെ വിവരങ്ങളും അപേക്ഷ നൽകുന്നതിനും സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനുംവേണ്ട പരിശീലനങ്ങളും അനുബന്ധ സാങ്കേതിക വിവരങ്ങളും അക്ഷയ കേന്ദ്രങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇ-ഡിസ്ട്രിക്ട് പദ്ധതി പ്രകാരം സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടായാൽ അടിയന്തര സാഹചര്യത്തിൽ വില്ലേജ് ഓഫീസിൽനിന്നും നേരിട്ടുതന്നെ ജനങ്ങൾക്ക് ഇപ്പോഴും സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നതാണ്. കൂടാതെ ഓൺലൈൻ പേയ്മെന്റ് സംവിധാനംകൂടി ഈ പദ്ധതിയുടെ ഭാഗമായതോടുകൂടി വീട്ടിലിരുന്നു തന്നെ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്നതിനും ലഭ്യമാകുന്നതിനുമുള്ള സൗകര്യവും നിലവിൽ വന്നുകഴിഞ്ഞിട്ടുണ്ട്.

## തെൻമല ഡാം സൈറ്റിൽനിന്ന് ഒഴിപ്പിച്ചവർക്ക് പട്ടയം

128(1194) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ താലൂക്കിൽ തിങ്കൾകരിക്കം വില്ലേജിൽ ഉൾപ്പെട്ട തെൻമല ഡാം സൈറ്റിൽ നിന്ന് ഒഴിപ്പിച്ച് സർക്കാർ പുനരധിവസിപ്പിച്ചിട്ടുള്ള കുടുംബങ്ങൾക്ക്കൈവശ വസ്തുവിന് പട്ടയം നൽകുന്ന നടപടികൾ എന്ന് പൂർത്തീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് പട്ടയം നൽകാൻ തീരുമാനം എടുത്തിട്ടും നടപടികളിൽ

ഉണ്ടായിട്ടുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പകരം ഭൂമി റവന്യൂ വകുപ്പിൽ നിന്നും വനം വകുപ്പിന് നൽകുന്നതിനുള്ള നടപടികൾ എന്തായി എന്ന് വിശദികരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) തെൻമല ഡാമിന്റെ വൃഷ്ടി പ്രദേശങ്ങളിൽ താമസിച്ചിരുന്ന കുടുംബങ്ങളെ കല്ലട ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി ഒഴിപ്പിച്ച് തിങ്കൾകരിക്കം വില്ലേജിൽ വനഭൂമിയിൽപ്പെട്ട സാംനഗർ കോളനിയിൽ പുനരധിവസിപ്പിച്ചിരുന്നു. ടി സ്ഥലത്ത് പുനരധിവസിപ്പിച്ചിരുന്ന 405 കുടുംബങ്ങളിൽ 388 കുടുംബങ്ങൾക്ക് കൈവശരേഖ നൽകിയിട്ടുണ്ട്. കേന്ദ്ര വനസംരക്ഷണ നിയമം 1980 പ്രകാരം വനഭൂമി വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് കേന്ദ്ര അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ച ശിപാർശ മുൻകൂർ അനുമതിയില്ലാതെ കുടിയേറ്റി പ്പാർപ്പിച്ചുവെന്ന കാരണത്താൽ നിരസിക്കുകയുണ്ടായി. പട്ടയം നൽകുന്നതിലേയ്ക്കായി നൽകിയ പ്രൊപ്പോസൽ പരിഗണിക്കവേ പ്രസ്തുത ഭൂമിയുടെ നെറ്റ് പ്രസന്റ് വാല്യൂവും (NPV) അഡീഷണൽ നെറ്റ് പ്രസന്റ് വാല്യൂവും ഉൾക്കൊള്ളിച്ചുള്ള ഒരു എഗ്രിമെന്റ് സമർപ്പിക്കാൻ യൂസർ ഏജൻസിയായ റവന്യൂ വകുപ്പിനോട് പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നിർദ്ദേശിക്കുകയുണ്ടായി. വനഭൂമി വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് സംബന്ധിച്ച് 17-9-2003-ലെ വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നോട്ടിഫിക്കേഷനിൽ (ഫോറസ്റ്റ് കൺസർവേഷൻ ആക്ട്) കാണുന്ന നിർദ്ദേശങ്ങൾ പ്രകാരം നെറ്റ് പ്രസന്റ് വാല്യൂ ഭൂമിയുടെ വിസ്തൃതിക്കനുസൃതമായും മറ്റും ഹെക്ടറിന് 5.80 ലക്ഷം മുതൽ 9.20 ലക്ഷം വരെ, പട്ടയം നൽകുന്നതിന് റവന്യൂ വകുപ്പിൽനിന്നും ഈടാക്കാവുന്നതാണ്. ഇതിന് പുറമേ പരിഹാര വനവൽക്കരണത്തിന് ആനുപാതികമായ രണ്ടിരട്ടി ഭൂമിയും വനവൽക്കരണത്തിനുള്ള തുകയും വനം വകുപ്പിന് ലഭ്യമാക്കേണ്ടതുണ്ട്. പരിഹാര വനവൽക്കരണത്തിനായി 120 മുതൽ 180 ഏക്കർ ഭൂമിവരെ ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ വനം വകുപ്പിന് കൈമാറുന്നതിനായി കണ്ടെത്താൻ ഇടുക്കി ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി നടപടിക്രമങ്ങൾ പൂർത്തീകരിച്ചാൽ മാത്രമേ പട്ടയം നൽകുവാൻ സാധിക്കുകയുള്ളൂ.

(സി) റവന്യൂ വകുപ്പിൽനിന്നും വനം വകുപ്പിന് പരിഹാര വന വൽക്കരണത്തിന്റെ ഭാഗമായി ലഭ്യമാക്കേണ്ട 120 മുതൽ 180 ഏക്കർ വരെ ഭൂമി ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ കണ്ടെത്തുന്നതിന് ഇടുക്കി ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## അനധികൃത മണൽ കടത്ത്

129(1195) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ അനധികൃത മണൽ കടത്ത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കഴിഞ്ഞ 6 മാസത്തിനിടയിൽ എത്ര കടവുകളിൽ പരിശോധന നടത്തി;

(സി) അനധികൃത മണൽ കടത്തിയതിന് എത്ര വാഹനങ്ങൾ പിടികൂടി; എത്ര തുക പിഴ ഈടാക്കി ;

(ഡി) ഇതുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ അനധികൃത മണൽ കടത്ത് തടയുന്നതിന് ജില്ലാ തലത്തിലും ആർ.ഡി.ഒ./താലൂക്ക് തലത്തിലും സ്ക്വാഡ് രൂപീകരിച്ച് മണൽ കടത്തിനെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ പോലീസ് വകുപ്പും സ്ക്വാഡ് ശക്തിപ്പെടുത്തി നടപടി സ്വീകരിക്കുന്നുണ്ട്.

(ബി) കഴിഞ്ഞ ആറുമാസത്തിനിടയിൽ 64 കടവുകളിൽ പരിശോധന നടത്തിയിട്ടുണ്ട്.

(സി) അനധികൃത മണൽ കടത്തുമായി ബന്ധപ്പെട്ട് (2015-16 വർഷത്തിൽ) 852 വാഹനങ്ങൾ ബന്തവസിലെടുത്തിട്ടുള്ളതും പിഴയിനത്തിൽ 55,75,000 രൂപ ഈടാക്കിയിട്ടുള്ളതുമാണ്.

(ഡി) ഉണ്ട്. ബന്തവസിലെടുത്തതിൽ 657 വാഹനങ്ങൾ പോലീസ് അധികാരികൾ ബന്ധപ്പെട്ട ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## തിരൂർ നിയോജക മണ്ഡലത്തിലെ പദ്ധതികൾ

130(1196) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റവന്യൂ വകുപ്പിൽനിന്നും തിരൂർ നിയോജക മണ്ഡലത്തിൽ ഈ സർക്കാർ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; ഓരോ പദ്ധതിയ്ക്കും ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട്; കണക്ക് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

റവന്യൂ വകുപ്പിൽനിന്നും തിരൂർ നിയോജക മണ്ഡലത്തിൽ ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

(1) വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി റോഡ് വികസനം

(2) ആർ.എം.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി തിരുനാവായ നാവാമുകുന്ദ ക്ഷേത്രത്തിന്റെ ബലിതർപ്പണ കടവ് നിർമ്മാണം

(3) വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനത്തിൽ ഉൾപ്പെടുത്തി,

(i) കുറ്റിപ്പുറം ബ്ലോക്കിലെ കൽപകൻചേരി ഗ്രാമപഞ്ചായത്തിൽ 11 കുഴൽ കിണറുകൾ.

(ii) തെക്കുമുറി, ഏഴൂർ, മലപ്പുറമ്പ, പള്ളിക്കൽ എന്നിവിടങ്ങളിലെ പൈപ്പ് ലൈൻ നീട്ടൽ

(iii) രംഗത്തൂർ മലബാർ കോളനി, ചാമല്ലൂർ പറക്കുന്ന് എന്നിവിടങ്ങളിലെ കുടിവെള്ള പദ്ധതി.

ഓരോ പദ്ധതിക്കും ഇതുവരെ ചെലവഴിച്ച തുക വിവരക്കണക്ക് ചുവടെ ചേർക്കുന്നു:

(1) റോഡ് വികസനം - 1,22,50,000 രൂപ

(2) തിരുനാവായ നാവാമുകുന്ദ ക്ഷേത്രത്തിന്റെ ബലിതർപ്പണ കടവ് നിർമ്മാണം - 44,77,532 രൂപ

(3) വരൾച്ചാദുരിതാശ്വാസ പ്രവർത്തനം - 23,66,837 രൂപ

(i) കുഴൽക്കിണറുകൾ - 5,59,834 രൂപ

(ii) പൈപ്പ് ലൈൻ നീട്ടൽ - 4,83,520 രൂപ

(iii) കുടിവെള്ള പദ്ധതി - 13,23,483 രൂപ

## ഫറോക്ക് വെസ്റ്റ് നല്ലൂർ റെയിൽവേ ഫ്ലൈ ഓവർ

131(1197) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫറോക്ക് വെസ്റ്റ് നല്ലൂർ റെയിൽവേ ഫ്ലൈ ഓവർ അപ്രോച്ച് റോഡിനായി സ്ഥലമെടുക്കൽ ഏത് ഘട്ടത്തിലാണ്;

(ബി) എന്നത്തേയ്ക്ക് ഭൂമി ഏറ്റെടുക്കൽ പൂർത്തിയാകും?

ഉത്തരം

(എ) കോഴിക്കോട് താലൂക്കിൽ വെസ്റ്റ് നല്ലൂരിൽ ഫറോക്ക്-കടലുണ്ടി റയിൽവേ മേൽപ്പാലം നിർമ്മാണത്തിനുള്ള പൊന്നുംവില നടപടിയിൽ അവാർഡ് പാസ്സാക്കിയിട്ടുണ്ട്.

(ബി) അർത്ഥനാധികാരിയിൽനിന്ന് നഷ്ടപരിഹാരത്തിനുള്ള ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതാണ്.

## പ്രകാശ് പ്ലാന്റേഷന്റെ ഭൂമി

132(1198) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ വെള്ളരിക്കുണ്ട് പ്രകാശ് പ്ലാന്റേഷന്റെ ഭൂമി വില കൊടുത്ത് വാങ്ങിയ 205 കർഷക കുടുംബങ്ങളിൽ നിന്നും ഭൂ നികുതി സ്വീകരിക്കാത്തതിനെ തുടർന്നുണ്ടായ ജനകീയ സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സമരം അവസാനിപ്പിക്കുന്നതിന് ഏതെങ്കിലും ഉടമ്പടികൾ സ്വീകരിച്ചിരുന്നോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ഭൂ നികുതി സ്വീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കർഷകർ നടത്തിയ സമരത്തിൽ ഒരു മാസത്തിനകം കരം അടയ്ക്കുന്നത് സംബന്ധിച്ച് നടപടി എടുക്കുന്നതാണെന്ന് ഉറപ്പ് നൽകിയിരുന്നു. 8-2-2016-ലെ സ.ഉ.(കൈ) നമ്പർ 99/2016/റവന്യൂ പ്രകാരം M/s. പ്രകാശ് പ്ലാന്റേഷൻ പ്രൈവറ്റ് ലിമിറ്റഡിൽനിന്നും വില നൽകി വാങ്ങി തരംമാറ്റി കൈവശം വച്ചുവരുന്ന 205 കുടുംബങ്ങളുടെ കൈവശ ഭൂമിയുടെ നികുതി. ഈ വിഷയത്തിൽ താലൂക്ക് ലാന്റ് ബോർഡ് പുറപ്പെടുവിക്കുന്ന അന്തിമ തീരുമാനത്തിന് വിധേയമായി, തുടർന്ന് സ്വീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

## സിവിൽ സ്റ്റേഷനുകളും മിനി സിവിൽ സ്റ്റേഷനുകളും

133(1199) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ബഡ്ജറ്റുകളിൽ, എവിടെയൊക്കെ സിവിൽ സ്റ്റേഷനുകളും മിനി സിവിൽസ്റ്റേഷനുകളും പ്രഖ്യാപിച്ചിരുന്നു എന്ന് വിശദമാക്കാമോ;

(ബി) ഇവയ്ക്കായി ബഡ്ജറ്റിൽ ഓരോ വർഷവും എത്ര തുക വീതം വകകൊള്ളിച്ചിരുന്നു; അതിൽ എത്ര ചെലവഴിച്ചു ;

(സി) പ്രഖ്യാപിച്ചിരുന്നവയിൽ ഏതെല്ലാം സ്റ്റേഷനുകളുടെ പണി തുടങ്ങുകയും പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട് എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## ബൈപ്പാസ് നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ

134(1200) <u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജക മണ്ഡലത്തിലെ നരിക്കുനിയിൽ ബൈപാസ് നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; ഇതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ;

(ബി) സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പൂർത്തീകരിക്കേണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിൽ കൊടുവള്ളി നിയോജക മണ്ഡലത്തിൽ

നരിക്കുനി ബൈപ്പാസ് നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കുന്നതിന് പുതിയ എൽ.എ. ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതുള്ളതിനാൽ പുതിയ ആക്ട് പ്രകാരം അർത്ഥന സമർപ്പിക്കാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് ഭൂവുടമകൾ സമ്മതം നൽകുകയാണെങ്കിൽ പർച്ചേസ് കമ്മിറ്റി ചേർന്ന് വില നിർണ്ണയിച്ച് സംസ്ഥാനതല സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്. നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഭൂമി എടുക്കുന്നതിന് ഭൂവുടമകൾ സമ്മതം നൽകിയില്ലെങ്കിൽ Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ചേലക്കര നിയോജകമണ്ഡലത്തിൽ പട്ടയം**

135(1201) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേലക്കര നിയോജക മണ്ഡലത്തിൽ ഭൂരഹിതരായ എത്ര കുടുംബങ്ങൾക്ക് പട്ടയം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പട്ടയം ലഭിക്കുവാനായി എത്ര അപേക്ഷകൾ ലഭിച്ചു എന്നും, എത്ര അപേക്ഷകളിൻമേൽ തീർപ്പ് കൽപ്പിക്കാനുണ്ടെന്നും പറയാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂരഹിതരായ എത്ര പേർക്ക് പട്ടയം വിതരണം ചെയ്തു എന്ന് പറയാമോ; മണ്ഡലം തിരിച്ച കണക്ക് ലഭ്യമാക്കാമോ;

(ഡി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ടെന്നും; ഇനി എത്ര അപേക്ഷകളിൻമേൽ തീർപ്പ് കൽപ്പിക്കാനുണ്ടെന്നും പറയാമോ ?

ഉത്തരം

(എ) 34 കുടുംബങ്ങൾക്ക്.

(ബി) പട്ടയം ലഭിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 35,382 അപേക്ഷകൾ ലഭിച്ചു. 5,384 അപേക്ഷകൾ തീർപ്പാക്കുവാൻ ശേഷിക്കുന്നുണ്ട്.

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

## മുസിരിസ് പൈതൃക പദ്ധതി

136(1202) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുസിരിസ് പൈത്യക പദ്ധതിയുടെ ഭാഗമായി നിർദ്ദിഷ്ട പോലീസ് മ്യൂസിയത്തിനായി കണ്ടെത്തിയ ഭൂമി ഏതു ജില്ലയിലെ ഏതു വില്ലേജിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(സി) എന്നു മുതലാണ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചതെന്നും വിശദമാക്കാമോ?

### ഉത്തരം

(എ) മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായി നിർദ്ദിഷ്ട പോലീസ് മ്യൂസിയത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് പൊന്നുംവില നടപടികളൊന്നും നിലവിലില്ലാത്തതും ആയതിലേക്ക് റിക്വിസിഷൻ ലഭ്യമായിട്ടില്ലാത്തതുമാണ്.

(ബി&സി) ബാധകമല്ല.

## വില്ലേജ് ഓഫീസുകളുടെ നവീകരണം

137(1203) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മലപ്പുറം ജില്ലയിലെ ഏതെല്ലാം വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ നവീകരിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും അവയുടെ പ്രവൃത്തി പുരോഗതി എത്രയെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

റവന്യൂ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ചുകൊണ്ട് മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്കിലെ അമരമ്പലം വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജാക്കുന്നതിനായി 11,28,000 രൂപ അനുവദിക്കുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വെറ്റിലപ്പാറ, കീഴുപറമ്പ്, മൂർക്കനാട്, കരുവാരക്കുണ്ട്, എടപ്പാൾ എന്നീ വില്ലേജുകൾക്ക് വില്ലേജ് ഓഫീസ് കം റസിഡൻഷ്യൽ ക്വാർട്ടേഴ്സ് നിർമ്മാണത്തിന് 50,00,000 രൂപാവീതം പ്ലാൻ സ്കീം പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതും ആയതിന്റെ പ്രാരംഭ നടപടികൾ നടന്നുവരുന്നതുമാണ്. മറ്റ് വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ പൊതുമരാമത്ത് വകുപ്പ് മുഖേനയാണ് നടത്തിവരാറുള്ളത്.

## വില്ലേജ് ഓഫീസുകളിലെ ഇ-ഡിസ്ട്രിക്ട് പദ്ധതി

138(1204) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല വില്ലേജ് ഓഫീസുകളിൽ നിന്നും ലഭിക്കേണ്ട വിവിധ തരം സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് പദ്ധതി പ്രകാരം ഓൺ ലൈനായി നൽകുമ്പോൾ സേവനാവകാശ നിയമ പ്രകാരമുള്ള സമയ പരിധിക്കുള്ളിൽ ലഭ്യമാകുന്നില്ല എന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോടിക്കണക്കിനു രൂപ ചെലവഴിച്ച് സംസ്ഥാനത്തെ മുഴുവൻ വില്ലേജാഫിസുകളിലും ലാപ് ടോപ്പുകൾ, ബ്രോഡ് ബാന്റ് ഇന്റർനെറ്റ് കണക്ഷൻ തുടങ്ങിയ എല്ലാവിധ സൗകര്യങ്ങളും നൽകിയിട്ടും പ്രസ്തുത പദ്ധതിയുടെ ഗുണം ജനങ്ങൾക്ക് ലഭ്യമാകാത്തത് എന്തുകൊണ്ടാണ് എന്ന് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇ-ഡിസ്ട്രിക്ട് പദ്ധതി ജനോപകാരപ്രദമായ രീതിയിൽ കാര്യക്ഷമമായി നടപ്പിലാക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) കേന്ദ്ര സർക്കാരിന്റെ നാഷണൽ ഇ-ഗവേണൻസ് (NeGP) പദ്ധതിയുടെ

ഭാഗമായാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. ഓൺലൈനായി വില്ലേജ് ഓഫീസർക്ക്/തഹസിൽദാർക്ക് എത്തുന്ന അപേക്ഷകൾ പരിശോധിച്ചശേഷം ഡിജിറ്റൽ ഒപ്പോടുകൂടിയ സർട്ടിഫിക്കറ്റുകൾ അനുവദിച്ച് നൽകുന്നു. 7-2-2016 വരെ ഈ സംവിധാനംവഴി 18455773 അപേക്ഷകൾ പരിശോധിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഓൺലൈൻ പേയ്മെന്റ് സംവിധാനംകൂടി ഈ പദ്ധതിയുടെ ഭാഗമായതോടുകൂടി വീട്ടിലിരുന്നുതന്നെ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്നതിനും ലഭ്യമാക്കുന്നതിനുമുള്ള സൗകര്യവും നിലവിൽ വന്നുകഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതിയുടെ ഏറ്റവും വലിയ നേട്ടം അപേക്ഷകന് ഏത് സമയത്തും ഓൺലൈനായി സർട്ടിഫിക്കറ്റിന് അപേക്ഷ നൽകാൻ കഴിയുന്നുവെന്നതും, സർട്ടിഫിക്കറ്റ് വാങ്ങുന്നതിനായി ബന്ധപ്പെട്ട ഓഫീസിൽ പോകണമെന്നും ഇല്ല.

(സി) G.O.(P)No.24/2010/ITD തീയതി 4-8-2010 പ്രകാരം ഓൺലൈൻവഴി നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് ആധികാരികതയുണ്ട്. ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാർക്കും ലാപ്ടോപ്പുകൾ/പേഴ്സണൽ കമ്പ്യൂട്ടറുകൾ എന്നിവ കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻവഴി നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇ-ഡിസ്ട്രിക്ട് പദ്ധതി ഉപയോഗിക്കുന്ന എല്ലാ വില്ലേജ് ഓഫീസർമാർക്കും എസ്.വി.ഒ.-മാർക്കും തഹസിൽദാർമാർക്കും മറ്റ് ഉദ്യോഗസ്ഥർക്കും മതിയായ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടായാൽ പരിഹരിക്കുന്നതിനും ആവശ്യമായ പരിശീലനം നൽകുന്നതിനും എല്ലാ താലൂക്കുകളിലും ഹാന്റ് ഹോൾഡിംഗ് സ്റ്റാഫിനെയും കേരള സ്റ്റേറ്റ് ഐ.റ്റി. മിഷൻവഴി നിയമിച്ചിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾവഴി വിതരണം ചെയ്ത ലഘു ലേഖകൾവഴിയും വിവിധ മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങളിലൂടെയും ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നൽകുന്ന സർട്ടിഫിക്കറ്റുകളുടെ പൂർണ്ണവിവരവും സർട്ടിഫിക്കറ്റുകൾക്ക് ആവശ്യമായിട്ടുള്ള അനുബന്ധ രേഖകളുടെ വിവരങ്ങളും അപേക്ഷ നൽകുന്നതിനും സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനുംവേണ്ട പരിശീലനങ്ങളും അനുബന്ധ സാങ്കേതിക വിവരങ്ങളും അക്ഷയ കേന്ദ്രങ്ങൾക്ക് നൽകിയിട്ടുണ്ട്.

**ചടയമംഗലം മണ്ഡലത്തിലെ പട്ടയം നൽകൽ**

139(1205) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011 മേയ് മാസം മുതൽ ചടയമംഗലം നിയോജക മണ്ഡലത്തിൽ നിന്നുള്ള എത്ര അപേക്ഷകർക്ക് പട്ടയം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; എത്ര അപേക്ഷകൾ തീർപ്പാകാതെ ഉണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

2011 മേയ് മാസം മുതൽ ചടയമംഗലം നിയോജക മണ്ഡലത്തിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി ഉൾപ്പെടെ 152 പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത നിയോജക മണ്ഡലത്തിൽ 1875 അപേക്ഷകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്.

**പേരാമ്പ്ര മിനി സിവിൽ സ്റ്റേഷൻ**

140(1206) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മിനി സിവിൽസ്റ്റേഷന്റെ ഉത്ഘാടനം എന്നായിരുന്നു; വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര ഓഫീസുകൾ പ്രസ്തുത കെട്ടിടത്തിലേക്ക് മാറാൻ അപേക്ഷ നൽകിയിട്ടുണ്ടെന്നും ഏതൊക്കെയെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓഫീസുകൾ മാറ്റാനുള്ള കാലതാമസവും ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടിയും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2015 ആഗസ്റ്റ് 18-ന് ആയിരുന്നു പേരാമ്പ്ര മിനി സിവിൽ സ്റ്റേഷന്റെ ഉത്ഘാടനം. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന കൊമേഴ്സ്യൽ ടാക്സ് ഓഫീസ്, സോയിൽ കൺസർവേഷൻ ഓഫീസ്, എക്സൈസ് റേഞ്ച് ഓഫീസ് എന്നിവ മേൽ കെട്ടിടത്തിലേക്ക് മാറ്റുന്നതിന് അപേക്ഷിച്ചിട്ടുണ്ട്.

(ബി) എസ്റ്റേറ്റ് കമ്മിറ്റി യോഗം എത്രയും വേഗം ചേർന്ന് പേരാമ്പ്ര മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിലേക്ക് ഓഫീസുകൾ മാറ്റുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭൂമി നൽകുന്ന പദ്ധതി**

141(1207) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹീദ് :

<u>ശ്രീ. പി. എ. മാധവൻ</u> :

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ കുടുംബങ്ങൾക്ക് 3 സെന്റ് ഭൂമി വീതം നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഭൂരഹിതരായ കുടുംബങ്ങൾക്ക് മൂന്നുസെന്റ് ഭൂമി വീതം നൽകി കേരളത്തെ ഭൂരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി വികസിപ്പിക്കുകയെന്ന ഉദ്ദേശത്തോടുകൂടി സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി. വിവിധ ഘട്ടങ്ങളായാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. ഒന്നാംഘട്ടമായി 36491 ഗുണഭോക്താക്കൾക്ക് പട്ടയം നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ രണ്ടാംഘട്ട പട്ടയ വിതരണംകൂടി നടത്തി കഴിഞ്ഞപ്പോൾ ആകെ 43437 പേർക്ക് ഈ പദ്ധതി പ്രകാരം പട്ടയം അനുവദിക്കാൻ സാധിച്ചിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ മുഴുവൻ ഗുണഭോക്താക്കൾക്കും രണ്ടാംഘട്ടത്തിൽ ഇടുക്കി ജില്ലയിലെ മുഴുവൻ ഗുണഭോക്താക്കൾക്കും പട്ടയം നൽകിക്കഴിഞ്ഞു. മറ്റ് ജില്ലകളിൽ ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി പട്ടയ വിതരണം നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) സ്വന്തമായി ഭൂമിയില്ലാത്തതും വാർഷിക വരുമാനം 75,000 രൂപയിൽ താഴെയായിട്ടുള്ളതുമായ ഭൂരഹിത കുടുംബങ്ങൾക്ക് വീട് വയ്ക്കുന്ന ആവശ്യത്തിലേക്കായി മൂന്നുസെന്റ് ഭൂമിവീതം പതിച്ചുകൊടുത്തുകൊണ്ട് ഭൂരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ വികസിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യം.

(സി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടി ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന/ജില്ല/താലൂക്ക് തലങ്ങളിൽ രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ സെല്ലുകൾ മുഖേന പദ്ധതി പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുള്ള നടപടികളാണ്

ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ളത്.

**ഓൺലൈനായി ഭൂനികുതി അടയ്ക്കുന്നതുൾപ്പെടെയുള്ള സേവനങ്ങൾ**

142(1208) ശ്രീ. ആർ . സെൽവരാജ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂനികുതി അടയ്ക്കുന്നതുൾപ്പെടെയുള്ള സേവനങ്ങൾ ഓൺ ലൈനായി നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഓൺലൈൻ സംവിധാനംവഴി റവന്യൂ വകുപ്പിൽനിന്നും 24 ഇനം സർട്ടിഫിക്കറ്റുകൾ നൽകിവരുന്നത് കൂടാതെ റവന്യൂ-സർവ്വേ, രജിസ്ട്രേഷൻ വകുപ്പുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ഏർപ്പെടുത്തിയിട്ടുള്ള സംയോജിത ഓൺലൈൻ പോക്കുവരവ് (Integrated Online Pokkuvaravu System) സംവിധാനം നടപ്പിലാക്കുന്ന വില്ലേജുകളിൽ ഭൂനികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം ഉടൻ നിലവിൽ വരുന്നതാണ്.

(ബി) റവന്യൂ വകുപ്പിലെ ഭൂനികുതി ഒടുക്ക് തുടങ്ങിയ വിവിധ സാമ്പത്തിക സേവനങ്ങൾ ക്രോഡീകരിച്ച് സുതാര്യമായ ഒരു റവന്യൂ ഭരണത്തിന് കളമൊരുക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമാക്കുന്നത്. സർക്കാരിനും പൊതുജനത്തിനും ഒരുപോലെ ഉപകാരപ്രദമായ ഈ പദ്ധതി പൂർത്തീകരണത്തിലെത്തുന്നതോടെ പൊതുജനങ്ങളിൽനിന്നും സർക്കാരിലേയ്ക്ക് പിരിഞ്ഞ് കിട്ടേണ്ട ഭൂനികുതി ഒരു വ്യക്തിക്ക് സ്വന്തം കമ്പ്യൂട്ടറിന്റെ/മൊബൈൽ ഫോണിന്റെ സഹായത്താൽ വീട്ടിലിരുന്നുതന്നെ ഒടുക്കാൻ കഴിയുന്നതാണ്. തുടക്കത്തിൽ ഭൂനികുതി മാത്രമാണ് ഈ സംവിധാനംവഴി അടയ്ക്കുവാൻ സാധിക്കുക. എങ്കിലും സമീപഭാവിയിൽത്തന്നെ

വില്ലേജ് ഓഫീസിലേക്ക് പിരിഞ്ഞ് കിട്ടേണ്ട മറ്റ് നികുതികളും ഈ സംവിധാനം വഴി അടയ്ക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ, വില്ലേജ് ഓഫീസിൽ നിന്നും സർക്കാരിലേക്ക് സമർപ്പിക്കേണ്ടതായ വിവിധ റിപ്പോർട്ടുകൾ വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽത്തന്നെ ലഭ്യമാക്കാമെന്ന കാരണത്താൽ വില്ലേജ് ഓഫീസുകളിലെ ജോലിഭാരവും ഒരു പരിധിവരെ ഈ സംവിധാനത്തിലൂടെ കുറയ്ക്കാവുന്നതാണ്.

(സി) വില്ലേജ് ഓഫീസിലേക്ക് അടയ്ക്കേണ്ട/പിരിഞ്ഞ് കിട്ടേണ്ട നികുതികളും മറ്റ് തുകകളും സ്വഗൃഹത്തിലിരുന്നുതന്നെ കമ്പ്യൂട്ടറിന്റെയോ സ്മാർട്ട് ഫോണിന്റെയോ സഹായത്തോടെ അടയ്ക്കുവാൻ സാധിക്കുന്ന വിപ്ലവകരമായ ഒരു പരിഷ്കാരമാണ് ഇത്. ഇതിലേക്കായി നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ വിനിയോഗിച്ചുകൊണ്ട് മറ്റ് ചെലവുകളില്ലാതെ പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതിക്കാവശ്യമായ സോഫ്റ്റ്‌വെയറായ റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം രണ്ടാം പതിപ്പ് (ReLIS ver 2.0) വികസിപ്പിച്ചെടുത്തിട്ടുള്ള നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററാണ് ഭൂനികുതിഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യവും വികസിപ്പിച്ചെടുക്കുന്നത്. ആയത് അന്ത്യഘട്ടത്തിലുമാണ്. ഈ സോഫ്റ്റ്‌വെയർ സംവിധാനം പൂർണ്ണമായും ഉപയോഗക്ഷമമാകുന്നതോടുകൂടി ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ ഭൂനികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യവും നിലവിൽ വരുന്നതാണ്.

**കുന്നംകുളം മിനി സിവിൽ സ്റ്റേഷൻ**

143(1209) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ കുന്നംകുളം മിനി സിവിൽസ്റ്റേഷൻ കെട്ടിടത്തിലെ കോൺഫറൻസ് ഹാളിൽ വൈദ്യുതി കണക്ഷൻ ലഭ്യമല്ലാത്തതുകൊണ്ട് ഫാൻ, മൈക്ക് എന്നിവ പ്രവർത്തിപ്പിക്കാൻ കഴിയാത്തതിനാൽ വിവിധ വകുപ്പുകളുടെ പ്രതിമാസ കോൺഫറൻസുകൾ നടത്താൻ കഴിയുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മിനിസിവിൽ സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചിട്ട് വർഷം 5 കഴിഞ്ഞു എന്നതു കണക്കിലെടുത്ത് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കാൻ ജില്ല- താലൂക്ക് റവന്യൂ അധികാരികൾക്ക് കർശന നിർദ്ദേശം നൽകുമോ; എങ്കിൽ അതു സംബന്ധിച്ച് വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പിന്റെ പേരിലുള്ള വൈദ്യുതി കണക്ഷനായിരുന്നു മുൻകാലങ്ങളിൽ പ്രസ്തുത കോൺഫറൻസ് ഹാളിന് ഉണ്ടായിരുന്നത്. വൈദ്യുതി ബിൽ കുടിശ്ശികയായതിനെ തുടർന്ന് പ്രസ്തുത കണക്ഷൻ ഇലക്ട്രിസിറ്റി ബോർഡ് വിച്ഛേദിച്ചിരുന്നു. ആയത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പ്രസ്തുത കെട്ടിടത്തിന്റെ എസ്റ്റേറ്റ് ഓഫീസറായ തലപ്പിള്ളി തഹസിൽദാർക്ക് വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകുകയും തഹസിൽദാർ വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കുന്നതിന് നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

**ഓപ്പറേഷൻ അനന്ത**

144(1210) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ അനന്തയുടെ ഭാഗമായി എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതൊക്കെ പ്രവൃത്തികൾ പൂർത്തിയായി എന്നും എത്ര തുക ഇതുവരെ ചെലവഴിച്ചെന്നും വെളിപ്പെടുത്തുമോ;

(സി) നവീകരിച്ച കനാലുകൾ അടിഞ്ഞു കൂടിയിട്ടുള്ള മാലിന്യങ്ങൾ നീക്കം ചെയ്യാതെയാണ് നവീകരണ പ്രവൃത്തികൾ നടത്തിയതെന്ന ആക്ഷേപം പരിശോധിക്കുമോ;

(ഡി) മലിനജല നിർഗമന കനാലുകളിലെ എല്ലാ കയ്യേറ്റങ്ങളും കണ്ടെത്തി നിയമപ്രകാരം ഒഴിപ്പിക്കാനുള്ള നടപടികൾ ഊർജ്ജിതമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിരന്തരം ഉണ്ടാകുന്ന വെള്ളക്കെട്ട് പരിഹരിക്കുന്നതിനുള്ള കർമ്മ പദ്ധതിയായ 'ഓപ്പറേഷൻ അനന്ത്'-യുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും പരിശോധിക്കുന്നതിനും അഞ്ച് മന്ത്രിമാരടങ്ങുന്ന മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഭരണാനുമതി നൽകുന്നതിനായി നടപടികൾ

സ്വീകരിക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത പദ്ധതിക്ക് ഉപദേശകനായി ഇൻഫർമേഷൻ ടെക്നോളജി റിസർച്ച് അക്കാദമി തലവനായ ശ്രീ. ആർ. കെ. ദാവെയുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. തിരുവനന്തപുരം നഗരത്തിൽ വെള്ളക്കെട്ട് ഉണ്ടാകുന്ന പ്രദേശങ്ങളിൽ ഓടയിലെയും തോടുകളിലെയും നീരൊഴുക്ക് സുഗമമാക്കുന്നതിന് ഓടയിൽ അടിഞ്ഞ് കൂടിയിട്ടുള്ള മാലിന്യം നീക്കം ചെയ്യുകയും ഓടകളുടെയും തോടുകളുടെയും മുകളിലുണ്ടായിരുന്ന അനധികൃത കയ്യേറ്റം, കെട്ടിടം, മതിലുകൾ എന്നിവ പൊളിച്ചുമാറ്റി ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് 2005 അനുസരിച്ച് ദുരന്തനിവാരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതും വെള്ളക്കെട്ട് ഉണ്ടാകുന്ന ഭാഗങ്ങളിലും വെള്ളമൊഴുകി പോകാൻ സാധിക്കാത്ത പ്രദേശങ്ങളിൽ പുതിയ ഓട നിർമ്മിച്ച് വെള്ളമൊഴുക്ക് സുഗമമാക്കുകയും ഓടകളിലും തോടുകളിലും നവീകരണ പ്രവർത്തനങ്ങൾ നടത്തി വെള്ളമൊഴുക്ക് സുഗമമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഓടകളിലും തോടുകളിലും സ്ഥാപിച്ചിരുന്നതും വെള്ളമൊഴുക്കിന് തടസ്സമായി നിന്നിരുന്നതുമായ കേബിളുകൾ, KWA pipe line, ഇലക്ട്രിക് പോസ്റ്റ് എന്നിവ മാറ്റി സ്ഥാപിക്കുകയും ടി ഭാഗങ്ങളിലെ റോഡിന്റെയും സംരക്ഷണ ഭിത്തികളുടെയും നവീകരണം നടത്തുകയും ചെയ്തിട്ടുണ്ട്. മേൽ പദ്ധതിക്കായി തിരുവനന്തപുരം ജില്ലയ്ക്ക് ഇതുവരെ 22.45 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ 7 കുളങ്ങൾ/തോടുകൾ നവീകരിക്കുന്നതിന് മൂന്നുകോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിൽ ഓടകളിലും തോടുകളിലും സ്ഥാപിച്ചിരുന്നതും ജലനിർഗമനത്തിന് തടസ്സമായിരുന്നതുമായ കേബിളുകളും പൈപ്പുകളും, KSEB ഇലക്ട്രിക് പോസ്റ്റ് നീക്കം ചെയ്യുന്നതിനുമുള്ള പ്രവൃത്തികൾ, വെള്ളം ഒഴുകിപ്പോകാൻ കഴിയാത്ത സ്ഥലങ്ങളിൽ പുതിയ ഓട നിർമ്മിച്ച പ്രവൃത്തികളും കനാലുകളുടെയും ഓടയുടെയും മാലിന്യം നീക്കം ചെയ്യുന്ന പ്രവൃത്തികൾ എന്നിവ പൂർത്തിയായിട്ടുണ്ട്. ഇത്തരം 33 പ്രവൃത്തികൾക്ക് 2,83,27,971 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ പടന്നത്തോട്, കണിച്ചിറത്തോട്, ചെട്ടിയാർ കുളം നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 63,70,894 രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്.

(സി) കനാലുകളിൽ അടിഞ്ഞ് കൂടിയിട്ടുള്ള മാലിന്യങ്ങൾ നീക്കം ചെയ്തതിനു ശേഷമാണ് നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളത്.

(ഡി) കനാലുകളിലെ കയ്യേറ്റം ഒഴിപ്പിക്കുന്നത് 'ഓപ്പറേഷൻ അനന്ത'-യുടെ പദ്ധതി

ലക്ഷ്യമല്ല. വെള്ളക്കെട്ട് ഒഴിവാക്കുന്നതിന്റെ ഭാഗമായി ജലനിർഗമന കനാലുകൾ വൃത്തിയാക്കുന്നതിന് തടസ്സമായ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നിയമപ്രകാരം അനുവദിച്ചിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**നെൽവയൽ ഡാറ്റാ ബാങ്ക്**

145(1211) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ നെൽവയലുകളെ സംബന്ധിച്ച ഡാറ്റാ ബാങ്ക് ഉണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട സ്ഥലങ്ങൾ മണ്ണിട്ടു നികത്തുകയോ, പരിവർത്തനം ചെയ്യപ്പെട്ടതോ ആയി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചുവെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സ്ഥലങ്ങൾ പൂർവ്വ സ്ഥിതിയിലാക്കുന്നതിനായി നെൽവയൽ സംരക്ഷണ നിയമ പ്രകാരം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് ഓരോ പരാതികളുടെ അടിസ്ഥാനത്തിലും വിശദമാക്കുമോ;

(ഡി) ഓരോ പരാതിയും ലഭിച്ച തീയതിയും ആയതിന്മേൽ നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണവും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കോഴിക്കോട് ജില്ലയിൽ ആകെ 48 ഗ്രാമപഞ്ചായത്തുകളിലാണ് ഡാറ്റാബാങ്ക് ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളത്. ബാക്കിയുള്ളവ കരട് അവസ്ഥയിലാണ്. പ്രസിദ്ധീകരിച്ച ഗസറ്റ് വിജ്ഞാപനങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വില്ലേജ് ഓഫീസിലും ലഭ്യമാണ്.

(ബി) ഇതുവരെ ഏകദേശം 700 ഓളം പരാതികൾ ലഭിച്ചിട്ടുണ്ട്.

(സി) ആവശ്യമെന്ന് കാണുന്ന സാഹചര്യങ്ങളിൽ നിയമത്തിലെ വകുപ്പ് 13 പ്രകാരം പൂർവ്വസ്ഥിതിയിലാക്കുവാൻ ഭൂഉടമയ്ക്ക് നിർദ്ദേശം നൽകിവരുന്നുണ്ട്. കൂടാതെ വകുപ്പ് 25 പ്രകാരം പ്രോസിക്യൂഷൻ നടപടികളും ആവശ്യമുള്ള കേസ്സുകളിൽ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) എല്ലാ കേസ്സുകളിലും നടപടി സ്വീകരിച്ചുവരുന്നുണ്ട്. നടപടികൾ വിവിധ ഘട്ടങ്ങളിലാണ്.

## കുന്ദമംഗലം എക്സൈസ് റെയ്ഞ്ച് ഓഫീസിന് സ്ഥിരം കെട്ടിടം നിർമ്മിക്കാൻ നടപടി

146(1212) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്ദമംഗലം എക്സൈസ് റെയിഞ്ച് ഓഫീസിന് സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതിന് റവന്യൂ ഭൂമി വിട്ടുനൽകുന്നത് സംബന്ധിച്ച നിർദ്ദേശത്തിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

കുന്ദമംഗലം എക്സൈസ് റെയ്ഞ്ച് ഓഫീസിന് സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതിന് റവന്യൂ ഭൂമി വിട്ടുനൽകുന്നത് സംബന്ധിച്ച ഭൂമി കൈമാറ്റ ശിപാർശ സർക്കാരിൽ ലഭ്യമായിട്ടില്ല.

## റീ-സർവ്വേ നടപടികൾ

147(1213) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി താലൂക്കിലെ ഏതെല്ലാം വില്ലേജുകളിലാണ് റീ-സർവ്വേ നടപടികൾ പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) റീ-സർവ്വേ നടപടികൾ പൂർത്തിയായ വില്ലേജുകളിൽ അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം എത്ര കേസുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; ഇക്കാര്യം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; എത്ര ഉദ്യോഗസ്ഥരെയാണ് ഇതിനായി നിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിന് സമയപരിധി നിശ്ചയിട്ടുണ്ടോ; വിശദമാക്കാമോ, ഇല്ലെങ്കിൽ ആയതിനായി അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) റീ-സർവ്വേ നടപടികൾ പൂർത്തീകരിക്കാനുള്ള വില്ലേജുകളിൽ ഇക്കാര്യം ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ?

ഉത്തരം

(എ) ഇടക്കൊച്ചി, ഫോർട്ട് കൊച്ചി, കുമ്പളങ്ങി, മട്ടാഞ്ചേരി, പള്ളുരുത്തി,

രാമേശ്വരം, തോപ്പുംപടി എന്നീ വില്ലേജുകളിൽ റീ-സർവ്വേ പൂർത്തീകരിക്കാനുണ്ട്.

(ബി) ഉണ്ട്. റീ-സർവ്വേ റെക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജുകളിൽ 2015 ഡിസംബർ വരെ 10880 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 10683 അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. റീ-സർവ്വേയുമായി ബന്ധപ്പെട്ട പരാതികളിന്മേൽ അതാത് താലൂക്ക് ഓഫീസുകളിലെ എൽ.ആർ.എം. വിഭാഗം മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു. കൊച്ചി താലൂക്കിൽ ശേഷിക്കുന്ന പരാതികളിൽ നടപടി സ്വീകരിക്കുന്നതിനായി 3 സർവ്വേയർമാരെ നിയോഗിച്ചിട്ടുണ്ട്.

(സി) എത്രയും വേഗം പരാതി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റീ-സർവ്വേ സംബന്ധമായി പൊതുജനങ്ങളിൽനിന്നും ഇപ്പോഴും അപേക്ഷകൾ/പരാതികൾ ലഭ്യമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പരാതി പരിഹരിക്കുന്ന നടപടികൾ തുടരുകയാണ്.

(ഡി) 31-10-2012-ലെ സർക്കാർ ഉത്തരവ് (എംഎസ്.) 409/2012/റവന്യൂ പ്രകാരം സംസ്ഥാനത്ത് നിലവിൽ റീ-സർവ്വേ പ്രവർത്തനം സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്.

## അമ്പലപ്പുഴ മണ്ഡലത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ നടപടി

148(1214) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട എത്ര കുടുംബങ്ങളാണ് അമ്പലപ്പുഴ മണ്ഡലത്തിലുള്ളത്; ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) ഇവർക്ക് സ്ഥലവും വീടും നൽകി പുനരധിവസിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) പുറക്കാട് വില്ലേജിൽ എത്ര കുടുംബങ്ങൾക്കാണ് സ്ഥലം ഏറ്റെടുത്ത് നൽകിയിട്ടുള്ളത്; ഇവർക്ക് വീട് നിർമ്മിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ ;

(ഡി) കടൽക്ഷോഭത്തിൽ സ്ഥലവും വീടും നഷ്ടപ്പെട്ടവർക്ക് പുന്നപ്ര

വില്ലേജിൽ ഭൂമി പതിച്ച നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ആകെ 78 കുടുംബങ്ങളുടെ വീടുകൾ കടൽക്ഷോഭത്തിൽ നഷ്ടപ്പെട്ടിട്ടുണ്ട്.

| | | |
|---|---|---|
| പുറക്കാട് | 2013-14 | 7 |
| | 2014-15 | 11 |
| | 2015-16 | 37 |
| അമ്പലപ്പുഴ | 2015-16 | 5 |
| അമ്പലപ്പുഴ വടക്ക് | 2013-14 | 8 |
| | 2014-15 | 9 |
| | 2015-16 | 1 |
| ആകെ | | 78 |

(ബി) 2014-ലെ കടൽക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട് ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിഞ്ഞിരുന്ന 20 കുടുംബങ്ങൾക്ക് തോട്ടപ്പള്ളി സ്പിൽവേയ്ക്ക് കിഴക്കുവശം സ്ഥലം ഏറ്റെടുത്ത് കൈവശ സർട്ടിഫിക്കറ്റ് 6-2-2016-ൽ നൽകിയിട്ടുണ്ട്. 2013-ൽ വീട് നഷ്ടപ്പെട്ട അമ്പലപ്പുഴ വടക്ക് വില്ലേജിലെ 7 കുടുംബങ്ങൾക്കും അമ്പലപ്പുഴ വില്ലേജിലെ ഒരു കുടുംബത്തിനും പുന്നപ്ര വില്ലേജിൽ പ്ലോട്ട് തിരിച്ച് പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പുറക്കാട് വില്ലേജിൽ 21 കുടുംബങ്ങൾക്കാണ് സ്ഥലം ഏറ്റെടുത്ത് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നത്. പ്രസ്തുത കുടുംബങ്ങൾക്ക് ഫിഷറീസ് വകുപ്പ് മുഖാന്തരം വീടിന് ധനസഹായം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. 2013-ൽ വീട് നഷ്ടപ്പെട്ട അമ്പലപ്പുഴ വടക്ക് വില്ലേജിലെ 7 കുടുംബങ്ങൾക്കും അമ്പലപ്പുഴ വില്ലേജിലെ ഒരു കുടുംബത്തിനും പുന്നപ്ര വില്ലേജിൽ പ്ലോട്ട് തിരിച്ച് പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## സംസ്ഥാനത്തെ ഭൂമി കയ്യേറ്റത്തെക്കുറിച്ച് അന്വേഷണം

149(1215) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂമി കയ്യേറ്റത്തെക്കുറിച്ച് അന്വേഷിക്കാൻ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇത് അന്വേഷിക്കാൻ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനാരാണെന്ന് അറിയിക്കുമോ; അന്വേഷണം പൂർത്തീകരിച്ച് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉത്തരവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഏതെല്ലാം മേഖലയിലെ കയ്യേറ്റത്തെ കുറിച്ചാണ് അന്വേഷണം നടത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഈ വിഷയം സംബന്ധിച്ച മനുഷ്യാവകാശ കമ്മീഷൻ പുറപ്പെടുവിച്ച 7-9-2015-ലെ HRMP No. 4780/2015 നമ്പർ ഉത്തരവ് ലഭിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി&സി) ഇത് അന്വേഷിക്കാൻ ശ്രീ. എസ്. ശ്രീജിത് ഐ.പി.എസ്., ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസിനെയാണ് മനുഷ്യാവകാശ കമ്മീഷൻ അന്വേഷണ ചുമതല ഏൽപ്പിച്ചത്. പ്രസ്തുത അന്വേഷണ റിപ്പോർട്ട് മനുഷ്യാവകാശ കമ്മീഷന് സമർപ്പിക്കുകയും മനുഷ്യാവകാശ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം പരിശോധിക്കുകയും വിദേശ കമ്പനികൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്വാതന്ത്ര്യത്തിന് മുൻപ് കൈവശം വച്ചിരുന്ന ഭൂമി, സ്വാതന്ത്ര്യാനന്തരം കേരള സർക്കാരോ കേന്ദ്ര ഗവൺമെന്റോ നിലവിലെ കൈവശക്കാർക്ക് കൈമാറ്റം ചെയ്തിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും കെ.എൽ.സി. നിയമപ്രകാരം അനധികൃത കൈവശങ്ങൾ കണ്ടെത്തി സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനും സ്പെഷ്യൽ ഓഫീസർ & കളക്ടർ, ഗവൺമെന്റ് ലാന്റ് റിസംപ്ഷനെ ചുമതലപ്പെടുത്തിക്കൊണ്ട് 30-12-2015-ലെ ജി.ഒ. (എം.എസ്.) 703/2015/ആർ.ഡി. നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു.*) കൂടാതെ SRO No. 38/2016 (G.O. (P) No. 24/2016/RD dated 13-1-2016) ആയി നോട്ടിഫിക്കേഷനും പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധം III ആയി ചേർക്കുന്നു.*) ശ്രീ. എസ്. ശ്രീജിത് ഐ.പി.എസ്-ന്റെ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം IV ആയി ചേർക്കുന്നു.*

## സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം

150(1216) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി താലൂക്കിന്റെ പരിധിയിലുള്ള 54.59 ഹെക്ടർ സർക്കാർ ഭൂമി സ്വകാര്യ വ്യക്തികൾ അനധികൃതമായി കൈവശം വച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ സ്വീകരിച്ച നടപടിയെന്തെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഭൂമി ഏതെല്ലാം വില്ലേജുകളിലാണെന്നും ഏതെല്ലാം വ്യക്തികളുടെ കയ്യിലാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ഇതു സംബന്ധിച്ച് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ, വിശദമാക്കാമോ?

### ഉത്തരം

(എ) കൊച്ചി താലൂക്കിന്റെ പരിധിയിൽ 0.54.59 ഹെക്ടർ ഭൂമി അനധികൃതമായി കയ്യേറിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. കയ്യേറ്റം തിട്ടപ്പെടുത്തി ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഭൂമി പ്രധാനമായും ഇടക്കൊച്ചി, പള്ളുരുത്തി, രാമേശ്വരം, തോപ്പുംപടി, കുമ്പളങ്ങി, നായരമ്പലം, പുതുവൈപ്പ് വില്ലേജുകളിൽപ്പെടുന്നു. നിലവിൽ പ്രസ്തുത ഭൂമികൾ കയ്യിലുള്ള വ്യക്തികളുടെ വിവരങ്ങൾ അതാത് വില്ലേജുകളിൽനിന്ന് ശേഖരിച്ചുവരുന്നു.

(സി) കേരള ഭൂസംരക്ഷണ നിയമപ്രകാരം എൽ.സി. കേസ് ബുക്ക് ചെയ്ത് കയ്യേറ്റം ഒഴിപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

## പ്രാദേശികതല നിരീക്ഷക സമിതികൾ

151(1217) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ-തണ്ണീർതട നിയമ പ്രകാരം കോഴിക്കോട് താലൂക്കിൽ എവിടെയെല്ലാം പ്രാദേശികതല നിരീക്ഷക സമിതികൾ രൂപീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമം ലംഘിക്കുന്നതുമായി ബന്ധപ്പെട്ട് ഏതെല്ലാം പ്രാദേശികതല നിരീക്ഷണ സമിതികളാണ് ആർ.ഡി.ഒ.-യ്ക്ക് റിപ്പോർട്ട് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം ഓരോ പ്രാദേശികതല കമ്മിറ്റിയും സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പും അതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

### ഉത്തരം

(എ) താലൂക്ക് അടിസ്ഥാനത്തിലല്ല ഗ്രാമപഞ്ചായത്ത് തലത്തിലാണ് പ്രാദേശികതല നിരീക്ഷണ സമിതി രൂപീകരിച്ചിട്ടുള്ളത്. കോഴിക്കോട് താലൂക്കിൽ ഉൾപ്പെടുന്ന എല്ലാ ഗ്രാമപഞ്ചായത്തുകളിലും പ്രാദേശിക നിരീക്ഷണ സമിതി രൂപീകരിച്ചിട്ടുണ്ട്.

(ബി&സി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 7 പ്രകാരം നിയമലംഘനം സംബന്ധിച്ച് ബന്ധപ്പെട്ട കൃഷി ഓഫീസർമാരാണ് റിപ്പോർട്ട് ചെയ്യേണ്ടത്. പ്രാദേശികതല സമിതിയല്ല.

## ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ച തുക

152(1218) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011 മേയ് മാസം മുതൽ റവന്യൂ വകുപ്പ് മുഖേന ചടയമംഗലം നിയോജകമണ്ഡലത്തിൽ എത്ര തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; എത്ര പേർക്കായിട്ടാണ് ഈ തുക വിതരണം ചെയ്തിട്ടുള്ളത് എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച നിയോജക മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുന്നില്ല.

**വെള്ളപ്പൊക്ക ദുരിതാശ്വാസ നിധി**

153(1219) <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മങ്കട നിയോജക മണ്ഡലത്തിലെ റോഡുകൾ നവീകരിക്കുന്നതിന് വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര തുക അനുവദിച്ചിട്ടുണ്ട് എങ്കിൽ, അവ ഏതെല്ലാം റോഡുകൾക്കൊണെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുമാണ് ഇത്തരം ആവശ്യങ്ങൾക്ക് തുക അനുവദിക്കുന്നത്. പ്രസ്തുത നിധിയിൽനിന്നും നിയോജക മണ്ഡലാടിസ്ഥാനത്തിൽ തുക അനുവദിക്കാറില്ല.

**ഇടുക്കിയിലെ പട്ടയമേളകൾ**

154(1220) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 വർഷത്തിൽ ഇടുക്കിയിൽ എത്ര പട്ടയമേളകൾ ഏതെല്ലാം തീയതികളിലായി നടന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) 1993-ലെ ഭൂമി പതിവ് ചട്ടം അനുസരിച്ച് 2015-ൽ എത്ര ഏക്കർ ഭൂമി പതിച്ച് നൽകിയെന്നതിന്റെ താലൂക്ക് തിരിച്ചുള്ള കണക്ക് നൽകാമോ;

(സി) അതേ കാലത്ത് 1963-ലെ ചട്ടം അനുസരിച്ച് എത്ര ഏക്കർ ഭൂമിക്ക് പട്ടയം നൽകിയെന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ) 2-2-2015-ൽ രാജാക്കാട്ടും 22-8-2015-ൽ ഇടുക്കി ഐ.ഡി.എ. ഗ്രൗണ്ടിലുമായി 2015-ൽ ഇടുക്കി ജില്ലയിൽ രണ്ട് പട്ടയമേളകൾ നടന്നു.

(ബി&സി) ഇടുക്കി ജില്ലയിൽ 1993-ലെ ഭൂമി പതിവ് സ്പെഷ്യൽ ചട്ടങ്ങൾ പ്രകാരവും 1964-ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരവും 2015-ൽ പട്ടയം നൽകിയ ഭൂമിയുടെ വിസ്തീർണ്ണം താലൂക്ക് അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

| താലൂക്ക് | 1993-ലെ സ്പെഷ്യൽ ചട്ടങ്ങൾ പ്രകാരം (ഏക്കറിൽ) | 1964-ലെ ചട്ടങ്ങൾ പ്രകാരം (ഏക്കറിൽ) |
|---|---|---|
| ഉടുമ്പൻചോല | 320.72 | 1250.76 |
| ഇടുക്കി | 960.94 | 282.11 |
| തൊടുപുഴ | 98.16 | 68.01 |
| പീരുമേട് | 288.49 | 186.16 |
| ആകെ | 1668.32 | 1787.05 |

## അനധികൃതമായി നികത്തപ്പെട്ട നെൽവയലുകളും തണ്ണീർത്തടങ്ങളും

155(1221) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃതമായി നികത്തപ്പെട്ട നെൽവയലുകളും തണ്ണീർത്തടങ്ങളും ക്രമവൽക്കരിച്ചു നല്കുന്നതിനുള്ള തീരുമാനം സംസ്ഥാനത്തെ നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും വിസ്തൃതി ഗണ്യമായി കുറയുന്നതിന് കാരണമാകുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(ബി) 2008 ആഗസ്റ്റ് 12-ന് മുമ്പ് നികത്തപ്പെട്ട ഭൂമിയാണോ എന്ന് പരിശോധിക്കുന്നതിന് സംവിധാനമുണ്ടോ;

(സി) സംസ്ഥാനത്ത് കരട് ഡാറ്റാ ബാങ്കിൽ നിക്ഷിപ്തമായ അളവ് എത്രയാണ്; ഡാറ്റാ ബാങ്കിന്റെ പ്രവർത്തനം നിലവിൽ നടക്കുന്നുണ്ടോ;

(ഡി) അനധികൃതമായി നികത്തിയ ഭൂമി ക്രമവല്ക്കരിക്കുന്നതിന്റെ മറവിൽ തണ്ണീർത്തടങ്ങളും കൃഷിഭൂമിയും തരംമാറ്റപ്പെടാനുള്ള സാദ്ധ്യത കണക്കിലെടുത്തിട്ടുണ്ടോ; ഇത് അഴിമതിക്ക് കാരണമാകുന്ന എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തെ അപ്രസക്തമാക്കുന്നതും കൃഷിഭൂമി ഭൂമാഫിയകൾക്ക് തീറെഴുതുന്നതുമായ സർക്കാർ വിജ്ഞാപനം പിൻവലിക്കുന്നതിനും നടപടി പുനഃപരിശോധിക്കുന്നതിനും തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) 12-8-2008-നുമുമ്പ് അനധികൃതമായി നികത്തിയ നെൽവയലുകൾ മാത്രം ക്രമവൽക്കരിച്ച് നൽകുന്നതിനുള്ള തീരുമാനമാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. ആയതിനാൽ G.O. (P) 611/2015/RD പ്രകാരം നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ പ്രതിപാദിക്കുന്ന ഡാറ്റാബാങ്കിൽ ഉൾപ്പെട്ട നിലവിലുള്ള നെൽവയലുകളോ തണ്ണീർത്തടങ്ങളോ നികത്തുവാനോ ക്രമവൽക്കരിക്കാനോ സാധിക്കുകയില്ല.

(ബി) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം 12-8-2008-ന് നിലവിലുള്ള നെൽവയലുകൾ, തണ്ണീർത്തടങ്ങൾ എന്നിവ ഡാറ്റാബാങ്കിൽ ഉൾപ്പെടുത്തേണ്ടതാണ്. ഡാറ്റാബാങ്കിൽ ഇപ്രകാരം ഉൾപ്പെടാത്ത ഭൂമിയാണ് 12-8-2008-ന് മുമ്പ് നികത്തിയതായി കണക്കാക്കുന്നത്.

(സി) ഡാറ്റാബാങ്ക് തയ്യാറാക്കിയിട്ടുള്ളത് പഞ്ചായത്തുകൾ അടിസ്ഥാനമാക്കിയാണ്. ആയത് തയ്യാറാക്കുന്നതിനുള്ള അധികാരം കൃഷി ഓഫീസർ കൺവീനറായ പ്രാദേശികതല നിരീക്ഷണ സമിതികളിൽ നിക്ഷിപ്തമാണ്. ആയതിനാൽ ഡാറ്റാബാങ്കിൽ നിക്ഷിപ്തമായ അളവ് എത്രയെന്നത് റവന്യൂ വകുപ്പിൽ ക്രോഡീകരിച്ചിട്ടില്ല.

(ഡി) ക്രമവൽക്കരണത്തിന്റെ മറവിൽ നിലവിലുള്ള തണ്ണീർത്തടങ്ങളും കൃഷി ഭൂമിയും തരം മാറ്റാൻ സാധിക്കുകയില്ല. 12.08.2008-ന് മുമ്പ് അനധികൃതമായി നികത്തിയ നെൽവയലുകൾക്ക് മാത്രമേ ക്രമവൽക്കരണം ബാധകമാകുകയുള്ളൂ.

(ഇ) നിലവിൽ ഇത് സംബന്ധിച്ച യാതൊരു നടപടിക്രമങ്ങളും അനുവർത്തിക്കുന്നില്ല.

**ചെറുവണ്ണൂർ-കൊളത്തറ റോഡ്**

156(1222) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മണ്ഡലത്തിലെ ചെറുവണ്ണൂർ - കൊളത്തറ റോഡ് വീതികൂട്ടാൻ ഭൂമി ഏറ്റെടുക്കൽ ഏത് ഘട്ടത്തിലാണ്;

(ബി) ഈ ആവശ്യത്തിന് സർക്കാർ എത്ര പണം അനുവദിച്ചിട്ടുണ്ട്;

(സി) ഭൂമി ഏറ്റെടുക്കൽ എന്നത്തേക്ക് പൂർത്തിയാവും?

ഉത്തരം

(എ) ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് പുതിയ എൽ.എ.ആർ.ആർ. (Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013) ആക്ട് നിലവിൽവന്ന സാഹചര്യത്തിൽ പ്രസ്തുത ആക്ട് അനുസരിച്ചുള്ള അർത്ഥന സമർപ്പിക്കാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 13,05,07,451 രൂപ.

(സി) പുതിയ എൽ.എ.ആർ.ആർ. (Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013) പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതാണ്.

**കോഴിക്കോട് ആർ.റ്റി.-യ്ക്ക് ലഭിച്ച റിപ്പോർട്ടുകളും നടപടികളും**

157(1224) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം കോഴിക്കോട് ആർ.റ്റി.ഒ.-യ്ക്ക് ഏതെല്ലാം റിപ്പോർട്ടിങ്ങ് ഓഫീസർമാരിൽ (കൃഷി ഓഫീസർ) നിന്നാണ് റിപ്പോർട്ടുകൾ ലഭിച്ചതെന്നും ഓരോ റിപ്പോർട്ടുകളിന്മേലും സ്വീകരിച്ച നടപടികൾ എന്തെന്നും വിശദമാക്കുമോ;

(ബി) ഏതെങ്കിലും റിപ്പോർട്ടിന്മേൽ നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിൽ താഴെപ്പറയുന്ന റിപ്പോർട്ടിംഗ് ഓഫീസർമാരായ കൃഷി ഓഫീസർമാരിൽനിന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ട് :

(1) രാമനാട്ടുകര
(2) കക്കോടി
(3) തലക്കുളത്തൂർ
(4) ആയഞ്ചേരി
(5) ഏറാമല.

പ്രസ്തുത റിപ്പോർട്ടിൽ അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോഴിക്കോട് സബ് കളക്ടർ അതാത് വില്ലേജ് ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) എല്ലാ കേസുകളിലും നടപടി സ്വീകരിച്ചുവരുന്നുണ്ട്. നടപടികൾ വിവിധ ഘട്ടങ്ങളിലാണ്.

**വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി**

158(1225) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ആലപ്പുഴ ജില്ലയിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ പൂർത്തീകരിച്ച പ്രവർത്തനങ്ങളുടെയും പൂർത്തീകരിക്കാനുള്ള പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ഭൂരഹിതർക്ക് ഭൂമി**

159(1226) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ :</u>

<u>ശ്രീമതി കെ. എസ്. സലീഖ :</u>

ശ്രീ. കെ. കെ. നാരായണൻ :

ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ കുടുംബങ്ങളെ കണ്ടെത്തുന്നതിന് സർവ്വേയോ പഠനങ്ങളോ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികജാതി - പട്ടികവർഗ്ഗ കുടുംബങ്ങളെ സംബന്ധിച്ച കണക്ക് ലഭ്യമാണോ;

(ബി) ഭൂരഹിതർക്ക് ഭൂമി നൽകുന്നതിന് പ്രഖ്യാപിച്ച പദ്ധതി ലക്ഷ്യം നേടാൻ കഴിയാതെ പോയതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(സി) ഭൂമിക്കുവേണ്ടി സംസ്ഥാന വ്യാപകമായി നടന്ന പ്രക്ഷോഭത്തെ തുടർന്ന് സർക്കാർ അംഗീകരിച്ച ഒത്തു തീർപ്പ് വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു; അത് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) സമരത്തിന്റെ ഭാഗമായി ചൂണ്ടിക്കാണിക്കപ്പെടുകയും കുടിൽകെട്ടുകയും ചെയ്ത മിച്ച ഭൂമി ഏറ്റെടുക്കുന്നതിന് നാളിതുവരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സംസ്ഥാനത്തെ ഭൂരഹിതരുടെ എണ്ണം സംബന്ധിച്ച ആധികാരിക രേഖയില്ലായിരുന്നു. ആയതിനാൽ സംസ്ഥാനത്തെ ഭൂരഹിത കുടുംബങ്ങളെ കണ്ടെത്തുന്നതിനായി അപേക്ഷകൾ ക്ഷണിച്ചു. ലഭ്യമായ അപേക്ഷകളിൽ വിവിധ തലത്തിലുള്ള അന്വേഷണം നടത്തിയാണ് പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തിയത്. 243928 ഭൂരഹിത കുടുംബങ്ങളെ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്നു. ഇതിൽ ഉൾപ്പെട്ടിട്ടുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ജില്ല | പട്ടികജാതിക്കാർ | പട്ടികവർഗ്ഗക്കാർ |
|---|---|---|
| തിരുവനന്തപുരം | 6585 | 34 |
| കൊല്ലം | 3363 | 19 |
| പത്തനംതിട്ട | 1779 | 68 |
| ആലപ്പുഴ | 1513 | 86 |
| കോട്ടയം | 1115 | 119 |
| ഇടുക്കി | 2543 | 63 |
| എറണാകുളം | 4128 | 182 |
| തൃശ്ശൂർ | 4792 | 23 |
| പാലക്കാട് | 4229 | 311 |
| മലപ്പുറം | 3695 | 195 |
| കോഴിക്കോട് | 456 | 15 |
| വയനാട് | 285 | 862 |
| കണ്ണൂർ | 799 | 73 |
| കാസർഗോഡ് | 566 | 176 |
| ആകെ | 35848 | 2226 |

(ബി) പദ്ധതിയുടെ ഒന്നാംഘട്ട പട്ടയ വിതരണം പൂർത്തീകരിച്ചപ്പോൾ കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ അർഹരായി കണ്ടെത്തിയ മുഴവൻ ഗുണഭോക്താക്കൾക്കും ഭൂമി നൽകിക്കൊണ്ട് ടി ജില്ലകളെ ഭൂരഹിതരില്ലാത്ത ജില്ലകളാക്കാൻ കഴിഞ്ഞു. രണ്ടാംഘട്ട പട്ടയ വിതരണം ആരംഭിച്ചതോടെ ഇടുക്കി ജില്ലയിലെയും മുഴവൻ ഗുണഭോക്താക്കൾക്കും പദ്ധതി പ്രകാരം ഭൂമി അനുവദിച്ച് കഴിഞ്ഞിട്ടുണ്ട്. മറ്റ് ജില്ലകളിലെ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചു

വരികയാണ്.

(സി) മേൽപ്രകാരമുള്ള രേഖകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സർക്കാർ മിച്ചഭൂമികൾ നിയമാനുസൃത മാർഗ്ഗത്തിലൂടെയാണ് ഏറ്റെടുക്കുന്നത്.

**ഭൂരഹിതർക്ക് ഭൂമി**

160(1227) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതർക്ക് ഭൂമി നൽകാനുള്ള പദ്ധതി ഈ സർക്കാർ നടപ്പിലാക്കിയത് എന്നാണെന്നും 2016 ജനുവരി 31 വരെ എത്ര അപേക്ഷ ലഭിച്ചു എന്നും നാളിതുവരെ എത്ര പേർക്ക് ഭൂമി നൽകി എന്നും ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഭൂരഹിതർക്ക് നൽകാനായി സർക്കാർ കണ്ടെത്തിയ ഭൂമി എത്ര എന്നും, ഇതിനു വേണ്ടി ദാനമായി ലഭിച്ച ഭൂമി എത്ര എന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ കാലയളവിൽ ഭൂരഹിതർക്ക് ഭൂമി നൽകുവാൻ എത്ര പേർ ദാനം/സമ്മാനമായി ഭൂമി നൽകിയെന്നും അവർ ആരെല്ലാമാണെന്നും എത്ര സെന്റ് ഭൂമി വീതം നൽകിയെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ദാനം/സമ്മാനമായി ലഭിച്ച ഭൂമി ഭൂരഹിതർക്ക് നൽകാതെ എത്ര ഭൂമി ഇനിയും സർക്കാരിന്റെ കൈവശമുണ്ട്; വ്യക്തമാക്കുമോ;

(ഇ) നിലവിൽ സർക്കാർ ആവശ്യങ്ങൾക്കായി (വിവിധ പദ്ധതികൾക്ക്) ഉപയോഗിക്കാതെയുള്ള ഭൂമി, സർക്കാർ കണ്ടെത്തിയ മിച്ചഭൂമി, പുറമ്പോക്ക് ഭൂമി എന്നിവ സർക്കാരിന്റെ കൈവശം എത്ര ഉണ്ട്; തരം തിരിച്ച് വ്യക്തമാക്കുമോ;

(എഫ്) സർക്കാർ ഭൂമി അനധികൃതമായി കൈവശം വച്ചിട്ടുള്ള വിവിധ വ്യക്തികൾ, സ്ഥാപനങ്ങൾ, കയ്യേറ്റ മാഫിയകൾ എന്നിവയിൽ നിന്നും എത്ര ഹെക്ടർ സർക്കാർ ഭൂമി പിടിച്ചെടുക്കേണ്ടതായിട്ടുണ്ട്; ഇവ സർക്കാർ അധീനതയിൽ കൊണ്ടുവരാൻ നാളിതുവരെ എന്തു നടപടികൾ സ്വീകരിച്ചു; ഇത്തരക്കാരിൽ നിന്നും

എത്ര ഭൂമി ഈ കാലയളവിൽ സർക്കാർ അധീനതയിൽ കൊണ്ടു വന്നു; വിശദാംശം വ്യക്തമാക്കുമോ;

(ജി) നിലവിൽ എത്ര പേർ ഭൂരഹിതരായിട്ടുണ്ട് എന്നാണ് കണക്കാക്കുന്നത്; സർക്കാരിന്റെ കൈവശം ഉള്ള ഭൂമി ഇവർക്ക് നൽകുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ജി) വിവരം ശേഖരിച്ചുവരുന്നു.

**നദീതീരങ്ങളിലെ അനധികൃത കയ്യേറ്റങ്ങൾ**

161(1228) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദീതീരങ്ങളിലെ അനധികൃത കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നദീതീര സംരക്ഷണത്തിനും കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനും മലിനീകരണം തടയുന്നതിനും എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാറിന്റെ കാലത്ത് ആരംഭിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നദീതീരങ്ങളിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് കേരളാ ഭൂസംരക്ഷണ നിയമം, 1957 പ്രകാരം ജില്ലകളിൽ നടപടികൾ സ്വീകരിച്ചുവരുന്നു. നദീതീര സംരക്ഷണവും സൗന്ദര്യവൽക്കരണവും ലക്ഷ്യമാക്കി സർക്കാർ 'പുഴ മുതൽ പുഴവരെ' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തീരപ്രദേശത്ത് വൃക്ഷങ്ങളും ചെടികളും വള്ളിച്ചെടികളും വച്ചുപിടിപ്പിച്ച് തീരം മനോഹരമാക്കുകയും അനധികൃത മണൽ ഖനനം, കയ്യേറ്റം എന്നിവ തടയുക എന്നുള്ളതുമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. മലിനീകരണം തടയുന്നതിനായി സർക്കാർ ക്ലീൻ കേരള പദ്ധതിക്ക് തുടക്കമിട്ടിട്ടുള്ളതുമാണ്.

## കടുത്തുരുത്തി എക്സൈസ് സർക്കിൾ ഓഫീസ്

162(1229) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി എക്സൈസ് സർക്കിൾ ഓഫീസ് സ്ഥാപിക്കുന്നതിന് സ്ഥലമെടുക്കുന്നതുമായി ബന്ധപ്പെട്ട ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) സ്ഥലമെടുക്കുന്നതിന് നിലനില്ക്കുന്ന തടസ്സം വ്യക്തമാക്കുമോ; ഇതു പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) കോട്ടയം കളക്ടറേറ്റിൽ നിന്നും ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് എത്രയും വേഗം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; 37294/റവന്യൂ എ/2014 നമ്പർ ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കടുത്തുരുത്തി എക്സൈസ് സർക്കിൾ ഓഫീസ് സ്ഥാപിക്കുന്നതിനായി ആവശ്യപ്പെട്ട കടുത്തുരുത്തി വില്ലേജിൽ സർവ്വെ നമ്പർ 30/2 എ 1, 30/2 എ 2-ൽപ്പെട്ട 8.09 ആർ സ്ഥലം പൊന്നുംവിലയ്ക്ക് ഏറ്റെടുത്ത് കടുത്തുരുത്തി ഗവൺമെന്റ് പോളിടെക്നിക്കിന് കൈമാറിയിട്ടുള്ളതിനാൽ ഭൂമി കൈമാറി ലഭിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി. സഹിതം അപേക്ഷിക്കുവാൻ കോട്ടയം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്ക് കോട്ടയം ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സ്ഥലം കൈമാറി ലഭിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പിൽ നിന്നുള്ള എൻ.ഒ.സി. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ലഭ്യമാക്കിയാൽ ഭൂമി കൈമാറ്റ ശിപാർശ സർക്കാരിലേക്ക് അയയ്ക്കുന്നതാണെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(സി) ശിപാർശ സഹിതമുള്ള അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല. കോട്ടയം ജില്ലാ കളക്ടറേറ്റിൽനിന്ന് ഭൂമി കൈമാറ്റ ശിപാർശ അനുബന്ധ രേഖകൾ സഹിതം ലഭ്യമാകുന്ന മുറയ്ക്ക് 37294/എ 1/14/റവ നമ്പർ ഫയലിൽ അനന്തര നടപടി സ്വീകരിക്കുന്നതാണ്.

## പുറമ്പോക്കിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം

163(1230) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നേമം നിയോജക മണ്ഡലത്തിലെ മണക്കാട് വില്ലേജിലെ ബണ്ട് പുറമ്പോക്കിൽ മുപ്പതിലേറെ വർഷങ്ങളായി താമസിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം കൊടുക്കാനുള്ള നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി അറിയിക്കുമോ ?

ഉത്തരം

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ മണക്കാട് ബണ്ട് പുറമ്പോക്കിൽ താമസിക്കുന്ന 75 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള ശിപാർശ തിരുവനന്തപുരം ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുണ്ട്. ബണ്ട് പുറമ്പോക്കിൽ ഉൾപ്പെട്ട ഭൂമിയായതിനാൽ പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ ജലവിഭവ വകുപ്പിന്റെ പരിഗണനയിലാണ്.

## ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

164(1231) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഇതുവരെ ലഭിച്ച അപേക്ഷകൾ എത്ര; ഇതിൽ എത്ര പേരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തു;

(ബി) എത്ര പേർക്ക് ഇതിനകം ഭൂമി നൽകിയെന്ന് വ്യക്തമാക്കാമോ; പട്ടയം ലഭിച്ചിട്ടും ഭൂമി കണ്ടെത്താനാവാത്ത സ്ഥിതി ഉണ്ടായിട്ടുണ്ടോ;

(സി) അനുവദിച്ച ഭൂമി ഏറ്റെടുത്തവരെത്ര; ഇതുവരെ ഏറ്റെടുക്കാത്തവരെത്ര; ഇതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പദ്ധതിയുടെ ഉദ്ഘാടന വേളയിൽ പട്ടയം ലഭിച്ചവരിൽ ഭൂമി ലഭിക്കാത്തവരുണ്ടോ; എത്ര പേർ; കാരണം വിശദമാക്കാമോ;

(ഇ) ഭൂരഹിതർക്ക് ഭൂമി അനുവദിച്ചതിൽ അപാകതകൾ സംഭവിച്ചതായി ആക്ഷേപമുണ്ടോ; അനുവദിച്ച സർവ്വേ നമ്പരുകളിലുള്ള ഭൂമി മറ്റു പല ആവശ്യങ്ങൾക്കും നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഭൂമിയാണെന്ന പരാതികൾ ലഭിച്ചിട്ടുണ്ടോ;

(എഫ്) അപേക്ഷ നൽകിയവരിൽ അവരുടെ താലൂക്ക് പരിധിയിലും, ജില്ലാ പരിധിയിലും ഭൂമി ലഭിക്കാത്തവർ എത്ര പേരുണ്ട്; വിശദമാക്കാമോ; ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രവർത്തനം തുടരുന്നുണ്ടോ; പദ്ധതിയുടെ കാലാവധി നിശ്ചയിച്ചിരുന്നത് എന്നായിരുന്നു; ഇത് നീട്ടി നിശ്ചയിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ 2,91,757 അപേക്ഷകൾ ലഭിക്കുകയും അതിൽനിന്ന് 243928 കുടുംബങ്ങളെ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. 1-2-2014 മുതൽ 31-3-2014 വരെ പദ്ധതിയിലേക്ക് വീണ്ടും അപേക്ഷകൾ ക്ഷണിച്ചിരുന്നു. കൂടാതെ മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടികളിലും റവന്യൂ വകുപ്പുമന്ത്രിയുടെ ജില്ലാതല റവന്യൂ സർവ്വേ അദാലത്തുകളിലും അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) 43,437 പേർക്ക് പദ്ധതി പ്രകാരം പട്ടയം നൽകിയിട്ടുണ്ട്. പട്ടയത്തിലുൾപ്പെട്ട ഭൂമികൾ സംബന്ധിച്ച് കോടതി ഇടപെടലുകളോ തർക്കങ്ങളോ ഉണ്ടാകാത്ത കേസ്സുകളിൽ ഭൂമി കൈമാറിക്കഴിഞ്ഞു. തർക്കങ്ങൾക്കും കോടതി കേസ്സുകളും പരിഹാര നടപടികൾ സ്വീകരിച്ച് ഭൂമി കൈമാറുന്ന പ്രവർത്തനം ജില്ലകളിൽ നടന്നുവരികയാണ്.

(സി) തർക്കങ്ങൾ ഇല്ലാത്തതും കോടതി കേസ്സുകൾ ഇല്ലാത്തതുമായ ഭൂമി കൈമാറിക്കഴിഞ്ഞിട്ടുണ്ട്. അനുവദിച്ച ഭൂമി വാസയോഗ്യമല്ലായെന്ന് കണ്ടെത്തുകയാണെങ്കിൽ പ്ലോട്ടുകൾ മാറി കൊടുക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് അനുമതി കൊടുത്തിട്ടുണ്ട്.

(ഡി) ഉദ്ഘാടന വേളയിൽ പട്ടയം നൽകിയവരിൽ കോടതി കേസ്സുകളിൽപ്പെട്ടതും തർക്കങ്ങൾ നിലനിൽക്കുന്നതുമായ കേസ്സുകളൊഴിച്ച് മുഴുവൻ പേർക്കും ഭൂമി നൽകിയിട്ടുണ്ട്.

(ഇ) പദ്ധതി പ്രകാരം അനുവദിച്ച ഭൂമി വാസയോഗ്യമല്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടാൽ അന്വേഷണം നടത്തി അർഹമായ കേസ്സുകളിൽ മാറ്റി നൽകുന്ന നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതി പ്രകാരം അനുവദിച്ച സർവ്വേ നമ്പരുകളിലുള്ള ഭൂമി മറ്റ് പല

ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ഗുണഭോക്താക്കൾക്ക് സ്വന്തം വില്ലേജിലെ ഭൂമിയാണ് പദ്ധതി പ്രകാരം അനുവദിക്കുന്നത്. എന്നാൽ സ്വന്തം വില്ലേജിൽ ഭൂമിയില്ലാതെ വരുന്ന കേസ്സുകളിൽ അതേ ജില്ലയിൽത്തന്നെ സമീപ വില്ലേജിലെ ഭൂമി പദ്ധതി പ്രകാരം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും ഗുണഭോക്താക്കൾക്ക് അതത് ജില്ലകളിൽത്തന്നെയാണ് ഭൂമി നൽകിയത്. ഘട്ടംഘട്ടമായി പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി ജില്ലകളിൽ അർഹരായി കണ്ടെത്തിയ മുഴുവൻ പേർക്കും പട്ടയം നൽകിയിട്ടുണ്ട്.

## പൊതുജനസമ്പർക്ക പരിപാടി

165(1232) ശ്രീമതി കെ. കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പൊതുജനസമ്പർക്ക പരിപാടിയിൽ സംസ്ഥാനത്ത് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രഖ്യാപനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കാമോ;

(ബി) ബഡ്ജറ്റ് പ്രഖ്യാപനങ്ങളിൽ ഉൾപ്പെടാത്ത എത്ര പദ്ധതികൾ ഇവയിൽ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ഇവയുടെ നടത്തിപ്പിന് ആവശ്യമായ തുക ഉപധനാഭ്യർത്ഥനയിലൂടെ പാസ്സാക്കുകയുണ്ടായിട്ടുണ്ടോ;

(സി) പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ ഇനിയും നടപ്പിലാക്കാനും പൂർത്തീകരിക്കാനും സാധിക്കാത്തവയായി എത്ര പദ്ധതികൾ ഉണ്ട്; വിശദാംശങ്ങൾ നൽകാമോ?

### ഉത്തരം

(എ) മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടിയിൽ നടത്തിയ പ്രഖ്യാപനങ്ങളിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ആലപ്പാട് സ്പെഷ്യൽ പാക്കേജ് - 21 കോടിയുടെ പ്രത്യേക പദ്ധതി (കൊല്ലം ജില്ല)
2. പുഴ മുതൽ പുഴവരെ പദ്ധതി (മലപ്പുറം ജില്ല).

(ബി) ഈ പദ്ധതികൾ ബഡ്ജറ്റ് പ്രഖ്യാപനങ്ങളിൽ ഉൾപ്പെട്ടിട്ടില്ലാത്തതും ഉപധനാഭ്യർത്ഥനയിലൂടെ തുക പാസ്സാക്കിയിട്ടില്ലാത്തതുമാണ്.

(സി) പദ്ധതികളെല്ലാം നടപടികൾ ആരംഭിച്ച് വിവിധ ഘട്ടങ്ങളിൽ ഇരിക്കുന്നവയാണ്.

**വില്ലേജ് ഓഫീസുകളിലെ ഇ-ഓഫീസ് സംവിധാനം**

166(1233) ശ്രീ. എം. പി. വിൻസെന്റ്:
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജോഫീസുകളിലെ ഇ-ഓഫീസ് സംവിധാനം കൂട്ടതൽ കാര്യക്ഷമമാക്കുമോ;

(ബി) റവന്യൂ മാനുവൽ, സർവ്വേ, പ്രമാണപരിശോധന തുടങ്ങിയ വിഷയങ്ങളിൽ സെക്രട്ടേറിയറ്റിലെ ജീവനക്കാർ ഉൾപ്പെടെയുള്ളവർക്ക് പരിശീലനം നല്കുമോ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) നിലവിൽ വില്ലേജ് ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ റവന്യൂ വകുപ്പിന് കീഴിലുള്ള പ്രധാന ഓഫീസുകൾ തമ്മിലുള്ള കത്തിടപാടുകൾ പൂർണ്ണമായും ഇലക്ട്രോണിക് രീതിയിലേക്ക് മാറ്റിയെടുക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി നാഷണൽ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമായ ഇ-ഓഫീസ് സംവിധാനം ലാന്റ് റവന്യൂ കമ്മീഷണറേറ്റിലും 14 ജില്ലാ കളക്ടേറ്റുകളിലും 21 റവന്യൂ ഡിവിഷണൽ ഓഫീസുകളിലും 75 താലൂക്ക് ഓഫീസുകളിലും ഘട്ടം ഘട്ടമായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി&സി) റവന്യൂ വകുപ്പിലെ ജീവനക്കാർക്ക് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടതും പൊതുവായി എല്ലാ വകുപ്പുകൾക്കും ആവശ്യമായതുമായ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് & ഡിസാസ്റ്റർ മാനേജ്മെന്റ് (ഐ.എൽ.ഡി.എം.) എന്ന പേരിൽ ഒരു സ്ഥാപനം റവന്യൂ വകുപ്പിന് കീഴിൽ നിലവിലുണ്ട്.

## വിവിധ പദ്ധതികൾക്കായി ഭൂമി ഏറ്റെടുത്ത് തുടങ്ങിയ വർഷം

167(T 1234) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ എയർപോർട്ട്, കൊച്ചി മെട്രോ, വിഴിഞ്ഞം തുറമുഖം, ദേശീയ ഗെയിംസ്, പാലക്കാട് കോച്ച് ഫാക്ടറി, ടെക്നോ സിറ്റി എന്നീ പദ്ധതികൾക്ക് ആവശ്യമായ ഭൂമി ഏറ്റെടുത്തുതുടങ്ങിയത് ഏത് വർഷം മുതലാണ് എന്ന് വിശദമാക്കാമോ?

ഉത്തരം

| പദ്ധതി | ഭൂമി ഏറ്റെടുത്ത് തുടങ്ങിയ വർഷം |
|---|---|
| കണ്ണൂർ എയർപോർട്ട് | 1998 |
| കൊച്ചി മെട്രോ | കൊച്ചി മെട്രോയ്ക്ക് വേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികളുടെ പ്രാരംഭ ജോലികൾ 9-11-2012 മുതലും ഭൂമി ഏറ്റെടുത്ത് കൈമാറ്റം ചെയ്ത് തുടങ്ങിയത് 12-3-2013 മുതലുമാണ്. |
| വിഴിഞ്ഞം തുറമുഖം | 2010 |
| ദേശീയ ഗെയിംസിന് | സ്ഥലം ഏറ്റെടുത്തിട്ടില്ല |
| പാലക്കാട് കോച്ച് ഫാക്ടറി | 2008 മുതൽ |
| ടെക്നോ സിറ്റി | 2010 മുതൽ. |

## കാസർഗോഡ് വെള്ളരിക്കുണ്ടിലെ ഭൂമി വിലയ്ക്ക് വാങ്ങിയ 205 കുടുംബങ്ങളുടെ ഭൂനികുതി ഒടുക്കൽ

168(1235) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ടിലെ പ്രകാശ് പ്ലാന്റേഷന്റെ കൈവശമുള്ള തോട്ടം ഭൂമി വിലയ്ക്ക് വാങ്ങിയ 205 കുടുംബങ്ങളുടെ ഭൂനികുതി

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

വാങ്ങുന്നത് നിർത്തി വച്ചിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൻമേൽ സർക്കാർ എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) നികുതി വാങ്ങണമെന്നാവശ്യപ്പെട്ട് കർഷകർ നടത്തിയ സമരത്തിൽ എന്ത് ഉറപ്പാണ് നൽകിയത്;

(ഡി) പ്രസ്തുത ഉറപ്പ് ബന്ധപ്പെട്ടവർ പാലിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 81 പ്രകാരം ഇളവ് നൽകിയ തോട്ടഭൂമി വ്യാപകമായി മുറിച്ച് വിൽക്കുന്നതായും ആയത് തരം മാറ്റുന്നതുമായ പരാതിയുടെ അടിസ്ഥാനത്തിൽ മുറിച്ച് വിറ്റ് തരം മാറ്റുന്ന തോട്ടഭൂമി പോക്കുവരവ് ചെയ്ത് നൽകരുത് എന്ന് 24-3-2008- ലെ 10654/എൻ/2008/റവന്യൂ കത്ത് മുഖേന സെക്രട്ടറി ലാന്റ് ബോർഡിന് നിർദ്ദേശം നൽകിയിരുന്നു.

(ബി-ഡി) കർഷകർ നടത്തിയ സമരത്തിൽ ഒരു മാസത്തിനകം കരം അടയ്ക്കുന്നത് സംബന്ധിച്ച് നടപടി എടുക്കുന്നതാണ് എന്ന് ഉറപ്പ് നൽകിയിരുന്നു. 8-2-2016-ലെ സ.ഉ.(കൈ) നമ്പർ99/2016/റവന്യൂ പ്രകാരം M/s പ്രകാശ് പ്ലാന്റേഷൻ പ്രൈവറ്റ് ലിമിറ്റഡിൽനിന്നും വില നൽകി വാങ്ങി തരംമാറ്റി കൈവശം വച്ചുവരുന്ന 205 കുടുംബങ്ങളുടെ കൈവശ ഭൂമിയുടെ നികുതി ഈ വിഷയത്തിൽ താലൂക്ക് ലാന്റ് ബോർഡ് പുറപ്പെടുവിക്കുന്ന അന്തിമ തീരുമാനത്തിന് വിധേയമായി, തുടർന്ന് സ്വീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

**പട്ടയ നടപടികൾ**

169(T1236) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ പട്ടയ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 2015 ജൂലൈ 9-ന് ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ എന്തെല്ലാമാണ്; പ്രസ്തുത യോഗത്തിന്റെ മിനിട്സ് ലഭ്യമാക്കാമോ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) യോഗതീരുമാനപ്രകാരം സംയുക്തപരിശോധന നടത്തി പട്ടയം നൽകാനുള്ള ലിസ്റ്റ് തയ്യാറാക്കിയോ എന്നും പ്രസ്തുത ലിസ്റ്റനുസരിച്ച് എത്ര ഏക്കർ ഭൂമിയ്ക്ക് പട്ടയം നൽകാനാണ് കണ്ടെത്തിയത് എന്നും വ്യക്തമാക്കാമോ ;

(സി) പട്ടയം നൽകാൻ കണ്ടെത്തിയ ഭൂമിയുടെ താലൂക്ക് തിരിച്ചുള്ള (ഡിവിഷനും റേഞ്ചും) കണക്ക് ലഭ്യമാക്കാമോ;

(ഡി) യോഗതീരുമാനപ്രകാരം ഡി.എഫ്.ഒ. മാർ തയ്യാറാക്കിയ ലിസ്റ്റ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 9-7-2015 ന് ചേർന്ന യോഗത്തിന്റെ മിനിട്സ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) സംയുക്തപരിശോധന നടത്തുന്നതിലേക്ക് വനം വകുപ്പിന് നിർദ്ദേശം നൽകിയിരുന്നെങ്കിലും നാളിതുവരെ വനംവകുപ്പിൽനിന്നും ജോയിന്റ് വെരിഫിക്കേഷൻ ലിസ്റ്റ് ലഭിച്ചിട്ടില്ലാത്തതിനാൽ സംയുക്തപരിശോധന ആരംഭിച്ചിട്ടില്ല.

(സി) ബാധകമല്ല.

(ഡി) ലിസ്റ്റ് വനം വകുപ്പിൽനിന്നും ലഭിച്ചിട്ടില്ല.

**കൊരട്ടി വൈഗൈ ത്രെഡ്സ് കമ്പനിയുടെ ഭൂമി**

170(1237) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പാട്ടത്തിന് നൽകിയ കൊരട്ടി വൈഗൈ ത്രഡ്സ് കമ്പനിയുടെ കൈവശമുണ്ടായിരുന്ന ഭൂമി, കമ്പനി പ്രവർത്തനം പൂർണ്ണമായും അവസാനിപ്പിച്ച സാഹചര്യത്തിൽ സർക്കാർ ഏറ്റെടുക്കുന്നതിനും, കൊരട്ടി ഐ.ടി. പാർക്ക്, കൊരട്ടി പഞ്ചായത്ത് എന്നിവയുടെ വികസനാവശ്യങ്ങൾക്കായും വീട്ടുനൽകുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) ഐ.ടി. പാർക്കിന്റെ വൻ വികസന സാദ്ധ്യത കണക്കിലെടുത്ത്, ആവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനായി കൊരട്ടി ജംഗ്ഷനോട് ചേർന്ന കമ്പനി വക സ്ഥലത്തു നിന്നും ബസ്സ്സ്റ്റാന്റ്, വാണിജ്യ കേന്ദ്രം, തുടങ്ങിയ അവശ്യവികസന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള സ്ഥലം കൊരട്ടി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പഞ്ചായത്തിന് വീട്ടു നൽകുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കൊരട്ടി വൈഗൈ ത്രെഡ്സ് കമ്പനിയിൽനിന്നും സർക്കാർ ഏറ്റെടുത്ത 45.43 ഏക്കർ ഭൂമിയിൽ 30 ഏക്കർ ഭൂമി ഐ.ടി. പാർക്ക് നിർമ്മാണത്തിനുവേണ്ടി ഐ.ടി. വകുപ്പിന് അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന 15.43 ഭൂമി കൊരട്ടി ഐ.ടി പാർക്ക് വിപുലീകരണത്തിനുവേണ്ടി KSTIL സമർപ്പിച്ച പ്രൊപ്പോസലിൽ നടപടി സ്വീകരിച്ചുവരികയാണ്.

(ബി) മെസ്സേഴ്സ് വൈഗൈ ത്രെഡ്സ് കമ്പനി കൈവശം വച്ചുവരുന്ന ശേഷിക്കുന്ന ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. പ്രസ്തുത ഭൂമി ഏറ്റെടുത്തതിനു ശേഷം കൊരട്ടി പഞ്ചായത്തിന് ഭൂമി അനുവദിക്കുന്നതിനുള്ള ശിപാർശയിൻമേൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**നെൽവയൽ നികത്തുന്നതിനായുള്ള നിയമനിർമ്മാണം**

171(1238) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെൽവയൽ നികത്തുന്നതിനായി എത്ര പ്രാവശ്യം നിയമനിർമ്മാണ പ്രക്രിയ അടക്കം നടപടി സ്വീകരിച്ചിട്ടുണ്ട്; ബന്ധപ്പെട്ട ഉത്തരവുകൾ സഹിതം വിശദാംശം നൽകുമോ;

(ബി) ഇപ്രകാരം കൊണ്ടുവന്ന ഏതെങ്കിലും ഉത്തരവ് ഈ സർക്കാരുതന്നെ റദ്ദാക്കുകയോ മരവിപ്പിയ്ക്കുകയോ ചെയ്യേണ്ടതായി വന്നിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) നെൽവയൽ നികത്തുന്നതിനായി നിയമ നിർമ്മാണം നടത്തിയിട്ടില്ല.

(ബി) ബാധകമല്ല.

**ഭൂരഹിതരില്ലാത്ത കേരളം പദ്ധതി**

172(1239) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വി. റ്റി. ബൽറാം :

ശ്രീ. എം. പി. വിൻസെന്റ് :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്തെ ഭൂരഹിതരായ കുടുംബങ്ങൾക്ക് 3 സെന്റ് ഭൂമി വീതം നൽകി കേരളത്തെ ഭൂരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി വികസിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി. വിവിധ ഘട്ടങ്ങളായിട്ടാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ഒന്നാം ഘട്ടമായി 36491 ഗുണഭോക്താക്കൾക്ക് പട്ടയം നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ രണ്ടാംഘട്ട പട്ടയ വിതരണം കൂടി നടത്തി കഴിഞ്ഞപ്പോൾ ആകെ 43437 പേർക്ക് ഈ പദ്ധതി പ്രകാരം പട്ടയം അനുവദിക്കാൻ സാധിച്ചിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ മുഴുവൻ ഗുണഭോക്താക്കൾക്കും രണ്ടാംഘട്ടത്തിൽ പട്ടയം നൽകിക്കഴിഞ്ഞു. മറ്റ് ജില്ലകളിൽ ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി പട്ടയ വിതരണം നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) സ്വന്തമായി ഭൂമി ഇല്ലാത്തതും വാർഷിക വരുമാനം 75,000 രൂപയിൽ താഴെയായിട്ടുള്ളതുമായ ഭൂരഹിത കുടുംബങ്ങൾക്ക് വീട് വയ്ക്കുന്ന ആവശ്യത്തിലേക്കായി 3 സെന്റ് ഭൂമി വീതം പതിച്ചുകൊടുത്തുകൊണ്ട് ഭൂരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ വികസിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(സി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വേണ്ടി ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ

സംസ്ഥാന/ജില്ല/താലൂക്ക് തലങ്ങളിൽ രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ സെല്ലുകൾ മുഖേന പദ്ധതി പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുള്ള നടപടികളാണ് ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ളത്.

**ഭൂകമ്പമാപിനികൾ**

173(1240) ശ്രീ. കെ. അച്ചുതൻ :

ശ്രീ. വർക്കല കഹാർ :

ശ്രീ. ടി. എൻ. പ്രതാപൻ :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂകമ്പങ്ങൾ നിരീക്ഷിക്കുന്നതിന് ഭൂകമ്പമാപിനികളുടെ ശൃംഖല സ്ഥാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

**ഉത്തരം**

(എ) ഉണ്ട്

(ബി&സി) കേരളത്തിലെ ഭൗമാന്തർ ഭാഗത്ത് നടക്കുന്ന വിവിധ ചലനങ്ങളുടെയും പ്രതിപ്രവർത്തനങ്ങളുടെയും വിവര ശേഖരണവും ഭൂകമ്പങ്ങളുടെ പ്രഭവ സ്ഥാനവും തീവ്രതയും കൃത്യതയോടുകൂടി അളക്കുകയും ഭ്രംശപാളികളിൽ ഉണ്ടാകുന്ന മാറ്റങ്ങളെ തിരിച്ചറിയുകയും കേരളത്തിലെ വലിയ അണക്കെട്ടായ ഇടുക്കി അണക്കെട്ടിൽ ഭൂകമ്പങ്ങളാൽ ഉണ്ടാകുന്ന ചലനങ്ങൾ നിരീക്ഷിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. തിരുവനന്തപുരത്തെ അടിയന്തരഘട്ട കാര്യ നിർവ്വഹണ കേന്ദ്രത്തിൽ (എസ്.ഇ.ഒ.സി.) നിരന്തരം വിവരം ലഭിക്കത്തക്കവിധമാണ് ഇവ സജ്ജീകരിച്ചിരിക്കുന്നത്. നിലവിൽ ഇടുക്കി അണക്കെട്ട്, ആലടി, കുളമാവ്, ചോറ്റുപാറ, മീൻകട്ട്, വള്ളക്കടവ് എന്നീ സ്ഥലങ്ങളിൽ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. 3.9 കോടി രൂപ ചെലവാക്കിയാണ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി വൈദ്യുതി ബോർഡുമായി ചേർന്ന് ഈ

പദ്ധതി നടപ്പാക്കിയിട്ടുള്ളത്. കൂടാതെ ഒരു ഭൂകമ്പമാപിനി കൂടി വാങ്ങുവാനും നിലവിലുള്ളവ പരിപാലിക്കുവാനും സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിലെ രണ്ട് ഭൗമശാസ്ത്ര ഗവേഷകരെ പ്രസ്തുത മേഖലയിൽ പ്രാവീണ്യം ഉള്ളവരാക്കുവാൻ ദേശീയ തലത്തിലുള്ള പരിശീലനം നൽകുവാനും തീരുമാനിച്ചിട്ടുണ്ട്.

**റീ-സർവ്വേ**

174(1241) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീ-സർവ്വേ പൂർത്തീകരിക്കാത്ത എത്ര വില്ലേജുകളാണുള്ളത്;

(ബി) 1970 കാലഘട്ടത്തിൽ ആരംഭിച്ച റീ-സർവ്വേ നടപടി ഇതുവരെയും പൂർത്തീകരിക്കുവാൻ കഴിയാത്തത് എന്തുകൊണ്ടാണ്;

(സി) റീ-സർവ്വേ നടക്കാത്തതുകൊണ്ട് സാധാരണക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) റീ-സർവ്വേ സംസ്ഥാനത്താകെ സമയബന്ധിതമായി പൂർത്തികരിക്കാനും സർവ്വേ റിക്കാർഡുകൾ റവന്യൂവകുപ്പിനു കൈമാറുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 786 വില്ലേജുകൾ.

(ബി) ജി.ഒ.(എംഎസ്സ്.) 781/65/ആർ.ഡി ഉത്തരവ് പ്രകാരമാണ് റീ-സർവ്വേ പ്രവർത്തനങ്ങൾ ആരംഭിച്ചത്. 1988 കാലഘട്ടത്തിനുള്ളിൽ 500-ൽപരം വില്ലേജുകളുടെ റീ-സർവ്വേ നടപടികൾ അവസാന ഘട്ടത്തിൽ എത്തുകയും 13 വില്ലേജുകളുടെ റീ-സർവ്വേ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറുകയും ചെയ്തു. എന്നാൽ റീസർവ്വേ റിക്കാർഡുകൾ നിയോഗിച്ചിരുന്ന സർവ്വേ ജീവനക്കാരെ വിവിധ സമയങ്ങളിൽ സർക്കാരിന്റെ നയപരമായ മറ്റ് സർവ്വേ ജോലികൾക്ക് നിയോഗിക്കേണ്ടിവന്നതിനാൽ സമയബന്ധിതമായി റീ-സർവ്വേ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറാൻ കഴിയാതെവന്നു. 1994 കാലയളവിൽ അഞ്ഞൂറോളം വില്ലേജുകളുടെ റീ-സർവ്വേ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറി. ടി വില്ലേജുകളിൽ റീ-സർവ്വേ സംബന്ധിച്ച് ധാരാളം പരാതികൾ ഉണ്ടാവുകയും ചെയ്തു. അതിനെത്തുടർന്ന് ടി പരാതികൾ പരിഹരിക്കുന്നതിനായി റീ-സർവ്വേ പരാതികൾ പരിഹരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി മുഴുവൻ സർവ്വേ ജീവനക്കാരെയും റീ-സർവ്വേ പരാതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി നിയോഗിക്കുകയും ചെയ്തു.

(സി) ഉണ്ട്.

(ഡി) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 878 വില്ലേജുകളുടെ

റീ-സർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ റീ-സർവ്വേ പ്രവർത്തനം സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്.

## കരുണാ എസ്റ്റേറ്റ്

175(1242) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാന്റ് ബോർഡ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ടിലെ ശിപാർശ പ്രകാരം കരുണാ എസ്റ്റേറ്റ് കൈവശം വച്ചിരിക്കുന്ന ഭൂമിയുടെ സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ഏക്കർ ഭൂമി കൈവശം വച്ചിരിക്കുന്നതായാണ് കണ്ടെത്തിയിട്ടുള്ളത് ; റവന്യൂ രേഖകൾ പ്രകാരം പ്രസ്തുത ഭൂമിയുടെ യഥാർത്ഥ ഉടമസ്ഥാവകാശം ആർക്കാണ്; സർവ്വേ ടീമിന്റെ കണ്ടെത്തൽ എന്താണ് ; വിശദമാക്കുമോ;

(സി) കരുണാ എസ്റ്റേറ്റ് കൈവശം വച്ചിരിക്കുന്ന മുഴുവൻ ഭൂമിയും എങ്ങനെ ലഭ്യമായെന്നാണ് കണ്ടെത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഭൂമി സംബന്ധിച്ച ലാന്റ് ബോർഡ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഇ) അന്വേഷണ റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് കോടതി സ്റ്റേ ഉണ്ടോ; ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(എഫ്) കോടതി സ്റ്റേ നീക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) സർവ്വേ ടീമിന്റെ നിലവിലുള്ള റിപ്പോർട്ട് പ്രകാരം 346.12 ഹെക്ടർ (855 ഏക്കർ) ഭൂമി കരുണാ പ്ലാന്റേഷൻ ഉപയോഗിച്ചു വരുന്നതിൽ ബ്ലോക്ക് 58-ൽ സർവ്വേ നമ്പർ 162/2 pt. 164/7pt എന്നീ വെസ്റ്റഡ് ഫോറസ്റ്റായിരുന്ന ഭാഗവും 167/1pt-ൽ വരുന്ന ഗ്രീൻലാന്റ് എസ്റ്റേറ്റിൽപ്പെട്ടതുമായ 6.15 ഹെക്ടർ ഭൂമി കൂടി ഉൾപ്പെട്ടുവരുന്നതായും കണ്ടെത്തിയിട്ടുണ്ട്.

(സി) 11-4-1890-ലെ 640/1890, 642/1890 നമ്പർ പാട്ടാധാരങ്ങൾ പ്രകാരം

1000 ഏക്കർ, 500 ഏക്കർ വിസ്തീർണ്ണം വരുന്ന സ്ഥലങ്ങൾ വേങ്ങനാട് കോവിലകത്തുനിന്നും എ.എം. മെക്കൻസി, എച്ച്.എം. ഹാൾ എന്നീ വിദേശികൾക്ക് കരാറിന് നൽകിയതായും ഇവർ ആംഗ്ലോ അമേരിക്കൻ കമ്പനി രൂപീകരിച്ചതായും ഇപ്രകാരം ലഭിച്ച് കൈവശം വച്ചുവരുന്ന ഭൂമി 28-2-1994-ലെ പാട്ടാധാരപ്രകാരം അമാൽഗമേറ്റഡ് ടീ ട്രേഡിംഗ് കമ്പനിക്ക് പാട്ടത്തിന് നൽകുകയും ആയത് 2676/1969-ലെ പാട്ടാധാര പ്രകാരം 1000 ഏക്കർ (സീതാർകുണ്ഡ് എസ്റ്റേറ്റ്) ശ്രീ. എൻ. ജെ. ജോസഫ്, ആലപ്പുഴ എസ്.ആർ.ഒ-യുടെ 498/79-ാം നമ്പർ ആധാര പ്രകാരം M/s. കരുണാ പ്ലാന്റേഷന് നൽകുകയും കമ്പനീസ് രജിസ്ട്രാറുടെ 26-9-2000-ലെ സർട്ടിഫിക്കറ്റ് പ്രകാരം കരുണാ പ്ലാന്റേഷൻ എന്നത് പേരുമാറ്റത്തിലൂടെ പോബ്സ് എസ്റ്റേറ്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന് ആകുകയും ചെയ്തതായി ലാന്റ് ബോർഡ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ഡി) നെല്ലിയാമ്പതിയിലെ കരുണാ എസ്റ്റേറ്റിന്റെ ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് ലാന്റ് ബോർഡ് സെക്രട്ടറി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ മുഴുവൻ ഭൂമിയും (കരുണാ പ്ലാന്റേഷനും സമീപ എസ്റ്റേറ്റുകളിലുമായി കിടക്കുന്ന 3129 ഏക്കർ ഭൂമിയും) സർവ്വേ ചെയ്ത് കണ്ടെത്തുന്നതിന് 12-11-2014-ലെ (സാധാ) 5473/14-ാം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു സ്പെഷ്യൽ സർവ്വേ ടീമിനെ നിയോഗിക്കുകയും ടി സർവ്വെയുടെ മേൽനോട്ടത്തിനായി ലാന്റ് റവന്യൂ കമ്മീഷണർ നോഡൽ ഓഫീസറായും സർവ്വെ ഡയറക്ടർ, ലാന്റ് ബോർഡ് സെക്രട്ടറി, പാലക്കാട് ജില്ലാ കളക്ടർ, ഐ.ജി രജിസ്ട്രേഷൻ, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. അപ്രകാരം രൂപീകരിച്ച മോണിറ്ററിംഗ് കമ്മിറ്റിയുടെ യോഗങ്ങൾ ലാന്റ് റവന്യൂ കമ്മീഷണർ 11-12-2014-ന് നടത്തുകയും സർവ്വെ ടീമിന്റെ തുടർ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും മറ്റും ലാന്റ് ബോർഡ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു. അപ്രകാരം ലാന്റ് ബോർഡ് സെക്രട്ടറി സർവ്വെ ടീമിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്തു. സർവ്വെ ടീമിന്റെ ഇടക്കാല റിപ്പോർട്ടിൽ കരുണാ പ്ലാന്റേഷന്റെ ഭൂമി മാത്രമേ സർവ്വെ ചെയ്തിട്ടുള്ളൂ എന്നാണ് സർവ്വെ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ടി റിപ്പോർട്ട് പ്രകാരം വെസ്റ്റഡ് ഫോറസ്റ്റായി വരുന്ന ഭൂമി കരുണാ പ്ലാന്റേഷൻ കൈവശം വച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(ഇ) 7-8-2014-ൽ ലാന്റ് ബോർഡ് സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾക്കെതിരെ പോബ്സ് എസ്റ്റേറ്റ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 34072/14-ാം നമ്പർ കേസിൽ തൽസ്ഥിതി തുടരാൻ നിർദ്ദേശിച്ച ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 17-12-2014-ലെ വിധി ഭേദഗതി വരുത്തി. സർവ്വേ

നടത്തുന്നതൊഴിച്ച് മറ്റു വിഷയങ്ങളിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ തുടർ നടപടി കൈക്കൊള്ളുവാൻ പാടുള്ളൂ എന്ന് 26-2-2015-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഇടക്കാല ഉത്തരവായിട്ടുള്ളതാണ്.

(എഫ്) ഈ കേസിൽ WP(C) യിലെ വിധിക്കെതിരെ എതിർ സത്യവാങ്മൂലം സർക്കാർ 15-1-2015-ൽ ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. ഇപ്പോഴും കേസ് ഹൈക്കോടതിയുടെ പരഗണനയിലാണ്.

**സർവ്വേ അദാലത്തുകൾ**

176(1243) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. വി. റ്റി. ബൽറാം</u> :
<u>ശ്രീ. ആർ. സെൽവരാജ്</u> :
<u>ശ്രീ. ലൂഡി ലൂയിസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേ അദാലത്തുകൾ നടത്തിയിട്ടുണ്ടോ; ഇത് വഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;

(ബി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ 14 ജില്ലകളിലും റവന്യൂ-സർവ്വേ അദാലത്തുകൾ നടത്തിയിട്ടുണ്ട്. റവന്യൂ സർവ്വേ വകുപ്പുകളിൽ 31-10-2014 വരെ നിലവിലുണ്ടായിരുന്നതും 1-11-2014 മുതൽ 20-12-2014 വരെ ലഭിച്ചതുമായ ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കിയും റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ പൊതുജനങ്ങളിൽനിന്ന് പരാതികൾ നേരിട്ട് സ്വീകരിച്ചും പൂർണ്ണമായ പ്രശ്നപരിഹാരത്തിന് വഴിയൊരുക്കുകയുമായിരുന്ന അദാലത്തിന്റെ ലക്ഷ്യം. വർഷങ്ങളായോ മാസങ്ങളായോ പരിഹരിക്കപ്പെടാതെ കിടക്കുന്നതും എന്നാൽ നിയമക്കുരുക്കുകളോ കോടതി വ്യവഹാരങ്ങളിലോ ഉൾപ്പെടാത്തതുമായ പരാതികൾക്ക് അതിവേഗം പരിഹാരം കാണുകയും ജനങ്ങൾക്ക് മികച്ച സേവനം നൽകുകയുമാണ് അദാലത്തുകൊണ്ട് ഉദ്ദേശിച്ചിരുന്നത്.

(ബി) റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനത്തെ 14 ജില്ലകളിൽ റവന്യൂ-സർവ്വേ അദാലത്ത് സംഘടിപ്പിക്കുകയും LRM, CMDRF, NFBS, പോക്കുവരവ്, അതിർത്തി നിർണ്ണയം, പട്ടയം, KLU, പ്രകൃതിക്ഷോഭം തുടങ്ങിയവയുമായി ബന്ധപ്പെട്ട് 31-10-2014 വരെ ലഭിച്ചിരുന്നതും 01.11.2014 മുതൽ 20-12-2014 വരെ ലഭിച്ചതുമായ 476377 അപേക്ഷകളിൽ 475796 അപേക്ഷകൾ തീർപ്പാക്കിയിട്ടുള്ളതും ബാക്കി അപേക്ഷകൾ തീർപ്പാക്കാനുള്ള നടപടികൾ ജില്ലാ കളക്ടർമാർ സ്വീകരിച്ചിട്ടുള്ളതുമാണ്.

**റീസർവ്വേ നടപടികൾ**

177(1244) <u>ശ്രീ. കെ. അജിത് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജക മണ്ഡലത്തിലെ ഏതൊക്കെ വില്ലേജുകളിലാണ് ഇനിയും റീ-സർവ്വേ നടപടികൾ പൂർത്തിയാക്കാനുള്ളതെന്നും ഇവിടുത്തെ റീ-സർവ്വേ നടപടികൾ പൂർത്തിയാക്കാൻ വൈകുന്നതിനുള്ള കാരണം എന്തെന്നും വ്യക്തമാക്കുമോ;

(ബി) റീ-സർവ്വേ നടപടികൾ പൂർത്തിയാക്കാനുള്ള വില്ലേജുകളിലെ നടപടികൾ എന്ന് പൂർത്തിയാക്കാനാവുമെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) വൈക്കം നിയോജക മണ്ഡലത്തിലെ ഒരു വില്ലേജിലും റീ-സർവ്വേ പൂർത്തിയാക്കിയിട്ടില്ല. സംസ്ഥാനത്ത് നിലവിൽ റീ-സർവ്വേ പ്രവർത്തനം സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്.

**തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും**

178(1245) <u>ശ്രീ. കെ. അച്ചുതൻ :</u>
<u>ശ്രീ. സി. പി. മുഹമ്മദ് :</u>
<u>ശ്രീ. കെ. ശിവദാസൻ നായർ :</u>
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) തൊണ്ട് സംഭരണത്തിനും ചകിരി ഉൽപ്പാദനത്തിനും വേണ്ടി പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് 2010-ലും 2012-ലും തൊണ്ട് സംഭരണ പദ്ധതി നടപ്പിലാക്കിയെങ്കിലും പ്രതീക്ഷിച്ച നേട്ടം ഈ മേഖലയിൽ കൈവരിക്കാൻ ഇപ്പോഴും കഴിഞ്ഞിട്ടില്ല. ഈ പോരായ്മ പരിഹരിക്കുന്നതിനും കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും എന്ന ഒരു പുതിയ പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) കേരളത്തിൽ ലഭ്യമാകുന്ന തൊണ്ട് അത്രയും സംഭരിച്ച് ചകിരി ഉൽപ്പാദിപ്പിച്ച് കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കി കയർ മേഖലയിലെ ചകിരി ക്ഷാമത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിനും അതുവഴി കയർ മേഖലയിലെ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽദിനങ്ങളും വേതനവും ഉറപ്പാക്കുക, കയർ ഉൽപ്പാദനവും വിറ്റുവരവും വർദ്ധിപ്പിച്ച് കയർ യൂണിറ്റുകളെ ലാഭകരമാക്കുക തുടങ്ങിയവയാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

(സി) കയർ വകുപ്പിലെ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് സംസ്ഥാനത്തെ കയർ മേഖലയിലെ സഹകരണ സംഘങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് പ്രോജക്ട് തിരിച്ചും സെമിനാറുകൾ നടത്തിയും പ്രസ്തുത പദ്ധതിയെക്കുറിച്ച് വിശദീകരിച്ചിരുന്നു. ഇതിന്റെ ഭാഗമായി പദ്ധതിയിലെ മാനദണ്ഡങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള റിവോൾവിംഗ് ഫണ്ട് നൽകുന്നതിനും ഉൾപ്പെടെയുള്ള മറ്റ് ആനുകൂല്യങ്ങൾ നൽകുന്നതിനായി 1,65,00,000 രൂപ 10 പ്രോജക്ട് ഓഫീസുകൾക്ക് അനുവദിച്ചിട്ടുണ്ട്. നാളികേര വികസന ബോർഡുമായി ചേർന്നുള്ള 102.79 ലക്ഷം രൂപയുടെ പ്രോജക്ടിന് തുക റിലീസ് ചെയ്തിട്ടുണ്ട്. കയർ വികസന ഡയറക്ടറുടെ നിയന്ത്രണത്തിൽ സംസ്ഥാനതലത്തിലും പ്രോജക്ട് ഓഫീസർമാരുടെ നിയന്ത്രണത്തിൽ പ്രോജക്ട് തലത്തിലുമാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം രൂപീകരിക്കേണ്ട-ചകിരി, കയർ എന്നിവയുടെ-വിലനിർണ്ണയ സമിതി രൂപീകരിച്ചു കൊണ്ട് 12-10-2015-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്.

**കയർ മേഖലയുടെ സംരക്ഷണം**

179 (1246) ശ്രീ. പി. തിലോത്തമൻ :

ശ്രീ. വി. ശശി :

ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര തൊഴിലാളികൾ കയർ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) കുറഞ്ഞ കൂലി നിരക്കും അസംസ്കൃത വസ്തുവായ തൊണ്ടിന്റെ ദൗർലഭ്യവും, തൊഴിലാളികളുടെ മോശമായ സാമൂഹിക സാമ്പത്തിക സ്ഥിതിയും കയർവ്യവസായത്തെ മൊത്തത്തിൽ പിന്നോട്ടടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കയർ മേഖലയെ സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കയർ തൊഴിലാളികൾക്കായുള്ള ഇൻകം-സപ്പോർട്ട് സ്കീം ഇപ്പോൾ നടപ്പാക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത സ്കീമിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കയർമേഖലയിൽ 3.75 ലക്ഷത്തോളം തൊഴിലാളികൾ ഉള്ളതായി കണക്കാക്കപ്പെടുന്നു. ഇതിൽ സഹകരണ മേഖലയിൽ ഏകദേശം 90000 ത്തോളം പേർക്ക് തൊഴിൽ ലഭിക്കുന്നുണ്ട്. സഹകരണ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെക്കാൾ കൂടുതൽ പേർ സ്വകാര്യമേഖലയിൽ പണിയെടുക്കുന്നുണ്ട്. ഇവരുടെ കൃത്യമായ കണക്ക് ലഭ്യമല്ല.

(ബി) തൊഴിലാളികളുടെ കൂലി പരിഷ്ക്കരിച്ചുകൊണ്ടുള്ള നടപടികൾ ഉണ്ടായിട്ടുണ്ട്. കയർപിരി മേഖലയിലെ തൊഴിലാളികൾക്ക് 300 രൂപയും ഉൽപ്പന്ന മേഖലയിലെ തൊഴിലാളികൾക്ക് 500 രൂപയും കൂലി നിശ്ചയിച്ചിട്ടുണ്ട്. കയർ മേഖലയിലെ ചകിരി ക്ഷാമം കയർ വ്യവസായത്തിൽ പ്രതികൂലമായ വസ്തുതയാണെന്ന വിലയിരുത്തലിന്റെ ഭാഗമായിട്ടാണ് ചകിരി സംസ്ഥാനത്തുതന്നെ

ഉൽപ്പാദിപ്പിക്കുവാൻ ഉതകുമാറ് "തൊണ്ടു സംഭരണവും ചകിരി ഉൽപ്പാദനവും" എന്ന പുതിയ പദ്ധതി സർക്കാർ പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്നു. കയർ മേഖലയെ സംരക്ഷിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികളും നടപ്പിലാക്കിവരുന്നു:

1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര/പ്രവർത്തന മൂലധനം നൽകുന്നു.
2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകിവരുന്നു.
3. കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (50% സംസ്ഥാന വിഹിതം) (എം.ഡി.എ.) നൽകിവരുന്നു.
4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻ മണി വായ്പ നൽകുന്നു.
5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ (Special Investment Subsidy) സബ്സിഡി നൽകിവരുന്നു.
6. കയർ വ്യവസായത്തിൽ നിയന്ത്രിത യന്ത്രവത്ക്കരണം നടപ്പിലാക്കുന്നു.
7. ഉത്പാദനവും വിപണന പ്രചോദനവും (പിഎംഐ) പദ്ധതിയിലൂടെ ആനുകൂല്യം നൽകിവരുന്നു.
8. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട് നൽകിവരുന്നു.
9. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു.
10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.
11. കയർ-ജിയോ ടെക്സ്റ്റയിൽസ് വികസന പരിപാടി നടപ്പിലാക്കുന്നു.

12. ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു.

13. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കിവരുന്നു.

(സി) ഇൻകം-സപ്പോർട്ട് സ്കീം നടപ്പിലാക്കിയിട്ടുണ്ട്. കയർ മേഖലയിലെ തൊഴിലാളികൾക്ക് അവരുടെ തൊഴിൽ ദിനങ്ങൾക്കനുസരിച്ച് ന്യായമായ കൂലി ലഭ്യമാക്കുന്നതിനുവേണ്ടിയാണ് ഈ പദ്ധതി നടപ്പിൽ വരുത്തിയത്.

**കയർ മേഖലയിലെ സമരങ്ങൾ**

180(1247) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയർ മേഖലയുമായി ബന്ധപ്പെട്ട് എത്ര സമരങ്ങൾ നടന്നിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സമരം നടത്തിയവരുമായി ചർച്ച നടത്തുകയോ കരാറിലേർപ്പെടുകയോ ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ കരാറിലെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വ്യവസ്ഥകളിൽ നാളിതുവരെ എത്രയെണ്ണം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്; അവ ഏതെല്ലാം; പൂർത്തീകരിക്കാൻ കഴിയാത്തവ ഏതെല്ലാം വിശദമാക്കുമോ?

ഉത്തരം

(എ) മൂന്നു സമരങ്ങൾ നടന്നിട്ടുണ്ട്.

1. കയർ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കണമെന്നാവശ്യപ്പെട്ട് കയർ തൊഴിലാളികൾ 2015 മാർച്ച് മാസം സെക്രട്ടറിയേറ്റിനുമുന്നിൽ രാപ്പകൽ സമരം നടത്തുകയുണ്ടായി.
2. വിവിധ ട്രേഡ് യൂണിയനുകൾ സംയുക്തമായി അമ്പലപ്പുഴ,

ചേർത്തല താലൂക്കുകളിൽ 3-8-2015-ന് സൂചനാ പണിമുടക്ക് നടത്തുകയും പിന്നീട് സെപ്റ്റംബർ 4 മുതൽ 14 വരെ സമരം ചെയ്യുകയുമുണ്ടായി.

3. കയർഫെഡ് ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട രണ്ട് സമരങ്ങൾ നടന്നിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) (A) കയർമേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കണമെന്നാവശ്യപ്പെട്ട് കയർ തൊഴിലാളികൾ 2015 മാർച്ച് മാസം സെക്രട്ടറിയേറ്റിനുമുന്നിൽ രാപ്പകൽ സമരം നടത്തുകയുണ്ടായി. തുടർന്നുള്ള ഒത്തുതീർപ്പ് വ്യവസ്ഥയിലുണ്ടായ തീരുമാനങ്ങൾ താഴെ ചേർക്കുന്നു.

1. കയർ സംഭരിച്ചതിൽ സംഘങ്ങൾക്ക് കയർഫെഡ് നൽകാനുള്ള 6.3 കോടി സർക്കാർ ഏപ്രിൽ 20-നകം നൽകും.
2. സംഘങ്ങളിൽ നിലവിൽ സ്റ്റോക്കുള്ള കയർ കയർഫെഡ് സംഭരിക്കും.
3. ഓരോ പ്രോജക്ടപ്രദേശത്തെയും കയർ ഇനത്തിന്റെ റണ്ണേജ്, ഗ്രേഡ് സംബന്ധിച്ച് സംഘങ്ങൾക്ക് നിർദ്ദേശം നൽകുന്നതിനായി കയർഫെഡ് പ്രോജക്ടുതലത്തിൽ യോഗം ചേരുന്നതാണ്. അതനുസരിച്ച് കയർപിരി സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയർ കയർഫെഡ് സംഭരിക്കുന്നതാണ്.
4. കയർ സംഭരിക്കുന്നതിനുള്ള വില നിശ്ചയിക്കുന്നതിനായുള്ള വിലനിർണ്ണയ കമ്മിറ്റി 3 മാസത്തിലൊരിക്കൽ കൂടുന്നതാണ്.
5. ക്രയവില സ്ഥിരതാ പദ്ധതിയുടെ കീഴിൽ ചെറുകിട ഉൽപ്പാദക സംഘങ്ങൾക്കും മാറ്റ്സ്&മാറ്റിംഗ്സ് സംഘങ്ങൾക്കും ആവശ്യമായ കയർ, കയർഫെഡ് കയർപിരി സംഘങ്ങളിൽ

നിന്നും സംഭരിച്ച നൽകേണ്ടതാണ്.

6. കയർ മേഖലയിലെ ആശ്വാസ ധനസഹായം സംബന്ധിച്ച് ഡിമാന്റ് യൂണിയനുകൾ ഉന്നയിച്ചു. കയർമേഖലയിൽ തൊഴിൽ രഹിതരായവരെക്കുറിച്ച് പഠനം നടത്തുന്നതിനായി സർക്കാർ ഒരു കമ്മിറ്റി രൂപീകരിക്കുന്നതാണ്.

7. പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് അവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിനും പ്രവർത്തന മൂലധനം നൽകുന്നതിനെക്കുറിച്ച് കയർ വകുപ്പ് സെക്രട്ടറി ഒരു മാസത്തിനകം റിപ്പോർട്ട് നൽകും.

8. കടാശ്വാസ പദ്ധതിയിൻകീഴിൽ 6 മാസത്തെ മോറട്ടോറിയം നൽകണമെന്ന ആവശ്യം സർക്കാർ പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

9. പിരിഞ്ഞുപോകുന്ന സഹകരണ സംഘം ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി നൽകണമെന്ന ആവശ്യം സർക്കാർ പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

10. കയർ സഹകരണ സംഘങ്ങളിൽ ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പാക്കുന്നതുസംബന്ധിച്ച് കയർ വകുപ്പ് സെക്രട്ടറി റിപ്പോർട്ട് നൽകും.

(B) സെപ്റ്റംബർ 4 മുതൽ 14 വരെ ആലപ്പുഴ കയർ പ്രോജക്ട് ഓഫീസിന്റെ പരിധിയിലുള്ള എല്ലാ കയർ മാറ്റ്സ് & മാറ്റിംഗ്സ് സഹകരണ സംഘങ്ങളിലെ തൊഴിലാളികളും ചെറുകിട ഉത്പാദക സംഘങ്ങളും കയറ്റുമതി സ്ഥാപനത്തിലെ തൊഴിലാളികളും നടത്തിയ സമരത്തെത്തുടർന്ന് അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിലെ കയർ മേഖല പൂർണ്ണമായും സ്തംഭിച്ച സാഹചര്യത്തിൽ 14-9-2015 ന് ആലപ്പുഴ ലേബർ ഡെപ്യൂട്ടി കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ വിവിധ തൊഴിലാളി യൂണിയൻ പ്രതിനിധികൾ, കയറ്റുമതിക്കാരുടെ പ്രതിനിധികൾ തുടങ്ങിയവരുമായി ചർച്ച നടത്തിയതിനെത്തുടർന്ന് താഴെപ്പറയുന്ന ഒത്തുതീർപ്പ

വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സമരം പിൻവലിക്കുകയുണ്ടായി.

1. നിത്യവേലക്കാരായ പുരുഷന്മാരുടെ അടിസ്ഥാന വേതനം നിലവിലുള്ള 2.583 രൂപയിൽ നിന്നും 8.55% വർദ്ധിപ്പിച്ച് 2.803 രൂപയാക്കി പുതുക്കി നിശ്ചയിച്ചു.

2. നിത്യവേലക്കാരായ സ്ത്രീ തൊഴിലാളികളുടെ അടിസ്ഥാന വേതനം നിലവിലുള്ള 2.16 രൂപയിൽനിന്നും 8.55% വർദ്ധിപ്പിച്ച് 2.34 രൂപയാക്കി പുതുക്കി നിശ്ചയിച്ചു.

3. സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് ദീർഘകാല കരാർ നിലവിലുള്ള ഇനം ജോലികൾക്ക് കൂലി വർദ്ധനവ് ഇപ്പോൾ വരുത്തേണ്ടതില്ലെന്നും ദീർഘകാല കരാർ അവസാനിക്കുന്നമുറയ്ക്ക് അവരുടെ വേതനം സംബന്ധിച്ച് ചർച്ച ചെയ്ത് കൂലി പുതുക്കി നിശ്ചയിക്കുന്നതുമാണ്. എന്നാൽ ദീർഘകാല കരാറിൽ ഉൾപ്പെട്ട തൊഴിലാളികളിൽ മിനിമം വേതനം ലഭിക്കാത്ത തൊഴിലാളികൾക്ക് മിനിമം വേതനം നൽകുന്നതുമാണ്.

4. പായ്നെയ്ത്ത് അനുബന്ധതൊഴിൽ, തടുക്ക് നെയ്ത്ത് അനുബന്ധതൊഴിൽ, കരാർ തൊഴിലുകൾ, ഫിനിഷിംഗ് മേഖല എന്നീ വിഭാഗം തൊഴിലുകൾക്കുകൂടി നിലവിലുള്ള അടിസ്ഥാന വേതനത്തിൽനിന്നും 8.55% വർദ്ധനവ് വരുത്തുന്നതാണ്.

5. കയർ വ്യവസായത്തിലെ മറ്റെല്ലായിനം തൊഴിലുകൾക്കും കൂലി 4% വർദ്ധിപ്പിച്ച് നൽകുന്നതാണ്.

6. ദീർഘകാല കരാറിൽ ഉൾപ്പെട്ടവർക്ക് വേതന വർദ്ധനവ് നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള വിഷയം ലേബർ കമ്മീഷണറുടെ പരിഗണനയ്ക്ക് വിടുന്നതിന് തീരുമാനിച്ചു.

7. ചെറുകിട ഉൽപ്പാദക മേഖലയിലെ ഉൽപ്പന്നവിലയും കയറേതര ഉൽപ്പന്നങ്ങളുടെ സർവ്വീസ് ചാർജ്ജും 15-9-2015 മുതൽ മുൻകാല പ്രാബല്യത്തിൽ വർദ്ധിപ്പിച്ച് നൽകുന്നതാണ്. ടി കാര്യങ്ങൾ പി.പി.എസ്.എസ്. പ്രകാരമുള്ള ഗ്രിവൻസ്

കമ്മിറ്റി 30-9-2015-ൽ വിളിച്ചുകൂട്ടി തീരുമാനിക്കേണ്ടതാണ്.

8. കൂലി വർദ്ധനവ് കേരള സംസ്ഥാനമൊട്ടാകെ ബാധകമാക്കുന്നതിനുവേണ്ട നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിക്കേണ്ടതാണെന്നും അതിന് യൂണിയനുകളുടെ പരിപൂർണ്ണ സഹകരണമുണ്ടാവുമെന്നും ഉറപ്പുനൽകി.

9. ടി കരാറിന് 15-9-2015 മുതൽ 14-9-2017 വരെ രണ്ട് വർഷക്കാലത്തേയ്ക്ക് പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. ടി ഒത്തുതീർപ്പ് വ്യവസ്ഥകളിൽ തീരുമാനമെടുക്കുന്നതിനായി ലേബർ കമ്മീഷണർ 12-10-2015-ൽ വിളിച്ചുചേർത്ത യോഗത്തിൽ കയർ മേഖലയിലെ കൂലി പുതുക്കി നിശ്ചയിച്ചത് അംഗീകരിക്കുക എന്നതായിരുന്നു പ്രധാന അജണ്ട.

യോഗം താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു :

1. കൂലി വർദ്ധന നടപ്പിലാക്കുമ്പോൾ 2015 ആഗസ്റ്റ് മാസത്തെ ക്ഷാമബത്ത അടിസ്ഥാന ക്ഷാമബത്തയായി നിശ്ചയിച്ച് വർദ്ധന നൽകണമെന്ന ഭേദഗതിയോടെ 14-9-2015 ലെ കരാർ അംഗീകരിച്ചു. കൂടാതെ കൂലി വർദ്ധനവ് സംസ്ഥാനത്ത് എല്ലായിടത്തും ഒരുപോലെ നടപ്പിൽ വരുത്തണം. ഇതു സംബന്ധിച്ച് ട്രേഡ് യൂണിയനുകൾ ബന്ധപ്പെട്ട ഘടകങ്ങൾക്ക് നിർദ്ദേശം നൽകണമെന്നും തൊഴിൽ വകുപ്പിലെ ജില്ലാതല ഓഫീസർമാർ ഇത് പരിശോധിക്കണമെന്നും 'കില' നടത്തുന്ന പഠനത്തിൽ താഴെപ്പറയുന്ന വിഷയങ്ങൾകൂടി ഉൾപ്പെടുത്തണം.

   (a) കയർ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം

   (b) വ്യത്യസ്ത തരത്തിലുള്ള ഉൽപ്പന്നങ്ങളുടെ ഉൽപ്പന്നത്തിലെ അനുപാതം

   (c) ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം

2. യൂണിയൻ പ്രതിനിധികൾക്കും തൊഴിലാളികൾക്കും വേണ്ടി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തണം.

3. തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ മികച്ച വ്യവസായ സംരംഭകനും തൊഴിലാളി സംഘടനകൾക്കും

വ്യവസായ സമാധാനം, തൊഴിൽ മേഖലയിലെ ഇടപെടൽ, തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്നത് എന്നിവ പരിഗണിച്ച് ഒരു അവാർഡ് ഏർപ്പെടുത്തണം.

(c) കയർഫെഡ് ജീവനക്കാരുടെ സമരകാലയളവ് അർഹതപ്പെട്ട അവധി/ലീവ് നോട്ട് ഡ്യൂ ആയി പരിഗണിക്കണമെന്നും സർക്കാരിനുനൽകിയ പ്രൊപ്പോസൽ ഉത്തരവായി വരുന്നതിനു വിധേയമായി പുനഃക്രമീകരിക്കും എന്ന വ്യവസ്ഥയിൽ സർക്കാരിലേയ്ക്ക് നൽകിയ പ്രൊപ്പോസൽ പ്രകാരമുള്ള ശമ്പള പരിഷ്കരണം നടത്തണം എന്നതുമാണ് പ്രധാന വ്യവസ്ഥ.

(ഡി) (A) കയർ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കണമെന്നാവശ്യപ്പെട്ട് കയർ തൊഴിലാളികൾ 2015 മാർച്ച് മാസം സെക്രട്ടറിയേറ്റിനുമുന്നിൽ രാപ്പകൽ സമരം നടത്തുകയുണ്ടായി. തുടർന്നുണ്ടായ കരാർ വ്യവസ്ഥയിൽ പൂർത്തീകരിക്കാൻ കഴിഞ്ഞവ:

1. കയർഫെഡ് സംഘങ്ങൾക്ക് നൽകുവാനുണ്ടായിരുന്ന 6.5 കോടി രൂപ സർക്കാർ അനുവദിച്ചുനൽകി.
2. കയർ തൊഴിലാളികൾക്ക് കടാശ്വാസ പദ്ധതിയിൻകീഴിൽ 6 മാസത്തെ മൊറട്ടോറിയം പ്രഖ്യാപിച്ച് സർക്കാർ ഉത്തരവായി.
3. സംഘങ്ങളിൽ സ്റ്റോക്കുള്ളതും ഉൽപ്പാദിപ്പിക്കുന്നതുമായ കയർ കയർഫെഡ് സംഭരിച്ചുവരുന്നു.

(B) സെപ്റ്റംബർ 4 മുതൽ 14 വരെ ആലപ്പുഴ കയർ പ്രോജക്ട് ഓഫീസിന്റെ പരിധിയിലുള്ള എല്ലാ കയർ മാറ്റ്സ് & മാറ്റിംഗ്സ് സഹകരണ സംഘങ്ങളിലെ തൊഴിലാളികളും ചെറുകിട ഉൽപാദക സംഘങ്ങളും കയറ്റുമതി സ്ഥാപനത്തിലെ തൊഴിലാളികളും നടത്തിയ സമരത്തിലെ ഒത്തുതീർപ്പ് വ്യവസ്ഥയിൽ പൂർത്തീകരിക്കാൻ കഴിഞ്ഞവ:

1. നിത്യവേലക്കാരായ പുരുഷന്മാരുടെ അടിസ്ഥാന വേതനം നിലവിലുള്ള 2.583 രൂപയിൽ നിന്നും 8.55% വർദ്ധിപ്പിച്ച് 2.803 രൂപയാക്കി പുതുക്കി നിശ്ചയിച്ചു.
2. നിത്യവേലക്കാരായ സ്ത്രീ തൊഴിലാളികളുടെ അടിസ്ഥാന

വേതനം നിലവിലുള്ള 2.16 രൂപയിൽനിന്നും 8.55% വർദ്ധിപ്പിച്ച് 2.34 രൂപയാക്കി പുതുക്കി നിശ്ചയിച്ചു.

3. കയർ ഉൽപ്പന്നമേഖലയിലെ കൂലി 360 രൂപയിൽനിന്നും 500 രൂപയായി വർദ്ധിപ്പിച്ചു.

(C) കയർഫെഡിന്റെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം സർക്കാർ പരിശോധിച്ചുവരികാണ്.

പൂർത്തീകരിക്കാൻ കഴിയാത്തവ :

കയർ വ്യവസായത്തിലെ തൊഴിലാളി യൂണിയനുകൾ ഉന്നയിച്ച മറ്റ് ആവശ്യങ്ങളായ തൊഴിൽരഹിതരായവരെക്കുറിച്ച് പഠനം, പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് അവയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിനാവശ്യമായ പ്രവർത്തന മൂലധനം നൽകുക, കയർ സംഘം ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി, പെൻഷൻ പദ്ധതി നടപ്പിലാക്കുക എന്നീ ആവശ്യങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്.

**വിദേശയാത്രകൾ**

181(1248) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വകുപ്പ് ഡയറക്ടറും, വകുപ്പ് സെക്രട്ടറിയും സർക്കാർ ചെലവിൽ വിദേശ യാത്ര നടത്തിയിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം കയർ വകുപ്പ് ഉദ്യോഗസ്ഥന്മാർ ഓരോ വർഷവും സർക്കാർ ചെലവിൽ നടത്തിയ വിദേശ യാത്രകൾ എത്രയാണ്; ഏതെല്ലാം രാജ്യങ്ങളിൽ എത്ര തവണ സന്ദർശനം നടത്തുകയുണ്ടായി;

(സി) പ്രസ്തുത വിദേശ സന്ദർശനങ്ങൾക്കെല്ലാം കൂടി ഖജനാവിൽ നിന്നും ഓരോ വർഷവും ചെലവഴിക്കപ്പെട്ട ആകെ തുക എത്ര?

ഉത്തരം

(എ) വിവിധ അന്താരാഷ്ട്ര മേളകളിൽ പങ്കെടുക്കുന്നതിലേക്കായി കയർ വകുപ്പ് ഡയറക്ടറും വകുപ്പ് സെക്രട്ടറിയും സർക്കാർ ചെലവിൽ വിദേശയാത്ര നടത്തിയിട്ടുണ്ട്.

(ബി) കയർ വകുപ്പിലെ വിവിധ തലത്തിൽപ്പെട്ട ഉദ്യോഗസ്ഥൻമാർ 2011-12

മുതൽ 2015-16 വരെ വിവിധ അന്താരാഷ്ട്ര മേളകളിൽ പങ്കെടുക്കുന്നതിലേക്കായി നടത്തിയ വിദേശ യാത്രകളുടെ വിവരം താഴെ കൊടുത്തിരിക്കുന്നു :

| വർഷം | യാത്രകളുടെ എണ്ണം | രാജ്യങ്ങൾ | എത്ര തവണ |
|---|---|---|---|
| 2011-12 | 7 | ദുബായ്, ചൈന, ഹോങ്കോങ്, നെതർലാൻഡ്, സൗത്ത് ആഫ്രിക്ക, ജർമനി, യു.എസ്.എ. | ഓരോ തവണ |
| 2012-13 | 8 | ബ്രസീൽ, ദുബായ്, ജപ്പാൻ, ചൈന, ഇസ്താംബൂൾ, ഓസ്ട്രേലിയ, സൗത്ത് ആഫ്രിക്ക, യു.എസ്.എ | ഓരോ തവണ |
| 2013-14 | 4 | യു.എസ്.എ.,റഷ്യ, സ്പെയിൻ, കസാക്കിസ്ഥാൻ | ഓരോ തവണ |
| 2014-15 | - | - | - |
| 2015-16 | 5 | മെക്സിക്കോ,യു.കെ., ഹോങ്കോങ്, ഓസ്ട്രേലിയ, ജർമനി | ഓരോ തവണ |

(സി) പ്രസ്തുത അന്താരാഷ്ട്ര മേളകളിൽ പങ്കെടുക്കുന്നതിലേയ്ക്കായി നടത്തിയ വിദേശ യാത്രകൾക്ക് ഖജനാവിൽനിന്നും ഓരോ വർഷവും ചിലവഴിക്കപ്പെട്ട തുകയുടെ വിവരം താഴെ കൊടുത്തിരിക്കുന്നു:

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2011-12 | 25,62,943 |
| 2012-13 | 26,97,883 |
| 2013-14 | 30,42,667 |
| 2014-15 | - |
| 2015-16 | 20,86,355 |

(കണക്കുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല)

**കയർ മേഖലയുടെ വികസനം**

182(1249) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർമേഖലയുടെ വികസനത്തിനും ഈ മേഖലയിൽ ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ ക്ഷേമത്തിനുമായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാം;

(ബി) പ്രസ്തുത പദ്ധതികൾക്കായി ഓരോ ബഡ്ജറ്റിലും വകയിരുത്തിയ തുകയെത്ര; പദ്ധതികളുടെ നടത്തിപ്പിനായി ഇതിനകം പിൻവലിക്കപ്പെട്ട തുകയെത്ര;

(സി) കഴിഞ്ഞ അഞ്ച് വർഷമായി പ്രഖ്യാപിക്കപ്പെട്ടതും എന്നാൽ നടപ്പിലാക്കാൻ കഴിയാത്തതുമായ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; ഇതിനായി ഇതുവരെ എന്ത് തുക ചെലവാക്കിയിട്ടുണ്ട് എന്നറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കയർ മേഖലയുടെ വികസനത്തിനും ഈ മേഖലയിൽ ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ ക്ഷേമത്തിനുമായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

2011-12

നിലവിൽ തുടർന്നുവരുന്ന പദ്ധതികളോടൊപ്പം കയർ തൊഴിലാളികൾക്ക് നേരിടുന്ന ധനസഹായം പദ്ധതിക്കായി 50 ലക്ഷം രൂപ പ്രഖ്യാപിച്ചു.

2012-13

നിലവിൽ തുടർന്നുവരുന്ന പദ്ധതികളോടൊപ്പം ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.

കയർ കേരള 2013 സംഘടിപ്പിക്കുന്നതിന് 2 കോടി രൂപ പ്രഖ്യാപിച്ചു. വിനോദസഞ്ചാരമേഖലയുമായി സമന്വയിപ്പിച്ച് പൊതു-സ്വകാര്യ മേഖലാ പങ്കാളിത്ത രീതിയിൽ രൂപം നൽകുന്ന കയർ ഗ്രാമത്തിന്റെ നിർമ്മാണത്തിനായി ആദ്യപടിയായി 10 ലക്ഷം രൂപ പ്രഖ്യാപിച്ചു. ആഭരണങ്ങൾ, ബാഗ്, ഫയലുകൾ തുടങ്ങി വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളും അലങ്കാര വസ്തുക്കളും നിർമ്മിക്കുന്ന പദ്ധതി രൂപപ്പെടുത്തും. ഇത്തരം ഉൽപ്പന്നങ്ങളുടെ നിർമ്മാണം വിപണനം എന്നിവയ്ക്കായി 50 ലക്ഷം രൂപ പ്രഖ്യാപിച്ചു.

2013-14

നിലവിൽ തുടർന്നുവരുന്ന പദ്ധതികളോടൊപ്പം ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.

ആലപ്പുഴയിൽ ഒരു കയറ്റുമതി സംസ്കരണ പാർക്ക് സ്ഥാപിക്കുന്നതിനായി 5 കോടി രൂപ പ്രഖ്യാപിച്ചു.

കയർ വകുപ്പിന്റെ ആഭിമുഖ്യത്തിൽ CIAL മാതൃകയിൽ അന്തർദ്ദേശീയ നിലവാരമുള്ള ഒരു സ്ഥിരം എക്സിബിഷൻ സെന്റർ സ്ഥാപിക്കുന്നതിനായി ഒരു കോടി രൂപ പ്രഖ്യാപിച്ചു.

ബഡ്ജറ്റ് പ്രസംഗത്തിൽ കയർ മേഖലയിൽ നൂതന ആശയങ്ങൾ പ്രയോജനപ്പെടുത്തി പുതിയ സാങ്കേതിക വിദ്യകളും ഉൽപ്പന്നങ്ങളും വികസിപ്പിക്കുന്നതിനുവേണ്ടി ഒരു ഇന്നവേഷൻ ഫണ്ടും നൂതന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പുതിയ ബിസിനസ് സംരംഭങ്ങളെ സഹായിക്കുന്നതിനായി ഒരു കയർ ഇൻകുബേഷൻ സെല്ലും രൂപീകരിക്കുന്നതിനായി 20 ലക്ഷം രൂപ പ്രഖ്യാപിച്ചു.

2014-15

ബഡ്ജറ്റ് പ്രസംഗത്തിൽ പദ്ധതികൾ ഒന്നുംതന്നെ പ്രഖ്യാപിച്ചിട്ടില്ല.

2015-16

കയർ ഉൽപ്പാദനത്തിനുവേണ്ടുന്ന ചകിരിനാരിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനായി പി.പി.പി. അടിസ്ഥാനത്തിൽ കേന്ദ്രീകൃത ഫാക്ടറി യൂണിറ്റുകൾ ആരംഭിക്കുന്ന പദ്ധതി പ്രഖ്യാപിച്ചു.

പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ നേടുന്ന കയർ തൊഴിലാളികളുടെ കുട്ടികൾക്കായി ഒരു കോടി രൂപ വകയിരുത്തിയിരുന്നു.

(ബി) 2011-12 മുതൽ 2015-16 വരെയുള്ള കാലയളവിലെ പദ്ധതി വിഹിതവും ഖജനാവിൽനിന്നും പിൻവലിക്കപ്പെട്ട തുകയുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു:

1. 2011-12 മുതൽ 2015-16 വരെയുള്ള കാലയളവിലെ പദ്ധതി വിഹിതം

| വർഷം | പദ്ധതി വിഹിതം | ഖജനാവിൽനിന്നുംപിൻവലിക്കപ്പെട്ട തുക |
|---|---|---|
| 2011-12 | 90,05,01,000 | 89,97,49,884 |
| 2012-13 | 1,04,70,00,000 | 1,02,38,39,301 |
| 2013-14 | 1,16,37,00,000 | 71,40,75,429 |
| 2014-15 | 1,21,93,90,000 | 64,35,44,632 |
| 2015-16 | 1,16,95,00,000 | 47,55,67,601 (31-1-2016 വരെ) |

2. <u>2011-12 മുതൽ 2015-16 വരെയുള്ള കാലയളവിലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള തുകയും വിനിയോഗവും</u>

<u>2011-12</u>

2011-12 വർഷത്തിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 'കയർ തൊഴിലാളികൾക്ക് നേരിട്ടുള്ള ധനസഹായധനം' പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. 2011-12 വർഷത്തിൽ കയർതൊഴിലാളികൾക്ക് നേരിട്ടുള്ള ധനസഹായം പദ്ധതിക്കായി വകയിരുത്തിയ 50 ലക്ഷം രൂപ, ഏകദേശം 66000 വരുന്ന കയർ തൊഴിലാളികളുടെ പെൻഷൻ, മാച്ചിംഗ് ഗ്രാന്റ്, മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്കായി റീ-അപ്രോപ്രിയേറ്റ് ചെയ്ത് അതേ ആവശ്യത്തിനായി വിനിയോഗിച്ചു.

<u>2012-13</u>

കയർ കേരള 2013 സംഘടിപ്പിക്കുന്നതിന് 2 കോടി രൂപയും ആഭരണങ്ങൾ, ബാഗ്, ഫയലുകൾ തുടങ്ങി വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളും, അലങ്കാര വസ്തുക്കളും നിർമ്മിക്കുന്ന പദ്ധതിക്കായി 40,16,650 ലക്ഷം രൂപയും ചെലവഴിച്ചു.

2013-14

ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾക്കായി തുക ചെലവഴിച്ചിട്ടില്ല.

2014-15

2013-14 ബഡ്ജറ്റിൽ പ്രഖ്യാപിച്ച കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന കയർ കയറ്റുമതി സംസ്കരണ പാർക്കിന് 2013-14 വർഷം തുക വകയിരുത്താത്തതിനാൽ 2014-15 വർഷം 495.16 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതിക്കായി തുക കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് റിലീസ് ചെയ്ത് നൽകുകയും ചെയ്തു.

2015-16

കയർ മേഖലയിൽ നൂതനാശയങ്ങൾ പ്രയോജനപ്പെടുത്തി പുതിയ സാങ്കേതിക വിദ്യകളും ഉൽപ്പന്നങ്ങളും വികസിപ്പിക്കുന്നതിനുവേണ്ടി ഒരു ഇന്നവേഷൻ ഫണ്ട്, നൂതന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പുതിയ ബിസിനസ് സംരംഭങ്ങളെ സഹായിക്കുന്നതിനായി കയർ ഇൻകുബേഷൻ സെൽ രൂപീകരിക്കുന്നതാണെന്നും 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നെങ്കിലും ഇതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല. 2014-15 വർഷം മേൽ പദ്ധതിക്ക് 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും 2015-16 വർഷം തുക എൻ.സി.ആർ.എം.ഐ.-ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) 2011-12 വർഷത്തിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കയർ "തൊഴിലാ ളികൾക്ക് നേരിട്ടുള്ള ധനസഹായധനം "പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. 2012-13 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച മാതൃക കയർ ഗ്രാമം സ്ഥാപിക്കൽ എന്ന പദ്ധതിയും 2013-14-ൽ കയർ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സി.ഐ.എ.എൽ. മാതൃകയിൽ അന്തർ ദേശീയ നിലവാരമുള്ള ഒരു സ്ഥിരം എക്സിബിഷൻ സെന്റർ സ്ഥാപിക്കുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടില്ല. 2015-16-ൽ പ്രഖ്യാപിച്ച കയർ ഉൽപ്പാദനത്തിനുവേണ്ടുന്ന ചകിരിനാരിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനായി പി.പി.പി അടിസ്ഥാനത്തിൽ കേന്ദ്രീകൃത ഫാക്ടറി യൂണിറ്റുകൾ ആരംഭിക്കുന്ന പദ്ധതി പരിശോധിച്ചുവരുന്നു. പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ നേടുന്ന കയർ തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിക്കുന്ന പദ്ധതി കയർ തൊഴിലാളി ക്ഷേമനിധി

ബോർഡ് വഴി നടപ്പിലാക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ 2015-16-ൽ പ്രഖ്യാപിച്ച പ്രൊഫഷണൽ കോഴ്സുകൾക്ക് അഡ്മിഷൻ നേടുന്ന കയർ തൊഴിലാളികളുടെ കുട്ടികൾക്കായി ഒരു കോടി രൂപ വകയിരുത്തിയ പദ്ധതിയും നടപ്പിലാക്കുവാൻ സാധിച്ചില്ല.

**ജനസമ്പർക്ക പരിപാടി**

183(1250) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടിയിൽ ഭക്ഷ്യ വകുപ്പുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രഖ്യാപനങ്ങൾ എന്തെല്ലാം; വ്യക്തമാക്കാമോ;

(ബി) ബഡ്ജറ്റ് പ്രഖ്യാപനങ്ങളിൽ ഉൾപ്പെടാത്ത എത്ര പദ്ധതികൾ ഇവയിലുണ്ട് ; വ്യക്തമാക്കാമോ; എങ്കിൽ, ഇവയുടെ നടത്തിപ്പിന് ആവശ്യമായ തുക നിയമസഭയിൽ ഉപധനാഭ്യർത്ഥനയിലൂടെ പാസാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(സി) പ്രഖ്യാപിക്കപ്പെട്ട പദ്ധതിയിൽ നടപ്പിലാക്കാനും പൂർത്തീകരിക്കാനും സാധിക്കാത്ത എത്ര പദ്ധതികൾ ഉണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ഭക്ഷ്യ വകുപ്പുമായി ബന്ധപ്പെട്ട് പ്രഖ്യാപനങ്ങൾ ഒന്നും നടത്തിയിട്ടില്ല. എന്നാൽ എ.പി.എൽ. കാർഡുകൾ ഉള്ള അർഹരായ കാർഡുടമകൾക്ക് ബി.പി.എൽ. കാർഡുകൾ ജനസമ്പർക്ക പരിപാടിയിലൂടെ നൽകിയിട്ടുണ്ട്.

**റേഷൻ അരി ഒരു രൂപയ്ക്ക് നൽകുന്ന പദ്ധതി**

184(1251) <u>ശ്രീ. കെ. എസ്. ശബരീനാഥൻ :</u>
<u>ശ്രീ. ഷാഫി പറമ്പിൽ :</u>
<u>ശ്രീ. എം. പി. വിൻസെന്റ് :</u>
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ അരി ഒരു രൂപയ്ക്ക് നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേനെ കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് കിലോയ്ക്ക് ഒരു രൂപ നിരക്കിലുള്ള അരി വിതരണം 2011 സെപ്തംബർ 1 മുതൽ ആരംഭിച്ചു.

(ബി) വിലക്കയറ്റം തടയുന്നതിനും സമൂഹത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ബി.പി.എൽ., എ.എ.വൈ. വിഭാഗങ്ങൾക്ക് ഒരു രൂപയ്ക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തുന്നതിനും സാധിച്ചു.

(സി) അർഹരായ ആദിവാസി കുടുംബങ്ങളേയും പ്രാചീന ഗോത്ര വർഗ്ഗ കുടുംബങ്ങളേയും ഏറ്റവും ദരിദ്രരിൽ ദരിദ്രരായ വിഭാഗങ്ങളെയും എ.എ.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി കാർഡ് നൽകുന്നുണ്ട്. എ.എ.വൈ. പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് പ്രതിമാസം 35 കിലോഗ്രാം അരി വീതം ഒരു രൂപ നിരക്കിൽ നൽകിവരുന്നു. ബി.പി.എൽ. വിഭാഗത്തിൽ 'ആശ്രയ' പദ്ധതിയിൽ അംഗമായിട്ടുള്ളവർ, മാനസികവും ശാരീരികവുമായി വൈകല്യമുള്ളവർ, ഓട്ടിസം ബാധിച്ചവർ, വിധവകൾ, എയ്ഡ്സ് രോഗികൾ, ക്യാൻസർ രോഗികൾ, ഡയാലിസിസിനു വിധേയമായവർ എന്നീ വിഭാഗങ്ങളിൽപ്പെട്ടവരേയും ദാരിദ്ര്യ രേഖയ്ക്ക് താഴെ വരുന്ന എല്ലാവരേയും ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുത്തി പ്രതിമാസം 25 കിലോഗ്രാം അരി ഒരു രൂപ നിരക്കിൽ നൽകിവരുന്നു.

**റേഷൻ കാർഡ് പുതുക്കൽ**

185(1252) ശ്രീ. കെ. മുരളീധരൻ :

ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതകളെ കാർഡുടമകളാക്കി റേഷൻ കാർഡ് പുതുക്കി നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം കുടുംബത്തിലെ മുതിർന്ന വനിതയാണ് കാർഡുടമ. പ്രസ്തുത നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വനിതകളെ കാർഡുടമകളാക്കി റേഷൻകാർഡ് പുതുക്കി നൽകുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(ബി) സ്ത്രീശാക്തീകരണമാണ് ഇതുവഴി ലക്ഷ്യമാക്കുന്നത്.

(സി) ഈ പദ്ധതി നടപ്പിലാക്കാനായി ഫോട്ടോ ക്യാമ്പുകൾ സംഘടിപ്പിച്ച് ഓരോ കുടുംബത്തിലെയും മുതിർന്ന വനിതയുടെ ഫോട്ടോ എടുത്തിട്ടുണ്ട്. പുതിയ റേഷൻ കാർഡിൽ കുടുംബത്തിലെ മുതിർന്ന വനിതയായിരിക്കും കാർഡുടമ. വനതകളില്ലാത്ത കുടുംബത്തിൽ ഗൃഹനാഥനായിരിക്കും കാർഡുടമ.

## കെ.എസ്.സി.എസ്.സി.-യുടെ പെട്രോൾ/ഡീസൽ പമ്പ്

186(1253) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് മണ്ഡലത്തിൽ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഉടമസ്ഥതയിലുള്ള ഒരു പെട്രോൾ/ഡീസൽ പമ്പ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

പെട്രോൾ/ഡീസൽ പമ്പുകൾ ആരംഭിക്കുന്നത് ഓയിൽ കമ്പനികളാണ്. ഓയിൽ

കമ്പനികൾ അപേക്ഷ ക്ഷണിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**പഴം, പച്ചക്കറി സംഭരണവും സംസ്കരണവും**

187(1254) ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഴം, പച്ചക്കറി, സംഭരണത്തിനും സംസ്കരണത്തിനും കർമ്മ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) പഴവർഗ്ഗങ്ങളും പച്ചക്കറികളും ശീതികരിച്ചും ഉണക്കിയും ദീർഘകാലം സൂക്ഷിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ട് എറണാകുളം ജില്ലയിലെ ഇലഞ്ഞിയിൽ ഒരു പഴം പച്ചക്കറി ശീതികരണ സംസ്കരണ ശാലയുടെ നിർമ്മാണം നടന്നുവരുന്നു. ഇതുവഴി ഇവയുടെ വില നിയന്ത്രിക്കുന്നതിനും കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പദ്ധതി നടപ്പാക്കുന്നതിനായി 12.31 കോടി രൂപയുടെ ഭരണാനുമതി നൽകുകയും 3.10 കോടി രൂപ ഇതുവരെ സംസ്ഥാന സർക്കാർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ APEDA (Agricultural and Processed Food Products Export Development Authority) നൽകാമെന്ന് അറിയിച്ച 7.35 കോടി രൂപയിൽ 3.67 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്.

## പൊതുവിതരണ രംഗത്ത് കമ്പ്യൂട്ടർവൽക്കരണ പദ്ധതി

188(1255) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതു വിതരണ രംഗത്ത് കമ്പ്യൂട്ടർവത്കരണത്തിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതുപ്രകാരം റേഷൻ കടകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാ റേഷൻ കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുന്നതിനും റേഷൻ കടകളിൽ നടക്കുന്ന എല്ലാ ഇടപാടുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. റേഷൻ കടകളിലെത്തുന്ന ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിന് ആധാർ അല്ലെങ്കിൽ സ്മാർട്ട് കാർഡ്/ബാർകോഡ് പോലുള്ള ബദൽ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പദ്ധതി പൂർണ്ണ തോതിൽ നടപ്പാക്കുമ്പോൾ ഓരോ ഗുണഭോക്താവിനെയും ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് അർഹമായ വിഹിതം കൃത്യമായി ലഭിക്കുന്നുണ്ട് എന്നുറപ്പ് വരുത്താൻ സാധിക്കും. റേഷൻ കടകളിൽ ഡോർ ഡെലിവറി മുഖേന എഫ്.സി.ഐ.-യിൽനിന്നും എ.ആർ.ഡി.-കളിലേക്ക് റേഷൻ സാധനങ്ങൾ എത്തിക്കും. ഓരോ ഗുണഭോക്താവിനും റേഷൻ സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ തത്സമയം തന്നെ ഉദ്യോഗസ്ഥതലത്തിലും പൊതുജനങ്ങൾക്കും വിവരങ്ങൾ ലഭ്യമാകത്തക്ക വിധം ട്രാൻസ്പാരൻസി പോർട്ടൽ

സജ്ജമാകും. പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കാനും സമയബന്ധിതമായി പരാതി പരിഹരിക്കുവാനും പരാതിയുടെ തത്സ്ഥിതി നിരീക്ഷിക്കാനും പരാതിക്കാരനും ഉദ്യോഗസ്ഥർക്കും സാധിക്കത്തക്ക വിധം ഒരു സുതാര്യമായ പരാതി പരിഹാര സംവിധാനം നിലവിൽ വരും. ഓരോ മേഖലയിലെയും സ്റ്റോക്കിന്റെ സ്ഥിതി, റേഷൻ സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളുടെ സഞ്ചാരം തുടങ്ങിയവ പോർട്ടലിലൂടെ തത്സമയം അറിയുന്നതിനായി ഒരു Decision Support System (DSS) നിലവിൽ വരും. ഇപ്രകാരം ഓരോ കണ്ണിയും പരസ്പരം യോജിപ്പിച്ചുകൊണ്ട് സുതാര്യമായ ഒരു പൊതുവിതരണ സംവിധാനം നിലവിൽ വരും.

(സി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് വകുപ്പുതലത്തിൽ തയ്യാറാക്കിയ വിശദമായ പ്രോജക്ട് പ്രൊപ്പോസലിന് (DPR) മന്ത്രിസഭയുടെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി വിവിധ തലങ്ങളിലുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ State Apex Committee, വിവിധ വിഷയങ്ങൾ പരിഗണിച്ച് സംസ്ഥാന മന്ത്രിസഭയ്ക്ക് മുമ്പാകെ വിഷയങ്ങൾ സമർപ്പിക്കുന്നു. സംസ്ഥാന ഭക്ഷ്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ SPeMT (State Project e-Mission Team) രൂപവൽക്കരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയിൽ ധനകാര്യ വകുപ്പ്, ഐ.ടി. വകുപ്പ്, ഐ.ടി മിഷൻ, SPeMT, എൻ.ഐ.സി., WFP തുടങ്ങിയവയുടെ പ്രതിനിധികൾ അംഗങ്ങളാണ്. വിവിധ വിഷയങ്ങളിൽ അപെക്സ് കമ്മിറ്റിക്ക് ശിപാർശ നൽകുന്നത് SpeMT-യാണ്. NICSI മുഖേന നിയമിക്കപ്പെട്ടിട്ടുള്ള കമ്പ്യൂട്ടർ പ്രോഗ്രാമർമാരുൾപ്പെടുന്ന ഒരു പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിനേയും (PIU) ഡാറ്റാബേസ് കൈകാര്യം ചെയ്യുന്നതിന് Postgre SQL ഡാറ്റാബേസ് വിഭാഗത്തേയും നിയമിച്ചിട്ടുണ്ട്. വേൾഡ് ഫുഡ് പ്രോഗ്രാമിന്റെ (WFP) ഉപദേശക സഹായം പ്രാജക്ടിന് ലഭ്യമാണ്. കൂടാതെ 3-10-2015-ലെ സ.ഉ. (കൈ)നം.25/15/ഭ.സി.സ.വ പ്രകാരം കെൽട്രോണിനെ സിസ്റ്റം ഇന്റഗ്രേറ്ററായി നിയമിച്ചിട്ടുണ്ട്. പദ്ധതിയുടെ മോഡൽ പൈലറ്റ് പ്രോജക്ടിനോടനുബന്ധിച്ച് എറണാകുളം, തിരുവനന്തപുരം ജില്ലകളിലെ 22 റേഷൻ കടകളിൽ ഇ-പോസ്

മെഷീൻ സ്ഥാപിക്കുകയും പദ്ധതി വിജയകരമായി പൂർത്തിയാക്കിവരികയും ചെയ്യുന്നു. 2015 ആഗസ്റ്റ് 19- ന് തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംപാറയിലെ എ.ആർ.ഡി. 32-ൽ ഇ-പോസ് മെഷീൻ സ്ഥാപിച്ചുകൊണ്ടാണ് മോഡൽ പൈലറ്റ് പദ്ധതി ആരംഭിച്ചത്.

**പുതിയ റേഷൻ കാർഡ് വിതരണം**

189(1256) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതിയ റേഷൻ കാർഡുകൾ എന്ന് മുതലാണ് വിതരണം ചെയ്യുന്നത്; കാർഡുകൾ നിർമ്മിച്ചുനൽകുന്നതിനുള്ള ചുമതല ഏത് സ്ഥാപനത്തെയാണ് ഏൽപ്പിച്ചിരിക്കുന്നത്; ഒരു റേഷൻകാർഡിന് ചെലവ് എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

മറ്റ് സാങ്കേതിക തടസ്സങ്ങൾ ഇല്ലെങ്കിൽ 2016 ഏപ്രിൽ 1-ന് മുമ്പ് റേഷൻ കാർഡുകൾ വിതരണം ചെയ്യാൻ കഴിയും. റേഷൻ കാർഡ് പുതുക്കലിന്റെ ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡറായി സി-ഡിറ്റിനെയാണ് നിയോഗിച്ചിട്ടുള്ളത്. റേഷൻ കാർഡിന്റെ ഇന്നർ ഷീറ്റുകൾ അച്ചടിച്ച് നൽകുന്നത് കേരള ബുക്ക് ആന്റ് പബ്ലിക്കേഷൻസ് ആണ്. സി-ഡിറ്റ്, കുടുംബശ്രീ, അക്ഷയ എന്നീ ഏജൻസികളാണ് ഡേറ്റാ എൻട്രി നടത്തിയിട്ടുള്ളത്. ഒരു റേഷൻ കാർഡ് അച്ചടിക്കുന്നതിന് ഏകദേശം 80 രൂപ ചെലവ് വരും. ഗുണഭോക്താവിൽനിന്ന് എത്ര തുക ഈടാക്കണമെന്ന് തീരുമാനിച്ചിട്ടില്ല. ഇപ്പോൾ നിലവിലുള്ള റേഷൻ കാർഡ് പുതിയ കാർഡ് ലഭിക്കുന്നതുവരെ ഉപയോഗിക്കാം. ഇതിൽ എല്ലാ ആനുകൂല്യവും ലഭിക്കും.

**പുതിയ റേഷൻ കാർഡ് വിതരണം**

190(1257) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡ് വിതരണം സംബന്ധിച്ച് എന്ത് അനിശ്ചിതത്വമാണ് നിലനില്ക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) പുതിയ റേഷൻ കാർഡ് വിതരണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) റേഷൻ കാർഡ് വിതരണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ തടസ്സം എന്താണ് എന്ന് വ്യക്തമാക്കാമോ ;

(ഡി) പുതിയ കാർഡ് പരിപൂർണ്ണമായും തെറ്റുകൾ ഇല്ലാത്തതാണെന്ന് ഉറപ്പാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) പുതിയ റേഷൻ കാർഡ് വിതരണം സംബന്ധിച്ച് അനിശ്ചിതത്വങ്ങൾ ഒന്നും നിലവിലില്ല. മറ്റ് സാങ്കേതിക തടസ്സങ്ങളില്ലെങ്കിൽ പുതിയ കാർഡുകൾ 1-4-2016-ന് മുമ്പ് വിതരണം ചെയ്ത് തുടങ്ങുന്നതാണ്.

(സി) കരട് മുൻഗണനാ/മുൻഗണനേതര പട്ടികയിന്മേൽ വരാവുന്ന ആക്ഷേപങ്ങളും പരാതികളും പരിശോധിച്ച് പരിഹാരം കാണേണ്ടതുണ്ട്. സമയബന്ധിതമായി റേഷൻ കാർഡ് അച്ചടിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങൾ കാർഡുടമകൾക്ക് വിതരണം ചെയ്ത് അവരിൽനിന്നും വിവരശേഖരണം നടത്തി ഡേറ്റാ എൻട്രി നടത്തുകയാണ് ആദ്യഘട്ടത്തിൽ ചെയ്തത്. തുടർന്ന് ഓൺലൈനിലൂടെയും ഡേറ്റാ എൻട്രി പ്രിന്റൗട്ടുകൾ റേഷൻ കടകളിലൂടെ വിതരണം ചെയ്തും കാർഡുടമകളിൽനിന്ന് തെറ്റ് തിരുത്തിവാങ്ങി അതും ഡേറ്റാ എൻട്രി നടത്തിയിട്ടുണ്ട്. ഈ ഡാറ്റാ എൻട്രിയിൽ വന്നിട്ടുള്ള ഡീ-ഡ്യൂപ്ലിക്കേഷനുകളും പരിഹരിച്ചതിനുശേഷമാണ് മുൻഗണനാ റാങ്കിംഗ് നടത്തിയിട്ടുള്ളത്. ഇപ്രകാരം ജനറേറ്റ് ചെയ്ത കരട് മുൻഗണനാ/ മുൻഗണനേതര പട്ടികയാണ് പ്രസിദ്ധീകരിക്കുന്നത്. ടി പട്ടികയിന്മേൽ ആക്ഷേപങ്ങളും പരാതികളും ഉള്ള പക്ഷം വെരിഫിക്കേഷൻ കമ്മിറ്റികളിലൂടെ അവയും പരിഹരിച്ച്

അതും ഡേറ്റാ എൻട്രി ചെയ്ത ശേഷമാണ് റേഷൻ കാർഡ് ഉടമകൾക്ക് വിതരണം ചെയ്യാൻ പോകുന്നത്. ഇങ്ങനെ പുതിയ റേഷൻകാർഡ് പരിപൂർണ്ണമായും തെറ്റുകൾ ഇല്ലാത്തതാണെന്ന് ഉറപ്പാക്കാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## പുതിയ മാവേലി സ്റ്റോറുകൾ

191(1258) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടി ഗ്രാമപഞ്ചായത്തിലെ വാലുങ്ങാമുറിയിലും, മേലൂർ ഗ്രാമപഞ്ചായത്തിലെ അടിച്ചാലിയിലും പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടി ഗ്രാമപഞ്ചായത്തിലെ വാലുങ്ങാമുറിയിൽ മാവേലി സ്റ്റോർ അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. പ്രസ്തുത മാവേലി സ്റ്റോറിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മേലൂർ ഗ്രാമപഞ്ചായത്തിലെ അടിച്ചിലിയിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള മാനദണ്ഡമനുസരിച്ച് പഞ്ചായത്ത് ലഭ്യമാക്കേണ്ട അടിസ്ഥാന സൗകര്യങ്ങളായ ആജീവനാന്ത വാടക രഹിത കെട്ടിടവും ഒരു ലക്ഷം രൂപയും ലഭ്യമാക്കാമെന്നുള്ള പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനം ഇതുവരെയും സപ്ലൈകോയെ രേഖാമൂലം അറിയിച്ചിട്ടില്ല. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് സാധ്യതാ പഠന റിപ്പോർട്ടിന്റെയും ജീവനക്കാരുടെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## പുതിയ റേഷൻ കാർഡുകളുടെ വിതരണം

192(1259) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്;

(ബി) പുതിയ റേഷൻ കാർഡുകൾ എന്നത്തേക്ക് വിതരണം ചെയ്യുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്;

(സി) എല്ലാ ജില്ലകളിലും ഒരേ കാലയളവിൽ തന്നെ പുതിയ റേഷൻകാർഡുകൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കാർഡുടമകളിൽനിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഡേറ്റാ എൻട്രി നടത്തി മുൻഗണനാ റാങ്കിംഗ് നടത്തി കരട് മുൻഗണനാ/ മുൻഗണനേതര പട്ടിക പ്രസിദ്ധീകരിക്കുന്ന ഘട്ടത്തിലാണ്.

(ബി) മറ്റ് സാങ്കേതിക തടസ്സങ്ങളില്ലെങ്കിൽ പുതിയ കാർഡുകൾ 31-3-2016-നകം വിതരണം ചെയ്യുന്നതാണ്.

(സി) കരട് മുൻഗണനാ/മുൻഗണനേതര പട്ടികയിൽ മേൽ കാർഡുടമകൾക്കോ മറ്റുള്ളവർക്കോ ഉള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് അത് ഡേറ്റാ എൻട്രി നടത്തി അതിന്മേലുള്ള പട്ടിക ഉപയോഗിച്ചാണ് റേഷൻകാർഡുകൾ അച്ചടിക്കേണ്ടത്. കരട് പട്ടികയിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും വെരിഫിക്കേഷൻ കമ്മിറ്റി പരിശോധിച്ച് പരിഹരിക്കേണ്ടതുണ്ട്.

**പുതിയ മാവേലി സ്റ്റോറുകൾ**

193(1260) <u>ശ്രീ. പി. എ. മാധവൻ</u> :
<u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. എം. എ. വാഹീദ്</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് കൂടുതൽ മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി)ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) നിലവിൽ സപ്ലൈകോയുടെ വിൽപ്പനശാലകളില്ലാത്ത എല്ലാ ഗ്രാമ പഞ്ചായത്തുകളിലും മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് തീരുമാനമുണ്ട്. കേരളത്തിലാകെയുള്ള 941 ഗ്രാമ പഞ്ചായത്തുകളിൽ 38 പഞ്ചായത്തുകളിലൊഴികെ എല്ലാ പഞ്ചായത്തുകളിലും സപ്ലൈകോയുടെ വിൽപ്പനശാലകൾ പ്രവർത്തിക്കുന്നുണ്ട്. ഈ 38 പഞ്ചായത്തുകളിൽക്കൂടി സപ്ലൈകോ വിൽപ്പനശാലകൾ ആരംഭിക്കുന്നതിന് ഊർജ്ജിത ശ്രമങ്ങൾ നടത്തിവരുന്നു. ഇതുപ്രകാരം കേരളത്തിലെ എല്ലാ സാധാരണ ജനങ്ങൾക്കും പൊതുവിപണിയിലേതിനെക്കാൾ വില കുറച്ച്, സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങൾ നൽകുന്നതിന്, അതുവഴി പൊതുവിപണിയിലെ വിലവർദ്ധനവ് ഒരു പരിധിവരെ നിയന്ത്രിക്കുന്നതിന് സാധിക്കുന്നുണ്ട്. ഇത് നടപ്പിൽ വരുത്തുന്നതിനായി സപ്ലൈകോ വിൽപ്പനശാലകളില്ലാത്ത എല്ലാ ഗ്രാമ പഞ്ചായത്തുകളിലെയും സെക്രട്ടറിമാർക്ക് ഈ പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള നിബന്ധനകൾ സപ്ലൈകോ ആസ്ഥാനത്തുനിന്നും നേരിട്ട് നൽകിയതിനുപുറമെ പഞ്ചായത്തുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ ഊർജ്ജിത ശ്രമങ്ങൾ നടത്തുന്നതിന് 5 റീജിയണൽ മാനേജർമാർക്കും ഡിപ്പോ മാനേജർമാർക്കും സപ്ലൈകോ ആവശ്യമായ നിർദ്ദേശങ്ങൾ നൽകി തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പഞ്ചായത്തുകൾ സ്ഥലം ലഭ്യമാക്കിയാൽ ഉടൻ ഈ പ്രദേശങ്ങളിൽ മാവേലിസ്റ്റോറുകൾ ആരംഭിക്കും.

**എൻഡ് ടു എൻഡ് പദ്ധതി**

194(1261) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവിതരണത്തിനായി "എൻഡ് ടു എൻഡ് എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം സംവിധാനങ്ങളാണ് റേഷൻ വിതരണത്തിന് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുവിതരണ രംഗത്ത് ഭക്ഷ്യ വിതരണത്തിനായി സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണ പദ്ധതിയായ എൻഡ് ടു എൻഡ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി തയ്യാറാക്കിയ വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ടിന് (DPR) മന്ത്രിസഭയുടെ തത്വത്തിലുള്ള അംഗീകാരം ലഭ്യമായിട്ടുണ്ട്.

(ബി) റേഷൻ കടകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാ റേഷൻ കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുന്നതിനും റേഷൻ കടകളിൽ നടക്കുന്ന എല്ലാ ഇടപാടുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. റേഷൻ കടകളിലെത്തുന്ന ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിന് ആധാർ അല്ലെങ്കിൽ സ്മാർട്ട് കാർഡ്/ബാർകോഡ് പോലുള്ള ബദൽ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പദ്ധതി പൂർണ്ണതോതിൽ നടപ്പാക്കുമ്പോൾ ഓരോ ഗുണഭോക്താവിനെയും ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് അർഹമായ വിഹിതം കൃത്യമായി ലഭിക്കുന്നുണ്ട് എന്നുറപ്പ് വരുത്താൻ സാധിക്കും. റേഷൻ കടകളിൽ ഡോർ ഡെലിവറി മുഖേന എഫ്.സി.ഐ.-യിൽനിന്നും എ.ആർ.ഡി.കളിലേക്ക് റേഷൻ സാധനങ്ങൾ എത്തിക്കും. ഓരോ ഗുണഭോക്താവിനും റേഷൻ സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ തത്സമയം തന്നെ ഉദ്യോഗസ്ഥ തലത്തിലും പൊതുജനങ്ങൾക്കും വിവരങ്ങൾ ലഭ്യമാകത്തക്ക വിധം ട്രാൻസ്പാരൻസി പോർട്ടൽ

സജ്ജമാകും. പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കാനും സമയബന്ധിതമായി പരാതി പരിഹരിക്കുവാനും പരാതിയുടെ തൽസ്ഥിതി നിരീക്ഷിക്കാനും പരാതിക്കാരനും ഉദ്യോഗസ്ഥർക്കും സാധിക്കത്തക്ക വിധം ഒരു സുതാര്യമായ പരാതി പരിഹാര സംവിധാനം നിലവിൽ വരും. ഓരോ മേഖലയിലെയും സ്റ്റോക്കിന്റെ സ്ഥിതി, റേഷൻ സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളുടെ സഞ്ചാരം തുടങ്ങിയവ പോർട്ടലിലൂടെ തത്സമയം അറിയുന്നതിനായി ഒരു Decision Support System (DSS) നിലവിൽ വരും. ഇപ്രകാരം ഓരോ കണ്ണിയും പരസ്പരം യോജിപ്പിച്ചുകൊണ്ട് സുതാര്യമായ ഒരു പൊതുവിതരണ സംവിധാനം നിലവിൽ വരും.

(സി) ആധാറും ബാങ്ക് അക്കൗണ്ട് വിവരങ്ങളും ഉൾപ്പെടെ സമഗ്രമായ ഒരു ഗുണഭോക്തൃ ഡാറ്റാബേസ് തയ്യാറാക്കിയിട്ടുണ്ട്. മുൻഗണനാ വിഭാഗങ്ങളെ കണ്ടെത്തുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതി പ്രകാരം പരീക്ഷാണാടിസ്ഥാനത്തിൽ തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ 22 കടകളിൽ മോഡൽ പൈലറ്റ് പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഈ റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. പരാതി പരിഹാരത്തിന് ഒരു സോഫ്റ്റ്‌വെയർ (GR- Grievance Redressal) തയ്യാറാക്കി പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തിപ്പിച്ചുവരുന്നു. ഓൺലൈനായി എ.ആർ.ഡി. തലത്തിലുള്ള അലോക്കേഷൻ വീക്ഷിക്കുന്നതിന് സോഫ്റ്റ്‌വെയർ (Online allocation software) വികസിപ്പിച്ചിട്ടുണ്ട്.

## നെല്ല് സംഭരണം

195(1262) ശ്രീ. വർക്കല കഹാർ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്ത് നെല്ല് സംഭരണത്തിന് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) തദ്ദേശീയമായി ഉത്പ്പാദിപ്പിക്കുന്ന നെല്ല് കർഷകരിൽനിന്നും നേരിട്ട് സംഭരിച്ച് സംസ്കരിച്ച് അതിൽനിന്ന് ലഭ്യമാകുന്ന അരി പ്രാദേശികമായി പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

(സി) നെല്ല് കൃഷിചെയ്യുന്ന കർഷകരുടെ പൂർണ്ണ വിവരങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് രജിസ്ട്രേഷൻ നടപടികൾ സമയബന്ധിതമായി ചെയ്യുന്നു. കൊയ്ത്ത് കഴിയുന്ന ഉടൻതന്നെ കർഷകരിൽനിന്ന് നിശ്ചിത ഗുണമേന്മയുള്ള നെല്ല് സപ്ലൈകോയുമായി കരാറിലേർപ്പെട്ടിട്ടുള്ള മില്ലുകൾ മുഖേന സംഭരിക്കുന്നു. സംഭരിച്ച നെല്ല് സമയബന്ധിതമായി നവീന രീതിയിൽ പുഴുങ്ങി കുത്തി അരിയാക്കി വിതരണത്തിന് തയ്യാറാക്കുന്നു. ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ നിർദ്ദേശാനുസരണം ഓരോ മാസവും ടി അരി മില്ലുകളിൽനിന്ന് വിട്ടുകൊടുക്കുന്നു.

**റേഷൻ വിതരണം കാര്യക്ഷമവും സുതാര്യവുമാക്കാൻ പദ്ധതി**

196(1263) <u>ശ്രീ. ടി. എൻ. പ്രതാപൻ :</u>
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :</u>
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ വിതരണം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. റേഷൻ കടകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാ റേഷൻ കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുന്നതിനും റേഷൻ കടകളിൽ നടക്കുന്ന എല്ലാ ഇടപാടുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. റേഷൻ കടകളിലെത്തുന്ന ഉപഭോക്താക്കളെ തിരിച്ചറിയുന്നതിന് ആധാർ അല്ലെങ്കിൽ സ്മാർട്ട് കാർഡ്/ബാർകോഡ് പോലുള്ള ബദൽ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പദ്ധതി പൂർണ്ണതോതിൽ നടപ്പാക്കുമ്പോൾ ഓരോ ഉപഭോക്താവിനെയും ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് അർഹമായ വിഹിതം കൃത്യമായി ലഭിക്കുന്നുണ്ട് എന്നുറപ്പ് വരുത്താൻ സാധിക്കും. റേഷൻ കടകളിൽ ഡോർ ഡെലിവറി മുഖേന എഫ്.സി.ഐ.യിൽനിന്നും എ.ആർ.ഡി.-കളിലേക്ക് റേഷൻ സാധനങ്ങൾ എത്തിക്കും. ഓരോ ഉപഭോക്താവിനും റേഷൻ സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ തത്സമയം തന്നെ വിവരങ്ങൾ ആർക്കും ലഭ്യമാകത്തക്ക വിധം ട്രാൻസ്പാരൻസി പോർട്ടൽ സജ്ജമാകും. പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കാനും സമയബന്ധിതമായി പരാതി പരിഹരിക്കുവാനും പരാതിയുടെ തൽസ്ഥിതി നിരീക്ഷിക്കാനും പരാതിക്കാരനും ഉദ്യോഗസ്ഥർക്കും സാധിക്കത്തക്ക വിധം ഒരു സുതാര്യമായ പരാതി പരിഹാര സംവിധാനം നിലവിൽ വരും. ഓരോ മേഖലയിലെയും സ്റ്റോക്കിന്റെ സ്ഥിതി, റേഷൻ സാധനങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങളുടെ സഞ്ചാരം തുടങ്ങിയവ പോർട്ടലിലൂടെ തത്സമയം അറിയുന്നതിനായി ഒരു Decision Support System (DSS) നിലവിൽ വരും. ഇപ്രകാരം ഓരോ കണ്ണിയും പരസ്പരം യോജിപ്പിച്ചുകൊണ്ട് സുതാര്യമായ ഒരു പൊതുവിതരണ സംവിധാനം നിലവിൽവരും.

(സി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് വകുപ്പുതലത്തിൽ തയ്യാറാക്കിയ വിശദമായ പ്രോജക്ട് പ്രൊപ്പോസലിന് (DPR) മന്ത്രിസഭയുടെ തത്വത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി വിവിധ തലങ്ങളിലുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ State Apex Committee, വിവിധ വിഷയങ്ങൾ പരിഗണിച്ച് സംസ്ഥാന മന്ത്രിസഭയ്ക്ക് മുമ്പാകെ വിഷയങ്ങൾ സമർപ്പിക്കുന്നു. സംസ്ഥാന ഭക്ഷ്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ SPeMT (State Project e-Mission Team) രൂപവൽക്കരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയിൽ ധനകാര്യ വകുപ്പ്, ഐ.ടി. വകുപ്പ്, ഐ.ടി

മിഷൻ, SPeMT, എൻ.ഐ.സി., WFP തുടങ്ങിയവയുടെ പ്രതിനിധികൾ അംഗങ്ങളാണ്. വിവിധ വിഷയങ്ങളിൽ അപെക്സ് കമ്മിറ്റിക്ക് ശിപാർശ നൽകുന്നത് SpeMT-യാണ്. NICSI മുഖേന നിയമിക്കപ്പെട്ടിട്ടുള്ള കമ്പ്യൂട്ടർ പ്രോഗ്രാമർമാരുൾപ്പെടുന്ന ഒരു പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിനേയും (PIU) ഡാറ്റാബേസ് കൈകാര്യം ചെയ്യുന്നതിന് Postgre SQL ഡാറ്റാബേസ് വിഭാഗത്തേയും നിയമിച്ചിട്ടുണ്ട്. വേൾഡ് ഫുഡ് പ്രോഗ്രാമിന്റെ (WFP) ഉപദേശക സഹായം പ്രാജക്ടിന് ലഭ്യമാണ്. കൂടാതെ 3-10-2015-ലെ സ.ഉ.(കൈ) നമ്പർ 25/15/ഭ.സി.സ.വ പ്രകാരം കെൽട്രോണിനെ സിസ്റ്റം ഇന്റഗ്രേറ്ററായി നിയമിച്ചിട്ടുണ്ട്. പദ്ധതിയുടെ മോഡൽ പൈലറ്റ് പ്രോജക്ടിനോടനുബന്ധിച്ച് എറണാകുളം, തിരുവനന്തപുരം ജില്ലകളിലെ 22 റേഷൻ കടകളിൽ ഈ-പോസ് മെഷീൻ സ്ഥാപിക്കുകയും പദ്ധതി വിജയകരമായി പൂർത്തിയാക്കി വരികയും ചെയ്യുന്നു. 2015 ആഗസ്റ്റ് 19- ന് തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംപാറയിലെ എ.ആർ.ഡി. 32-ൽ ഇ-പോസ് മെഷീൻ സ്ഥാപിച്ചുകൊണ്ടാണ് മോഡൽ പൈലറ്റ് പദ്ധതി ആരംഭിച്ചത്.

### റേഷൻ കാർഡ് വിതരണം

197(1264) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവന്തപുരം ജില്ലയിലെ നോർത്ത്, സൗത്ത് എന്നീ സിറ്റി റേഷനിംഗ് ഓഫീസ് പരിധിയിൽ വരുന്ന കാർഡുകൾക്ക് പുതിയ റേഷൻ കാർഡ് ഏതുവർഷം ഏതുമാസം ഏതു തീയതിയിൽ ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

തിരുവനന്തപുരം നോർത്ത്, സൗത്ത് സിറ്റി റേഷനിംഗ് ഓഫീസുകളുടെ പരിധിയിൽ വരുന്ന കാർഡുടമകളുടെ മുൻഗണനാ/മുൻഗണനേതര റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച് അതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിക്കേണ്ടതുണ്ട്. ഇത് പരിഹരിച്ച് കഴിഞ്ഞ് മറ്റ് സാങ്കേതിക തടസ്സങ്ങൾ ഇല്ലെങ്കിൽ 2016 ഏപ്രിൽ 1-ന് മുമ്പ് ടി ഓഫീസുകളുടെ പരിധിയിൽ റേഷൻകാർഡ് വിതരണം പൂർത്തീകരിക്കുവാൻ കഴിയും. ഇപ്പോൾ നിലവിലുള്ള റേഷൻ കാർഡിൽ റേഷൻ ഉൾപ്പെടെ എല്ലാ ആനുകൂല്യങ്ങളും ഗുണഭോക്താവിന് ലഭിക്കും. പുതിയ താമസക്കാർക്ക് താൽക്കാലിക കാർഡുകൾ നൽകുന്നുണ്ട്. അതിനാൽ

പൊതുജനങ്ങൾക്ക് മറ്റ് ബുദ്ധിമുട്ടുകൾ ഉണ്ടാവുന്നില്ല.

## റേഷൻ കാർഡ് പുതുക്കൽ

198(1265) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡ് പുതുക്കുന്ന പ്രക്രിയ അനിശ്ചിതമായി നീണ്ടു പോകുന്നതു കാരണം താലൂക്ക് സപ്ലൈ ആഫീസുകളിൽ നിന്നും നിലവിലുള്ള കാർഡുകളിൽ പേരു കൂട്ടി ചേർക്കുന്നതിനും, പുതിയ വീട്ടുടമസ്ഥർക്ക് കാർഡ് അനുവദിച്ചു കിട്ടുന്നതിനും സാധിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ സപ്ലൈ ആഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ) അനിശ്ചിതമായി നീണ്ടുപോകുന്നില്ല. പുതിയ കാർഡുകൾ കൃത്യതയോടെ ഗുണഭോക്താവിന് ലഭ്യമാക്കാനുള്ള സമയം മാത്രമാണ് എടുക്കുന്നത്.

(ബി) പുതിയ കാർഡ് വേണ്ടവർക്കും/പുതിയ വീട്ടുടമസ്ഥർക്കും ആവശ്യമായ ഘട്ടങ്ങളിൽ താൽക്കാലിക കാർഡുകൾ നൽകാൻ താലൂക്ക്/സിറ്റി റേഷനിംഗ് സപ്ലൈ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്പോൾ നിലവിലുള്ള റേഷൻ കാർഡിൽ ഗുണഭോക്താവിന് റേഷൻ ഉൾപ്പെടെ എല്ലാ ആനുകൂല്യവും ലഭിക്കും. പുതിയ കാർഡ് ലഭിക്കുന്നതുവരെ ഇപ്പോഴുള്ള കാർഡ് ഉപയോഗിക്കാം. അതിനാൽ പൊതുജനങ്ങൾക്ക് മറ്റ് ബുദ്ധിമുട്ടുകൾ ഉണ്ടാവുന്നില്ല.

## റേഷൻ കടകളുടെ കമ്പ്യൂട്ടറൈസേഷൻ

199(1266) ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. രാജു :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകൾ എല്ലാം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ; എ.പി.എൽ., ബി.പി.എൽ. തുടങ്ങിയ വിഭാഗങ്ങൾക്ക് എന്തെല്ലാം സാധനങ്ങൾ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നുണ്ട് ;

(ബി) റേഷൻ കടകൾ കമ്പ്യൂട്ടർവൽരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഈ പദ്ധതിക്ക് കേന്ദ്ര വിഹിതം ലഭിച്ചിട്ടുണ്ടോ ; സംസ്ഥാന

വിഹിതം അനുവദിച്ചിട്ടുണ്ടോ ; എപ്പോൾ കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാക്കും ;

(സി) നിലവിൽ ആനുകൂല്യങ്ങൾ ലഭിച്ചിരുന്ന ബി.പി.എൽ. കാർഡുകൾക്കു പകരം പ്രയോറിട്ടി കാർഡുകൾ ഏർപ്പെടുത്താനുള്ള നിർദ്ദേശമുണ്ടോ ; ഇത്തരം കാർഡുകൾ ഏർപ്പെടുത്തുന്നത് ആനുകൂല്യങ്ങൾ ലഭിക്കുന്നവരുടെ എണ്ണം പരിമിതിപ്പെടുത്താനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. എ.പി.എൽ., ബി.പി.എൽ. തുടങ്ങിയ വിഭാഗങ്ങൾക്ക് റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- എ.പി.എൽ. കാർഡുടമകൾക്ക് പ്രതിമാസം കി.ഗ്രാമിന് 8.90 രൂപ നിരക്കിൽ 9 കി. ഗ്രാം അരിയും എ.പി.എൽ. സബ്സിഡി വിഭാഗത്തിൽപ്പെട്ട കാർഡ് ഉടമകൾക്ക് പ്രതിമാസം 2 രൂപ നിരക്കിൽ 9 കി.ഗ്രാം അരിയും എ.പി.എൽ. വിഭാഗത്തിലെ എല്ലാ കാർഡുടമകൾക്കും 3 കി.ഗ്രാം ഗോതമ്പ് 6.70 രൂപ നിരക്കിലും 2 കി.ഗ്രാം ആട്ട 15 രൂപ നിരക്കിലും വിതരണം ചെയ്തുവരുന്നുണ്ട്.
- ബി.പി.എൽ കാർഡുടമകൾക്ക് പ്രതിമാസം കി.ഗ്രാമിന് ഒരു രൂപ നിരക്കിൽ 25 കി.ഗ്രാം അരിയും രണ്ട് രൂപ നിരക്കിൽ 8 കി.ഗ്രാം ഗോതമ്പും ബി.പി.എൽ., എ.എ.വൈ. വിഭാഗത്തിലെ ഓരോ അംഗത്തിനും 400 ഗ്രാം പഞ്ചസാര കി.ഗ്രാമിന് 13.50 രൂപ നിരക്കിലും വിതരണം ചെയ്യുന്നുണ്ട്.
- എല്ലാ വൈദ്യുതീകരിച്ച വീടുള്ള കുടുംബങ്ങൾക്കും മാസത്തിൽ മണ്ണെണ്ണ സ്റ്റോക്കിലെ ലഭ്യത അനുസരിച്ച് ½ അല്ലെങ്കിൽ 1 ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിക്കാത്ത വീടുള്ള കുടുംബങ്ങൾക്ക് 4 ലിറ്റർ മണ്ണെണ്ണയും ലിറ്ററിന് 17/18 രൂപ നിരക്കിൽ നൽകിവരുന്നുണ്ട്.

(ബി) റേഷൻ കടകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. റേഷൻ കടകളിലെല്ലാം ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുന്നതിനും റേഷൻ കടകളിൽ നടക്കുന്ന എല്ലാ ഇടപാടുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. റേഷൻ കടകളിലെത്തുന്ന ഗുണഭോക്താക്കളെ ശാസ്ത്രീയമായി തിരിച്ചറിയുന്നതിന് ആധാർ അല്ലെങ്കിൽ സ്മാർട്ട് കാർഡ്/ബാർകോഡ് പോലുള്ള ബദൽ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പദ്ധതിയുടെ മോഡൽ പൈലറ്റ് തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ 22 റേഷൻ കടകളിൽ നടപ്പാക്കി വരുന്നു. എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ കംപോണന്റ് 1-നായി (ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുക, സപ്ലൈ ചെയിൻ മാനേജ്മെന്റ് നടപ്പാക്കുക

തുടങ്ങിയവ) 50% ചെലവുകൾ കേന്ദ്രം വഹിക്കുന്നതാണ്. ആകെയുള്ള 12.17 കോടി രൂപയിൽ 7.30 കോടി രൂപ നാളിതുവരെ കേന്ദ്രം അനുവദിച്ച നൽകിയിട്ടുണ്ട്. കേന്ദ്ര വിഹിതത്തിന് ആനുപാതികമായി സംസ്ഥാന വിഹിതം 7.30 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 1-4-2016 മുതൽ കമ്പ്യൂട്ടറൈസേഷൻ പൂർണ്ണതോതിൽ നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം ബി.പി.എൽ. കാർഡുകൾക്ക് പകരം പ്രയോറിട്ടി കാർഡുകൾ ഏർപ്പെടുത്താനുള്ള നിർദ്ദേശമുണ്ട്. ഇപ്രകാരം പ്രയോറിട്ടി കാർഡുകൾ ഏർപ്പെടുത്തുമ്പോൾ നഗര/ഗ്രാമ പ്രദേശങ്ങളിൽ യഥാക്രമം 39.5% പേർക്കും 52.63% പേർക്കും മുൻഗണനാ വിഭാഗത്തിനുള്ള ആനുകൂല്യം ലഭ്യമാകുന്ന ആൾക്കാരുടെ എണ്ണത്തേക്കാൾ കൂടുതലാണ്. തുടർന്നും എല്ലാവർക്കും റേഷൻ സംവിധാനം ലഭ്യമാക്കാനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്.

**റേഷൻ കാർഡുകൾ**

200(1267) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര റേഷൻ കാർഡുകൾ ഉണ്ട്; എ.പി.എൽ./ബി.പി.എൽ. തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ റേഷൻ കടകൾ വഴി എന്തെല്ലാം അവശ്യ സാധനങ്ങളാണ് നിലവിൽ വിതരണം ചെയ്യുന്നത്;

(സി) ബി.പി.എൽ. വിഭാഗങ്ങൾക്ക് റേഷൻ കടങ്ങളിൽ നിന്നും ലഭിക്കുന്ന റേഷൻ സാധനങ്ങളുടെ വിവരവും ഇത് എത്ര അളവിൽ നൽകുന്നു എന്നും അറിയിക്കാമോ;

(ഡി) എ.പി.എൽ. വിഭാഗക്കാർക്ക് റേഷൻ കടകളിൽ നിന്നും ലഭിക്കുന്ന റേഷൻ സാധനങ്ങളുടെ വിവരവും, ഇത് എത്ര അളവിൽ നൽകുന്നു എന്നും അറിയിക്കാമോ;

(ഇ) അന്ത്യോദയ, അന്നപൂർണ്ണ പദ്ധതികൾ പ്രകാരം സംസ്ഥാനത്ത് എത്ര പേർക്ക് റേഷൻകടകൾ വഴി ഭക്ഷ്യധാന്യം ലഭിക്കുന്നുണ്ട്; ഈ വിഭാഗത്തിൽ കഴിഞ്ഞ നാലു വർഷം വിതരണം ചെയ്ത ധാന്യത്തിന്റെ വർഷാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തേ് 8325016 റേഷൻ കാർഡുകളാണ് നിലവിലുള്ളത്.

| | |
|---|---|
| എ.പി.എൽ. (സബ്സിഡി) | 41,47.393 |
| എ.പി.എൽ. (നോർമൽ) | 21,16,670 |
| ആകെ എ.പി.എൽ. കാർഡുകൾ | 62,64,063 |
| ബി.പി.എൽ. | 14,79,021 |
| എ.എ.വൈ. | 5,81,932 |
| ആകെ റേഷൻ കാർഡുകൾ | 83,25,016 |

(ബി) സംസ്ഥാനത്തെ റേഷൻ കടകൾവഴി അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ, ആട്ട എന്നീ അവശ്യ സാധനങ്ങളാണ് നിലവിൽ വിതരണം ചെയ്യുന്നത്.

(സി) ബി.പി.എൽ. വിഭാഗങ്ങൾക്ക് റേഷൻ കടകളിൽനിന്ന് ലഭ്യമാകുന്ന റേഷൻ സാധനങ്ങളുടെ അളവും വിലയും താഴെച്ചേർക്കുന്നു:

| ഇനം | അളവ് | വില |
|---|---|---|
| അരി | 25 കി.ഗ്രാം | 1 രൂ/കി.ഗ്രാം |
| ഗോതമ്പ് | 8 കി.ഗ്രാം | 2 രൂ/കി.ഗ്രാം |
| പഞ്ചസാര | കാർഡിലെ ഒരംഗത്തിന് 400 ഗ്രാം വീതം | 13.50 രൂ/കി.ഗ്രാം |
| മണ്ണെണ്ണ | (1) ½ ലിറ്റർ മുതൽ 1 ലിറ്റർ വരെ വൈദ്യുതീകരിച്ച വീട്ടുള്ളവർക്ക് | 17/18 രൂ/ലി. |
| | (2) 4 ലിറ്റർ വൈദ്യുതീകരിക്കാത്ത വീട്ടുള്ളവർക്ക് | 17/18 രൂ./ലി. |

(ഡി) എ.പി.എൽ. വിഭാഗങ്ങൾക്ക് റേഷൻ കടകളിൽ നിന്ന് ലഭ്യമാക്കുന്ന റേഷൻ സാധനങ്ങളുടെ അളവും വിലയും താഴെ ചേർക്കുന്നു.

| ഇനം | അളവ് | വില |
|---|---|---|
| അരി | 9 കി.ഗ്രാം | 1. 8.90 രൂ/കി.ഗ്രാം (സബ്സിഡി സ്കീമിൽ ഇല്ലാത്തവർക്ക്)<br>2. 2 രൂ/കി.ഗ്രാം(സബ്സിഡി സ്കീമിൽ ഉള്ളവർക്ക്) |
| ഗോതമ്പ് | 3 കി. ഗ്രാം | 6.70 രൂ/കി.ഗ്രാം |

| | | |
|---|---|---|
| സപ്ലൈകോ ആട്ട | 2 കി. ഗ്രാം | 15 രു |
| മണ്ണെണ്ണ | 1. ½ ലിറ്റർ മുതൽ 1 ലിറ്റർ വരെ വൈദ്യുതീകരിച്ച വീട്ടുള്ളവർക്ക്<br>2. 4 ലിറ്റർ വൈദ്യുതീകരിക്കാത്ത വീട്ടുള്ളവർക്ക് | 17/18 രൂ/ലിറ്റർ<br>17/18 രൂ/ലിറ്റർ |

(ഇ)അന്ത്യോദയ പദ്ധതി പ്രകാരം സംസ്ഥാനത്ത് 581932 കാർഡുടമകൾക്കും അന്നപൂർണ്ണ പദ്ധതി പ്രകാരം 26320 പേർക്കും റേഷൻ കടകൾ വഴി ഭക്ഷ്യധാന്യം ലഭിക്കുന്നുണ്ട്.

ടി വിഭാഗങ്ങളിൽ കഴിഞ്ഞ നാലു വർഷം വിതരണം ചെയ്ത ധാന്യത്തിന്റെ വർഷാടിസ്ഥാനത്തിലുള്ള കണക്ക് താഴെ ചേർക്കുന്നു.

| | എ.എ.വൈ. | അന്നപൂർണ്ണ |
|---|---|---|
| 2011-12 | 245806.14 മെ. ടൺ | 3186.17 മെ. ടൺ |
| 2012-13 | 246676.42 മെ. ടൺ | 3175.58 മെ. ടൺ |
| 2013-14 | 246132.85 മെ. ടൺ | 2901.42 മെ. ടൺ |
| 2014-15 | 242263.72 മെ. ടൺ | 2143.09 മെ. ടൺ |

## ഭക്ഷ്യ വകുപ്പുമായി ബന്ധപ്പെട്ടുള്ള സമരങ്ങൾ

201(1268) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭക്ഷ്യവകുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടന്നിട്ടുള്ള സമരങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(ബി) ഇതിനെത്തുടർന്ന് സമരം നടത്തിയവരുമായി ചർച്ച നടത്തിയിരുന്നോ; ഏതെല്ലാം ഉറപ്പുകളാണ് അവർക്ക് നൽകിയിരുന്നത്;

(സി) നൽകിയിരുന്ന ഉറപ്പുകളിൽ ഏതെല്ലാം പാലിക്കാൻ സാധിച്ചിട്ടുണ്ട് എന്നറിയിക്കാമോ; പരിഗണിക്കാൻ കഴിയാതെപോയ ഉറപ്പുകൾ ഏതെല്ലാമായിരുന്നു; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റേഷൻ വ്യാപാരികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് റേഷൻ മൊത്ത/ചില്ലറ വ്യാപാരികൾ സമരങ്ങൾ നടത്തിയിട്ടുണ്ട്. റേഷൻ വ്യാപാരികളുടെ കമ്മീഷൻ വർദ്ധിപ്പിക്കുക, കമ്മീഷൻ കുടിശ്ശിക അനുവദിക്കുക, മൊത്ത വിതരണ ഏജൻസികളെ പൂർണ്ണമായും ഒഴിവാക്കി പൊതുവിതരണം സിവിൽ സപ്ലൈസ് കോർപ്പറേഷനിലൂടെ നടത്തുവാനുള്ള നീക്കം ഉപേക്ഷിക്കുക, റേഷൻ വ്യാപാരികൾക്കും സെയിൽസ്മാനും മിനിമം വേതനം പ്രഖ്യാപിക്കുക, റേഷൻ സാധനങ്ങളുടെ ഡോർ ഡെലിവറി ഉടൻ നടപ്പിലാക്കുക, റേഷൻ വ്യാപാരികളുടെ ജോലി സ്ഥിരത ഉറപ്പുവരുത്തുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് 2013 ഡിസംബർ, 2014 ഫെബ്രുവരി, 2014 നവംബർ, 2015 ഡിസംബർ എന്നീ മാസങ്ങളിൽ അനിശ്ചിതകാല സമരം പ്രഖ്യാപിച്ചിരുന്നു. തുടർന്ന് ബഹുമാനപ്പെട്ട ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രി റേഷൻ മൊത്ത/ചില്ലറ വിതരണക്കാരുടെ പ്രതിനിധികളുമായി ചർച്ച നടത്തുകയും അവരുടെ ആവശ്യങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്ന് ഉറപ്പ് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) 1-1-2015 മുതൽ റേഷൻ ചില്ലറ വ്യാപാരികളുടെ കമ്മീഷൻ അരി, ഗോതമ്പ് എന്നിവയ്ക്ക് ക്വിന്റലിന് 100 രൂപയായും പഞ്ചസാര, ആട്ട, മണ്ണെണ്ണ എന്നിവയ്ക്ക് 25%-വും റേഷൻ മൊത്തവ്യാപാരികൾക്ക് അരി, ഗോതമ്പ് എന്നിവയ്ക്ക് ക്വിന്റലിന് 60 രൂപയായും 1-1-2016 മുതൽ കമ്മീഷൻ വർദ്ധിപ്പിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിൽ പരീക്ഷണാടിസ്ഥാനത്തിൽ ആട്ട, പഞ്ചസാര എന്നീ ഇനങ്ങൾ ഡോർ ഡെലിവറി സമ്പ്രദായം നടത്തിവരുന്നു. റേഷൻ വ്യാപാരികൾ ഉന്നയിച്ച പല പരാതികൾക്കും ഇതിനകം പരിഹാരം കണ്ടിട്ടുണ്ട്. റേഷൻ വ്യാപാരികൾ ഉന്നയിച്ച മറ്റ് ആവശ്യങ്ങൾ പുനഃപരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**റേഷൻ കാർഡുകളുടെ വിതരണം**

202(1269) <u>ശ്രീ. എളമരം കരീം</u> :
<u>ശ്രീമതി പി. അയിഷാ പോറ്റി</u> :
<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> :
<u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകൾ എന്നത്തേയ്ക്ക് വിതരണം ചെയ്യാനാകുമെന്ന് അറിയിക്കുമോ; നിയമാനുസരണം ഇത് എന്ന് വിതരണം

ചെയ്യേണ്ടതായിരുന്നു;

(ബി) ഉപഭോക്താക്കളെ ഏതെല്ലാം തരത്തിൽ വിഭജിച്ചാണ് കാർഡ് വിതരണം നടത്താൻ ഉദ്ദേശിക്കുന്നത്;

(സി) എന്തടിസ്ഥാനത്തിലാണ് ഈ വിഭജനം നട<u>ത്തു</u>ന്നത് ; കേന്ദ്ര ബി.പി.എൽ. നിർണ്ണയ രീതി അംഗീകരിക്കുന്നുണ്ടോ; ഇത് നടപ്പിലാക്കുമ്പോൾ സംസ്ഥാനത്ത് റേഷൻ സമ്പ്രദായത്തിൽ നിന്ന് എത്ര പേർ പുറത്താകമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) മുൻഗണനാ വിഭാഗത്തെ നിശ്ചയിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; അതിനായി ഏത് വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ള തെന്നു അറിയിക്കുമോ?

<u>ഉത്തരം</u>

(എ) മറ്റ് സാങ്കേതിക തടസ്സങ്ങളില്ലെങ്കിൽ പുതിയ കാർഡുകൾ 31-3-2016-നകം വിതരണം ചെയ്യുന്നതാണ്. ഇന്ന ദിവസം വിതരണം ചെയ്യണമെന്ന് പ്രത്യേക നിയമം ഒന്നും തന്നെയില്ല. എന്നാൽ ഗവൺമെന്റ് സമയബന്ധിതമായി ഇത് നൽകും. ഇപ്പോൾ നിലവിലുള്ള കാർഡിൽ എല്ലാ ആനുകൂല്യവും ഗുണഭോക്താവിന് ലഭിക്കും. പുതിയ താമസക്കാർക്ക് അത്യാവശ്യ സന്ദർഭങ്ങളിൽ താൽക്കാലിക കാർഡുകൾ നൽകുന്നുണ്ട്.

(ബി) ഉപഭോക്താക്കളെ പ്രയോറിറ്റി, നോൺ പ്രയോറിറ്റി എന്ന് വേർതിരിച്ചാണ് കാർഡ് വിതരണം നട<u>ത്തു</u>ന്നത്.

(സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരമാണ് ഈ വിഭജനം നട<u>ത്തു</u>ന്നത്. 2009-ലെ ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള സൂചകങ്ങൾ അടങ്ങിയ 14-1-11-ലെ സ.(കൈ) നമ്പർ 16/2011/ത.സ്വ.ഭ.വ., 27-4-2012 സ.ഉ.(കൈ)നമ്പർ 112/2012/ത.സ്വ.ഭ.വ. എന്നിവയുടെ അടിസ്ഥാനത്തിൽ ആണ് മുൻഗണനാ റാങ്കിംഗ് നട<u>ത്തു</u>ന്നത്. ഇത് നടപ്പിലാക്കുമ്പോൾ സംസ്ഥാനത്ത് റേഷൻ സമ്പ്രദായത്തിൽനിന്ന് ആരുംതന്നെ പുറത്താവുകയില്ല.

(ഡി) മുൻഗണനാ വിഭാഗത്തെ നിശ്ചയിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് വകുപ്പിനെയാണ് പ്രസ്തുത ചുമതല ഏൽപ്പിച്ചിട്ടുള്ളത്.

**മാവേലി സ്റ്റോറുകൾ**

203(1270) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ആകെ എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്നും മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകൾ ഏതൊക്കെയാണെന്നും ജില്ല തിരിച്ച് അറിയിക്കുമോ;

(സി) മുഴുവൻ പഞ്ചായത്തിലും മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) മാവേലി സ്റ്റോർ വഴി സാധനങ്ങൾ ലഭിക്കാൻ റേഷൻ കാർഡ് നിർബന്ധമാണോ; വിശദവിവരം നൽകാമോ;

(ഇ) മാവേലി സ്റ്റോറുകളിൽ പരാതിപ്പെട്ടി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ ) ഉണ്ട്.

(ബി) സംസ്ഥാനത്ത് ആകെ 957 മാവേലി സ്റ്റോറുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) സ്വീകരിച്ചുവരുന്നു. മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവർ സ്ഥലം നൽകിയാൽ ഉടൻതന്നെ സ്റ്റോറുകൾ ആരംഭിക്കും.

(ഡി) ആണ്. സപ്ലൈകോ വിൽപ്പനശാലകളിൽനിന്നും സബ്സിഡി സാധനങ്ങളുടെ വിൽപ്പന മാത്രമാണ് റേഷൻ കാർഡ് വഴി നിയന്ത്രിക്കുന്നത്. സബ്സിഡി സാധനങ്ങൾ യഥാർത്ഥ ഉപഭോക്താവിന് തന്നെ ലഭ്യമാക്കുന്നതിനു വേണ്ടിയാണ് അവയുടെ വിൽപ്പന റേഷൻ കാർഡ് വഴി നിയന്ത്രിച്ചിട്ടുള്ളത്. സബ്സിഡി സാധനങ്ങളൊഴികെയുള്ള എല്ലാ സാധനങ്ങളും റേഷൻ കാർഡ് നിയന്ത്രണമില്ലാതെ വാങ്ങാവുന്നതാണ്.

(ഇ) ഉപഭോക്താക്കൾക്ക് പരാതി അറിയിക്കുന്നതിന് ഫോൺ, ഇ-മെയിൽ, പരാതി പുസ്തകം, ഉപഭോക്തൃ കമ്മിറ്റികൾ എന്നീ സംവിധാനങ്ങൾ നിലവിൽ ഉണ്ട്. എന്നിരുന്നാലും ഇത് പരിശോധിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തിരൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

204(1272) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മുഖേന തിരൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും, ഓരോ പദ്ധതിക്കും ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മുഖേന പദ്ധതികൾ സംസ്ഥാന തലത്തിലാണ് നടപ്പിലാക്കി വരുന്നത്. എന്നാൽ തിരൂർ നിയോജക മണ്ഡലത്തിൽ വളവന്നൂർ പഞ്ചായത്തിൽ കുറുകോൽ എന്ന സ്ഥലത്ത് ഒരു പുതിയ മാവേലി സ്റ്റോർ ആരംഭിച്ചിട്ടുണ്ട്.

## ഇടുക്കി നിയോജക മണ്ഡലത്തിൽ ഭക്ഷ്യ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

205(1273) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഭക്ഷ്യ വകുപ്പ് മുഖേന ഇടുക്കി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ളവ ഏതെല്ലാമെന്നും ആയതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മുഖേന സംസ്ഥാന തലത്തിലാണ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്. ആയതിനാൽ ഇടുക്കി നിയോജക മണ്ഡലത്തിലേക്കായി പ്രത്യേകിച്ച് പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

എന്നാൽ ഈ സർക്കാരിന്റെ കാലയളവിൽ ഇടുക്കി നിയോജക മണ്ഡലത്തിൽ ഉപ്പുതോട് എന്ന സ്ഥലത്ത് ഒരു പുതിയ മാവേലി സ്റ്റോറും മൂന്നാറിൽ ഒരു മൊബൈൽ മാവേലി സ്റ്റോറും ആരംഭിച്ചു. കൂടാതെ, മൂന്നാർ മാവേലി സ്റ്റോർ സൂപ്പർ മാർക്കറ്റാക്കി ഉയർത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇടുക്കിയിൽ പുതിയ താലൂക്ക് സപ്ലൈ ഓഫീസ് ആരംഭിച്ചിട്ടുമുണ്ട്.

**സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ജീവനക്കാർ**

206(1274) <u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിലവിലുള്ള സ്ഥിരം ജീവനക്കാർ എത്രയാണ്;

(ബി) താൽക്കാലിക, ദിവസവേതന ജീവനക്കാർ എത്രയാണ്;

(സി) സ്ഥിരം ജീവനക്കാരുടെ സർവ്വീസ് റൂൾസ് നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ സർവ്വീസ് റൂൾസ് എന്നത്തേക്ക് നിശ്ചയിച്ച് അംഗീകരിക്കാനാകും ;

(ഇ) ദിവസവേതനക്കാരുടേയും താല്ക്കാലിക ജീവനക്കാരുടേയും വേതനം വർദ്ധിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ ;വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ 2291 സ്ഥിരം ജീവനക്കാർ ഉണ്ട്.

(ബി) സപ്ലൈകോയിൽ താൽക്കാലിക ദിവസവേതനക്കാരുടെ എണ്ണം 5272 ആണ്.

(സി) നിശ്ചയിച്ചിട്ടുണ്ട്. 3-2-2009-ലെ സ.ഉ.(എം.എസ്) നമ്പർ 7/09/ ഭ.സി.സ.വ. ഉത്തരവ് പ്രകാരമുള്ള മാനേജീരിയൽ സർവ്വീസ് റൂളും 26-7-1997-ലെ സ.ഉ (എംഎസ്.)നമ്പർ 29/97/ഭ.സി.സ.വ. നമ്പർ പ്രകാരമുള്ള പ്രൊമോഷൻ/ റിക്രൂട്ട്മെന്റ് റൂളും 1978-ലെ ഹെൽപ്പേഴ്സ് സർവ്വീസ് റൂളും ആണ് നിലവിലുള്ളത്.

(ഡി) ബാധകമല്ല.

(ഇ) സർക്കാർ പരിശോധിച്ചുവരുന്നു.

**നിയമസഭാ മണ്ഡലങ്ങളിൽ ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ ഓഫീസ്**

207(1275) <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 140 നിയമസഭാ മണ്ഡലങ്ങളിലും ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വിഭാഗത്തിൽ ഓരോ ഓഫീസിലും എത്ര ജീവനക്കാർ ആവശ്യമുണ്ടെന്നും വകുപ്പിൽ ഇപ്പോൾ എത്ര ജീവനക്കാർ ഉണ്ട് എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) പേരാമ്പ്ര മണ്ഡലത്തിലെ ഓഫീസിൽ എത്ര ജീവനക്കാർ ഉണ്ടെന്നും ഇവർക്ക് വേറെ ഏതൊക്കെ മണ്ഡലങ്ങളിലെ ഓഫീസ് ചാർജ്ജുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിഭാഗത്തിനായി ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് നിലവിൽ ഉണ്ടായിരുന്ന 60 ഫുഡ്സേഫ്റ്റി സർക്കിൾ ഓഫീസുകൾ നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിച്ച് മൊത്തം ഭക്ഷ്യസുരക്ഷാ ഓഫീസുകളുടെ എണ്ണം 140 ആയി ഉയർത്തിയിട്ടുണ്ട്. അധികമായി സൃഷ്ടിച്ച 80 ഫുഡ്സേഫ്റ്റി ഓഫീസുകളിലേയ്ക്കാവശ്യമായ ഫുഡ്സേഫ്റ്റി ഓഫീസർ, ക്ലർക്ക്, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകൾ ഇതിനകംതന്നെ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തസ്തികകളിലേയ്ക്ക് ജീവനക്കാരെ നിയമിക്കുന്ന മുറയ്ക്ക് 140 നിയമസഭാമണ്ഡലങ്ങളിലും ഭക്ഷ്യസുരക്ഷാ ഓഫീസുകൾ പൂർണ്ണ പ്രവർത്തന സജ്ജമാകുന്നതാണ്. ഓരോ സർക്കിൾ ഓഫീസിലും ഒരു ഫുഡ് സേഫ്റ്റി ഓഫീസർ, ഒരു ക്ലർക്ക്, ഒരു ഓഫീസ് അറ്റൻഡന്റ് എന്ന ക്രമത്തിൽ 140 നിയമസഭാ മണ്ഡലങ്ങളിലും ജീവനക്കാർ ആവശ്യമായിട്ടുണ്ട്. നിലവിലുള്ള 60 സർക്കിൾ ഓഫീസുകളിൽ അനുവദനീയമായ ഒരു ഫുഡ് സേഫ്റ്റി ഓഫീസർ, ഒരു ക്ലർക്ക്, ഒരു അറ്റൻഡന്റ് എന്നീ ജീവനക്കാർ പ്രവർത്തിച്ചുവരുന്നു. അധികമായി സൃഷ്ടിച്ച 80 സർക്കിൾ ഓഫീസുകളിലേയ്ക്കടക്കം 99 ക്ലർക്കിന്റെയും 30 ഓഫീസ് അറ്റൻഡന്റിന്റെയും 5 ഫുഡ്സേഫ്റ്റി ഓഫീസർമാരുടെയും തസ്തികകൾ ജി.ഒ(എം.എസ്) നമ്പർ 26/2016/ആ.കു.വ. തീയതി 1-2-2016 പ്രകാരം

സൃഷ്ടിച്ചിട്ടുണ്ട്. 57 ഫുഡ് സേഫ്റ്റി ഓഫീസർ തസ്തികകൾ ജി.ഒ.(എം.എസ്) 24/2013/ആ.ക.വ. തീയതി 2-2-2013 പ്രകാരം നേരത്തെതന്നെ അനുവദിച്ചിട്ടുണ്ട്. മുഴുവൻ ഓഫീസുകളിലേയ്ക്കും ജീവനക്കാരെ നിയമിക്കുന്നതിനും ഓഫീസിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(സി&ഡി) പേരാമ്പ്ര മണ്ഡലത്തിലെ ഓഫീസിൽ ഒരു ക്ലർക്ക്, ഒരു ഓഫീസ് അറ്റൻഡന്റ്, ഒരു ഫുഡ് സേഫ്റ്റി ഓഫീസർ എന്നീ തസ്തികകളിൽ ജീവനക്കാർ പ്രവർത്തിക്കുന്നു. കൂടാതെ ഈ ഓഫീസിലെ ഫുഡ് സേഫ്റ്റി ഓഫീസർക്ക് കൊയിലാണ്ടി, ബാലുശ്ശേരി എന്നീ സർക്കിളുകളുടെ അധിക ചുമതല നൽകിയിട്ടുണ്ട്. ഫുഡ് സേഫ്റ്റി ഓഫീസർ തസ്തികയിൽ നിയമനം നടത്തുന്നതിനായി 80 ഒഴിവുകൾ ഇതിനകംതന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും റിക്രൂട്ട്മെന്റ് നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുകയുമാണ്.

**പാചക വാതക കണക്ഷൻ**

208(1276) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാചകവാതക കണക്ഷൻ നൽകുന്നതിന് ഗ്യാസ് ഏജൻസികൾ ഉപഭോക്താക്കളിൽ നിന്നും അമിതമായ തുക ഈടാക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏജൻസികൾ പലപ്പോഴും ഗ്യാസ് കണക്ഷൻ നൽകുന്നതിന് ഗ്യാസ് സ്റ്റൗവ്, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ നിർബന്ധപൂർവ്വം ഉപഭോക്താക്കളെ അടിച്ചേൽപ്പിക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്;

(സി) ഗ്യാസ് കണക്ഷനോടൊപ്പം സ്റ്റൗവും, അനുബന്ധ ഉപകരണങ്ങളും വാങ്ങാൻ തയ്യാറാകാത്ത ഉപഭോക്താക്കൾക്ക് ഗ്യാസ് കണക്ഷൻ നൽകുന്നതിന്, വിമുഖത കാണിയ്ക്കുന്നതും, കാലതാമസം വരുത്തുന്നതുമായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ കർശന നടപടി സ്വീകരിയ്ക്കുമോ;

(ഡി) ഗ്യാസ് ഏജൻസികൾക്ക് ഇത്തരത്തിൽ സ്റ്റൗവും അനുബന്ധ

ഉപകരണങ്ങളും വിപണനം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇത് ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്നതിന് ഇടയാക്കുന്ന സാഹചര്യത്തിൽ, ഇത്തരത്തിലുള്ള വിപണനം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. അങ്ങനെയുള്ള പരാതികൾ ലഭിക്കുന്ന മുറയ്ക്ക് അന്വേഷിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി-ഡി) ഗ്യാസ് സ്റ്റൗവും അനുബന്ധ ഉപകരണങ്ങളും ഉപഭോക്താക്കളുടെ താത്പര്യം അനുസരിച്ച് വിപണനം നടത്തുന്നതിന് ഗ്യാസ് ഏജൻസികൾക്ക് അനുമതി നൽകിയിട്ടുണ്ട്. എങ്കിലും ഗ്യാസ് സ്റ്റൗവും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് ഗ്യാസ് ഏജൻസികൾ ഉപഭോക്താക്കളിൽ നിർബന്ധം ചെലുത്താറില്ല എന്നും ടി വിവരം എല്ലാ ഗ്യാസ് ഏജൻസികളിലും എഴുതി പ്രദർശിപ്പിച്ചിട്ടുണ്ട് എന്നും ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതി ഉണ്ടായാൽ അന്വേഷണം നടത്തി നടപടികൾ സ്വീകരിക്കുന്നുണ്ട് എന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

**പെട്രോൾ/ഡീസൽ പമ്പുകൾ**

209(1277) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള സ്റ്റേറ്റ് സിവിൽ സപ്ളൈസ് കോർപ്പറേഷൻ നടത്തിവന്ന ഏതൊക്കെ പെട്രോൾ/ഡീസൽ പമ്പുകളാണ് ഐ.ഒ.സി/ ബി.പി/ എച്ച്.പി എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളത്; അവയുടെ പേര് വിവരം നൽകുമോ;

(ബി) സംസ്ഥാനത്ത് എവിടെയെങ്കിലും കേരള സ്റ്റേറ്റ് സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ കീഴിൽ പുതുതായി പെട്രോൾ/ഡീസൽ പമ്പുകൾ ആരംഭിക്കുന്നതിനായോ ഏതെങ്കിലും പ്രമുഖ പൊതുമേഖലാ എണ്ണ കമ്പനികളുമായി ചേർന്ന് അവരുടെ

സംസ്ഥാനത്തുള്ള പമ്പുകൾ ഏറ്റെടുത്ത് നടത്തുന്നതിനായോ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(സി) മായമില്ലാതെ പെട്രോൾ/ഡീസൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ കേരള സ്റ്റേറ്റ് സിവിൽ സപ്ളൈസ് കോർപ്പറേഷൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പൊതുമേഖലാ സ്ഥാപനമായ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് സപ്ലൈകോയെ താത്കാലികമായി ഏൽപ്പിച്ചിരുന്ന കോട്ടയം ജില്ലയിലെ വാകത്താനം, തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ എന്നിവിടങ്ങളിലുള്ള 2 പെട്രോൾ പമ്പുകൾ ഐ.ഒ.സി.എൽ.തന്നെ തിരിച്ചെടുത്തിട്ടുണ്ട്. ഇവ സപ്ലൈകോ നേരിട്ട് കൈമാറിയിട്ടുള്ളതല്ല. മറിച്ച് ഐ.ഒ.സി.എൽ.-ന്റെ അധികാര പരിധിയിൽപ്പെട്ട കാര്യമാണ്.

(ബി) പൊതുമേഖലാ എണ്ണക്കമ്പനികളുമായി പുതിയ പെട്രോൾ ബങ്കുകൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ ആരാഞ്ഞിട്ടുണ്ട്.

(സി) മായമില്ലാത്ത പെട്രോളും ഡീസലുമാണ് സപ്ലൈകോ പെട്രോൾ ബങ്കുകൾവഴി വിതരണം ചെയ്യുന്നത്.

**വിലക്കയറ്റം**

210(1278) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിലക്കയറ്റം തടയുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ;

(ബി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പൊതുവിപണിയിൽ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിന് ഭക്ഷ്യ പൊതു വിതരണ വകുപ്പ് ഉദ്യോഗസ്ഥർ മാത്രമായും പോലീസ്, ലീഗൽ മെട്രോളജി എന്നീ വകുപ്പുകളുമായും ചേർന്ന് പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് സംയുക്തമായി പരിശോധനകൾ നടത്തുന്നുണ്ട്. ഭക്ഷ്യ പൊതു വിതരണ വകുപ്പിൽ സംസ്ഥാന തലത്തിൽ വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിലും ജില്ലാ തലത്തിൽ ജില്ലാ സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും ശക്തമായ പരിശോധനകളും റെയ്ഡും നടത്തുന്നു. കൂടാതെ അവശ്യ സാധനങ്ങൾ ഉൾപ്പെടെ എല്ലാ സാധനങ്ങളുടെയും വിലവർദ്ധനവ് തടയുന്നതിനായി പൊതുവിതരണ ശൃംഖലയിലൂടെ ഭക്ഷ്യ ധാന്യങ്ങൾ സബ്സിഡി നിരക്കിൽ വിതരണം നടത്തുന്നു.

(ബി) വിപണിയിലുണ്ടാകുന്ന വിലവർദ്ധന പിടിച്ചുനിർത്തുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് ആശ്വാസമേകുന്നതിനായും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ഇതിലേക്കായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

(1) നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വിലനിലവാരം പിടിച്ചുനിർത്തുന്നതിനും വേണ്ടി 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി വിലയിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിറ്റുവരുന്നു.

(2) കൂടുതൽ വിൽപ്പനശാലകൾവഴി മിതമായ നിരക്കിൽ വിപണിയിൽ തടസ്സമില്ലാതെ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിനുപുറമെ ആദിവാസി/തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും പ്രവർത്തിച്ചുവരുന്നു.

(3) യഥാർത്ഥ ഉപഭോക്താവിന് അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നു വെന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾവഴി നിയന്ത്രിക്കുകയും അതുവഴി അവശ്യ സാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തു.

(4) ഗോതമ്പ് പൊടിയുടെ വിലവർദ്ധന തടയുന്നതിനായി സപ്ലൈകോ വിൽപ്പനശാലകൾ, റേഷൻ കടകൾ എന്നിവ വഴി ഫോർട്ടിഫൈഡ് ആട്ട ഒരു കിലോ പാക്കിന് 15 രൂപ നിരക്കിൽ വിതരണം

നടത്തിവരുന്നു.

(5) അരിയും പലവ്യഞ്ജനങ്ങളും കൂടാതെ FMCG സാധനങ്ങൾ MRP യേക്കാളും 5 മുതൽ 30% വരെ വിലകുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് MRP-യിൽനിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ മറ്റ് വൻകിട കച്ചവടക്കാരെ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.

(6) പൊതുവിപണിയിലേതിനെക്കാൾ 20% വരെ വിലക്കുറവിൽ തേയില, കാപ്പിപൊടി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തിവരുന്നു.

(7) ഉത്സവകാലങ്ങളിൽ വിലവർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തിവരുന്നു.

(8) സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻവേണ്ടി മാവേലി സ്റ്റോറുകൾ ഇല്ലാത്ത 38 പഞ്ചായത്തുകളിൽ കൂടി മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(9) കൂടാതെ പൊതുവിപണന ശൃംഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി പ്രതിമാസം ഏകദേശം 10 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള മാവേലി സ്റ്റോറുകൾ ഉപഭോക്താവിന് കൂടുതൽ സൗകര്യപ്രദമായി സാധനങ്ങൾ വാങ്ങുന്നതിന് സൗകര്യമുള്ള സൂപ്പർ മാർക്കറ്റുകളായി ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ നടപടി നടന്നുവരുന്നു.

(10) ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എല്ലാ സാധനങ്ങളും ക്വാളിറ്റി കൺട്രോൾ കമ്മിറ്റിയുടെ ഗുണനിലവാര സർട്ടിഫിക്കറ്റിന് വിധേയമായി മാത്രമാണ് വില്പനയ്ക്ക് വയ്ക്കുന്നത്. ഇത്തരത്തിൽ വിപണിയിൽ കുറഞ്ഞ വിലയ്ക്ക് സ്റ്റോക്ക് എത്തിച്ച് വിലവർദ്ധന ഉണ്ടാകാവുന്ന എല്ലാ സാഹചര്യങ്ങളും ഒഴിവാക്കുന്നതിനുള്ള നടപടികളെടുത്തുവരുന്നുണ്ട്.

**സമ്പൂർണ്ണ ബയോമെട്രിക് ഐഡന്റിഫിക്കേഷൻ**

211(1279) <u>ശ്രീ. പി. കെ ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും

സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ ബയോമെട്രിക് ഐഡന്റിഫിക്കേഷൻ അടിസ്ഥാനമാക്കിയുള്ള പൊതുവിതരണ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ആധാർ അധിഷ്ഠിതമായോ സ്മാർട്ട് കാർഡ് പോലുള്ള ബദൽ മാർഗ്ഗങ്ങളുപയോഗിച്ചോ പൊതുവിതരണ സമ്പ്രദായത്തിന്റെ ആദ്യന്ത കമ്പ്യൂട്ടർവൽക്കരണ പദ്ധതി നടപ്പാക്കുന്നതിന് 31-5-2014-ലെ സ.ഉ.(കൈ) നമ്പർ 18/14/ഭ.സി.സ.വ പ്രകാരം തീരുമാനമായിട്ടുണ്ട്. റേഷൻകാർഡ് പുതുക്കലിനോടനുബന്ധിച്ച് ഗുണഭോക്താക്കളുടെ ആധാർ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. സമ്പൂർണ്ണ ബയോമെട്രിക് ഐഡന്റിഫിക്കേഷൻ സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല.

(ബി) ഓരോ ഗുണഭോക്താവിനെയും ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് അർഹമായ വിഹിതം കൃത്യമായി ലഭിക്കുന്നുണ്ട് എന്നുറപ്പ് വരുത്താൻ സാധിക്കും. ഇതുമൂലം റേഷൻ സാധനങ്ങളുടെ ക്രമക്കേടുകൾ പൂർണ്ണമായും തടയാൻ സാധിക്കുന്നതോടൊപ്പം ഒന്നിലേറെ കാർഡിൽ ഒരേയാൾ തന്നെ അംഗമാകുന്നത് തടയാനും സാധിക്കും. ഇപ്രകാരം ഡീ-ഡ്യൂപ്ലിക്കേഷൻ നടത്തിയ ഒരു സമ്പൂർണ്ണ ഡാറ്റാ ബേസ് സിവിൽ സപ്ലൈസ് വകുപ്പിന് സ്വന്തമാകും. ഈ ഡാറ്റാബേസ് മറ്റു വകുപ്പുകൾക്കും പങ്ക് വയ്ക്കാവുന്നതും വിവിധ പദ്ധതികളുടെ ഗുണഫലങ്ങൾ യഥാർത്ഥ വ്യക്തിക്കു തന്നെ ലഭിക്കുന്നു എന്നുറപ്പു വരുത്തുന്നതിനും സാധിക്കും. പൊതു വിതരണ സമ്പ്രദായത്തിന്റെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം സാദ്ധ്യമാകുമ്പോൾ ഒരു ഗുണഭോക്താവിന് അർഹതപ്പെട്ട വിഹിതം മുഴുവൻ ലഭിക്കുന്നു എന്നുറപ്പ് വരുത്താൻ സാധിക്കുന്നതോടൊപ്പം അർഹതപ്പെട്ട വിഹിതം, നിരക്കുകൾ, കൈപ്പറ്റിയതും കൈപ്പറ്റാൻ അവശേഷിക്കുന്നതുമായ വിഹിതം തുടങ്ങിയവ നേരിട്ട് മനസ്സിലാക്കാനും സാധിക്കും.

(സി) മുഴുവൻ കാർഡുകളും പുതുക്കുന്നതോടനുബന്ധിച്ച് ഗുണഭോക്താക്കളുടെ ആധാർ വിവരങ്ങളും മറ്റ് സാമൂഹ്യ സാമ്പത്തിക വിവരങ്ങളും ശേഖരിച്ച് ഡേറ്റാ എൻട്രി നടത്തി പൂർത്തിയാക്കിയിട്ടുണ്ട്. ഡാറ്റാ വെരിഫിക്കേഷൻ പൂർത്തിയായ ശേഷം മുൻഗണനാ പട്ടിക തയ്യാറാക്കുന്നതാണ്. തിരുവനന്തപുരം, എറണാകുളം ജില്ലകളിലായി 22 റേഷൻ കടകളിൽ പൈലറ്റ് പദ്ധതി നടന്നുവരുന്നു. ഈ കടകളിൽ വിവിധ മാതൃകയിലുള്ള ഇ-പോസ് മെഷീനുകൾ സ്ഥാപിച്ച്

ബയോമെട്രിക് അധിഷ്ഠിതമായും അല്ലാതെയും ഉപഭോക്താവിനെ തിരിച്ചറിഞ്ഞ് റേഷൻ വിതരണം നടത്തുന്ന പദ്ധതി പരിശോധിച്ചുവരുന്നുണ്ട്.

**ഭക്ഷ്യസുരക്ഷാ ലൈസൻസും രജിസ്ട്രേഷനും**

212(1280) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ ലൈസൻസും രജിസ്ട്രേഷനും നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) ഏതൊക്കെ മേഖലകളെയാണ് ഇതിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഭക്ഷ്യസുരക്ഷാ ലൈസൻസും രജിസ്ട്രേഷനും നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) 2011 ആഗസ്റ്റ് മാസം 10-ാം തീയതി മുതൽ സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ ലൈസൻസും രജിസ്ട്രേഷനും നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഭക്ഷ്യപദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന എല്ലാ ഭക്ഷ്യഉത്പാദന വിതരണ സംരംഭകരും ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 അനുബന്ധ ചട്ടങ്ങളും അനുസരിച്ച് പരിധിയിൽ ഉൾപ്പെടുന്നു.

(സി) ഭക്ഷ്യഉത്പാദന വിതരണ സംരംഭകർക്ക് ഭക്ഷ്യസുരക്ഷാ ലൈസൻസും രജിസ്ട്രേഷനും എടുക്കുന്നതിന് Food Licensing and Registration System (FLRS) എന്ന ഓൺലൈൻ സംവിധാനം സംസ്ഥാനത്തുടനീളം നടപ്പിലാക്കി വരുന്നു. ഇത് സംബന്ധിച്ച് ഭക്ഷ്യഉത്പാദന വിതരണ സംരംഭകർ ഏറ്റവും

അടുത്തുള്ള അക്ഷയകേന്ദ്രങ്ങൾ മുഖാന്തരം ലൈസൻസ്/രജിസ്ട്രേഷൻ നടപടികൾക്കായി അപേക്ഷിക്കാവുന്നതാണ്. 2006-ലെ കേന്ദ്ര ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമമനുസരിച്ച് ടി ലൈസൻസ് രജിസ്ട്രേഷൻ എടുക്കുന്നതിനുള്ള കാലപരിധി നിശ്ചയിക്കുന്നത് ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയും കേന്ദ്ര സർക്കാരുമാണ്.

**റേഷൻ കാർഡ് പുതുക്കൽ**

213(1281) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകാർഡ് പുതുക്കൽ പ്രക്രിയ എന്നാണ് ആരംഭിച്ചത്;

(ബി) റേഷൻകാർഡ് പുതുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്;

(സി) റേഷൻ കാർഡിനായിട്ടുള്ള ഫോട്ടോ എടുക്കൽ കഴിഞ്ഞിട്ട് മാസങ്ങൾ ആയിട്ടും പുതുക്കിയ റേഷൻകാർഡ് നൽകുന്നതിനുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ;

(ഡി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് എന്നത്തേക്ക് പുതുക്കിയ റേഷൻ കാർഡുകൾ നൽകാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1-1-2015- ൽ

(ബി) കാർഡുടമകളിൽനിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഡേറ്റാ എൻട്രി നടത്തി മുൻഗണനാ റാങ്കിംഗ് നടത്തി കരട് മുൻഗണനാ/ മുൻഗണനേതര പട്ടിക പ്രസിദ്ധീകരിക്കുന്ന ഘട്ടത്തിലാണ്.

(സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം 2013 കേരള സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി മുൻഗണനാ/മുൻഗണനേതര വിഭാഗങ്ങളെ കണ്ടെത്തി വേണം റേഷൻ കാർഡുകൾ അച്ചടിച്ച് വിതരണം ചെയ്യേണ്ടത്. ഇതിനായി പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങൾ കാർഡുടമകൾക്ക് വിതരണം ചെയ്ത് വിവര

ശേഖരണം നടത്തി ഡേറ്റാ എൻട്രി ചെയ്യുകയും ഓൺലൈനായും ഡേറ്റാ എൻട്രി പ്രിന്റൗട്ടുകൾ റേഷൻ കടകളിലൂടെ വിതരണം ചെയ്ത് തെറ്റ് തിരുത്തി ഡേറ്റാ എൻട്രി ചെയ്യുകയും ചെയ്തു. മുൻഗണനാ റാങ്കിംഗ് നടത്തി കരട് മുൻഗണനാ/മുൻഗണനേതര പട്ടിക പ്രസിദ്ധീകരിച്ച് അതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് അവയും ഡേറ്റാ എൻട്രി ചെയ്ത വേണം പുതിയ കാർഡുകൾ അച്ചടിച്ച് വിതരണം ചെയ്യേണ്ടത്. റേഷൻ കാർഡുകൾ കുറ്റമറ്റ രീതിയിൽ നൽകുന്നതിനുള്ള മുൻകരുതലുകൾ എടുക്കുന്നതുകൊണ്ടാണ് കാലതാമസം നേരിടുന്നത്. 2007-08 കാലയളവിൽ പുതുക്കിയ കാർഡുകളിൽ ഒരുപാട് തെറ്റുകൾ കടന്നുകൂടിയത് കണക്കിലെടുത്താണിത്.

(ഡി) മറ്റ് സാങ്കേതിക തടസ്സങ്ങളില്ലെങ്കിൽ പുതിയ കാർഡുകൾ 31-3-2016-ന് അകം വിതരണം ചെയ്യുന്നതാണ്.

**പാചക വാതക വിതരണം**

214(1283) <u>ശ്രീ. കെ. അജിത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാചക വാതകത്തിന് ഇപ്പോൾ ഈടാക്കുന്ന തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) സബ്സിഡി വിലയ്ക്ക് വാങ്ങുന്ന ഒരു ഉപഭോക്താവിന് സിലണ്ടർ തുകയും ട്രാൻസ്പോർട്ടിംഗ് ചർജ്ജും ഉൾപ്പെടെ എത്ര തുകയാണ് ചെലവഴിക്കേണ്ടി വരികയെന്ന് വെളിപ്പെടുത്തുമോ;

(സി) ഗ്യാസ് സിലിണ്ടറിന്റെ ട്രാൻസ്പോർട്ടിംഗ് ചാർജ് ഈടാക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ ) പാചക വാതകത്തിന്റെ വില പല സ്ഥലങ്ങളിലും വ്യത്യസ്തമായിരിക്കും. DBTL സ്കീം പ്രകാരം നോൺ സബ്സിഡൈസ്ഡ് സിലിണ്ടറിന്

തിരുവനന്തപുരത്ത് 596 രൂപയാണ് പാചക വാതകത്തിന് ഇപ്പോൾ ഈടാക്കുന്ന തുക. ഇതിൽനിന്നും സബ്സിഡി തുക ഉപഭോക്താവിന്റെ അക്കൗണ്ടിൽ നേരിട്ട് ലഭ്യമാകുന്നതാണ്.

(ബി) തിരുവനന്തപുരത്ത് DBTL സ്കീം പ്രകാരം സിലിണ്ടറിന് 596 രൂപയാണ് ഈടാക്കുന്നത്. ട്രാൻസ്പോർട്ടിംഗ് ചാർജ്ജ് ഓരോ ജില്ലയിലും വ്യത്യാസപ്പെട്ടിരിക്കുന്നു. പാചക വാതക ഗോഡൗണിൽ നിന്നും 5 കിലോമീറ്റർ വരെ സൗജന്യ വിതരണ മേഖലയാണ്. 5 കിലോമീറ്ററിന് മുകളിലുള്ള സ്ഥലത്ത് പാചക വാതകം വിതരണം ചെയ്യുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ നിശ്ചയിക്കുന്ന തുക ട്രാൻസ്പോർട്ടിംഗ് ചാർജ്ജായി ഈടാക്കുന്നു.

(സി) ഓരോ ജില്ലകളിലേയും ഭൗതിക സാഹചര്യങ്ങളും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും കണക്കിലെടുത്തുകൊണ്ട് അതാത് ജില്ലാ കളക്ടർമാർ ട്രാൻസ്പോർട്ടിംഗ് ചാർജ്ജ് നിശ്ചയിക്കുന്നു.

**പാചകവാതക സിലിണ്ടറുകളുടെ കാലപരിധി**

215(1284) ശ്രീ. കെ. എം. ഷാജി
ശ്രീ. സി. മോയിൻ കുട്ടി
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാചകവാതകം നിറച്ച് വിതരണം ചെയ്യുന്ന സിലിണ്ടറുകളുടെ ഉപയോഗത്തിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്ര വർഷമാണെന്ന് വ്യക്തമാക്കുമോ;

(ബി) നിശ്ചിതകാലപരിധി കഴിഞ്ഞവ വീണ്ടും ഉപയോഗിക്കുന്നുണ്ടോ എന്നു കണ്ടെത്താൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിശദമാക്കുമോ;

(സി) കാലപരിധി കഴിഞ്ഞവ വീണ്ടും നിറച്ച് വിതരണം നടത്തുന്നതുമൂലമുള്ള

അപകടസാദ്ധ്യത കണക്കിലെടുത്ത് ഇതിന്റെ പരിശോധനാ സംവിധാനത്തെ ഊർജ്ജസ്വലമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിശ്ചയിച്ചിട്ടില്ല. എന്നാൽ ഗ്യാസ് സിലിണ്ടർ റൂൾസ് പ്രകാരം കാലാകാലങ്ങളിൽ സിലിണ്ടറുകൾ പരിശോധനയ്ക്ക് വിധേയമാക്കുകയും പരിശോധനയിൽ പരാജയപ്പെടുന്നവ നശിപ്പിക്കുകയും ചെയ്യുന്നു. പരിശോധനയ്ക്ക് വിധേയമാക്കേണ്ട തീയതി സിലിണ്ടറുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

(ബി) ഗ്യാസ് സിലിണ്ടർ റൂൾസ് പ്രകാരം പരിശോധനയ്ക്ക് വിധേയമാക്കേണ്ട സിലിണ്ടറുകൾ ബോട്ട്ലിംഗ് പ്ലാന്റുകളിൽവച്ച് വേർതിരിക്കപ്പെടുകയും പിന്നീട് നടത്തുന്ന പരിശോധനയിൽ യോഗ്യമെന്ന് കണ്ടെത്തുന്ന സിലിണ്ടറുകൾ മാത്രം ഉപയോഗിക്കുകയും ചെയ്യുന്നു എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(സി) ഗ്യാസ് സിലിണ്ടർ റൂൾസ് പ്രകാരം കാലാകാലങ്ങളിൽ നടത്തുന്ന പരിശോധനയിൽ ഉപയോഗയോഗ്യമെന്ന് കാണുന്ന സിലിണ്ടറുകൾ മാത്രമേ വിതരണം നടത്തുവാനായി ഉപയോഗിക്കുന്നുള്ളൂ എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

**പെട്രോൾ/ഡീസൽ പമ്പുകളിലെ പരിശോധന**

216(1285) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ/ഡീസൽ പമ്പുകൾ പരിശോധിക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന് അധികാരമുണ്ടോ; എങ്കിൽ ഏതൊക്കെ പരിശോധനകൾ നടത്താം ;

(ബി) ഇല്ലെങ്കിൽ ഉപഭോക്താവിന്റെ അവകാശങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ ഗവൺമെന്റിന്റെ ഉത്തരവാദിത്വം എത്രത്തോളമാണെന്ന് വ്യക്തമാക്കുമോ;

(സി) പമ്പുകളിൽ എന്തൊക്കെ രീതിയിലുള്ള പരിശോധനകൾ നടത്തി; എന്തൊക്കെ ക്രമക്കേടുകൾ കണ്ടെത്തി; ഇത്തരം പമ്പുകൾ പരിശോധിക്കുന്നത് എന്നെങ്കിലും കോടതി റദ്ദ് ചെയ്തിട്ടുണ്ടായിരുന്നോ; എങ്കിൽ എന്ന്;

(ഡി) എങ്കിൽ ഉപഭോക്താക്കളെ ചൂഷണത്തിൽ നിന്ന് സംരക്ഷിക്കാൻ എന്തെങ്കിലും തുടർനടപടി ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഇ) കോടതി വിധിക്കെതിരെ അപ്പീൽ നൽകിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ താലൂക്ക് സപ്ലൈ ഓഫീസർ റാങ്കിൽ കുറയാത്ത തസ്തികയിലുള്ള ഉദ്യോഗസ്ഥർക്കും ജില്ലാ കളക്ടർക്കും ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്/അസിസ്റ്റന്റ് പോലീസ് കമ്മീഷണർ എന്നീ ഉദ്യോഗസ്ഥർക്കും പെട്രോൾ പമ്പുകൾ പരിശോധിക്കുവാനുള്ള അധികാരം ഉണ്ട്. എണ്ണക്കമ്പനികളുടെ സെയിൽസ് ഏരിയ ഫീൽഡ് ഓഫീസർമാരും ടെറിട്ടറി ഓഫീസുകളിലെ ഉദ്യോഗസ്ഥൻമാരും പമ്പുകളിൽ പരിശോധന നടത്താറുണ്ട്. അളവിൽ കുറച്ച് വിതരണം നടത്തുന്നുണ്ടോയെന്നും ഇവ വിതരണം ചെയ്യുന്ന ഉപകരണങ്ങൾ യഥാസമയം മുദ്ര പതിപ്പിച്ചിട്ടുണ്ടോയെന്നും ലീഗൽ മെട്രോളജി വകുപ്പ് പരിശോധിക്കാറുണ്ട്.

(സി-ഇ) യഥാസമയം മുദ്ര പതിപ്പിക്കാതിരിക്കുക, ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാതിരിക്കുക, അളവിൽ കുറവിൽ വിൽപ്പന നടത്തുക എന്നീ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. ഇവയുമായി ബന്ധപ്പെട്ട പരിശോധനകൾ കോടതി റദ്ദ് ചെയ്തിട്ടില്ല. എന്നാൽ ഉപഭോക്താക്കൾക്ക് മായം കലരാത്ത പെട്രോളും ഡീസലും പാചക വാതകവും ലഭ്യമാക്കുക എന്ന ലക്ഷ്യം വെച്ചുകൊണ്ട് വ്യാപാരികൾക്ക് സംസ്ഥാന ഗവൺമെന്റിന്റെ ലൈസൻസ് നിർബന്ധമാക്കി കൊണ്ടുള്ള 1981-ലെ കേരള പെട്രോളിയം പ്രോഡക്ട്സ് ലൈസൻസിംഗ് ഓർഡർ ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ട്. ഇതിനെതിരെ സംസ്ഥാന സർക്കാർ നൽകിയ അപ്പീൽ ഹൈക്കോടതിയുടെ പരിഗണനയിലാണ്.

**ഭൂമി വിൽപ്പന**

217(1286) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഭൂമി വിൽപ്പന വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും കൈമാറ്റം ചെയ്യപ്പെട്ട

ഭൂമിയുടെ കണക്ക് ജില്ല തിരിച്ച് അറിയിക്കുമോ;

(സി) ഭൂമി വിൽപ്പന നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) രജിസ്ട്രേഷൻ വകുപ്പ് റവന്യൂ വകുപ്പുമായി ചേർന്ന് നടത്തുന്ന ഓൺലൈൻ സേവനങ്ങൾ എന്തെല്ലാം; സേവനങ്ങളെല്ലാം ഓൺലൈൻ മുഖേനയാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഈ സർക്കാരിന്റെ കാലത്ത് കൈമാറ്റം ചെയ്യപ്പെട്ട ഭൂമിയുടെ കണക്ക് അനുബന്ധം ആയി ചേർക്കുന്നു.*

(സി) ഓരോ വർഷവും ഭൂമി രജിസ്ട്രേഷന്റെ എണ്ണം കുറഞ്ഞുവരികയാണ്. സർക്കാരിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിൽ ഭൂമി രജിസ്ട്രേഷന് ഒരു സുപ്രധാന പങ്കുണ്ട്. ഭൂമി വിൽപ്പന നിയന്ത്രിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും രജിസ്ട്രേഷൻ വകുപ്പിന്റെ പരിഗണനയിലില്ല.

(ഡി) റവന്യൂ-രജിസ്ട്രേഷൻ വകുപ്പുകൾ സംയുക്തമായി RELIS (Revenue Land Information System) സംവിധാനം പ്രയോജനപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ 17 വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിവരുന്നു. രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് ഒട്ടാകെ നിലവിൽ 250 സബ് രജിസ്ട്രാർ ആഫീസുകൾ ഓൺലൈൻ സംവിധാനത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. വകുപ്പിന്റെ ഓൺലൈൻ സോഫ്റ്റ്‌വെയർ ആയ "ഓപ്പൺ പോൾ" മുഖാന്തിരം ആധാര രജിസ്ട്രേഷന് മുന്നോടിയായി ആധാര വിവരങ്ങൾ ഓൺലൈനായി സമർപ്പിച്ച് ആധാര രജിസ്ട്രേഷന്റെ തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ച് ടോക്കൺ ലഭ്യമാക്കാൻ കഴിയും. ബാദ്ധ്യതാ സർട്ടിഫിക്കറ്റ്, ആധാരപ്പകർപ്പ്, പ്രത്യേക വിവാഹത്തിനുള്ള അപേക്ഷ സമർപ്പിക്കൽ എന്നിവ പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിൽ പ്രവർത്തിച്ചുവരുന്നു. സഹകരണ സൊസൈറ്റികൾ, ബാങ്കുകൾ എന്നിവയുടെ പണയാധാരങ്ങളുടെ (ഗഹാൻ/ഗഹാൻ റിലീസ്) വിവരങ്ങൾ സമർപ്പിക്കുന്ന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നടപടിയും ഓൺലൈൻ സംവിധാനത്തിൽ ടി ആഫീസുകളിൽ കൈകാര്യം ചെയ്തുവരുന്നു. തിരുവനന്തപുരം ജില്ലയിൽ ഡിജിറ്റൽ സിഗ്നേച്ചർ മുഖാന്തരം ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ നൽകുന്നുണ്ട്. സംസ്ഥാനത്തെ 314 സബ് രജിസ്ട്രാർ ആഫീസുകളും ഓൺലൈൻ സമ്പ്രദായത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ആധാരം രജിസ്റ്റർ ചെയ്യുന്നതിന് ഓൺലൈൻ സംവിധാനം

218(1287) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ ആയി ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം എല്ലാ രജിസ്ട്രാർ ഓഫീസിലും നിലവിൽ വന്നിട്ടുണ്ടോ;

(ബി) പ്രസ്തുത സംവിധാനം നടപ്പിലാക്കിയ സബ് രജിസ്ട്രാർ ഓഫീസുകളിൽ ഇവ കാര്യക്ഷമമായി നടന്നുവരുന്നുണ്ടോ; സംവിധാനത്തിന്റെ കാര്യക്ഷമത സംബന്ധിച്ച് ഏതെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇവ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സംവിധാനത്തിലൂടെ ഇതിനകം എത്ര പ്രമാണങ്ങൾ രജിസ്റ്റർ ചെയ്തു;

(ഡി) സബ് രജിസ്ട്രാർ ഓഫീസുകളിൽ ഇടനിലക്കാരെ ഒഴിവാക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമോ; സബ് രജിസ്ട്രാർ ഓഫീസുകൾ ജനസൗഹൃദ ഓഫീസുകളായി മാറ്റുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) നിലവിൽ രജിസ്ട്രേഷൻ വകുപ്പിന് കീഴിലുള്ള 242 സബ് രജിസ്ട്രാർ ഓഫീസുകളിൽ ആധാര വിവരങ്ങൾ ഓൺലൈൻ ആയി സമർപ്പിക്കുവാനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ള സബ് രജിസ്ട്രാർ ഓഫീസുകളിൽ പദ്ധതിക്കായുള്ള പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. ആധാരങ്ങൾ ഓൺലൈനായി രജിസ്റ്റർ ചെയ്യുകയില്ല.

(ബി) പ്രാരംഭഘട്ടത്തിലുണ്ടായ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ചിട്ടുണ്ട്. നിലവിൽ ഈ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

(സി) ഓൺലൈൻ സംവിധാനത്തിലേക്ക് മാറിയതിനുശേഷം സംസ്ഥാനമൊട്ടുക്കായി 2,02,815 പ്രമാണങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) സബ് രജിസ്ട്രാർ ഓഫീസുകളിൽനിന്നുള്ള സേവനപ്രദാനം ഇന്റർനെറ്റ് അധിഷ്ഠിത സംവിധാനത്തിലേക്ക് മാറ്റിക്കൊണ്ട് സബ് രജിസ്ട്രാർ ഓഫീസുകൾ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

**മൊബൈൽ ടവറുകൾ സ്ഥാപിക്കൽ**

219(1288) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എ.ടി.എം. മെഷീനുകൾ, മൊബൈൽ ടവറുകൾ എന്നിവ സ്ഥാപിക്കുന്നതിന് സ്ഥലഉടമയുമായി ഉണ്ടാക്കുന്ന എല്ലാ ഉടമ്പടികൾക്കും കരാറുകൾക്കും, അവ പുതുക്കുന്നതിനും പ്രദേശത്തെ എം.എൽ.എ.-യുടെ അറിവും അനുമതിയും നിഷ്കർഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

ഈ വിഷയം രജിസ്ട്രേഷൻ വകുപ്പിന്റെ പരിഗണനയിലില്ല.

**അണ്ടർവാല്യൂവേഷൻ കേസ്സുകൾ**

220(1289) <u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. ടി. എൻ. പ്രതാപൻ</u> :
<u>ശ്രീ. എം. പി. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അണ്ടർ വാല്യൂവേഷൻ കേസ്സുകളിൽ തീർപ്പ് കൽപ്പിക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ

ഉദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഉണ്ട്. 1959-ലെ കേരള മുദ്രപത്ര നിയമത്തിലെ 9(1) (സി) വകുപ്പിന്റെ അടിസ്ഥാനത്തിൽ ടി നിയമത്തിലെ 45 ബി വകുപ്പുപ്രകാരം നടപടി സ്വീകരിച്ച അണ്ടർ വാല്യുവേഷൻ കേസുകളിൽ തീരുമാനമാകാതെ കിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിനായി പൊതുതാൽപര്യാർത്ഥം മുദ്രവില/രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ ഇളവ് നൽകിക്കൊണ്ട് 25-8-2012-ലെ ജി.ഒ.(പി)151/2012/നിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കോമ്പൗണ്ടിംഗ് പദ്ധതി നടപ്പാക്കിയിരുന്നു. പ്രസ്തുത പദ്ധതിയുടെ കാലാവധി 31-3-2014-ൽ അവസാനിച്ചിട്ടുള്ളതാണ്.

(ബി) ആധാരങ്ങളിൽ വസ്തു വില കുറച്ചുകാണിച്ചതുമായി ബന്ധപ്പെട്ട് 1986 മുതൽ 31-3-2012 വരെ കാലയളവിലുള്ള കുടിശ്ശിക അണ്ടർവാല്യുവേഷൻ കേസുകൾ സമയബന്ധിതമായി പൂർത്തിയാക്കി സർക്കാരിലേക്ക് ലഭിക്കാനുള്ള റവന്യൂ വരുമാനം സമാഹരിക്കുക എന്നതായിരുന്നു പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. 31-3-2014 വരെ 131111 കേസുകൾ തീർപ്പാക്കിയതിലൂടെ 30.36 കോടി രൂപ സമാഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(സി) പദ്ധതി നടത്തിപ്പിനാവശ്യമായ ഫണ്ടും നിർദ്ദേശങ്ങളും സർക്കാർ തലത്തിലും വകുപ്പുതലത്തിലും നൽകിയിരുന്നു.

**ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനം**

221(1290) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2014-15-ലെ ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയ രജിസ്ട്രേഷൻ വകുപ്പിന്റെ എറണാകുളം ജില്ലയിലെ ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനം ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ?

<u>ഉത്തരം</u>

എറണാകുളം ജില്ലയിൽ കൂത്താട്ടുകുളം കേന്ദ്രമാക്കി പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിനായി 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഒരു കോടി രൂപ പ്രഖ്യാപിച്ചിരുന്നു. തുക അപര്യാപ്തമായതിനാൽ കൂടുതൽ തുക അനുവദിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ 2015-16 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 2 കോടി രൂപ വകയിരുത്തിയിട്ടുള്ളതും സർക്കാർ ഭരണാനുമതി നൽകി ഉത്തരവായിട്ടുള്ളതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 2016 മാർച്ച് 31-നകം പൂർത്തിയാക്കുവാൻ കഴിയുന്ന പ്രവൃത്തികളുടെ വിശദമായ ഷെഡ്യൂൾ തയ്യാറാക്കി അടിയന്തരമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ പൊതുമരാമത്ത് (കെട്ടിടവിഭാഗം) ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിരുന്നു. ടി പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കുവാൻ ഒരു മാസമെങ്കിലും സമയം വേണ്ടിവരുമെന്നും ടെണ്ടർ നടപടികൾ പൂർത്തീകിരച്ചതിനുശേഷം പണി പൂർത്തീകരിക്കുവാൻ ഈ സാമ്പത്തിക വർഷം കഴിയുകയില്ല എന്നും എന്നാൽ പ്രസ്തുത പ്രവൃത്തി എത്രയും വേഗത്തിൽ പൂർത്തീകരിക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് എന്നും പൊതുമരാമത്ത് (കെട്ടിടവിഭാഗം) ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഇപ്പോൾ ഇതിന്റെ ടെണ്ടർ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.

**രജിസ്ട്രേഷൻ വകുപ്പിലെ പദ്ധതികൾ**

222(1291) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്ട്രേഷൻ വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാം; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി ഓരോ വർഷത്തെ ബഡ്ജറ്റിലും വകയിരുത്തിയ തുകയെത്ര; പദ്ധതികളുടെ നടത്തിപ്പിനായി ഖജനാവിൽ നിന്ന് ഇതിനകം പിൻവലിച്ച തുകയെത്ര;

(സി) കഴിഞ്ഞ അഞ്ച് വർഷത്തിനകം പ്രഖ്യാപിച്ചതും എന്നാൽ

നടപ്പിലാക്കാൻ കഴിയാത്തതുമായ പദ്ധതികൾ ഏതെല്ലാമെന്നും ഇവയിൽ ഉപേക്ഷിച്ച പദ്ധതികൾ ഏതെല്ലാമെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി രജിസ്ട്രേഷൻ വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ താഴെ ചേർക്കുന്നു.

2011-12

സബ് രജിസ്ട്രാർ ഓഫീസുകളിലെ ലോക്കൽ ഏരിയ ശൃംഖല വഴി റവന്യൂ ഓഫീസുകളുമായി ബന്ധപ്പെടുത്തി തൽസമയ ഓൺലൈനായി വിവരങ്ങൾ കൈമാറി ഉടൻ തന്നെ പോക്കുവരവ് ചെയ്യാനുള്ള സമ്പ്രദായം നടപ്പിലാക്കും.

2012-13

(1) രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങൾ നെറ്റ്‌വർക്ക് മുഖാന്തിരം തിരുവനന്തപുരത്തുള്ള സ്റ്റേറ്റ് ഡേറ്റാ സെന്ററിൽ എത്തിച്ചുകൊണ്ട് കേരളത്തിലെ ഭൂമി സംബന്ധമായ രജിസ്ട്രേഷൻ വിവരങ്ങൾ ഒരു സ്ഥലത്ത് കേന്ദ്രീകരിക്കുന്ന പദ്ധതി.

(2) ഏകജാലക സംവിധാനം സബ് രജിസ്ട്രാർ ഓഫീസുകളിൽ ഏർപ്പെടുത്തുന്നതാണ്.

(3) ആധാര രജിസ്ട്രേഷനുകൾക്ക് ഇ-സ്റ്റാമ്പിംഗ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

(4) രജിസ്ട്രേഷൻ വകുപ്പു നൽകുന്ന വിവിധ സേവനങ്ങൾക്ക് ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതാണ്.

2013-14

(1) തിരുവനന്തപുരം ജില്ലയിലെ 10 സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാര പരിധി പുനർനിർണ്ണയിച്ചുകൊണ്ട് ഏത് ആധാരവും ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യാവുന്ന സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കും.

(2) എല്ലാ സബ് രജിസ്ട്രാർ ഓഫീസിലും നെറ്റ്‌വർക്കിംഗ് പദ്ധതി നടപ്പിലാക്കും.

(3) തിരുവിതാംകൂർ-കൊച്ചി സാഹിത്യ-ശാസ്ത്രീയ-ധാർമ്മിക സംഘങ്ങളുടെ രജിസ്ട്രേഷൻ നിയമവും ഇൻഡ്യൻ സൊസൈറ്റി രജിസ്ട്രേഷൻ നിയമവും ഏകീകരിച്ചുകൊണ്ട് കേരളത്തിൽ പുതിയ സൊസൈറ്റി രജിസ്ട്രേഷൻ നിയമം നടപ്പിലാക്കും.

(4) സംസ്ഥാന വ്യാപകമായി ഇ-സ്റ്റാമ്പിംഗ് പദ്ധതി നടപ്പിലാക്കും.

2014-15

(1) മലപ്പുറം ജില്ലയിലെ എടവണ്ണ ആസ്ഥാനമാക്കി സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കും.

(2) രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിനുവേണ്ടി കുത്താട്ടുകുളത്ത് ഒരു ട്രെയിനിംഗ് സെന്റർ ആരംഭിക്കും.

2015-16

രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിനുവേണ്ടി കുത്താട്ടുകുളത്ത് ഒരു ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിന് രണ്ട് കോടി രൂപ വകയിരുത്തി.

(ബി)

2011-12

വകയിരുത്തിയ തുക - 400 ലക്ഷം രൂപ

പദ്ധതികളുടെ നടത്തിപ്പിനായി ചെലവഴിച്ച തുക - 394.05 ലക്ഷം രൂപ

2012-13

വകയിരുത്തിയ തുക - 500 ലക്ഷം രൂപ

പദ്ധതികളുടെ നടത്തിപ്പിനായി ചെലവഴിച്ച തുക - 495.56 ലക്ഷം രൂപ

2013-14

വകയിരുത്തിയ തുക - 800 ലക്ഷം രൂപ

പദ്ധതികളുടെ നടത്തിപ്പിനായി ചെലവഴിച്ച തുക - 787.71 ലക്ഷം രൂപ

2014-15

വകയിരുത്തിയ തുക - 910 ലക്ഷം രൂപ

പദ്ധതികളുടെ നടത്തിപ്പിനായി ചെലവഴിച്ച തുക - 910 ലക്ഷം രൂപ

2015-16

രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിനുവേണ്ടി കൂത്താട്ടുകുളത്ത് ഒരു ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിന് രണ്ട് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. ടെണ്ടർ നടപടികൾ പൂർത്തിയാവുന്നു.

(സി)

2011-12

സംസ്ഥാനത്ത് 242 സബ് രജിസ്ട്രാർ ഓഫീസുകളിൽ സേവനങ്ങൾ ഓൺലൈനാക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ള സബ് രജിസ്ട്രാർ ഓഫീസുകളിൽ പദ്ധതിക്കായുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഓൺലൈൻ പോക്കുവരവ് പദ്ധതി തിരുവനന്തപുരം ജില്ലയിലെ ഏതാനും സബ് രജിസ്ട്രാർ ഓഫീസുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ 2015-16 സാമ്പത്തിക വർഷം നടപ്പിലാക്കിയിട്ടുണ്ട്.

2012-13

ആധാര രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ഇ-സ്റ്റാമ്പിംഗ് പദ്ധതി ഒഴികെയുള്ള പദ്ധതികൾ സംസ്ഥാനത്തെ 242 സബ് രജിസ്ട്രാർ ഓഫീസുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇ-സ്റ്റാമ്പിംഗ് പദ്ധതിക്കായുള്ള നിയമ ഭേദഗതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ പൂർത്തിയായിവരുന്നു.

2013-14

തിരുവനന്തപുരം ജില്ലയിലെ 10 സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാര പരിധി പുനർനിർണ്ണയിച്ചുകൊണ്ട് ഏത് ആധാരവും ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യാവുന്ന സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുമെന്നുള്ള പ്രഖ്യാപനം നെറ്റ്‌വർക്കിംഗ് പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് പൂർണ്ണമായും നടപ്പിലാക്കാൻ സാധിക്കുന്നതാണ്. തിരുവിതാംകൂർ-കൊച്ചി

സാഹിത്യ-ശാസ്ത്രീയ-ധാർമ്മിക സംഘങ്ങളുടെ രജിസ്ട്രേഷൻ നിയമവും ഇൻഡ്യൻ സൊസൈറ്റി രജിസ്ട്രേഷൻ നിയമവും ഏകീകരിച്ചുകൊണ്ട് കേരളത്തിൽ പുതിയ സൊസൈറ്റി രജിസ്ട്രേഷൻ നിയമം നടപ്പിലാക്കുമെന്നുള്ള പ്രഖ്യാപനം നടപ്പിലായിട്ടില്ല. ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2014-15

മലപ്പുറം ജില്ലയിലെ എടവണ്ണ ആസ്ഥാനമാക്കി സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കുന്നതിന് 30-12-2015-ലെ സ.ഉ(എം.എസ്) 223/2015/നിവ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

2015-16

രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിനുവേണ്ടി കൂത്താട്ടുകുളത്ത് ഒരു ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിന് 2015-16 സാമ്പത്തിക വർഷത്തിൽ രണ്ട് കോടി രൂപ വകയിരുത്തുകയും പദ്ധതിക്ക് ഭരണാനുമതി നൽകി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു.

**റേഷൻ കാർഡ് പുതുക്കൽ**

223(1292) ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. സി. കെ. നാണു :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. മാത്യു ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡ് പുതുക്കുന്നതിന് വേണ്ടിയുള്ള അപേക്ഷ സർക്കാർ എന്നാണ് ക്ഷണിച്ചത്;

(ബി) അത് സംബന്ധിച്ച് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്;

(സി) അവയിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) പുതുക്കിയ റേഷൻകാർഡുകൾ എന്നേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1-1-2015.

(ബി) 80,14,016.

(സി) ആദ്യ ഘട്ടത്തിൽ ഫോട്ടോ ക്യാമ്പുകൾ സംഘടിപ്പിച്ച് കുടുംബത്തിലെ മുതിർന്ന വനിതാ അംഗത്തിന്റെ ഫോട്ടോ എടുക്കുകയും അപേക്ഷ സ്വീകരിക്കുകയും ചെയ്തു. തുടർന്ന് അപേക്ഷാ ഫോറങ്ങളിൽ കാർഡുടമകൾ നൽകിയ വിവരങ്ങൾ ഡേറ്റാ എൻട്രി ചെയ്തു. ഡേറ്റാ എൻട്രി നേരിട്ട് പരിശോധിക്കാനും തെറ്റുണ്ടെങ്കിൽ തിരുത്താനും ഓൺലൈനായും ഡേറ്റാ എൻട്രി പ്രിന്റൗട്ടുകൾ റേഷൻ കടകളിലൂടെ വിതരണം ചെയ്തും കാർഡുടമകൾക്ക് അവസരം നൽകി. സമയബന്ധിതമായി തെറ്റ് തിരുത്തൽ ഡേറ്റാ എൻട്രിയും പൂർത്തീകരിച്ചു. എൻ.ഐ.സി. വികസിപ്പിച്ചിട്ടുള്ള റാങ്കിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഗുണഭോക്താക്കളെ റാങ്ക് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്. കരട് മുൻഗണനാ/ മുൻഗണനേതര പട്ടിക ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്.

(ഡി) മറ്റ് സാങ്കേതിക തടസ്സങ്ങളില്ലെങ്കിൽ 2016 ഏപ്രിൽ 1-ന് മുമ്പ് പുതുക്കിയ റേഷൻ കാർഡുകൾ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## രജിസ്ട്രേഷൻ വകുപ്പുവഴി നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ

224(1293) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം രജിസ്ട്രേഷൻ വകുപ്പുവഴി ഇടുക്കി നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരമേറ്റതിനുശേഷം രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിൽ ഇടുക്കി നിയോജകമണ്ഡലത്തിലെ തോപ്രാംകുടിയിൽ പുതിയ ഒരു സബ് രജിസ്ട്രാർ ഓഫീസ് 1-6-2015-ൽ പ്രവർത്തനം ആരംഭിച്ചു. കൂടാതെ ഇടുക്കി നിയോജക മണ്ഡലത്തിലെ കട്ടപ്പന, അറക്കുളം എന്നീ സബ് രജിസ്ട്രാർ ഓഫീസുകളിൽനിന്ന് പൊതുജനങ്ങൾക്ക് നൽകിവരുന്ന സേവനങ്ങൾ ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റിയിട്ടുണ്ട്.

## പൊതുജന സമ്പർക്ക പരിപാടി

225(1294) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടിയിൽ രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രഖ്യാപനങ്ങൾ ഏതെല്ലാമായിരുന്നു;

(ബി) ബഡ്ജറ്റ് പ്രഖ്യാപനങ്ങളിൽ ഉൾപ്പെടാത്ത എത്ര പദ്ധതികൾ ഇവയിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഇവയുടെ നടത്തിപ്പിന് ആവശ്യമായ തുക ഉപധനാഭ്യർത്ഥനയിലൂടെ പാസ്സാക്കിയിട്ടുണ്ടോ;

(ഡി) ഇപ്രകാരം പ്രഖ്യാപിക്കപ്പെട്ടവയിൽ ഇനിയും നടപ്പിലാക്കാനും പൂർത്തീകരിക്കാനും സാധിക്കാത്തവയായി എത്ര പദ്ധതികൾ ഉണ്ട് എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടിയിൽ രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട് പ്രഖ്യാപനങ്ങൾ ഒന്നും ഉണ്ടായിട്ടില്ല.

(ബി-ഡി) ബാധകമല്ല.

## പി.ഡബ്ല്യൂ.ഡി. റോഡുകൾ

226(1295) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തൃക്കരിപ്പൂർ മണ്ഡലത്തിൽ എത്ര കിലോമീറ്റർ റോഡുകൾ പി.ഡബ്ള്യൂ.ഡി. ഏറ്റെടുത്തിട്ടുണ്ടെന്നും പ്രസ്തുത റോഡുകളുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നും വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൃക്കരിപ്പൂർ മണ്ഡലത്തിൽ 101.08 കി.മീ. റോഡുകൾ പി.ഡബ്ല്യൂ.ഡി. ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ

1. ചിറ്റാരിക്കൽ-കുന്നുംകൈ റോഡ് - 10 കി.മീ.
2. ചീമേനി-ചാനടുക്കം-കാക്കടവ റോഡ് - 12 കി.മീ.
3. ഒടയംചാൽ - ചെറുപുഴ റോഡ് - 4 കി.മീ.
4. ചിറ്റാരിക്കൽ - വള്ളിക്കടവ് റോഡ് - 3 കി. മീ.
5. ചീമേനി -കുന്നുംകൈ റോഡ് - 7 കി. മീ.
6. കിനാനൂർ - കരിന്തളം-ചാത്തമത്ത് റോഡ് - 10 കി. മീ. എന്നീ

റോഡുകളിൽ ഭാഗികമായി അറ്റകുറ്റപ്പണി അടിയന്തരമായി നടത്തേണ്ടതുണ്ട്. ബാക്കി റോഡുകൾ എല്ലാംതന്നെ വാഹന ഗതാഗതത്തിന് അനുയോജ്യമാണ്.

**മരാമത്ത് പ്രവൃത്തികൾ**

227(1296) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാർ അധികാരമേറ്റശേഷം പൊതുമരാമത്ത് വകുപ്പ് മുഖേന കല്യാശ്ശേരി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചതും പൂർത്തിയാക്കിയതുമായ പ്രവൃത്തികളുടെയും പൂർത്തിയാക്കാൻ ബാക്കിയുള്ള പ്രവൃത്തികളുടെയും ഓരോ പ്രവൃത്തിക്കും ലഭിച്ച ഫണ്ടുകളെ സംബന്ധിച്ചുമുള്ള വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

നിലവിലെ സർക്കാർ അധികാരമേറ്റശേഷം പൊതുമരാമത്ത് വകുപ്പ് മുഖേന കല്യാശ്ശേരി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ചതും പൂർത്തിയാക്കിയതുമായ പ്രവൃത്തികളുടെയും പൂർത്തിയാക്കാൻ ബാക്കിയുള്ള പ്രവൃത്തികളുടെയും ഓരോ പ്രവൃത്തിക്കും ലഭിച്ച ഫണ്ടുകളെ സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ ദേശീയപാത നിരത്ത്, കെട്ടിടവിഭാഗങ്ങൾ എന്നിങ്ങനെ അനുബന്ധം I, II, III ആയി ചേർത്തിരിക്കുന്നു.*

**പി.ഡബ്ല്യൂ.ഡി. റോഡുകൾ**

228(1297) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ വലിയപറമ്പ് ഗ്രാമ പഞ്ചായത്തിൽ പി.ഡബ്ല്യൂ.ഡി. മുഖേന എത്ര കിലോമീറ്റർ റോഡുകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഈ പഞ്ചായത്തിൽ പി.ഡബ്ല്യൂ.ഡി.-യുടെ അധീനതയിൽ എത്ര കിലോമീറ്റർ റോഡുണ്ടെന്നും വ്യക്തമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഉത്തരം

കാസർഗോഡ് ജില്ലയിലെ വലിയപറമ്പ് ഗ്രാമപഞ്ചായത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ 10 കി.മീ. റോഡാണുള്ളത്. ആയതിന്റെ പ്രവൃത്തികൾക്ക് ഫണ്ട് അനുവദിച്ചിട്ടില്ല.

## മിനി സിവിൽ സ്റ്റേഷൻ

229(1298) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന്റെ അടങ്കൽ തുക എത്രയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തി ആരംഭിച്ചത് എന്നാണെന്നും എത്രത്തോളം നിർമ്മാണം പൂർത്തീകരിച്ചുവെന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത മിനി സിവിൽസ്റ്റേഷൻ നിർമ്മാണം മുടങ്ങിയിട്ട് എത്രനാളായി; മുടങ്ങാൻ ഇടയായ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ;

(ഡി) ഇതിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കേസുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ഇ) പ്രസ്തുത മിനി സിവിൽസ്റ്റേഷൻ നിർമ്മാണം പുനരാരംഭിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ&ബി) കൊട്ടാരക്കര മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം 14-2-2012-ൽ ആരംഭിക്കുകയും പണി 77 ശതമാനത്തോളം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി കെട്ടിടത്തിന്റെ അടങ്കൽ തുക 9,41,46,041 രൂപയാണ്.

(സി-ഇ) കൊട്ടാരക്കര മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം 14-8-2014 മുതൽ മുടങ്ങിക്കിടക്കുകയാണ്. കരാറുകാരൻ റേറ്റ് ഉയർത്തിക്കിട്ടാൻ ആവശ്യപ്പെട്ട് ഒരു റിട്ട് ഹർജി കേരള ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. കോടതിവിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ ബാക്കി പണികൾ പുനരാരംഭിക്കാൻ സാധിക്കുകയുള്ളൂ.

## റോഡ് അഭിവൃദ്ധിപ്പെടുത്തൽ

230(1299) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മണ്ഡലത്തിലെ ബേപ്പൂർ-ചെറുവണ്ണൂർ റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതു

സംബന്ധിച്ച് കോഴിക്കോട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന് അനുമതി നല്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എത്രയും വേഗം അനുമതി നല്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) ബേപ്പൂർ-ചെറുവണ്ണൂർ റോഡ് റീടാറിംഗ് ചെയ്യുന്നതിനായുള്ള 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ബൈപ്പാസ് റോഡുകളുടെ നിർമ്മാണം**

231(1300) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നസമയത്ത് സംസ്ഥാനത്ത് എത്ര ബൈപാസ്സ് റോഡുകളുടെ നിർമ്മാണ പ്രവൃത്തി നടക്കുന്നുണ്ടായിരുന്നു എന്ന് വെളിപ്പെടുത്താമോ; അവ ഏതെല്ലാം; ഇതിൽ എത്രയെണ്ണത്തിന്റെ പണി പൂർത്തിയാക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ വിവിധ ബഡ്ജറ്റുകളിലായി ഏതെല്ലാം ബൈപാസ്സ് റോഡുകളാണ് നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നത്; ഇതിൽ എത്രയെണ്ണം പണി പൂർത്തീകരിച്ചു ; നിർമ്മാണപ്രവൃത്തി നടക്കുന്നവയെത്ര; ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും ഇതുവരെ പണി ആരംഭിക്കാൻ കഴിയാത്തതുമായ ബൈപാസുകളുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**റെയിൽവേ മേൽപ്പാലം**

232(1301) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കുറുപ്പന്തറ റെയിൽവെ മേൽപ്പാലത്തിന്റെ പ്രവൃത്തി സംബന്ധിച്ച് ഇപ്പോൾ പൊതുമരാമത്ത് വകുപ്പിൽ ഫയൽ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ നമ്പർ നൽകാമോ;

(ബി) ഇതു സംബന്ധിച്ച് ചീഫ് എഞ്ചിനീയർ ഓഫീസിലെ ഫയൽനമ്പർ വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്നതിന് ഡി.പി.ആർ., സി. ഇ. ഓഫീസിൽ നിന്നും ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എത്രയും വേഗം ഭരണാനുമതി ലഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഫയൽ നമ്പർ 23637/ഡി2/2015/പൊ.മ.വ.

(ബി) പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ഫയൽ നിലവിലില്ല.

(സി) കുറുപ്പന്തറ റെയിൽവേ മേൽപ്പാല നിർമ്മാണത്തിനുള്ള വിശദമായ പദ്ധതി രേഖ ആർ.ബി.ഡി.സി.കെ.-യിൽനിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**പാലങ്ങളുടെ നിർമ്മാണം**

233(1302) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന ഏതെല്ലാം പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ അനുമതിക്കായി സർക്കാരിന്റെ പരിഗണനയിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും അവയ്ക്ക് ഭരണാനുമതി നൽകുന്നതിനായി സ്വീകരിക്കുന്ന നടപടികളും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ചെട്ടിയാരഴീക്കൽ പാലം നിർമ്മാണത്തിനായി സർവ്വേയും മണ്ണ് പരിശോധനയും പൂർത്തിയാക്കി ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. ആവശ്യമായ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. കൽച്ചിറപ്പള്ളി പാലം, അറയ്ക്കടവ് പാലം എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി ലഭ്യമായിട്ടില്ല.

## പി.ഡബ്ല്യു.ഡി. റോഡുകളുടെ നവീകരണം

234(1303) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി ഈ സർക്കാർ എത്ര തുക അനുവദിച്ചു; 1-7-2011 മുതൽ 31-12-15 വരെയുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ വിവിധ പി.ഡബ്ല്യു.ഡി. റോഡുകളുടെ നവീകരണത്തിനും അറ്റകുറ്റപണിക്കുമായി എത്ര തുക അനുവദിച്ചു; റോഡുകളുടെ പേര്, അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി 1-7-2011 മുതൽ 31-12-2015 വരെ 295 ലക്ഷം രൂപ അനുവദിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിച്ച തുക (ലക്ഷത്തിൽ) |
|---|---|
| 2011-12 | 25.00 |
| 2012-13 | 0.00 |
| 2013-14 | 70.00 |
| 2014-15 | 0.00 |
| 2015-16 | 200.00 |

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ വിവിധ പി.ഡബ്ല്യു.ഡി. റോഡുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി 3465 ലക്ഷം രൂപ അനുവദിച്ചു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സേഫ് കോറിഡോർ പദ്ധതി

235(1304) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.റ്റി.പി.-യുടെ സേഫ് കോറിഡോർ പദ്ധതിയിൽ ഉൾപ്പെടുത്തി കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ ട്രോമാകെയർ യൂണിറ്റിനാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പദ്ധതി അംഗീകരിച്ച് ഉപകരണങ്ങൾ ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നുള്ള വിശദാംശം വ്യക്തമാക്കാമോ?

### ഉത്തരം

(എ) കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ ട്രോമാ കെയർ യൂണിറ്റിനാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം ഹെൽത്ത് സർവ്വീസ് ഡയറക്ടറുടെ പക്കൽ നിന്നും കെ.എസ്.ടി.പി.-ക്ക് ലഭിച്ചിരുന്നു. ലോകബാങ്ക് ധനസഹായത്തോടെ മാതൃകാ സുരക്ഷാ ഇടനാഴിയായി കെ.എസ്.ടി.പി.-യിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന 80 കി.മീ. ദൈർഘ്യം വരുന്ന കഴക്കൂട്ടം-അടൂർ റോഡിൽ, റോഡ് സുരക്ഷയിൽ അന്താരാഷ്ട്ര തലത്തിലുള്ള ഏറ്റവും ഉത്തമമായ പ്രയോഗങ്ങൾ നടപ്പാക്കിയാണ് മാതൃകാ സുരക്ഷാപാതയായി വികസിപ്പിക്കുന്നത്. ആയതിന് മറ്റ് തൽപ്പര വകുപ്പുകളുമായി ചേർന്ന് റോഡ് സുരക്ഷയിലെ ഉത്തമപ്രവൃത്തികൾ എങ്ങനെ ഫലവത്തായി നടപ്പാക്കാം എന്ന ഉദ്ദേശത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ വാങ്ങുക, കൺസൾട്ടൻസി സർവ്വീസ്, സിവിൽ വർക്സ് തുടങ്ങിയവയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ട്രോമാകെയർ യൂണിറ്റിനാവശ്യമായ ഉപകരണങ്ങൾ ലോകബാങ്കിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് വാങ്ങുവാനുള്ള അംഗീകാരം കെ.എസ്.ടി.പി.-യുടെ സ്റ്റിയറിംഗ് കമ്മിറ്റി ലഭ്യമാക്കിയിട്ടുണ്ട്. തുടർന്ന് ലോകബാങ്കിന്റെ എൻ.ഒ.സി. ലഭിക്കുന്നതിനായി അയയ്ക്കുകയുണ്ടായി. ഈ പദ്ധതി വിദഗ്ധരായ റോഡ് സുരക്ഷ കൺസൾട്ടന്റ് മുഖേന നടപ്പാക്കാനുള്ളതിനാൽ പ്രസ്തുത കൺസൾട്ടന്റിന്റെ നിർദ്ദേശം അനുസരിച്ച് തീരുമാനമെടുക്കാം എന്ന് ലോകബാങ്ക് കെ.എസ്.ടി.പി.-ക്ക്

നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ പദ്ധതിയുടെ സിവിൽ വർക്കിന്റെയും റോഡ് സുരക്ഷാ വർക്കിന്റെയും എസ്റ്റിമേറ്റ് തയ്യാറാക്കി ലോകബാങ്കിന്റെ എൻ.ഒ.സി. ലഭിക്കുന്നതിനായി അയച്ചിട്ടുണ്ട്. എൻ.ഒ.സി. ലഭിക്കുന്ന മുറയ്ക്ക് ടെൻണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്. സിവിൽ വർക്കും, റോഡ് സുരക്ഷാ വർക്കും പൂർത്തീകരിച്ചതിനുശേഷം മാത്രമേ മറ്റ് തൽപ്പര വകുപ്പുകളുമായി ചേർന്നുള്ള മാതൃകാ സുരക്ഷാ പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയുള്ളൂ. ഈ പദ്ധതിക്കുവേണ്ടി നീക്കിവച്ചിട്ടുള്ള തുക റോഡ് സുരക്ഷാ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് റോഡപകടങ്ങളിൽപ്പെടുന്നവരുടെ ജീവൻ രക്ഷിക്കാൻ ഉതകും വിധത്തിൽ അനുയോജ്യമായ പദ്ധതികൾക്കായി എങ്ങനെ വിനിയോഗിക്കാം എന്ന് വിദഗ്ധരായ കൺസൾട്ടന്റുകൾ നിർദ്ദേശിക്കുന്ന പ്രകാരം വിനിയോഗിക്കുന്നതാണ്.

## റോഡ് നിർമ്മാണം

236(1305) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011 മേയ്മാസം മുതൽ നാളിതുവരെ മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പൊതുമരാമത്ത് റോഡ് നിർമ്മാണ പ്രവർത്തികൾക്ക് ഭരണാനുമതി നൽകുകയുണ്ടായി; ഓരോ പ്രവർത്തിയുടെയും അടങ്കൽതുക എത്ര; ഓരോപ്രവർത്തിയും ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## റാന്നി മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം

237(T 1306) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി മിനിസിവിൽ സ്റ്റേഷന്റെ നിർമ്മാണം ഏത് ഘട്ടം വരെയായി; ഇതിന്റെനിർമ്മാണത്തിനായി എത്രകോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഇതിൽ ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തിയാകാനുള്ളത്; പ്രവൃത്തികൾ പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ;

(സി) ഏതൊക്കെ ഓഫീസുകളാണ് ഇവിടെ പ്രവർത്തിക്കുന്നത് ;

(ഡി) ആദ്യഘട്ട നിർമ്മാണം പൂർത്തീകരിച്ച് സിവിൽ സ്റ്റേഷൻ എന്ന് ഉദ്ഘാടനം ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) റാന്നി നിയോജക മണ്ഡലത്തിൽ നിർമ്മാണം നടക്കുന്ന മിനി സിവിൽ സ്റ്റേഷന് 6,33,05,997 രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത കെട്ടിടത്തിന്റെ ഓവർഹെഡ് വാട്ടർ ടാങ്ക് നിർമ്മാണം പൂർത്തിയാക്കി വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഓഫീസുകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) കെട്ടിടത്തിന്റെ ഓവർഹെഡ് വാട്ടർ ടാങ്ക് നിർമ്മാണം പൂർത്തിയാക്കി വൈദ്യുതി കണക്ഷൻ ലഭ്യമാകുന്ന മുറയ്ക്ക് ഉദ്ഘാടനം നടത്താൻ സാധിക്കുന്നതാണ്.

## ഗ്രാമീണ റോഡുകളുടെ നവീകരണം

238(1307) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയമസഭാ മണ്ഡലമുൾപ്പെടുന്ന പ്രദേശത്ത് ഗ്രാമീണ റോഡുകൾ ഒറ്റത്തവണ നവീകരിക്കുന്ന പദ്ധതിയിലുൾപ്പെടുത്തി 2015-2016-ൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലെന്ന് വ്യക്തമാക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനം എന്നുമുതൽ ആരംഭിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ആറ്റിങ്ങൽ നിയമസഭാ മണ്ഡലമുൾപ്പെടുന്ന പ്രദേശത്ത് ഗ്രാമീണ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

റോഡുകൾ ഒറ്റത്തവണ നവീകരിക്കുന്ന പദ്ധതിയിലുൾപ്പെടുത്തി 2015-16-ൽ ഭരണാനുമതി നൽകിയ 151 ലക്ഷം രൂപയുടെ പത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുന്നതാണ്.

## ചെമ്പിളാവ് പാലം നിർമ്മാണം

239(1308) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെമ്പിളാവ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ കാലതാമസം വ്യക്തമാക്കാമോ; ഇവ എന്ന് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ;

(ബി) സ്ഥലമെടുപ്പ് നടപടിക്രമങ്ങൾ പൂർത്തീകരിക്കുവാനുണ്ടോ; സ്ഥലമേറ്റെടുത്തവർക്കുള്ള നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ടോ; ഇനി ആർക്കൊക്കെയാണ് നഷ്ടപരിഹാരം വിതരണം ചെയ്യുവാനുള്ളത് എന്ന് അറിയിക്കാമോ ;

(സി) സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് കേസ്സുകൾ വല്ലതും നിലവിലുണ്ടോ; എങ്കിൽ ആരുടെ കേസ്സാണ് എന്നറിയിക്കാമോ;

(ഡി) ഈ പാലത്തിന്റെ അപ്രോച്ച് റോഡുകളുടെ പണി ആരംഭിച്ചിട്ടുണ്ടോ; ഇവ എന്നേക്ക് പൂർത്തീകരിക്കാൻ കഴിയും എന്നറിയിക്കാമോ?

### ഉത്തരം

(എ) ചെമ്പിളാവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തി 16-5-2015-ൽ പൂർത്തീകരിച്ച് 4-7-2015-ൽ പാലം ഉദ്ഘാടനം ചെയ്തു.

(ബി) സ്ഥലമെടുപ്പ് നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) ഇല്ല.

(ഡി) ഉപരിതലം ഫിനിഷ് ചെയ്യാതെ അപ്രോച്ച് റോഡ് എംബാങ്ക്മെന്റ് പൂർത്തീകരിച്ചിട്ടുണ്ട്. ടാറിംഗിന്റെ പണിയ്ക്ക് ടെണ്ടർ സ്വീകരിച്ചിട്ടുണ്ട്. മൂന്ന്

മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷ.

**പെരുമ്പട്ട പാലം നിർമ്മാണം**

240(1309) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പെരുമ്പട്ട പാലം നിർമ്മാണം സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രഭാകരൻ കമ്മീഷൻ റിപ്പോർട്ടിൽപ്പെട്ട പ്രസ്തുത പാലം പണി എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പെരുമ്പട്ട പാലത്തിന്റെ ഡിസൈൻ പൂർത്തിയായി. എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

(ബി) എസ്റ്റിമേറ്റ് ലഭ്യമായ ശേഷം തുടർനടപടി സ്വീകരിക്കുന്നതാണ്.

**പേരുച്ചാൽ, പേങ്ങാട്കടവ് പാലങ്ങളുടെ നിർമ്മാണം**

241(1310) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജക മണ്ഡലത്തിലെ പേരുച്ചാൽ, പേങ്ങാട്ട്കടവ് പാലങ്ങളുടെ നിർമ്മാണം ഏതു ഘട്ടം വരെയായി; ഈ പാലങ്ങളുടെ നിർമ്മാണത്തിനായി എത്ര രൂപയുടെ ഫണ്ടാണ് അനുവദിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ; ഇനി എന്തൊക്കെ പണികളാണ് നടക്കാനുള്ളത് എന്ന് വിശദമാക്കാമോ;

(ബി) രണ്ട് പാലങ്ങളുടേയും നിർമ്മാണം വൈകാനുണ്ടായ കാരണങ്ങൾ എന്തൊക്കെയെന്ന് അറിയിക്കുമോ; ഇവ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) നിർമ്മാണ തടസ്സങ്ങൾ പരിഹരിച്ച് പാലംപണി എന്ന് പൂർത്തീകരിക്കാനാവും എന്ന് അറിയിക്കുമോ?

ഉത്തരം

(എ) പേരുർച്ചാൽ പാലത്തിന്റെ ഫൗണ്ടേഷന്റെ Pile-ന്റെ പണികൾ

പൂർത്തിയായി. 2 പിയറിന്റെ പണികൾ പൂർത്തീകരിച്ചു. മൂന്നാമത്തേതിന്റെ കോൺക്രീറ്റ് ഉടൻ തുടങ്ങുന്നതാണ്. ഓപ്പൺ ഫൗണ്ടേഷന്റെ എക്സ്‌വേഷൻ നടന്നുകൊണ്ടിരിക്കുന്നു. സൂപ്പർ സ്ട്രക്ച്ചറിന്റെ ഒരു ബീം കാസ്റ്റ് ചെയ്തു സ്ഥാപിച്ചു. രണ്ടാമത്തെ ബീമിന്റെ പണികൾ നടന്നുവരുന്നു. പേരൂർച്ചാൽ പാലത്തിന് 6.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പേങ്ങാട്ടുകടവ് പാലത്തിന്റെ പണികൾ പൂർത്തീകരിച്ചു. ഈ പാലത്തിന് 3.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) മണിയാർ ഡാം തുറക്കുന്നതിനാൽ വേനൽക്കാലത്തും ജലനിരപ്പ് കുറയാത്തതും, കരാറുകാരന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചകളും കാരണം നിർമ്മാണം മന്ദഗതിയിലായിരുന്നു. എന്നാൽ ഇപ്പോൾ പണികൾ പുനരാരംഭിച്ചിട്ടുണ്ട്.

(സി) പേരൂർച്ചാൽ പാലത്തിന്റെ പണികൾ ഉടനെ പൂർത്തീകരിക്കാമെന്നാണ് പ്രതീക്ഷ. പേങ്ങാട്ടുകടവ് പാലത്തിന്റെ പണികൾ പൂർത്തീകരിച്ചുകഴിഞ്ഞു.

**പൊതുമരാമത്ത് പണികൾ**

242(1311) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജക മണ്ഡലത്തിൽ നിർമ്മാണം നടക്കുന്ന മിനി സിവിൽസ്റ്റേഷൻ, വെച്ചൂച്ചിറ പോളിടെക്നിക് കെട്ടിടം, താലൂക്ക് ആശുപത്രി കെട്ടിടം എന്നിവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; ഇവ ഓരോന്നിനും എത്ര തുക വീതമാണ് ചെലവഴിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ കെട്ടിടത്തിനും നിർമ്മാണത്തിനിടയിലുണ്ടായ തടസ്സങ്ങൾ നീക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) ഓരോ പ്രവർത്തികളും എന്നത്തേക്ക് പൂർത്തിയാക്കാനാകും എന്ന് പറയാമോ?

ഉത്തരം

(എ) റാന്നി മിനി സിവിൽ സ്റ്റേഷൻ :

റാന്നി നിയോജക മണ്ഡലത്തിൽ നിർമ്മാണം നടക്കുന്ന മിനി സിവിൽ സ്റ്റേഷന് 6,33,05,997 രൂപ ഒന്നാം ഘട്ടമായി ചെലവഴിച്ച് പണി

പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ ഓവർഹെഡ് വാട്ടർ ടാങ്ക് നിർമ്മാണം പൂർത്തിയാക്കി വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി&സി) <u>വെച്ചൂച്ചിറ പോളിടെക്നിക് പ്രധാന കെട്ടിടം :</u>

വെച്ചൂച്ചിറ പോളിടെക്നിക്കിനുവേണ്ടിയുള്ള പ്രധാന കെട്ടിടത്തിന്റെ സ്ട്രക്ച്ചർ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. തുടർന്ന് കരാറുകാരന്റെ സാമ്പത്തിക പ്രതിസന്ധിമൂലം ടെർമിനേറ്റ് ചെയ്ത് റീ-ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ആൺ-പെൺ കുട്ടികളുടെ ഹോസ്റ്റൽ</u> :

വെച്ചൂച്ചിറ പോളിടെക്നിക്കിലെ ആൺ-പെൺകുട്ടികളുടെ ഹോസ്റ്റലിന് 6,67,39,447 രൂപയാണ് ചെലവഴിക്കുന്നത്. പെൺകുട്ടികളുടെ ഹോസ്റ്റൽ (കേന്ദ്ര സഹായം) പദ്ധതിക്ക് 1,23,00,000 രൂപയാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത പ്രവൃത്തി പല തവണ ടെണ്ടർ ചെയ്തിട്ടും പ്രതികരണമൊന്നുമില്ലാത്തതിനാൽ ക്വട്ടേഷൻ ക്ഷണിച്ചെങ്കിലും ആയതിനും പ്രതികരണമൊന്നും ലഭ്യമായിട്ടില്ല.

<u>റാന്നി താലൂക്ക് ആശുപത്രി :</u>

റാന്നി താലൂക്ക് ആശുപത്രി ഒ.പി. സർജിക്കൽ ബ്ലോക്കിനുവേണ്ടി 4,91,86,199 രൂപയാണ് ചെലവഴിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ സിവിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു. ലിഫ്റ്റിന്റെ പണി പൂർത്തീകരിക്കുവാൻ ബാക്കിയുണ്ട്.

**പൊതുജന സമ്പർക്ക പരിപാടി**

243(1312) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പൊതുജനസമ്പർക്ക പരിപാടിയിൽ മരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രഖ്യാപനങ്ങൾ എന്തെല്ലാമായിരുന്നു എന്നറിയിക്കാമോ;

(ബി) ബഡ്ജറ്റ് പ്രഖ്യാപനങ്ങളിൽ ഉൾപ്പെടാത്ത എത്ര പദ്ധതികൾ അവയിലുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഉണ്ടെങ്കിൽ, ഇവയുടെ നടത്തിപ്പിന് ആവശ്യമായ തുക

ഉപധനാഭ്യർത്ഥനയിലൂടെ ലഭ്യമാക്കിയിട്ടുണ്ടോ;

(ഡി) പ്രഖ്യാപിക്കപ്പെട്ട പദ്ധതിയിൽ ഇനിയും നടപ്പിലാക്കാനും പൂർത്തീകരിക്കാനും സാധിക്കാത്തവയായി എത്ര പദ്ധതികൾ ഉണ്ട്; വിശദാംശം നൽകുമോ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ പൊതുജനസമ്പർക്ക പരിപാടിയിൽ മരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രഖ്യാപനങ്ങൾ ചുവടെ ചേർക്കുന്നു:

1. തൊണ്ടയാട്, രാമനാട്ടുകര ഫ്ലൈ ഓവർ നിർമ്മാണം.
2. പുതിയതെരു ഫ്ലൈ ഓവർ നിർമ്മാണം
3. മേലെ ചൊവ്വെ ഫ്ലൈ ഓവർ നിർമ്മാണം
4. താഴെ ചൊവ്വ ഫ്ലൈ ഓവർ നിർമ്മാണം
5. നടാൽ റെയിൽവേ മേൽപ്പാലം നിർമ്മാണം.

(ബി&സി) മേൽപ്പറഞ്ഞ പദ്ധതികളൊന്നും തന്നെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഉൾപ്പെട്ടിട്ടില്ല.

(ഡി) 1. തൊണ്ടയാട്, രാമനാട്ടുകര ഫ്ലൈ ഓവർ നിർമ്മാണം- ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. പുതിയതെരു ഫ്ലൈ ഓവർ നിർമ്മാണം

3. മേലെ ചൊവ്വെ ഫ്ലൈ ഓവർ നിർമ്മാണം

4. താഴെ ചൊവ്വ ഫ്ലൈ ഓവർ നിർമ്മാണം

5. നടാൽ റെയിൽവേ മേൽപ്പാലം നിർമ്മാണം - ഏകദേശം എസ്റ്റിമേറ്റ് കണ്ണൂർ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

**കെ.എസ്.റ്റി.പി. പാതയിലെ വാഹനാപകടം**

244(1313) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഏനാത്ത് മുതൽ ആയൂർ വരെയുള്ള കെ.എസ്.റ്റി.പി പാതയിൽ അപകടങ്ങൾ ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന്

വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ഏനാത്ത് മുതൽ ആയൂർ വരെയുള്ള ഭാഗം കഴക്കൂട്ടം-അടൂർ കെ.എസ്.ടി.പി. പാതയിൽ ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന മോഡൽ സേഫ്റ്റി കോറിഡോർ പദ്ധതിയിൽ ഉൾപ്പെട്ടതാണ്. ആയത് നടപ്പിലാക്കുന്നതിനായുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. റോഡ് സുരക്ഷയ്ക്ക് ആവശ്യമായ എല്ലാ തലത്തിലുള്ള നടപടികളും കോർത്തിണക്കിക്കൊണ്ടുള്ള പദ്ധതിയാണ് മോഡൽ സേഫ്റ്റി കോറിഡോർ. ഈ പദ്ധതി നടപ്പിലാകുന്നതോടെ വാഹന അപകടങ്ങൾ കഴിയുന്നതും കുറയ്ക്കുവാൻ സാധിക്കുമെന്ന് കരുതുന്നു.

**നഗര റോഡ് വികസന പദ്ധതികൾ**

245(1314) <u>ശ്രീ. പി. എ. മാധവൻ</u>
<u>ശ്രീ. ബെന്നി ബെഹനാൻ</u>
<u>ശ്രീ. ഹൈബി ഈഡൻ</u>
<u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗര റോഡ് വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉന്നത ഗുണനിലവാരമുള്ള റോഡുകൾ, ഇരുവശങ്ങളിലും കോൺക്രീറ്റ് ഓടകൾ, വാഹനയാത്രക്കാരുടെയും കാൽനടയാത്രക്കാരുടെയും സുരക്ഷ മുൻനിർത്തിയുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ, പ്രധാന ജംഗ്ഷനുകളിൽ സിഗ്നൽ സംവിധാനങ്ങൾ, ഹൈമാസ്റ്റ് ലൈറ്റുകൾ, ഉന്നതനിലവാരത്തിലുള്ള തെരുവുവിളക്കുകൾ, കാൽനടയാത്രക്കാർക്ക് സുരക്ഷയും സൗകര്യപ്രദവുമായ ഓട് പാകിയ നടപ്പാതകൾ, സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി പുൽത്തകിടിയും പൂമേടുകളും, പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി വൃക്ഷങ്ങൾ നട്ട് പരിപാലിക്കൽ എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) തിരുവനന്തപുരം നഗരറോഡു വികസന പദ്ധതി മിക്കവാറും പൂർത്തിയായി. കോഴിക്കോട് നഗര റോഡ് വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് ഭരണാനുമതി നൽകി നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കോട്ടയം, കൊല്ലം എന്നീ നഗരങ്ങളിൽ കൂടി നഗര റോഡു വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**റോഡ് നിർമ്മാണം**

246(1315) <u>ശ്രീ. റ്റി. യു. കുരുവിള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തങ്കളം-കാക്കനാട് റോഡിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡിനായി സ്ഥലം ഏറ്റെടുത്ത വകയിൽ ഉടമകൾക്ക് പണം നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത റോഡിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തങ്കളം-കാക്കനാട് റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ലാന്റ് അക്വിസിഷനുവേണ്ടി 20 കോടി രൂപ അനുവദിക്കുന്നതിനുള്ള ശുപാർശയ്ക്ക് അംഗീകാരം നൽകിക്കഴിഞ്ഞു. ഉടൻ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(ബി) രണ്ടാംഘട്ടത്തിൽ അനുവദിച്ച തുക ഭൂമി ഏറ്റെടുത്ത വകയിൽ ഉടമകൾക്ക് നൽകി വരുന്നു. ഇപ്പോൾ അനുവദിച്ച തുകയും നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണ്.

(സി) ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മറ്റു നടപടിക്രമങ്ങൾ പാലിച്ച് നിർമ്മാണം പൂർത്തീകരിക്കുന്നതാണ്.

**വൺടൈം മെയിന്റനൻസ് പദ്ധതി**

247(1316) <u>ശ്രീ. പി. ടി. എ. റഹീം :</u> താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2015-16 വർഷങ്ങളിൽ പൊതുമരാമത്ത് വകുപ്പിന്റെ കോഴിക്കോട്

ഡിവിഷനിലെ ഓരോ സെക്ഷൻ ഓഫീസുകൾക്ക് കീഴിലും വൺ ടൈം മെയിന്റനൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര രൂപയുടെ വീതം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

2015-16 വർഷങ്ങളിൽ പൊതുമരാമത്ത് വകുപ്പിന്റെ കോഴിക്കോട് ഡിവിഷനിലെ ഓരോ സെക്ഷൻ ഓഫീസുകൾക്ക് കീഴിലും വൺ ടൈം മെയിന്റനൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| ബാലുശ്ശേരി | 210 ലക്ഷം |
| പേരാമ്പ്ര | 205 ലക്ഷം |
| കൊയിലാണ്ടി | 340 ലക്ഷം |
| താമരശ്ശേരി | 300 ലക്ഷം |
| കൊടുവള്ളി | 160 ലക്ഷം |
| നരിക്കുനി | 220 ലക്ഷം |
| തിരുവമ്പാടി | 165 ലക്ഷം |
| വടകര | 230 ലക്ഷം |
| തോടന്നൂർ | 155 ലക്ഷം |
| കുറ്റ്യാടി | 413 ലക്ഷം |
| കുന്ദമംഗലം | 270 ലക്ഷം |
| കോഴിക്കോട് സൗത്ത് | 895 ലക്ഷം |
| കോഴിക്കോട് നോർത്ത് | 360 ലക്ഷ |
| ആകെ | 3923 ലക്ഷം |

**റോഡ് കയ്യേറ്റം**

248(1317) <u>ശ്രീ. കെ. അജിത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടയാർ ചന്നപ്പാലം വെള്ളൂർ മുളക്കുളം റോഡിന്റെ കെ.ആർ.

ആഡിറ്റോറിയം മുതൽ പാലംകടവ് വരെയുള്ള പ്രദേശത്തെ റോഡിന്റെ വീതി വകുപ്പ് തലത്തിലെ റെക്കോഡുകൾ പ്രകാരം എത്ര മീറ്ററാണന്നും ഇപ്പോൾ നിലവിലുള്ള വീതി എത്ര മീറ്ററാണന്നും വ്യക്തമാക്കുമോ;

(ബി) പാലം കടവ് മുതൽ കെ.ആർ. ഓഡിറ്റോറിയം റോഡ് തലയോലപ്പറമ്പ് വരെയുള്ള ഭാഗങ്ങളിൽ റോഡ് കയ്യേറ്റം നടന്നതായി വകുപ്പ് തലത്തിൽ കണ്ടെത്തിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഏതെല്ലാം ഭാഗങ്ങളിലാണ് കയ്യേറ്റം നടന്നിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) പാലം കടവ് കെ.ആർ. ആഡിറ്റോറിയം റോഡിലെ കയ്യേറ്റം തിരിച്ചെടുക്കുവാൻ ആവശ്യമായ നടപടി എന്തെന്ന് വ്യക്തമാക്കുമോ;

(ഡി) പാലംകടവ് മുതൽ കെ.ആർ. ആഡിറ്റോറിയം വരെയുള്ള റോഡിനോട് ചേർന്ന് റെക്കോർഡ് പ്രകാരം എത്ര വീതിയിൽ തോടുണ്ടായിരുന്നതായി കണ്ടെത്തിയിട്ടുണ്ടെന്നും ഈ തോടിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നും പ്രസ്തുത പ്രദേശത്ത് കയ്യേറ്റം നടന്നിട്ടുണ്ടെങ്കിൽ കയ്യേറ്റം തിരിച്ചെടുക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) നിലവിലുള്ള വീതി 6 മീറ്റർ മുതൽ 8 മീറ്റർ വരെയാണ്.

(ബി&സി) കയ്യേറ്റം നടത്തിയിട്ടുണ്ടെന്ന പൊതുജനാഭിപ്രായം കണക്കിലെടുത്ത് റോഡിന്റെ അതിർത്തി നിർണ്ണയിച്ച് നൽകുവാൻ റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിൽ നിന്നും അതിർത്തി നിർണ്ണയിച്ചുതരുന്ന മുറയ്ക്ക് മാത്രമേ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

(ഡി) ഈ തോടിന്റെ വീതിയും നിലവിലുള്ള അവസ്ഥയും സംബന്ധിച്ച വിശദാംശങ്ങൾ പൊതുമരാമത്ത് വകുപ്പിൽ ലഭ്യമല്ല. കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിൽ നിന്നും അതിർത്തി നിർണ്ണയിച്ചുതരുന്ന മുറയ്ക്ക് മാത്രമേ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

**കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട്**

249(1318) ശ്രീ. സി. പി. മുഹമ്മദ്
ശ്രീ. കെ. മുരളീധരൻ
ശ്രീ. ആർ . സെൽവരാജ്
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.റ്റി.പി. രണ്ടാം ഘട്ട പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ലോകബാങ്ക് സഹായത്തോടെ 2403 കോടി രൂപ ചെലവിൽ നടപ്പാക്കുന്ന കെ.എസ്.ടി.പി. 2 പദ്ധതി വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്.

(ബി) 363 കി.മീ. ദൈർഘ്യമുള്ള സംസ്ഥാനത്തെ തെരഞ്ഞെടുത്ത 6 റോഡുകളുടെ വികസനമാണ് ഇതിൽ ഉൾപ്പെടുന്നത്. നിലവിലുള്ള റോഡിന്റെ വീതി കൂട്ടി ബലപ്പെടുത്തിയും വളവുകൾ കുറച്ചും പാലങ്ങൾ, കലുങ്കുകൾ, ബസ്ബേ, പാർക്കിംഗ് ഏരിയ എന്നിവ നിർമ്മിച്ചും റോഡ് സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും കൂടാതെ പൊതുമരാമത്ത് വകുപ്പിന്റെ നവീകരണവും ഇതിൽ ഉൾപ്പെടുന്നു.

(സി) ഈ പദ്ധതിയിൽ നടപ്പിലാക്കി വരുന്ന വിവിധ പ്രവൃത്തികളുടെ ഇപ്പോഴത്തെ പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## റോഡ് റീ-ടാറിംഗ്

250(1319) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വകുപ്പിന്റെ കീഴിലുള്ളതും, കഴിഞ്ഞ 15 വർഷത്തിലധികമായി റീ-ടാറിംഗ് നടത്താത്തതുമായ എത്ര റോഡുകൾ കണ്ണൂർ ജില്ലയിലുണ്ടെന്നും അവ ഏതെല്ലാമെന്നും വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പയ്യന്നൂർ നിയോജകമണ്ഡലത്തിൽപ്പെട്ട 'വെള്ളോറ കക്കറ കടുക്കാരംമുക്ക് റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് കണ്ണൂർ ഡിവിഷന്റെ പരിധിയിൽ 15 വർഷത്തിൽ അധികമായി റീടാറിംഗ് നടത്താത്ത റോഡുകളില്ല.

(ബി) പയ്യന്നൂർ നിയോജക മണ്ഡലത്തിൽപ്പെട്ട 'വെള്ളോറ കക്കറ കടുക്കാരംമുക്ക് റോഡ് കി.മീ. 2/500 മുതൽ 8/000 വരെയുള്ള ഭാഗത്തിന്റെ ഉപരിതലം പുതുക്കുന്ന പ്രവൃത്തിക്കുള്ള 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകുന്നതാണ്.

**ദേശീയ പാത വികസന പ്രവർത്തനങ്ങൾ**

251(1320) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എളമരം കരീം :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ പാത വികസന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ പ്രത്യേക സമിതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ സമിതി ഇതിനകം നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ദേശീയ പാത വികസനത്തിന് സ്ഥലമേറ്റെടുക്കുന്ന കാര്യത്തിൽ എന്തെങ്കിലും പുരോഗതി ഉണ്ടായിട്ടുണ്ടോ;

(സി) എൻ.എച്ച്. 17, എൻ.എച്ച്. 47 പാതകളുടെ വികസനത്തിന് എത്ര അളവിൽ ഭൂമി ഏറ്റെടുക്കേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇതിൽ എത്ര ശതമാനം ഇതിനകം ഏറ്റെടുക്കാനായി;

(ഡി) കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് മതിയായ നഷ്ടപരിഹാരം നല്കുന്നതിനും

പുനരധിവസിപ്പിക്കുന്നതിനും പദ്ധതിയുണ്ടോ; ഇതിന് എന്ത് തുക ചെലവ് വരും; ഇതിനായി പണം കണ്ടെത്തിയിട്ടുണ്ടോ;

(ഇ) നിലവിൽ എൻ.എച്ച്.എ.ഐ.-യുടെ ഓഫീസുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; ഹൈവേ വികസനവുമായി ബന്ധപ്പെട്ട് എൻ.എച്ച്.എ.ഐ.-യുടെ നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; ഇത് സംസ്ഥാന സർക്കാർ പാലിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സ്ഥലമേറ്റെടുക്കുന്നതിനുണ്ടായ കാലതാമസംമൂലം നിശ്ചലാവസ്ഥയിലായ ദേശീയപാതയുടെ വികസനം ത്വരിതപ്പെടുത്തുന്നതിന് സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിക്കുന്നതിലേക്കായി അലൈന്റ്മെന്റിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാൻ അതായത് ആരാധനാലയങ്ങൾ, സാമൂഹിക, സാംസ്കാരിക, പ്രാധാന്യമുള്ള കെട്ടിടങ്ങൾ എന്നിവ സംരക്ഷിക്കുന്നതിന് അലൈന്റ്മെന്റിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് സംസ്ഥാന ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഒരു കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. ഈ കമ്മിറ്റി രണ്ടുതവണ യോഗം ചേരുകയും ദേശീയപാതയുടെ അലൈന്റ്മെന്റിലുള്ള ഓരോ പ്രദേശങ്ങളിൽ നിന്നുള്ള മേൽപ്പറഞ്ഞ തരത്തിലുള്ള പരാതികൾ പരിശോധിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാകളക്ടർമാരെ ചുമതലപ്പെടുത്തുകയും ചെയ്തു. ജില്ലാതലത്തിൽ പരിഹരിക്കുവാൻ സാധിക്കാത്ത പരാതികൾ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സമിതി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(സി) ദേശീയപാത 47 ന്റെ (പുതിയ എൻ.എച്ച്. 544) വാളയാർ മുതൽ വടക്കഞ്ചേരി (കി.മീ. 182.250 മുതൽ 240.00) വരെയുള്ള ഭാഗത്തിന് 65.22 ഹെക്ടർ സ്ഥലവും വടക്കഞ്ചേരി മുതൽ തൃശ്ശൂർ വരെ (കി.മീ. 240.00 മുതൽ 270.00) വരെയുള്ള ഭാഗത്തിന് 93.95 ഹെക്ടർ സ്ഥലവും തൃശ്ശൂർ മുതൽ ഇടപ്പള്ളി വരെയുള്ള (കി.മീ. 270.00 മുതൽ 342.00 വരെ) ഭാഗത്തിന് 41.60 ഹെക്ടർ സ്ഥലവും എൻ.എച്ച്.എ.ഐ. ഏറ്റെടുത്ത് വികസനം നടപ്പിലാക്കി വരുന്നു. പഴയ അലൈന്റ്മെന്റ് പ്രകാരം തലപ്പാടി മുതൽ ഇടപ്പള്ളി വരെ (പുതിയ എൻ.എച്ച്. 66) 976.97 ഹെക്ടർ സ്ഥലവും ചേർത്തല മുതൽ കഴക്കൂട്ടം വരെ (പുതിയ എൻ.എച്ച്.

66) 256 ഹെക്ടർ സ്ഥലവും (ആകെ 1232.97 ഹെക്ടർ) വികസനത്തിന് ആവശ്യമാണ്. ഇതിൽ 8.77 ഹെക്ടർ സ്ഥലം (0.71%) മാത്രമാണ് ഇതുവരെ ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടുള്ളത്. വികസനത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിലുണ്ടായ കാലതാമസ മൂലം ദേശീയപാത 17-ന്റെയും 47-ന്റെയും വികസനത്തിൽ നിന്ന് ദേശീയപാത വികസന അതോറിറ്റി പിന്മാറുകയുണ്ടായി. എന്നാൽ ആവശ്യമായ ഭൂമി ഏറ്റെടുത്തു നൽകാമെന്നുള്ള സംസ്ഥാന സർക്കാരിന്റെ ഉറപ്പിനെ തുടർന്ന് ദേശീയ പാത 47 ന്റെയും 17 ന്റെയും വികസനത്തിന് പുതിയ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നു. ഡി.പി.ആർ. തയ്യാറാക്കിയതിനുശേഷം മാത്രമേ സ്ഥലമെടുപ്പിനെ സംബന്ധിച്ച പൂർണ്ണവിവരം ലഭ്യമാകൂ.

(ഡി) ദേശീയപാതാ വികസനത്തിനായി ഭൂമി ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാരം കണക്കാക്കുന്നത് എൻ.എച്ച്. ആക്ട് പ്രകാരമാണ്. സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കമ്പോള വില നിശ്ചയിക്കുമ്പോൾ സംസ്ഥാന സർക്കാർ ഭൂമി ഏറ്റെടുത്തിട്ടുള്ളപ്പോൾ സ്വീകരിച്ച മാനദണ്ഡങ്ങൾ ദേശീയപാതയുടെ ഭൂമി ഏറ്റെടുക്കലിലും പിൻതുടരണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നഷ്ടപരിഹാര തുക കേന്ദ്ര സർക്കാരുമായി ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്. നഷ്ടപരിഹാരം നൽകുന്നതിനുള്ള ഫണ്ടും കേന്ദ്ര സർക്കാരാണ് ലഭ്യമാക്കേണ്ടത്.

(ഇ) പ്രവർത്തിക്കുന്നുണ്ട്. ദേശീയപാത 4 വരിപ്പാതയായി ബി.ഒ.ടി. വ്യവസ്ഥയിൽ വികസിപ്പിക്കാൻ 45 മീറ്റർ റൈറ്റ് ഓഫ് വേയിൽ സ്ഥലം അക്വയർ ചെയ്യണമെന്നാണ് എൻ.എച്ച്.എ.ഐ. നിഷ്കർഷിച്ചിരിക്കുന്നത്. ദേശീയപാതയുടെ വീതി 45 മീറ്ററായി അംഗീകരിച്ച് സംസ്ഥാന സർക്കാർ ഉത്തരവ് സ.ഉ.(കൈ) നമ്പർ 94/2014/പൊ.മ.വ തീയതി 25-10-2014 പ്രകാരം ഉത്തരവ് ഇറക്കിയിട്ടുണ്ട്.

## കോർ റോഡ് നെറ്റ്‌വർക്ക് പദ്ധതി

252(1321) ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർ റോഡ് നെറ്റ്വർക്ക് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ടി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിലെ തന്ത്രപ്രധാനമായ സ്ഥലങ്ങളെ കോർത്തിണക്കി കൊണ്ടുള്ള ഒരു റോഡ് ശൃംഖല നടപ്പിലാക്കുവാൻ പദ്ധതിയുണ്ട്. കേരളത്തിന്റെ സാമൂഹ്യ, സാമ്പത്തിക വളർച്ചയ്ക്ക് സഹായകരമാകുന്ന രീതിയിലുള്ള തന്ത്രപ്രധാനമായ സ്ഥലങ്ങളെ കോർത്തിണക്കിക്കൊണ്ടുള്ള ഒരു റോഡ് ശൃംഖലയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. പത്ത് വർഷം കൊണ്ട് പൂർത്തീകരിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

(ബി) തെരഞ്ഞെടുക്കുന്ന റോഡുകൾ പ്രത്യേകമായി വികസിപ്പിച്ച് അവ മേന്മയേറിയ രീതിയിൽ പരിപാലിക്കുവാനുമാണ് ഉദ്ദേശം.

(സി) നാലു പാക്കേജുകളായിട്ടാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിൽ ആദ്യത്തെ പാക്കേജിന്റെ പ്രവർത്തനം തുടങ്ങാനായി ഒരു ക്ലൈന്റ് സ്പോൺസറെ നിയമിച്ചിട്ടുണ്ട്. മറ്റ് മൂന്ന് പാക്കേജുകൾ നടപ്പിലാക്കാനായി കൺസൾട്ടന്റുമാരുടെ ചുരുക്കപ്പട്ടിക തയ്യാറാക്കിയിട്ടുണ്ട്. തുടർനടപടികൾ പുരോഗമിച്ചുവരുന്നു. ഇതിനുവേണ്ടി വരുന്ന സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തുന്നതിനും ഇതിന്റെ ചുമതല വഹിക്കാൻ ഒരു പ്രത്യേക സംവിധാനം രൂപീകരിക്കുവാനും ഉദ്ദേശമുണ്ട്.

**ഫയർ സ്റ്റേഷൻ കെട്ടിടനിർമ്മാണം**

253(1322) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി ഫയർ സ്റ്റേഷന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട G.O.Rt.

No. 1187/08 തീയതി 4-8-2009, G.O.Rt. No. 1184/09 തീയതി 14.08.2009, G.O.Rt. No. 1047/09 PWD തീയതി 14-7-2009, എന്നീ നമ്പർ സർക്കാർ ഉത്തരവുകൾക്ക് പുതുക്കിയ ഉത്തരവുകൾ ഇറങ്ങിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഈ പ്രവർത്തിയുടെ പുരോഗതി എന്തെന്ന് വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച് ഏറ്റവും പുതുതായി ഇറങ്ങിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തി മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇറങ്ങിയിട്ടില്ല.

(ബി) പൊതുമരാമത്ത് വകുപ്പിന് അതിർത്തി നിർണ്ണയിച്ച് സ്ഥലം ലഭ്യമാകാത്തതുമൂലം കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി തുടങ്ങുവാൻ സാധിച്ചിട്ടില്ല. എന്നാൽ ഈ പ്രവൃത്തിയുടെ അപ്രോച്ച് റോഡിന്റെ നിർമ്മാണ പ്രവൃത്തികൾക്കായുള്ള നടപടികൾ പുരോഗമിക്കുന്നു. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഇറങ്ങിയ ഉത്തരവിന്റെ (9-7-2015-ലെ സ.ഉ.(സാധാ.) നമ്പർ 985/2015/പൊ.മ.വ.) പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കാലടി-മഞ്ഞപ്ര റോഡിന്റെ പുനരുദ്ധാരണം**

254(1323) <u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലടി-മഞ്ഞപ്ര റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനത്തിനായി 5 കോടി രൂപയുടെ ഭരണാനുമതി നല്കിയതെന്നാണ്; ടെണ്ടറിനാണോ ക്വട്ടേഷനാണോ അനുമതി നല്കിയിട്ടുള്ളത്;

(ബി) എത്ര തവണ ടെണ്ടറിനായി അപേക്ഷ ക്ഷണിച്ചിരുന്നു; ടെണ്ടറിന് അംഗീകാരം നൽകാതിരുന്നതിന് കാരണം വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) എന്നാണ് ഈ പ്രവൃത്തിയുടെ ക്വട്ടേഷൻ ക്ഷണിച്ചത്; ആരുടെ ക്വട്ടേഷനാണ് അംഗീകാരം നൽകിയിട്ടുള്ളത്;

(ഡി) ക്വട്ടേഷന് അംഗീകാരം നല്കുന്നതിൽ നേരിട്ട കാലതാമസത്തിന് കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കാലടി-മഞ്ഞപ്ര റോഡിന്റെ പുനഃരുദ്ധാരണ പ്രവർത്തനത്തിനായി 11-2-2014-ലെ സ.ഉ.(സാധാ) നമ്പർ 209/14/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകി. ടെണ്ടറിനാണ് അനുമതി നൽകിയിട്ടുള്ളത്.

(ബി) 3 തവണ ടെണ്ടർ ചെയ്തു. മൂന്നു തവണയും കരാറുകാരുടെ ഭാഗത്തു നിന്നും പ്രതികരണമുണ്ടായില്ല.

(സി) 24-11-2014-ൽ ക്വട്ടേഷൻ ക്ഷണിച്ചു. M/s Greenworth Infrastructures Pvt. Ltd., പൗർണ്ണമി, വൈറ്റിലയുടെ ക്വട്ടേഷനാണ് അംഗീകാരം നൽകിയിട്ടുള്ളത്.

(ഡി) 24-1-2015-ൽ സർക്കാരിൽ ലഭിച്ച ക്വട്ടേഷനിൽ, LMR & DSR 2014 കംപാരിസൺ റിപ്പോർട്ട് ലഭ്യമല്ലാതിരുന്നതിനാൽ പ്രസ്തുത റിപ്പോർട്ട് ചീഫ് എഞ്ചിനീയറുടെ പക്കൽ നിന്നും ആവശ്യപ്പെട്ടു. റിപ്പോർട്ട് ലഭ്യമാക്കിയതിനെ തുടർന്ന് 6-10-2015-ലെ കമ്മിറ്റിയിൽ പരിഗണിക്കുകയും 12-1-2015-ലെ സ.ഉ. (സാധാ) നമ്പർ 1627/2015/പൊ.മ.വ. പ്രകാരം ടെണ്ടർ അംഗീകരിക്കുകയും ചെയ്തു.

**മംഗലം-ഗോവിന്ദപുരം അന്തർസംസ്ഥാന പാതയിലെ അപകടങ്ങൾ**

255(1324) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗലം-ഗോവിന്ദപുരം അന്തർസംസ്ഥാന പാതയിൽ അപകടങ്ങൾ വർദ്ധിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) അപകടങ്ങൾ കുറയ്ക്കാൻ മുന്നറിയിപ്പ് ബോർഡുകളും സിഗ്നൽ സംവിധാനങ്ങളും സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത റോഡിന്റെ ഉപരിതലം നന്നായിട്ടുള്ളതിനാലും വളവുകൾ കൂടുതലുള്ളതിനാലും അപകടസാദ്ധ്യത കൂടുതലാണ്.

(ബി) അപകടങ്ങൾ കുറയ്ക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

**സ്പീഡ് കേരള പദ്ധതി**

256(1325) <u>ശ്രീ. ജോസഫ് വാഴക്കൻ</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. സി. പി. മുഹമ്മദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പീഡ് കേരള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വികരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഗതാഗതക്കുരുക്കിന് പരിഹാരം നൽകുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഫ്ലൈ ഓവറുകൾ, പാലങ്ങൾ, റിംഗ് റോഡുകൾ മുതലായവ നിർമ്മിക്കുക എന്നതാണ് സ്പീഡ് കേരള പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) പദ്ധതിയിൽ ഉൾപ്പെടുന്ന 10 പ്രവൃത്തികൾക്ക് 22-2-2014-ലെ ജി.ഒ. (എം.എസ്.) നമ്പർ 18/2014/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി.

ഇവയിൽ ഉൾപ്പെട്ട കോഴിക്കോട് ദേശീയപാത ബൈപ്പാസിന്റെ നിർമ്മാണം പൂർത്തിയായി. രാമപുരം-നാലമ്പലം ദർശനം റോഡ്, കഞ്ഞിക്കുഴി-വെട്ടത്തുകവല-കറുകച്ചാൽ റോഡ്, പാലാരിവട്ടം ഫ്ലൈ ഓവർ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. ഇവയ്ക്കാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് കേരള റോഡ് ഫണ്ട് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെടുന്ന മറ്റ് 7 പ്രവൃത്തികളുടെ ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

**റോഡ് ശൃംഖല**

257(1326) <u>ശ്രീ. ടി. എൻ. പ്രതാപൻ</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. എം. പി. വിൻസെന്റ്</u> :
<u>ശ്രീ. പി. സി വിഷ്ണുനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തന്ത്ര പ്രധാനമായ റോഡ് ശൃംഖല വികസിപ്പിക്കുന്നതിന് കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം?

<u>ഉത്തരം</u>

(എ-സി) കെ.എസ്.റ്റി.പി.-യിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് തന്ത്രപ്രധാനമായ റോഡ് ശൃംഖല രൂപീകരിക്കുവാൻ പദ്ധതിയുണ്ട്. അതിൽ ഘട്ടംഘട്ടമായി 6000 കി.മീ. പാതകൾ ഉൾപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. സാമൂഹികവും സാമ്പത്തികവുമായ വികസന മാനദണ്ഡങ്ങൾ വച്ചാണ് പാതകൾ തെരഞ്ഞെടുക്കുന്നത്. കേരളത്തിന്റെ സാമൂഹിക, സാമ്പത്തിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലുള്ള തന്ത്രപ്രധാനമായ സ്ഥലങ്ങളെ കോർത്തിണക്കിക്കൊണ്ടുള്ള ഒരു റോഡ് ശൃംഖലയാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. പത്ത് വർഷം കൊണ്ട് പൂർത്തീകരിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. തെരഞ്ഞെടുക്കുന്ന റോഡുകൾ പ്രത്യേകമായി വികസിപ്പിച്ച് അവ മേന്മയേറിയ രീതിയിൽ പരിപാലിക്കുവാനാണ് ഉദ്ദേശ്യം. ഇതിനുവേണ്ടി വരുന്ന സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തുന്നതിനും ഇതിന്റെ ചുമതല വഹിക്കാൻ ഒരു പ്രത്യേക സംവിധാനം രൂപീകരിക്കുവാനും ഉദ്ദേശ്യമുണ്ട്. നാലുപാക്കേജുകളായിട്ടാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിൽ ആദ്യത്തെ പാക്കേജിന്റെ പ്രവർത്തനം തുടങ്ങാനായി ഒരു ക്ലൈന്റ് സ്പോൺസറെ

നിയമിച്ചിട്ടുണ്ട്. മറ്റ് മൂന്ന് പാക്കേജുകൾ നടപ്പിലാക്കാനായി കൺസൾട്ടന്റുമാരെ നിയമിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

## ലൈറ്റ് മെട്രോ പദ്ധതിയുടെ നിലവിലെ സ്ഥിതി

258(1327) ശ്രീ. എം. എ. ബേബി :

ശ്രീ. കെ. രാധാകൃഷ്ണൻ :

ശ്രീ. വി. ശിവൻകുട്ടി :

ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈറ്റ് മെട്രോ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; ഈ പദ്ധതി സർക്കാർ പ്രഖ്യാപിച്ചത് എന്നായിരുന്നു; എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്;

(ബി) പദ്ധതിയ്ക്ക് എന്തു തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; പണം എങ്ങനെയാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(ഡി) പദ്ധതിയുടെ കൺസൾട്ടന്റിനെ തീരുമാനിച്ചിട്ടുണ്ടോ; പ്രസ്തുത തീരുമാനം അനന്തമായി നീണ്ടുപോകാനിടയായതായി പറയപ്പെടുന്ന സാഹചര്യം വിശദമാക്കാമോ?

### ഉത്തരം

(എ) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കുന്നതിന് 11-9-2015-ലെ സ.ഉ. (കൈ) നമ്പർ 74/15/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി പദ്ധതി റിപ്പോർട്ടും സമഗ്ര ഗതാഗത രൂപരേഖയും സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൾട്ടന്റായ ഡി.എം.ആർ.സി.-യും കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡും തമ്മിൽ 20-1-2016-ന് കരാർ ഒപ്പുവയ്ക്കുകയും ചെയ്തു. 2014 ഓഗസ്റ്റ് 28-ന്

കൂടിയ കേരള മോണോ റെയിൽ കോർപ്പറേഷന്റെ ബോർഡ് യോഗത്തിലാണ് മോണോ റെയിൽ പദ്ധതി ഉപേക്ഷിക്കാനും തത്തുല്യമായ മറ്റൊരു ഗതാഗത സംവിധാനമായ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കാനും തീരുമാനിച്ചത്. 5 വർഷം കൊണ്ട് തിരുവനന്തപുരവും 4 വർഷം കൊണ്ട് കോഴിക്കോടും പദ്ധതികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) പദ്ധതിക്കായി കണക്കാക്കപ്പെട്ട തുക:

| പദ്ധതി | പൂർത്തീകരണത്തിനുള്ള തുക | കിലോമീറ്റർ 1-നുള്ള തുക |
|---|---|---|
| തിരുവനന്തപുരം | 4219 കോടി രൂപ | 158 കോടി രൂപ |
| കോഴിക്കോട് | 2509 കോടി രൂപ | 154 കോടി രൂപ |
| ആകെ തുക | 6728 കോടി രൂപ | |

തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ കൊച്ചി മെട്രോ മാതൃകയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായി നടപ്പിലാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ധനസമാഹരണത്തിന്റെ മൊത്തം അടങ്കൽ തുകയുടെ 20% കേരള ഗവൺമെന്റും 20% കേന്ദ്ര ഗവൺമെന്റും ബാക്കി 60% തദ്ദേശീയ ബാങ്കുകൾ മുഖേനയും സമാഹരിക്കണമെന്നാണ് ഡി.പി.ആർ.-ൽ വിഭാവനം ചെയ്തിരിക്കുന്നത്.

(സി) 5 വർഷം കൊണ്ട് തിരുവനന്തപുരവും 4 വർഷം കൊണ്ട് കോഴിക്കോടും പദ്ധതികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഡി) ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൾട്ടന്റായ ഡി.എം.ആർ.സി.-യും കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡും തമ്മിൽ 20-1-2016-ന് കരാർ ഒപ്പുവച്ചിട്ടുണ്ട്.

**ലൈറ്റ് മെട്രോ പദ്ധതി**

259(T1328) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>
<u>ശ്രീ. കെ. എം. ഷാജി</u>
<u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്</u>

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ശ്രീ. സി. മോയിൻ കുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട് എന്നീ നഗരങ്ങൾക്കുവേണ്ടിയുള്ള ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) കൺസൾട്ടൻസി നിയമനക്കാര്യത്തിൽ നിലനിന്ന അനിശ്ചിതത്വം പരിഹരിക്കുന്നതിൽ എന്തൊക്കെ അനുകൂല നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) കൺസൾട്ടൻസി നിയമന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സ്ഥലമെടുപ്പിനാവശ്യമായ വിശദവിവരങ്ങൾ തയ്യാറാക്കുക, ലൈറ്റ് മെട്രോ പാതയിൽ ആവശ്യമായ മേൽപ്പാലങ്ങളുടെ രൂപരേഖയും എസ്റ്റിമേറ്റും തയ്യാറാക്കുക, പൈപ്പുകളും കേബിളുകളും സ്ഥാപിക്കാനുള്ള രൂപരേഖ തയ്യാറാക്കുക, ലൈറ്റ് മെട്രോ കോച്ചുകളുടെ രൂപകല്പനയും ദർഘാസ് ക്ഷണിക്കുന്നതിനാവശ്യമായ സാങ്കേതിക വിവരണങ്ങളും തയ്യാറാക്കുക എന്നീ കർമ്മ പദ്ധതികൾ കെ.ആർ.റ്റി.എൽ. ആവിഷ്കരിച്ചു വരുന്നു. മേൽപ്പറഞ്ഞ പ്രവൃത്തികൾ ആറുമാസത്തിനകം പൂർത്തീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതുകൂടാതെ കേന്ദ്ര സർക്കാരിന്റെ അനുമതി എത്രയും വേഗം ലഭ്യമാക്കുന്നതിനുതകുന്ന നടപടികളും കർമ്മ പദ്ധതിയിൽ ഉൾപ്പെടുന്നു.

(ബി) ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൾട്ടന്റായ ഡി.എം.ആർ.സി.-യും കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡും തമ്മിൽ 20-1-2016-ന് കരാർ ഒപ്പുവച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | ആകെ കരാർ തുക | - | 5.218 കോടി രൂപ |
| | കരാർ കാലാവധി | - | 9 മാസം |

ഡി.എം.ആർ.സി. നിർവ്വഹിക്കേണ്ട പ്രധാന ചുമതലകൾ

- ലൈറ്റ് മെട്രോ പ്രോജക്ടിന് ആവശ്യമായ സ്ഥലമെടുപ്പിന്റെ വിശദവിവരങ്ങൾ തയ്യാറാക്കുക.
- പൈപ്പുകളും കേബിളുകളും മാറ്റി സ്ഥാപിക്കാനുള്ള രൂപരേഖ തയ്യാറാക്കുക.
- ലൈറ്റ് മെട്രോ പാതയിൽ ആവശ്യമായ മേൽപ്പാലങ്ങളുടെ രൂപരേഖയും എസ്റ്റിമേറ്റും തയ്യാറാക്കുക.
- ലൈറ്റ് മെട്രോ കോച്ചുകളുടെ രൂപകല്പനയും ദർഘാസ് ക്ഷണിക്കുന്നതിനാവശ്യമായ സാങ്കേതിക വിവരണങ്ങളും തയ്യാറാക്കുക.

- കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികളിൽ കെ.ആർ.ടി.എല്ലിനെ സഹായിക്കുക.

**അരൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ**

260(1329) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് വഴി അരൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് വഴി അരൂർ മണ്ഡലത്തിൽ ദേശീയപാതയുടെ ഉപരിതലം രണ്ടുതവണ നവീകരിച്ച് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. നിരത്ത്, കെട്ടിടവിഭാഗങ്ങൾ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**തങ്കളം-കോഴിപ്പള്ളി ബൈപ്പാസ് റോഡ്**

261(1332) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തങ്കളം-കോഴിപ്പള്ളി ബൈപ്പാസ് റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കാനുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്;

(ബി) ബൈപ്പാസിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും ?

ഉത്തരം

(എ) തങ്കളം-കോഴിപ്പള്ളി ബൈപ്പാസ് റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് പൂർണ്ണമായി സ്ഥലം വിട്ടുകിട്ടിയിട്ടില്ല.

(ബി) ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുന്നതാണ്.

**ഉഴവൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം**

262(T1333) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉഴവൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി ട്രഷറി വകുപ്പിന്റെ സ്ഥലം വിട്ടു നൽകുന്നതുമായി ബന്ധപ്പെട്ട് പി.ഡബ്ല്യു.ഡി. സർവ്വെ നടത്തി റിപ്പോർട്ട്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

സമർപ്പിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സർവ്വേ പി.ഡബ്ല്യു.ഡി. കോട്ടയം എക്സിക്യൂട്ടീവ് എഞ്ചിനീയറെക്കൊണ്ട് എത്രയും വേഗം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത സർവ്വേയുടെ പേരു പറഞ്ഞ് ട്രഷറി വകുപ്പിൽ നിലവിലുള്ള A1/8085/2013 ഫയലിൽ തീരുമാനമെടുക്കാൻ കഴിയാത്ത സാഹചര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാനും പദ്ധതിക്ക് തടസ്സം സൃഷ്ടിക്കുന്ന അവസ്ഥ ഒഴിവാക്കുവാനും, സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനും അവിടെ ട്രഷറി കെട്ടിടം പണിയുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഉഴവൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി ട്രഷറി വകുപ്പിന്റെ സ്ഥലം വിട്ടു നൽകുന്നതുമായി ബന്ധപ്പെട്ട് പി.ഡബ്ല്യു.ഡി. സർവ്വേ നടത്തി സൈറ്റ് പ്ലാൻ തയ്യാറാക്കി ആർക്കിടെക്ചറൽ വിഭാഗം തയ്യാറാക്കിയ രൂപരേഖ അനുസരിച്ച് 400 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. ട്രഷറി വകുപ്പിൽ നിലവിലുള്ള A1/8085/2013 ഫയലിൽ തീരുമാനമെടുക്കാൻ കഴിയാത്ത സാഹചര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പാലത്ത് പാലോളി താഴം റോഡിന്റെ നിർമ്മാണം**

263(1334) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പാലത്ത് പാലോളി താഴം റോഡിന്റെ 0/000/4/400 വരെയുള്ള പ്രവൃത്തികൾക്ക് എത്ര ലക്ഷം രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ എത്ര കിലോ മീറ്റർ വരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും ബാക്കി ഭാഗത്തെ പ്രവൃത്തി എന്തുകൊണ്ടാണ് കരാറുകാരൻ പൂർത്തീകരിക്കാത്തതെന്നും വെളിപ്പെടുത്താമോ;

(സി) ബാക്കി വരുന്ന റോഡിന്റെ പ്രവൃത്തിയ്ക്ക് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് കണക്കാക്കിയതെന്ന് വെളിപ്പെടുത്താമോ;

(ഡി) പാലത്ത് പാലോളി താഴം റോഡിന്റെ പൂർണ്ണമായ പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിലെ പാലത്ത് പാലോളി താഴം റോഡിന്റെ കി.മീ. 0/000 മുതൽ 4/400 വരെയുള്ള പ്രവൃത്തികൾക്ക് 250 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്.

(ബി) പ്രസ്തുത റോഡിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ കാരണമാണ് കരാറുകാരന് റോഡ് പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കാത്തത്.

(സി) 81,42,000 രൂപയുടെ എസ്റ്റിമേറ്റാണ് ബാക്കി വരുന്ന പ്രവൃത്തിക്ക് കണക്കാക്കിയിട്ടുള്ളത്.

(ഡി) നിലവിലുള്ള പ്രവൃത്തി അവസാനിപ്പിച്ച കരാറുകാരനെ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള ശിപാർശയിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിനാവശ്യമായ അധികവിവരങ്ങൾ ലഭ്യമാക്കുവാൻ പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. അന്തിമ തീരുമാനമാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

## ഗ്രാമീണ റോഡുകളും സ്റ്റേറ്റ് ഡിസ്ട്രിക്ട് ഹൈവേകളും

264(1335) <u>ശ്രീ. സി. എഫ്. തോമസ്</u>
<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u>
<u>ശ്രീ. റ്റി. യു. കുരുവിള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതി തുടങ്ങി വിവിധ കാരണങ്ങളാൽ പൊട്ടി പൊളിഞ്ഞ് കിടക്കുന്ന ഗ്രാമീണ റോഡുകളും സ്റ്റേറ്റ്-ഡിസ്ട്രിക്ട് ഹൈവേകളും അടിയന്തരമായി അറ്റകുറ്റപ്പണി നടത്തി സഞ്ചാര യോഗ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ;

(ബി) റോഡുകൾ കുഴിയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങളും തുടർപ്രവർത്തനങ്ങളും കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് അടിയന്തര നടപടി

സ്വീകരിക്കുമോ?

ഉത്തരം

(എ) കാലവർഷക്കെടുതി തുടങ്ങി വിവിധ കാരണങ്ങളാൽ പൊട്ടി പൊളിഞ്ഞ് കിടക്കുന്ന ഗ്രാമീണ റോഡുകളും സ്റ്റേറ്റ്-ഡിസ്ട്രിക്ട് ഹൈവേകളും അടിയന്തരമായി അറ്റകുറ്റപ്പണി നടത്തി സഞ്ചാരയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി എക്സി. എഞ്ചിനീയർമാരുടെ റിപ്പോർട്ട് പ്രകാരവും ജനപ്രതിനിധികളുടെ ആവശ്യപ്രകാരവും നോൺ പ്ലാൻ ഫണ്ടിൽ നിന്നും വിവിധ പണികൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുമുഖേന പല റോഡുകളും ഗതാഗതയോഗ്യമാക്കി തീർക്കുകയും ബാക്കി റോഡുകളുടെ പണി പുരോഗമിച്ചുവരികയും ചെയ്യുന്നു.

(ബി) റോഡുകൾ കുഴിക്കുന്നതിനുള്ള നിർദ്ദേശങ്ങളും തുടർപ്രവർത്തനങ്ങളും കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്.

**തിരൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ**

265(1336) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.ഡബ്ല്യു.ഡി. മുഖേന തിരൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും, ഒരോ പദ്ധതിക്കും ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.ഡബ്ല്യു.ഡി. മുഖേന തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളും ഓരോ പദ്ധതിക്കും എന്തു തുക ചെലവായിട്ടുണ്ട് എന്നുമുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ചടയമംഗലം നിയോജക മണ്ഡലത്തിലെ പദ്ധതികൾ**

266(1337) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചടയമംഗലം നിയോജക മണ്ഡലത്തിൽ 2011 മേയ് മാസം മുതൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

അനുവദിച്ചിട്ടുള്ള പാലം, കെട്ടിടം, റോഡുവികസനം തുടങ്ങിയ പദ്ധതികളുടെയും അവയ്ക്കായി അനുവദിച്ചിട്ടുള്ള തുകകളുടേയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

ചടയമംഗലം നിയോജക മണ്ഡലത്തിൽ 2011 മേയ് മാസം അനുവദിച്ചിട്ടുള്ള പാലം, കെട്ടിടം, റോഡുവികസനം തുടങ്ങിയ പദ്ധതികളുടെയും അവയ്ക്കായി അനുവദിച്ചിട്ടുള്ള തുകകളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**പൈങ്കുളം റെയിൽവേ മേൽപ്പാല നിർമ്മാണം**

267(1338) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിലെ പൈങ്കുളം റെയിൽവേ മേൽപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് പറയാമോ;

(ബി) റെയിൽവേയുടെ വർക്ക് പ്രോഗ്രാമിൽ ഉൾപ്പെടുത്തി മേൽപ്പാലം നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചതിനെ തുടർന്ന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ചേലക്കര നിയോജകമണ്ഡലത്തിലെ പൈങ്കുളം റെയിൽവേ ഗേറ്റ് (ലെവൽ ക്രോസ് നമ്പർ 7)-ലെ ട്രെയിൻ വെഹിക്കിൾ യൂണിറ്റ് 1 ലക്ഷത്തിൽ കൂടുതലായതിനാൽ അവിടെ ഒരു മേൽപ്പാലം നിർമ്മിക്കുന്ന പ്രവൃത്തി റെയിൽവേയുടെ വർക്ക് പ്രോഗ്രാമിന് ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ സർക്കാർ റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**വൺടൈം മെയിന്റനൻസ്**

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

268(1339) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് വൺടൈം മെയിന്റനൻസ് (നോൺ പ്ലാൻ) ഇനത്തിൽ ഓരോ മണ്ഡലത്തിലും എത്ര രൂപ വീതം അനുവദിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് വൺടൈം മെയിന്റനൻസ് (നോൺ പ്ലാൻ) ഇനത്തിൽ നാളിതുവരെ 1070.07 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മണ്ഡലം തിരിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

**നാദാപുരം മുട്ടുങ്ങൽ റോഡ് നിലവാരം ഉയർത്തൽ**

269(1340) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മുട്ടുങ്ങൽ റോഡ് സ്റ്റേറ്റ് ഹൈവേ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നൽകിയ അപേക്ഷയിന്മേലുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡ് സ്റ്റേറ്റ് ഹൈവേ ആയി ഉയർത്തുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) നാദാപുരം മുട്ടുങ്ങൽ റോഡ് സ്റ്റേറ്റ് ഹൈവേ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) നാദാപുരം മുട്ടുങ്ങൽ റോഡ് സ്റ്റേറ്റ് ഹൈവേ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നൽകിയ അപേക്ഷയിന്മേൽ റിപ്പോർട്ട് ലഭ്യമാക്കാൻ ചീഫ്

എഞ്ചിനീയർ (R&B)-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## പുനലൂർ-മൂവാറ്റുപുഴ സംസ്ഥാനപാതയുടെ പുനരുദ്ധാരണം

270(1341) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ-മൂവാറ്റുപുഴ സംസ്ഥാനപാത കെ.എസ്.ടി.പി. ഏറ്റെടുത്തത് എന്നാണ്; പാതയുടെ ഏതൊക്കെ ഭാഗമാണ് ഇപ്പോൾ പുനരുദ്ധരിച്ചത്; ഇതിനായി ചെലവഴിച്ച തുക എത്ര; പാതയുടെ ആകെ ദൂരവും പുനരുദ്ധരിച്ച ഭാഗത്തെ ദൂരവും വ്യക്തമാക്കാമോ;

(ബി) സംസ്ഥാന പാതയുടെ പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള ഭാഗത്തിന്റെ പുനരുദ്ധാരണ നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ; ഈ ഭാഗത്ത് ഇനി എത്ര സ്ഥലം കെ.എസ്.ടി.പി. ഏറ്റെടുക്കാനുണ്ടെന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ; വസ്തു ഏറ്റെടുക്കൽ വൈകാനുണ്ടായ കാരണം വ്യക്തമാക്കാമോ; ഏറ്റെടുക്കൽ നടപടി എന്നു പൂർത്തിയാക്കാനാകും എന്ന് പറയാമോ;

(സി) സംസ്ഥാന പാതയുടെ പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള ഭാഗത്തെ പുനരുദ്ധാരണം ഏതു രീതിയിൽ നടത്താനാണ് ഉദ്ദേശിക്കുന്നത്; ഇവയുടെ പ്രത്യേകതകൾ വിശദമാക്കാമോ; എത്ര രൂപയാണ് പുനരുദ്ധാരണത്തിനായി വേണ്ടിവരുക; പുനരുദ്ധാരണം വൈകാനുണ്ടായ കാരണവും ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ഡി) റോഡിന്റെ ടെൻഡർ നടപടികളായോ; ടെൻഡർ നടപടികൾ പൂർത്തിയാക്കി റോഡിന്റെ പുനരുദ്ധാരണം എന്ന് ആരംഭിക്കാനാകും എന്ന് പറയാമോ?

<u>ഉത്തരം</u>

(എ) പുനലൂർ-മൂവാറ്റുപുഴ സംസ്ഥാനപാതയിൽ പൊൻകുന്നം മുതൽ തൊടുപുഴ വരെയുള്ള ഭാഗം നവീകരണത്തിനായി 28-5-2014-നാണ് കെ.എസ്.ടി.പി.

ഏറ്റെടുത്തത്. ടി പാതയുടെ ആകെ ദൂരം 132 കി.മീ. ആണ്. അതിൽ പൊൻകുന്നം തൊടുപുഴ റോഡിന്റെ 50 കി.മീ. പുനരുദ്ധാരണം നടന്നുകൊണ്ടിരിക്കുന്നു. ഇതിനായി ഇതുവരെ ചെലവഴിച്ച തുക 148 കോടി രൂപയാണ്.

(ബി) പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള ഭാഗത്തെ പുനരുദ്ധാരണം പി.പി.പി. വ്യവസ്ഥയിൽ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഇത് രണ്ട് ഘട്ടങ്ങളിലായിട്ടുള്ള ടെണ്ടർ പദ്ധതിയാണ്. ആദ്യത്തെ ഘട്ടത്തിലുള്ള RFQ issue ചെയ്യാനുള്ള നടപടികൾ പുരോഗമിക്കുന്നു. ആന്വിറ്റി പേമെന്റിനുള്ള അനുവാദം നൽകിയിട്ടുണ്ട്. പദ്ധതി ലോകബാങ്കിന്റെ അംഗീകാരത്തിന് അയച്ചിട്ടുണ്ട്. റോഡിന്റെ വികസനത്തിന് സ്വകാര്യ വ്യക്തികളിൽ നിന്ന് ഏറ്റെടുക്കേണ്ട 53.29 ഹെക്ടർ ഭൂമിയിൽ 99% നടപടിക്രമങ്ങൾ പൂർത്തിയാക്കി ഏറ്റെടുത്തിട്ടുണ്ട്. ബാക്കി വരുന്ന അര ഹെക്ടർ മുകളിൽ വരുന്ന സ്ഥലത്തിന്റെ വിവരം താഴെ കൊടുക്കുന്നു :

<u>ഏറ്റെടുക്കാൻ ബാക്കിയുള്ള സ്ഥലവിവരം :</u>

| ജില്ല | ഗ്രാമം | വിസ്തീർണ്ണം |
|---|---|---|
| കൊല്ലം | പത്തനാപുരം | 0.0073 |
| പത്തനംതിട്ട | കലഞ്ഞൂർ | 0.0090 |
| | കൂടൽ | 0.0280 |
| | കോന്നി | 0.0612 |
| | മൈലപ്ര | 0.2250 |
| | റാന്നി | 0.0232 |
| | പഴവങ്ങാടി | 0.1440 |
| | ചേന്നക്കൽ | 0.0625 |
| കോട്ടയം | ളാലം | 0.0352 |
| | ആകെ | 0.5954 |

<u>സ്ഥലമെടുപ്പ് വൈകാനുണ്ടായ കാരണങ്ങൾ :</u>

1. റോഡ് വികസനത്തിന് ഏറ്റെടുക്കേണ്ട സ്ഥലങ്ങളിലധികവും

ുണ്ടഭൂമികളാണ്. അവയിൽ ചിലതിന്റെ സർവ്വേ നമ്പരുകൾ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട നടപടി രേഖകളിൽ നിന്ന് വിട്ടുപോയതിനാൽ അവ ഏറ്റെടുക്കാനുള്ള നടപടി വീണ്ടും ആരംഭം മുതൽ തുടങ്ങി പൂർത്തിയാക്കേണ്ടതായിട്ടുണ്ട്.

2. പഴയ സ്ഥലമെടുപ്പ് നിയമത്തിന്റെ കാലഹരണപ്പെടലും പുതിയത് നടപ്പിലാക്കുന്നതിന്റെ കാലതാമസവും കെ.എസ്.ടി.പി.-യുടെ സ്ഥലമെടുപ്പിനെ പ്രതികൂലമായി ബാധിച്ചു.

3. നേരിട്ട് ഭൂമി വാങ്ങൽ നടപടി വഴി മതിയായ രേഖകൾ ഇല്ലാത്തതും തർക്കമുള്ളതുമായ ഭൂമികൾ ഏറ്റെടുക്കാൻ പറ്റാതെ വന്നിട്ടുണ്ട്.

4. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വിരമിക്കലും, സ്ഥലംമാറ്റവും പൊന്നും വില നടപടിയുടെ പൂർത്തീകരണത്തെ സാരമായി ബാധിച്ചിട്ടുണ്ട്. പ്രശ്നപരിഹാരമായി സ്ഥലമുടമകളുമായി ചർച്ചയിലൂടെ ഏറ്റെടുക്കാൻ ബാക്കിയുള്ള സ്ഥലം മുൻകൂർ കൈവശം എടുക്കുന്നതിനുള്ള അനുമതി കെ.എസ്.ടി.പി.-ക്ക് നൽകിയിട്ടുണ്ട്. ജില്ലാതല പർച്ചേസ് സമിതി വഴി ചർച്ചയിലൂടെ നേരിട്ട് ഭൂമി വാങ്ങുന്ന പ്രക്രിയ കെ.എസ്.ടി.പി. തുടർന്നുകൊണ്ടിരിക്കുന്നു. എങ്കിലും പുതിയ സ്ഥലമെടുപ്പ് നിയമപ്രകാരം നടപടികൾ പൂർത്തിയാക്കുന്നതിന് ഒരു വർഷം കൂടി വേണ്ടി വന്നേക്കാം.

(സി&ഡി) പുനലൂർ-മൂവാറ്റുപുഴ റോഡിന്റെ പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള 80 കി.മീ. റോഡ് കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽപ്പെടുത്തി PPP Hybrid Annuity (പൊതു സ്വകാര്യ പങ്കാളിത്തത്തോടെ) ആയിട്ടാണ് വികസിപ്പിക്കുന്നത്. ആയതിലേക്കുള്ള കോൺട്രാക്ടിൽ രണ്ടരവർഷം നിർമ്മാണ പ്രവർത്തനവും 10 വർഷം മെയിന്റനൻസുമാണ് നിഷ്കർഷിച്ചിരിക്കുന്നത്. VGF (Viability Gap Fund) ആയി നിർമ്മാണ തുകയുടെ 40 ശതമാനം ലോകബാങ്ക് സഹായമായി നൽകുന്നതും ബാക്കി തുക കൺസഷനെയർ കണ്ടെത്തേണ്ടതുമാണ്. പ്രസ്തുത തുക സെമി ആന്വിറ്റി ആയി കോൺട്രാക്ടർക്ക് കൊടുക്കുന്നതാണ്. കരാറിൽ ആന്വിറ്റി തുകയിലേക്കായി റിവോൾവിംഗ് എൽ.സി. വേണമെന്ന്

ലോകബാങ്ക് നിഷ്കർഷിച്ചിരുന്നു. ഇപ്പോൾ റിവോൾവിംഗ് എൽ.സി. ഇല്ലാതെ വർക്ക് ടെണ്ടർ ചെയ്യാനായി എൻ.ഒ.സി.-ക്ക് വേണ്ടി ലോകബാങ്കിലേക്ക് അപേക്ഷിച്ചിട്ടുണ്ട്.

**കൊടുവള്ളി നിയോജക മണ്ഡലത്തിൽ ബൈപ്പാസ് നിർമ്മാണം**

271(1342) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജക മണ്ഡലത്തിൽ രൂക്ഷമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന കോഴിക്കോട് -വയനാട് നാഷണൽഹൈവേയിലെ താമരശ്ശേരി, കൊടുവള്ളി ബസാറുകളിൽ ബൈപാസ് നിർമ്മാണത്തിന്റെ നടപടിക്രമങ്ങൾ എത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ബൈപ്പാസ് നിർമ്മാണത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) കേന്ദ്ര ഗവൺമെന്റിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട്-വയനാട് ദേശീയ പാതയിലെ താമരശ്ശേരി കൊടുവള്ളി ബസാറുകളിൽ അനുഭവപ്പെടുന്ന രൂക്ഷമായ ഗതാഗതക്കുരുക്കിന് പരിഹാരമായി നിർമ്മിക്കുന്ന കൊടുവള്ളി-താമരശ്ശേരി ബൈപ്പാസ്സുകളുടെ നിർമ്മാണത്തിനു വേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(ബി&സി) ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായശേഷം എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്രത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിലേക്ക് അയയ്ക്കുന്നതാണ്.

**റോഡുകളുടെ ഉപരിതലം പുതുക്കൽ**

272(1343) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :

<u>ശ്രീ. എം. എ. വാഹീദ്</u> :

<u>ശ്രീ. ലൂഡി ലൂയിസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ ഉപരിതലം പുതുക്കുന്നതിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) റോഡുകളുടെ ഉപരിതലം പുതുക്കുന്നതിനായി പ്രത്യേക കർമ്മ പദ്ധതിയൊന്നും ആവിഷ്കരിച്ചിട്ടില്ല. ദേശീയപാതകളുടെ ഉപരിതലം 3 വർഷ കാലാവധിയിൽ പീരിയോഡിക്കൽ റിന്യൂവലിൽ ഉൾപ്പെടുന്ന ബി.സി. മാത്രം ചെയ്തും 5 വർഷക്കാലാവധിയിൽ ഉൾപ്പെടുന്ന ബി.എം., ബി.സി. എന്നിവ പുതുക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

**കോഴിക്കോട്-ബാലുശ്ശേരി റോഡിന്റെ പുനരുദ്ധാരണം**

273(1344) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എലത്തൂർ നിയോജക മണ്ഡലത്തിലെ കോഴിക്കോട് - ബാലുശ്ശേരി റോഡിന്റെ പുനരുദ്ധാരണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ നിലവിലെ അവസ്ഥ പരിഗണിച്ച് പുനരുദ്ധാരണത്തിനുള്ള തുക അടിയന്തരമായി അനുവദിക്കാൻ നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കോഴിക്കോട്-ബാലുശ്ശേരി റോഡിൽ പൊട്ടിപ്പൊളിഞ്ഞ ഭാഗങ്ങളിൽ അറ്റകുറ്റപ്പണികൾ ചെയ്ത് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്.

**വടവന്തൂർ പാലം പുനർനിർമ്മാണം**

274(1345) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിൽ വെള്ളൂർ-പാടിയോട്ടുചാൽ പുളിങ്ങോം റോഡിലെ വടവന്തൂർ പാലം പുനർനിർമ്മാണ പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

കണ്ണൂർ ജില്ലയിൽ വെള്ളൂർ പാടിയോട്ടുചാൽ പുളിങ്ങോം റോഡിലെ വടവന്തൂർ പാലം പുനർനിർമ്മാണത്തിനായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായി. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**പാലങ്ങളുടെ നവീകരണം**

275(1346) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്-ഷൊർണ്ണൂർ റോഡിൽ ടൗണിനോട് ചേർന്നുകിടക്കുന്ന ഒറ്റപ്പാലം പാലവും, കണ്ണിയംപുറം തോട്ട് പാലവും കാലപ്പഴക്കത്താൽ ദുർബലമായതും, വീതികുറഞ്ഞ് ഇടുങ്ങിയതുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലങ്ങൾ പുതുക്കിപ്പണിയുന്നതിനായി എത്ര പ്രാവശ്യം അവലോകന യോഗം ചേർന്നിട്ടുണ്ട്; എന്നായിരുന്നു പ്രസ്തുത യോഗം; പ്രസ്തുത യോഗത്തിൽ എന്തെല്ലാം തീരുമാനങ്ങൾ ആണ് എടുത്തതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പാലങ്ങൾ നവീകരിക്കാൻ ഏത് ഏജൻസിയെയാണ് സർക്കാർ ചുമതലപ്പെടുത്തിയത്; അതിനായി നാളിതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഈ പാലങ്ങൾ പുതുക്കി പണിയുന്നത് സംബന്ധിച്ച് പൊതുമരാമത്ത് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 7-1-2012-ൽ ഒരു അവലോകന യോഗം നടന്നിട്ടുണ്ട്. ഈ യോഗ തീരുമാനപ്രകാരം പുതിയ പാലങ്ങൾ നിർമ്മിക്കാനുള്ള അനന്തര നടപടികൾക്കായി കെ.എസ്.ടി.പി.-യെ ചുമതലപ്പെടുത്തുകയുണ്ടായി. ഈ പാലങ്ങളുടെ നിർമ്മാണം നടത്തുന്നതിനായി 7.1 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ലോകബാങ്കിന് സമർപ്പിച്ചിരിക്കുകയാണ്. ലോകബാങ്കിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

**ഊട്ടറയിൽ റെയിൽവേ മേൽപ്പാലം**

276(1347) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് -പൊള്ളാച്ചി ഗേജ് മാറ്റം പൂർത്തിയായി ട്രെയിനുകൾ ഓടിതുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി കൊല്ലങ്കോട്- പാലക്കാട് റൂട്ടിൽ അനുഭവപ്പെടുന്ന ഗതാഗത കുരുക്കിന് പരിഹാരം കാണുന്നതിന് കൊല്ലങ്കോട് ഊട്ടറയിൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൊല്ലങ്കോട് ഊട്ടറയിൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് നിലവിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

**മാവേലിക്കര മണ്ഡലത്തിലെ റോഡ് മെയിന്റനൻസ്**

277(1348) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ പി.ഡബ്ല്യ.ഡി. റോഡ്സ് വിഭാഗം വൺടൈം മെയിന്റനൻസിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ ശബരിമല പാക്കേജിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) അനുബന്ധം I ആയി കൊടുത്തിരിക്കുന്നു.*

(ബി) അനുബന്ധം II ആയി കൊടുത്തിരിക്കുന്നു.*

**കൽപ്പറ്റ നിയോജകമണ്ഡലത്തിലെ വികസനപദ്ധതികൾ**

278(1349) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പൊതുമരാമത്ത് വകുപ്പ് മുഖേന കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി എത്ര രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയുമാണ് ലഭിച്ചിരിക്കുന്നത് എന്നതിന്റെ ഇനം തിരിച്ചുള്ള വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ഈ സർക്കാരിന്റെ കാലയളവിൽ പൊതുമരാമത്ത് വകുപ്പ് മുഖേന കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങളും, പ്രസ്തുത പദ്ധതികൾക്കായി എത്ര രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിരിക്കുന്നത് എന്നതിന്റെ ഇനം തിരിച്ചുള്ള വിശദാംശങ്ങളും പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ തുടങ്ങിയവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ചുള്ളിക്കര-കുറ്റിക്കോൽ റോഡ് മെക്കാഡം ടാർ ചെയ്യൽ

279(1350) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതിയും, സാങ്കേതികാനുമതിയും ലഭിച്ച കാസർകോട് ജില്ലയിലെ ചുള്ളിക്കര-കുറ്റിക്കോൽ റോഡ് മെക്കാഡം ടാർ ചെയ്യുന്നതിനുള്ള ടെണ്ടർ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ടെണ്ടർ അനുവദിച്ചുനൽകിയ കരാറുകാരനും പൊതുമരാമത്ത് വകുപ്പും തയ്യാറാക്കിയ എഗ്രിമെന്റിലെ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; എഗ്രിമെന്റ് നടപ്പിലാക്കുന്നതിൽ കോൺട്രാക്ടർ വീഴ്ച വരുത്തിയിട്ടുണ്ടോ ; എങ്കിൽ കോൺട്രാക്ടറോട് വിശദീകരണം ആരാഞ്ഞുകൊണ്ട് കത്തുകൾ നൽകിയിട്ടുണ്ടോ ; നൽകിയിട്ടുണ്ടെങ്കിൽ എപ്പോഴൊക്കെ നല്കിയെന്ന് കത്ത് നമ്പർ അടക്കം പറയാമോ; കത്തുകൾക്ക് കോൺട്രാക്ടറുടെ മറുപടി ലഭിച്ചിട്ടുണ്ടോ;

(സി) മറുപടി ലഭിച്ചെങ്കിൽ മറുപടിയിൽ സൂചിപ്പിച്ച കാര്യങ്ങൾ വ്യക്തമാക്കാമോ; എഗ്രിമെന്റ് പാലിച്ചിട്ടില്ലെങ്കിൽ കോൺട്രാക്ടറുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്തൊക്കെ നടപടികളാണെന്ന് പറയാമോ ; പ്രവർത്തികൾ എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ ചുള്ളിക്കര കുറ്റിക്കോൽ റോഡിന്റെ കി.മീ. 0/000 മുതൽ 10/500 വരെ മെക്കാഡം ടാറിംഗ് പ്രവൃത്തിക്ക് 4 കോടി രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും 21-3-2013-ലെ സ.ഉ.(സാധാ) നമ്പർ 395/2013/പൊ.മ.വ. ഉത്തരവ് പ്രകാരം നൽകിയിരുന്നു. ഈ പ്രവൃത്തിയുടെ ടെണ്ടർ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| ടെണ്ടർ നമ്പർ | 14/2013-14 |
| ടെണ്ടർ തീയതി | 5-12-2013 |
| കരാറുകാരൻ | ശ്രീ. മുഹമ്മദ് ജാനിഷ് ചട്ടഞ്ചാൽ |
| പ്രവൃത്തിയുടെ എഗ്രിമെന്റ് കാലാവധി | 9 മാസം |
| എഗ്രിമെന്റ് നമ്പർ | എസ്.ഇ.(കെ) 249/2013-14 തീയതി |

| | |
|---|---|
| | 26-2-2014 |
| എസ്റ്റിമേറ്റ് പി.എ.സി. | 36198354 |
| ടെണ്ടർ നിരക്ക് | (-10.80%) |

(ബി&സി) ടി പ്രവൃത്തിയുടെ എഗ്രിമെന്റ് പ്രകാരം കി.മീ. 0/000 മുതൽ 3/000 വരെ ബി.എം. & ബി.സി. ടാറിംഗ് പ്രവൃത്തിയും കൾവെർട്ട് റീട്ടെയിനിംഗ് വാൾ, ഡ്രെയിനേജ് എന്നിവയുടെ നിർമ്മാണവും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി തീർക്കേണ്ട കാലാവധി 9 മാസമാണ്. എന്നാൽ കരാറുകാരൻ പ്രവൃത്തി ആരംഭിച്ചിട്ടില്ല. തുടർന്ന് കാഞ്ഞങ്ങാട് റോഡ്സ് സബ്ഡിവിഷൻ ഓഫീസിൽ നിന്നും 24-9-2014, 25-10-2014, 15-9-2015 എന്നീ തീയതികളിൽ D4/1625/2012 നമ്പർ കത്തുകൾ പ്രകാരം വിശദീകരണവും, വെസ്റ്റ് എളേരി അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസിൽ നിന്നും സൈറ്റ് ഏറ്റെടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 7-3-2014-ലെ എ.ഇ./ഡബ്ല്യു/ജി.ഇ.എൻ.സി.കെ./2013-14 നമ്പർ കത്തും നൽകിയിരുന്നു. എന്നാൽ എസ്റ്റിമേറ്റിൽ കൊടുത്തിരിക്കുന്ന അളവുകളിൽ ചില മാറ്റങ്ങൾ ആവശ്യമാണെന്നും ആയതിനാൽ സൈറ്റ് ഏറ്റെടുക്കാൻ സാധ്യമല്ലെന്നും പ്രസ്തുത പ്രവൃത്തിയുടെ എഗ്രിമെന്റിൽ നിന്നും തന്നെ ഒഴിവാക്കണമെന്നും കരാറുകാരൻ അഭ്യർത്ഥിക്കുകയുണ്ടായി. തുടർന്ന് പ്രവൃത്തി ടെർമിനേറ്റ് ചെയ്യുന്നതിനാവശ്യമായ നടപടികൾ കോഴിക്കോട് നിരത്തുകളും പാലങ്ങളും ഉത്തരമേഖലാ വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർ സ്വീകരിച്ചുവരുന്നു. പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കാലിക്കടവ് - തൃക്കരിപ്പൂർ ഒളവറ റോഡ്

280(1351) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിലത്തിലൂടെ കടന്നുപോകുന്ന കാലിക്കടവ്-തൃക്കരിപ്പൂർ ഒളവറ പൊതുമരാമത്ത് വകുപ്പ് റോഡ് സ്റ്റേറ്റ് ഹൈവേ ആയി ഉയർത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

പ്രസ്തുത റോഡ് പൊതുമരാമത്ത് വകുപ്പ് സ്റ്റേറ്റ് ഹൈവേ ആയി ഉയർത്തുന്നതു സംബന്ധിച്ച് സർക്കാർ തീരുമാനമൊന്നും എടുത്തിട്ടില്ല.

**ശ്രീമൂലനഗരം പാലം**

281(1352) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീമൂലം പാല (ശ്രീമൂലനഗരം പാലം)-ത്തിന്റെ ഉദ്ഘാടനം എന്നാണ് നിർവ്വഹിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പാലത്തിൽ ഇതു സംബന്ധിച്ച ശിലാഫലകം സ്ഥാപിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ശിലാഫലകം സ്ഥാപിക്കാത്തതിന്റെ കാരണം എന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രീമൂലനഗരം പാലത്തിന്റെ ഉദ്ഘാടനം 15-2-2011-ലാണ് നിർവ്വഹിച്ചത്.

(ബി) ഇല്ല.

(സി) പ്രാദേശികമായ കാരണങ്ങളാൽ ശിലാഫലകം സ്ഥാപിക്കാൻ സാധിച്ചിട്ടില്ല.

**പയ്യന്നൂർ മിനി സിവിൽ സ്റ്റേഷൻ**

282(1353) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണം പൂർത്തീകരിച്ച പയ്യന്നൂർ മിനി സിവിൽ സ്റ്റേഷനിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

ഉത്തരം

(എ&ബി) നിർമ്മാണം പൂർത്തീകരിച്ച പയ്യന്നൂർ മിനി സിവിൽ സ്റ്റേഷനിൽ വൈദ്യുതീകരണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിലേക്കുവേണ്ടി 2,78,020 രൂപ ചെലവിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. ഇതിനുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാക്കി അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## മുല്ലശ്ശേരി പാലം ഗതാഗതയോഗ്യമാക്കാൻ നടപടി

283(1354) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഉദുമ-മുല്ലശ്ശേരി പി.ഡബ്യു.ഡി. റോഡിലെ മുല്ലശ്ശേരി പാലം കാലപ്പഴക്കത്താൽ തകർന്ന് ഗതാഗതയോഗ്യമല്ലാതായിരിക്കുന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പുതുക്കി പണിയുന്നതിന് എത്ര ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ആയതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ഡി) ജനസാന്ദ്രത കൂടിയ തീരദേശ റോഡിലെ പാലം എന്ന പരിഗണന നൽകി എത്രയും വേഗം ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) പ്രസ്തുത പാലം പുതുക്കി പണിയുന്നതിനായി 2.85 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഇതിന് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

## മട്ടന്നൂർ നിയോജകമണ്ഡലത്തിലെ പാലം നിർമ്മാണ പ്രവർത്തനങ്ങൾ

284(1355) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മട്ടന്നൂർ നിയോജക മണ്ഡലത്തിലെ കുളിക്കടവ്, മണക്കായിക്കടവ്, അരേങ്ങാട് പുഴ എന്നീ പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ?

ഉത്തരം

കുളിക്കടവ് പാലം നിർമ്മാണത്തിനായുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമാക്കുന്നതിനായി സ്ഥലം ഉടമകളുമായി ചർച്ച നടത്തിവരുന്നു.

മണക്കായിക്കടവ് പാലത്തിന്റെ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അരേങ്ങാട് പാലത്തിന്റെ നിർമ്മാണം ആരംഭിച്ചു.

**സംസ്ഥാനത്തെ ദേശീയപാത വികസനം**

285(1356) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കിലോമീറ്റർ ദേശീയപാതയുണ്ട്; നാല് വരി പാതയാക്കി ദേശീയപാതയെ വികസിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്താണ്;

(ബി) ഇന്നത്തെ നിലയിൽ ദേശീയപാത നാല് വരി പാതയായി വികസിപ്പിക്കുന്നതിന് എന്ത് തുക ചെലവ് കണക്കാക്കുന്നു; ഭൂമി അക്വയർ ചെയ്യുന്നതിനായി കണക്കാക്കപ്പെട്ട തുക എത്ര; എന്നത്തേക്ക് നാല് വരി ദേശീയപാത സംസ്ഥാനത്ത് നിലവിൽ വരും;

(സി) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് അത്യന്താപേക്ഷിതമായ ദേശീയപാത വികസന കാര്യത്തിൽ മുഖ്യപരിഗണന നല്കാതിരിക്കുന്നത് എന്തുകൊണ്ടാണ്; വിശദമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ആകെ 1781.57 കി.മീ. ദേശീയപാതയുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ദേശീയ പാതകളായ എൻ.എച്ച്. 17, എൻ.എച്ച്. 47 എന്നിവ നാലുവരിപ്പാതയായി വികസിപ്പിക്കുന്നത് കേന്ദ്ര സർക്കാരിന്റെ എൻ.എച്ച്.ഡി.പി. ഫേയ്സ് 2 & 3-ൽ ഉൾപ്പെടുത്തി ദേശീയപാത വികസന അതോറിറ്റി മുഖാന്തരമാണ്. ഇതിനാവശ്യമായ 1434.01 ഹെക്ടർ സ്ഥലത്തിൽ 205.54 ഹെക്ടർ ഇപ്പോൾ ഏറ്റെടുത്തിട്ടുണ്ട്. ഇപ്പോൾ ഇതിന്റെ പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കാനുള്ള നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിച്ച

വരികയാണ്. ഡി.പി.ആർ. തയ്യാറാക്കുമ്പോൾ മാത്രമേ സ്ഥലമെടുപ്പിനെ സംബന്ധിച്ച് വിശദവിവരം ലഭ്യമാകുകയുള്ളൂ. മറ്റ് ദേശീയ പാതകളുടെ വികസനത്തിനാവശ്യമായ സ്ഥലത്തിന്റെ വിശദാംശങ്ങൾ ഡി.പി.ആർ. പൂർത്തീകരിച്ച ശേഷമേ അറിയുവാൻ കഴിയുകയുള്ളൂ. ഡി.പി.ആർ. തയ്യാറാക്കി അംഗീകാരം ലഭിച്ച ശേഷമേ ആവശ്യമായ തുകയുടെ വിശദാംശം ലഭ്യമാകുകയുള്ളൂ.

(സി) ഈ സർക്കാർ, സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് അത്യന്താപേക്ഷിതമായ ദേശീയപാതയുടെ വികസനത്തിന് മുൻഗണന നൽകിയിട്ടുണ്ട്. സ്ഥലമെടുപ്പിലെ കാലതാമസം കാരണം എൻ.എച്ച്. 17-ലെയും എൻ.എച്ച്. 47-ലെയും വികസനത്തിൽ നിന്നും ദേശീയപാതാ അതോറിറ്റി പിൻമാറിയെങ്കിലും സംസ്ഥാന സർക്കാരിന്റെ നിരന്തര സമ്മർദ്ദത്തിന്റെയും 45 മീറ്ററിൽ സ്ഥലമേറ്റെടുത്തു നൽകാമെന്ന ഉറപ്പിന്റെയും അടിസ്ഥാനത്തിൽ ഈ തീരുമാനം പുനഃപരിശോധിക്കുകയും പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കാൻ ദേശീയപാതാ അതോറിറ്റിയോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

## മട്ടന്നൂർ മണ്ഡലത്തിലെ നിർമ്മാണങ്ങൾ

286(1357) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011 മേയ് മാസം മുതൽ നാളിതുവരെ മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം കെട്ടിടനിർമ്മാണ പ്രവൃത്തികൾക്ക് പൊതുമരാമത്തു വകുപ്പ് ഭരണാനുമതി നൽകുകയുണ്ടായി; ഓരോ പ്രവൃത്തിയുടേയും അടങ്കൽ തുക എത്രയാണ്; ഓരോ പ്രവൃത്തിയും ഇപ്പോൾ ഏതു ഘട്ടത്തിലാണ്?

ഉത്തരം

2011 മേയ് മാസം മുതൽ നാളിതുവരെ മട്ടന്നൂർ നിയോജക മണ്ഡലത്തിലെ കെട്ടിടനിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയതും, അവയുടെ അടങ്കൽ തുകയും, പ്രവൃത്തികളും ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്നുമുള്ള വിവരവും അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ആറ്റിങ്ങൽ ദേശീയപാതയുടെ വീതികൂട്ടൽ

287(1358) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ദേശീയപാതയുടെ വീതികൂട്ടലുമായി ബന്ധപ്പെട്ട് 22.75 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതെന്ന് ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പാതയുടെ വീതി കൂട്ടൽ അടിയന്തരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ-സി) ആറ്റിങ്ങലിൽ ദേശീയപാതയുടെ വീതി കൂട്ടുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ആവശ്യമായ ഭൂമി ലഭ്യമായശേഷം പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**മട്ടന്നൂർ നിയോജക മണ്ഡലത്തിലെ പാലം നിർമ്മാണം**

288(1359) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011 മേയ് മാസം മുതൽ നാളിതുവരെ മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പൊതുമരാമത്ത് വക പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയുണ്ടായി; ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുക എത്രയാണ്; ഓരോ പ്രവൃത്തിയും ഇപ്പോൾ ഏതു ഘട്ടത്തിലാണ്?

<u>ഉത്തരം</u>

(1) <u>മണ്ണൂർക്കടവ് പാലം :</u>

പ്രവൃത്തി പൂർത്തീകരിച്ചു.

അടങ്കൽ തുക 910.00 ലക്ഷം രൂപ.

(2) <u>അരേങ്ങാട് പാലം :</u>

പ്രവൃത്തി ആരംഭിച്ചു.

അടങ്കൽ തുക 210.00 ലക്ഷം രൂപ.

(3) മണക്കായിക്കടവ് പാലം :

മണക്കായിക്കടവ് പാലത്തിന്റെ പ്രവൃത്തി 13-12-2011-ന് എഗ്രിമെന്റ് വച്ച് ആരംഭിച്ചുവെങ്കിലും മട്ടന്നൂർ മുനിസിപ്പാലിറ്റിയുടെ ഭാഗത്തുനിന്നും സ്ഥലമേറ്റെടുത്ത് നൽകാൻ കാലതാമസം വന്നതിനാൽ പ്രവൃത്തി തുടർന്ന് നടത്തുവാൻ സാധിച്ചില്ല. ആയതിനാൽ കരാറുകാരനെ പ്രവൃത്തിയിൽ നിന്നും നിരുപാധികം ഒഴിവാക്കുകയും ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ സ്ഥലം ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ടെണ്ടർ ചെയ്ത് തുടർനടപടി സ്വീകരിച്ചുവരുന്നു.

## കൊല്ലങ്കോട്-പുതുനഗരം റോഡിലെ ഊട്ടറപാലം

289(1360) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലങ്കോട്-പുതുനഗരം റോഡിലെ ഊട്ടറപാലത്തിന്റെ ബലക്ഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഊട്ടറപാലം പുതുക്കി പണിയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പാലത്തിന്റെ അപകടാവസ്ഥ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കൊല്ലങ്കോട്-പുതുനഗരം റോഡിലെ ഊട്ടറ പാലത്തിന്റെ ബലക്ഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പാലത്തിന്റെ പുനർ നിർമ്മാണത്തിനായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഡിസൈൻ പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിൽ തയ്യാറാക്കി വരുന്നു. ഡിസൈൻ ലഭിക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്.

(സി) പാലത്തിന്റെ അപകടാവസ്ഥ സംബന്ധിച്ച് പഠനമൊന്നും നടത്തിയിട്ടില്ല.

## ബൈപ്പാസുകൾ

290(1361) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. പി. സി. വിഷ്ണുനാഥ് :

ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബൈപ്പാസുകൾ നിർമ്മിക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ബൈപ്പാസുകൾ നിർമ്മിക്കാൻ മാത്രമായി കർമ്മ പദ്ധതി രൂപവൽക്കരിച്ചിട്ടില്ല. എന്നാൽ റോഡുകളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ രൂപീകരിച്ച പദ്ധതികളിൽ ബൈപ്പാസുകളും ഉൾപ്പെടും.

(ബി) ഗതാഗതക്കുരുക്കുകൾ ഒഴിവാക്കുന്നതിനും ഗതാഗതക്കുരുക്ക് കാരണമുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനും യാത്രാസമയം ലാഭിക്കുന്നതിനും സുഗമമായ യാത്രാ സൗകര്യം ഉറപ്പ് വരുത്തുകയുമാണ് ബൈപ്പാസുകളുടെ നിർമ്മാണം കൊണ്ടുള്ള ഉദ്ദേശ ലക്ഷ്യം.

(സി) (എ) ദേശീയപാത വിഭാഗത്തിന്റെ കീഴിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന ബൈപ്പാസുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

1. തിരുവനന്തപുരം ബൈപ്പാസ് - കേന്ദ്ര സർക്കാരിന്റെ പൂർണ്ണച്ചെലവിൽ ദേശീയപാത അതോറിറ്റി നിർമ്മിക്കുന്ന തിരുവനന്തപുരം ബൈപ്പാസ് നിർമ്മാണം പുരോഗമിക്കുകയാണ്. കഴക്കൂട്ടത്ത് നിന്ന് ആരംഭിച്ച് തമിഴ്നാട് അതിർത്തിയിൽ അവസാനിക്കുന്ന തിരുവനന്തപുരം ബൈപ്പാസ് സർവ്വീസ് റോഡോഡുകൂടി

നാലുവരിപ്പാതയായാണ് വികസിപ്പിക്കുന്നത്. ഈ ബൈപ്പാസിന്റെ കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള 26.5 കി.മീ. ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. മുക്കോല മുതൽ തമിഴ്നാട് അതിർത്തിവരെയുള്ള ഭാഗത്തെ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായി വരികയാണ്.

2. കൊല്ലം, ആലപ്പുഴ ബൈപ്പാസുകൾ - കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യപങ്കാളിത്തത്തോടെ നിർമ്മിക്കുന്ന കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ നിർമ്മാണം പുരോഗമിച്ചുവരികയാണ്.

3. കോഴിക്കോട് ബൈപ്പാസ് - ദേശീയപാത 17-ലെ കോഴിക്കോട് ബൈപ്പാസിന്റെ വെങ്ങളം മുതൽ പൂളാടിക്കുന്ന് വരെയുള്ള 5.1 കി.മീ. രണ്ട് വരിപ്പാതയായി 152.75 കോടി രൂപ ചെലവിൽ സംസ്ഥാന സർക്കാർ പൂർത്തീകരിച്ച് ഗതാഗതത്തിന് തുറന്ന് കൊടുത്തിട്ടുണ്ട്. ഈ ബൈപ്പാസ് 4 വരിപ്പാതയാക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നു.

4. തലശ്ശേരി-മാഹി ബൈപ്പാസ് - ദേശീയപാത 17-ലെ മുഴപ്പിലങ്ങാട് മുതൽ അഴിയൂർ വരെയുള്ള 18 കി.മീ. ദൈർഘ്യമുള്ളതാണ് ഈ ബൈപ്പാസ്. ഇത് നാല് വരിപ്പാതയായി വികസിപ്പിക്കുന്നതിന് ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നു.

5. തൃപ്പൂണിത്തുറ ബൈപ്പാസ് - തൃപ്പൂണിത്തുറ ബൈപ്പാസിന്റെ അലൈൻമെന്റ് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. സ്ഥലമെടുപ്പിനായി 984.46 കോടി രൂപയുടെയും നിർമ്മാണത്തിനായി 315.71 കോടി രൂപയുടെയും ഡി.പി.ആർ. കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

6. മൂവാറ്റുപുഴ ബൈപ്പാസ് - 4.39 കി.മീ. ദൈർഘ്യമുള്ള മൂവാറ്റുപുഴ ബൈപ്പാസ് 45 മീറ്റർ വീതിയിൽ നിർമ്മിക്കുന്നതിനുള്ള അലൈൻമെന്റും ഭൂമി ഏറ്റെടുക്കുന്നതിനായി 298.17 കോടി രൂപയുടെ എസ്റ്റിമേറ്റും കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നു.

7. കോതമംഗലം ബൈപ്പാസ് - 3.339 കി.മീ. ദൈർഘ്യമുള്ള കോതമംഗലം ബൈപ്പാസ് 45 മീറ്റർ വീതിയിൽ നിർമ്മിക്കുന്നതിനുള്ള അലൈൻമെന്റും 9.45 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള 103.67 കോടി രൂപയുടെ എസ്റ്റിമേറ്റും കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

8. താമരശ്ശേരി ബൈപ്പാസ് - ദേശീയപാത 212-ൽ 3.6 കി.മീ. ദൈർഘ്യമുള്ള ഈ ബൈപ്പാസിന്റെ നിർമ്മാണം സംസ്ഥാന ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിനുള്ള പ്രവൃത്തി പൂർത്തിയായി വരുന്നു.

9. സുൽത്താൻ ബത്തേരി ബൈപ്പാസ് - ദേശീയപാത 212-ൽ 5 കി.മീ. ദൈർഘ്യമുള്ള ഈ ബൈപ്പാസിന്റെ നിർമ്മാണം ഡിസ്ട്രിക്ട് ഫ്ളാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

10. മണ്ണാർക്കാട് ബൈപ്പാസ് - ദേശീയപാത 213-ൽ 8.5 കി.മീ. ദൈർഘ്യമുള്ള ഈ ബൈപ്പാസിന്റെ നിർമ്മാണം കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പൊതുമരാമത്ത് വകുപ്പിന്റെ നിരത്തുകളും പാലങ്ങളും വിഭാഗം ഏറ്റെടുത്ത് നടത്തുന്ന ബൈപ്പാസുകളുടെ നിർമ്മാണം സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധമായി വച്ചിരിക്കുന്നു.*

**പൊതുമരാമത്ത് വകുപ്പിലെ പദ്ധതികൾ**

291(1362) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുമരാമത്ത് വകുപ്പിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ഏതെല്ലാം;

(ബി) പ്രസ്തുത പദ്ധതികൾക്കായി ഓരോ ബഡ്ജറ്റിലും വകയിരുത്തിയ തുക എത്ര; ഇവയുടെ നടത്തിപ്പിനായി ഖജനാവിൽ നിന്ന് ഇതിനകം പിൻവലിക്കപ്പെട്ട തുകയെത്ര; മതിയായ തുക ഇല്ലാത്തതിനാൽ ഏതെങ്കിലും പദ്ധതി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പൂർത്തിയാക്കാനാകാത്ത സ്ഥിതി ഉണ്ടായിട്ടുണ്ടോ;

(സി) കഴിഞ്ഞ അഞ്ചു വർഷമായി പ്രഖ്യാപിക്കപ്പെട്ടതും എന്നാൽ നടപ്പിലാക്കാൻ കഴിയാത്തതുമായ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) ധനകാര്യ വകുപ്പിന്റെ വിമുഖതമൂലം ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കാതെയുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**കോഴിക്കോട് മെഡിക്കൽ കോളേജ് - കാരന്തൂർ റോഡ്**

292(1363) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് മെഡിക്കൽ കോളേജ് - കാരന്തൂർ റോഡ് സ്ഥലമെടുത്ത് വീതി കൂട്ടുന്നതിനുള്ള എന്തെല്ലാം നടപടികളാണ് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

കോഴിക്കോട് മെഡിക്കൽ കോളേജ് - കാരന്തൂർ റോഡ് സ്ഥലമെടുത്ത് വീതി കൂട്ടുന്നതിനുള്ള വിശദമായ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**കരാറുകാരന്റെ നഷ്ടോത്തരവാദിത്തം**

293(1364) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ തൃക്കടാരിപ്പൊയിൽ-ഇടുമ്പ-കണ്ണവം റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട കരാറുകാരനെതിരെ സുപ്രീം കോടതി വിധിപ്രകാരം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ അവസാനിപ്പിച്ച നിർമ്മാണ പ്രവർത്തി റീ-ടെൻഡർ ചെയ്യാൻ നടപടി സ്വീകരിക്കുകയുണ്ടായോ; നടപടി ഏതു ഘട്ടത്തിലാണ്;

(ബി) ബഹുമാനപ്പെട്ട സുപ്രീം കോടതി വിധി പ്രകാരം കരാറുകാരനും പൊതുമരാമത്ത് വകുപ്പുമായുള്ള കരാർ പ്രകാരം ചെയ്തു തീർത്ത പ്രവർത്തിയുടെ ഔദ്യോഗിക കണക്കെടുപ്പ് പൂർത്തികരിച്ച് കണക്ക് സമർപ്പിച്ചുവോ;

(സി) പ്രസ്തുത പ്രവർത്തിയ്ക്ക് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്നും അതുപ്രകാരം കരാറുകാരന്റെ നഷ്ടോത്തരവാദിത്തം എത്രയാണെന്നും കണ്ടെത്തുകയുണ്ടായോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തുക കരാറുകാരന്റെ പക്കൽ നിന്നും ഈടാക്കുവാനും കരാറുകാരനെ കരിമ്പട്ടികയിൽപെടുത്തുവാനുമുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

(ഇ) തൃക്കടാരിപ്പൊയിൻ-ഇടുമ്പ-കണ്ണവം റോഡ് നിർമ്മാണം എപ്പോൾ ആരംഭിക്കുമെന്നു വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ തൃക്കടാരിപ്പൊയിൻ-ഇടുമ്പ-കണ്ണവം റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട കരാറുകാരനെ സുപ്രീംകോടതി വിധിപ്രകാരം ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ അവസാനിപ്പിക്കുകയും അവശേഷിക്കുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 2 തവണ ടെണ്ടർ ചെയ്തുവെങ്കിലും ആരും തന്നെ ടെണ്ടർ സമർപ്പിക്കുകയുണ്ടായില്ല. തുടർന്ന് ക്വട്ടേഷൻ ക്ഷണിക്കുകയും ലഭ്യമായ ക്വട്ടേഷൻ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു.

(ബി-ഡി) കരാർ പ്രകാരം കരാറുകാരൻ ചെയ്ത പ്രവൃത്തികളുടെ ഔദ്യോഗിക കണക്കെടുപ്പ് പൂർത്തീകരിച്ച് പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചതിനുശേഷമാണ് അവശേഷിക്കുന്ന പ്രവർത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ക്വട്ടേഷൻ അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ കരാറുകാരന്റെ നഷ്ടോത്തരവാദിത്തം എത്രയാണെന്ന് കൃത്യമായി കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ തീരുമാനമായിട്ടില്ല.

(ഇ) ക്വട്ടേഷൻ അംഗീകരിച്ച് എഗ്രിമെന്റ് വയ്ക്കുന്ന മുറയ്ക്ക് പ്രവൃത്തി

ആരംഭിക്കുന്നതാണ്.

## മുണ്ടയ്ക്കൽ പാലം നിർമ്മാണം

294(1365) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ കൈനകരി പാലം നിർമ്മിക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരുന്നത്;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തറക്കല്ലിട്ടെങ്കിലും പാലത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) മുണ്ടയ്ക്കൽ പാലത്തിന് തറക്കല്ലിട്ടത് ആരാണ്; എന്നാണ് തറക്കല്ലിട്ടത്;

(ഡി) ഈ ഗവൺമെന്റിന്റെ കാലത്ത് മുണ്ടയ്ക്കൽ പാലത്തിന്റെ നിർമ്മാണത്തിനായി എന്തു തുക അനുവദിച്ചു; ആരാണ് നിർമ്മാണ ഉദ്ഘാടനം നടത്തിയത്, എന്നാണ് നിർമ്മാണ ഉദ്ഘാടനം നടത്തിയത്; വ്യക്തമാക്കാമോ;

(ഇ) പാലത്തിന്റെ പണി കരാർ പ്രകാരം എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2009-ൽ 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും, പ്രസ്തുത പാലം നിർമ്മാണത്തിനായി തറക്കല്ലിടുകയും ചെയ്തു.

(ബി) യഥാസമയം പ്രസ്തുത പാലത്തിന്റെ വിശദമായ രൂപരേഖ ലഭ്യമാകാതിരുന്നതിനാൽ ഭരണാനുമതി കാലഹരണപ്പെട്ടു. തുടർന്ന് പാലം നിർമ്മാണ പ്രവൃത്തി ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

(സി) സഹകരണ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. സുധാകരൻ അവർകളാണ് 3-3-2011-ൽ പ്രസ്തുത പാലത്തിന് തറക്കല്ലിട്ടത്.

(ഡി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പാലത്തിനായി സ്ഥലം ഏറ്റെടുക്കുന്നതുൾപ്പെടെ 22.5 കോടി രൂപയുടെ ഭരണാനുമതിയും 25.85 കോടി

രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി അവർകൾ 2015 ഒക്ടോബർ 2-ാം തീയതി നിർമ്മാണ ഉദ്ഘാടനം നടത്തി.

(ഇ) രണ്ട് വർഷത്തെ കാലാവധി പ്രകാരം 7-9-2017-ൽ പാലത്തിന്റെ പണി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകൾ**

295(1366) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമിരുന്ന റോഡുകളിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകൾ തിരികെ അതത് സ്ഥാപനങ്ങൾക്കു തന്നെ കൊടുക്കുന്നതിന് നിയമ വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) ഏറ്റെടുത്ത റോഡുകളിൽ അറ്റകുറ്റപണികളോ പരിഷ്കരണ പ്രവർത്തികളോ ഇതുവരെ നടത്തിയിട്ടില്ലെങ്കിൽ അറ്റകുറ്റപണികൾ നടത്തുമോ; ഇല്ലെങ്കിൽ അവ ബന്ധപ്പെട്ട പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് അടിയന്തരമായി വിട്ടുനൽകുമോ?

<u>ഉത്തരം</u>

(എ) സർക്കാരിന്റെ നയപരമായ തീരുമാനമനുസരിച്ചാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തത്. ഈ റോഡുകൾ മെച്ചപ്പെട്ട രീതിയിൽ പുനരുദ്ധരിക്കുന്നതിനും പരിപാലിക്കുന്നതിനുമായി പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും ആവശ്യം മാനിച്ചാണ് സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള കുറച്ചു റോഡുകൾ ഏറ്റെടുത്തത്. അതിനാൽ അവ തിരിച്ചു നൽകണമെന്ന ആവശ്യം ഉണ്ടാകുമെന്ന് കരുതുന്നില്ല.

(ബി) പൊതുമരാമത്ത് വകുപ്പിന് അനുവദിച്ചിട്ടുള്ള തുകയിൽ നിന്നും ഈ റോഡുകളുടെ അറ്റകുറ്റപ്പണി ചെയ്തുവരുന്നു. എന്നാൽ ഇവ പൂർണ്ണമായും പ്രധാന ജില്ലാ റോഡുകളുടെ നിലവാരത്തിൽ പുനരുദ്ധരിക്കുവാൻ ഫണ്ടിന്റെ അപര്യാപ്തതമൂലം സാധിച്ചിട്ടില്ല. ഈ റോഡുകളുടെ നിലവാരം ഉയർത്തുന്നതിനായി കെ.എസ്.ടി.പി.

മുഖേന റോഡുകളിൽ സാദ്ധ്യതാപഠനം നടത്തുകയുണ്ടായി. ഇതിനായി 23305.94 കോടി രൂപയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ മുൻഗണനാ പ്രകാരം ഘട്ടംഘട്ടമായി നടപ്പിലാക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

## ഒറ്റപ്പാലത്ത് കോർട്ട് കോംപ്ലക്സ് നിർമ്മാണം

296(1367) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്ത് കോർട്ട് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ടോ; എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം കോർട്ട് കോംപ്ലക്സ് നിർമ്മാണം സംബന്ധിച്ച കാലിക സ്ഥിതി വ്യക്തമാക്കാമോ; എന്തെല്ലാം പ്രവർത്തനങ്ങൾ ആണ് നാളിതുവരെ നടത്തിയത് എന്ന് വിശദീകരിക്കാമോ?

### ഉത്തരം

(എ) 31-3-2012 തീയതിയിലെ ജി.ഒ. (ആർറ്റി.) നമ്പർ 565/2012/ പി.ഡബ്ല്യു.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒറ്റപ്പാലത്ത് കോർട്ട് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 925 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തിക്കുള്ള സ്ഥലം റവന്യൂ അധികൃതരിൽ നിന്ന് ഇതുവരെ കോടതിക്ക് കൈമാറ്റം ചെയ്തു കിട്ടിയിട്ടില്ല. എങ്കിലും, പ്രവൃത്തിയുടെ ആർക്കിടെക്ചറൽ ഡ്രോയിംഗിൽ ഹൈക്കോടതി നിർദ്ദേശിച്ച മാറ്റങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ പുതുക്കിയ ഡ്രോയിംഗ് ഹൈക്കോടതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി നൽകിയ തുകയിൽ നിന്നും മണ്ണ് പരിശോധനയ്ക്കായി 1,29,932 രൂപ ചെലവായിട്ടുണ്ട്.

## മുള്ളൂർക്കര റെയിൽവേ മേൽപ്പാല നിർമ്മാണം

297(1368) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിലെ മുള്ളൂർക്കര റെയിൽവേ മേൽപ്പാല നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയുമോ;

(സി) മേൽപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ മേൽപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട ഭരണാനുമതി ലഭ്യമാക്കി തുടർനടപടികൾ പൂർത്തിയാക്കുമോ; ഇല്ലെങ്കിൽ കാരണങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ചേലക്കര നിയോജക മണ്ഡലത്തിലെ മുള്ളൂർക്കര (L.C. No. 6)-ൽ മേൽപ്പാലം നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിന് പൊതുമരാമത്ത് വകുപ്പിൽ നിന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(സി&ഡി) ആർ.ഒ.ബി. നിർമ്മിക്കുന്നതിനുള്ള 30.10 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## കല്ല്യാശ്ശേരി മണ്ഡലത്തിലെ റോഡുകൾ

298(1369) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിൽ വൺടൈം മെയിന്റനൻസിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ ടെണ്ടർ നടപടി പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

കല്ല്യാശ്ശേരി മണ്ഡലത്തിൽ വൺടൈം മെയിന്റനൻസിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

**ചേർപ്പുങ്കൽ പാലം നിർമ്മാണം**

299(1370) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ ചേർപ്പുങ്കൽ പാലം നിർമ്മാണത്തിനുള്ള ഭരണാനുമതി എന്നു ലഭിച്ചു ; ഇതിന്റെ നിർമ്മാണത്തിന് ഉണ്ടായ കാലതാമസം എത്രയെന്നു വ്യക്തമാക്കുമോ;

(ബി) ഇതിനായി സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എത്ര പേരുടെ സ്ഥലം ഏറ്റെടുക്കാനുണ്ട് ; സ്ഥലം ഏറ്റെടുത്തവർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ;

(സി) എത്ര പേർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട് ; എത്ര പേർക്ക് നൽകാനുണ്ട്; വിശദവിവരം നല്കുമോ;

(ഡി) പ്രസ്തുത നിർമ്മാണം എന്നേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 31-3-2012-ൽ ഭരണാനുമതി ലഭിച്ചു. നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല.

(ബി&സി) ഇല്ല. രണ്ട് പേരുടെ സ്ഥലം ഏറ്റെടുക്കാനുണ്ട്. 24-7-2015-ൽ 9,99,249 രൂപ നഷ്ടപരിഹാരം കൊടുക്കുന്നതിന് സ്പെഷ്യൽ തഹസീൽദാർക്ക്

നൽകിയെങ്കിലും കേസുള്ളതിനാൽ തുക ആർക്കും നൽകിയിട്ടില്ല.

(ഡി) ഹൈക്കോടതിയിൽ നിലവിലുള്ള കേസിൽ തീരുമാനമായതിനു ശേഷമേ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

**മേൽപ്പാലങ്ങളുടെ പണി**

300(1371) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പിൻ കീഴിൽ എത്ര മേൽപ്പാലങ്ങൾ പണിയുമെന്നാണ് പ്രഖ്യാപിച്ചിരുന്നത് ; അവ ഏതെല്ലാം;

(ബി) ഇതിനകം പണി ആരംഭിച്ചിട്ടുള്ളവ എത്ര ; പ്രഖ്യാപിക്കപ്പെട്ടവയിൽ ഇനിയും പ്രവൃത്തി ആരംഭിച്ചില്ലാത്തവയുണ്ടോ ;

(സി) ഫണ്ട് ലഭിക്കാത്തതുകാരണം പ്രവൃത്തി ആരംഭിക്കാനാവാത്ത സ്ഥിതി ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) പ്രഖ്യാപിച്ചിട്ടില്ല. എന്നിരുന്നാലും 2013-2014-ലെ ബജറ്റ് പ്രസംഗത്തിൽ 40 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനായി 50 കോടി രൂപ വകയിരുത്തിയതായി പ്രഖ്യാപിച്ചിരുന്നു. ഈ 40 മേൽപ്പാലങ്ങളുടെ പേരുകൾ പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നില്ല. ഇതിനകം താഴെപ്പറയുന്ന 7 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം ആർ.ബി.ഡി.സി.കെ. ഏറ്റെടുത്തിട്ടുണ്ട്.

| റെയിൽവേ മേൽപ്പാലം | നിയോജകമണ്ഡലം |
|---|---|
| 1. കുമാരനല്ലൂർ | കോട്ടയം |
| 2. മൂലേടം | കോട്ടയം |
| 3. ആളൂർമാള | ഇരിങ്ങാലക്കുട |
| 4. ഡിവൈൻനഗർ | ചാലക്കുടി |

5. കുഞ്ഞിപ്പള്ളി — വടകര
6. അങ്ങാടിപ്പുറം — മങ്കട
7. എരൂർ — തൃപ്പൂണിത്തുറ

കൂടാതെ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് പദ്ധതിയിൽപ്പെടുത്തി 3 മേൽപ്പാലങ്ങളുടെ പണികളും നടന്നുവരുന്നു.

(സി) ഇല്ല.

**നാലുചിറപാലത്തിന്റെ നിർമ്മാണം**

301(1372) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ പുറക്കാട് ഗ്രാമപഞ്ചായത്തിലെ നാലുചിറപാലം നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനങ്ങളും അപേക്ഷകളും ലഭിച്ചിട്ടുണ്ടോ; ആരെല്ലാമാണ് നിവേദനങ്ങൾ നൽകിയിട്ടുള്ളത്; ഇതിന്മേൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ആയിരത്തിലേറെ കർഷകതൊഴിലാളി കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിന് ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ലഭിച്ചിട്ടുണ്ട്. നിവേദനങ്ങളും അപേക്ഷകളും തന്നത് താഴെ പറയുന്നവരാണ്.

1. ശ്രീ. കെ.സി. വേണുഗോപാൽ എം.പി.

2. ശ്രീ. ജി. സുധാകരൻ അമ്പലപ്പുഴ എം.എൽ.എ.

3. ശ്രീ. എം. ടി. മധു, പ്രസിഡന്റ് മണ്ഡലം കോൺഗ്രസ് കമ്മിറ്റി, പുറക്കാട് അമ്പലപ്പുഴ ബ്ലോക്ക്.

4. ശ്രീമതി സിന്ധു ബേബി, പുറക്കാട് ഗ്രാമപഞ്ചായത്ത് മെമ്പർ വാർഡ് - 7.

5. ശ്രീ. മഹേഷ് കുമാർ, മഹേഷ് ഭവനം, നാലുചിറ, തോട്ടപ്പള്ളി.

പാലം നിർമ്മിക്കുന്നതിനായി പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

**ബീമാപള്ളിയിലേക്കുള്ള പാലം**

302(1373) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മുട്ടത്തറയ്ക്ക് സമീപം ബൈപ്പാസ് റോഡിൽ നിന്ന് ബീമാപള്ളിയിലേക്ക് ഒരു പാലം നിർമ്മിക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് തറക്കല്ലിടൽ നടന്നിരുന്നോ; എങ്കിൽ എപ്പോൾ;

(ബി) തറക്കല്ലിടലിന് ശേഷം എന്തൊക്കെ തുടർനടപടികൾ നാളിതുവരെയായി സ്വീകരിച്ചിട്ടുണ്ട് ;

(സി) ഈ പ്രദേശത്തെ ജനങ്ങളുടെ ദീർഘകാല അഭിലാഷമായ പ്രസ്തുത പാലം നിർമ്മിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) മുട്ടത്തറയ്ക്ക് സമീപം ബൈപ്പാസ് റോഡിൽനിന്ന് ബീമാപള്ളിയിലേക്ക് പാർവ്വതീ പുത്തനാറിന് കുറുകെ ഒരു പാലം നിർമ്മിക്കുന്നതിനും ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനും ഭരണാനുമതി നൽകിയിരുന്നെങ്കിലും നാട്ടുകാരുടെ എതിർപ്പുകാരണം ഭൂമി ഏറ്റെടുക്കുവാൻ സാധിച്ചിരുന്നില്ല. ആയതിനാൽ പാലത്തിന്റെ തറക്കല്ലിടൽ നടന്നിട്ടില്ല. പാലം നിർമ്മാണത്തിന് ആവശ്യമായ ഭൂമി ലഭ്യമായാൽ മാത്രമേ തുടർനടപടി സ്വീകരിക്കുന്നതിനായി സാധിക്കുകയുള്ളൂ.

(നക്ഷത്ര ചിഹ്നമിടാത്ത 1041, 1046, 1049, 1050, 1053, 1056, 1066, 1078, 1082, 1083, 1084, 1089, 1096, 1101, 1121, 1124, 1126, 1127, 1129, 1130, 1132, 1134, 1136, 1156, 1158, 1173, 1223, 1271, 1282, 1330, 1331 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

## II അടിയന്തരപ്രമേയം

### ടൈറ്റാനിയം കമ്പനിയിലെ അഴിമതിക്കേസ് അട്ടിമറിക്കൽ

മി. സ്പീക്കർ : ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിലെ 256 കോടി രൂപയുടെ നവീകരണ പദ്ധതിക്കരാറിലെ അഴിമതിക്കേസിൽ ആരോപിതരായ 11 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യാൻ വിജിലൻസ് തയ്യാറാകാതിരിക്കുന്നതു മൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എളമരം കരീം, വി. എസ്. സുനിൽ കുമാർ, മാത്യൂ. റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, അത്യന്തം കൗതുകകരവും ദീർഘമായ ചരിത്രമുള്ളതുമായ ഈ കേസിന്റെ സംക്ഷിപ്ത വിവരം ഞാൻ വ്യക്തമാക്കാം. തിരുവനന്തപുരം ടൈറ്റാനിയത്തിൽ ആസിഡ് റിക്കവറി പ്ലാന്റ്, ന്യൂട്രലൈസേഷൻ പ്ലാന്റ് എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് 6-6-2006-ൽ ശ്രീ. സെബാസ്റ്റ്യൻ ജോർജ്, കണ്ണൂർ എന്നയാൾ അന്നത്തെ മുഖ്യമന്ത്രിക്ക് സമർപ്പിച്ച പരാതിയിന്മേൽ വിജിലൻസ് അന്വേഷണം നടത്തുന്നതിനായി സർക്കാർ 16-10-2006-ൽ നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് സുനിൽകുമാർ, പാറ്റൂർ എന്നയാൾ തിരുവനന്തപുരം വിജിലൻസ് കോടതിയിൽ നൽകിയ പരാതിയിൽ ക്രിമിനൽ മിസലേനിയസ് പെറ്റീഷൻ നമ്പർ 845/2006 ആയി 8-11-2006-ൽ ബഹുമാനപ്പെട്ട കോടതി ഒരു പ്രാഥമിക അന്വേഷണം നടത്താൻ ഉത്തരവിട്ടു. ഈ രണ്ട് പരാതികളിലും ഏതെങ്കിലും മന്ത്രിമാരോ അക്കാലത്ത് കെ.പി.സി.സി. പ്രസിഡന്റുപോലും അല്ലാത്ത ഞാനോ പ്രതിസ്ഥാനത്തുണ്ടായിരുന്നില്ല. എന്നാൽ അഞ്ച് വർഷത്തിനു ശേഷം ക്രിമിനൽ മിസലേനിയസ് പെറ്റീഷൻ നമ്പർ 802/2011 ആയി ജയൻ എന്നയാൾ മന്ത്രിമാരെയും കെ.പി.സി.സി. പ്രസിഡന്റായിരുന്ന എന്നെയും ഉൾപ്പെടുത്തി നൽകിയ പരാതി 6-9-2011-ൽ കോടതി പ്രത്യേകിച്ച് ഉത്തരവൊന്നും നൽകാതെ പരാതിക്കാരന് നിലവിലുള്ള അന്വേഷണത്തിൽ ഏതെങ്കിലും തെളിവുകൾ തന്റെ കൈവശമുണ്ടെങ്കിൽ അത് നൽകാവുന്നതാണ് എന്നുപറഞ്ഞ് ഡിസ്പോസ് ചെയ്യുകയുണ്ടായി. ഇപ്രകാരം അന്വേഷണം നടത്തി വിജിലൻസ് കോടതിയിൽ നൽകിയ റിപ്പോർട്ടിൽ 28-8-2014-ൽ എല്ലാ പരാതിയിന്മേലും കേസ് രജിസ്റ്റർ ചെയ്യാൻ തിരുവനന്തപുരം വിജിലൻസ് കോടതി ഉത്തരവായി. ഇതിനെതിരെ രണ്ട് റിട്ട് പെറ്റീഷനുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തു. എല്ലാ പരാതികളും വിജിലൻസ് കോടതിയുടെ ഉത്തരവും പരിഗണിച്ച ബഹുമാനപ്പെട്ട

ഹൈക്കോടതി ആദ്യപരാതിയിൽ കേസ് രജിസ്റ്റർ ചെയ്യണമെന്ന് വിജിലൻസിന് നിർദ്ദേശം കൊടുത്തു. ഇക്കാര്യത്തിൽ വിജിലൻസ് ഡയറക്ടറുടെ ഉത്തരവനുസരിച്ച് VC1/2015/SIU-1 എന്ന നമ്പരിൽ തിരുവനന്തപുരം വിജിലൻസ് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് 1, 20-1-2015-ൽ കേസ് രജിസ്റ്റർ ചെയ്തു. ഈ കേസിന്റെ അന്വേഷണം നടന്നുവരവേ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP(C) No. 20029/2015 എന്ന ഹർജിയിൽ ഉണ്ടായ 6-7-2015-ലെ ഉത്തരവിനെത്തുടർന്ന് തൽക്കാലം അന്വേഷണം നിർത്തിവച്ചു. പ്രസ്തുത ഉത്തരവ് 19-1-2016-ൽ ബഹുമാനപ്പെട്ട കോടതി അസ്ഥിരപ്പെടുത്തുകയുണ്ടായി. അതേത്തുടർന്ന് അന്വേഷണം നടത്താൻ അനുമതി നൽകുകയും ഈ ഉത്തരവിൽ സ്റ്റേയ്ക്കുവേണ്ടി ഹൈക്കോടതിയെ സമീപിച്ച സന്തോഷ് കുമാർ എന്ന വ്യക്തിക്കെതിരെ ഹൈക്കോടതി സ്റ്റേ നിലനിർത്തുകയും ചെയ്തു. വസ്തുത ഇതായിരിക്കെ ഏതെങ്കിലും പുതിയ എഫ്.ഐ.ആർ. ഇടണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിട്ടു എന്ന നിലയിലുള്ള പ്രചരണം പൂർണ്ണമായും തെറ്റാണ്. ഈ സമയം വരെ ഈ കേസിൽ മുഖ്യമന്ത്രിയോ മന്ത്രിമാരോ അക്കാലത്ത് കെ.പി.സി.സി. പ്രസിഡന്റ് പോലുമല്ലാതിരുന്ന എന്റെ പേരോ പ്രതിസ്ഥാനത്തില്ലെന്ന് അസന്നിഗ്ദ്ധമായി വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

<u>ശ്രീ. എളമരം കരീം</u> : സർ, വളരെ ഗൗരവതരമായ ഒരു പ്രശ്നമാണ് ഈ അടിയന്തരപ്രമേയത്തിലൂടെ ഞാൻ ഉന്നയിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ നിയമവാഴ്ച പൂർണ്ണമായും തകർന്നിരിക്കുകയാണ്. വിജിലൻസ് വകുപ്പ് നിയമ പ്രകാരം പ്രവർത്തിക്കേണ്ട ഒരു ഏജൻസിയാണ്. സി.ബി.ഐ.-യെ കൂട്ടിലടയ്ക്കപ്പെട്ട തത്തയെന്ന് സുപ്രീംകോടതി പറഞ്ഞത് നമ്മളെല്ലാവരും കേട്ടതാണ്. ഇവിടെ കൂട്ടിൽ ഞെരിച്ചുകൊല്ലപ്പെട്ട നിലയിൽ കിടക്കുന്ന തത്തയാണ് കേരളത്തിലെ വിജിലൻസ് എന്ന് പറയേണ്ടിവരുന്നതിൽ ഖേദമുണ്ട്. നിഷ്പക്ഷമായും നിയമ പ്രകാരവും അന്വേഷണം നടത്താൻ വിജിലൻസ് ബാദ്ധ്യസ്ഥമാണെന്നിരിക്കെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചോദ്യം ചെയ്യപ്പെടേണ്ട കേസുകൾ വരുമ്പോൾ വിജിലൻസ് വഴിവിട്ടുപോകുന്നുവെന്നതാണ് ഇതുവരെയുള്ള അനുഭവം. ഈ കേസിന്റെയും അനുഭവം ഇതാണ്. ഇവിടെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി മറുപടിയിൽ പറഞ്ഞ കാര്യങ്ങൾ വസ്തുതാപരമല്ലെന്നാണ് ആദ്യമായി എനിക്ക് സൂചിപ്പിക്കാനുള്ളത്.

28-8-2014-ൽ തിരുവനന്തപുരം വിജിലൻസ് കോടതിയുടെ വിധി വളരെ പ്രസക്തമാണ്. ആ വിധിയിൽ പറഞ്ഞിരിക്കുന്നത് ".........in the result, the Director, Vigilance and Anti-corruption Bureau, Thiruvananthapuram is hereby directed to register FIR on the basis of the allegations leveled in Crl.M.P. No. 845/2006 and on 802/2011 and on the basis of complaint submitted by Sebastian George..." എന്നാണ്. മൂന്ന് പരാതികളാണ് അന്ന് വിജിലൻസിന് മുമ്പിലുണ്ടായിരുന്നത്. ഈ മൂന്ന് പരാതികളിന്മേലും എഫ്.ഐ.ആർ. ഇട്ട് കേസ്സെടുത്ത് ഇൻവെസ്റ്റിഗേഷൻ നടത്തണമെന്നാണ് വിജിലൻസ് കോടതിയുടെ വിധി. "......and conduct investigation and file final report expeditiously........." എത്രയും വേഗം റിപ്പോർട്ട് കൊടുക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. " The investigation officer shall file stage report of the investigation once in four months." 2014 ആഗസ്റ്റ് മാസം 28-ാം തീയതിയിലെ ഈ വിധിന്യായത്തെ അടിസ്ഥാനപ്പെടുത്തി, നാല് മാസത്തിലൊരിക്കൽ വിജിലൻസ് കോടതിക്ക് ഇൻവെസ്റ്റിഗേഷന്റെ പുരോഗതിയെ സംബന്ധിച്ച് റിപ്പോർട്ട് നൽകണമെന്നിരിക്കെ, വിജിലൻസ് ഏതെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ? അതുസംബന്ധിച്ച് ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി പറയണം. റിപ്പോർട്ട് സമർപ്പിക്കാതിരിക്കുന്നത് എന്ത് അടിസ്ഥാനത്തിലാണ്; അന്വേഷണ പുരോഗതി കോടതിയെ അറിയിക്കേണ്ടതില്ലെന്ന് ഏതെങ്കിലും മേൽക്കോടതി വിലക്കിയിട്ടുണ്ടോ? വിജിലൻസ് കോടതിയുടെ വിധിയെ മാനിക്കേണ്ടതില്ല എന്ന നിലയിൽ പെരുമാറാൻ എങ്ങനെയാണ് വിജിലൻസിന് ധൈര്യം വന്നതെന്ന് വ്യക്തമാക്കപ്പെടേണ്ടതുണ്ട്.

ടൈറ്റാനിയം കമ്പനിയിലെ മാലിന്യ നിർമ്മാർജ്ജന പദ്ധതിയുമായി ബന്ധപ്പെട്ട അഴിമതികളിലേക്ക് അധികമായൊന്നും ഞാൻ പോകുന്നില്ല. അതുസംബന്ധിച്ച് മുമ്പ് വളരെ വിശദമായി ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. 2005 ഫെബ്രുവരി മാസത്തിൽ, ഇലക്ഷന് രണ്ട് മാസം മുമ്പ് ധൃതിപിടിച്ച് ഇങ്ങനെയൊരു കരാർ ഉണ്ടാക്കേണ്ട ആവശ്യമെന്തായിരുന്നു? തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കാനും കമ്പനി അടച്ചുപൂട്ടാതിരിക്കാനുമാണെന്നൊരു വാദം ഇവിടെ നേരത്തെ വന്ന ഒരു ചർച്ചയിൽ ഉന്നയിക്കപ്പെടുകയുണ്ടായി. സുപ്രീംകോർട്ട് മോണിറ്ററിംഗ് കമ്മിറ്റിയുടെ അന്ത്യശാസനമുണ്ടായിരുന്നു. Pollution abatement

Project സ്ഥാപിക്കേണ്ടതുണ്ടായിരുന്നു എന്ന വസ്തുതയൊക്കെ ഞാൻ അംഗീകരിക്കുന്നു. തൊഴിലാളി സംഘടനകളോ, സുപ്രീംകോർട്ട് മോണിറ്ററിംഗ് കമ്മിറ്റിയോ കറക്കുകമ്പനിയായ മെക്കോണിനെ കൺസൾട്ടന്റായി വയ്ക്കാൻ നിർദ്ദേശിച്ചിട്ടുണ്ടായിരുന്നോ? ടി.ടി.പി.-യുടെ കാര്യത്തിൽ മാത്രമല്ല കെ.എം.എം.എൽ.-ന്റെ കാര്യത്തിലും വിവാദ പ്രോജക്ടിന് നേതൃത്വം കൊടുത്ത ഗ്രിന്റെക്സിനെ ഇടനിലക്കാരായി വയ്ക്കാൻ അവരാരെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നോ? അന്ന് കരാർ കൊടുത്ത കമ്പനികളുടെ ക്രെഡിബിലിറ്റിയെക്കുറിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയാണോ ഈ കരാറുകൾ നൽകിയിരുന്നത്? കരാറുകളിലേർപ്പെട്ട കെമാറ്റർ ഇക്കോ പ്ലാനിംഗ് (Che mature ecoplanning) എന്നുപറയുന്ന ഒരു കമ്പനി, വിയാടെക് എന്നുപറയുന്ന മറ്റൊരു കമ്പനി, ഇവർക്കെല്ലാം വ്യത്യസ്ത പദ്ധതികൾക്കാണ് കരാർ കൊടുത്തത്. ഈ കരാറിന്റെ അടിസ്ഥാനത്തിൽ 28-3-2006-ൽ, ഇലക്ഷന് ഒരു മാസം മുമ്പ് 72 കോടി രൂപയുടെ ലെറ്റർ ഓഫ് ക്രെഡിറ്റ് നൽകുകയും അതിൽ അറുപത്തിരണ്ട് കോടി രൂപ ഇലക്ഷന് തൊട്ടുമുമ്പുതന്നെ ഇവർ പിൻവലിച്ചു പോയതും ഗവൺമെന്റ് അറിയാതെയായിരുന്നോ? ടെണ്ടർ സ്റ്റേജിൽ ക്വട്ടേഷൻ പോലും സമർപ്പിക്കാതിരുന്ന ഒരു കമ്പനിയെ പിന്നീട് ഈ കരാറിൽ തിരുകിക്കയറ്റിയത് ഇതിലെ ഇടനിലക്കാരായിരുന്നു; എ.വി.ഐ. യൂറോപ്പ് എന്നുപറയുന്ന ഒരു കമ്പനി.

ഈ കമ്പനി ആദ്യത്തെ ടെണ്ടറിൽ ഉണ്ടായിരുന്നില്ല. ആദ്യത്തെ ടെണ്ടർ അവസ്ഥയിൽ പ്രൊപ്പോസൽ സമർപ്പിച്ചത് കെമാറ്റർ ഇക്കോ പ്ലാനിംഗ്, പ്ലിംഗേ (Pleng Ltd) എന്നീ രണ്ട് കമ്പനികളായിരുന്നു. ടെണ്ടറിൽ പങ്കെടുക്കുകയോ ക്വട്ടേഷൻ നൽകുകയോ ചെയ്യാത്ത എ.വി.ഐ. യൂറോപ്പ് എന്ന കമ്പനി എങ്ങനെയാണ് പണം വാങ്ങാൻ എത്തിച്ചേർന്നത്? 62 കോടി രൂപ എൽ.സി.-യിൽ നിന്ന് അവർ പിൻവലിച്ചപ്പോൾ ഏറ്റവും കൂടുതൽ തുക കൈപ്പറ്റിയത് ടെണ്ടറിൽ പങ്കെടുക്കാത്ത എ.വി.ഐ. യൂറോപ്പ് എന്ന കമ്പനിയാണ്. ടെണ്ടറിൽ പങ്കെടുത്ത കമ്പനിക്ക് 30 കോടി രൂപ മാത്രമേ ലഭിച്ചുള്ളൂ. എ.വി.ഐ. യൂറോപ്പ് എന്ന കമ്പനിയെക്കുറിച്ച് അന്വേഷിച്ചപ്പോൾ ലണ്ടനിലെ ഒരു കെട്ടിടത്തിന്റെ ഡോർ നമ്പർ മാത്രമാണ് അഡ്രസ്സായി ലഭിച്ചത്. ഇപ്പോൾ വെബ്സൈറ്റിൽ ഈ അഡ്രസ്സ് പോലുമില്ല. ഇത് വെറും കടലാസ്

കമ്പനിയായിരുന്ന എന്നുമാത്രമല്ല, കമ്പനിയുടെ പണം തട്ടിയെടുക്കുന്നതിനുവേണ്ടി ഇടനിലക്കാർ ഒപ്പിച്ചെടുത്ത ഒരു വലിയ തട്ടിപ്പായിരുന്നു. ഈ സംഭവവുമായി ബന്ധപ്പെട്ടാണ് ശ്രീ. സെബാസ്റ്റ്യൻ ജോർജിന്റെയും മറ്റ് പല വ്യക്തികളുടെയും പരാതികൾ വന്നത്. 2007-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്താണ് ഒരു എക്സ്പെർട്ട് കമ്മിറ്റിയെ വച്ച് ഇത് പരിശോധിക്കാൻ തീരുമാനിച്ചതും പ്രോജക്ട് വേണ്ടെന്ന് വച്ചതും വിജിലൻസ് അന്വേഷണത്തിന് തീരുമാനമെടുത്തതും. സി.ബി.ഐ. അന്വേഷണം വേണമെന്ന് എൽ.ഡി.എഫ്. ഗവൺമെന്റ് ആവശ്യപ്പെട്ടെങ്കിലും അന്നത്തെ കേന്ദ്രഗവൺമെന്റ് അംഗീകരിച്ചില്ല. വിജിലൻസ് അന്വേഷണത്തിന് എൽ.ഡി.എഫ്. സർക്കാർ തീരുമാനിച്ചപ്പോൾ കോടതി നേരത്തെ ഒരു വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടെന്നും ആ അന്വേഷണം മതിയെന്നുമുള്ള റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചു. അങ്ങനെയാണ് വിജിലൻസ് അന്വേഷണം നടന്നുവന്നിരുന്നത്. വിജിലൻസ് അന്വേഷണം ശരിയായ നിലയിൽ നടക്കുന്നില്ലെന്നും വസ്തുതകൾ വെളിച്ചത്തു കൊണ്ടുവരാൻ പര്യാപ്തമായ അന്വേഷണം നടക്കുന്നില്ലെന്നുമുള്ള പ്രശ്നം ഉയർന്നു വന്നപ്പോഴാണ് അന്നത്തെ ട്രേഡ് യൂണിയൻ നേതാവായിരുന്ന ശ്രീ. ജയൻ 2011-ൽ വിജിലൻസ് കോടതിയെ സമീപിക്കുന്നത്. പ്രസ്തുത പരാതി പരിശോധിച്ച ബഹുമാനപ്പെട്ട വിജിലൻസ് കോടതി ഈ കേസിൽ എന്തെങ്കിലും തെളിവുകൾ ജയന് നൽകാനുണ്ടെങ്കിൽ അതിപ്പോൾ നടന്നുവരുന്ന വിജിലൻസ് കേസുമായി ബന്ധപ്പെട്ടുകൊണ്ട് നൽകാവുന്നതാണെന്നും അതിന്റെയടിസ്ഥാനത്തിൽ അന്വേഷണം തൃപ്തികരമാകുന്നില്ലെങ്കിൽ വീണ്ടും കോടതിയെ സമീപിക്കാവുന്നതാണെന്നും ഉത്തരവിട്ടു. എന്നാൽ അന്വേഷണം തൃപ്തികരമായി നടക്കുന്നില്ലായെന്ന് ആരോപിച്ചുകൊണ്ട് 18-1-2012-ൽ ജയൻ വീണ്ടും കോടതിയെ സമീപിക്കുകയുണ്ടായി. പരാതി നൽകിയ തന്നെയും തെളിവ് നൽകാൻ താൽപ്പര്യമുള്ളവരെയും വിളിച്ച് അവരിൽ നിന്ന് വിവരങ്ങൾ ആരായുകയോ തെളിവുകൾ ശേഖരിക്കുകയോ ചെയ്തിട്ടില്ലെന്നും സുപ്രധാനമായ തെളിവുകളും വസ്തുതകളും പരിശോധിക്കാൻ വിജിലൻസ് സന്നദ്ധമായിരുന്നി ല്ലെന്നുമായിരുന്നു ശ്രീ. ജയന്റെ പരാതി. പ്രസ്തുത പരാതികളെല്ലാം നിലനിൽക്കുന്ന പശ്ചാത്തലത്തിലാണ് 3-3-2013-ൽ വിജിലൻസ് ഡിവൈ.എസ്.പി. വിജിലൻസ് കോടതിയിൽ അവരുടെ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചത്.

ടി.ടി.പി.-യിൽ നടപ്പിലാക്കാൻ തീരുമാനിച്ച പ്രോജക്ട് ആവശ്യമായിരുന്നുവെന്നും ഇതിൽ യാതൊരുവിധ അഴിമതിയുമില്ലെന്നുമായിരുന്ന അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തൽ. പ്രസ്തുത റിപ്പോർട്ടിനെ പരാതിക്കാരനായ ജയൻ കോടതിയിൽ ചോദ്യം ചെയ്തു. എതിർവാദങ്ങളെല്ലാം വിശദമായി കേട്ടതിനുശേഷം അന്വേഷണ റിപ്പോർട്ട് വിശദമായി പരിശോധിച്ച തിരുവനന്തപുരം വിജിലൻസ് കോടതി 2014 ആഗസ്റ്റ് 28-ന് ജയൻ ഉന്നയിച്ച ആരോപണങ്ങളിന്മേലും അതിന് മുമ്പുള്ള പരാതികളിന്മേലും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തേണ്ട താണെന്ന് ഉത്തരവിട്ടു. പ്രസ്തുത ഉത്തരവാണ് ഞാൻ നേരത്തെ ഇവിടെ വായിച്ചത്. ഗവൺമെന്റിനുവേണ്ടി ഹാജരായ നിയമ വിദഗ്ദ്ധരും ലീഗൽ അഡ്വൈസറുമെല്ലാം ഈ കേസിൽ ഇടപെട്ടുകൊണ്ട് വിജിലൻസ് കോടതി മുമ്പാകെ പലതരത്തിലുള്ള വാദഗതികൾ ഉന്നയിച്ചിരുന്നു. ആരോപണ വിധേയരായ ആളുകൾ, മന്ത്രിമാർ, ഉദ്യോഗസ്ഥർ എന്നിവരെല്ലാം പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന ഉദ്യോഗസ്ഥരായതിനാൽ ഇവരുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്യണമെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ഈ സ്റ്റേജിൽ കേസിലേക്ക് പോകുന്നത് നിയമവിരുദ്ധമാണെന്നായിരുന്നു അന്നത്തെ വാദം. ഈ വാദഗതികളെല്ലാം വിജിലൻസ് കോടതി വിശദമായി പരിശോധിച്ചതാണ്. വിധിയിൽ അതെല്ലാം വിശദമായി പറയുന്നുണ്ട്. ആ വാദഗതിയെ ഖണ്ഡിച്ചു കൊണ്ട് എ. ആർ. ആന്തുലെ കേസിലും പ്രകാശ് സിംഗ് ബാദൽ കേസിലും ഈ വാദഗതികൾ ബഹുമാനപ്പെട്ട സുപ്രീംകോടതി തള്ളിക്കളഞ്ഞതാണെന്നും അതുകൊണ്ട് മുൻകൂർ അനുമതിയുടെ പ്രശ്നം ഉദിക്കുന്നില്ലായെന്നും കോടതി വ്യക്തമാക്കുകയുണ്ടായി. അതിനുശേഷം ആ ഖണ്ഡികയിൽ കോടതി ഇപ്രകാരം നിരീക്ഷിച്ചു. ".....Hence I find that, the argument advanced by the learned legal advisor on the basis of section 19 of PC Act, 1988 is not applicable considering the fact of this case....." മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവരെ പ്രതി ചേർത്ത് കേസെടുത്ത് അന്വേഷണം നടത്തുന്നതിന് യാതൊരു നിയമ തടസ്സവുമില്ലെന്ന് വളരെ വ്യക്തമായി ഈ വിധിയിൽ പറഞ്ഞിരിക്കുകയാണ്. അതിന്റെയടിസ്ഥാനത്തിലാണ് 28-8-2014-ൽ ബഹുമാനപ്പെട്ട കോടതിയുടെ വിധി ഉണ്ടായത്. എന്നാൽ അതിനുശേഷം ആരോപണ വിധേയരായ രണ്ടു പേരുടെ ഹർജി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മുമ്പാകെ വന്നു. അതിൽ ഒരു

ഹർജിയെ അടിസ്ഥാനപ്പെടുത്തി ഹൈക്കോടതി വിജിലൻസ് കോടതിയുടെ നടപടികൾ തൽക്കാലത്തേക്ക് സ്റ്റേ ചെയ്തിരുന്നു. എന്നാൽ ആ സ്റ്റേ ചോദ്യം ചെയ്തുകൊണ്ട് കോടതിയിൽ വീണ്ടും വാദങ്ങൾ വന്നപ്പോൾ ആ റിട്ട് പെറ്റീഷൻ കോടതി തള്ളിക്കളഞ്ഞു. രണ്ടാമത്തെ ഹർജിയും അതുപോലെതന്നെ കോടതി ഡിസ്പോസ് ചെയ്തു. ഇപ്രകാരം ഡിസ്പോസ് ചെയ്തപ്പോൾ സ്റ്റേ നീക്കുന്നു എന്നാണ് കോടതി പറഞ്ഞത്. ഇന്ന പെറ്റീഷനുമേൽ മാത്രമേ കേസ് എടുക്കേണ്ടതുള്ളൂ, മറ്റ് പെറ്റീഷനുമേൽ കേസ് എടുക്കേണ്ടതില്ലായെന്ന് ഹൈക്കോടതി ഒരിടത്തും സൂചിപ്പിച്ചിട്ടില്ല. 845/2006 ശ്രീ. ജി. സുനിലിന്റെ പെറ്റീഷൻ, 802/2011 ശ്രീ. ജയന്റെ പെറ്റീഷൻ, 1348/2013 ശ്രീ. സെബാസ്റ്റ്യൻ ജോർജിന്റെ പെറ്റീഷൻ. ഈ മൂന്ന് പെറ്റീഷനുകളാണ് വിജിലൻസ് കോടതി കൈകാര്യം ചെയ്തത്. ഈ മൂന്ന് പെറ്റീഷനുമേലും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തണമെന്നാണ് വിജിലൻസ് കോടതിയുടെ വിധി. ഇത് ചോദ്യം ചെയ്ത് റിട്ട് അപ്പീൽ കൊടുത്ത് ആദ്യം സ്റ്റേ ലഭിച്ച കേസിൽ സ്റ്റേ നീക്കം ചെയ്യുമ്പോൾ ഏതെങ്കിലും ഒരു കേസിന്റെ പേരിൽ മാത്രം എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്താൽ മതിയെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഒരിടത്തും സൂചിപ്പിച്ചിട്ടില്ല. സ്റ്റേ നീക്കം ചെയ്യുന്നതോടുകൂടി വിജിലൻസ് കോടതിയുടെ വിധി പ്രാബല്യത്തിൽ വരികയാണ് ചെയ്തത്. സ്റ്റേ ഉണ്ടെന്നുള്ള വിവരം പോലും പരാതിക്കാർ അറിഞ്ഞിരുന്നില്ല. കേസ് രജിസ്റ്റർ ചെയ്യണമെന്ന വിജിലൻസ് കോടതിയുടെ വിധി നടപ്പാകുന്നില്ലെന്ന പ്രശ്നം ജയന്റെ വക്കീൽ വിജിലൻസ് കോടതിയിൽ പരാതിപ്പെടുമ്പോഴാണ് ഹൈക്കോടതിയുടെ ഒരു സ്റ്റേ ഉണ്ടെന്നുള്ള വിശദീകരണം വിജിലൻസിന്റെ ഭാഗത്തുനിന്ന് ലഭിച്ചത്. അപ്പോഴാണ് അവർ ഇതിനെക്കുറിച്ച് അറിയുന്നതും കോടതിയിൽപ്പോയി സ്റ്റേ നീക്കി കിട്ടാനുള്ള ഹർജി നൽകിയതും സ്റ്റേ നീക്കിയതും. ഇതിൽ സന്തോഷ് കുമാറിന്റെ പെറ്റീഷനുണ്ടായിരുന്നുവെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞത് ശരിയാണ്. സുനിലിന്റെ പരാതിയിൽ മൂന്നാമതായി പ്രതി ചേർക്കപ്പെട്ട ആളായിരുന്ന സന്തോഷ് കുമാർ. അദ്ദേഹമാണ് കോടതിയിൽ പോയി സ്റ്റേ വാങ്ങിയത്. 19-1-2016-ന് ബഹുമാനപ്പെട്ട ഹൈക്കോടതി അതിന്മേലും വിധി പറഞ്ഞു. അതിൽ പറഞ്ഞിരിക്കുന്നത് "......it is seen that on 6-7-2015 this court has passed an interim stay as prayed for in the matter. It is clarified that the order of this

stay passed by this court is confined to the proceedings against the petitioner alone. And not with regard to further proceedings against any other parties......" സന്തോഷിന് മാത്രമേ പ്രസ്തുത സ്റ്റേ ബാധകമുള്ളൂവെന്നും, മറ്റുള്ള ഒരു കക്ഷിക്കും സ്റ്റേ ബാധകമല്ലെന്നും അവരുടെ പേരിൽ നടപടി തുടരാവുന്നതാണെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി ജഡ്ജി കമാൽ പാഷ വിധിച്ചു. ജനുവരി 19 കഴിഞ്ഞ് ഇത്രയും ദിവസങ്ങളായിട്ടും എന്തുകൊണ്ട് പുതിയ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് കോടതിയിൽ സമർപ്പിക്കാൻ വിജിലൻസിന് സാധിച്ചില്ല? ഇതുതന്നെയല്ലേ തൃശ്ശൂർ വിജിലൻസ് കോടതിയുടെ വിധിയെ അടിസ്ഥാനപ്പെടുത്തിയ സംഭവത്തിലും വന്നത്? തൃശ്ശൂർ വിജിലൻസ് കോടതി മന്ത്രി കെ. ബാബുവിനെതിരെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് കേസ് എടുക്കണമെന്ന് പറഞ്ഞപ്പോൾ ഉടൻ തന്നെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യേണ്ട വിജിലൻസ് എന്താണ് ചെയ്തത്? ആ വിധിയെ മാനിച്ചില്ലായെന്ന് മാത്രമല്ല ഒരു നടപടിയും സ്വീകരിക്കാതെ ഹൈക്കോടതിയിൽ നിന്ന് ഒരു സ്റ്റേ കിട്ടുന്നതുവരെ കാത്തുനിൽക്കുകയല്ലേ ചെയ്തത്? ഇതൊരു സ്റ്റേ ഗവൺമെന്റാണെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പറഞ്ഞത് അതുകൊണ്ടല്ലേ?

നമ്മുടെ നാട്ടിൽ ഇലക്ട്രിക് പോസ്റ്റുകൾ നിൽക്കുന്നത് സ്റ്റേ വയറിന്റെ ബലത്തിലാണ്. ആ സ്റ്റേ വയറിന്റെ ബലത്തിൽ ഒരു ഗവൺമെന്റ് നിൽക്കുന്നുവെന്ന് പറയാൻ ഇടയായത് ആ സ്റ്റേയുടെ പശ്ചാത്തലത്തിലല്ലേ; അതേ സ്റ്റേ വയറിന്റെ ബലത്തിലല്ലേ ഇത് നിന്നത്? ഇപ്പോൾ സ്റ്റേ വയർ പൊട്ടിപ്പോയി, സ്റ്റേ വയർ നീങ്ങി. പിന്നെ എന്തുകൊണ്ട് വിജിലൻസ് ഈ കേസിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിക്കാൻ തയ്യാറാകുന്നില്ലെന്നതാണ് ഇപ്പോൾ നമ്മുടെ മുമ്പിലുള്ള പ്രശ്നം. വിജിലൻസ് ഇൻഡിപ്പെൻഡന്റായി പ്രസ്തുത കേസിൽ അന്വേഷണം നടത്തി റിപ്പോർട്ട് കോടതിയിൽ കൊടുക്കേണ്ടതല്ലേ? വീണ്ടും പ്രസ്തുത കേസ് പരിഗണിച്ചപ്പോൾ, ഈ ഫെബ്രുവരി മാസം 19-ാം തീയതി വിജിലൻസ് റിപ്പോർട്ട് കോടതിക്ക് ലഭിക്കണമെന്ന് മാൻഡേറ്ററിയായിട്ട് പറഞ്ഞിരിക്കുന്നു. എന്ത് റിപ്പോർട്ടാണ് കൊടുക്കാൻ പോകുന്നത്? അതുമാത്രമല്ല, ഈ മൂന്ന് പെറ്റീഷനിലും എഫ്.ഐ. ആർ. രജിസ്റ്റർ ചെയ്യണമെന്ന വിജിലൻസ് കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഒരു പെറ്റീഷനുമേൽ മാത്രം വിജിലൻസ് കേസെടുത്തിട്ടുണ്ടെന്ന് ഇക്കഴിഞ്ഞ 8-ാം തീയതി ശ്രീ. വി. ശിവൻകുട്ടിയുടെ

ചോദ്യത്തിന് മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുണ്ട്. 6 പേരുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടക്കുന്നു. ഇത് പക്ഷപാതപരമാണ്. എന്തുകൊണ്ട് മറ്റ് പെറ്റീഷനുകൾ പരിഗണിച്ചില്ല? താങ്കൾ പറഞ്ഞതുപോലെ അന്നത്തെ പാർട്ടി നേതാവായിരുന്ന ആളുടെ പേരിലുള്ള കേസല്ല പ്രശ്നം. അന്ന് ഈ പരാതിക്കിടയായ പ്രധാനപ്പെട്ട ആൾ ഇതിന് നേതൃത്വം കൊടുത്തുവെന്ന് പറയുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. എന്തിനായിരുന്നു ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്ററെ മന്ത്രിസഭയിൽ നിന്ന് പുകച്ച് പുറത്തുചാടിച്ചത്? അന്നത്തെ പൊല്യൂഷൻ കൺട്രോൾ ബോർഡ് ഈ പദ്ധതിക്ക് അംഗീകാരം നൽകാതിരുന്നപ്പോൾ രാമചന്ദ്രൻ മാസ്റ്ററുടെ മേൽ എല്ലാവിധ സമ്മർദ്ദവും ചെലുത്തിയിട്ടും അദ്ദേഹം അംഗീകരിക്കാതിരുന്നതു കൊണ്ടല്ലേ ഒരു കാരണം കിട്ടിയപ്പോൾ അദ്ദേഹത്തെ പുകച്ച് പുറത്തുചാടിച്ചത്; ഇക്കാര്യങ്ങളെല്ലാം ഇവിടെ ചർച്ച ചെയ്യപ്പെട്ടതല്ലേ?
ശ്രീ. കെ. എം. മാണി സാറിന്റെ പേരിൽ കേസെടുക്കാൻ നിങ്ങൾക്ക് അധിക സമയം വേണ്ടി വന്നില്ലല്ലോ ; ഹൈക്കോടതിയിൽ പോയി ഒരു സ്റ്റേ വാങ്ങാൻ നിങ്ങൾ എന്തുകൊണ്ട് ശ്രീ. കെ. എം. മാണിയെ ഉപദേശിച്ചില്ല? അദ്ദേഹം ഉടനെ രാജി വയ്ക്കേണ്ടതാണ്, അതാണ് ധാർമ്മികതയെന്ന പ്രസ്താവനയിറക്കാൻ ഒരു നിമിഷം താമസിച്ചില്ല. ഇപ്പോൾ എവിടെ പോയി ആ ധാർമ്മികത? ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞിന്റെ പേരിലാണ് ഈ കേസ് വന്നതെങ്കിൽ നിങ്ങൾ സമയമെടുക്കുമായിരുന്നോ; മറ്റ് ആരുടെയെങ്കിലും പേരിലാണെങ്കിൽ സമയമെടുക്കുമായിരുന്നോ; മുഖ്യമന്ത്രി ആയതുകൊണ്ടുമാത്രമല്ലേ ഇത്രയും സമയമെടുത്തത്? ഇതെന്ത് നീതിയാണ്; ഇവിടെ എല്ലാ പൗരന്മാർക്കും ഒരേ നീതി കിട്ടാൻ അർഹതയില്ലേ? ശ്രീ. കെ. എം. മാണിക്ക് ഒരു നീതി മറ്റുള്ളവർക്ക് മറ്റൊരു നീതി എന്ന് പറയുന്നത് എങ്ങനെ ശരിയാകും? ഇത് ഇരട്ട നീതിയാണ്. ഇങ്ങനെ ഓരോ പ്രശ്നത്തിലും, അടിയന്തരപ്രമേയത്തിനുള്ള നോട്ടീസ് പോലും കോടതിയുടെ പരിഗണന വച്ച് നിഷേധിക്കുമ്പോൾ, അങ്ങനെയുള്ള ഒരു പരിഗണനയും മാണി സാറിന്റെ കാര്യത്തിൽ കൊടുത്തില്ലല്ലോ? ധാർമ്മികതയേക്കാൾ വലുത് മനഃസാക്ഷിയാണെന്ന പുതിയ വാദങ്ങളൊക്കെ നമ്മുടെ മുമ്പിൽ വരികയാണ്. കഴിഞ്ഞ ദിവസം പി. ടി. ചാക്കോയുടെ ആത്മാവ്

ക്ലിഫ് ഹൗസിന്റെ മുമ്പിലൂടെ കറങ്ങി നടക്കുന്നതായി കേട്ടു. എന്തിനായിരുന്നു പി. ടി. ചാക്കോ രാജി വച്ച് കേരള കോൺഗ്രസ് രൂപീകരണത്തിന് പശ്ചാത്തലമൊരുക്കിയത് ? അദ്ദേഹത്തിന്റെ കാറിൽ ഒരു സ്ത്രീയെ കണ്ടുവെന്ന് ആരോ പറഞ്ഞതിന്റെ പേരിൽ. ധാർമ്മികത ഉയർന്നുനിന്നു, രാജി കൊടുത്തു, കേരള രാഷ്ട്രീയത്തിൽ കോളിളക്കമുണ്ടായി. ഇപ്പോഴോ? ശ്രീ. രമൺ ശ്രീവാസ്തവയെക്കുറിച്ച് കോടതിയിൽ ആരോ എന്തോ പരാതി കൊടുത്തതിന്റെ പേരിൽ കെ. കരുണാകരനെ ഭരണത്തിൽ നിന്നും ഇറക്കിവിട്ട സാഹചര്യമെന്തായിരുന്നു; ഇപ്പോൾ എവിടെപ്പോയി ആ ധാർമ്മികത? ഇന്നലെ ശ്രീ. കെ. മുരളീധരന്റെ പ്രസംഗത്തിൽ പ്രതിപക്ഷ നേതാവിനെക്കുറിച്ച് പറഞ്ഞപ്പോൾ ആ സ്ഥാനത്തിരിക്കുന്നവരുടെ അന്തസ്സിനെക്കുറിച്ചൊക്കെ പറയുന്നത് കേട്ടു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സംസാരിക്കുമ്പോൾ സഭയിലെ പഴയ നേതാക്കന്മാരെക്കുറിച്ചും പഴയ അനുഭവങ്ങളെക്കുറിച്ചുമൊക്കെ പറഞ്ഞു. ശരിയാണ്.

മി. സ്പീക്കർ : പ്ലീസ് കൺക്ലൂഡ്.....

ശ്രീ. എളമരം കരീം : സർ, കുടുംബാംഗങ്ങളെക്കുറിച്ച് പറയുന്നതിൽ യുക്തിയില്ലെന്ന് പറയുന്നത് ശരിയാണ്. പ്രതിപക്ഷ നേതാവിന്റെ കുടുംബത്തെക്കുറിച്ചും സി.പി.ഐ.(എം) നേതാക്കന്മാരുടെ കുടുംബത്തെയും മക്കളെക്കുറിച്ചുമൊക്കെ ഈ സഭയിൽ വാരിവലിച്ചിട്ട് അധിക്ഷേപിക്കുമ്പോൾ എവിടെപ്പോയി നിങ്ങളുടെ മനഃസാക്ഷി? നിങ്ങൾക്ക് എന്തുമാകാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, നിങ്ങളോട് വ്യക്തിപരമായിട്ടല്ല ഞങ്ങളുടെ ആക്ഷേപം. ഉമ്മൻ ചാണ്ടിയെന്ന വ്യക്തിയോട് ഞങ്ങൾക്ക് ഒരു വൈരാഗ്യവുമില്ല. നിങ്ങൾ ലേബർ മിനിസ്റ്ററായിരുന്നപ്പോൾ, ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഇതുപോലെ ഏതെങ്കിലും ആരോപണവുമായി ഞങ്ങൾ വന്നിരുന്നോ? ഞാൻ തൊഴിലാളി പ്രവർത്തകനായിരുന്ന കാലത്ത് അദ്ദേഹം ലേബർ മിനിസ്റ്ററായിരുന്നപ്പോൾ ഞാൻ അദ്ദേഹത്തെ സമീപിച്ചിരുന്നു. എനിക്ക് നിങ്ങളോട് വലിയ ബഹുമാനമായിരുന്നു. വ്യക്തിപരമല്ല ഇവിടത്തെ പ്രശ്നം. നിങ്ങൾ ഇരിക്കുന്ന സ്ഥാനത്തിന്റെ മഹത്വം സംരക്ഷിക്കണമെന്ന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങൾ ഇതിവിടെ ഉന്നയിക്കുന്നത്. ഏതെങ്കിലും ഒരു മുഖ്യമന്ത്രിയെക്കുറിച്ച് നിരന്തരമായി ഇതുപോലെയുള്ള ആക്ഷേപങ്ങൾ ഈ സഭയിലോ കേരളത്തിലോ ഉണ്ടായിട്ടുണ്ടോ? ഏത് പ്രശ്നമെടുത്താലും അതിന്റെ പ്രഭവകേന്ദ്രമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നത്, എത്തി

നിൽക്കുന്നത് അങ്ങയുടെ കസേരയിലല്ലേ; അതല്ലേ പ്രശ്നം? മൗനം ദീക്ഷിച്ചു കൊണ്ട് ഈ പ്രശ്നത്തിൽ സ്വന്തം പ്രതിഷേധം പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്ന സുഹൃത്തുക്കളോടാണ് ഞാൻ പറയുന്നത്, മൗനം വെടിയേണ്ട സമയമായിരിക്കുന്നു. അധിക കാലം കഴിഞ്ഞാൽ നിങ്ങൾ വിചാരിച്ചാലും ഈ പ്രസ്ഥാനത്തെയും ഈ ജനാധിപത്യ വ്യവസ്ഥയെയും സംരക്ഷിക്കാൻ കഴിയാത്ത അവസ്ഥയിലേക്ക് ഈ നാട് നീങ്ങിപ്പോകുമെന്നെങ്കിലും നിങ്ങൾ മനസ്സിലാക്കണം....

മി. സ്പീക്കർ : പ്ലീസ് കൺക്ലൂഡ്......

ശ്രീ. എളമരം കരീം : സർ, സഭ നിർത്തിവച്ച് ഗൗരവതരമായ ഈ പ്രശ്നം ചർച്ച ചെയ്തില്ലെങ്കിൽ വിജിലൻസ് വകുപ്പിനെ ചില്ലിന്റെ കൂട്ടിലിട്ട് മ്യൂസിയത്തിൽ വയ്ക്കേണ്ട സമയം വരും. ഇനിയും അപമാനത്തിലേക്ക് പോകാതെ, ഈ കേസിൽ എഫ്.ഐ.ആർ. ഇട്ട് കേസന്വേഷണം നടത്താനും അതിനെ സംബന്ധിച്ച് ഇവിടെ ചർച്ച ചെയ്യാനും സന്നദ്ധമാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം നിർത്തുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, വിജിലൻസ് കൂട്ടിലിട്ട തത്തയല്ലെന്ന് മറ്റ് ആരെക്കാളും കൂടുതൽ അറിയാവുന്ന ഒരാൾ ശ്രീ. എളമരം കരീമാണെന്നുതന്നെയാണ് എന്റെ വിശ്വാസം. വിജിലൻസ് നിഷ്പക്ഷവും നീതിപൂർവ്വവുമായ നിലയിൽ മാത്രമേ പ്രവർത്തിക്കുകയുള്ളൂ. അദ്ദേഹം ഇവിടെ എന്തൊക്കെ പറഞ്ഞാലും വിജിലൻസ് രാഷ്ട്രീയ പ്രേരിതമായി പ്രവർത്തിക്കില്ലെന്ന കാര്യം അദ്ദേഹത്തിന്റെ മനഃസാക്ഷി അംഗീകരിക്കുമെന്ന് കരുതുകയാണ്. പ്രസ്തുത കേസ് കോടതിയുടെ പരിഗണനയിലിരിക്കുന്നതിനാൽ അതിന്റെ മെരിറ്റിലേക്കൊന്നും ഞാൻ പോകുന്നില്ല. ഇവിടെ മൂന്ന് പെറ്റീഷനുകളാണ് ഉണ്ടായിരുന്നത്. ഒന്നാമത്തെ പെറ്റീഷൻ സെബാസ്റ്റ്യൻ ജോർജിന്റേതാണ്. അതിൽ മുഖ്യമന്ത്രിയെക്കുറിച്ചോ മറ്റ് മന്ത്രിമാരെക്കുറിച്ചോ ഒരു പരാതിയുമില്ല. രണ്ടാമത്തെ പെറ്റീഷൻ സുനിൽ കുമാറിന്റേതാണ്. അതിലും മന്ത്രിമാരെക്കുറിച്ചോ മറ്റ് ആരെക്കുറിച്ചോ പരാതിയില്ല. 2011-ൽ ജയൻ എന്ന ആൾ മൂന്നാമതൊരു പെറ്റീഷൻ കൊടുത്തു. അതിലാണ് മുഖ്യമന്ത്രിയുടെയും അന്നത്തെ വ്യവസായ വകുപ്പുമന്ത്രിയുടെ ചാർജ് വഹിച്ചിരുന്ന ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെയും എന്റെയും പേരുള്ളത്. ഞാൻ ആ സമയത്ത് കെ.പി.സി.സി. പ്രസിഡന്റായിരുന്നില്ല.

പെറ്റീഷൻ കൊടുത്ത ആളിന് തെറ്റിപ്പോയതാണ്. അന്ന് ഞാൻ എം.എൽ.എ.-യോ എം.പി.-യോ അല്ല, കെ.പി.സി.സി. പ്രസിഡന്റുമല്ല. അന്ന് ഞാൻ ഡൽഹിയിൽ എ.ഐ.സി.സി. വർക്കിംഗ് മെമ്പറായിരുന്ന കാലമാണ്, ഇവിടെ ഉണ്ടായിരുന്നില്ല. ആദ്യത്തെ രണ്ട് പെറ്റീഷനുകളിലും പേരുണ്ടായിരുന്നില്ല. മൂന്നാമത്തൊരു പെറ്റീഷനിലാണ് പേരുള്ളത്. 2006-ന ശേഷം 5 വർഷം കഴിഞ്ഞ് 2011-ൽ കോടതി ഈ പെറ്റീഷൻ പരിശോധിച്ചിട്ട് പറഞ്ഞത്, " It is submitted that while the enquiry was in progress on the complaint of the said Sri. Sebastian George and Sri. Sunil, Sri. Jayan, S/o Swarnappan filed another complaint as Crl. M.P. No. 802/2011 before the same Court which was disposed off by the Court on 6-9-2011 without forwarding under Section 156(3) for such enquiry. As such there was no direction in Crl.M.P. No.802/2011 to conduct enquiry into the allegations leveled in the complaint filed by aforesaid Jayan...." എന്നാണ്. വിജിലൻസ് കോടതി തന്നെ 2011-ൽ ജയന്റെ കേസ് ഡിസ്പോസ് ചെയ്തു. അന്ന് ഏതെങ്കിലും തരത്തിലുള്ള കേസെടുക്കണമെന്ന് വിജിലൻസ് കോടതി പറഞ്ഞില്ല. അതിനുശേഷം വിജിലൻസ് കോടതി ജില്ലാ ജഡ്ജി പ്രസ്തുത മൂന്ന് പെറ്റീഷനുകളിലും എഫ്.ഐ.ആർ. ഇട്ട് അന്വേഷിക്കാൻ പറഞ്ഞു. അപ്പോൾ ഞാൻ കെ.പി.സി.സി. പ്രസിഡന്റ് അല്ലാത്ത കാലം, ഞാനിവിടില്ലാത്ത കാലം, എം.എൽ.എ.യും എം.പി.യും അല്ലാത്ത ഒരു കാലത്ത്, വെറുതെ എന്നെക്കൂടി കേസിൽപ്പെടുത്തിയതുകൊണ്ട് ഞാൻ കോടതിയിൽ പോയി. കോടതി പറയുന്നത്, " It is seen from the impugned order that the order was practically made by the Court below on C.M.P. No. 845/2006 wherein the petitioner herein is not seen arraigned as accused. It is seen that the Crl.M.P. No. 802/2011 was disposed off by the Court below on 06-09-2011. So the impugned order cannot be on Crl.M.P. No. 802/2011. In such a situation, while registering crime and while making investigation, the investigating officer or the concerned police officer of the Vigilance, will have to think, who all can be arraigned as accused who all need not be." ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞത് എന്താണ്? കീഴ്ക്കോടതി റഫർ ചെയ്തു, ഡിസ്പോസ് ചെയ്തു

ഒരു കേസിനകത്ത് വീണ്ടും ഒരു കേസ് രജിസ്റ്റർ ചെയ്യണമെങ്കിൽ, അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണത്തിലൂടെ കണ്ടെത്തുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ മാത്രമേ ആകാവൂ എന്നാണ്. ഹൈക്കോടതിയുടെ ഈ വിധി വിജിലൻസിന് ബാധകമല്ലേ? 2015-ൽത്തന്നെ ആദ്യത്തെ പെറ്റീഷനിൽ എഫ്.ഐ.ആർ. എടുത്തു. ഹൈക്കോടതി സ്റ്റേ വന്നത് 6-7-2015-ൽ ആണ്. സ്റ്റേ ഇല്ലാത്ത കാലഘട്ടത്തിൽ സ്റ്റാറ്റസ് റിപ്പോർട്ട് വിജിലൻസ് കോടതിയിൽ നൽകി. റിപ്പോർട്ട് നൽകിയില്ലെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയല്ല, നൽകിയിട്ടുണ്ട്. കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതുകൊണ്ട് ഞാൻ കൂടുതൽ കാര്യങ്ങളിലേക്ക് പോകുന്നില്ല. ടൈറ്റാനിയം കേസിൽ ഒരു എഫ്.ഐ.ആർ. 20-1-2011-ൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒരു കേസിൽ ഒന്നിലധികം എഫ്.ഐ.ആർ. പാടില്ല. പ്രസിദ്ധമായ കൂത്തുപറമ്പ് വെടിവയ്പ്പ് കേസിലെ സുപ്രീംകോടതി വിധിയിൽ ഒരു എഫ്.ഐ.ആർ. ഉണ്ടെങ്കിൽ വേറൊരു എഫ്.ഐ.ആർ. കൂടി രജിസ്റ്റർ ചെയ്യുന്നത് നിയമ വിരുദ്ധമാണെന്ന് പറഞ്ഞിട്ടുണ്ട്. അങ്ങനെയുള്ളപ്പോൾ വിജിലൻസിന് എങ്ങനെ ഒന്നിലധികം എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാൻ സാധിക്കും? ഇതിനിടയിലാണ് ഹൈക്കോടതിയുടെ സ്റ്റേ വരുന്നത്. ആദ്യത്തെ പരാതിക്കാരനു മാത്രമേ ഹൈക്കോടതി സ്റ്റേ ഉള്ളൂ. മറ്റുള്ളവരുടെ കേസിൽ അന്വേഷണം നടത്താം. അന്വേഷണം നടക്കുകയാണ്. അന്വേഷണത്തിനിടയിൽ മുഖ്യമന്ത്രിയോ അന്ന് കോൺഗ്രസ്സ് വർക്കിംഗ് മെമ്പറായിരുന്ന ഞാനോ ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞോ ഇതിൽ ഇടപെട്ടിട്ടുണ്ടെന്ന് കണ്ടെത്തിയാൽ ആ കേസ് രജിസ്റ്റർ ചെയ്യുന്നതിൽ എന്താണ് തെറ്റ്? അത് അന്വേഷണത്തിലൂടെ മാത്രമേ കണ്ടെത്താൻ കഴിയൂ. അല്ലാതെ എങ്ങനെയാണ് അന്വേഷണം നടത്തുന്നത്? അതുകൊണ്ട് ഈ കേസ് തികച്ചും നീതിപൂർവ്വവും നിഷ്പക്ഷവുമായിട്ടാണ് മുന്നോട്ടുപോയിട്ടുള്ളത്. ആദ്യത്തെ പെറ്റീഷനിലും രണ്ടാമത്തെ പെറ്റീഷനിലും മുഖ്യമന്ത്രിയോ മന്ത്രിമാരോ ഞാനോ ഉൾപ്പെട്ടിരുന്നില്ല. മൂന്നാമത് കൊടുത്ത പെറ്റീഷനകത്ത് നേരത്തെ ഡിസ്പോസ് ചെയ്തിരിക്കുന്ന കേസിൽ എഫ്.ഐ.ആർ. എടുക്കണമെന്ന് പറയുന്നത് ഞാൻ ആദ്യമായി കേൾക്കുകയാണ്. ഒരു എഫ്.ഐ.ആർ. നിലവിലുള്ളപ്പോൾ വേറൊരു എഫ്.ഐ.ആർ. എങ്ങനെ എടുക്കും?

10.00 AM]

ഇപ്പോൾ മുഖ്യമന്ത്രിയുടെ പേരിലോ മന്ത്രിമാരുടെ പേരിലോ ഒരു കേസും നിലവിലില്ല. പുതിയ ഉത്തരവനുസരിച്ച് വിജിലൻസിന്റെ റിപ്പോർട്ട് അതിന്റെ സമയപരിധിക്കുള്ളിൽ, അതായത് മാർച്ച് മാസത്തിലാണ് കൊടുക്കേണ്ടത്. വിജിലൻസ് ആ റിപ്പോർട്ട് തിരുവനന്തപുരം വിജിലൻസ് കോടതിയിൽ സമർപ്പിക്കുന്നതാണ്. അതുകൊണ്ട് ഈ കേസിന്റെ മെരിറ്റ് എനിക്കറിയില്ല. മെരിറ്റിലേക്ക് പോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ആ സമയത്ത് ഞാൻ സ്ഥലത്തില്ലാത്ത ഒരാളാണ്. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു ഗുരുതരമായ സാഹചര്യവും ഇപ്പോൾ ഇവിടെയില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ശ്രീ. എളമരം കരീം തന്നെ ഈ ചർച്ച ഇവിടെ കൊണ്ടുവന്നതിൽ എനിക്ക് വളരെയേറെ നന്ദിയുണ്ട്. 25-10-2011-ൽ സഭ ഇക്കാര്യം ചർച്ച ചെയ്തതാണ്. അന്ന് ഡോ. ടി. എം. തോമസ് ഐസക്കാണ് അടിയന്തരപ്രമേയം അവതരിപ്പിച്ചത്. ഈ വിഷയം അവതരിപ്പിച്ച ഉടനെ ഞാൻ പറഞ്ഞത് ചർച്ച അനുവദിക്കാമെന്നാണ്. കാരണം ഇതുസംബന്ധിച്ച് പല വാർത്തകളും വരുന്നതുകൊണ്ട് സത്യമെന്താണെന്ന് ജനങ്ങൾ അറിയണം. അങ്ങനെ ചർച്ച അനുവദിച്ചു. അന്നത്തെ സ്പീക്കറായിരുന്ന ജി. കാർത്തികേയനോട് ഞാൻ പറഞ്ഞത് ഇത് ലോകം മുഴുവനും കാണണമെന്നാണ്. ലോകം മുഴുവനും കാണത്തക്കവിധത്തിൽ ആദ്യമായി ഒരു അടിയന്തര പ്രമേയത്തിന്റെ ചർച്ച ലൈവ് ടെലികാസ്റ്റ് ചെയ്തത് അന്നായിരുന്നു. അഞ്ച് കൊല്ലം നിങ്ങൾ അധികാരത്തിൽ ഉണ്ടായിരുന്നിട്ടും 6-6-2006-ൽ കിട്ടിയ പരാതി അന്വേഷിച്ച് കുറ്റക്കാരെ വെളിച്ചത്തുകൊണ്ടുവരാൻ സാധിക്കാതെ പോയത് എന്തുകൊണ്ടാണ്? ശ്രീ. എളമരം കരീം, അങ്ങേക്ക് മനഃസാക്ഷിയുണ്ടെങ്കിൽ 200 കോടി രൂപയുടെ അഴിമതിയുടെ പദ്ധതിക്ക് തറക്കല്ലിട്ടത് അങ്ങാണെന്ന കാര്യം മറക്കരുത്. അത് ഈ സഭ അറിയണം. 6-6-2006-ലാണ് ഈ പരാതി മുഖ്യമന്ത്രിക്ക് കിട്ടുകയും വിജിലൻസ് അന്വേഷണത്തിന് ഉത്തരവിടുകയും ചെയ്തത്. അന്നത്തെ വ്യവസായ വകുപ്പുമന്ത്രിയായിരുന്ന അങ്ങ് ഇതിനെക്കുറിച്ച് അറിഞ്ഞില്ലേ?

ശ്രീ. എളമരം കരീം : സർ, 2006 മേയ് മാസത്തിലാണ് എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുന്നത്. ഈ പ്രോജക്ടിൽ അഴിമതിയുണ്ടെന്ന് ഞങ്ങൾ മനസ്സിലാക്കുന്നത് 2007-ലാണ്. 2005-ൽ ഗവൺമെന്റ് ഓർഡർ നൽകിയ ഒരു പ്രോജക്ട്, കമ്പനി നടപ്പാക്കുന്നതിൽ അഴിമതിയുണ്ടോ എന്ന്

ഗവൺമെന്റ് പരിശോധിക്കുന്നത് പരാതി കിട്ടുമ്പോഴാണ്. ഇതിൽ കൃത്രിമമുണ്ടെന്ന് മനസ്സിലാക്കിയതിനുശേഷം ഞങ്ങൾ ആദ്യം കിറ്റ്കോയെ പരിശോധനയ്ക്ക് വച്ചു. പിന്നീട് മദ്രാസ് ഐ.ഐ.റ്റി.-യിലെ കെമിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തലവൻ പ്രൊഫ. പുഷ്പവനത്തിന്റെ നേതൃത്വത്തിൽ ഒരു എക്സ്പെർട്ട് കമ്മിറ്റിയെ വച്ചു. ആ പരിശോധനയ്ക്കുശേഷമാണ് ഇതിന്റെ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് ഗവൺമെന്റിന് കിട്ടിയത്. അതിനുശേഷം ആ കരാർ റദ്ദ് ചെയ്ത് വിജിലൻസ് അന്വേഷണത്തിന് ശിപാർശ ചെയ്തത് 2009-ലാണ്. ഇതൊക്കെ മറച്ചുവച്ചുകൊണ്ടാണ് നിങ്ങളിതെല്ലാം പറയുന്നത്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, ശരി....(ബഹളം)......2007-ൽ അഴിമതിയെക്കുറിച്ച് നിങ്ങൾക്ക് മനസ്സിലാകുകയും തുടർന്ന് അന്വേഷണം നടത്തി 2009-ൽ നിങ്ങൾക്ക് കാര്യങ്ങൾ ബോദ്ധ്യപ്പെടുകയും ചെയ്തു. മി. കരീം നിങ്ങളിതിന് തറക്കല്ലിട്ടത് 9-4-2010-ലാണ്. ... (ബഹളം)...

<u>ശ്രീ. എളമരം കരീം</u> : സർ, ഈ പ്രോജക്ടിൽ മൂന്ന് പദ്ധതികളാണുള്ളത്. ആസിഡ് റിക്കവറി പ്ലാന്റ്, കപ്പാസിറ്റി എൻഹാൻസ്മെന്റ്, ന്യൂട്രലൈസേഷൻ പ്ലാന്റ്. ഞാൻ തറക്കല്ലിട്ട ന്യൂട്രിലൈസേഷൻ പ്ലാന്റ് ഇപ്പോഴും പ്രവർത്തിക്കുന്നതു കൊണ്ടാണ് കമ്പനി പൂട്ടാതെ ഇന്നും നിലനിൽക്കുന്നത്. എന്നാൽ അതിന്റെ മറ്റു പദ്ധതികളെല്ലാം നടപ്പാക്കാൻ പറ്റാത്തതും അനാവശ്യവുമാണെന്ന് കണ്ടെത്തിയ എക്സ്പെർട്ട് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ന്യൂട്രലൈസേഷൻ പ്ലാന്റ് പ്രവർത്തിക്കുന്നതും കമ്പനി നടന്നുപോകുന്നതും.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, 'ട്രാവൻകൂർ ടൈറ്റാനിയത്തിലെ മലിനീകരണ നിയന്ത്രണ പ്ലാന്റിന് വ്യവസായ വകുപ്പുമന്ത്രി ശ്രീ. എളമരം കരീം ശിലയിടൽ നിർവ്വഹിക്കുന്നു'- 9-4-2010-ലെ ദേശാഭിമാനി പത്രത്തിൽ വന്ന റിപ്പോർട്ടാണ്. ഇതിന്റെ പേമെന്റ് എന്നാണ് നിങ്ങൾ കൊടുത്തത്? 2011 മാർച്ച് 1-ാം തീയതി കൂടിയ ക്യാബിനറ്റിലാണ്.......ഇലക്ഷൻ നോട്ടിഫിക്കേഷൻ ............ (ബഹളം)...

<u>ശ്രീ. എളമരം കരീം</u> : സർ, നിങ്ങൾ 2005 ഫെബ്രുവരി മാസത്തിൽ എഗ്രിമെന്റിൽ ഒപ്പിട്ട് ഇലക്ഷനുമുമ്പായി 72 കോടി രൂപയ്ക്ക് എൽ.സി. ഓപ്പൺ ചെയ്യുകയും 62 കോടി രൂപ വിത്ഡ്രോ ചെയ്യാൻ അനുവാദം കൊടുക്കുകയും ചെയ്തത്

എന്തിനാണ്? അതാണ് പണം നഷ്ടപ്പെടാൻ കാരണം.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, നിങ്ങൾ ഈ വിവാദ കമ്പനിക്ക് ഇലക്ഷൻ ഡിക്ലെയർ ചെയ്യുന്ന ദിവസമാണ് പേമെന്റ് കൊടുക്കുന്നത്. അന്നത്തെ ചർച്ചയുടെ പൂർണ്ണരൂപം ......6-6-2006-ൽ ഒരു പരാതി കിട്ടിയിട്ട് ഇത്രയും ഗുരുതരമായ ആക്ഷേപം ........(ബഹളം)........

മി. സ്പീക്കർ : ബഹുമാനപ്പെട്ട എ. കെ. ബാലൻ ......ബഹുമാനപ്പെട്ട ഇ. പി. ജയരാജൻ.....ഇത് ശരിയല്ല..... ഒരിക്കലും ചെയ്യാത്ത രീതിയിൽ നിങ്ങളുടെ ചോദ്യത്തിനുമുഴുവൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വഴങ്ങിയിട്ടും അദ്ദേഹം സംസാരിക്കുമ്പോൾ ഇങ്ങനെ ബഹളം വയ്ക്കുന്നത് ശരിയല്ല. നിങ്ങൾ പറയുന്നത് കേൾക്കണം.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, 6-6-2006-ൽ ഇതിനെക്കുറിച്ചൊരു പരാതി കിട്ടിയിട്ട് അഞ്ചുകൊല്ലം ഒരു നടപടിയും എടുക്കാൻ സാധിക്കാതെ പ്ലാന്റിന് തറക്കല്ലിടുകയും അവർക്കാവശ്യമായ ഫണ്ട് കൊടുത്തതിനുശേഷം വീണ്ടും ഇങ്ങനെയൊരു ആക്ഷേപം പറയുകയാണ്. ഞാൻ എങ്ങനെ അതിനകത്ത് വന്നു എന്നറിയാമോ? എനിക്ക് ഇതുമായി യാതൊരു ബന്ധവുമില്ല. ട്രാവൻകൂർ ടൈറ്റാനിയം കമ്പനി അടച്ചുപൂട്ടാൻ നോട്ടീസ് വന്നിരിക്കുന്നു എന്നുപറഞ്ഞ് സി.ഐ.ടി.യു., ഐ.എൻ.ടി.യു.സി. അടക്കമുള്ള എല്ലാ യൂണിയനിലെയും തൊഴിലാളി നേതാക്കന്മാർ എന്നെ കാണാൻ വന്നിരുന്നു. ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയുമായി ബന്ധപ്പെട്ട 'സേവ് ടൈറ്റാനിയം മൂവ്മെന്റ്' എന്ന വിഷയത്തിൽ മുഖ്യമന്ത്രി ഇടപെടണമെന്നും ഇതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്താൻ സുപ്രീം കോടതി ത്യാഗരാജൻ കമ്മിറ്റിയെ നിയോഗിച്ചിരിക്കുകയാണെന്നും പറഞ്ഞു. കേരളത്തിലെ പൊല്യൂഷൻ ഉണ്ടാക്കുന്ന എല്ലാ പ്രധാനപ്പെട്ട കമ്പനികൾക്കും ത്യാഗരാജൻ കമ്മിറ്റി നോട്ടീസ് കൊടുത്തിരിക്കുകയാണ്. അന്നത്തെ സി.ഐ.ടി.യു. നേതാവ് ശ്രീ. ആനത്തലവട്ടം ആനന്ദനായിരുന്നു. ഇതുമായി ബന്ധപ്പെട്ട് മസ്കറ്റ് ഹോട്ടലിൽ ഒരു മീറ്റിംഗ് വിളിച്ചുകൂട്ടിയതിന്റെ അടിസ്ഥാനത്തിൽ ഞാൻ അവിടെപ്പോയി ട്രേഡ് യൂണിയൻ നേതാക്കന്മാരുമായി സംസാരിക്കുകയുണ്ടായി. ഈ വിഷയത്തിൽ ഞാൻ ഇടപെടണമെന്ന് എല്ലാ നേതാക്കന്മാരും പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ത്യാഗരാജനെ ഡൽഹിയിലേക്ക് ഫോൺ വിളിക്കുകയും അതനുസരിച്ച് അദ്ദേഹം കേരളത്തിൽ

വരികയും ചർച്ച നടത്തുകയുമുണ്ടായി. അദ്ദേഹവുമായി ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ കളമശ്ശേരിയിൽ ഒരു മലിനീകരണ നിയന്ത്രണ (പ്രത്യേക) പ്രോജക്ട് ആവശ്യമാണെന്നും അതിന് എഫ്.എ.സി.ടി.-യിൽ നിന്നും സ്ഥലം വാങ്ങി.......ശ്രീ. സി. ദിവാകരൻ, അങ്ങ് ഇങ്ങനെ അസ്വസ്ഥത പ്രകടിപ്പിച്ചാലോ? ഞാൻ പറയുന്നതുകൂടി അങ്ങ് കേൾക്കണം. എല്ലാ കമ്പനികളും കോൺട്രിബ്യൂട്ട് ചെയ്ത് അവിടെയൊരു മലിനീകരണ പ്ലാന്റിന് തീരുമാനമായതിന്റെ അടിസ്ഥാനത്തിൽ അവിടെയുള്ള നോട്ടീസെല്ലാം പിൻവലിച്ചു. കൂടാതെ ടൈറ്റാനിയവുമായി ബന്ധപ്പെട്ട് ഒരു പ്രോജക്ട് അവർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ അവിടത്തെ നോട്ടീസും പിൻവലിച്ചു. ഇതാണ് എനിക്കുള്ള ഏക പങ്ക്. അല്ലാതെ മറ്റ് ചർച്ചയിലോ കാര്യത്തിലോ ഒന്നും ഇടപെട്ടിട്ടില്ല. ശ്രീ. വി. ശിവൻകുട്ടീ.......... ഞാൻ മറുപടി പറയട്ടേ............(ബഹളം)............

<u>മി. സ്പീക്കർ</u> : ശ്രീ. വി. ശിവൻകുട്ടീ..........പ്ലീസ്........... ഇരിക്കൂ.............

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, ശിവൻകുട്ടീ........(ബഹളം)....ഞാൻ മറുപടി പറഞ്ഞതിനുശേഷം താങ്കൾക്ക് സംസാരിക്കാം. എന്റെ കയ്യിലുള്ള പത്രത്തിന്റെ കോപ്പിയിൽ (പത്രത്തിന്റെ കോപ്പി ഉയർത്തികാട്ടി) ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയുടെ ഉദ്ഘാടന ചടങ്ങിലുള്ള ഫോട്ടോയിൽ താങ്കളുടെ ഫോട്ടോ ഉണ്ട്. ഞാൻ ഇതൊക്കെ പറയാനിരുന്നതാണ്.

അതിന്റെ പേരിൽ പിന്നീട് എനിക്ക് ഒരു ബന്ധവുമില്ല. അവർ കേസ്സുകൊടുത്തു. ഒന്നാമത്തെ പരാതിയിലും രണ്ടാമത്തെ പരാതിയിലും എന്റെ പേരില്ലെന്ന് ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ പറയുകയുണ്ടായി. മൂന്നാമത്തെ പരാതി കൊടുത്തത്, ടൈറ്റാനിയം കമ്പനി അടച്ചുപൂട്ടാതിരിക്കാൻവേണ്ടി ഞാൻ ഇടപെടണമെന്ന് പറഞ്ഞ് നിവേദനം നൽകിയതിലെ ഒരാളാണ്. എനിക്കതിലൊന്നും പരിഭവമില്ല. പക്ഷേ അന്നത്തെ ആ കേസ് വിജയിച്ചു, തൊഴിലാളികൾക്ക് ബുദ്ധിമുട്ടുണ്ടായില്ല. ഞാനൊരു കത്തയച്ചതിന്റെ അടിസ്ഥാനത്തിൽ എന്നെക്കൂടി ഇതിൽ പ്രതി ചേർക്കണമെന്നാണ് കേസ് വന്ന സമയത്ത് പറഞ്ഞത്. ഈ കത്ത് അയയ്ക്കുന്നതിനുമുമ്പ് തന്നെ ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയുമായി ബന്ധപ്പെട്ട് എം.ഒ.യു. ഒപ്പ് വയ്ക്കുകയും മറ്റ് കാര്യങ്ങളുമൊക്കെ ചെയ്തുകൊണ്ടാണ് എന്നെ കേസിൽനിന്നും ഒഴിവാക്കിയതെന്നാണ് കോടതി പറഞ്ഞത്. ശ്രീ. രമേശ്

ചെന്നിത്തലയ്ക്ക് ഇതുമായി ഒരു ബന്ധവുമില്ല. അപ്പോൾ അദ്ദേഹം ഗവൺമെന്റിലോ കെ.പി.സി.സി.-യിലോ ഇല്ല. അന്ന് ഇതുസംബന്ധിച്ച് ആരോപണമുന്നയിച്ച ആളിന് വ്യക്തിപരായി ശ്രീ. രമേശ് ചെന്നിത്തലയോടും എന്നോടും വിരോധമുണ്ടായിരുന്നു. ആ കൂട്ടത്തിൽ എന്റെ പേരുകൂടി ഉൾപ്പെടുത്തി. ഈ വിഷയം സഭയിലും കോടതികളിലും ചർച്ച ചെയ്തപ്പോൾ ഞങ്ങളെ ആരേയും പ്രതിസ്ഥാനത്ത് വച്ചിട്ടില്ല. ഇതാണ് സത്യം. സത്യം മൂടിവയ്ക്കാൻ ആർക്കെങ്കിലും സാധിക്കുമോ? ഇവിടെ നടക്കുന്ന എല്ലാ കാര്യങ്ങളുടെയും കേന്ദ്ര ബിന്ദു ഞാനാണെന്ന് അങ്ങ് പറഞ്ഞത് ഞാൻ സമ്മതിക്കുന്നു. ഞാൻ മുഖ്യമന്ത്രി ആയിട്ട് ഓടി ഒളിക്കുന്ന ആളല്ല, പ്രശ്നങ്ങളിൽ ഇടപെടുകയും പരിഹാരമുണ്ടാക്കുകയും ചെയ്യുന്ന ഒരു ആളാണ്. ടൈറ്റാനിയമടക്കം കേരളത്തിലെ ഫാക്ടറികൾ അടച്ചു പൂട്ടാൻ പോകുന്ന സമയത്ത് മുഖ്യമന്ത്രി എന്ന നിലയിൽ എന്റെ കടമ ഞാൻ നിർവ്വഹിച്ചു.

ഡോ. ടി. എം. തോമസ് ഐസക് : സർ, അങ്ങയുടെ പങ്ക് ഒരു കത്ത് അയച്ചുമാത്രമാണെന്നാണ് അങ്ങ് പറഞ്ഞത്. ആ കത്തിൽ എന്താണ് എഴുതിയിരുന്നത്? കേരളത്തിലെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഒബ്ജക്ഷൻ നിലനിൽക്കെ; അങ്ങനെ ഒന്ന് ഇല്ല, ഞങ്ങൾ ഈ കമ്പനിക്ക് അനുമതി കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നു എന്നു പറഞ്ഞുകൊണ്ടുള്ള കത്തല്ലേ നൽകിയത്? എടുക്കാൻ പോകുന്ന തീരുമാനം നടപ്പിലാക്കുന്നതിനുവേണ്ടി നിങ്ങൾ ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്ററെ മന്ത്രി സ്ഥാനത്തുനിന്ന് മാറ്റുന്നു. അങ്ങനെ മാറ്റിയശേഷം ഈ തീരുമാനത്തിലെത്താൻ പോകുന്നതേയുള്ളൂ എന്ന് കത്ത് എഴുതിയതിനെക്കുറിച്ചാണ് നിങ്ങൾ പറയുന്നത്. അല്ലാതെ നിങ്ങൾ എഴുതിയ കത്തിനെക്കുറിച്ചല്ല ഇവിടെ പറയുന്നത്.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ശ്രീ. രാമചന്ദ്രൻ മാസ്റ്റർ, സ്വയം രാജിവയ്ക്കുകയാണ് ഉണ്ടായത്. അതിന്റെ സാഹചര്യം അറിയാം. അദ്ദേഹത്തിന്റെ പി. എ. ഫോണിൽ സംസാരിച്ചത് സംബന്ധിച്ച ഒരു കോൺട്രവേഴ്സി കാരണമാണ് അദ്ദേഹത്തിന് രാജിവയ്ക്കേണ്ടി വന്നത്. ഇതുമായി ബന്ധപ്പെട്ട് നിങ്ങൾ ഇഷ്യൂ ഉണ്ടാക്കിയതിനെത്തുടർന്ന് അദ്ദേഹത്തിന് രാജിവയ്ക്കേണ്ട സാഹചര്യമുണ്ടായി. അല്ലാതെ ഇതുമായി ബന്ധമൊന്നുമില്ല. ഞാൻ ഒരു കാര്യം കൂടി പറഞ്ഞ് ശ്രീ. വി. ശിവൻകുട്ടിയുടെ ചോദ്യത്തിന് വഴങ്ങിയശേഷം മാത്രമേ

പ്രസംഗം അവസാനിപ്പിക്കുകയുള്ളു. ശ്രീ. സെബാസ്റ്റ്യൻ ജോർജ് കൊടുത്തിരിക്കുന്ന പ്രസ്സ് റിലീസ് നിങ്ങൾ വായിച്ചിട്ടുണ്ടാകാം. 'ട്രാവൻകൂർ ടൈറ്റാനിയം ഫാക്ടറിയുടെ അഴിമതി - കോടികളുടെ നഷ്ടത്തിന് ഉദ്യോഗസ്ഥന്മാർക്കൊപ്പം ശ്രീ. വി. എസ്. അച്യുതാനന്ദനും വിജിലൻസ് വകുപ്പും കോടതികളുമെല്ലാം ഉത്തരവാദികൾ, കഴിവുകെട്ട നേതാക്കന്മാരെ സി.പി.എം. പുറത്താക്കണം' എന്നാണ് പറഞ്ഞിരിക്കുന്നത്. അദ്ദേഹം നിങ്ങൾക്കെതിരായും ഞങ്ങൾക്കെതിരായും എല്ലാവർക്കും പരാതികളയച്ചിട്ടുണ്ട്. നിങ്ങൾ ഇങ്ങനെയുള്ളവരെ ക്വാട്ട് ചെയ്യുമ്പോൾ അവർ പറഞ്ഞിരിക്കുന്ന മറ്റ് കാര്യങ്ങൾ എന്താണെന്നുകൂടി ശ്രദ്ധിക്കുന്നത് നന്നായിരിക്കും.

ശ്രീ. വി. ശിവൻകുട്ടി : സർ, അങ്ങ് പറഞ്ഞ കാര്യങ്ങൾക്കൊന്നും ഞാൻ മറുപടി പറയുന്നില്ല. കാരണം അതിന്റെ ആവശ്യമില്ല. ഇന്നലെ പൊതുമരാമത്ത് വകുപ്പുമന്ത്രി ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയെ സംബന്ധിച്ച ഒരു ചോദ്യത്തിന് മറുപടി പറഞ്ഞ സമയത്ത്, ഞാൻ പറഞ്ഞതും നേരിൽ കണ്ടതുമായ ചില കാര്യങ്ങളുണ്ട്. അങ്ങ് കൊടുത്ത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ട്രാവൻകൂർ ടൈറ്റാനിയം കമ്പനിക്കായി വാങ്ങിയ 80 കോടി രൂപയുടെ സാധനങ്ങൾ അവിടെ തുരുമ്പെടുത്ത് കിടക്കുന്നുവെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി സമ്മതിച്ചു. അതിൽ 40 കോടി രൂപയോളം വരുന്ന സാധനങ്ങളുടെ സീൽ പോലും പൊട്ടിച്ചിട്ടില്ല. 80 കോടി രൂപ ഖജനാവിലുണ്ടായ നഷ്ടമാണ്. ഇതുസംബന്ധിച്ച് അങ്ങേക്ക് എന്താണ് പറയാനുള്ളത്?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഇതുസംബന്ധിച്ച കേസുകളൊക്കെ നടക്കുന്നുണ്ട്. ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയുടെ ശിലാസ്ഥാപന സമയത്ത് ശ്രീ. വി. ശിവൻകുട്ടിയുണ്ട്. അത് മാത്രം സമ്മതിച്ചാൽ മതി. ശ്രീ. വി. ശിവൻകുട്ടി..........(ബഹളം).... ഞാൻ ഇവിടെ പറഞ്ഞതിന് ആരും മറുപടി പറയാത്തത് എന്താണെന്ന് അറിയാമോ? 6-6-2006-ൽ ഇതിനകത്ത് അഴിമതി ഉണ്ടെന്ന് മനസ്സിലായപ്പോൾ അഞ്ച് കൊല്ലം ഇരുന്നിട്ടും ഇതിനെതിരെ ഒരു ചെറുവിരൽപോലും അനക്കാൻ സാധിക്കാത്തവർക്ക് ഇന്നിപ്പോൾ ഇത് അടിയന്തരപ്രമേയമായി അവതരിപ്പിക്കാൻ നാണമില്ലേ?

ശ്രീ. എളമരം കരീം : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി വീണ്ടും 6-6-2006

എന്നുപറയുന്നത് ലോജിക്കലല്ല. ഏത് ഗവൺമെന്റാണെങ്കിലും ഒരു ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ മുൻ ഗവൺമെന്റ് ഒരു ഉത്തരവിലൂടെ അനുമതി കൊടുത്ത ഒരു പ്രോജക്ടുമായി കമ്പനി മുന്നോട്ടുപോകുമ്പോൾ അവിടെ പോയി പരിശോധിക്കുകയല്ല ഒരു ഗവൺമെന്റിന്റെ ജോലി. അതുസംബന്ധിച്ച പരാതി ലഭിക്കുമ്പോഴാണ് ഗവൺമെന്റ് പരിശോധിക്കുന്നത്. അങ്ങനെ പരാതി കിട്ടിയപ്പോൾ 251 കോടി രൂപയ്ക്ക് നിങ്ങൾ അനുമതി കൊടുത്ത പദ്ധതി മെക്കോൺ എന്ന കൺസൾട്ടന്റ് 481 കോടി രൂപ ചെലവുവരുമെന്ന് റിവൈസ്ഡ് എസ്റ്റിമേറ്റ് അയച്ചപ്പോഴാണ് പരിശോധനയിലേക്ക് പോകേണ്ട സ്ഥിതി ഉണ്ടായത്. ഗൗരവതരമായ ഈ സാഹചര്യം അന്നത്തെ എം.ഡി. ആയിരുന്ന പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. പി. എച്ച്. കുര്യനാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നത്. അവിടെ വച്ചാണ് ഞങ്ങൾ കിറ്റ്കോയെ ചുമതല പ്പെടുത്തുന്നതും എക്സ്പെർട്ട് കമ്മിറ്റിയെ വയ്ക്കുന്നതും. അപ്പോഴാണ് ഇതിന്റെ ഭീകരാവസ്ഥ വെളിപ്പെടുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഈ കരാർ റദ്ദ് ചെയ്തു. ഇപ്പോൾ കരാർ ഉണ്ടാക്കിയ നിങ്ങളും റദ്ദ് ചെയ്ത ഞങ്ങളും ഒരുപോലെയാണെന്ന് എന്ത് ന്യായത്തിന്റെ അടിസ്ഥാനത്തിലാണ് നിങ്ങൾ പറയുന്നത്?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, 6-6-2006-ൽ പരാതി ലഭിച്ചെങ്കിലും നിങ്ങളത് പ്രശ്നമാക്കിയില്ല. അത് പരിശോധിച്ച് നിങ്ങൾ വിജിലൻസ് അന്വേഷണത്തിന് ഒക്ടോബർ, നവംബർ മാസങ്ങളിൽ ഓർഡർ ഇടുന്നു. അപ്പോഴും നിങ്ങൾ മനസ്സിലാക്കിയിട്ടില്ല. എന്താണ് ശ്രീ. എളമരം കരീം ഇങ്ങനെ പറയുന്നത്? പരാതി കിട്ടി, വിജിലൻസ് അന്വേഷണവും നടത്തി. ഒന്നുമില്ലാതെ നിങ്ങൾ ഈ കമ്പനിക്ക് ഫണ്ടും കൊടുത്തു. ഞാൻ കൂടുതലായി ഒന്നും പറയുന്നില്ല. ആരൊക്കെ എവിടെയൊക്കെ പോയിയെന്നുള്ളതും എനിക്കറിയാം. ഈ വിഷയം സഭ നിർത്തി വച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, അഴിമതി നടത്തുക, അതിൽ നിന്ന് രക്ഷപ്പെടാൻ അധികാരം ദുർവിനിയോഗം ചെയ്യുക എന്നതാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഭരണത്തിൽ കണ്ടുവരുന്നത്. പോലീസിനെ ഉപയോഗിച്ചും കോടതികളെ ഭള്ള് പറഞ്ഞുമൊക്കെയാണ് അഴിമതിയിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ഇന്നലെ നമ്മൾ കണ്ടത് നിയമസഭാ സ്പീക്കറെയും ശ്രീ. ഉമ്മൻ ചാണ്ടിയുടെ അഴിമതി ഭരണത്തിന് തടയിടാൻ ഉപയോഗിക്കുന്നതായാണ്. പ്രതിപക്ഷത്തിന്റെ അവകാശമായ അടിയന്തരപ്രമേയം തൊടുന്യായം പറഞ്ഞ് സ്പീക്കർ നിഷേധിച്ചത് ഇതിന്റെ തെളിവല്ലേ? അങ്ങും ശ്രീ. ഉമ്മൻ ചാണ്ടിയുടെ വൃത്തികെട്ട ഭരണത്തിന് കുടപിടിക്കുന്ന ആളായിപ്പോയല്ലോ എന്ന് പറയേണ്ടിവന്നതിൽ ദുഃഖമുണ്ട്. ഉമ്മൻ ചാണ്ടി ഭരണത്തിൽ അഴിമതി കേസുകൾ തുരുതുരാ വന്നുകൊണ്ടിരിക്കുകയാണല്ലോ. ഏതായാലും അഴിമതി നടത്തുന്നതിലും മുഖ്യൻ നമ്മുടെ മുഖ്യമന്ത്രി തന്നെ. അതുകൊണ്ടാണ് മുഖ്യമന്ത്രിയുടെ കാർമ്മികത്വത്തിൽ നടന്ന ടൈറ്റാനിയം അഴിമതി കേസ് ഇന്ന് അടിയന്തര പ്രമേയമായി ഞങ്ങൾ കൊണ്ടുവരുന്നത്. അടിയന്തരപ്രമേയം അവതരിപ്പിച്ച സഖാവ് എളമരം കരീം അതിന്റെ വിശദാംശങ്ങൾ ഇവിടെ സംസാരിച്ചുകഴിഞ്ഞതാണ്. ഉമ്മൻ ചാണ്ടി ഭരണം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സ്റ്റേയിൽ തൂങ്ങിക്കിടക്കുന്ന ഭരണമാണെന്ന് ഞങ്ങൾ നേരത്തെ പറഞ്ഞിട്ടുള്ളതാണ്. ടൈറ്റാനിയം അഴിമതി കേസിലും ഇത്തരത്തിലൊരു സ്റ്റേയുടെ കച്ചിത്തുരുമ്പിൽ പിടിച്ച് ഒഴിഞ്ഞു നിൽക്കുകയായിരുന്നു. എന്നാൽ ഈ അഴിമതി കേസിൽ ഹൈക്കോടതിയിൽ നിലനിന്ന സ്റ്റേ നീക്കിയ സാഹചര്യത്തിൽ കേസിലെ ആറാം പ്രതിയായ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും മറ്റ് പ്രതികളായ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തലയും ഉൾപ്പെടെയുള്ള എല്ലാ പ്രതികളെയും നിലവിലുള്ള എഫ്.ഐ.ആർ.-ൽ ഉൾപ്പെടുത്തി ഉടൻ അന്വേഷണം നടത്തേണ്ട സാഹചര്യമാണ് ഇന്നുണ്ടായിട്ടുള്ളത്. ഇത് ഉടൻ ചെയ്യണമെന്നാവശ്യപ്പെട്ട് ഞാൻ രണ്ടാഴ്ചമുമ്പ് വിജിലൻസ് ഡയറക്ടർ എൻ. ശങ്കർ റെഡ്ഡിക്ക് കത്തയച്ചതാണ്. ......... (ബഹളം)....... അദ്ദേഹമത് പോക്കറ്റിലിട്ട് 'ഞാനൊന്നുമറിഞ്ഞില്ലേ രാമനാരായണ' എന്ന മട്ടിൽ നടക്കുകയാണ്. .........(ബഹളം) .........

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, സഭയിലില്ലാത്ത ഒരു ഉദ്യോഗസ്ഥനെതിരെ ആരോപണമുന്നയിച്ചാൽ, അദ്ദേഹത്തിന് മറുപടി പറയാൻ അവകാശമില്ലാത്തതുകൊണ്ട് അത് ഉന്നയിക്കാൻ പാടില്ലെന്ന് കോഡ് ഓഫ് കോണ്ടക്റ്റിൽ പറയുന്നുണ്ട്. അങ്ങിവിടെ പറഞ്ഞ പരമാർശം നിയമസഭയുടെ

രേഖയിൽ നിന്ന് നീക്കുന്നു. മാധ്യമങ്ങൾ ഇത് പ്രസിദ്ധീകരിക്കരുതെന്നും ചെയർ എടുത്തുപറയുന്നു. .......(ബഹളം) ........

ശ്രീ. വി. എസ്. അച്ച്യുതാനന്ദൻ : സർ, .........(ബഹളം)....... xxxxxx* അദ്ദേഹമത് പോക്കറ്റിലിട്ട് 'ഞാനൊന്നുമറിഞ്ഞില്ലേ രാമനാരായണ' എന്ന മട്ടിൽ നടക്കുകയാണ്. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബുവിനെതിരെ എഫ്.ഐ.ആർ. ഇടണമെന്ന കോടതി വിധി കീശയിലിട്ട് പാട്ടുംപാടി നടന്ന വിദ്വാനാണ് ഈ ഉദ്യോഗസ്ഥൻ എന്നതും ഓർക്കണം. ടൈറ്റാനിയം അഴിമതി കേസിൽ സി.എം.പി. നമ്പർ 802/2011-ലെ ഒന്നാം പ്രതി മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയാണ്. ഈ കേസിൽ പ്രതികളായവരെ നിലവിലുള്ള എഫ്.ഐ.ആർ.-ൽ ഉൾപ്പെടുത്തി കേസ് അന്വേഷിക്കണമെന്ന് 28-8-2014-ൽ തിരുവനന്തപുരം വിജിലൻസ് കോടതി ഉത്തരവായതാണ്. ആ വിധിയിൽ പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്ടിന്റെ 19-ാം വകുപ്പിന്റെ പ്രൊട്ടക്ഷൻ ഒരു പ്രതിക്കും കിട്ടുകയില്ലെന്നും കോടതി വിധിച്ചിരുന്നു. അതിന്റെ അർത്ഥം ശ്രീ. ഉമ്മൻ ചാണ്ടിക്ക് മുഖ്യമന്ത്രി എന്ന പ്രൊട്ടക്ഷൻ ഈ കേസിലില്ല എന്നാണ്. ഇതിനെതിരെ മുൻ വ്യവസായ വകുപ്പ് സെക്രട്ടറിയായിരുന്ന ശ്രീ. ടി. ബാലകൃഷ്ണൻ നൽകിയ ഹർജി മെറിറ്റില്ല എന്നുപറഞ്ഞ് ഹൈക്കോടതി തള്ളുകയായിരുന്നു. ഉടൻ തന്നെ സി.എം.പി. നമ്പർ 845/2006-ലെ മൂന്നാം പ്രതി ശ്രീ. സന്തോഷിനെക്കൊണ്ട് ഹൈക്കോടതിയിൽ നിന്നും സ്റ്റേ വാങ്ങുകയാണ് മുഖ്യമന്ത്രി ചെയ്തത്. എന്നാൽ ഹൈക്കോടതി പ്രസ്തുത സ്റ്റേ നീക്കുകയും അന്വേഷണം തുടരാമെന്ന് പറയുകയുമാണ് ചെയ്തത്. ഈ സാഹചര്യത്തിൽ മുഖ്യമന്ത്രി ഉൾപ്പെടെയുള്ള എല്ലാ പ്രതികൾക്കുമെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താനുള്ള ചുമതല വിജിലൻസ് ഡയറക്ടർക്കാണ്. എന്നാൽ ഹൈക്കോടതി ഉത്തരവുവന്ന് ആഴ്ചകൾ പലതുകഴിഞ്ഞിട്ടും **** ശ്രീ. എൻ. ശങ്കർ റെഡ്ഡി ഇതുവരെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാൻ ഉത്തരവ് നൽകിയിട്ടില്ല. 165 കോടി രൂപയിലേറെ പാഴായി എന്ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ ഓഡിറ്റ് വിംഗ് കണ്ടെത്തിയിട്ടും തന്റെ യജമാനന്മാരായ മുഖ്യമന്ത്രിയെയും ശ്രീ. രമേശ് ചെന്നിത്തലയെയും രക്ഷിക്കാനാണ് വിജിലൻസ് ഡയറക്ടർ തത്രപ്പെടുന്നത്. ഇതാണ് 'നിയമം നിയമത്തിന്റെ വഴിക്ക് 207 പോകുന്നു' എന്ന ശ്രീ. ഉമ്മൻ ചാണ്ടിയുടെ തത്വശാസ്ത്രം. മിസ്റ്റർ ഉമ്മൻ ചാണ്ടി, എത്രകാലം

---

*സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

നിങ്ങൾക്കിങ്ങനെ നിയമവിരുദ്ധ നടപടികളും അധാർമ്മിക പ്രവർത്തനങ്ങളും നടത്തി എല്ലാ കൊള്ളരുതായ്മകളിൽനിന്നും രക്ഷപ്പെടാൻ കഴിയും? ചരിത്രം നിങ്ങൾക്കുവേണ്ടി ചിലത് കണ്ടുവച്ചിട്ടുണ്ട്. കെ. കരുണാകരനെ അവസാനത്തെ കുത്തുകുത്തി മലർത്തിയടിച്ച ബ്രൂട്ടസിന്റെ സ്ഥാനമല്ലേ നിങ്ങൾക്ക് കോൺഗ്രസ്സിന്റെ ചരിത്രത്തിലുള്ളത്. കെ. കരുണാകരനെ കുത്തിമലർത്താൻ ശ്രീ. ഉമ്മൻ ചാണ്ടി ഈ നാട്ടിലെമ്പാടും ഓടിനടന്ന് നടത്തിയ വിക്രിയകളുടെ തെളിവുകൾ 1994-ലെ പത്രങ്ങളിലും ഏഷ്യാനെറ്റ് ചാനലിലും ഇപ്പോഴും ജീവിച്ചിരുപ്പുണ്ട്. ഇതൊക്കെ അറിഞ്ഞുകൊണ്ടുതന്നെ കെ. കരുണാകരനെ ചാരക്കേസിൽപ്പെടുത്തി മുഖ്യമന്ത്രിക്കസേരയിൽ നിന്ന് വലിച്ച് താഴെയിട്ടതിൽ തനിക്കൊരു പങ്കുമില്ലെന്ന് മാലോകർക്കുമുന്നിൽ വച്ചുകാച്ചാൻ താങ്കൾക്ക് അല്പംപോലും ലജ്ജയില്ലല്ലോ. താങ്കളുടെ അറപ്പുളവാക്കുന്ന ഈ കൈകഴുകൽ മാധ്യമങ്ങളാകെയെടുത്തിട്ടിപ്പോഴും അലക്കിക്കൊണ്ടിരിക്കുകയല്ലേ? എന്നിട്ടും മനഃസാക്ഷിയുടെ വിശുദ്ധിയെപ്പറ്റി ആണയിടുന്ന മിസ്റ്റർ ഉമ്മൻ ചാണ്ടീ, നിങ്ങളെപ്പറ്റി സഹതപിക്കുകയല്ലാതെ മറ്റെന്താണ് ചെയ്യാൻ കഴിയുക. കഴിഞ്ഞ ദിവസം കെ. കരുണാകരന്റെ പ്രിയപുത്രൻ ശ്രീ. കെ. മുരളീധരൻ, ശ്രീ. ഉമ്മൻ ചാണ്ടിയുടെ വക്കാലത്തെടുത്ത് സഭയിൽ ഒത്തിരി കാര്യങ്ങൾ തട്ടിവിടുന്നതുകേട്ടു. ശ്രീ. ഉമ്മൻ ചാണ്ടിയെ മഹാത്മാഗാന്ധിയെക്കാൾ മഹാനാണെന്ന് പറഞ്ഞില്ലെന്നേയുള്ളൂ. എത്ര അനുസരണയുള്ള കുട്ടിയെപ്പോലെ യാണ് ശ്രീ. കെ. മുരളീധരൻ ഉമ്മൻ ചാണ്ടിയുടെ സകല വൃത്തികേടുകൾക്കും "ഗുഡ് സർട്ടിഫിക്കറ്റ്" നൽകിയത്. അദ്ദേഹം ഗ്രൂപ്പ് മാറി ഇപ്പോൾ 'എ' ഗ്രൂപ്പിൽ ചേക്കേറിയിരിക്കുകയാണെന്ന് കോൺഗ്രസ്സിന്റെ ഉപശാലകളിൽ ഒരു വർത്തമാനമുണ്ട്. അതുകൊണ്ടാണോയെന്നറിയില്ല, ശ്രീ. ഉമ്മൻ ചാണ്ടിയെ ഇങ്ങനെ പാടിപ്പുകഴ്ത്തുന്നത്. ഇതെല്ലാം കേൾക്കാൻ പാവം കെ. കരുണാകരൻ ഇല്ലാതെ പോയത് മുരളീധരന്റെ മാത്രമല്ല, ശ്രീ. ഉമ്മൻ ചാണ്ടിയുടെയും ഭാഗ്യം. അല്ലെങ്കിൽ കരുണാകരന് സ്വന്തം മകനെ ചാട്ടവാർ കൊണ്ട് അടിക്കേണ്ടിവരുമായിരുന്നു. കാരണം തന്നെ പിന്നിൽ നിന്ന് കുത്തുകയും തന്റെ രാഷ്ട്രീയ ഭാവിതന്നെ നശിപ്പിക്കുകയും ചെയ്ത ശ്രീ. ഉമ്മൻ ചാണ്ടിയെപ്പറ്റിയാണല്ലോ തന്റെ ഓമന മകൻ വാനോളം പുകഴ്ത്തുന്നതെന്ന് അദ്ദേഹം ഓർക്കുമായിരുന്നു. പ്രതിപക്ഷ നേതാവിന്റെ കസേരയിലിരുന്നു കൊണ്ട് ഞാൻ, പരിശുദ്ധനും സാത്വികനും ധർമ്മനിഷ്ഠനും ജനാധിപത്യ വാദിയും സർവ്വോപരി ഗാന്ധിയനുമായ മാന്യ ഉമ്മൻ ചാണ്ടി അവർകളെപ്പറ്റി മോശമായി പറയുന്നുവെന്നാണ് ശ്രീ. കെ. മുരളീധരന്റെ മനോവ്യഥ. നിരവധി പ്രഗത്ഭന്മാർ ഇരുന്ന പ്രതിപക്ഷ നേതാവിന്റെ കസേരയിലാണ്

ഈയുള്ളവനിരുന്ന് ഇങ്ങനെയുള്ള 'അസംബന്ധങ്ങൾ' പറയുന്നതെന്നും ശ്രീ. കെ. മുരളീധരൻ ഇന്നലെ വിലപിക്കുകയുണ്ടായി. മിസ്റ്റർ കെ. മുരളീധരനോട് എനിക്ക് ഒന്നേ പറയാനുള്ളൂ. ഞാൻ പറയുന്ന കാര്യങ്ങളിൽ നിങ്ങൾക്ക് വേദന തോന്നുന്നുണ്ടെങ്കിൽ അത് എന്റെ വാക്കുകളുടെ കുഴപ്പമല്ല. നിങ്ങളുടെയെല്ലാം കയ്യിലിരുപ്പ് ......(ബഹളം)..... എന്നെ സംസാരിക്കാൻ അനുവദിക്കില്ലേ? ......(ബഹളം).....

<u>മി. സ്പീക്കർ</u> : ശ്രീ. കെ. മുരളീധരൻ, എന്താണ് പ്രശ്നം?

<u>ശ്രീ. കെ. മുരളീധരൻ</u> : സർ, പ്രതിപക്ഷനേതാവ് എന്നെക്കുറിച്ച് പറഞ്ഞതിനെ സംബന്ധിച്ച് എനിക്ക് സംസാരിക്കാനുള്ള സമയം തരണം.

<u>ശ്രീ. വി. ഡി. സതീശൻ</u> : സർ, പോയിന്റ് ഓഫ് ഓർഡർ....

<u>മി. സ്പീക്കർ</u> : ശ്രീ. വി. ഡി. സതീശൻ, എന്താണ് പ്രശ്നം?

<u>ശ്രീ. വി. ഡി. സതീശൻ</u> : സർ, ഇവിടെ റൂൾ 50 അനുസരിച്ച് അവതരിപ്പിച്ച അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിച്ചതിനെത്തുടർന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വാക്കൗട്ട് പ്രസംഗം നടത്തുന്നത്. വാക്കൗട്ട് പ്രസംഗത്തിൽ എന്തും പറയുന്നത് ശരിയാണോ; സബ്ജക്റ്റിൽ ഒതുങ്ങിനിന്നാണ് പ്രസംഗിക്കേണ്ടത്. പ്രതിപക്ഷ നേതാവിന് പ്രത്യേക അധികാരമൊന്നുമില്ല. ......(ബഹളം)....... അത് ശരിയാണോയെന്നും ക്രമത്തിലാണോയെന്നും പരിശോധിച്ച് സ്പീക്കർ റൂളിംഗ് കൊടുക്കണം. ......(ബഹളം).......

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : സർ, വാക്കൗട്ട് പ്രസംഗം നടത്താനുള്ള അവകാശം പ്രതിപക്ഷ നേതാവിനുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ ഭരണപക്ഷത്തെ നിയന്ത്രിച്ച് പ്രതിപക്ഷ നേതാവിന് പ്രൊട്ടക്ഷൻ കൊടുക്കണം. .....(ബഹളം).......

<u>മി. സ്പീക്കർ</u> : പ്ലീസ്.....ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ചുള്ള വാക്കൗട്ട് പ്രസംഗമാണ് നടത്തുന്നത്; അങ്ങ് വിഷയത്തിൽ ഒതുങ്ങിനിന്ന് സംസാരിക്കണം . .....(ബഹളം).......

<u>ശ്രീ. കെ. മുരളീധരൻ</u> : ബഹുമാനപ്പെട്ട ഗവർണർ ഈ സഭയിൽ നടത്തിയ

നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഞാൻ പ്രസംഗിച്ചതിൽ അദ്ദേഹത്തിന് അഭിപ്രായ വ്യത്യാസമുണ്ടെങ്കിൽ ചർച്ചയിൽ പങ്കെടുത്തു കൊണ്ടാണ് അത് പറയേണ്ടത്. അതല്ലാതെ ടൈറ്റാനിയം വിഷയത്തിന്റെ വാക്കൗട്ട് പ്രസംഗം ഇത്തരത്തിൽ നടത്തുന്നത് ശരിയല്ല. സഭയ്ക്കുപുറത്ത് വച്ച് ഇന്നലെ അദ്ദേഹം എന്നെക്കുറിച്ച് ചില പരാമർശങ്ങൾ നടത്തുകയുണ്ടായി. അതിനെക്കുറിച്ച് എനിക്ക് ഒന്നേ പറയാനുള്ളൂ, സ്വന്തം മകന് ചേരുന്ന തൊപ്പി സഭയിലെ അംഗങ്ങൾക്ക് നൽകരുത്. ......(ബഹളം).......

ശ്രീ. സി. ദിവാകരൻ : ..(മൈക്ക് ഓഫ്).. ഭരണപക്ഷത്തുള്ളവരുടെ ഭീഷണി കേട്ട് പ്രതിപക്ഷ നേതാവിന് സംസാരിക്കേണ്ട ആവശ്യമില്ല. ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപനത്തിൽ അഴിമതി പാടില്ലെന്ന് പറഞ്ഞിട്ടുണ്ട്; അഴിമതി നടത്തണമെന്നാണോ ഗവർണർ നയപ്രഖ്യാപനം നടത്തിയത്? .....(ബഹളം).......

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, മിസ്റ്റർ കെ. മുരളീധരനോട് എനിക്ക് ഒന്നേ പറയാനുള്ളൂ. ഞാൻ പറയുന്ന കാര്യങ്ങളിൽ നിങ്ങൾക്ക് വേദന തോന്നുന്നുണ്ടെങ്കിൽ അത് എന്റെ വാക്കുകളുടെ കുഴപ്പമല്ല, നിങ്ങളുടെയെല്ലാം കയ്യിലിരിപ്പിന്റെ കുഴപ്പമാണ്. ......(ബഹളം)....... അതുകൊണ്ട് മിസ്റ്റർ കെ. മുരളീധരൻ എന്നെ ഉപദേശിക്കാൻ വരുന്നതിനുമുമ്പ് ഈ നാടിന് നാണക്കേടും അപമാനവും വരുത്തിക്കൊണ്ടിരിക്കുന്ന ശ്രീ. ഉമ്മൻ ചാണ്ടിയേയും കൂട്ടരേയും ഉപദേശിക്കാൻ ശ്രമിക്കൂ. അങ്ങനെയെങ്കിലും താങ്കൾ ഒരു പുത്രന്റെ ധർമ്മം നിർവ്വഹിക്കണമെന്നാണ് ഞാൻ ആശിക്കുന്നത്. മുരളീധരനെ ഒരു കാര്യം കൂടി ഞാൻ ഓർമ്മിപ്പിക്കുകയാണ്. ......(ബഹളം)....... ഡി.ഐ.സി. എന്ന പാർട്ടിയുണ്ടാക്കി വള്ളിനിക്കറുമിട്ട് ......(ബഹളം).......

(പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനു മുന്നിൽ വന്ന് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, അടിയന്തരപ്രമേയത്തിന് ഞാനാണ് മറുപടി പറഞ്ഞത്. അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിലുള്ള വാക്കൗട്ട് പ്രസംഗത്തിൽ വ്യക്തിപരമായി ശ്രീ. കെ. മുരളീധരനെ അപമാനിക്കത്തക്ക നിലയിൽ നടത്തിയ പരാമർശം പിൻവലിക്കണം. അദ്ദേഹം ഈ സഭയിലെ ഒരംഗമാണ്. ഈ സഭയിലെ ഒരംഗമായ ശ്രീ. കെ. മുരളീധരനെതിരെ വളരെ മ്ലേച്ഛമായ ഭാഷ ഉപയോഗിക്കുന്നത് അങ്ങ് ഇടപെട്ട് പിൻവലിക്കണം. ഇത് ശരിയല്ല. പ്രതിപക്ഷ നേതാവിന് എന്തും

പറയാനുള്ള ലൈസൻസുണ്ടോ; ഇത് അടിയന്തരപ്രമേയത്തിന്റെ വകുപ്പിലാണോ; ദയവായി പരാമർശം എക്സ്പഞ്ച് ചെയ്യണം. ......(ബഹളം).......

മി. സ്പീക്കർ : സഭ നടത്തിക്കൊണ്ട് പോകണ്ടേ; ദയവായി എല്ലാവരും തിരിച്ച് സീറ്റുകളിലേയ്ക്ക് പോകണം. ശ്രീമതി കെ. കെ. ലതിക, പ്ലീസ് സീറ്റിലേയ്ക്ക് പോകൂ. ......(ബഹളം)....... സഭാനടപടികൾ അൽപ്പനേരത്തേയ്ക്ക് നിർത്തിവയ്ക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിന് മുന്നിൽ വന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ രാവിലെ 10.41-ന് സഭ അല്പസമയത്തേക്ക് നിർത്തിവയ്ക്കുകയും 11.23-ന് പുനരാരംഭിക്കുകയും ചെയ്തു.)

11.23 AM]

മി. സ്പീക്കർ : ഓർഡർ......ഓർഡർ..... സമ്മേളനം വീണ്ടും ആരംഭിക്കുകയാണ്. ബഹുമാന്യരായ അംഗങ്ങൾ നടുത്തളത്തിൽ ഇറങ്ങുകയും സഭ തുടർന്നു കൊണ്ടുപോകാൻ സാധിക്കാതെ വരികയും ചെയ്ത സാഹചര്യത്തിലാണ് നിർത്തിവച്ചത്. നിയമസഭയിൽ സംസാരിക്കുമ്പോൾ പ്രത്യേകിച്ച് സഭയുടെ ഇരുഭാഗത്തുമുള്ളവർ കുറേക്കൂടി ആത്മസംയമനം പാലിക്കുകയും സഭ സമാധാനപരമായി നടത്തിക്കൊണ്ടുപോകാൻ സഹകരിക്കുകയും ചെയ്യണമെന്ന് ചെയർ അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, അങ്ങ് പ്രസംഗിക്കുകയായിരുന്നു, അങ്ങ് 12 മിനിട്ട് സംസാരിച്ചു. അതുകൊണ്ട് ഇനി ഒട്ടും ദീർഘിപ്പിക്കാതെ അങ്ങയുടെ പ്രസംഗം അവസാനിപ്പിക്കണം. വിഷയത്തിൽ ഒതുങ്ങിനിന്നുകൊണ്ട് സംസാരിക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു. ......(ബഹളം)..... ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ ക്ഷണിച്ചുകഴിഞ്ഞു. നിങ്ങളെന്തിനാണ് ആവശ്യമില്ലാതെ ബഹളമുണ്ടാക്കുന്നത്?

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : സർ, ഡി.ഐ.സി. എന്ന പാർട്ടിയുണ്ടാക്കി വള്ളി നിക്കറുമിട്ട് ഞങ്ങളുടെ പിറകെ ഞങ്ങളെയും കൂട്ടണേ... (ബഹളം).... എന്നുപറഞ്ഞ് നടന്ന കാര്യമൊക്കെ വലിയ വായിൽ വർത്തമാനം പറയുമ്പോൾ ഇടയ്ക്ക് ഓർമ്മിക്കുന്നത് നല്ലതാണ്. ..... (ബഹളം)... അലൂമിനിയം പട്ടേലും... മദാമ്മയുമൊക്കെ മുരളീധരന്റെ.... (ബഹളം).......

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, .....(ബഹളം).... പ്ലീസ് ചെയർ

പറയാം.... (ബഹളം)...... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ദയവായി ഇന്നത്തെ അടിയന്തര പ്രമേയ വിഷയത്തിലൊതുങ്ങി നിന്ന് സംസാരിക്കണം. വാക്കൗട്ടിന് ആധാരമായ വിഷയത്തിനകത്തുനിന്നുകൊണ്ട് ദയവായി സംസാരിക്കണം ...(ബഹളം)......

ശ്രീ. വി. എസ്. അച്യുതാനന്ദൻ : സർ, ഇന്നത്തെ വിഷയമാണ് പറയുന്നത്. ശ്രീ. കെ. മുരളീധരൻ ഇന്നലെ പറഞ്ഞത് കേട്ടില്ലേ; ഏകപക്ഷീയമായി കേട്ടില്ലേ, അതിന്റെ മറുപടിയാണിത്..(ബഹളം)......

മി. സ്പീക്കർ : അതുകൊണ്ടാണ് പറഞ്ഞത്. ഇന്ന് നന്ദി പ്രമേയത്തെപ്പറ്റിയുള്ള ചർച്ചയുണ്ട്. അങ്ങാണ് സമാപന പ്രസംഗം നടത്തുന്നത്. അങ്ങേക്ക് അപ്പോൾ സംസാരിക്കാം. ഇപ്പോൾ അടിയന്തര പ്രമേയത്തിന്റെ വിഷയത്തിലൊതുങ്ങിനിന്ന് ദയവായി സംസാരിക്കണം. ...(ബഹളം)... പ്ലീസ്....

ശ്രീ. വി. എസ്. അച്യുതാനന്ദൻ : ഞങ്ങളെയും കൂട്ടണേ എന്നുപറഞ്ഞ് നടന്നതൊക്കെ വലിയ വായിൽ വർത്തമാനം പറയുമ്പോൾ ഇടയ്ക്ക് ഓർക്കുന്നത് നല്ലതാണ്. അക്കാലത്താണല്ലോ അലൂമിനിയം പട്ടേലും മദാമ്മയുമൊക്കെ മുരളീധരന്റെ സരസ്വതീ വിലാസത്തിൽ കോൺഗ്രസ്സുകാർക്ക് മുന്നിൽ സമർപ്പിക്കപ്പെട്ടത്. ഉമ്മൻ ചാണ്ടിയും കൂട്ടരുമൊക്കെ ഇത് വല്ലപ്പോഴുമൊക്കെ ഓർക്കുന്നുണ്ടോ എന്തോ? പറയാനിനിയും ഒത്തിരിയുണ്ട്.. .....(ബഹളം).... ഇവരെന്താണ് പറയുന്നത്; മുരളീധരൻ എണീറ്റാലുടൻ സ്പീക്കർ വിരളുകയാണോ? അതിന് മറുപടി പറയണ്ടേ, അത് കേട്ടിരിക്കാൻ മുരളീധരനോട് പറയാൻ കഴിയണം. അല്ലെങ്കിൽ പിന്നെ എന്തിനാണ് ഇവിടെ പ്രതിപക്ഷം? ..... (ബഹളം) ......

മി. സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇന്ന് വാക്കൗട്ടിന് ആധാരമായ വിഷയത്തിനകത്തുനിന്ന് സംസാരിച്ചിരുന്നുവെങ്കിൽ ബഹുമാനപ്പെട്ട മുരളീധരനെ ഞാൻ ഇരുത്തുമായിരുന്നു. പക്ഷെ അദ്ദേഹത്തെപ്പറ്റി പറയുമ്പോൾ അദ്ദേഹത്തോട് ഇരിക്കാൻ പറഞ്ഞാൽ അദ്ദേഹം കേൾക്കുമോ? അദ്ദേഹത്തെപ്പറ്റിയാണ് സംസാരിക്കുന്നത്...(ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ :....(മൈക്ക് ഓഫ്).... ഈ കാര്യങ്ങൾ ഭരണപക്ഷത്തിന് ബാധകമല്ലേ; ഗവർണറുടെ നയപ്രഖ്യാപനത്തിന്മേലുള്ള

പ്രസംഗം പ്രതിപക്ഷ നേതാവിനെതിരെയുള്ള പ്രസംഗമാണോ?

മി. സ്പീക്കർ : ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, ഇത് നമ്മുടെ നിയമസഭയിൽ നടക്കുന്ന ഒരു പ്രസംഗമല്ല. ഇത് വാക്കൗട്ടിന് മുമ്പുള്ള പ്രസംഗമാണ്. ആ പ്രസംഗത്തിൽ അടിയന്തരപ്രമേയത്തിനാധാരമായ വിഷയത്തിനകത്തുനിന്ന് സംസാരിക്കണമെന്ന് അങ്ങേക്കറിയാമല്ലോ; നിങ്ങളുടെ ഭാഗത്തുനിന്ന് ഒരു നിയന്ത്രണം വന്നാൽ ഇപ്പുറത്തുനിന്നുണ്ടാകുന്ന ബഹളം ഒഴിവാക്കാം.... (ബഹളം)... വാക്കൗട്ടിനാധാരമായ വിഷയത്തിനകത്തുനിന്ന് സംസാരിച്ചാൽ ഈ പ്രശ്നം ഒഴിവാക്കാവുന്നതാണ്. നമ്മൾ സബ്ജക്ട് വിട്ടു പോകുമ്പോഴാണ് പ്രശ്നം വരുന്നത്. ....(ബഹളം)... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, അങ്ങ് സംസാരിച്ചുകഴിഞ്ഞോ; .....(ബഹളം)... സഭ നടത്തി കൊണ്ട് പോകണ്ടേ? ...(ബഹളം)... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒരു വാചകം കൂടി പറഞ്ഞ് അവസാനിപ്പിക്കണം...(ബഹളം)...

ശ്രീ. വി. എസ്. അച്യുതാനന്ദൻ : ശ്രീ. ഉമ്മൻ ചാണ്ടി ഉൾപ്പെടെയുള്ള പ്രതികൾക്കെതിരെ ടൈറ്റാനിയം കേസ്സിൽ സ്റ്റേ നിലവിലുണ്ടായിരുന്നു. ആ സ്റ്റേ ജനുവരി 19-ന് ഹൈക്കോടതി പിൻവലിച്ചു. ഇതിനുശേഷം 20 ദിവസം കഴിഞ്ഞു. എന്നിട്ടും എഫ്.ഐ.ആർ. തയ്യാറാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പരാതിക്കാരൻ വിജിലൻസ് കോടതിയിൽ അപേക്ഷ കൊടുക്കുകയും വിജിലൻസ് കോടതി മാർച്ച് 19-നകം ഗവൺമെന്റ് എടുത്ത നടപടി കോടതിയെ അറിയിക്കണമെന്ന് മുന്നറിയിപ്പ് നൽകിയിരിക്കുകയുമാണ്. ഇത് അത്രയും ഗുരുതരമാണ്. ഇതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. എസ്. അച്യുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. സി. ദിവാകരൻ : സർ, ഇന്നിവിടെ ശ്രീ. എളമരം കരീം സഭയിൽ ഉന്നയിച്ച അതീവ ഗുരുതരമായ ഞെട്ടിപ്പിക്കുന്ന അഴിമതിയെ സംബന്ധിച്ച് സർക്കാർ അടിയന്തരമായ നടപടികളിലേക്ക് നീങ്ങണമെന്ന ജനാധിപത്യപരമായ ഒരാവശ്യമാണ് ഞങ്ങൾ ഉന്നയിച്ചത്. അതിനുമുമ്പ് ഇന്നലെ ബഹുമാനപ്പെട്ട

സ്പീക്കർ സമാനമായ അടിയന്തര പ്രമേയത്തിന് വളരെ നിർഭാഗ്യകരമായ രീതിയിൽ ഞങ്ങൾക്ക് അനുമതി നിഷേധിച്ചു. റൂൾ 50 എന്നുപറയുന്നത് പ്രതിപക്ഷത്തിനുള്ള മൗലികമായ അവകാശമാണ്. രാജ്യത്ത് നടക്കുന്ന അതീവ ഗുരുതരമായ ചില പ്രശ്നങ്ങളെക്കുറിച്ച് പ്രതിപക്ഷത്തിനുമാത്രമേ സഭയിൽ ഉന്നയിക്കാൻ കഴിയൂ. റൂൾ 50 ഭരണപക്ഷത്തിന് ഉന്നയിക്കാൻ കഴിയില്ല. ഞങ്ങൾക്ക് ആ അവകാശം നിഷേധിക്കുന്നത് ശരിയാണോ? ഇന്നലെ അവതരിപ്പിക്കേണ്ടിയിരുന്ന അഴിമതി ആരോപണം ഗുരുതരമായതാണ്. അത് ഇന്നലെ നിങ്ങൾ നിഷേധിച്ചു. ഇന്ന് അവതരിപ്പിച്ചത് തലസ്ഥാന നഗരത്തിൽ നടന്ന ഞെട്ടിപ്പിക്കുന്ന ഒരു അഴിമതിയാണ്. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നേരിട്ടറിയാം. അദ്ദേഹമടക്കമുള്ള ആളുകളെ പ്രതിപ്പട്ടികയിൽ ചേർത്താണ് 28-8-2014-ൽ വിജിലൻസ് ഉത്തരവിട്ടത്. അത് നിഷേധിക്കാൻ കഴിയുമോ? അതിന് സ്റ്റേ കൊടുത്തു. സ്റ്റേ വാങ്ങിയത് ഒരു സന്തോഷ് ആണ്. ആ സ്റ്റേ പെറ്റീഷനിൽ പറയുന്നത്, against the petitioner alone and not with regard to the further proceedings against any other parties എന്നാണ്. ഹൈക്കോടതി ജഡ്ജി ശ്രീ. കമാൽ പാഷയുടെ ഓർഡറനുസരിച്ച് സന്തോഷിന് മാത്രമാണ് സ്റ്റേ. ആ പ്രതിപ്പട്ടികയിലുള്ള ബാക്കിയുള്ളവർക്കെതിരായി എഫ്.ഐ.ആർ. ഇടുന്നതിന് ഒരു സ്റ്റേയുമില്ല. നിങ്ങൾ നിയമവാഴ്ചയിൽ വിശ്വസിക്കുന്നവരാണോ; കോടതിയിൽ വിശ്വസിക്കുന്നവരാണോ? അഴിമതിയുടെ വികൃതമായ മുഖം ജനങ്ങൾ അറിയുമെന്ന് കാണുമ്പോൾ നിയമത്തേയും കോടതിയേയും തന്നിഷ്ടംപോലെ കൈകാര്യം ചെയ്യുന്നതിനുള്ള തെളിവല്ലേ ഇത്. ഹൈക്കോടതി വിധിയാണ് ഞങ്ങൾ ഉന്നയിക്കുന്ന വിഷയത്തിനാധാരം. അഴിമതിയുടെ പരമ്പരയല്ലേ ഇവിടെ നടക്കുന്നത്. പാമോലിൻ കേസുമുതൽ സോളാർ കേസുവരെ, ബാർകോഴ കേസുവരെ അഴിമതിയില്ലാത്ത ഒരൊറ്റ ദിവസമുണ്ടോ? നിങ്ങളും പത്രങ്ങൾ വായിക്കുന്നവരല്ലേ. ഒരു ഗവൺമെന്റിന് ഇത് ഭൂഷണമാണോ? ആരുത്തരവാദി എന്നുള്ളതല്ല, ഭരിക്കുന്നത് നിങ്ങളാണ്. ഭരണക്കാരുടെ നേർക്കാണ് ഈ അഴിമതി ആരോപണങ്ങൾ. അറേബ്യൻ രാജ്യങ്ങളിലെ മുഴുവൻ അത്തറും കൊണ്ടുവന്ന് പൂശിയാലും ഈ ഗവൺമെന്റിന്റെ ദുർഗന്ധം മാറില്ല. അത്രയ്ക്ക് ഹീനമാണ് ഇവർ ചെയ്ത കാര്യങ്ങൾ. ഈ രാജ്യം കടക്കെടുതിയിൽ മുങ്ങിത്താഴുകയാണ്. ഒരുലക്ഷത്തി അറുപതിനായിരം കോടി രൂപ ഖജനാവിൽ കടമുള്ളപ്പോഴാണ് 10-ഉം 15- ഉം 20-ഉം കോടിയുടെ ഞെട്ടിപ്പിക്കുന്ന അഴിമതികൾ കേരള സമൂഹം ചർച്ച ചെയ്യുന്നത്. ആരുടെ പോക്കറ്റിലാണ് ഈ പണമൊക്കെ പോകുന്നത്. ഈ

അഴിമതിയിലും നിങ്ങൾക്ക് രണ്ട് നയമുണ്ടോ? ശ്രീ. കെ. എം. മാണി മന്ത്രിസഭയിൽ നിന്നും തെറിച്ചതെങ്ങനെയാണ്; അതിനുത്തരവാദി ഞങ്ങളാണോ; നിങ്ങൾ എഫ്.ഐ.ആർ. ഇട്ട് പുറത്താക്കിയതല്ലേ? അതേസമയം ശ്രീ. കെ. ബാബുവിന്റെ കേസ് വന്നപ്പോഴും മുഖ്യമന്ത്രിയുടെ കേസ് വന്നപ്പോഴും നിങ്ങൾ എന്ത് സമീപനമെടുത്തു; എവിടെ നിങ്ങളുടെ ക്വിക് വെരിഫിക്കേഷൻ; എവിടെ നിങ്ങളുടെ എഫ്.ഐ.ആർ; എവിടെ നിങ്ങളുടെ കേസിന്റെ നടപടികൾ? അതാണ് പറയുന്നത്, ഞങ്ങൾ നിങ്ങൾക്കുവേണ്ടിയാണ് വാദിക്കുന്നത്, അല്ലാതെ ഞങ്ങൾക്കുവേണ്ടിയല്ല. നിങ്ങളുടെ കൂടെയിരിക്കുന്ന ആളുകളോട് നീതി കാണിക്കണം. ഈ കേസിൽ 82 കോടി രൂപയുടെ അഴിമതി നടന്നിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എല്ലാം പറയാൻ അറിയാമായിരുന്നിട്ടും ഏതോ ഒരു പത്രത്തിലെ ഫോട്ടോയും കൊണ്ടുവന്ന് എത്ര ദുർബലമായിട്ടാണ് അതിന് മറുപടി പറഞ്ഞത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഇത്രയും ആവേശം കൊള്ളുന്ന നിങ്ങളുടെ കയ്യിൽ അഞ്ചുകൊല്ലം ഈ പെറ്റീഷൻ ഇരുന്നു. ആ അഞ്ചുകൊല്ലം നിങ്ങൾ എന്തു ചെയ്തു?

ശ്രീ. സി. ദിവാകരൻ : സർ, ഞങ്ങൾ അഞ്ചുകൊല്ലം ചെയ്തില്ലെങ്കിലും കട്ടത് കട്ടതല്ലാതാകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, അഞ്ചുകൊല്ലം കഴിഞ്ഞ് കോഡ് ഓഫ് കോൺഡക്ട് ഡിക്ലയർ ചെയ്യുന്ന ദിവസം അവർക്ക് രൂപയും കൊടുത്തിട്ടാണ് നിങ്ങൾ പോയത്. നിങ്ങൾക്ക് ഇത് പറയാൻ നാണമില്ലേ?

ശ്രീ. സി. ദിവാകരൻ : സർ, ഇത് അങ്ങിവിടെ പലപ്പോഴും ചോദിച്ചിട്ടുള്ളതാണ്. ഞാൻ ചോദിക്കുന്നത് കോടതി വിധിയിൽ പ്രതിപ്പട്ടികയിൽ അങ്ങയുടെ പേരുണ്ടോ എന്നാണ്; ഉണ്ട്. അങ്ങടക്കമുള്ള ആളുകളുടെ പേരുണ്ട്. അതിന് എന്തുകൊണ്ട് സ്റ്റേ വാങ്ങി. പ്രതിപ്പട്ടികയിലുള്ളവരുടെ പേരിൽ എഫ്.ഐ.ആർ. ഇടാത്തതെന്തു കൊണ്ട്?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, ആദ്യത്തെ പെറ്റീഷനകത്ത് ഒരു എഫ്.ഐ.ആർ. ഇട്ട് അന്വേഷണം നടക്കുകയാണ്. പിന്നീട് പെറ്റീഷൻ വന്നപ്പോൾ എഫ്.ഐ.ആർ. ഇടണമെന്ന്

വിജിലൻസ് കോടതി പറഞ്ഞു. ഹൈക്കോടതിയിൽ പോയപ്പോൾ ഹൈക്കോടതി പറഞ്ഞു അങ്ങനെ വെറുതെ എഫ്.ഐ.ആർ. ഇടാൻ പറ്റില്ലായെന്ന്. അന്വേഷണ ഉദ്യോഗസ്ഥൻ പരിശോധിച്ചതിനുശേഷം കേസിൽ മെരിറ്റുണ്ടെങ്കിൽ എഫ്.ഐ.ആർ. ഇട്ടാൽ മതിയെന്ന് പറഞ്ഞു. ഒരു കേസിൽ രണ്ട് എഫ്.ഐ.ആർ. ഇടാൻ സാധിക്കില്ല. കൂത്തുപറമ്പ് കേസിൽ സുപ്രീംകോടതി ഉത്തരവുണ്ട്.

ശ്രീ. സി. ദിവാകരൻ : സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി, നിങ്ങൾ കൂത്തുപറമ്പല്ല ജാലിയൻവാലാബാഗ് പറഞ്ഞാലും ശരി, ഈ കാര്യത്തിൽ എന്റെ കയ്യിലിരിക്കുന്നത് ഹൈക്കോടതി വിധിയാണ്. ആ വിധിയിലാണ് എഫ്.ഐ. ആർ. ഇടാൻ പറഞ്ഞിരിക്കുന്നത്. നിങ്ങൾ കോഴ വാങ്ങിയില്ലെങ്കിൽ എഫ്.ഐ.ആർ. ഇടാൻ നിങ്ങൾക്ക് എന്താണ് തടസ്സം? അന്വേഷണം നേരിടാൻ എന്താണ് തടസ്സം? ശിവരാജൻ കമ്മീഷന്റെ റിപ്പോർട്ട് പുറത്തുവരട്ടെ, അപ്പോൾ കാണാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്നോടു ചോദിച്ചു എന്താ ആവേശമെന്ന്. നിങ്ങൾക്ക് ലജ്ജയുണ്ടോ? കേരളത്തിന്റെ മുഖ്യമന്ത്രി സാമ്പത്തിക തട്ടിപ്പ് അന്വേഷിക്കുന്ന ഒരു കമ്മീഷന്റെ മുമ്പിൽ 14 മണിക്കൂർ ഇരുന്ന് തപസ്സു ചെയ്യുകയായിരുന്നോ? ഒന്നൊന്നായി ചോദിച്ച് അഴിമതിയുടെ ഉറവിടങ്ങൾ കണ്ടെത്തുകയായിരുന്നില്ലേ? നിങ്ങൾ അത്ര നിരപരാധികളാണെങ്കിൽ എന്തിനാണ് കമ്മീഷന്റെ മുമ്പിൽ 14 മണിക്കൂർ കുത്തിയിരുന്നത്. ജനങ്ങൾ ഇതെല്ലാം കണ്ടുകൊണ്ടിരിക്കുകയാണ്. നിങ്ങൾക്ക് പ്രതിപക്ഷത്തിന്റെ ശബ്ദമടപ്പിക്കാം, ഞങ്ങളെ ഇരുത്താം. പക്ഷേ ജനങ്ങളെ ഇരുത്താൻ സാധിക്കില്ല. ഞങ്ങൾക്ക് റൂൾ 50 നിഷേധിക്കാം. പ്രതിപക്ഷ നേതാവിനെ നിങ്ങൾക്ക് ഇഷ്ടംപോലെ കൈകാര്യം ചെയ്യാം. പക്ഷേ ഈ രാജ്യത്ത് ജനങ്ങളുണ്ട്. കോഴ വാങ്ങിയവർ ശിക്ഷിക്കപ്പെടും; ഉപ്പ് തിന്നവൻ വെള്ളം കുടിക്കും. എത്ര അന്വേഷണങ്ങളാണ് നടക്കുന്നത്. പാമോയിൽ കേസിലെ പ്രതിയായ ചീഫ് സെക്രട്ടറിക്ക് എക്സ്റ്റൻഷൻ നൽകുന്നു. കുറ്റവാളികളോട് നിങ്ങൾ കാണിക്കുന്ന സമീപനം ജനാധിപത്യത്തിന് അനുയോജ്യമാണോ? നാളെ ഇത് ആരെങ്കിലും പരിശോധിച്ചാൽ; ഈ നിയമസഭാ നടപടിക്രമങ്ങൾ വായിക്കുന്ന നാളത്തെ രാഷ്ട്രീയ വിദ്യാർത്ഥികൾ നിങ്ങളെക്കുറിച്ച് ആലോചിച്ച് ലജ്ജിച്ച് തലതാഴ്ത്തും. നിരന്തരമായി നിങ്ങൾക്കെതിരായി വരുന്നതിന്റെ കാരണമെന്താണെന്ന് നിങ്ങൾ ആലോചിക്കണം. എന്നെ ആക്ഷേപിച്ചിരുത്തിയിട്ട് കാര്യമില്ല. ഞാൻ അനാവശ്യമായി ഒന്നും പറയുന്ന ആളല്ല, ഇപ്പോഴും പറയുന്നില്ല.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : ....(മൈക്ക് ഓഫ്)........

ശ്രീ. സി. ദിവാകരൻ: ശ്രീ. ഡൊമിനിക് പ്രസന്റേഷന്റെ കാര്യമൊന്നും ഞാൻ പറയില്ല. ഞാൻ അങ്ങനെ പഠിച്ചിട്ടില്ല.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : കോഴ വാങ്ങിയെന്ന് അങ്ങയുടെ പാർട്ടി തന്നെയാണ് പറഞ്ഞത്, ഞങ്ങളല്ല പറഞ്ഞത്.

ശ്രീ. സി. ദിവാകരൻ : എന്തിനാണ് ആനക്കാര്യം പറയുമ്പോൾ ചേനക്കാര്യം പറയുന്നത്. ഇത്ര രാഷ്ട്രീയപാപ്പരത്തം പറയാമോ; ഞാൻ ഇവിടെ കോടതിയുടെ വിധി പറഞ്ഞപ്പോൾ അപ്പുറത്തിരിക്കുന്ന ബഹുമാനപ്പെട്ട അംഗം വ്യക്തിപരമായി ഒരു പാർട്ടിയുടെ കാര്യം പറയാമോ? അങ്ങനെ പറയുന്നത് ശരിയാണോ?

മി. സ്പീക്കർ : ബഹുമാനപ്പെട്ട സി. ദിവാകരൻ, 10 മിനിട്ടായി. ദയവായി കൺക്ലൂഡ് ചെയ്യണം ......(ബഹളം).......പ്ലീസ്, പ്ലീസ്. ഈ സഭ നടത്തിക്കൊണ്ടുപോകുവാൻ സഹകരിക്കണം. പ്ലീസ്, പ്ലീസ്......(ബഹളം )...... ശ്രീ. സി. ദിവാകരൻ അങ്ങ് അവസാനിപ്പിക്കണം ......(ബഹളം )......ശ്രീമതി ഇ. എസ്. ബിജിമോൾ, അംഗങ്ങളെ നിയന്ത്രിക്കാൻ ഇവിടെ ചെയറുണ്ട്. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, പ്ലീസ്..... പ്ലീസ്...... ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റുകളിലിരിക്കണം.

ശ്രീ. സി. ദിവാകരൻ : ഇന്നലെ വരെ കേട്ടതൊന്നും ഞാനിവിടെ പറഞ്ഞില്ല. സരിത എസ്. നായരെ ആരെല്ലാമാണ് ഫോൺ ചെയ്തതെന്നോ എത്ര തവണ വിളിച്ചെന്നോ ഞാൻ പറഞ്ഞില്ല.

മി. സ്പീക്കർ : ഇന്നിവിടെ സരിതയല്ല വിഷയം, ടൈറ്റാനിയമാണ്.

ശ്രീ. സി. ദിവാകരൻ : അപ്പോൾ അതിനെക്കുറിച്ചൊന്നും ഞാൻ പറഞ്ഞില്ല, അങ്ങനെ പറയുന്ന ശീലം എനിക്കില്ല. എന്നെ എങ്ങനെയെല്ലാം കൈകാര്യം ചെയ്താലും അങ്ങനെ ഒതുങ്ങുന്നയാളല്ല ഞാൻ. ശ്രീ. ഡൊമിനിക് പ്രസന്റേഷന് എന്നെ അറിയില്ല, എറണാകുളത്ത് പോയി നിങ്ങളുടെ നേതാക്കളോട് ചോദിച്ചു നോക്കണം. വളരെ അപകടകരമായ രീതിയിലാണ് നിങ്ങളിവിടെ പലരെയും കൈകാര്യം ചെയ്യുന്നത്. ജനാധിപത്യത്തിൽ ഇതൊന്നും ശരിയല്ല. നിങ്ങളെ പോലെ എല്ലാവർക്കും മാന്യതയുണ്ടെന്നുള്ള കാര്യം ഓർക്കണം. നമ്മുടെ രാജ്യവും കോടതിയും ചർച്ച ചെയ്യുന്നതാണ് ഞങ്ങൾ ഇവിടെ പറയുന്നത്. ജസ്റ്റിസ്

ശിവരാജൻ കമ്മിഷന്റെ മുമ്പിലുള്ള ടേംസ് ഓഫ് റഫറൻസാണ് ഇവിടെ ചർച്ച ചെയ്യുന്നത്. അത് ഞങ്ങളുണ്ടാക്കിയതല്ല. അതുപോലെ ബാർ കോഴ, ടൈറ്റാനിയം അഴിമതി തുടങ്ങിയവയിൽ കോടതിയിലുള്ള കേസാണ് ചർച്ച ചെയ്യുന്നത്. ഇതൊന്നും സ്വകാര്യമല്ല. ഖജനാവ് കൊള്ളയടിച്ചതാണ്, കുട്ടക്കവർച്ച ചെയ്ത കഥയാണ്. ഖജനാവിനെ കൊള്ളയടിച്ച് പാപ്പരാക്കി, രാജ്യത്തെ ഖജനാവ് കൈയിട്ടുവാരി, അഞ്ച് കൊല്ലം കോടികൾ കട്ടുമുടിച്ചതിന് പല കോടതികളിലുമായുള്ള കേസുകളാണ് ഞങ്ങൾ പറയുന്നത്. അതിന് ശ്രീ. സി. പി. മുഹമ്മദ് കൈയും കാലുമൊന്നും കാണിക്കണ്ട. ഇതിനെല്ലാം ഒന്നൊന്നായി നിങ്ങൾ മറുപടി പറയേണ്ടി വരും, നിങ്ങൾ കാത്തിരുന്നോ. നിങ്ങളുടെ വീരശൂരപരാക്രമം രണ്ടു മാസം കൂടി കഴിയുമ്പോൾ കാണാം. ഈ കേരളത്തിലെ ജനങ്ങൾ നിങ്ങളെ മുക്കാലിയിൽ കെട്ടി അടിക്കും. അത്ര ഭീകരമാണ് നിങ്ങളുടെ സമീപനങ്ങൾ.

ശ്രീ. സി. പി. മുഹമ്മദ് : ...(മൈക്ക് ഓഫ്) ...

ശ്രീ. സി. ദിവാകരൻ : നിങ്ങൾ കട്ടെന്ന് പറയുമ്പോൾ; ഖജനാവിന് നഷ്ടമുണ്ടാക്കിയെന്ന് പറയുമ്പോൾ വ്യക്തിപരമായി ആക്ഷേപിക്കുകയാണ്. അങ്ങനെയുള്ള ഒരു സമീപനവും ഞങ്ങളുടെ നേർക്ക് വേണ്ട. ഞങ്ങൾ ന്യായമായി നിയമസഭയിൽ സ്പീക്കർ അനുവദിച്ച............(ബഹളം )......

മി. സ്പീക്കർ : ബഹുമാനപ്പെട്ട ദിവാകരൻ ദയവായി അവസാനിപ്പിക്കണം.

ശ്രീ. സി. ദിവാകരൻ : ശ്രീ. സി. പി. മുഹമ്മദിനെപ്പോലൊരാൾ ഇത്രയും തരംതാണുപോയല്ലോ. എനിക്ക് വേദനയുണ്ട്. രാഷ്ട്രീയ പ്രവർത്തനം ചെയ്യുന്നവർ ഉപയോഗിക്കേണ്ട പ്രയോഗങ്ങളൊക്കെയുണ്ട്. ഞങ്ങൾ പൊതു കാര്യമല്ലേ പറയുന്നത്, ഇങ്ങനെയാണോ അതിന്മേൽ പ്രതികരിക്കുന്നത്. ഇവിടെ ചില ആളുകൾ സ്പീക്കറുടെ തലയുടെ മുകളിൽ കയറി റൂളിംഗ് നടത്താറുണ്ട്, അത് ശരിയാണോ? എങ്ങനെ പ്രസംഗിക്കണം; എന്ത് പറയണമെന്ന് തീരുമാനിക്കേണ്ടത് ഭരണകക്ഷിയാണോ? അത് തീരുമാനിക്കാൻ സ്പീക്കർക്ക് അധികാരമുണ്ട്. സ്പീക്കർ നിയന്ത്രിക്കട്ടെ. ഇന്നത് പറയണം, ഇന്നത് പറയാൻ പാടില്ലെന്ന് സ്പീക്കർ പറയട്ടെ. നിങ്ങൾ സ്പീക്കറാകണ്ട. അത് ശരിയല്ല.

മി. സ്പീക്കർ : പ്ലീസ്, പ്ലീസ്.....കൺക്ലൂഡ്.

ശ്രീ. സി. ദിവാകരൻ : ഇത്രയും ഞെട്ടിപ്പിക്കുന്ന കോടതി വിധികൾ വന്നിട്ടും ഇവർ ഒളിച്ചോടുകയാണ്. കോടതിയെ ഇവർ നേരിടുന്നില്ല. ഇവർ സ്റ്റേ വാങ്ങുകയാണ്. ഇവരുടെ നാലും അഞ്ചും മന്ത്രിമാർ രണ്ടു മാസത്തെ സ്റ്റേയിലാണ്. സ്റ്റേയിലാണ് ഈ ഭരണം നടക്കുന്നത്. ഭരണത്തിൽ തുടരാൻ ഇവർക്ക് യാതൊരു അധികാരവുമില്ല. നിരവധി കേസുകൾ ഇവർക്ക് ചുറ്റും നിൽക്കുകയാണ്. ഒരു കോടതിയിൽ നിന്നും മറ്റൊരു കോടതിയിലേക്ക് കയറിയിറങ്ങുകയാണ്. ഒരു അഴിമതിക്കേസ് അല്ലെങ്കിൽ മറ്റൊരു അഴിമതിക്കേസിലെ പ്രതികളാണ് ഇവർ. ഇവരാണ് ഈ രാജ്യം ഭരിക്കുന്നത്. ഈ പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു. അതിന് അങ്ങ് അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. മാത്യു റ്റി. തോമസ് : സർ, ഗവൺമെന്റിന്റെ കാലാവധി പൂർത്തിയാക്കാൻ ഏതാനും കുറച്ച് ദിവസങ്ങൾ കൂടി മാത്രമേ ബാക്കിയുള്ളൂ. കേരളത്തിലെ രാഷ്ട്രീയ ചരിത്രത്തിൽ ഏറ്റവും കൂടുതൽ അഴിമതി നടന്ന കാലഘട്ടം 2011 മുതൽ 2016 വരെയുള്ള അഞ്ചുവർഷ കാലഘട്ടമാണെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. അങ്ങനെയാണ് ഈ ഗവൺമെന്റ് വിലയിരുത്തപ്പെടുക. അഴിമതി മാത്രമല്ല, പൊതു പ്രവർത്തകന്റെ മാന്യത നഷ്ടപ്പെട്ടുപോയ ഒരു കാലഘട്ടം ഇതിനുമുമ്പുണ്ടായിട്ടില്ല. പൊതുപ്രവർത്തകനെ സംബന്ധിച്ച് അധാർമ്മികതയുടെയും അസാന്മാർഗികതയുടെയും വഴിവിട്ട അപഥ സഞ്ചാരത്തിന്റെയുമൊക്കെ നിരവധി ചരിത്രം എഴുതപ്പെട്ട ഒരു കാലഘട്ടമായി 2011-2016 ചരിത്രത്തിൽ ഇടം നേടാൻ പോകുകയാണ്. ഇന്ന് ചർച്ച ചെയ്യപ്പെടുന്ന വിഷയം 84 കോടി രൂപയുടെ യന്ത്രസാമഗ്രികൾ മെക്കോൺ കമ്പനി ഇറക്കുമതി ചെയ്തത് തുരുമ്പെടുത്ത് ഉപയോഗിക്കാതെ കിടക്കുന്നു എന്നതാണ്. നേരത്തെ ചർച്ച ചെയ്ത സോളാർ കേസിന്റെ വിഷയം വരുമ്പോൾ ഖജനാവിന് നഷ്ടമൊന്നുമുണ്ടായില്ല എന്നാണ് പറയുക. ഇവിടെ ഖജനാവിന് നഷ്ടമില്ല എന്ന പ്രതിരോധം ഭരണപക്ഷത്തിനില്ലല്ലോ. ഖജനാവിന് നഷ്ടമുണ്ട്. ഖജനാവിലെ നഷ്ടം എന്നതിനേക്കാളുപരി ഒരു പൊതുമേഖലാ സ്ഥാപനത്തെ രക്ഷപ്പെടുത്താനെന്ന പേരിൽ സ്വീകരിച്ച നടപടികൾ ആ സ്ഥാപനത്തിന് ഒരു തരത്തിലും പ്രയോജനം

ചെയ്യാതെ മറ്റ് ചില ആളുകൾക്ക് ലാഭമുണ്ടാക്കാൻ ഉപകരിക്കപ്പെട്ടു എന്നുള്ളതാണ് പ്രധാനപ്പെട്ട വിഷയം. ഈ വിഷയം 2013-ൽ ലോകം മുഴുവൻ കാണുന്ന രീതിയിൽ സംപ്രേഷണം ചെയ്തുകൊണ്ട് ചർച്ച ചെയ്തതാണെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ടുകൊണ്ട് പറഞ്ഞത്. ആയിരിക്കാം. ഇവിടെ പ്രസക്തമായ വിഷയം, വിജിലൻസ് ജഡ്ജ് 28-8-2014-ൽ നൽകിയ ഒരു ഉത്തരവിനെതിരെ ഹൈക്കോടതി സ്റ്റേ നൽകിയിരുന്നു. സ്റ്റേ ഉള്ളപ്പോൾ എഫ്.ഐ.ആർ. എടുത്ത് കേസ് മുന്നോട്ട് കൊണ്ടുപോകാൻ കഴിയില്ല, സമ്മതിച്ചു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>) : ഈ കേസ് നിലനിൽക്കില്ലെന്ന് പറഞ്ഞ് 2011-ൽ വിജിലൻസ് കോടതി ഡിസ്പോസ് ചെയ്തതാണ്. പിന്നെങ്ങനെയാണ് കേസ് എടുക്കുന്നത്.

<u>ശ്രീ. മാത്യു ടി. തോമസ്</u> : 2013-ൽ ഈ വിഷയം നിയമസഭയിൽ ചർച്ച ചെയ്തുവെന്നാണല്ലോ മുഖ്യമന്ത്രിയുടെ പ്രതിരോധം. ചർച്ച ചെയ്തു. അതിനുശേഷം 2014-ലാണ് എഫ്.ഐ.ആർ. എടുക്കാൻ ഒരു കോടതി ഉത്തരവുണ്ടായത്. ആ കോടതി ഉത്തരവ് സ്റ്റേ ചെയ്യാനുള്ള അധികാരം ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്കില്ലല്ലോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>) : സർ, റിക്കോർഡ് സ്ട്രെയിറ്റ് ആകാൻ വേണ്ടിയാണ് പറയുന്നത്. 2011-ൽ തിരുവനന്തപുരം വിജിലൻസ് കോടതി ഈ കേസ് ഡിസ്പോസ് ചെയ്തു. അതിനുശേഷം എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തു. ആദ്യത്തെ പെറ്റീഷന്റെ പേരിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തുകഴിഞ്ഞു. വീണ്ടും എഫ്.ഐ.ആർ. ഇടണമെന്ന് കോടതി പറഞ്ഞു. അത് സുപ്രീംകോടതിയുടെ ഉത്തരവിന് വിരുദ്ധമാണെന്നാണ് ഞാൻ പറഞ്ഞത്.

<u>ശ്രീ. മാത്യു ടി. തോമസ്</u> : സർ, 2014-ൽ കോടതിയിട്ട ഉത്തരവിനെതിരെ നിങ്ങൾ ഹൈക്കോടതിയിൽ പോയി സ്റ്റേ വാങ്ങിച്ചു. ആ സ്റ്റേ വെക്കേറ്റ് ചെയ്തിട്ട് ഇപ്പോൾ ഒരു മാസം കഴിഞ്ഞു. 19-1-2016-ൽ ആ സ്റ്റേ വെക്കേറ്റ് ചെയ്യപ്പെട്ടിരിക്കുകയാണ്. 2013-ൽ നിയമസഭ ചർച്ച ചെയ്തതോ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറയുന്നതുപോലെ 2011-ൽ ഡിസ്പോസ് ചെയ്തതോ അല്ല

പ്രശ്നം. 2014-ൽ എഫ്.ഐ.ആർ. എടുക്കാൻ പറഞ്ഞ തിരുവനന്തപുരം ജഡ്ജിന്റെ ഉത്തരവിനെതിരെ സമ്പാദിച്ചിരുന്ന സ്റ്റേ വെക്കേറ്റ് ചെയ്യപ്പെട്ടിരിക്കുന്നു. ആ സ്റ്റേ വെക്കേറ്റ് ചെയ്യപ്പെട്ടതിനുശേഷം നിങ്ങൾ എഫ്.ഐ.ആർ. എടുത്തോ; നടപടി സ്വീകരിച്ചോ? ഏറ്റവും കൂടുതൽ അഴിമതി നടത്തിയ ഗവൺമെന്റെന്നതുപോലെ തന്നെ അഴിമതിക്കാരെ ഏറ്റവും കൂടുതൽ സംരക്ഷിക്കുന്ന ഗവൺമെന്റായി ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റ് ചരിത്രത്തിൽ ഇടംനേടാൻ പോവുകയാണ്. കോടതി വളരെ വ്യക്തമായി കേസ് എടുക്കാൻ പറഞ്ഞതിനുശേഷവും കേസ് എടുക്കാതെ, നടപടിയെടുക്കാതെ കുറ്റക്കാരെ മുഴുവൻ സംരക്ഷിക്കുന്ന സമീപനം ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നുവെന്നുള്ളതാണ് പ്രശ്നം. രണ്ട് മാസത്തേക്ക് നിങ്ങൾ തമ്മിലടി നിർത്തിവയ്ക്കണമെന്നാണ് ശ്രീ. രാഹുൽ ഗാന്ധി പറഞ്ഞത്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, അത് ഞങ്ങൾ നോക്കികൊള്ളാം. ആകെ അഞ്ച് പേരുള്ള പാർട്ടിയാണ് പറയുന്നത്. .....(ബഹളം)........

ശ്രീ. മാത്യു ടി. തോമസ് : രണ്ട് മാസത്തേക്ക് നിങ്ങൾ നോക്കുകയോ നോക്കാതിരിക്കുകയോ ചെയ്തോ. ഞങ്ങൾ ചെറിയ പാർട്ടിയാണ്, ഞങ്ങൾ നോക്കിക്കൊള്ളാം. രണ്ടുമാസത്തേക്ക് തമ്മിൽ അടിക്കുന്നതാണ് ഞങ്ങൾക്ക് ഇഷ്ടം. രണ്ടുമാസത്തേക്ക് തമ്മിൽ അടി നിർത്തുവെന്ന് പറയുന്ന ശ്രീ. രാഹുൽ ഗാന്ധി രണ്ടുമാസത്തേക്ക് അഴിമതി നടത്താതിരിക്കാമോയെന്ന് ചോദിക്കാത്തത് എന്തുകൊണ്ടാണ്? അതാണ് ഞങ്ങളുടെ ചോദ്യം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, ശ്രീ. രാഹുൽ ഗാന്ധി വന്ന പരിപാടി കഴിഞ്ഞപ്പോൾ കേരളത്തിലെ കോൺഗ്രസ് ഒറ്റക്കെട്ടായി ഒരുമിച്ച് മുന്നോട്ട് പോകുന്നതിൽ നിങ്ങൾക്ക് വിഷമമുണ്ടാകുന്നത് ഞങ്ങൾക്ക് മനസ്സിലാകും. ഞങ്ങൾ ഒരുമിച്ച് മുന്നോട്ട് പോകും. അതിലൊരു സംശയവും വേണ്ട.

ശ്രീ. മാത്യു ടി. തോമസ് : സർ, ശ്രീ. രാഹുൽ ഗാന്ധി വരുന്നതുവരെ ഒറ്റക്കെട്ടായിരുന്നില്ലായെന്നും രണ്ടുമാസം കഴിഞ്ഞ് വീണ്ടും തമ്മിലടിക്കുമെന്നും സമ്മതിച്ചതിന് നന്ദി. രണ്ടുമാസത്തേക്ക് തമ്മിലടി നിർത്താൻ വേണ്ടി ശ്രീ. രാഹുൽ ഗാന്ധി നൽകിയ ആഹ്വാനം നിങ്ങൾ ചെവികൊള്ളുന്നുവെങ്കിൽ സന്തോഷം. പക്ഷെ ഇനിയുള്ള രണ്ടു മാസത്തേക്കെങ്കിലും അഴിമതി നടത്തരുതെന്ന് ശ്രീ. രാഹുൽ ഗാന്ധിക്ക് നിങ്ങളോട് പറയാൻ കഴിഞ്ഞില്ലല്ലോ.

അഴിമതി നടത്തിക്കോ തമ്മിലടി വേണ്ടായെന്ന് മാത്രം ഒരു എ.ഐ.സി.സി. നേതാവ് പറഞ്ഞാൽ മതിയോ, കോൺഗ്രസ്സിന് അഴിമതിയുമായി സന്ധിയില്ല; അഴിമതിയുമായി സന്ധി ചെയ്യുന്ന പ്രശ്നമില്ലായെന്നാണ് പറഞ്ഞിരിക്കുന്നത്. കോൺഗ്രസ് അഴിമതിയുമായി സന്ധി ചെയ്യില്ല അഴിമതി മാത്രമേ ചെയ്യൂ. ആ അഴിമതിക്കാരെ സംരക്ഷിക്കുന്ന ഈ നയത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യൂ റ്റി. തോമസും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, ഈ സഭയിൽ ഞാൻ ആദ്യമായി ആഗ്രഹിക്കുന്നത് ആഭ്യന്തര വകുപ്പുമന്ത്രിയെ അഭിനന്ദിക്കാനാണ്. അങ്ങ് ഇവിടെ പറഞ്ഞത് മൂന്ന് പെറ്റീഷനുകളുണ്ടായിരുന്നതിൽ ഒരു പെറ്റീഷൻ തള്ളി. അത് അങ്ങയുടെ പേരിലുള്ള പെറ്റീഷനാണ് എന്നാണ്. ബാക്കി രണ്ടുപേരുടെ പെറ്റീഷനും നിലവിലുണ്ടെന്ന് അങ്ങ് പരോക്ഷമായി സമ്മതിച്ചു. അങ്ങ് ഇപ്പോഴും പിടിച്ചുനിൽക്കുന്നത് എന്തിനാണ്? 19-1-2016-ൽ സ്റ്റേ നീക്കം ചെയ്യപ്പെട്ട കേസിൽ ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിച്ചത്? അതാണ് ഞങ്ങൾക്ക് അറിയേണ്ടത്. അതിന്മേലുള്ള സ്റ്റേ നീങ്ങിയാൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് കേസന്വേഷണം മുന്നോട്ടു കൊണ്ടുപോവുകയാണ് ചെയ്യേണ്ടത്. 19-1-2016-ന് സ്റ്റേ നീക്കിയതിനുശേഷം ഈ കേസ് അട്ടിമറിക്കാൻ ഗവൺമെന്റ് ഗൂഢാലോചന നടത്തുന്നുവെന്നതാണ് ഞങ്ങളുടെ ആക്ഷേപം. ആ ആക്ഷേപത്തെക്കുറിച്ച് അങ്ങ് മൗനമാണ് പാലിച്ചത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, വസ്തുതകൾ അറിയാതെ സംസാരിക്കരുത്. ഈ കേസിലെ സ്റ്റേയെന്ന് പറയുന്നത് ആ വ്യക്തിക്ക് മാത്രമുള്ളതാണ്. ശ്രീ. സുനിൽ കുമാറിന് മാത്രമുള്ള സ്റ്റേയാണ്. വേറെ ആർക്കും സ്റ്റേയില്ല. അയാൾ അവിടത്തെ മാർക്കറ്റിംഗ് മാനേജരാണ്. അയാൾ പോയി സ്റ്റേ വാങ്ങിച്ചതാണ്. ജസ്റ്റിസ് ഉബൈദിന്റെ വിധിയിൽ കൃത്യമായി പറയുന്നുണ്ട്, So the impugned order can not be …….. In such a situation, while registering crime and while making investigation, the Investigation Officer or the concerned Police Officer of the Vigilance will have to think who all can be arrayed as an accused, who will not to be. ഇതിൽ വളരെ വ്യക്തമായി പറയുകയാണ്. വസ്തുത മനസ്സിലാക്കി സംസാരിക്കണം.

ശ്രീ. എ. കെ. ശശീന്ദ്രൻ : 28.08.2011-ലെ ഉത്തരവിനെ ആരുടെ അപേക്ഷ പ്രകാരമാണ് സ്റ്റേ ചെയ്തത്; എന്തിനുവേണ്ടിയാണ് സ്റ്റേ ചെയ്തത്? ആ സ്റ്റേയാണ് ഇപ്പോൾ വെക്കേറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. 19-1-2016-ൽ ഏത് കേസ്സിന്റെയാണോ സ്റ്റേ വെക്കേറ്റ് ചെയ്തത് ആ കേസിനെപ്പറ്റിയാണ് ഞങ്ങൾ പറയുന്നത്. 19-1-2016-ൽ സ്റ്റേ വെക്കേറ്റ് ചെയ്ത കേസ് ഏതാണ്? ആ കേസിൽ ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിച്ചത്. ആ ഉത്തരവ് പ്രകാരം എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തേണ്ടതല്ലേ? അത് നടത്താതെ ഒളിച്ചോടുന്നത് എന്തിനാണെന്നാണ് ഞങ്ങൾ ചോദിച്ചത്. അതേക്കുറിച്ച് ചർച്ച ചെയ്യണമെന്നാണ് ഞങ്ങൾ പറഞ്ഞത്. ഇപ്പോഴും ആഭ്യന്തര വകുപ്പുമന്ത്രി ഒളിച്ചോടുകയാണ്. ഒളിച്ചോടുന്ന ഈ നയത്തെ പ്രതിക്ഷേധിച്ചുകൊണ്ടും അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിച്ച നടപടിയിൽ പ്രതിഷേധിച്ചുകൊണ്ടും ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

(പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി.)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിന് നടപടി

ചീഫ് വിപ്പ് (ശ്രീ. തോമസ് ഉണ്ണിയാടൻ) : സർ, സംസ്ഥാനത്ത് വാഹനാപകടങ്ങൾ വർദ്ധിച്ചുവരുന്ന അവസ്ഥയിലേക്കാണ് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. നമ്മുടെ പൊതുനിരത്തുകൾ കുരുതിക്കളമാക്കുന്ന പ്രവണത തടയാൻ സാധ്യമായതെല്ലാം സർക്കാർ ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്. സംസ്ഥാനത്ത് ദിനംപ്രതി 11 ജീവനുകൾ വാഹനാപകടങ്ങളിലൂടെ പൊലിയുന്നുവെന്നാണ് ഔദ്യോഗിക കണക്ക്. 150 പേർക്ക് പരിക്കേൽക്കുകയും ചെയ്യുന്നുണ്ട്. ജീവഹാനി സംഭവിക്കുന്നതിൽ ഏറെപ്പേരും ഇരുചക്ര വാഹന യാത്രക്കാരോ കാൽനടയാത്രക്കാരോ ആണെന്നും വിദഗ്ദ്ധർ

പറയുന്നു. 25 വയസ്സിൽ താഴെയുള്ളവരുടെ കുടുംബങ്ങളുടെ നെടുംതൂണുകളാണ് ഇത്തരക്കാരിൽ ഏറെപ്പേരുമെന്ന് കണ്ടെത്തിയത് ഗൗരവമേറിയതാണ്. പരിക്കേൽക്കുന്ന പലരും ജീവിതകാലമത്രയും പരസഹായത്തോടെ ജീവിക്കേണ്ടി വരുന്നു. റോഡപകടങ്ങൾമൂലമുണ്ടാകുന്ന സാമ്പത്തിക നഷ്ടത്തേക്കാൾ വലുത് അതുമൂലമുണ്ടാകുന്ന ജീവഹാനിയും ആരോഗ്യ നഷ്ടവുമാണ്. ദുഃഖങ്ങളാലും മഹാവ്യാധികളാലും മരണമടയുന്നവരേക്കാൾ കൂടുതൽ ജനങ്ങളാണ് റോഡപകടങ്ങൾ കാരണം മരണമടഞ്ഞുകൊണ്ടിരിക്കുന്നത്. ഓരോ വർഷവും സംസ്ഥാനത്ത് അഞ്ചുലക്ഷത്തോളം റോഡപകടങ്ങൾ സംഭവിക്കുന്നുണ്ട്. ഇതിൽ പത്ത് ശതമാനം അപകടങ്ങളും സംഭവിക്കുന്നത് കേരളത്തിലാണ്. ഈ റോഡപകടങ്ങളിൽ 30,000-ത്തിലധികം പേർക്ക് പരിക്കേൽക്കുകയും ചെയ്യുന്നു. റോഡപകടങ്ങളിൽ പെടുന്നവരിൽ 80 ശതമാനത്തിലധികം പേരും കാൽനട യാത്രക്കാരും ഇരുചക്രവാഹനക്കാരുമാണ്. രാജ്യത്ത് റോഡപകടങ്ങളിൽ മഹാരാഷ്ട്രയും തമിഴ്നാടും കഴിഞ്ഞാൽ മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. ഡ്രൈവിംഗ് അശ്രദ്ധ, ട്രാഫിക് നിയമങ്ങളുടെ നഗ്നമായ ലംഘനം തുടങ്ങിയ വിവിധ കാരണങ്ങളാലാണ് റോഡപകടങ്ങൾ വർദ്ധിച്ചുവരുന്നത്. പോലീസ്, മോട്ടോർ വാഹന വകുപ്പുകളുടെ സംയോജിതവും സമയോചിതവുമായ പ്രവർത്തനങ്ങളുടെ അപര്യാപ്തത, ഇരുചക്ര വാഹനങ്ങൾ ഓടിക്കുന്നവർ മുതൽ ഭാരവണ്ടികൾ ഓടിക്കുന്ന ഡ്രൈവർമാരുടെ വരെ നിയമലംഘനം, അലക്ഷ്യമായ ഡ്രൈവിംഗ്, പൊതു നിരത്തുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നിർവ്വഹിക്കുന്നതിൽ കാണിക്കുന്ന അലംഭാവം, ഇലക്ട്രിസിറ്റി കേബിളുകൾ, ജലവിതരണ പൈപ്പുകൾ എന്നിവ സ്ഥാപിക്കുന്നതിനായി കുഴിക്കുന്ന റോഡുകൾ യഥാസമയം അറ്റകുറ്റപ്പണികൾ നടത്താതിരിക്കൽ, ഓടകൾ മൂടാതിരിക്കൽ, നിരത്തുകളിലെ അശാസ്ത്രീയ രീതിയിലുള്ള സ്ലാബ്, സ്പീഡ് ബ്രേക്കിംഗ് സംവിധാനങ്ങൾ, അപകട സാദ്ധ്യതാ മേഖലകളിലെ റോഡ് സുരക്ഷാ സൂചന ഫലകങ്ങളുടെ അഭാവം തുടങ്ങിയവയൊക്കെ റോഡപകടങ്ങൾക്ക് പ്രധാന കാരണങ്ങളാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട തോമസ് ഉണ്ണിയാടൻ ഒരു മിനിറ്റ്. പ്രതിപക്ഷ നേതാവിന് എന്താണ് പറയാനുള്ളത്?

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : സർ, ഇന്നത്തെ തുടർന്നുള്ള സഭാനടപടികളുമായി സഹകരിക്കാൻ ഞങ്ങൾക്ക് വൈഷമ്യമുണ്ട്.

അതുകൊണ്ട് പ്രതിപക്ഷം ഒന്നടങ്കം സഭ ബഹിഷ്കരിക്കുകയാണ്.

(അഴിമതി ആരോപിതരായ മന്ത്രിമാർ രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് മുദ്രാവാക്യം വിളിച്ചുകൊണ്ട് പ്രതിപക്ഷം ഒന്നടങ്കം സഭാനടപടികൾ ബഹിഷ്കരിച്ച് പുറത്തുപോയി.)

12.00 Noon]

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, കേരളത്തിൽ ഇതിനകം 96 ലക്ഷം വാഹനങ്ങൾ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. ഇതിൽ ഇരുചക്ര വാഹനങ്ങൾ ഏതാണ്ട് 65 ശതമാനമുണ്ട്. വർഷംതോറും 5 ലക്ഷം വാഹനങ്ങൾ പുതുതായി നിരത്തുകളിൽ ഇറങ്ങുകയാണ്. എന്നാൽ ഇതിനാവശ്യമായ റോഡുകളില്ല. ആകെയുള്ള 162000 (ഒരു ലക്ഷത്തി അറുപത്തി രണ്ടായിരം) കിലോമീറ്റർ ദൈർഘ്യം വരുന്ന റോഡുകളിൽ പലതും ഗതാഗതയോഗ്യമല്ല. സംസ്ഥാനത്തെ റോഡപകടങ്ങളിൽ 45 ശതമാനവും നടക്കുന്നത് നാഷണൽ ഹൈവേകളിലും സ്റ്റേറ്റ് ഹൈവേകളിലുമാണ്. റോഡപകടങ്ങൾ കുറയ്ക്കാൻ പ്രായോഗികമായ റോഡ് വികസനവും പരിപാലനവും ആവശ്യമാണ്. ഏകദേശം 3107 മില്ലീ മീറ്റർ മഴ കേരളത്തിൽ ലഭിക്കുന്നുവെന്നാണ് കണക്ക്. ഇത് അതിജീവിക്കാനുള്ള ശേഷി നമ്മുടെ ഭൂരിഭാഗം റോഡുകൾക്കുമില്ല. കേരളത്തിലെ പ്രധാനപ്പെട്ട റോഡുകൾ ഉന്നതമായ മാനദണ്ഡങ്ങളനുസരിച്ച് നിർമ്മിക്കുവാൻ നടപടി സ്വീകരിക്കേണ്ടത് ഏറ്റവും അനിവാര്യമാണ്. 2015-ലെ റോഡപകടങ്ങളുടെ നിരക്കുവച്ച് നോക്കുമ്പോൾ നമ്മുടെ നിരത്തുകളിൽ പൊലിയുന്ന ജീവനുകളുടെ എണ്ണം പ്രതിവർഷം പതിനായിരം കവിയുകയാണ്. റോഡപകടങ്ങൾ തടയാനാകുന്നി ല്ലെന്നുമാത്രമല്ല, അപകട ത്തിൽപ്പെടുന്നവർക്ക് യഥാസമയം ചികിത്സ നൽകുവാനും അവരെ രക്ഷപ്പെടുത്തുവാനും മതിയായ ചികിത്സാ സൗകര്യങ്ങളും ലഭ്യമല്ല. അപകടത്തിൽപ്പെടുന്നവരെ രക്ഷിക്കുന്നതിന് പൊതുജന - ഉദ്യോഗസ്ഥരുടെ ഇടപെടലുകളും ചില സാഹചര്യങ്ങളിൽ തുലോം കുറവാണ്. ഇതിനുദാഹരണമാണ് തലസ്ഥാനത്തെ ബസ് സ്റ്റേഷനുകളിലുണ്ടായ അപകടങ്ങൾ. ഇത്തരം അപകടങ്ങൾ ഇനിയും ആവർത്തിക്കാതിരിക്കാൻ സമൂഹത്തിന്റെ സമീപനങ്ങളിലും മനോഭാവത്തിലും കാതലായ മാറ്റം ഉണ്ടാകേണ്ടതാണ്. നമ്മുടെ റോഡുകൾ സുരക്ഷിത നിരത്തുകളാക്കി മാറ്റുന്നതിനും ഓരോ ഡ്രൈവറെയും സാമൂഹ്യ പ്രതിബദ്ധതയുള്ളവരാക്കുന്നതിനും അവരുടെ ഡ്രൈവിംഗ് മനോഭാവം അഭിലഷണീയമായ രീതിയിൽ മാറ്റിയെടുക്കുന്നതിനും അപകടത്തിൽപ്പെടുന്നവർക്ക് അടിയന്തര വൈദ്യ സഹായം

എത്തിക്കുന്നതിനും കാലോചിതമായ അടിയന്തര സംവിധാനങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ഡ്രൈവിംഗ് ഒരു കലയായും അതോടൊപ്പം ഒരു തൊഴിലായും മനസ്സിലാക്കി തൊഴിൽ മര്യാദകളും ട്രാഫിക് നിയമങ്ങളും യഥാവിധി പാലിച്ച് വാഹനം ഓടിക്കുന്നതിന് ഓരോ ഡ്രൈവറെയും പര്യാപ്തമാക്കുന്നതിനുതകുന്ന രീതിയിലുള്ള പരിശീലനങ്ങൾ നൽകുന്നതിനുള്ള സംവിധാനങ്ങളും കർശനമായ ലൈസൻസ് സംവിധാനങ്ങളും ഉണ്ടാകേണ്ടതുണ്ട്.

മദ്യം, മയക്കുമരുന്ന് എന്നിവ ഉപയോഗിച്ച് അമിത വേഗത്തിൽ വാഹനം ഓടിക്കുന്നവർക്ക് കടുത്ത ശിക്ഷ ഉറപ്പാക്കണം. ഇപ്രകാരം വാഹനം ഓടിച്ച് അപകടമുണ്ടാക്കുന്നവരുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കേണ്ടത് ഏറ്റവും ആവശ്യമാണ്. അപകടത്തിൽപ്പെടുന്ന ഇരുചക്ര വാഹനക്കാരിൽ ഭൂരിപക്ഷവും ചെറുപ്പക്കാരായതിനാൽ ഡ്രൈവിംഗ് ലൈസൻസിന്റെ പ്രായപരിധി വർദ്ധിപ്പിക്കുക, റോഡ് സുരക്ഷാ പരിപാലന സംവിധാനം ശക്തിപ്പെടുത്തി നിരത്തുകളിൽ കർശനമായ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക, പ്രതിമാസ റോഡ് സുരക്ഷാ അവലോകനം നടത്തുക, ബന്ധപ്പെട്ട വകുപ്പുകളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച ഒരു സോഷ്യൽ ഓഡിറ്റിംഗ് നടത്തുക, പൊതുജനങ്ങൾക്കും ഡ്രൈവർമാർക്കും ഉതകുന്ന വിധത്തിലുള്ള റോഡ് സുരക്ഷാ അവബോധ പദ്ധതികൾ നടപ്പിലാക്കുക, സ്കൂൾ പഠനത്തിന്റെ തുടക്കം മുതൽ റോഡ് സുരക്ഷാബോധം വളർത്തിയെടുക്കുന്നതിനായി ഇത്തരം കാര്യങ്ങൾ പാഠ്യ വിഷയമാക്കുക എന്നീ നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണ്. അപകടത്തിൽപ്പെടുന്ന യാത്രക്കാരെയും ഡ്രൈവർമാരെയും രക്ഷിക്കുന്നതിനും അടിയന്തര വൈദ്യസഹായം ലഭ്യമാക്കുന്നതിനുമായി ദേശീയ - സംസ്ഥാന പാതകൾക്ക് അടുത്തായും ജില്ലാ താലൂക്ക് അടിസ്ഥാനത്തിലും ട്രോമാ കെയർ സെന്ററുകളും മറ്റ് ചികിത്സാ സംവിധാനങ്ങളും ഏർപ്പെടുത്തേണ്ടതുണ്ട്. റോഡ് സുരക്ഷ എന്നത് വാരാഘോഷം എന്നതിലുപരി ഒരു സംസ്കാരമായി വളർത്തിയെടുക്കേണ്ടത് ഏറ്റവും ആവശ്യമാണ്. വിദ്യാസമ്പന്നരും സാമൂഹ്യ പ്രതിബദ്ധതയുമുള്ള കേരളീയരുടെ കടമയാണിതെന്നുള്ളത് വിസ്മരിക്കാൻ പാടില്ല. ആയതിനാൽ വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിനായി അതിനുതകുന്ന നിലയിൽ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അടിയന്തര നടപടികളുണ്ടാകണമെന്ന് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ആവശ്യപ്പെടുകയാണ്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, ബഹുമാന്യനായ ചീഫ് വിപ്പ്

തോമസ് ഉണ്ണിയാടൻ പറഞ്ഞ പോസിറ്റീവായ നിർദ്ദേശങ്ങളെയെല്ലാം ഞാൻ അംഗീകരിക്കുകയാണ്. വാഹനങ്ങളുടെ പെരുപ്പം, അപരിചിതമായ റോഡുകൾ, ആധുനിക സംവിധാനങ്ങളുടെ അപര്യാപ്തത, മദ്യപിച്ച് വാഹനം ഓടിക്കുക, ഡ്രൈവിംഗിലെ നിയമലംഘനം, അശാസ്ത്രീയമായ ഡ്രൈവിംഗ് പഠനം, വാഹനങ്ങളുടെ ഫിറ്റ്നസ് ഇല്ലായ്മ എന്നീ പ്രധാനപ്പെട്ട ആറ് കാര്യങ്ങളാണ് വാഹനാപകടങ്ങളുണ്ടാകുന്നതിനുള്ള പ്രധാനപ്പെട്ട കാരണങ്ങളായി പ്രഥമദൃഷ്ട്യാ കാണുന്നത്. വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി സ്റ്റേജ് ക്യാരേജുകളിലും ഹെവി വാഹനങ്ങളിലും സ്കൂൾ വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനയും ഓഫീസ് തലങ്ങളിൽ നടന്നുവരുന്ന ചെക്കിംഗുകളും അമിത വേഗത്തിലോടുന്ന വാഹനങ്ങൾക്കെതിരെ കർക്കശ നടപടിയും സ്വീകരിക്കുന്നുണ്ട്. ഇതുകൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഡ്രൈവർമാർക്ക് പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിക്കുകയും അമിത വേഗതയ്ക്കെതിരെ അവബോധം സൃഷ്ടിക്കാനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുകയും ചെയ്തുവരുന്നുണ്ട്. മദ്യപിച്ചും അശ്രദ്ധമായും വാഹനം ഓടിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുക, സസ്പെന്റ് ചെയ്യുക, പിഴ ഈടാക്കുക തുടങ്ങിയ നടപടികളും സ്വീകരിച്ചുവരുന്നു. ജില്ലാ തലങ്ങളിൽ സ്പീഡ് ട്രേസറുകൾ ഉപയോഗിച്ചും മേഖലാ തലങ്ങളിൽ അത്യാധുനിക റഡാർ സംവിധാനങ്ങളും ഇന്റർസെപ്റ്ററുകളും ഉപയോഗിച്ചും വാഹനങ്ങളുടെ അമിത വേഗത കണ്ടു പിടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇതിനുപുറമെ വാഹനങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക്സ്പോട്ടുകൾ കണ്ടെത്തി പൊതുമരാമത്ത് വകുപ്പിന്റെയും മറ്റ് വകുപ്പുകളുടെയും സഹായത്തോടുകൂടി തിരുത്തൽ നടപടികൾ സ്വീകരിച്ച വരുന്നുണ്ട്. റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിനും റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി നടത്തുന്നതിനും വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ചുവരുന്നു. കൂടാതെ മഴക്കാലത്തിന് മുന്നോടിയായി പ്രത്യേക പ്രീ-മൺസൂൺ പരിശോധനകളും ഡിപ്പാർട്ട്മെന്റ് നടത്തുന്നുണ്ട്. 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള റോഡ് സുരക്ഷാ അതോറിറ്റി റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ ഏജൻസികളുടെയും സർക്കാർ വകുപ്പുകളുടെയും പ്രവർത്തനം ഏകോപിപ്പിക്കുകയാണ്. റോഡപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി കേരള പോലീസ് ആക്ട് സെക്ഷൻ 72 പ്രകാരം ട്രാഫിക് റെഗുലേറ്ററി കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ

നടത്തിവരുന്നുണ്ട്. പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ എന്നിവിടങ്ങളിലെ പ്രസിഡന്റ്/ ചെയർമാൻ അദ്ധ്യക്ഷൻമാരായും ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവി, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ പ്രതിനിധികളടങ്ങുന്ന ഒരു സമിതി രൂപീകരിച്ച് പഞ്ചായത്തുകളിലെ ട്രാഫിക് റെഗുലേറ്ററി കമ്മിറ്റികൾ വേറെയും പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ മൂന്ന് ദശാബ്ദക്കാലമായി കേരളത്തിലെ റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട മേഖലകളിൽ വിലയേറിയ സംഭാവനകൾ നാറ്റ്പാക് നൽകിവരുന്നുണ്ട്. റോഡ് സുരക്ഷയ്ക്കായി ബന്ധപ്പെട്ട പല പഠനങ്ങളും നാറ്റ്പാക് നടത്തിയിട്ടുണ്ട്. റോഡപകടങ്ങൾ പരമാവധി കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ ഗതാഗത വകുപ്പ്, പൊതു വിദ്യാഭ്യാസ വകുപ്പ്, നാഷണൽ ഹൈവേ അതോറിറ്റി എന്നീ വിവിധ സർക്കാർ വകുപ്പുകളുമായി ചേർന്ന് പോലീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ 'ശുഭയാത്ര 2015' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ ഇതിനേക്കാൾ നല്ല നടപടികളുണ്ടെങ്കിൽ അതും നടപ്പിലാക്കുന്നതാണ്.

ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ് ജനസൗഹൃദമായി പോകാനാണ് തീരുമാനിച്ചിട്ടുള്ളത്. അതിന്റെ ഫലമായി ഇന്നലത്തെ ക്യാബിനറ്റിൽ കേരള ചരിത്രത്തിലാദ്യമായി 72 കോടി രൂപയുടെ ആനുകൂല്യം സാധാരണ യാത്രക്കാർക്ക് നൽകത്തക്ക വിധത്തിൽ കെ.എസ്.ആർ.ടി.സി. ഓർഡിനറി ബസുകളുടെ ചാർജ് കുറച്ചിട്ടുണ്ട്. കൂടാതെ 135000 (ഒരു ലക്ഷത്തി മുപ്പത്തി അയ്യായിരം) കുട്ടികൾക്ക് സമ്പൂർണ്ണ സൗജന്യം കൊടുത്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. പോലുള്ള പൊതുമേഖലാ സ്ഥാപനം എടുക്കാവുന്നതിലധികം ഭാരം എടുക്കുകയാണ്. അതോടൊപ്പം ജനങ്ങളുടെ താല്പര്യം പൂർണ്ണമായി പരിഗണിച്ച് മുന്നോട്ടുപോകുന്നതിനാണ് ശ്രമിക്കുന്നത്.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : സർ, ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഒട്ടനവധി പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ട്. എങ്കിലും റോഡപകടങ്ങളുടെ കാര്യത്തിൽ കാര്യമായ കുറവുണ്ടാക്കാൻ കഴിയുന്നില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. റോഡപകടങ്ങളുടെ കാര്യത്തിൽ കേരളമാണ് ഇന്ത്യയിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്നത്. റോഡപകടങ്ങൾ കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. പക്ഷേ റോഡപകടങ്ങളിൽ ഒരു കുറവും ഉണ്ടാകുന്നില്ല. എല്ലാ മാസവും വ്യത്യസ്ത ഡിപ്പാർട്ട്മെന്റുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു അവലോകന മീറ്റിംഗ് നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഈ നിർദ്ദേശം ഞാൻ അംഗീകരിക്കുകയാണ്. ജില്ലാതലത്തിലും പഞ്ചായത്ത് അടിസ്ഥാനത്തിലും ഇതു സംബന്ധിച്ച് ഒരു കമ്മിറ്റിയുണ്ട്. ആ കമ്മിറ്റിയുടെ കാര്യമാണ് ഞാൻ നേരത്തെ പറഞ്ഞത്. എല്ലാ മാസവും ആ കമ്മിറ്റികൾ കൂടുന്നതിനുള്ള പ്രത്യേക നിർദ്ദേശം നൽകുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : Sri. A. K. Balan, not in the seat.

(നോട്ടീസ് നൽകിയിരുന്ന അംഗം സീറ്റിൽ ഇല്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

## IV സബ്മിഷൻ

### (1) എ. ആർ. ക്യാമ്പ് പുനഃസ്ഥാപിക്കലും എയ്ഡ് പോസ്റ്റ് ആരംഭിക്കലും

ശ്രീ. ആർ. സെൽവരാജ് : സർ, താലൂക്കിന്റെ തലസ്ഥാനം എന്നുള്ള നിലയ്ക്ക് നെയ്യാറ്റിൻകരയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന എ.ആർ. ക്യാമ്പ് അവിടെനിന്നും കടലോര മേഖലയായ പുളിങ്കുടിയിലേക്ക് മാറ്റി സ്ഥാപിക്കുകയുണ്ടായി. അവിടെ കുടിവെള്ളംപോലും ലഭ്യമല്ല. അതുമാത്രമല്ല, കടൽക്കാറ്റ് അടിച്ച് തോക്കും മറ്റ് സാമഗ്രികളുമൊക്കെ തുരുമ്പെടുത്ത് നശിച്ചുപോകുന്ന അവസ്ഥയാണുള്ളത്. നിത്യേന കുടിവെള്ളം എത്തിക്കുന്നതിന് ഭാരിച്ച തുകയാണ് ഗവൺമെന്റിന് ചെലവഴിക്കേണ്ടി വരുന്നത്. ഇത്തരമൊരു സാഹചര്യത്തിൽ എല്ലാ പശ്ചാത്തല സൗകര്യങ്ങളുമുള്ള നെയ്യാറ്റിൻകര പോലീസ് ഓഫീസ് കോംപ്ലക്സിനോട് ചേർന്ന് ഈ ക്യാമ്പ് പുനഃസ്ഥാപിക്കണമെന്നും വളരെയേറെ തിക്കും തിരക്കുമേറിയ അതിയന്നൂരിൽ ക്രിമിനലുകളുടെ ശല്യം പെരുകി വരുന്ന സാഹചര്യത്തിൽ അതിയന്നൂർ പഞ്ചായത്തിൽ ഒരു പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കണമെന്നുമുള്ളതാണ് എന്റെ സബ്മിഷൻ.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, 37 പോലീസ് സ്റ്റേഷനുകൾ ഉൾക്കൊള്ളുന്ന വിശാലമായ പ്രദേശമാണ് തിരുവനന്തപുരം റൂറൽ ജില്ല. നെയ്യാറ്റിൻകര, നെടുമങ്ങാട്, ആറ്റിങ്ങൽ എന്നീ പോലീസ് സബ്ഡിവിഷനുകളിലായി വ്യാപിച്ചുകിടക്കുന്ന റൂറൽ ജില്ലയിൽ ഏതു ഭാഗത്തേക്കും എളുപ്പത്തിൽ എത്തിപ്പെടുന്നതിന് കേന്ദ്രീകൃതമായ സ്ഥാനത്ത് സേനാംഗങ്ങളുടെ വിന്യാസം ഏർപ്പെടുത്തേണ്ടത് വളരെ അത്യാവശ്യമാണ്.

നിലവിലുള്ള എ. ആർ. ക്യാമ്പ് പുളിങ്കുടിയിലാണ് പ്രവർത്തിക്കുന്നത്. ഇവിടെനിന്നും നെയ്യാറ്റിൻകര ഭാഗത്തേക്കല്ലാതെ മറ്റു സബ്ഡിവിഷനുകളിലേക്ക് എളുപ്പത്തിൽ എത്തിപ്പെടാൻ സാധിക്കുകയില്ല എന്ന കാര്യം കണക്കിലെടുത്ത് പുളിങ്കുടി ക്യാമ്പിലെ രണ്ട് പ്ലാറ്റൂൺ സേനാംഗങ്ങളെ നെയ്യാറ്റിൻകരയിൽ ഡിറ്റാച്ചുമെന്റ് ക്യാമ്പായി ഷിഫ്റ്റ് ചെയ്യുന്നതിനും ശേഷിക്കുന്ന മുഴുവൻ സേനാംഗങ്ങളെയും മേൽപ്പറഞ്ഞ മൂന്ന് സബ്ഡിവിഷന്റെ കീഴിലുള്ള പ്രദേശങ്ങളിൽ ബുദ്ധിമുട്ടില്ലാതെ എത്തിപ്പെടാൻ സൗകര്യമുള്ള മേനംകുളത്തുള്ള സർക്കാരിന്റെ അധീനതയിലുള്ളതും കഴിഞ്ഞ നാഷണൽ ഗെയിംസ് സമയത്ത് ഗെയിംസ് വില്ലേജായി ഉപയോഗിച്ചതുമായ 30 ഏക്കർ സ്ഥലത്തേക്ക് ഷിഫ്റ്റ് ചെയ്യുന്നതിനും അനുമതി തേടിക്കൊണ്ട് ഒരു പ്രൊപ്പോസൽ ലഭിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പുളിങ്കുടിയിൽ പ്രവർത്തിക്കുന്ന എ. ആർ. ക്യാമ്പിലെ രണ്ട് പ്ലാറ്റൂണുകൾ വേർപെടുത്തി നെയ്യാറ്റിൻകര പോലീസ് കോംപ്ലക്സിൽ ഒരു ഡിറ്റാച്ചുമെന്റ് ക്യാമ്പ് സ്ഥാപിക്കുന്നതിന് 10-2-2014-ൽ ഞാൻ തന്നെ ഉത്തരവുനല്കിയിട്ടുള്ളതാണ്. അതിയന്നൂരിൽ ഒരു പോലീസ് എയ്ഡ് പോസ്റ്റ് ആരംഭിക്കണമെന്നുള്ളതാണ് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ നിർദ്ദേശം. ഔട്ട് പോസ്റ്റ് ആരംഭിക്കാൻ പറ്റില്ല, ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് സമ്മതമാണെങ്കിൽ ഒരു എയ്ഡ് പോസ്റ്റ് (കൂടുതൽ സ്റ്റാഫ് ഇല്ലാതെ) അനുവദിക്കാവുന്നതാണ്. അതിയന്നൂരിൽ അക്രമം കൂടുതലാണെന്നുള്ള അഭിപ്രായം എനിക്കില്ല. അങ്ങേക്കും അറിയാവുന്നതാണ്, അതിയന്നൂർ നല്ല പ്രദേശമാണ്. ഒരു എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിനെപ്പറ്റി ബഹുമാനപ്പെട്ട മെമ്പറുമായി ആലോചിച്ച് തീരുമാനിക്കാവുന്നതാണ്.

### (2) വാഹനാപകടം ഒഴിവാക്കുന്നതിന് നടപടി

ശ്രീ. ടി. എൻ. പ്രതാപൻ : സർ, നേരത്തെ ബഹുമാനപ്പെട്ട ചീഫ് വിപ്പ് ശ്രദ്ധ ക്ഷണിക്കൽ പ്രമേയത്തിൽ പറഞ്ഞതുപോലെ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന വാഹനാപകടങ്ങളുടെ ഭാഗമായി ദേശീയപാത 17-ൽ കൊടുങ്ങല്ലൂരിലെ ബൈപ്പാസ് റോഡ് മൂന്നര കിലോമീറ്റർ ഉദ്ഘാടനം പൂർത്തിയാക്കിയ സ്ഥലത്ത് വലിയ അപകടങ്ങൾ ഉണ്ടാവുകയാണ്. അതിന്റെ ഉദ്ഘാടനം കഴിഞ്ഞ് 15 മാസത്തിനുള്ളിൽ 15 പേരാണ് അവിടെ മരണപ്പെട്ടത്. കഴിഞ്ഞ ഏതാനും ആഴ്ചകൾക്കുള്ളിൽ തുടർച്ചയായി മൂന്ന് മരണങ്ങളുണ്ടായി. എൻ.എച്ച്-17-ൽ ഇത്രയും സ്ട്രെയിറ്റായ ഒരു ഭാഗം ഉണ്ടാകാനിടയില്ല. ഇതിനുമുൻപുണ്ടായ നിരവധി

അപകടങ്ങളുടെ അടിസ്ഥാനത്തിൽ റോഡ് സുരക്ഷാ ഉദ്യോഗസ്ഥന്മാരെല്ലാം അവിടെ വരികയുണ്ടായി. എന്റെ അഭ്യർത്ഥന കൂടി കണക്കിലെടുത്ത് ടോമിൻ തച്ചങ്കരി, ഐ.പി.എസ്. ഉൾപ്പെടെയുള്ളവർ നേരിട്ടുവന്ന് അവിടെ പരിശോധന കളൊക്കെ നടത്തുകയും നിരവധി നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുകയുമുണ്ടായി. എങ്കിലും ഇതിനകത്ത് കാര്യമായ നടപടിക്രമങ്ങളൊന്നും പൂർത്തിയായിട്ടില്ല. ഇത് വലിയൊരു ജനകീയ പ്രശ്നമായി മാറിയിരിക്കുകയാണ്. അതുകൊണ്ട് അവിടെ നിരന്തരമായി ഉണ്ടാകുന്ന റോഡപകടങ്ങളെക്കുറിച്ച് പഠിക്കുന്നതിന് ഒരു ഉന്നതതല സമിതിയെ നിയമിക്കണം. അതുസംബന്ധിച്ച് പഠനം നടത്തണം. കൂടാതെ റോഡപകടങ്ങൾ ഒഴിവാക്കാൻവേണ്ടിയുള്ള അടിയന്തര നടപടിയുണ്ടാകണം. ഈ കാര്യത്തിൽ സത്വരമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, അങ്ങ് ഇവിടെ പറഞ്ഞതുപോലെ തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ബൈപ്പാസിന്റെ റോഡ് സുരക്ഷിതത്വവുമായി ബന്ധപ്പെട്ട് റഡാർ സർവ്വെയ്‌ലൻസ് സിസ്റ്റം ഉപയോഗിച്ച് അമിതവേഗം, ചുവപ്പ് ലൈറ്റ് ലംഘനം കണ്ടുപിടിക്കൽ തുടങ്ങിയ നടപടികൾ നടത്തുന്നുണ്ട്. സ്പീഡ് ലിമിറ്റ് എത്രയാണെന്ന ബോർഡ് അവിടെ വച്ചിട്ടുണ്ട് എന്നാണ് എനിക്ക് കിട്ടിയ റിപ്പോർട്ട്. ഈയടുത്ത കാലത്താണ് ട്രാൻസ്പോർട്ട് കമ്മീഷണർ അവിടെ സന്ദർശിച്ചതെന്നാണ് ഞാൻ മനസ്സിലാക്കിയത്. ട്രാൻസ്പോർട്ട് കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചശേഷം സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുവേണ്ടി ചെയ്യാവുന്ന എല്ലാകാര്യങ്ങളും അങ്ങുമായി ആലോചിച്ച് നിർവ്വഹിക്കുന്നതാണ്. ഇവിടെ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള നടപടികളുമായി മുന്നോട്ടു പോകും. അവിടത്തെ റോഡ് സുരക്ഷാ ജോലികൾക്കായി റോഡ് സുരക്ഷാഫണ്ടിൽ നിന്ന് 33,40,234 രൂപ അനുവദിച്ചിട്ടുണ്ട്. ആ തുക ഉപയോഗിച്ച് അങ്ങ് നിർദ്ദേശിക്കുന്ന മറ്റു നടപടികൾ കൂടി സ്വീകരിക്കാം.

## (3) സൗജന്യ കൊളോസ്റ്റമി കിറ്റ് വിതരണം

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : സർ, എന്റെ നിയോജക മണ്ഡലത്തെ ബാധിക്കുന്ന ഏതെങ്കിലും ഒരു പ്രത്യേക വിഷയമല്ല ഈ സബ്മിഷനിലൂടെ ഞാൻ അവതരിപ്പിക്കുന്നത്. നമ്മുടെയെല്ലാവരുടെയും സഹതാപവും അനുകമ്പയും അർഹിക്കുന്ന ഗൗരവമേറിയ ഒരു വിഷയമാണ് ഈ സബ്മിഷനിലൂടെ ഞാൻ

അവതരിപ്പിക്കുന്നത്. ദുരിതങ്ങളുടെ മാറാപ്പു ചുമക്കുന്ന പരശതം ആളുകൾക്ക് റിലീഫ് നല്കുന്ന ഒരു പ്രഖ്യാപനം ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് ഞാൻ പ്രത്യാശിക്കുകയാണ്. വൻകുടലിൽ ക്യാൻസർ ബാധിച്ചവർക്ക് കൊളോസ്റ്റമി കിറ്റുകൾ സൗജന്യമായി നല്കണമെന്നുള്ളതാണ് എന്റെ ആവശ്യം. വൻകുടലിന്റെ ചില ഭാഗങ്ങളിൽ ക്യാൻസർ ബാധിക്കുമ്പോൾ മലം പുറത്തുപോകാൻ പ്രത്യേകമായി ഉണ്ടാക്കുന്ന ഒരു സംവിധാനമാണ് കൊളോസ്റ്റമി. ഉദരഭിത്തിയുടെ കീഴ്ഭാഗത്ത് ദ്വാരമുണ്ടാക്കി കുടലിന്റെ ഒരു ഭാഗം പുറത്തേക്ക് തുറക്കുന്നു. അതിലൂടെ വരുന്ന മലം പ്രത്യേകമായി സംവിധാനം ചെയ്ത ചെറിയ പ്ലാസ്റ്റിക് ബാഗിൽ ശേഖരിക്കപ്പെടുന്നു. ഇതാണ് കൊളോസ്റ്റമി എന്നു പറയുന്നത്. വൻകുടലിലും മലാശയത്തിലും ക്യാൻസർ ബാധിച്ച രോഗികളിൽ ഭൂരിഭാഗം പേർക്കും ആജീവനാന്തം കൊളോസ്റ്റമി വഴി മലം പുറത്തു കളയേണ്ടിവരുന്നു. രോഗം മാറിയാലും ജീവിതകാലം മുഴുവൻ ശരീരത്തിൽ കൊളോസ്റ്റമി ബാഗും വച്ചു നടക്കേണ്ട അവസ്ഥ നമുക്കെല്ലാവർക്കും ഊഹിക്കാവുന്നതേയുള്ളൂ. എത്രമാത്രം ദുരിതമാണ് ഇത്തരം ആളുകൾ അനുഭവിക്കുന്നത്. ബാഗിനുള്ള സാമ്പത്തിക ചെലവ് ഇവർക്ക് താങ്ങാൻ കഴിയുകയില്ല. 10 ബാഗുകളുള്ള കൊളോസ്റ്റമി കിറ്റിന് 850 രൂപയാണ് വില. ഒരു കിറ്റ് 15 ദിവസത്തേക്ക് മതിയാകും. ഒരു മാസം 1700 രൂപ വേണം. ഈ രോഗികളെ സംബന്ധിച്ചിടത്തോളം സാമ്പത്തിക ബാധ്യത ഒരിക്കലും താങ്ങാൻ കഴിയുന്നതല്ല. നമ്മുടെ ഗവൺമെന്റ് ഒരുപാട് ജീവകാരുണ്യ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. നിരവധി രോഗികളെയും നിരാലംബരേയും സഹായിക്കുന്നുണ്ട്. ഈ വിഭാഗത്തിനും സഹായം നല്കണമെന്നതാണ് എന്റെ അപേക്ഷ.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ഈ രോഗത്തിന്റെ കാര്യം വിശദമായി ബഹുമാനപ്പെട്ട മെമ്പർ തന്നെ ഇവിടെ സൂചിപ്പിച്ചു. കൊളോസ്റ്റമി വഴി മലം പുറത്തേക്ക് വരുന്നവർക്ക് രോഗം മാറിയാലും ജീവിതകാലം മുഴുവൻ ശരീരത്തിൽ കൊളോസ്റ്റമി ബാഗ് വയ്ക്കേണ്ട ആവശ്യകതയുണ്ട് എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അങ്ങനെയുള്ള സാഹചര്യത്തിൽ 2000-ത്തോളം രൂപ പ്രതിമാസം ചെലവു വരുന്നു എന്നുള്ളത് കണക്കാക്കപ്പെട്ടിട്ടുണ്ട്. കാരുണ്യ ബെനവലന്റ് ഫണ്ടുവഴി കൊളോസ്റ്റമി ബാഗിനുള്ള സാമ്പത്തിക സഹായം ഇപ്പോൾ നിലവിലുണ്ട്. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന രോഗികൾക്ക് സൗജന്യമായി കൊളോസ്റ്റമി ബാഗ് നല്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

### (4) സ്റ്റാഫ് നഴ്സുമാരുടെ നിയമനം

ശ്രീ. എ. റ്റി. ജോർജ് : സർ, 2016 നവംബർ മാസത്തിൽ അവസാനിക്കുന്ന പി.എസ്.സി.-യുടെ സ്റ്റാഫ് നഴ്സ് തസ്തികയിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. ആരോഗ്യ രംഗത്ത് ഒരുപാട് കാര്യങ്ങളിൽ നമ്മൾ മുന്നോട്ടുപോയിട്ടുണ്ടെങ്കിലും നഴ്സുമാരുടെ കാര്യത്തിൽ മാത്രം 1961-ലെ സ്റ്റാഫ് പാറ്റേൺ ആണ് ഇന്നും തുടർന്നുവരുന്നത്. ഒരു ഡോക്ടർക്കും രോഗിക്കുമിടയിൽ നിന്നുകൊണ്ട് മാലാഖമാരെപ്പോലെ പ്രവർത്തിക്കുന്നവരാണ് നഴ്സുമാർ. പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട 583 പേരിൽ 154 പേർക്ക് മാത്രമാണ് ഇതുവരെ നിയമനം ലഭിച്ചിട്ടുള്ളത്. നിയമന ഉത്തരവ് ലഭിക്കുമെന്ന് പ്രതീക്ഷിച്ച് നിരവധി ഉദ്യോഗാർത്ഥികൾ കാത്തിരിക്കുകയാണ്. അവർക്ക് ഇനി ജോലി കിട്ടുന്നതിനു വേണ്ടിയുള്ള അവസരം തന്നെ നഷ്ടപ്പെടുന്ന അവസ്ഥയാണ്. സർക്കാരിന്റെ പുതിയ ആരോഗ്യ നയപ്രകാരം 4:1 എന്ന അനുപാതത്തിലുള്ള പുതിയ സ്റ്റാഫ് പാറ്റേൺ അംഗീകരിക്കണം. അത് അംഗീകരിച്ചുകഴിഞ്ഞാൽ ഇത്രയും നഴ്സുമാരെ നമുക്ക് നിയമിക്കുവാൻ സാധിക്കും. സംസ്ഥാനത്ത് പഠിച്ച് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽപോയി ജോലി ചെയ്യുന്ന നഴ്സുമാരെ നമുക്ക് മറക്കുവാൻ കഴിയില്ല. നമ്മുടെ രാജ്യത്തിന് ആവശ്യമായ വിദേശനാണ്യം നേടിത്തരുന്നവരാണ് അവർ. പലപ്പോഴും വിദേശത്ത്, ഇറാൻ പോലുള്ള രാജ്യങ്ങളിൽ യുദ്ധം നടന്നപ്പോൾ നമ്മുടെ നഴ്സുമാർ അവിടെ അനുഭവിച്ച ബുദ്ധിമുട്ടുകൾ നാമെല്ലാം മനസ്സിലാക്കിയതാണ്. നമ്മുടെ സംസ്ഥാനത്തുതന്നെ പാവപ്പെട്ട ഒരുപാട് ഉദ്യോഗാർത്ഥികൾ നിയമനം ലഭിക്കുന്നതിനായി കാത്തിരിക്കുന്നുണ്ട്. അതുകൊണ്ട് അവർക്ക് ജോലി നൽകുവാനുള്ള അവസരം കൂടി നൽകേണ്ടതുണ്ട്. അത് ഒരു സാമൂഹിക ഉത്തരവാദിത്തമായി കണക്കാക്കിക്കൊണ്ട് 4:1 എന്ന അനുപാതത്തിലുള്ള സ്റ്റാഫ് പാറ്റേൺ അംഗീകരിച്ചുകൊണ്ട് നഴ്സുമാരെ നിയമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള ആശുപത്രികളിൽ നിലവിലുള്ളത് 1961-ലെ സ്റ്റാഫ് പാറ്റേൺ ആണ്. ഐ.പി. വിഭാഗം പ്രവർത്തിക്കുന്ന ആശുപത്രിയിലെ കിടക്കകളുടെ എണ്ണം അടിസ്ഥാനമാക്കിയാണ് നഴ്സുമാരെ നിയമിക്കുന്നത്. അതുപ്രകാരം നഴ്സും ഐ.പി. വിഭാഗത്തിലെ കിടക്കകളും തമ്മിലുള്ള അനുപാതം 1:10 ആണ്. എന്നാൽ 2008-ലെ സർക്കാർ ഉത്തരവ് പ്രകാരം കിടക്കകളുടെ എണ്ണം മാത്രമല്ല ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന ചികിത്സാ സൗകര്യംകൂടി കണക്കിലെടുക്കുന്നുണ്ട്. ഈ സർക്കാർ

അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന് കീഴിൽ DME, DHS എന്നീ വിഭാഗങ്ങളിൽ ഡോക്ടർമാരുൾപ്പെടെ അയ്യായിരത്തിലേറെ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. ഡി.എച്ച്.എസിൽ 874-ഉം ഡി.എം.ഇ.-യുടെ കീഴിൽ 350-ലേറെയും നഴ്സുമാരുടെ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II തസ്തികയിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും 16-1-2016 വരെ 166 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ്-II തസ്തികയിൽ നിന്നും പ്രൊമോഷൻ നൽകുമ്പോൾ 19 ഒഴിവുകളാണ് ഉണ്ടാകുന്നത്. കൂടാതെ വലിയതുറ കോസ്റ്റൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ പുതിയതായി സൃഷ്ടിച്ച 5 സ്റ്റാഫ് നഴ്സ് ഗ്രേഡ്-II തസ്തികയിലെ ഒഴിവുകൾ ഉൾപ്പെടെ 24 ഒഴിവുകൾ ഉടൻ തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. സംസ്ഥാനത്ത് ഒഴിവുകൾ വരുന്ന മുറയ്ക്ക് ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## V മേശപ്പുറത്തുവച്ച കടലാസുകൾ

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, 2015-ലെ 'ഇക്കണോമിക് റിവ്യൂ'. ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ചട്ടം 47(2) അനുസരിച്ചുള്ള പ്രത്യേക ലിസ്റ്റ് പ്രകാരം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 2977, പതിനാലാം സമ്മേളനത്തിലെ 2498, 2511, 3734 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 3040, പന്ത്രണ്ടാം സമ്മേളനത്തിലെ 1260, 4740, പതിനാലാം സമ്മേളനത്തിലെ 5209, 5223, പതിനഞ്ചാം സമ്മേളനത്തിലെ 1292, 1648, 3008, 3055, 4401 എന്നീ

നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രിയ്ക്കുവേണ്ടി താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 3959 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

## VI റിപ്പോർട്ട് സമർപ്പണം

(1) കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ, കാർഷിക വിവരവും വിനിമയവും, കാർഷിക സേവന കേന്ദ്രങ്ങളും സേവന വിതരണവും, മണ്ണ് സംരക്ഷണ പദ്ധതികൾ, മണ്ണ് പര്യവേഷണം എന്നീ വിഷയങ്ങൾ സംബന്ധിച്ച റിപ്പോർട്ട്

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ, കാർഷിക വിവരവും വിനിമയവും, കാർഷിക സേവന കേന്ദ്രങ്ങളും സേവന വിതരണവും, മണ്ണ് സംരക്ഷണ പദ്ധതികൾ, മണ്ണ് പര്യവേഷണം എന്നീ വിഷയങ്ങൾ സംബന്ധിച്ച I-ാം നമ്പർ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

(2) നെല്ല് വികസനം, ജൈവ പച്ചക്കറി കൃഷി, ഹൈടെക് അഗ്രിക്കൾച്ചർ, സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, വിള ആരോഗ്യ പരിപാലനം, നിറവ്-കാർഷിക വികസനത്തിനുള്ള സമഗ്ര പദ്ധതി എന്നീ വിഷയങ്ങൾ സംബന്ധിച്ച റിപ്പോർട്ട്

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, നെല്ല് വികസനം, ജൈവ പച്ചക്കറി കൃഷി, ഹൈടെക് അഗ്രിക്കൾച്ചർ, സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, വിള ആരോഗ്യ പരിപാലനം, നിറവ്-കാർഷിക വികസനത്തിനുള്ള സമഗ്ര പദ്ധതി എന്നീ വിഷയങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ റിപ്പോർട്ട് സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## VII ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ. സി. പി. മുഹമ്മദ് : സർ, ബഹുമാനപ്പെട്ട ഗവർണർ റിട്ട. ജസ്റ്റിസ് ശ്രീ. പി. സദാശിവം നിയമസഭയിൽ നടത്തിയ പ്രസംഗത്തിന് ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. രണ്ടുപേർ മൂത്രമൊഴിക്കാൻ പോയാൽ ഈ സർക്കാർ തകരുമെന്ന് പ്രവചിച്ച

വിനാശത്തിന്റെ പ്രവാചകന്മാരുടെ പ്രതീക്ഷകൾ പൂവണിയാതെ ഈ സർക്കാർ അഭിമാനപൂർവ്വം മുന്നോട്ടുപോവുകയാണ്. 5 വർഷത്തെ ഭരണനേട്ടങ്ങളെക്കുറിച്ചോ ഭരണ വൈകല്യങ്ങളെക്കുറിച്ചോ പ്രതിപക്ഷത്തിന് ഒന്നും പറയാനില്ല. പ്രതിപക്ഷം യഥാർത്ഥത്തിൽ പ്രതികളുടെ പക്ഷത്തുതന്നെയാണ് എന്നവർ ബോധ്യപ്പെടുത്തുന്നു. നസ്രത്തിൽ നിന്ന് നന്മ പ്രതീക്ഷിക്കരുതെന്ന് യോഹന്നാന്റെ സുവിശേഷത്തിൽ പറഞ്ഞതുപോലെ ഞങ്ങൾ പ്രതിപക്ഷത്തു നിന്ന് ഒരു നന്മയും പ്രതീക്ഷിക്കുന്നില്ല. വികസനവും കരുതലുമാണ് ഞങ്ങളുടെ മുദ്രാവാക്യമെങ്കിൽ പ്രതിപക്ഷത്തിന്റെ മുദ്രാവാക്യം വിമർശനവും കാപട്യവുമാണ്. ഈ സർക്കാരിനെ താഴെയിറക്കാൻ നിങ്ങൾതന്നെ കള്ളന്മാരും സ്ത്രീലമ്പടന്മാരുമായി വിശേഷിപ്പിച്ച സർവ്വ കള്ളന്മാരുടേയും കൺസോർഷ്യമുണ്ടാക്കിയാണ് ഞങ്ങൾക്കെതിരെ പോരാടുന്നത്. രാഷ്ട്രീയത്തിൽ പരാജയപ്പെടുമ്പോൾ സ്ത്രീകളെ മുൻപന്തിയിൽ നിർത്തി അപവാദപ്രചരണവും സ്വഭാവഹത്യയും നടത്തുന്നത് പ്രതിപക്ഷത്തിന്റെ കുലത്തൊഴിലാണ്. ഭീഷ്മരെ കൊല്ലാൻ ശിഖണ്ഡിയെ മുന്നിൽ നിർത്തിയതുപോലെ ഓരോ കാലത്തും നിങ്ങൾ ഓരോരുത്തരെ മുന്നിൽ നിർത്തും. പി.ടി. ചാക്കോയെ വീഴ്ത്തിയ പീച്ചിയും തങ്കമണിയും സൂര്യനെല്ലിയും മറിയം റഷീദയുമൊന്നും കേരളീയർ മറന്നിട്ടില്ല. സ്വന്തം പാർട്ടിയിൽപ്പെട്ടവരുടെ കഥകഴിക്കാൻ പാർട്ടി ഓഫീസുകളിൽ ഒളിക്യാമറ വച്ച് ഒളിസേവക്കാരെ പിടികൂടിയവരാണ് നിങ്ങൾ. ഇപ്പോൾ രാഷ്ട്രീയ മുദ്രാവാക്യങ്ങൾ വിസ്മരിച്ച് 'സരിതായ നമഃ, ബിജു രാധാകൃഷ്ണായ നമഃ, ബിജുരമേശായ നമഃ' എന്ന് അഖണ്ഡനാമം ചൊല്ലുകയാണ് പ്രതിപക്ഷം. മദ്യത്തേയും മദിരാക്ഷിയേയും കൂട്ടുപിടിച്ച് മന്ത്രിസഭയെ തകർക്കാൻ പറ്റുമോ എന്നാണ് അവരുടെ പരീക്ഷണം. നാടൻ ഭാഷയിൽ പറഞ്ഞാൽ 'കള്ളും കള്ളിയുമാണ്' പ്രതിപക്ഷത്തിന് കൂട്ട്. ഗീതോപദേശത്തേക്കാൾ സരിതോപദേശമാണ് പ്രതിപക്ഷത്തിന് വലുത്. അടുത്തുതന്നെ എ.കെ.ജി. സെന്ററിൽ നിന്ന് സരിതാ കഥാസാഗരം എന്ന പുസ്തകം പ്രീ പബ്ലിക്കേഷനിൽ പുറത്തിറങ്ങുന്നത് കാണുവാൻ സാധിക്കും. 'സരി രിസ സരിരിരിസ സരിഗമ ഗമരിസ സരിതഗമ' എന്ന പുതിയ കൃതി പുതിയ താളരാഗവാദ്യങ്ങളോടെ കച്ചേരി നടത്തുവാൻ നിങ്ങൾക്ക് നാണമില്ലല്ലോ? ലളിത ചമയുന്ന പൂതനമാർ വിചാരിച്ചാൽ ഈ സർക്കാരിനെ ഒരു ചുക്കും ചെയ്യാൻ സാധിക്കുകയില്ല. ടോട്ടൽ ഫോർ യു തട്ടിപ്പ്, ആട്- തേക്ക് - മാഞ്ചിയം തട്ടിപ്പ് ഉൾപ്പെടെ കേരളത്തിൽ ഒരുപാട് തട്ടിപ്പുകൾ നടന്നിട്ടുണ്ട്. അവർ കേസിൽ പ്രതികളുമായിട്ടുണ്ട്. 'ജനകോടികളുടെ വിശ്വസ്ത

സ്ഥാപനം' എന്ന് അറ്റ്ലസ് ജ്വവലറി ഉടമ തന്നെ കൈരളി ടി.വി.-യിൽ ഒരു ദിവസം അനേകം തവണ പരസ്യം കൊടുക്കാറുണ്ട്. ആ ജ്വവലറി ഉടമ ഇന്ന് വിദേശത്ത് ജയിലിലാണ്. സരിതയെക്കൊണ്ട് കേരള ഖജനാവിന് നയാപൈസയുടെ നഷ്ടം വന്നിട്ടില്ല. സർക്കാർ അവിഹിതമായി ഒന്നും ചെയ്തുകൊടുത്തിട്ടില്ല. ജനങ്ങളെ വഞ്ചിച്ചതിന് കേസും എടുത്തിട്ടുണ്ട്. പിന്നെ സർക്കാർ രാജിവയ്ക്കണമെന്ന് പറയുന്നത് എവിടത്തെ ന്യായമാണ്. കഴിഞ്ഞ 5 കൊല്ലവും സർക്കാർ രാജി വയ്ക്കണമെന്ന് ഊണിലും ഉറക്കത്തിലും പിച്ചും പേയും പറയുന്ന നിങ്ങൾക്ക് വേണ്ടത് തലയിൽ നെല്ലിക്കാത്തളമാണെന്നാണ് എനിക്ക് പറയുവാനുള്ളത്. 60 ക്രിമിനൽ കേസിലെ പ്രതിയും ഭാര്യയെ കൊന്നതിന് ജീവപര്യന്തം തടവ് അനുഭവിക്കുന്നയാളുമായ ഒരു ക്രിമിനൽ, 33 കേസിൽ പ്രതിയായ ഒരുത്തൻ, അപഥസഞ്ചാരിണിയായ ഒരാളും, ചക്കിക്കൊത്ത ചങ്കരന്മാരും, എന്നിട്ട് സോളാർ കമ്മീഷനുമുമ്പിൽ ഗോഡ്ഫാദർ സിനിമയിൽ ആനപ്പാറ അച്ചാമ്മ 'പനിനീര് തളി ആനേ' എന്ന് പറയുന്നതുപോലെ ഉമ്മൻ ചാണ്ടിക്കെതിരെ 'പറ സരിതേ' എന്നുപറഞ്ഞ് ബഹളം വയ്ക്കുന്ന മാർക്സിസ്റ്റ് പാർട്ടിയുടെ തൊലിക്കട്ടിക്ക് മുമ്പിൽ സഖാവ് കാണ്ടാമൃഗം പോലും ആദരാഞ്ജലികൾ അർപ്പിച്ചുപോകും. ബാറുകൾ നിരോധിച്ചത് സുപ്രീം കോടതി ശരിവയ്ക്കും വരെ മുഖ്യമന്ത്രി എനിക്ക് അച്ഛനെപ്പോലെയാണെന്ന് പറഞ്ഞ സരിത മൊഴി മാറ്റിപ്പറഞ്ഞതിനു പിന്നിൽ കഥയും തിരക്കഥയും രചിച്ചത് ബാറുകാരാണ്. നാറിയവളെ പേറിയാൽ പേറിയവർ നാറും എന്നുള്ളത് ചരിത്ര സത്യമാണെന്ന് ഈ ചെയ്തികൾ ചെയ്യുന്നവർ ഓർക്കണം. ജ്വലിക്കുന്ന ഒരു അഗ്നിശിഖ പോലെ കുറിയേടത്ത് താത്രിക്കുട്ടി പ്രണയത്തിന്റെ പ്രചണ്ഡമായ പ്രതികാരത്തിന്റെ പ്രതിനായികയായി തിരയൊടുങ്ങാത്ത കടലിൽ മറഞ്ഞുപോയത് നമ്മുടെ ഭൂതകാലാവേശങ്ങളിലെ ഒരു പ്രഹേളികയാണ്. 1905-ൽ നടന്ന സ്മാർത്ത വിചാരം വില്യം ലോഗൻ തന്റെ മലബാർ മാന്വലിൽ വിസ്തരിച്ചു കൊടുത്തിട്ടുണ്ട്. സ്മാർത്തവിചാരത്തിൽ തെളിവെടുപ്പിന്റെ അവസാനം ശുചീന്ദ്രത്ത് തിളച്ച എണ്ണയിൽ കൈ മുക്കിക്കുമായിരുന്നുവെന്ന് കേട്ടിട്ടുണ്ട്. താത്രി കൈ മുക്കിയില്ല. പക്ഷെ സരിതയുടെ കൈ മുക്കിക്കാൻ അവരുടെ പിന്നാലെ നടക്കുന്നവർക്ക് നട്ടെല്ലുണ്ടോ? മലയാള മനസ്സിന്റെ കലയിലും കാമത്തിലും കലാപത്തിലും കള്ളത്തരത്തിലും കരിന്തിരി കത്തി നിൽക്കുകയും നിറഞ്ഞാടുകയും ചെയ്ത കുറിയേടത്ത് താത്രിയെ അനുസ്മരിപ്പിക്കുന്ന വിചാരണയാണ് സരിതയെ വച്ച് നടത്തുന്നത്. അഞ്ചാംപുരയിലാക്കി ഓതിക്കന്മാരും മാർക്സിസ്റ്റ് സ്മാർത്തന്മാരും

ചേർന്ന് പത്തുകോടി രൂപ മുടക്കി നടത്തുന്ന ഈ സ്മാർത്തവിചാരം കേരള ചരിത്രത്തിലെ അപഹാസ്യമായ ഒരു ഏടായി മാറുമെന്ന് പ്രതിപക്ഷം ഓർക്കണം. തെളിവെടുപ്പിനുവേണ്ടി ബിജു രാധാകൃഷ്ണനുമായി കോയമ്പത്തൂർ വരെ നടത്തിയ കോൺവോയി യാത്രയുടെ പിന്നാലെ മുട്ടനാടിനു പിന്നാലെ കുറുക്കന്മാരെ പോലെ നടന്ന സഖാക്കളേ, നിങ്ങൾക്ക് നാണമുണ്ടോ? എ. കെ. ജി. സെന്ററിന്റെ ഐശ്വര്യമായി സരിതയെ കൊണ്ടുനടക്കുന്ന സഖാക്കൾക്ക് സ്വസ്തി പറയുകയാണ്. അടുത്ത തെരഞ്ഞെടുപ്പിൽ ആര് നിങ്ങളെ നയിക്കും. ബഹുമാന്യരായ വി.എസ്. അച്യുതാനന്ദനോ, പിണറായി വിജയനോ, കോടിയേരി ബാലകൃഷ്ണനോ ഇല്ലെങ്കിൽ ദർഭേ, കുജേ, ഞറുംഗണേ, മുട്ടിയ പക്ഷം വയ്ക്കോലേ എന്ന ന്യായത്തിൽ എസ്.ആർ.പി.-യോ ശ്രീ. എം. എ. ബേബിയോ. ഡോ. ടി. എം. തോമസ് ഐസക്കോ എന്ന് മാർക്സിസ്റ്റ് പാർട്ടി വ്യക്തമാക്കണം. യു.ഡി.എഫ്.-ൽ നിന്നും പുറത്തുകടക്കുന്ന ഏത് പരനാറിയെയും കൂടെക്കൂട്ടുന്ന കമ്പോസ്റ്റ് കുഴിയായി നിങ്ങളുടെ മുന്നണി അധഃപതിച്ചിരിക്കുകയാണ്. ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രിയാകുമെന്ന് പറയുന്നു. നവകേരള യാത്രയിൽ ഒരു മുഖ്യമന്ത്രിയുടെ ബോഡി ലാംഗ്വേജുമായി ഭാവഹാവാദികളോടെ പ്രത്യക്ഷപ്പെടുന്ന ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രിയായാൽ ഇന്നസെന്റ് ഡോ. പശുപതിയായതുപോലെയാകും എന്ന് ഞാൻ പറയുന്നു. നിങ്ങളുടെ വെളിപ്പെടുത്തലുകളുടെ വെളിപാട് പുസ്തകം കേരള രാഷ്ട്രീയത്തിലെ ചവറ്റു കുട്ടയിലാണ് സ്ഥാനം പിടിക്കുക. ഒന്ന് വിചാരിക്കുക, ഒന്ന് പറയുക, മൂന്നാമതൊന്ന് പ്രവർത്തിക്കുക. ത്രിവിധമാണ് ദുഷ്ടലക്ഷണമെന്ന് ആചാര്യന്മാർ പറഞ്ഞിട്ടുണ്ട്. മനസ്യേകം, വചസ്യേകം, കർമ്മണ്യേകം - ഇത് മൂന്നും പ്രതിപക്ഷത്തിന് ചേരും. സ്മാർട്ട് സിറ്റി, മെട്രോ, കണ്ണൂർ എയർപോർട്ട്, ഡിജിറ്റൽ സംസ്ഥാനമാക്കിയത്, വിഴിഞ്ഞം പോർട്ട്, യു. എൻ. അവാർഡ്, വെബ് രത്ത അവാർഡ്, ഐ.ബി.എം.-7 ഡയമണ്ട് അവാർഡ്, ഇന്ത്യാ ടുഡേ അവാർഡ് തുടങ്ങിയ ഒരുപാട് അവാർഡുകൾ ഈ സർക്കാരിന് ലഭിച്ചു. ഒരു രൂപയ്ക്ക് ഒരു കിലോ അരി വീതം കൊടുത്ത് 94 ലക്ഷം കുടുംബങ്ങളുടെ പട്ടിണി മാറ്റി. 710 കോടി രൂപ ദുരിതാശ്വാസത്തിന് നൽകി. 1200 കോടി രൂപ കാരുണ്യ ബെനവലന്റ് ഫണ്ട് വഴി നൽകി. ക്യാൻസറിനടക്കം 585 മരുന്നുകൾ സൗജന്യമായി നൽകി. എം. എൻ. ആർ. ഇ. ജി. എസ്-ൽ 6510 കോടി രൂപ ചെലവഴിച്ചു. 12 താലൂക്ക്, 5 മെഡിക്കൽ കോളേജ്, 21 സർക്കാർ കോളേജ്, പട്ടികജാതി മെഡിക്കൽ കോളേജ്, അദ്ധ്യാപക പാക്കേജ്, മലയാളം

യൂണിവേഴ്സിറ്റി, ശ്രേഷ്ഠഭാഷ, മലയാളഭാഷാ ബിൽ അടക്കം എണ്ണിയാലൊടുങ്ങാത്ത നേട്ടങ്ങൾ ഈ ഗവൺമെന്റ് നാടിന് നൽകി. ഷുക്കൂർ വധത്തിന്റെ പേരിൽ കേരള ഹൈക്കോടതി വിധി മാർക്സിസ്റ്റ് പാർട്ടിക്ക് എല്ലാ കാലത്തേക്കുമുള്ള മുന്നറിയിപ്പാണ് എന്നുള്ള കാര്യത്തിൽ സംശയമില്ല. അതുപോലെ ഒരുപാട് കാര്യങ്ങൾ ഈ ഗവൺമെന്റ് നടപ്പിലാക്കി. ശ്രീ. പിണറായി വിജയന്റെ ജന്മവ്യാഴം ശരിയല്ലാത്തതിനാൽ അദ്ദേഹത്തിന് മുഖ്യമന്ത്രിയാകാൻ സാധിക്കുകയില്ല. കർമ്മ വ്യാധിക്ക് അദ്ദേഹം തീർച്ചയായും കഷായം കുടിക്കേണ്ടി വരും. ശ്രീ. സീതാറാം യെച്ചൂരി വന്നതുമുതൽ ശ്രീ. വി. എസ്. അച്യുതാനന്ദൻ കൂടുതൽ ഊർജ്ജസ്വലനായിരിക്കുകയാണ്. സ്ഥാനാർത്ഥി ലിസ്റ്റിൽ നിന്നും ശ്രീ. വി. എസ്. അച്യുതാനന്ദന്റെ പേര് വെട്ടാൻ ശ്രീ. പിണറായി വിജയന് സാധിക്കുമെന്ന് കരുതുന്നില്ല. കന്റോൺമെന്റ് ഹൗസിന്റെ പിന്നാമ്പുറത്ത് അയയിൽ ഉണക്കാനിട്ടിരിക്കുന്ന വി. എസ്. അച്യുതാനന്ദന്റെ ജൂബ്ബയുടെ കൈ സ്ഫടികത്തിലെ ആടുതോമ, ചാക്കോ മാഷിന്റെ ജൂബ്ബയുടെ കൈ വെട്ടിയതുപോലെ ശ്രീ. പിണറായി വിജയൻ വെട്ടി സംതൃപ്തി അടയേണ്ടി വരുമോയെന്ന് പറയുവാൻ എനിക്ക് കഴിയില്ല.

ഈ തെരഞ്ഞെടുപ്പിൽ നിങ്ങൾ ജയിക്കില്ല. ചിന്തകൊണ്ടും പ്രവൃത്തി കൊണ്ടും നിങ്ങളുടെ പാർട്ടി ഇന്ന് ശീർഷാസനത്തിലാണ്. അതുകൊണ്ട് കുരുക്ഷേത്രത്തിൽ കാണാമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. കെ. എം. മാണി : സർ, കഴിഞ്ഞ അഞ്ച് വർഷത്തെ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതുപോലെ തന്നെ വളരെ സുപ്രധാനമാണ് പ്രതിപക്ഷത്തിന്റെ പ്രവർത്തനങ്ങളെയും വിലയിരുത്തുക എന്നുള്ളത്. ഒരു ആത്മപരിശോധനയ്ക്ക് ഇരുപക്ഷവും തയ്യാറാകണം. പ്രതിപക്ഷാംഗങ്ങൾ ആരും തന്നെ കേൾക്കാനില്ല, ഞാൻ ഒരുകാര്യം പറയട്ടെ; പ്രതിപക്ഷമെന്നാൽ എല്ലാത്തിനെയും oppose ചെയ്യുകയെന്നുള്ളതല്ല. പ്രതിപക്ഷം കൺസ്ട്രക്റ്റീവ് റെസ്പോൺസിബിൾ പ്രതിപക്ഷമായിരിക്കണമെന്നാണ് ഐവർ ജനിങ്സിന്റെ പ്രസിദ്ധമായ ഗ്രന്ഥത്തിൽ പറയുന്നത്. റെസ്പോൺസിബിൾ പ്രതിപക്ഷം എന്നുപറയുന്നത് കൺസ്ട്രക്റ്റീവ് കോ-ഓപ്പറേഷനാണ് അല്ലാതെ ഡിസ്ട്രക്റ്റീവ് നോൺ-കോ-ഓപ്പറേഷനല്ല. നല്ല കാര്യങ്ങളിൽ ഗവൺമെന്റിനെ സപ്പോർട്ട് ചെയ്യുകയും തെറ്റായ കാര്യങ്ങൾ തിരുത്തിക്കുകയും ചെയ്യുക എന്നുള്ളതാണ്

പ്രതിപക്ഷത്തിന്റെ ചുമതല. നേരേമറിച്ച് ഗവൺമെന്റിനെ അട്ടിമറിക്കുകയാണ് പ്രതിപക്ഷത്തിന്റെ ചുമതലയെന്ന് ധരിക്കുന്നുണ്ടെങ്കിൽ അത് വളരെ തെറ്റാണ്. ഇവിടത്തെ പ്രതിപക്ഷം നടത്തിക്കൊണ്ടിരിക്കുന്നത് എന്താണ്? അവർ ബാർ ഉടമകളുമായി ഗൂഢാലോചന നടത്തുകയാണ്. ആ ഗൂഢാലോചനയുടെ ശബ്ദ രേഖകൾ പുറത്തുവന്നിരിക്കുകയാണ്. ബാർ ഉടമകളുടെ ശബ്ദരേഖ പുറത്ത്, സർക്കാരിനെ മറിച്ചിടാം, പകരം 408 ബാർ തരാം. എന്ത് ഞെട്ടിപ്പിക്കുന്ന വാർത്തയാണ്! 9-ാം തീയതിയിലെ മലയാള മനോരമ പത്രമാണ് ഞാൻ വായിക്കുന്നത്, ഇടതുമുന്നണി അധികാരത്തിൽ വന്നാൽ ഇപ്പോഴത്തെ സർക്കാർ അടച്ചുപൂട്ടിയ ബാറുകൾ തുറക്കാമെന്ന് സി.പി.ഐ.(എം.) സംസ്ഥാന സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉൾപ്പെടെയുള്ള ഇടതുപക്ഷ നേതാക്കൾ ഉറപ്പു നൽകിയിട്ടുണ്ടെന്ന് ബാർ ഹോട്ടൽ ഓണേഴ്സ് അസോസിയേഷൻ വർക്കിംഗ് പ്രസിഡന്റ് ബിജു രമേശ് വ്യക്തമാക്കുന്ന ശബ്ദരേഖ പുറത്തായി. സർക്കാരിന്റെ താൽപ്പര്യത്തിനനുസരിച്ച് ബാറുകൾ തുറക്കാമെന്ന് പാർട്ടി സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണൻ അടക്കമുള്ള നേതാക്കൾ ഉറപ്പുനൽകിയിട്ടുണ്ട്. ശ്രീ. പിണറായി വിജയനുമായി സംസാരിച്ചിട്ടുണ്ടെന്നാണ് അവർ പറയുന്നത്. എന്നാൽ ഇക്കാര്യത്തിൽ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ ഉറപ്പുകൂടി വേണം. പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ കൂടി സമ്മതിച്ചാൽ സർക്കാരിനെ വലിച്ച് താഴെയിടാൻ സഹകരിക്കാമെന്ന് സി.പി.ഐ.(എം) നേതാക്കൾ ഉറപ്പുനൽകിയതായും ബിജു രമേശ് യോഗത്തിൽ പറയുന്നുണ്ട്. ഇത് എന്ത് ഏർപ്പാടാണ്? സർക്കാരിനെ വലിച്ച് താഴെയിടാൻ വേണ്ടി ബാർ ഉടമകളുമായി ഗൂഢാലോചന നടത്തുന്ന പ്രതിപക്ഷമല്ലേ ഇവിടെ ഇരിക്കുന്നത്; ഇതിൽ കൂടുതൽ അധഃപതിക്കാനുണ്ടോ? അതുകൊണ്ട് പ്രതിപക്ഷത്തെക്കുറിച്ച് പറയുകയാണെങ്കിൽ, അവരുടെ കഴിഞ്ഞ അഞ്ചു വർഷത്തെ പ്രവർത്തനം വാസ്തവത്തിൽ ലജ്ജാവഹമാണ്. പ്രതിപക്ഷത്തിന്റെ ചുമതല നിർവ്വഹിക്കാൻ അവർക്ക് കഴിഞ്ഞിട്ടില്ലായെന്ന് സങ്കടത്തോടുകൂടി ഞാൻ പറയട്ടെ, ഇവർ അധികാരത്തിൽ വന്നാൽ ഈ നാട് എവിടെ പോയി നിൽക്കും? ഞങ്ങൾ വന്നാൽ അടച്ചുപൂട്ടപ്പെട്ട ബാർ തിരിച്ചു തരാമെന്ന് പറഞ്ഞിരിക്കുകയാണ്. ബാറുകൾ അടച്ചു പൂട്ടിയപ്പോൾ ആയിരം കോടി രൂപയുടെ നഷ്ടമാണ് വന്നത്. ധനകാര്യ മന്ത്രിയെന്ന നിലയിൽ അതിനെ എതിർക്കേണ്ടത് ഞാനായിരുന്നു. ആയിരം കോടി രൂപ ട്രഷറിയിൽ നിന്നും നഷ്ടപ്പെട്ടു. ഞാൻ എത്രമാത്രം വിഷമിച്ചു. ബാറുകൾ

അടച്ചുപൂട്ടണമെന്ന നിർദ്ദേശം വന്നപ്പോൾ ആദ്യമായി അതിനെ സപ്പോർട്ട് ചെയ്തത് ഞാനാണ്. ആയിരം കോടി രൂപയല്ല, ഈ രാജ്യത്തെ ജനങ്ങളുടെ ആരോഗ്യവും കുടുംബക്ഷേമവും കുടുംബ സമാധാനവുമാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതുകൊണ്ടാണ് ഞാൻ അതിനെ സപ്പോർട്ട് ചെയ്തത്. ഇടതുപക്ഷം തിരിച്ചു വന്നാൽ അടച്ചുപൂട്ടിയ ബാറുകൾ തുറന്നുകൊടുക്കുമെന്നുണ്ടെങ്കിൽ എത്രമാത്രം അപകടകരമായ സ്ഥിതിയിലേക്കായിരിക്കും രാജ്യം പോകുന്നതെന്ന് നമ്മൾ ഓർക്കേണ്ടതാണ്. അതുകൊണ്ട് ഇവർ തിരിച്ചുവരുന്നതിനുള്ള യാതൊരു നടപടിയും കേരളത്തിലെ ജനങ്ങൾ സ്വീകരിക്കുമെന്ന് എനിക്ക് വിശ്വാസമില്ല.

മറ്റൊരു കാര്യം എനിക്ക് പറയാനുള്ളത് സി.പി.ഐ.(എം)-ന്റെ അക്രമ രാഷ്ട്രീയത്തെക്കുറിച്ചാണ്. ഇന്നും അക്രമ രാഷ്ട്രീയമാണ് സി.പി.ഐ. (എം) നയിക്കുന്നത്. കണ്ണിനുപകരം കണ്ണ്, പല്ലിന് പകരം പല്ല് പഴയ കിരാത നിയമമാണ് അവർ ഇന്നും നയിക്കുന്നത്. ഷുക്കൂർ വധം തെളിയിക്കുന്നത് അതല്ലേ? ജീവരക്ഷാർത്ഥം ഒരു വീട്ടിലേയ്ക്ക് ഓടിക്കയറി രക്ഷപ്പെട്ട ഷുക്കൂറിനെ വളഞ്ഞുവച്ച് അവിടെ നിന്നും പിടിച്ച് വയലിൽ കൊണ്ടുപോയി കുത്തി കൊലപ്പെടുത്തിയ ഭീകരത! എത്രയോ ഭയാനകമായ സംഭവമാണത്. അക്രമ രാഷ്ട്രീയവും കൊലപാതക രാഷ്ട്രീയവുമാണ് ഇന്നും മാർക്സിസ്റ്റ് പാർട്ടി സ്വീകരിക്കുന്നത്, അല്ലെങ്കിൽ ഇന്നും അവർ നയിക്കുന്നത് എന്നുപറയുമ്പോൾ ലജ്ജ തോന്നുകയാണ്. കൊലപാതകികളായ കാരായി സഹോദരന്മാർ. കാരായി സഹോദരന്മാരിൽ ഒരാളെ കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റാക്കി, ഒരാളെ തലശ്ശേരി മുനിസിപ്പൽ ചെയർമാനാക്കി. അയാൾ പിന്നീട് രാജി വച്ചു. കാരായി സഹോദരന്മാരെ പൂവിട്ട് പൂജിക്കുക. കേരളത്തിൽ എന്തൊക്കെയാണ് നടക്കുന്നത് ; എന്താണ് മാർക്സിസ്റ്റ് പാർട്ടി ചെയ്യുന്നതെന്ന് ഞാൻ ഓർത്തുപോകുകയാണ്. അഞ്ച് വർഷത്തെ യു.ഡി.എഫ്. ഭരണം എത്രയോ തിളക്കമേറിയതാണ്. 2005 മുതൽ 2010 വരെ കേരളത്തിന് ഇരുണ്ട കാലഘട്ടമായിരുന്നു. Dark Period. ചരിത്രകാരന്മാർ എഴുതേണ്ടതാണ്; അവർ എഴുതും. കേരളത്തിൽ 2005-10 കാലഘട്ടം Dark Period ആണ്. അതിനുശേഷമുള്ള അഞ്ച് വർഷക്കാലം ഇവിടത്തെ സുവർണ്ണകാലഘട്ടം (Golden Period) ആണ്. യു.ഡി.എഫ്-ന്റെ കഴിഞ്ഞ അഞ്ച് വർഷത്തെ ഭരണകാലം Golden Period എന്ന് ഞാൻ പറയട്ടെ. സംസ്ഥാനത്തിന്റെ വരുമാനം പരമാവധി പരിരക്ഷിക്കാൻ കഴിഞ്ഞത് ഏറ്റവും വലിയ നേട്ടമായി ഞാൻ

കരുതുകയാണ്. 2010-11-ൽ വരുമാനം 38798 കോടി രൂപയായിരുന്നു. 2015-16-ൽ 95342 കോടി രൂപയായി ഉയർന്നു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന് 146 ശതമാനം വരുമാനം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞുവെന്ന് പറഞ്ഞാൽ ഇക്കഴിഞ്ഞ അഞ്ച് വർഷക്കാലം എത്ര അഭിമാനകരമാണ്. വരുമാനം മാത്രമാണോ വർദ്ധിപ്പിക്കാൻ കഴിഞ്ഞത്; ഇതുപോലെ തന്നെയാണ് വികസനച്ചെലവുകൾ. പിശുക്കിക്കൊണ്ടല്ല, ധനകാര്യ വകുപ്പുമന്ത്രി എന്ന നിലയിൽ വികസനത്തിന് ആവശ്യമായ പണം കയ്യയച്ച് കൊടുക്കുകയാണ് ചെയ്തത്. 2010-ൽ 22,282 കോടി രൂപയായിരുന്ന വികസനചെലവ് 2015-16-ൽ 57,023 കോടി രൂപയായി. 156 ശതമാനമാണ് വികസനച്ചെലവിന്റെ വർദ്ധനവ്. പ്രതിപക്ഷം ഈ കണക്കുകളൊക്കെ നോക്കിയിട്ടുണ്ടോ; സാമൂഹ്യ വികസനത്തിന്റെ വളർച്ചാനിരക്ക് എൽ.ഡി.എഫ്.-ന്റെ കാലത്ത് 81 ശതമാനമായിരുന്നു. യു.ഡി.എഫ്-ൽ അത് 162 ശതമാനമാണ്. ഇത് എത്രയോ ഇരട്ടിയാണ്.

ഫിനാൻസ് ഡിപ്പാർട്ടുമെന്റിലേക്ക് കടക്കുമ്പോൾ എനിക്ക് അഭിമാനത്തിന് വക നൽകുന്ന ഒരു കാര്യമുണ്ട്. സർക്കാരിന്റെ മെഗാ പ്രോജക്ട്സ്-എറണാകുളം സ്മാർട്ട് സിറ്റി, കൊച്ചി മെട്രോ, കണ്ണൂർ എയർപോർട്ട്, 5 മെഡിക്കൽ കോളേജുകൾ, 2 ഡെന്റൽ കോളേജുകൾ, ഇവിടെയുള്ള റോഡുകൾ, വാട്ടർ സപ്ലൈ സ്കീമുകൾ ഇങ്ങനെയുള്ള എല്ലാ ആവശ്യങ്ങൾക്കും പണം കൊടുത്തു. മെഡിക്കൽ കോളേജുകളുടെ എണ്ണം 16 ആയി. ബാക്കിയൊക്കെ നിങ്ങൾ മനസ്സിൽ കാണണം. ഞാൻ ചില സൂചന മാത്രമേ പറയുന്നുള്ളൂ. ഇതിനെല്ലാം പണം കൊടുത്തുവെന്ന് പറയുമ്പോൾ എത്രമാത്രം പണം ഒരു വീഴ്ചയും കൂടാതെ ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി, ഞാൻ അദ്ദേഹത്തിന്റെ പിന്നിൽ നിന്നുകൊണ്ട്, ഈ പ്രോജക്ടുകളെല്ലാം ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് നടപ്പിലാക്കി. അതിനെല്ലാം ഒരു വിഘ്നവും കൂടാതെ പണം കൊടുത്തുവെന്നുള്ള ആത്മസംതൃപ്തി രാജി വച്ചപ്പോൾ ഒരു ധനകാര്യ വകുപ്പുമന്ത്രി എന്നുള്ള നിലയിൽ എനിക്കുണ്ട്.

ട്രഷറി ഇപ്പോൾ പൂട്ടും എന്ന് പറയുകയുണ്ടായി. ശ്രീ. സി. പി. മുഹമ്മദ്

പറഞ്ഞതുപോലെ ട്രഷറി ഇപ്പോൾ പൂട്ടും, ഇപ്പോൾ പൂട്ടും എന്ന് പ്രതിപക്ഷം വിചാരിച്ചു. ഇതൊക്കെ കഴിഞ്ഞിട്ടും ഒരു ദിവസമെങ്കിലും ട്രഷറി പൂട്ടിയോ; ഇല്ല. ഓവർഡ്രാഫ്റ്റിൽ വന്നോ; ഒറ്റദിവസം പോലും ഓവർഡ്രാഫ്റ്റിൽ പതിക്കാതെ ഇക്കാര്യങ്ങളൊക്കെ നിർവ്വഹിച്ചുവെന്ന് പറഞ്ഞാൽ അഭിമാനകരമായി എനിക്ക് തോന്നുകയാണ്. അതുപോലെതന്നെ തൊഴിലവസരം സൃഷ്ടിക്കുന്നതിൽ കേരളം ഇന്ത്യയിൽ ഒന്നാം സ്ഥാനത്താണ്. 51,899 പുതിയ MSMB യൂണിറ്റ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 3247 കോടി രൂപയുടെ നിക്ഷേപം കേരളത്തിലുണ്ടായി. 2.23 ലക്ഷം തൊഴിലവസരങ്ങൾ ഉണ്ടാക്കി. 8225 കോടി രൂപയുടെ നിക്ഷേപം കൈവരിച്ചു. ഇത് ചെറിയ കാര്യമാണോ? എത്രയോ വലിയ കാര്യമാണ് എന്ന് ഞാൻ ഓർക്കുകയാണ്. ഇതൊക്കെ വലിയ കാര്യങ്ങളാണ്.

ഗവർണറുടെ പ്രസംഗത്തിലെ ഖണ്ഡിക 112 - സർക്കാരിന്റെ 100 ദിന വിസ്മയത്തിൽ പ്രഖ്യാപിച്ച 107 പരിപാടികളിൽ 102-ഉം 100 ദിവസത്തിനകം പൂർത്തിയാക്കിയതായി പറയുന്നു. കാരുണ്യ പദ്ധതി - ഒരു ലക്ഷത്തി നാൽപ്പത്തി രണ്ടായിരം പേർക്ക് 1200 കോടി രൂപ ഒരു പദ്ധതിയിലൂടെ കൊടുത്തുവെന്ന് പറഞ്ഞാൽ ലോകത്ത് ഇങ്ങനെ ഒരു പദ്ധതിയുണ്ടോ; ലോകത്തെ ഏറ്റവും വലിയ ജീവകാരുണ്യ പദ്ധതി ഏത് എന്നുചോദിച്ചാൽ അത് കേരളത്തിൽ 1200 കോടി രൂപ നൽകപ്പെട്ട കാരുണ്യ പദ്ധതിയാണെന്ന് ഞാൻ പ്രത്യേകം പറയാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് ഒരു അഭ്യർത്ഥനയുണ്ട്. കാരുണ്യ പദ്ധതി ഇപ്പോൾ എങ്ങോട്ടോ മെർജ് ചെയ്യിപ്പിച്ച് കാരുണ്യയുടെ ഐഡന്റിറ്റി ഇല്ലാതാക്കാൻ പോകുന്നുവെന്ന് കേൾക്കുന്നു. വിനീതമായ അഭ്യർത്ഥനയാണ്. 1200 കോടി രൂപയുടെ ജീവകാരുണ്യ പ്രവർത്തനം നടത്തി ലോകമാകെ കീർത്തിമുദ്ര ആർജ്ജിക്കാൻ കഴിഞ്ഞ കാരുണ്യ പദ്ധതിയെ കൊല്ലരുതേ, കൊല്ലരുതേ എന്ന പ്രത്യേകമായ ഒരഭ്യർത്ഥന എനിക്ക് മുഖ്യമന്ത്രിയോടുണ്ട്. അതിന്റെ ഐഡന്റിറ്റി പ്രത്യേകമായി നില നിർത്തണം. ഞാൻ വെറുതെ പറഞ്ഞതല്ല. ഇന്നലെ ജി.ഒ. ഇറങ്ങി. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒന്ന് പറയട്ടെ, ജി.ഒ. ക്യാൻസൽ ചെയ്യണം. ദൈവത്തെയോർത്ത്, പാവപ്പെട്ടവരെ ഓർത്ത് പറയുകയാണ്. ആ ജി.ഒ.

ഉണ്ടെങ്കിൽ അത് റിവ്യൂ ചെയ്യണം. കാരുണ്യയുടെ ഐഡന്റിറ്റി പ്രത്യേകമായി നിലനിർത്തണം എന്ന് ഞാൻ പ്രത്യേകമായി അങ്ങയോട് അഭ്യർത്ഥിക്കുകയാണ്. അക്കാര്യം മുഖ്യമന്ത്രി ശ്രദ്ധിക്കുമെന്ന് ഞാൻ കരുതട്ടെ. ഒറ്റവാക്ക് മാത്രമേ എനിക്ക് പറയാനുള്ളൂ.

ഞാൻ മുഖ്യമന്ത്രിക്ക് ഒരു കോംപ്ലിമെന്റ് തരികയാണ്. എല്ലാ വിഷയങ്ങളിലും എ പ്ലസ് വാങ്ങിയ ഒരു ഗവൺമെന്റാണിത്. ഇത് ഇന്ത്യയിലെ ഏക എ പ്ലസ് ഗവൺമെന്റാണ് എന്നുകൂടി പറയാൻ എനിക്ക് അതിയായ സന്തോഷമുണ്ട്. യു.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയ ഇന്നൊവേറ്റീവ് പ്രോജക്ടിനെക്കുറിച്ച് ഒന്നുരണ്ട് കാര്യങ്ങൾ പറയാം. എറണാകുളം സ്മാർട്ട് സിറ്റി പ്രോജക്ട് കൊണ്ടുവന്നപ്പോൾ സി.പി.ഐ.(എം) പറഞ്ഞത് ഇത് റിയൽ എസ്റ്റേറ്റ് മാഫിയയെ സഹായിക്കാൻ വേണ്ടിയുള്ള പദ്ധതിയാണ് എന്നാണ്. ഇപ്പോൾ എന്താണ്; അവർ ആക്ഷേപിച്ച പദ്ധതിയാണ്. അവരിൽ ഒരാൾ ഹൈക്കോടതിയിൽ കൊണ്ടുപോയി ഇതിനെതിരെ കേസ്സും കൊടുത്തു. ഒരു സി.പി.ഐ.(എം)-കാരനെക്കൊണ്ട് കേസ് കൊടുപ്പിച്ചു. ഗവൺമെന്റ് തീരുമാനിക്കട്ടെ എന്നുപറഞ്ഞ് ഹൈക്കോടതി തിരിച്ചുവിട്ടു. ഗവൺമെന്റ് ആ പദ്ധതി നടപ്പിലാക്കി. എത്ര മനോഹരമായിരിക്കുന്നു. തുടങ്ങിയതേയുള്ളൂ. പൂർത്തിയായിക്കഴിയുമ്പോൾ രണ്ടുലക്ഷം പേർക്ക് ജോലിക്ക് അവസരമുണ്ടാകും.

ഇലക്ഷൻ ഡിക്ലറേഷൻ നടത്തിക്കഴിഞ്ഞപ്പോൾ ബി.പി.എൽ. കാർഡിന് രണ്ടുരൂപയ്ക്ക് റേഷൻ അരി നൽകുമെന്ന് എൽ.ഡി.എഫ്. അനൗൺസ് ചെയ്തു. ഒരു തരി അരി പോലും കൊടുക്കാൻ അവർക്ക് കഴിഞ്ഞില്ല. യു.ഡി.എഫ്. വന്നുകഴിഞ്ഞ് ഒരു രൂപയ്ക്ക് 35 കിലോഗ്രാം അരി 58 ലക്ഷം പേർക്ക് നൽകി. 14 ലക്ഷം പേർക്ക് രണ്ടുരൂപയ്ക്ക് ഗോതമ്പ് നൽകുകയുണ്ടായി.

എൽ.ഡി.എഫ്.-ന്റെ കാലത്ത് സാന്റിയാഗോ മാർട്ടിൻ കൊള്ളയടിച്ച ഒരു രംഗമായിരുന്നു ലോട്ടറി. യു.ഡി.എഫ്. അധികാരത്തിൽ വരുമ്പോൾ ലോട്ടറി വരുമാനം 557 കോടി രൂപയായിരുന്നു. ലോട്ടറി വരുമാനം ഇപ്പോൾ 6000 കോടി

രൂപയായി. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്ത് സാന്റിയാഗോ മാർട്ടിൻ കൊള്ളയടിക്കുകയും അവരുടെ സഹായം പലരും പറ്റുകയും ചെയ്തിട്ടുണ്ട്. ആരൊക്കെയാണെന്ന് ഞാൻ പറയേണ്ട കാര്യമില്ല. ഏതായാലും പ്രതിപക്ഷം ഇല്ലാത്തതുകൊണ്ട് ഞാൻ പറയുന്നില്ല. സാന്റിയാഗോ മാർട്ടിൻ പലരെയും സഹായിച്ചിട്ടുണ്ട്. യു.ഡി.എഫ്. സാന്റിയാഗോ മാർട്ടിനെതിരെ സി.ബി.ഐ.-യെ കൊണ്ട് കേസ് എടുപ്പിച്ചു. കോടതിയിൽ ചാർജ് കൊടുപ്പിച്ചു. ഭൂട്ടാൻ-സിക്കിം ലോട്ടറിയെ നിരോധിപ്പിച്ചു. സാന്റിയാഗോ മാർട്ടിനെ അടിച്ചുപുറത്താക്കി. ഇതൊക്കെയാണ് യു.ഡി.എഫ്. ചെയ്തത്. കാരുണ്യ ലോട്ടറി വഴി ഒരുലക്ഷത്തി നാൽപ്പതിനായിരം പേർക്ക് 1200 കോടി രൂപ കൊടുത്തു. 26 ശതമാനമാണ് ഏജൻസി കമ്മീഷൻ. ഈ കമ്മീഷൻ 40 ലക്ഷം കുടുംബങ്ങൾക്ക് സഹായമാണ്. ലോട്ടറിയുടെ കമ്മീഷൻ ഏജന്റുമാർക്ക് കിട്ടുന്ന കമ്മീഷൻ കൊണ്ട് 40 ലക്ഷം കുടുംബങ്ങൾക്ക് 1500 കോടി രൂപ കമ്മീഷനായി കൊടുത്തു. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സപ്ലൈകോ സബ്സിഡി കൊടുത്തത് 344 കോടി രൂപയാണ്. യു.ഡി.എഫ്. ഗവൺമെന്റ് 538 കോടി രൂപ സബ്സിഡി കൊടുത്തിട്ടുണ്ട്. യു.ഡി.എഫ്. ഗവൺമെന്റ് പാർപ്പിടനയം കൊണ്ടുവന്നു. ഞാൻ വരുമ്പോൾ ഹൗസിംഗ് ബോർഡ് കടക്കെണിയിലാണ്. ഹഡ്കോയിൽ നിന്നുള്ള വായ്പ നിറുത്തിവച്ചിരുന്നു. യു.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷം ഹഡ്കോയിൽ നിന്നുള്ള വായ്പ വീണ്ടെടുത്തു. ഹൗസിംഗ് ബോർഡിനെ കടക്കെണിയിൽ നിന്നും മോചിപ്പിച്ചു. ആ രീതിയിലുള്ള പ്രവർത്തനങ്ങളാണ് യു.ഡി.എഫ്. നടത്തിയത്. ഫിനാൻസ് ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം ഇ-ഗവേണൻസ് ഇൻട്രൊഡ്യൂസ് ചെയ്തു, ഇ-ഓഫീസ് നടപ്പിലാക്കി. ഡിജിറ്റൽ സിഗ്നേച്ചർ വഴി 5200 ഫയൽ തീർപ്പാക്കി. ട്രഷറിയിൽ ട്രാൻസാക്ഷൻസിന് ഓൺലൈൻ സംവിധാനം കൊണ്ടുവന്നു. എവിടെ നിന്നും ബില്ലുകൾ സ്വീകരിച്ച് ഓൺലൈനായി ഓരോരുത്തരുടേയും അക്കൗണ്ടിലേക്ക് രൂപ ക്രെഡിറ്റ് ചെയ്യുന്ന സംവിധാനം ട്രഷറിയിൽ നിലവിൽ വന്നു. യു.ഡി.എഫ്. അഞ്ച് മെഡിക്കൽ കോളേജുകൾ സ്ഥാപിച്ചു. മൂന്ന് മെഡിക്കൽ കോളേജുകൾ ഫങ്ഷണലായി. എം.ബി.ബി.എസ്. സീറ്റ് 900-ൽ നിന്ന് 1250 ആക്കി, 22 ആർട്സ് ആന്റ് സയൻസ് കോളേജുകൾ യു.ഡി.എഫ്. കൊണ്ടുവന്നു. പെൻഷൻ കുടിശ്ശികകൾ മുഴുവൻ കൊടുത്തുതീർത്തു.

അങ്ങനെയൊരു കാലം ഉണ്ടായിട്ടുണ്ടോ; ഫ്യൂച്ചറിൽ ബാങ്ക് അക്കൗണ്ടിൽ കൂടി പെൻഷൻ കൊടുക്കും. അതാണ് നമ്മുടെ പ്രഖ്യാപനം. കർഷകത്തൊഴിലാളി പെൻഷൻ യു.ഡി.എഫ്. ഇരട്ടിയാക്കി. ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി കർഷകത്തൊഴിലാളി പെൻഷൻ യു.ഡി.എഫ്. കൊണ്ടു വന്നു. വലിയൊരു കാര്യമാണ്. 2011-12 വർഷത്തെ ബഡ്ജറ്റിലാണ് കർഷകത്തൊഴിലാളി പെൻഷൻ കൊണ്ടുവന്നത്. മൂന്നേമുക്കാൽ ലക്ഷം കർഷകർക്ക് 318 കോടി രൂപ പെൻഷൻ നൽകി. ശ്രീ. കെ. പി. മോഹനന് സന്തോഷമായില്ലേ; ശ്രീ. കെ. പി. മോഹനൻ കൃഷി മന്ത്രിയായിരിക്കുമ്പോഴാണ് ഇത്. അതിൽക്കൂടുതൽ ഒരു ക്രെഡിറ്റ് വേണോ; 318 കോടി രൂപയാണ് കൃഷിക്കാർക്ക് നൽകാൻ കഴിഞ്ഞത്. കുടുംബാംഗങ്ങൾ തമ്മിലുള്ള കരണങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി കുറച്ചു. വസ്തു കരം ആദ്യം കൂട്ടിയിരുന്നു. അതിൽ എനിക്കുതന്നെ ദുഃഖം തോന്നി. വസ്തു കരം രണ്ടും മൂന്നും ഇരട്ടിയായി കൂട്ടിയത് വലിയ വിഷമമാണെന്ന് നാട്ടിലേക്ക് ചെന്നപ്പോൾ ജനങ്ങൾ പറഞ്ഞു. ഞങ്ങൾ ആ തെറ്റ് തിരുത്തി. വസ്തു കരം കുറവ് ചെയ്തുകൊണ്ട് ഓർഡിനൻസ് കൊണ്ടുവന്നു. പക്ഷെ, ഓർഡിനൻസ് നടപ്പിലായില്ല എന്നൊരു പരാതി ഉണ്ടായിരുന്നു. നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണെന്നാണ് അന്വേഷിച്ചപ്പോൾ അറിഞ്ഞത്. വസ്തു കരം കൂട്ടിയത് കുറവ് ചെയ്തു. ഇങ്ങനെയുള്ള കാര്യങ്ങളെല്ലാമാണ് യു.ഡി.എഫ്.-ന്റെ റെക്കോർഡുകൾ. ആ നിലയ്ക്ക് ആലോചിക്കുമ്പോൾ അഞ്ച് വർഷത്തെ നമ്മുടെ ഭരണവും അഞ്ച് വർഷത്തെ എൽ.ഡി.എഫ്. ഭരണവും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ ഞാൻ ഗോൾഡൻ പിരീഡ് എന്ന് പറയുന്നത് വാസ്തവമാണ്. അവരുടേത് ഡാർക്ക് പിരീഡാണ്. ശ്രീ. ബെന്നി ബെഹനാൻ, ഞാൻ പറയുന്നത് ശരിയല്ലേ?

ശ്രീ. ബെന്നി ബെഹനാൻ : .....(മൈക്ക് ഓഫ്).... 100 ശതമാനം ശരിയാണ്, absolutely right.

ശ്രീ. കെ. എം. മാണി : Dark period in the history of Kerala. ആ നിലയിൽ ഇതിനെ ഞാൻ കാണുകയാണ്. അടുത്ത തെരഞ്ഞെടുപ്പിലേക്ക് നമ്മൾ വന്നിരിക്കുകയാണ്. കഴിഞ്ഞ അഞ്ച് വർഷക്കാലം സ്തുത്യർഹമായ നേട്ടങ്ങൾ കൈവരിച്ച, കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ നേട്ടങ്ങൾ, കർഷകത്തൊഴിലാളിക്കും

കൃഷിക്കാർക്കും തൊഴിലാളികൾക്കും പാവപ്പെട്ടവർക്കും ദുർബ്ബലവിഭാഗങ്ങൾക്കും നൽകിയ ഗവൺമെന്റ്, ജനങ്ങളുടെ ഗവൺമെന്റ്, വികസന രംഗത്ത് അത്ഭുതങ്ങൾ സൃഷ്ടിച്ച ഗവൺമെന്റ്, കാരുണ്യ സ്പർശം നൽകിയ ഗവൺമെന്റ്, ഈ ഗവൺമെന്റിന് പിന്നിൽ കേരളത്തിലെ ജനങ്ങൾ മുഴുവൻ അണിനിരക്കും, വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി യു.ഡി.എഫ്. തിരിച്ചുവരും. യു.ഡി.എഫ്.-ന്റെ തിരിച്ചുവരവ് ഉറപ്പാണ്. യാതൊരു സംശയവുമില്ല. അതിന് കഴിയട്ടെ, ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

## അറിയിപ്പ്

<u>സിയാച്ചിനിൽ മഞ്ഞിടിഞ്ഞു വീണ് മരണമടഞ്ഞ ബി. സുധീഷിനും ഹനുമന്തപ്പയ്ക്കും ആദരാഞ്ജലികൾ</u>

<u>മി. സ്പീക്കർ</u> : ഓർഡർ..... ഓർഡർ..... സിയാച്ചിനിലെ മഞ്ഞിടിച്ചിലിൽ കുടുങ്ങി ആറാം ദിവസം ജീവനോടെ കണ്ടെത്തിയ ഹനുമന്തപ്പ അന്തരിച്ച വിവരം വ്യസനസമേതം സഭയെ അറിയിക്കുന്നു.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u> : കേരളത്തിൽ നിന്നുള്ള ഒരു ജവാൻ കൂടി ആ ദുരന്തത്തിൽ മരണപ്പെട്ടിരുന്നു. ആ ജവാനുൾപ്പെടെ എല്ലാവരേയും അനുശോചനത്തിൽ ഉൾപ്പെടുത്തണം.

<u>മി. സ്പീക്കർ</u> : അക്കാര്യം കൂടി സഭയെ അറിയിക്കുന്നു. ഈ മഹത്വ്യക്തികളോടുള്ള ആദരസൂചകമായി അല്പസമയം നമുക്കെല്ലാവർക്കും എഴുന്നേറ്റ് നിൽക്കാം.

(അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റ് നിന്ന് മൗനം ആചരിച്ചു.)

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : സർ, ഈ നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കർമ്മ നിരതമായി അഞ്ച് വർഷം പൂർത്തീകരിക്കുന്ന യു.ഡി.എഫ്. സർക്കാരിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങളുടെ പ്രതിഫലനവും ഭാവി കേരളത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകളും പ്രതിഫലിപ്പിക്കുന്നതാണ് ഈ നയപ്രഖ്യാപനം. സംസ്ഥാനത്തിന്റെ മുഖഛായ മാറ്റിയ സർക്കാരാണിത്. കേരളം വർഷങ്ങളായി സ്വപ്നം കണ്ട പദ്ധതികൾ യാഥാർത്ഥ്യവൽക്കരിച്ച സർക്കാരാണിത്. മെട്രോയും സ്മാർട്ട് സിറ്റിയും കണ്ണൂർ വിമാനത്താവളവും വിഴിഞ്ഞവും അതുപോലെതന്നെ പുതുതായി ആരംഭിച്ച

മെഡിക്കൽ കോളേജുകളും പുതിയ ധാരാളം റോഡുകളും നാഷണൽ ഹൈവേയിലെ ബൈപ്പാസുകൾ അടക്കമുള്ള റോഡുകളും പാലങ്ങളും യുവസംരംഭകർക്കുവേണ്ടി നടത്തിയിട്ടുള്ള YES, ഐ.ടി. സംരംഭങ്ങൾ എന്നിവയെല്ലാം. അതുപോലെതന്നെ ഏറെ അഭിമാനിക്കാവുന്ന ഒരു ഘടകം നമ്മുടെ രാജ്യത്തെ ആദ്യത്തെ ഡിജിറ്റൽ സംസ്ഥാനമായി കേരളം മാറാൻ പോകുകയാണ് എന്നതാണ്. 'The first digital State in India' എന്ന അംഗീകാരത്തിലേക്ക് മലയാള നാട് മാറാൻ പോകുകയാണ്. ഇങ്ങനെ ഉണ്ടായിട്ടുള്ള വികസന പ്രവർത്തനങ്ങളെല്ലാം കേരളത്തെ സംബന്ധിച്ചിടത്തോളം, ഈ അഞ്ച് വർഷക്കാലംകൊണ്ട് സംസ്ഥാനത്തിന്റെ മുഖച്ഛായ മാറ്റിയിട്ടുണ്ട് എന്നതൊരു യാഥാർത്ഥ്യമാണ്. ഇത് ആർക്കും വിസ്മരിക്കാൻ കഴിയില്ല. ഇന്ത്യ ഡിജിറ്റലാകുമെന്ന് ഒരിക്കൽ നമ്മുടെ പ്രധാനമന്ത്രി പ്രഖ്യാപിച്ചപ്പോൾ സോഷ്യൽ മീഡിയകളിലടക്കം വളരെ വലിയ വിമർശനങ്ങൾ വന്നു. കുപ്പത്തൊട്ടിയിൽ കയ്യിട്ടുവാരുന്ന, ഒരു നേരത്തെ അന്നത്തിന് വകയില്ലാത്ത ലക്ഷങ്ങൾ ഉള്ള നാട് ഡിജിറ്റലാകുമെന്ന്. ഇത് എന്ത് വർത്തമാനമാണ്, എന്ത് വിരോധാഭാസമാണ് എന്ന് പറഞ്ഞ ഒരു സന്ദർഭം ഞാൻ ഓർക്കുകയാണ്. എന്നാൽ നമ്മുടെ ഗവൺമെന്റ് ഇത്തരം ഹൈടെക്, ഫൈവ് സ്റ്റാർ വികസനങ്ങളൊക്കെ നടത്തുന്നതോടൊപ്പംതന്നെ ഈ രാജ്യത്തെ പട്ടിണി പാവങ്ങളുടെ പ്രശ്നങ്ങളിൽക്കൂടി ഇടപെടുന്നുവെന്നുള്ളതാണ് ഈ സർക്കാരിന്റെ പ്രത്യേകത. ഈ സമൂഹത്തിലെ ഏറ്റവും ദുർബ്ബലന്റെ അടുക്കൽ, അവന്റെ ആവലാതികളും പരാതികളും കേൾക്കാൻ ഒരു ഭരണകൂടത്തിന്റെ തലവൻ ഇറങ്ങിവരുന്ന മഹനീയമായ കാഴ്ചയാണ് ജനസമ്പർക്ക പരിപാടിയിലൂടെ നമ്മൾ കണ്ടത്. ഇതിന് തുല്യതയുള്ള ഒരു പ്രവർത്തനം ലോകത്തെവിടെയും നടക്കുന്നില്ലെന്ന് പറഞ്ഞുകൊണ്ട് ഐക്യരാഷ്ട്രസഭ ശ്രീ. ഉമ്മൻ ചാണ്ടിയെ വിളിച്ച് അഭിനന്ദിച്ചത് അതിന്റെ ഫലമായാണ്. ആ ഒരു പ്രതിച്ഛായയാണ് കേരളീയ സമൂഹത്തിന്റെ മുമ്പിൽ ഈ മുഖ്യമന്ത്രിയെയും ഈ ഗവൺമെന്റിനെയും കുറിച്ചുള്ളത്. അതുകൊണ്ടുതന്നെ ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ പൊതുസമൂഹം കൂടുതൽ കൂടുതൽ അംഗീകരിച്ചുവരികയാണ്. പറഞ്ഞ കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. സീറോ ലാന്റ്ലെസ്സ് പരിപാടികൾ, കാരുണ്യ പദ്ധതി, കോക്ലിയാർ ഇംപ്ലാന്റേഷനിലൂടെ 625 കുട്ടികൾക്ക് കേൾവി തിരിച്ചുകിട്ടി, അതുപോലെതന്നെ വേറെ കൃത്യമായ ഒരു കണക്ക്, കേരളത്തിന്റെ വളർച്ചാ നിരക്ക് ദേശീയ ശരാശരിയുടെ മുന്നിലാണ്. ഇവിടെ പ്രതിപക്ഷത്തിന് ഇതൊന്നും പറയാൻ കഴിയില്ല, നമ്മൾ സംസാരിക്കുന്നതിന് എതിർവാദമുഖങ്ങൾ ഉന്നയിക്കാൻ കഴിയില്ലെന്നതുകൊണ്ട് ചർച്ചയിൽ നിന്ന് ഒളിച്ചോടുകയാണ്. കഴിഞ്ഞ രണ്ട് ദിവസം സഭ സ്തംഭിപ്പിച്ചു, ഇന്ന് ഇനി അത് വേണ്ട, ശൈലി ഒന്ന് മാറ്റിയേക്കാമെന്ന് കരുതി ചർച്ചയിൽ നിന്ന്

നമ്മുടെ സഹോദരന്മാർ ഒളിച്ചോടിയത് വളരെ ദയനീയമായ ഒരു കാഴ്ചയാണ്. കാർഷിക മേഖലയിലെ മുന്നേറ്റങ്ങളൊന്നും ഞാൻ ആവർത്തിക്കുന്നില്ല. ജൈവകൃഷി പ്രോത്സാഹിപ്പിച്ച് ഈ കാലഘട്ടത്തിന് ആവശ്യമായ കാർഷിക രംഗത്ത് വരുത്തിയ മാറ്റങ്ങളൊക്കെ നമ്മൾ കണ്ടു കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് രണ്ട് എം.എൽ.എ.മാരുടെ ഭൂരിപക്ഷത്തോടുകൂടി അധികാരത്തിൽ വന്നതാണ്. ഇത് ആറ് മാസം തികയ്ക്കില്ലെന്ന് പറഞ്ഞവരുണ്ടായിരുന്നു. രണ്ട് എം.എൽ.എ.-മാർ മൂത്രമൊഴിക്കാൻ പോയാൽ ഗവൺമെന്റ് വീഴുമെന്ന് പറഞ്ഞവരുണ്ടായിരുന്നു. അഞ്ച് വർഷം തികയുകയാണ്. ഏറ്റവും നല്ല നേട്ടങ്ങളോടുകൂടി, അതുപോലെതന്നെ ഗവൺമെന്റിന്റെ ഭൂരിപക്ഷം കൂടിക്കൂടി വന്നത് നമ്മൾ കണ്ടതാണ്. ഇപ്പോൾ പ്രതിപക്ഷം ചാക്കിട്ട് പിടിത്തത്തിനുള്ള ചില ശ്രമങ്ങളൊക്കെ നടത്തിയതും നമ്മൾ കണ്ടു. അതിൽ ആദ്യം വീണവരൊക്കെ ഇപ്പോൾ വഴിയാധാരമായിരിക്കുകയാണ്. ശ്രീ. പി. സി. ജോർജിന്റെയും ശ്രീ. കെ. ബി. ഗണേഷ് കുമാറിന്റേയും കാര്യങ്ങളൊന്നും ഞാൻ പറയുന്നില്ല. ഈ പ്രതിപക്ഷം പ്രോത്സാഹിപ്പിച്ചതാണ്. അവർ ഇപ്പോൾ എവിടെയാണ് നിൽക്കുന്നതെന്ന് അവർക്കുതന്നെ പറയാൻ കഴിയില്ല. അവരെ പ്രതിപക്ഷം അംഗീകരിച്ചാൽ, സി.പി.ഐ.(എം.) ഉൾപ്പെടെയുള്ളവർ അംഗീകരിച്ചാൽ നാളെ അവരെക്കുറിച്ച് ഇവർ കഴിഞ്ഞ കാലങ്ങളിലൊക്കെ പറഞ്ഞ കാര്യങ്ങളൊക്കെ ബൂമറാങ് പോലെ അവരിലേക്കുതന്നെ തിരിച്ചുവരും. ഇപ്പോൾ അവസാനമായി ആർ.എസ്.പി.യെ പിളർത്തിയിരിക്കുകയാണ്. ജനാധിപത്യ ചേരിയിലാണ് നിൽക്കേണ്ടതെന്നതിനാൽ ആർ.എസ്.പി. നമ്മളോടൊപ്പം നിന്നു. കൊല്ലത്ത് ഗംഭീരമായ വിജയമുണ്ടായി. പക്ഷേ ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രിയാകാനുള്ള വെപ്രാളത്തിൽ ആർ.എസ്.പി.-യെ പിളർത്തിയിരിക്കുകയാണ്. ശ്രീ. കോവൂർ കുഞ്ഞുമോൻ വളരെ നല്ലനിലയിൽ നമ്മളോടൊപ്പം നിന്നിരുന്നതാണ്. അദ്ദേഹത്തെ പ്രലോഭനങ്ങൾ നൽകി അടർത്തിക്കൊണ്ടു പോയിരിക്കുകയാണ്. ഇപ്പോൾ ആർ.എസ്.പി.ക്ക് ഒരു പുതിയ പാർട്ടിയുണ്ടാക്കി, ആർ.എസ്.പി. (കോ.കു.) എന്നു വേണമെങ്കിൽ നമുക്കതിനെ വിളിക്കാം. കോ. കു. എന്നാൽ കോവൂർ കുഞ്ഞുമോൻ. ഓരോ പാർട്ടിക്കും നമ്മളങ്ങനെ ബ്രായ്ക്കറ്റിട്ട് കൊടുക്കാറുണ്ടല്ലോ. അങ്ങനെ ആർ.എസ്.പി.(കോ.കു.)-വുമായി ഇപ്പോൾ സി.പി.ഐ.(എം) മുന്നോട്ടുപോയിരിക്കുകയാണ്. ഇതുകൊണ്ടൊന്നും നിങ്ങൾ രക്ഷപ്പെടാൻ പോകുന്നില്ല. ശ്രീ. പിണറായി വിജയൻ ജാഥ നടത്തി, ചിരിക്കാത്ത വിജയൻ ചിരിച്ചു. പാർട്ടി പഠന കോൺഗ്രസ് നടത്തുന്നു. നിങ്ങളുടെ പഠന കോൺഗ്രസിൽ പറയുന്ന കാര്യങ്ങളൊക്കെ ജനാധിപത്യ കേരളത്തിൽ എന്നോ ഉയർന്നുവന്ന ആശയങ്ങളാണ്. ഞങ്ങളത് നടപ്പാക്കാൻ ശ്രമിച്ചപ്പോൾ

പലതിനേയും നിങ്ങൾ എതിർത്തിട്ടുണ്ട്. ഇപ്പോൾ നിങ്ങൾ അതിന്റെയൊക്കെ ആളുകളാകുമെന്ന് പറഞ്ഞാൽ കേരളീയ ജനത വിശ്വസിക്കാൻ പോകുന്നില്ല. ഇവിടെയൊരു ഭരണത്തുടർച്ചയുണ്ടാകും. കഴിഞ്ഞ കാൽ നൂറ്റാണ്ടായി മാറിമാറി വന്ന ഭരണമായിരുന്നു ഉണ്ടായിരുന്നത്. എന്നാലിപ്പോഴൊരു ഭരണത്തുടർച്ചയുണ്ടാകും. മറിച്ചൊരു കാരണവും ഞങ്ങൾ കാണുന്നില്ല. വികസനവും ജനക്ഷേമ പദ്ധതികളുംകൊണ്ട് ജനങ്ങളുടെ അംഗീകാരം വീണ്ടും വാങ്ങിയെടുക്കാൻ ഞങ്ങൾക്ക് സാധിക്കും. പ്രതിപക്ഷത്തിന് ആകെ പറയാനുള്ളത് ബിജു രാധാകൃഷ്ണനെക്കുറിച്ചും ബിജു രമേശിനെക്കുറിച്ചുമൊക്കെയാണ്. ഇതൊന്നും പൊതുജനം വിശ്വസിക്കില്ല. ഞാൻ ആ കഥകളൊന്നും ഇവിടെ ആവർത്തിക്കുന്നില്ല. ഇവിടെ കഴിഞ്ഞ ബഡ്ജറ്റ് ദിവസം ഇവർ നടത്തിയിട്ടുള്ള കോപ്രായങ്ങൾ നമുക്കെല്ലാമറിയാം. അതൊക്കെ പൊതുസമൂഹത്തിന്റെ മുന്നിലുണ്ട്. നാളെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഡ്ജറ്റ് അവതരിപ്പിക്കാനിരിക്കുകയാണ്. പ്രിയപ്പെട്ട പ്രതിപക്ഷ സുഹൃത്തുക്കളോട് എനിക്ക് സൂചിപ്പിക്കാനുള്ളത്, കഴിഞ്ഞ ബഡ്ജറ്റ് ദിവസം ജനാധിപത്യ ലോകത്തിനു മുൻപിൽ കേരളം നാണംകെട്ടിരുന്നു. അത്തരത്തിലുള്ള ആവർത്തനങ്ങളൊന്നും ഇനി നിങ്ങളുടെ ഭാഗത്തുനിന്ന് ഉണ്ടാവരുത്. അങ്ങനെ ഉണ്ടായാൽ കേരളീയ സമൂഹം നിങ്ങൾക്ക് മാപ്പുതരില്ല എന്നുകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. കഴിഞ്ഞ ബഡ്ജറ്റുകൊണ്ട് എത്രമാത്രം വികസനങ്ങളുണ്ടായെന്ന് നമുക്കറിയാം. ഞാൻ അതൊന്നും ആവർത്തിക്കുന്നില്ല. ക്ഷേമ പെൻഷനുകളെല്ലാം വർദ്ധിപ്പിച്ചു. സമൂഹത്തിലെ പ്രാന്തവൽക്കരിക്കപ്പെട്ട പാവപ്പെട്ട ആളുകൾക്ക് അതുകൊണ്ട് ആശ്വാസം കിട്ടി. സർക്കാർ ജീവനക്കാർക്കു പോലും പ്രയോജനം കിട്ടിയില്ലേ; എത്ര വലിയ പ്രഖ്യാപനമാണ് ശമ്പള പരിഷ്കരണത്തിലൂടെ ഈ ഗവൺമെന്റ് നടത്തിയത്. അതൊക്കെ നമ്മുടെ മുൻപിലുണ്ട്. ഗവൺമെന്റിന് ഒരു കൂട്ടരേ എതിരാളികളായിട്ടുള്ളൂ, ബാറുടമകളാണത്. ഗവൺമെന്റിന്റെ ചില നടപടികൾകൊണ്ട് അവർക്ക് കോടികൾ നഷ്ടമായി. ഇപ്പോൾ അവർ നടത്തിക്കൊണ്ടിരിക്കുന്ന ഗൂഢാലോചനകൾ പലവിധത്തിലായി പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. അതാണ് ഞങ്ങൾക്ക് പൊതു സമൂഹത്തോട് പറയാനുള്ളത്.

മദ്യനയത്തിൽ ഒരു പുനഃപരിശോധനയുണ്ടാകുമെന്നാണ് നാളത്തെ മുഖ്യമന്ത്രിയായി കുപ്പായമിട്ട് നിൽക്കുന്ന ശ്രീ. പിണറായി വിജയൻ പറയുന്നത്. അത് വളരെ വ്യക്തമാണ്. അവർ വന്നാൽ ഇതൊക്കെ മാറ്റാൻ സാധിക്കുമെന്നുള്ള ശ്രീ. ബിജു രമേശിന്റെ ശബ്ദരേഖയും പുറത്തു വന്നല്ലോ. ഈ മദ്യനയം കൊണ്ട് കേരളീയ സമൂഹത്തിന് ആശ്വാസമുണ്ടായിട്ടുണ്ട്. നമ്മുടെ സ്ത്രീസമൂഹം ശ്രീ. ഉമ്മൻ

ചാണ്ടി സർക്കാരിനെയും ഈ ഗവൺമെന്റിന്റെ മദ്യവിരുദ്ധ നടപടികളെയുമൊക്കെ ഏറെ പ്രതീക്ഷയോടുകൂടിയാണ് കാത്തിരിക്കുന്നത്. അതിനെ തകിടം മറിക്കാൻ നമ്മുടെ സഹോദരിമാരും കുടുംബിനികളും അനുവദിക്കില്ല.

ആരോപണ വ്യവസായമാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. വിജിലൻസ് കോടതിയിൽ എന്തെങ്കിലും ഒരു കടലാസ് കൊണ്ടു പോയിക്കൊടുക്കുക, അവിടെനിന്ന് അതിനനുസൃതമായ ചില നടപടികളുണ്ടാകുക. അതൊക്കെയാണല്ലോ ഈ ഗവൺമെന്റിനെ സംബന്ധിച്ച് പറയുന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതി അത് തിരുത്തിയിരിക്കുകയാണ്. ഇവിടെ ജഡ്ജിമാരുടെ നെഞ്ചത്ത് കയറുന്നൊരു അനുഭവമാണ് കാണാൻ സാധിക്കുന്നത്. ഞങ്ങൾ ജഡ്ജിമാരെയല്ല, ജഡ്ജ്മെന്റിനെയാണ് വിലയിരുത്തുന്നത്. ഒരു ജനാധിപത്യ സമൂഹത്തിൽ അങ്ങനെയാണ് ചെയ്യേണ്ടത്. വിജിലൻസ് കോടതിയുടെ രണ്ട് പരാമർശങ്ങളിലുണ്ടായിട്ടുള്ള (ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ശ്രീ. ആര്യാടൻ മുഹമ്മദ് സാഹിബിനും എതിരെയുണ്ടായിട്ടുള്ള പരാമർശത്തിലും ശ്രീ. കെ. ബാബു മിനിസ്റ്റർക്ക് എതിരെ ഉണ്ടായിട്ടുള്ള പരാമർശങ്ങളിലും) ജഡ്ജ്മെന്റിന്റെ ഗുണവും ദോഷവുമാണ് പരിശോധിക്കേണ്ടത്. അല്ലാതെ ജഡ്ജിമാരെക്കുറിച്ചല്ല. ജഡ്ജിമാർ ഒരു കോടതി എന്ന നിലയിലാണ് അത് പ്രഖ്യാപിക്കുന്നത്. ആ കോടതിക്കപ്പുറത്ത് മേൽക്കോടതികളുണ്ടെന്ന് നമുക്ക് പറയാം. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നടപടിയാണ് ഇതിൽ ശരിയെന്ന രീതിയിൽ ധാരാളം നിയമവിദഗ്ദ്ധരുടെ അഭിപ്രായങ്ങൾ പത്രമാധ്യമങ്ങളിലൂടെ പുറത്തുവന്നിട്ടുണ്ട്.

ഞാനധികം ദീർഘിപ്പിക്കുന്നില്ല. ഇന്നും ഇന്നലെയുമൊക്കെയായി നമ്മുടെ പ്രതിപക്ഷ നേതാവ് ഇവിടെ കാട്ടിക്കൂട്ടിയതെല്ലാം എത്ര ലജ്ജാകരമാണ്. അദ്ദേഹത്തിന് ആരേയും എന്തും പറയാം എന്ന സ്ഥിതിയാണ്. അദ്ദേഹത്തിന്റെ പ്രായവും രാഷ്ട്രീയ പാരമ്പര്യവുമൊക്കെ നമ്മൾ മാനിക്കുന്നു. എന്നാൽ അങ്ങനെ അദ്ദേഹത്തിന് ആരെയും എന്തും വിളിക്കാമെന്നുള്ളത് അത്ര ഭൂഷണമാണോ?

ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. ഷുക്കൂർ വധത്തിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സി.ബി.ഐ. അന്വേഷണത്തിന് ഉത്തരവിട്ടിരിക്കുകയാണ്. ഷുക്കൂറിന്റെ ഉമ്മയുടെയും കുടുംബത്തിന്റെയും കണ്ണീരിന് ഫലമുണ്ടായിരിക്കുകയാണ്. ഒരു മകനെ, ഒരു ചെറിയ പൈതലിനെ രാഷ്ട്രീയ വിചാരണ നടത്തി എത്ര പ്രാകൃതമായാണ് കൊല ചെയ്തത്. കേരളീയ മനഃസാക്ഷിയെ ഞെട്ടിച്ച സംഭവമാണത്. ആ സംഭവത്തിന് പിന്നിൽ പ്രവർത്തിച്ചവരെയൊക്കെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനുള്ള നടപടി ഉണ്ടായിരിക്കുകയാണ്. കോടതിയുടെ പരാമർശങ്ങൾ സി.പി.ഐ.(എം)-ന്റെ തനിനിറം പുറത്തുകൊണ്ടു

വരുന്നതാണ്. "സ്വയം പ്രഖ്യാപിത രാജാക്കൻമാരെയും അവരുടെ വിളയാട്ടങ്ങളേയും ഈ സമൂഹത്തിൽ അനുവദിക്കാൻ കഴിയില്ല" എന്ന് ആരെക്കുറിച്ചാണ് പറഞ്ഞത്? ചിലർ സ്വയം പ്രഖ്യാപിത രാജാക്കൻമാരായി കണ്ണൂരിൽ വാഴുകയായിരുന്നു. അവരെക്കുറിച്ചാണ് കോടതി അങ്ങനെ പറഞ്ഞിട്ടുള്ളത്. കണ്ണൂരിലെ കൊലപാതക രാഷ്ട്രീയത്തിനുള്ള താക്കീതാണ് ബഹുമാനപ്പെട്ട ഹൈക്കോടതി ഷുക്കൂർ കേസിൽ നടത്തിയിരിക്കുന്നത്. ആ മാതാവിന്റെ വേദന മനസ്സിലാക്കി അതിനനുസൃതമായി നടത്തിയിട്ടുള്ള പ്രഖ്യാപനത്തിലൂടെ കണ്ണൂരിലെ കൊലപാതക രാഷ്ട്രീയത്തിന്, അവരുടെ കത്തി മുനയ്ക്ക് ഇരയായിട്ടുള്ള ആയിരക്കണക്കിന് കുടുംബങ്ങൾക്ക് ആശ്വാസം നൽകുന്ന ഒന്നാണ് ഇതെന്നുകൂടി ഇവിടെ സൂചിപ്പിക്കുകയാണ്. ഞാൻ മറ്റു വിഷയങ്ങളിലേക്കൊന്നും കടക്കുന്നില്ല. കേരളീയ സമൂഹത്തിനുവേണ്ടി കാലഘട്ടത്തിനനുസൃതമായി കഴിഞ്ഞ അഞ്ച് വർഷക്കാലം അവിസ്മരണീയമായ നിരവധി വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത ഈ സർക്കാരിനുവേണ്ടി ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപനത്തിന് ബഹുമാനപ്പെട്ട ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് ഞാനെന്റെ എളിയ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. ജോസഫ് വാഴക്കൻ: സർ, കേരള ചരിത്രത്തിലെ ഏറ്റവും മികച്ച സർക്കാരെന്ന് ലോകമെമ്പാടുമുള്ള വിവിധ സംഘടനകളും ഭരണാധികാരികളും മാധ്യമങ്ങളും മലയാളി സമൂഹവും വിലയിരുത്തിയിട്ടുള്ള ഒരു സർക്കാരിന്റെ നയപ്രഖ്യാപനത്തിന് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച പ്രമേയത്തെ അനുകൂലിക്കുന്നതിൽ എനിക്ക് അതിയായ അഭിമാനവും സന്തോഷവുമുണ്ട്. അഭിവന്ദ്യനും ആരാധ്യനുമായ ഇൻഡ്യയുടെ മുൻ ചീഫ് ജസ്റ്റിസും ഗവർണറുമായ ശ്രീ. പി. സദാശിവം അവർകൾ ഈ നിയമസഭയിൽ നടത്തിയ നയപ്രഖ്യാപനം എന്തുകൊണ്ടും ശ്രദ്ധേയമായിരുന്നു. ഈ സർക്കാരിനെക്കുറിച്ച് തികഞ്ഞ അഭിമാനബോധത്തോടുകൂടിയായിരുന്നു അദ്ദേഹം പറഞ്ഞത്. അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ആദ്യം സഭാ നടപടികൾക്ക് കളങ്കം ചാർത്തുന്ന രീതിയിൽ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് പ്രസംഗം അലങ്കോലപ്പെടുത്താൻ ശ്രമിച്ചപ്പോൾ ഭരണഘടന വായിക്കുവാൻ പ്രതിപക്ഷത്തിന് അദ്ദേഹം നൽകിയ ഉപദേശം വളരെ ഉചിതമായിരുന്നു. ഇതവരുടെ സ്ഥിരം കലാപരിപാടിയാണെന്നറിയാതെ പ്രതിപക്ഷത്തോട് ഇറങ്ങിപ്പോകാൻ പറഞ്ഞതും ചരിത്രത്തിന്റെ ഭാഗമാണ്. ഈ സഭയിൽ

ഭരണകക്ഷികളുടെ കാര്യം സത്യത്തിൽ മഹാകഷ്ടമാണ്. ഇവിടെ എല്ലാ ദിവസവും രാവിലെ അടിയന്തര പ്രമേയം അവതരിപ്പിക്കും. ആ അടിയന്തര പ്രമേയം ഏതാണ്ടൊരു അപവാദ പ്രചരണമാണ്. അതുകഴിഞ്ഞാൽ പിന്നെ വാക്കൗട്ട് പ്രസംഗമാണ്. വാക്കൗട്ട് പ്രസംഗമെന്നുപറഞ്ഞാൽ അഭിവന്ദ്യനായ നമ്മുടെ പ്രതിപക്ഷ നേതാവ്...., എനിക്ക് അദ്ദേഹത്തോട് വലിയ ബഹുമാനമാണ്. തൊണ്ണൂറ്റി മൂന്ന് വയസ്സിലും അദ്ദേഹത്തിന് ഇത്രയും ഊർജ്ജസ്വലത നിലനിർത്താൻ കഴിയുന്നു എന്നത് അസൂയയോടെയും അഭിമാനത്തോടും സന്തോഷത്തോടെയും കൂടിയാണ് ഞാൻ കാണുന്നത്. അദ്ദേഹത്തോടെനിക്ക് വലിയ ബഹുമാനവുമാണ്. പക്ഷേ വാക്കൗട്ട് പ്രസംഗം ഒരു ഭരണിപ്പാട്ടാണ്. അതുകഴിഞ്ഞ് ഇവർ സഭയിൽനിന്ന് ഇറങ്ങിപ്പോകുന്നു. പക്ഷെ ഭരണ കക്ഷിയിലുള്ളവരെ ഈ സമയത്ത് സംസാരിക്കാൻ അനുവദിക്കുന്നില്ല. അതൊരു വലിയ പോരായ്മയാണ്. ഇവിടെ ആകെ സംസാരിക്കാൻ പറ്റുന്നത് ബഹുമാനപ്പെട്ട മന്ത്രിമാർക്കാണ്. അതും അടിയന്തര പ്രമേയ നോട്ടീസിന് മറുപടി പറയുമ്പോൾ മാത്രമാണ്. പക്ഷെ അടിയന്തര പ്രമേയവുമായി ബന്ധപ്പെട്ട് ഈ സഭയിൽ ആക്ഷേപം ചൊരിയുകയാണ് എന്നുള്ളത് ഏറ്റവും ദുഃഖകരമായൊരു അവസ്ഥയാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദനെക്കുറിച്ച് ഞാൻ പറയുന്നില്ല. പാർട്ടി സമ്മേളനം പാർട്ടി വിരുദ്ധനെന്ന് പ്രഖ്യാപിച്ചയാളാണ് വി. എസ്. അച്ചുതാനന്ദൻ. ദേശാഭിമാനി പത്രത്തിൽ വന്ന അവരുടെ പ്രമേയത്തിന്റെ പൂർണ്ണ രൂപമാണിത്. (പത്രക്കട്ടിംഗ് ഉയർത്തിക്കാണിച്ചു). വി. എസ്. പാർട്ടി വിരുദ്ധനാണെന്നും അദ്ദേഹത്തെ പാർട്ടിയിൽ നിന്നും പുറത്താക്കണമെന്നും അവർ തന്നെ പറഞ്ഞു. പിന്നെയും ഇവിടെവന്ന് ഇങ്ങനെ സംസാരിക്കുകയും ഈ ആക്ഷേപങ്ങളൊക്കെ ചൊരിയുകയും ചെയ്യുന്നു. പ്രതിപക്ഷം ഇപ്പോഴിവിടെയില്ലാത്തതു കൊണ്ട് ഞാൻ കൂടുതൽ ചോദിക്കുന്നില്ല. അവരുടെ പാർട്ടിയുടെ നിലപാടെന്താണ്? മൂന്ന് വർഷത്തിലൊരിക്കലാണ് പാർട്ടി സമ്മേളനങ്ങൾ നടക്കുന്നത്. ഒരു പ്രമേയം അവതരിപ്പിച്ച് അത് ഐകകണ്ഠ്യേന അംഗീകരിച്ചതാണ്. മൂന്ന് വർഷത്തേക്ക് ആ പ്രമേയം നിലനിൽക്കേണ്ടതാണ്. ഇപ്പോൾ അത് നിലനിൽക്കുന്നുണ്ടോ ഇല്ലയോ എന്നതിനെക്കുറിച്ച് കൃത്യമായ ഒരു ധാരണ നമുക്കില്ല. ഏതായാലും ഈ നയപ്രഖ്യാപന പ്രസംഗത്തിലുടനീളം 'അതിവേഗം ബഹുദൂരം' ഈ സർക്കാർ ചെയ്ത കാര്യങ്ങളുടെ ഒരു പ്രഖ്യാപനമായിരുന്നു കേട്ടത്. ഭാവിയെക്കുറിച്ച് സ്വപ്നം കാണുന്ന ഓരോ മലയാളിയുടെയും സങ്കൽപ്പങ്ങളെക്കുറിച്ച് വ്യക്തമായ ധാരണയും പദ്ധതികളും ഈ പ്രസംഗത്തിലുടനീളം ഉണ്ടായിരുന്നു. കൊച്ചി മെട്രോ, സ്മാർട്ട്സിറ്റി, കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം തുറമുഖം, എല്ലാ ജില്ലകളിലും സർക്കാർ മെഡിക്കൽ

കോളേജ്, കോളേജുകളില്ലാത്ത എല്ലാ മണ്ഡലങ്ങളിലും സർക്കാർ കോളേജ്, എല്ലാ പഞ്ചായത്തിലും പ്ലസ്ടു സ്കൂൾ, പാവപ്പെട്ടവർക്ക് ഒരു രൂപയ്ക്ക് അരി, കാരുണ്യ ചികിത്സാ പദ്ധതി, രാജ്യത്തെ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനം, എല്ലാ സർക്കാർ സ്കൂളുകൾക്കും പുതിയ കെട്ടിടം, ലോകോത്തര നിലവാരമുള്ള റോഡുകൾ, പാലങ്ങൾ, ഐ.ടി. മേഖലയുടെ കുതിച്ചുചാട്ടം, സ്റ്റാർട്ടപ്പ് വില്ലേജുകൾ - ശ്രീ. നരേന്ദ്ര മോദി സ്റ്റാർട്ടപ്പ് വില്ലേജുകളെക്കുറിച്ച് സ്വപ്നം കാണുന്നതേയുള്ളൂ, നമ്മൾ ഇവിടെ നടപ്പിലാക്കി കഴിഞ്ഞു, ഭവന നിർമ്മാണ പദ്ധതികൾ, ജനസമ്പർക്ക പരിപാടി തുടങ്ങിയവ ഈ സർക്കാരിന്റെ ഏറ്റവും വലിയ നേട്ടങ്ങളാണ്. സ്കൂളുകളിൽ സമരമില്ലാത്ത അഞ്ച് വർഷമായിരുന്നു കടന്നുപോയത് എന്നത് ഏറ്റവും വലിയ അത്ഭുതമാണ്. ഇവിടെ നഗരത്തിൽ എസ്.എഫ്.ഐ. ക്കാർ ബോംബ് എറിയലും മറ്റും നടത്തി എന്നുള്ളതല്ലാതെ, കേരളത്തിലെ ഒരു സ്കൂളുകളേയും ഒരു കലാലയത്തേയും ചലിപ്പിക്കാൻ അവർക്ക് കഴിഞ്ഞിട്ടില്ല. കാരണം വിദ്യാഭ്യാസ മേഖല സമാധാനപൂർണ്ണമായിരുന്നു. സീറോ ലാൻഡ്ലെസ്സ് പദ്ധതി വഴി എത്രയോ ആളുകൾക്കാണ് പ്രയോജനം കിട്ടിയത്. ക്ഷേമ പദ്ധതികൾ, ശ്രുതി തരംഗം, താലോലം, സുകൃതം അതുപോലെതന്നെ ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പരിപാടി, ഓപ്പറേഷൻ കുബേര, വിജിലന്റ് കേരള, സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമങ്ങൾ എന്നു വേണ്ട എത്രയോ പദ്ധതികൾ. സത്യത്തിൽ ഈ സർക്കാരിന്റെ തുടർ ഭരണം ആരും ആഗ്രഹിച്ചു പോകും. നമ്മൾ ജനങ്ങളെ സമീപിക്കുമ്പോൾ, അവരുമായി ഇടപഴകുമ്പോൾ അവരെല്ലാം ഒരേ സ്വരത്തിൽ പറയുന്നത് ഇതുപോലെ ഒരു ഗവൺമെന്റ് മുമ്പ് ഉണ്ടായിട്ടില്ല, ഇതിന്റെ ഒരു തുടർ ഭരണം അവർ ആഗ്രഹിക്കുന്നു എന്നുള്ളതാണ്. പ്രതിപക്ഷം ഇവിടെയില്ലാത്തതുകൊണ്ട് അവരെ വെല്ലുവിളിക്കാൻ കഴിയുന്നില്ല. ശ്രീ. വി. എസ്. അച്ചുതാനന്ദൻ സർക്കാരിന്റെ കാലഘട്ടത്തിൽ കേരളത്തിൽ നടപ്പിലാക്കിയ, കേരളത്തിലെ ജനങ്ങളുടെ ഓർമ്മയിൽ തങ്ങിനിൽക്കുന്ന ഏതെങ്കിലും ഒരു പദ്ധതിയുടെ പേര് പറയാൻ ഞാൻ അവരെ വെല്ലുവിളിക്കുകയാണ്. ശ്രീ. എ. കെ. ആന്റണി ഡിഫൻസ് മിനിസ്റ്റർ ആയിരുന്നപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ ശ്രീ. എളമരം കരീം ഒന്നോ രണ്ടോ പദ്ധതികൾ കൊണ്ടു വന്നിട്ടുള്ളതല്ലാതെ കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്ന, അവരുടെ സ്വപ്ന പദ്ധതികളിൽ ഏതെങ്കിലും ഒരെണ്ണം തുടങ്ങിവയ്ക്കുവാൻ പോലും കഴിഞ്ഞിട്ടില്ല. ഒരെണ്ണത്തെക്കുറിച്ചുപോലും പറയാൻ അവർക്ക് ആവില്ല. അവരോട് ഒരു കാര്യം മാത്രമാണ് എനിക്ക് പറയാനുള്ളത്. നിങ്ങൾ രാഷ്ട്രീയ പ്രവർത്തകരുടെ നിലയും വിലയും നശിപ്പിച്ചുകൊണ്ടിരിക്കുക യാണ്. പൊതുപ്രവർത്തകരെ പൊതുജനമധ്യത്തിൽ അകാരണമായി അപഹസി

ക്കുക വഴി നിങ്ങളും സ്വയം അപഹാസ്യരാകുകയാണ് എന്ന സത്യം നിങ്ങൾ വിസ്മരിക്കരുത്. മറ്റു സംസ്ഥാനങ്ങൾ പോലെയല്ല കേരളം, കേരളത്തിൽ എം.എൽ.എ. മാരും ജനപ്രതിനിധികളും ഏത് പാർട്ടിയിൽപ്പെട്ടവരാണെങ്കിലും അവരൊക്കെ ജനങ്ങൾക്കൊപ്പം നിൽക്കുന്നവരാണ്, സ്വയം സമർപ്പിതരാണ്. രാഷ്ട്രീയ നേട്ടങ്ങൾക്കുവേണ്ടി ആരുടെയെങ്കിലും വാക്കുകൾ കേട്ട് സ്വന്തം സഹോദരങ്ങൾക്കെതിരെ ചെളി വാരിയെറിയുന്ന ഒരു രാഷ്ട്രീയ ശൈലി, അത് കേരളത്തിലെ പ്രതിപക്ഷം അവസാനിപ്പിക്കണമെന്നാണ് എനിക്ക് അവരോട് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്. അതിന്റെ അപമാനം പൊതുപ്രവർത്തക സമൂഹത്തെ ആകമാനം ബാധിക്കുമെന്നുള്ള സത്യം വിസ്മരിക്കരുത്. ഇക്കാര്യത്തിൽ കോൺഗ്രസ്സിന്, യു.ഡി.എഫ്.-ന് ഒരു സംസ്കാരമുണ്ട്. ശ്രീ. വി. എസ്. അച്ചുതാനന്ദനെപ്പോലെ അറിയാൻ പാടില്ലാത്ത കാര്യങ്ങൾ പറഞ്ഞ് ആളുകളെ നാറ്റിക്കുന്ന സ്വഭാവം ഒരിക്കലും യു.ഡി.എഫ്.-ഫോ കോൺഗ്രസ്സോ സ്വീകരിക്കാറില്ല. പരാതിക്കാരുണ്ടെങ്കിൽ നിയമത്തിന്റെ വഴി തേടാനാണ് ഞങ്ങൾ പറയാറുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് സി.പി.ഐ.(എം) ജില്ലാ സെക്രട്ടറിമാർക്കെതിരെ ആരോപണമുണ്ടായിട്ടില്ലേ? പാർട്ടിക്കകത്തുനിന്നുള്ള പരാതി പ്രകാരം രണ്ടുമൂന്ന് ജില്ലാ സെക്രട്ടറിമാരെ അവർക്ക് സ്ഥാനത്തുനിന്നും ഒഴിവാക്കേണ്ടി വന്നു. അതുപോലെ ദേശാഭിമാനി പത്രത്തിന്റെ മാനേജർക്കെതിരെ ശ്രീമതി മേഴ്സിക്കുട്ടി അമ്മ പരാതി കൊടുത്തില്ലേ; അന്ന് ഭരിച്ചുകൊണ്ടിരുന്ന ഒരു മന്ത്രിയുടെ ഓഫീസിൽ നിന്നും ഒരു സെക്രട്ടറിക്ക് അവരുടെ മാനാഭിമാനം രക്ഷിക്കാനായി ഓടി രക്ഷപ്പെടേണ്ട അവസ്ഥ ഉണ്ടായില്ലേ? അതുപോലെതന്നെ ഒരു ലൈവ് ഷോ നമ്മൾ ടെലിവിഷനിൽ കണ്ടതാണ്, നമ്മൾ ആരെങ്കിലും അക്കാര്യം ഇവിടെ സംസാരിക്കുവാൻ ശ്രമിച്ചോ; ആരെയെങ്കിലും അപമാനിച്ചുവോ? നമ്മൾ അന്ന് പരാതിക്കാരോട് പറഞ്ഞത് പരാതിയുണ്ടെങ്കിൽ നിയമത്തിന്റെ വഴി തേടാനാണ്. അതല്ലാതെ നമുക്ക് നേരിട്ട് ബോധ്യമില്ലാത്ത കാര്യങ്ങൾ ഇവിടെ പറഞ്ഞുകൊണ്ട് ആളുകളെ ആക്ഷേപിക്കാനും അപമാനിക്കുവാനുമുള്ള ശ്രമം ഒരു കാലത്തും കേരളത്തിലെ കോൺഗ്രസ്സോ, യു.ഡി.എഫ്.-ഫോ നടത്തിയിട്ടില്ല. അത് മാന്യതയുടെ ഭാഗമാണ്. പത്തും, അൻപതും കേസ്സുകളിൽ പ്രതിയായവരെയും ഭാര്യയെ കൊന്നതിന്റെ പേരിൽ കൊലക്കേസ്സിൽ ജീവപര്യന്തം ശിക്ഷിക്കപ്പെട്ട് ജയിലിൽ കിടക്കുന്നയാളെയുമൊക്കെ കൊണ്ടുവന്ന് സംസാരിപ്പിച്ച്, അവരൊക്കെ സർക്കാരിനോടുള്ള പകതീർക്കുന്നതിനുവേണ്ടി പറയുന്ന കാര്യങ്ങൾ ആളുകളെ ആക്ഷേപിക്കാനുള്ള മാർഗ്ഗമായി ഉപയോഗിക്കുമ്പോൾ ഒരുകാര്യം ഓർക്കണം, നിങ്ങൾക്കും നാളെകളിൽ അത് ബാധകമാകും. ഈ സത്യം നിങ്ങളാരും വിസ്മരിക്കരുത്. ഓരോ തെരഞ്ഞെടുപ്പ് വരുമ്പോഴും നിങ്ങൾക്ക് ഓരോ

ഐറ്റം കിട്ടും. നിങ്ങൾ കേരളത്തിൽ ഐറ്റം ഡാൻസുകൾ നടത്തും. അത് ഇന്നും ഇന്നലെയും തുടങ്ങിയതല്ല, എല്ലാ തെരഞ്ഞെടുപ്പിലും അതുതന്നെയാണ് ചെയ്യാറുള്ളത്. ഒരിക്കൽ തങ്കമണിയിൽ പോലീസുകാർ പാവപ്പെട്ട സ്ത്രീകളെ ബലാത്സംഗം ചെയ്തുവെന്ന് പറഞ്ഞ് നിങ്ങൾ ബഹളമുണ്ടാക്കി. അതിന്റെ അന്വേഷണ കമ്മീഷൻ റിപ്പോർട്ട് വന്നപ്പോൾ അവിടെ ആരെയും ബലാത്സംഗം ചെയ്തിട്ടില്ല എന്ന് തെളിഞ്ഞു. അന്ന് അതിന്റെ പിന്നിൽ പരാതിക്കാരായി ബഹളം നടത്തിയവർ പറഞ്ഞത്, മാർക്സിസ്റ്റ് പാർട്ടി നേതാക്കൾ പറഞ്ഞതുകൊണ്ടാണ് അവർ അങ്ങനെ പറഞ്ഞതെന്നാണ്. പക്ഷെ ഒരു തെരഞ്ഞെടുപ്പിൽ നിങ്ങൾ അത് ഉപയോഗിച്ചു. രാജ്യം മുഴുവൻ അതിനെക്കുറിച്ചുള്ള പ്രചരണമായിരുന്നു. അതിനുശേഷം സൂര്യനെല്ലി കേസ് ഉപയോഗിച്ചു. ആ കേസിൽ സി.പി.ഐ.(എം)-ന്റെ അറിയപ്പെടുന്ന നേതാക്കളും പ്രവർത്തകരും പ്രതികളായിട്ടില്ലേ? അതിന്റെ പേരിൽ ഞങ്ങൾ ആരെയെങ്കിലും ആക്ഷേപിച്ചിട്ടുണ്ടോ? പക്ഷേ നിങ്ങൾ ഓരോ തെരഞ്ഞെടുപ്പുകാലത്തും ഇത്തരം കള്ളക്കേസ്സുകളും കള്ളപ്പരാതികളുമുണ്ടാക്കി ബഹുമാന്യരായ എത്രയോ ആളുകളെ ആക്ഷേപിക്കാൻ ശ്രമിക്കുന്നു. ഒരു തെരഞ്ഞെടുപ്പിൽ മറിയം റഷീദയും ഫൗസിയയും ആയിരുന്നു. പിന്നെ റജീനയും റൗഫും നിങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ട രണ്ടാളുകളായിരുന്നു, അവരെ വച്ചുകൊണ്ട് കുറേക്കാലം കച്ചവടം നടത്തി. ഇപ്പോൾ സരിത, ബിജു രമേശ് എന്നിവരെ കൊണ്ടുവന്ന് പുതിയ കഥകൾ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഇവിടെ ഇടതുപക്ഷ നേതാക്കളെക്കുറിച്ച് എത്രയോ കഥകൾ പുറത്തുവന്നു. ആലപ്പുഴ ജില്ലാ സെക്രട്ടറി സജി ചെറിയാൻ, സരിതയെ കാണാൻ നിർബന്ധിക്കുകയാണെന്ന് സരിത പറഞ്ഞില്ലേ? അന്നവർക്ക് അതിനെക്കുറിച്ച് പരാതിയുണ്ടായിരുന്നില്ല. കാരണം സരിത മോശപ്പെട്ടയാളായിരുന്നു. പക്ഷെ, ഇന്നിപ്പോൾ സജി ചെറിയാന്റെ കാര്യത്തെക്കുറിച്ച് ചോദിച്ചാൽ മിണ്ടാട്ടമില്ല. ശ്രീ. ഇ. പി. ജയരാജൻ 10 കോടി രൂപ കൊടുക്കാമെന്ന് പറഞ്ഞതായി ഉത്തരവാദപ്പെട്ട ഒരു മാധ്യമത്തിൽ പരാതി വന്നില്ലേ; അങ്ങനെ സരിത പറഞ്ഞത് മാധ്യമങ്ങൾ പ്രസിദ്ധീകരിച്ചില്ലേ? അതിനെക്കുറിച്ചും ഇപ്പോൾ അവർക്ക് മിണ്ടാനില്ല. കേരളത്തിലെ ഒരു സി.പി.ഐ.(എം) വനിതാ എം.പി. കഴിഞ്ഞ രണ്ടു മാസത്തിനിടയിൽ സരിതയെ എത്ര പ്രാവശ്യം ഫോൺ ചെയ്തു എന്നതുസംബന്ധിച്ച ഒരു കാൾ ലിസ്റ്റ് പുറത്തുവിടണമെന്ന് ഞാൻ ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്. അവർ എന്തിനുവേണ്ടിയായിരുന്നു സരിതയെ ഇത്രയധികം തവണ ഫോൺ ചെയ്തത്; ഭാഗവതം വായിച്ച് കേൾപ്പിക്കാനായിരുന്നോ? എന്ത് ഗൂഢാലോചനയ്ക്ക് വേണ്ടിയായിരുന്നു അവർ വിളിച്ചതെന്നറിയാൻ അവരുടെ കാൾ

ലിസ്റ്റ് പുറത്തുവിടണം. അതുമാത്രമല്ല, സരിതയുടേയും ബിജുരമേശിന്റേയും കഴിഞ്ഞ ഒരു വർഷത്തെ കാൾ ലിസ്റ്റുകളിൽ അവർക്ക് ആവശ്യമുള്ള ചിലത് മാത്രം പുറത്തുവിട്ടാൽ പോരാ, അവർ നടത്തിയിട്ടുള്ള ഫോൺ വിളികളുടെ മുഴുവൻ കാൾ ലിസ്റ്റുകളും പുറത്തുവരണം. കേരളത്തിലെ ചില ബാർ മുതലാളിമാരുടേതും വരണം. അവർ എവിടെയൊക്കെ പോയി, ആരുടെ വീടുകളിലൊക്കെപോയി എന്നത് കണ്ടെത്തണം. ശ്രീ. കെ. എം. മാണി സാറിന്റെ വീട്ടിൽ 26-ാം തീയതി രാവിലെ ചെന്നത് കാൾ ലിസ്റ്റിൽ കണ്ടു എന്നാണ് പറയുന്നത്. മാണി സാറിന്റെ വീട്ടിൽ മാത്രമല്ല കേരളത്തിലെ ഒരുപാട് രാഷ്ട്രീയ നേതാക്കൻമാരുടെ വീട്ടിൽ 'ബാർ പൂട്ടല്ലേ' എന്ന് നെഞ്ചത്തടിച്ചുകരഞ്ഞുകൊണ്ട് ബാർ മുതലാളിമാർ ചെന്നിട്ടുണ്ട്. അതുപോലെ ബാർ അസോസിയേഷൻകാർ കേരളത്തിലെ ഏതൊക്കെ സ്ഥാനാർത്ഥികളുടെ വീടുകളിൽ, ഏതൊക്കെ പാർട്ടികളുടെ ഓഫീസുകളിൽ പോയിട്ടുണ്ടെന്ന് അന്വേഷിക്കണം. മുഴുവൻ കാൾ ലിസ്റ്റുകളും പരിശോധിക്കട്ടെ. അതല്ലാതെ ഈ രീതിയിൽ ഓരോരുത്തർക്കും ആവശ്യമുള്ള കാര്യങ്ങൾ മാത്രം പുറത്തുവിട്ടുകൊണ്ട് മറ്റുള്ളവരെ ആക്ഷേപിക്കുന്ന രാഷ്ട്രീയത്തിന് കൂട്ടുനിൽക്കരുത് എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. തിരുവനന്തപുരത്തെ ഒരു എം.എൽ.എ.-യുടെ വീട്ടിൽ ഗൂഢാലോചന നടന്നു എന്ന് ബഹുമാന്യനായ ശ്രീ. കെ. ബാബു പറഞ്ഞു. സി.പി.ഐ.(എം)- ന്റെ ഏറ്റവും മുതിർന്ന നേതാക്കൻമാർ ആ യോഗത്തിൽ പങ്കെടുത്തു. ഇത്രയും വലിയ ഒരു ഗൂഢാലോചന അവിടെ നടത്തിയെന്ന് പറഞ്ഞത് ഇതുവരെ അവർ നിഷേധിച്ചിട്ടില്ല. എന്തായിരുന്നു ആ ഗൂഢാലോചന? ഇടതുപക്ഷത്തെ അധികാരത്തിൽ കൊണ്ടുവരാൻ സഹായിച്ചാൽ ഇവിടെ അടച്ചിട്ടിരിക്കുന്ന 418 ബാറുകൾ തുറന്നുകൊടുക്കാം എന്നാണ് പറഞ്ഞത്. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഉപാദ്ധ്യക്ഷൻ ശ്രീ. രാഹുൽ ഗാന്ധി കേരളത്തിലെ സി.പി.ഐ.(എം)-നെ വെല്ലുവിളിച്ചു. നിങ്ങളുടെ നിലപാട് പ്രഖ്യാപിക്കുവാൻ കഴിയുമോ? നിങ്ങൾ അധികാരത്തിൽ വന്നാൽ കേരളത്തിൽ അടച്ചിട്ടിരിക്കുന്ന ഒരു ബാറും തുറന്നു പ്രവർത്തിക്കുകയില്ല എന്ന് ജനങ്ങളോട് പറയാൻ ധൈര്യമുണ്ടോ എന്ന് ശ്രീ. രാഹുൽ ഗാന്ധി വെല്ലുവിളിച്ചു.

1.00 P.M]

ശ്രീ. പിണറായി വിജയൻ അങ്ങുമിങ്ങും തൊടാതെ സംസാരിച്ചതേയുള്ളൂ, ഈ നിമിഷം വരെ അവരുടെ നയമെന്തെന്ന് വ്യക്തമായി പറഞ്ഞിട്ടില്ല. ശ്രീ. പിണറായി വിജയന് ആർജ്ജവമുണ്ടെങ്കിൽ, സി.പി.ഐ(എം)-ന്റെ സംസ്ഥാന സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണന് ആർജ്ജവമുണ്ടെങ്കിൽ, അടച്ചിട്ടിരിക്കുന്ന ഒരു ബാറുപോലും തുറക്കില്ല എന്നുപറഞ്ഞാൽ അപ്പോൾ

വെളിയിൽ വരും ഇവിടെ നടന്നിരിക്കുന്ന ഗൂഢാലോചനയുടെ യഥാർത്ഥ വസ്തുത. അപ്പോൾത്തന്നെ ബാർ മുതലാളിമാർ യഥാർത്ഥത്തിൽ എന്താണ് സംഭവിച്ചതെന്ന് തിരിച്ചുപറയും. ഒരു കാര്യം നിങ്ങൾ ഓർക്കണം, ഇത്തരം ആളുകളെ വച്ചുകൊണ്ട് രാഷ്ട്രീയം കളിക്കാൻ ശ്രമിച്ചാൽ, അവരുടെ താൽപ്പര്യങ്ങൾക്ക് ഹാനികരമാകുന്ന, താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല എന്നുകണ്ടാൽ ആ നിമിഷം അവർ തിരിച്ചടിക്കും, അത് അനുഭവിക്കാൻ പോകുന്നതേയുള്ളൂ. അടച്ച ബാറുകൾ തുറന്നു തരാം എന്ന വാഗ്ദാനത്തിന്റെ പേരിൽ ഇല്ലാത്ത കാര്യങ്ങൾ പറഞ്ഞുകൊണ്ട് ഒരു ഗവൺമെന്റിനെ അധിക്ഷേപിക്കാൻ ശ്രമിച്ചാൽ, കഴിഞ്ഞ 5 വർഷക്കാലം ഒരു നാടിനു വേണ്ടി സമർപ്പിതമായി പ്രവർത്തിച്ച, ഇത്രയേറെ വികസന പ്രവർത്തനങ്ങൾ നടത്തിയ, പാവപ്പെട്ടവനുവേണ്ടി ഇത്രയധികം ക്ഷേമ പദ്ധതികൾ നടപ്പിലാക്കിയ ഒരു സർക്കാരിനെ ആക്ഷേപിച്ചാൽ അതിനുള്ള ശിക്ഷ കേരളത്തിലെ ജനങ്ങളുടെ കോടതിയിൽ നിന്ന് നിങ്ങൾക്ക് കിട്ടുമെന്നതിൽ യാതൊരു സംശയവുമില്ല. ഞാൻ കൂടുതൽ ദീർഘിപ്പിക്കുന്നില്ല, ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച ഈ നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. നമ്മുടെ സ്റ്റേറ്റിന്റെ മനുഷ്യ വിഭവശേഷിയെ ക്രിയാത്മകമായി വിനിയോഗിക്കാൻ, സംസ്ഥാനത്തിന്റെ അനന്തമായ സാധ്യതകൾ കണ്ടെത്തി ഉപയാഗപ്പെടുത്താൻ, കഴിഞ്ഞ അഞ്ച് വർഷം വളരെ ദീർഘവീക്ഷണത്തോടുകൂടി ബുദ്ധിപൂർവ്വം പ്രവർത്തിച്ച ഒരു സർക്കാരിന്റെ ഭാഗമായാണ് ഇവിടെ നന്ദിപ്രമേയ ചർച്ച നടക്കുന്നത്. കേരളത്തിൽ ഒരുപാട് ഗവൺമെന്റുകൾ മാറിമാറി അധികാരത്തിൽ വന്നിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷത്തെ ഭരണം കൊണ്ടുണ്ടായ മാറ്റം, കേരളത്തെ കൃത്യമായി പഠിച്ച് നാടിന്റെ വികസന രംഗത്ത് പ്രവർത്തിക്കുക എന്നുള്ള ഒരു നിലപാടായിരുന്നു. ഓരോ രാഷ്ട്രീയപാർട്ടിക്കും ഓരോ യാത്ര നടത്തുവാൻ എളുപ്പമാണ്. അതിന്റെ ഭാഗമായി ശ്രീ. പിണറായി വിജയൻ നടത്തുന്ന ഒരു യാത്രയാണ് നവകേരള യാത്ര. അത് കേവലം ഒരു രാഷ്ട്രീയ പ്രചരണമാണ്. എന്നാൽ ഇതിനകം തന്നെ കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി നവകേരള ശിൽപ്പിയായി മാറിയിരിക്കുന്നു വെന്നതാണ് ഇപ്പോഴത്തെ ഏറ്റവും വലിയ പ്രത്യേകത. ഭാവിതലമുറ കേരളത്തിന്റെ വളർച്ചയുടെ കാലഘട്ടം പരിശോധിച്ചാൽ, ഈ ഗവൺമെന്റിന്റെ കാലയളവ് വളർച്ചയുടെ സുവർണ്ണ കാലഘട്ടമായിരുന്നുവെന്ന് ആർക്കും വിശേഷിപ്പിക്കാൻ കഴിയും. സത്യത്തിൽ കേരളത്തിൽ നടക്കുന്നത് ധർമ്മവും അധർമ്മവും തമ്മിലുള്ള പോരാട്ടമാണ്. ധർമ്മത്തിന്റെ പക്ഷത്തുനിന്നുകൊണ്ട് നാടിന് അപകടകരമായതെന്താണോ അതൊക്കെ നിരാകരിക്കുകയാണ് ഈ സർക്കാർ ചെയ്തത്. മദ്യഷാപ്പുകൾ അടച്ചു പൂട്ടുകയെന്നത് ഒരു ചെറിയ തീരുമാനമായിരുന്നില്ല. അടച്ചുപൂട്ടാൻ കഴിയില്ലെന്ന് കരുതിയ ബാറുകൾ അടച്ചുപൂട്ടാൻ സാധിച്ചുവെന്നത്

കേരളത്തെ സംബന്ധിച്ച് ഏറ്റവും വലിയ നേട്ടമാണ്. ലക്ഷക്കണക്കിന് രൂപ ദിനംപ്രതി ചാക്കിൽക്കെട്ടി വീട്ടിലെത്തിച്ചിരുന്ന മദ്യ രാജാക്കന്മാർ സ്വാഭാവികമായും ഗവൺമെന്റിന്റെ ശത്രുക്കളായി മാറും. സർക്കാരിന്റെ മറ്റൊരു പ്രധാനപ്പെട്ട നേട്ടമാണ് ഓപ്പറേഷൻ കുബേര. നമ്മുടെ ഗ്രാമങ്ങളിലൂടെ നടന്ന് കൊള്ളപ്പലിശയ്ക്ക് പണം നൽകി പാവപ്പെട്ട ജനങ്ങളെ വേട്ടയാടിയിരുന്ന കറുത്ത ശക്തികൾക്ക് കടിഞ്ഞാണിടാൻ കഴിയുന്ന ഒരു നിയമമായിരുന്നു ഇതിലൂടെ കൊണ്ടുവന്നത്. ഇത്തരത്തിൽ നിയമങ്ങൾ കൊണ്ടുവരിക മാത്രമല്ല കാരുണ്യ പ്രവർത്തന രംഗത്ത് അത്ഭുതകരമായ മാറ്റങ്ങളുണ്ടാക്കിയ, കേരളത്തിലെ ഏതൊരാൾക്കും പരാതി പറയുവാൻ, ഒരപേക്ഷ കൊടുക്കാൻ ഒരിടമുണ്ട് എന്ന അവസ്ഥ സൃഷ്ടിക്കപ്പെട്ടു. എന്നാൽ ഇതിനുമുമ്പുള്ള കാലങ്ങളിലും ഇവിടെ ഭരണ സംവിധാനങ്ങളും മുഖ്യമന്ത്രിമാരും ഉണ്ടായിരുന്നു. അവർക്കും ജനങ്ങൾ അപേക്ഷകൾ നൽകിയിരുന്നു. പക്ഷെ അവർ നൽകിയിരുന്ന ഒരു നിവേദനത്തിനും ഇന്നേവരെ ഒരു മറുപടിയും കിട്ടാത്ത അവസ്ഥയായിരുന്നുവെങ്കിൽ, അതിൽ നിന്നെല്ലാം വ്യത്യസ്തമായി കഴിഞ്ഞ അഞ്ച് വർഷം ജനങ്ങളുടെ പ്രശ്നങ്ങൾ കണ്ടറിഞ്ഞ് പ്രവർത്തിക്കുന്ന ഒരു സാഹചര്യമുണ്ടായി. സത്യത്തിൽ സാമൂഹ്യക്ഷേമ പദ്ധതിയെന്നത് എന്താണെന്ന് കൃത്യമായി വിശകലനം ചെയ്യപ്പെടുന്നത് ഇപ്പോഴാണ്. സാമൂഹ്യക്ഷേമ പദ്ധതി പാവപ്പെട്ട ജനങ്ങൾക്ക് വേണ്ടിയാകണം, അവരുടെ പ്രശ്നങ്ങൾ കണ്ടറിഞ്ഞ് പ്രവർത്തിക്കാൻ കഴിയണം എന്നുള്ള ഒരു തലത്തിലേക്ക് ഈ സർക്കാരിന് എത്താൻ കഴിഞ്ഞു. ഇവിടെ കോക്ലിയർ ഇംപ്ലാന്റേഷനൊക്കെ ഉണ്ടാക്കിയ ചലനം ചെറുതല്ല. കാരണം അതുവഴി വളരെ പിന്നിൽ കിടന്നിരുന്ന ഒരു സമൂഹത്തെ കൈപിടിച്ച് ഉയർത്തുകയാണ്.

ഇവിടെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ അനുവദിച്ചപ്പോൾ അന്ന് ഇടതുപക്ഷം എതിർത്തു. എഞ്ചിനീയറിംഗ് കോളേജുകളിൽനിന്നും ബിരുദ ധാരികളായ നല്ല കഴിവുള്ള ചെറുപ്പക്കാർ കടന്നുവന്നപ്പോൾ അവരിൽ നിന്ന് നല്ല സംരംഭകരുണ്ടായി. അവരുടെ ഐഡിയ എന്താണെന്ന് കണ്ടെത്തി അവരുടെ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാനാണ് നമ്മൾ സ്റ്റാർട്ടപ്പ് വില്ലേജുകൾ തുടങ്ങിയത്. അഞ്ച് കൊല്ലം കൊണ്ട് പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടതാണ് നമുക്ക് ഒരു വർഷം കൊണ്ട് പൂർത്തീകരിക്കാൻ സാധിച്ചത്. 405 സ്റ്റാർട്ടപ്പ് വില്ലേജുകൾ ഉണ്ടായി. ധാരാളം പുതിയ സംരംഭങ്ങൾ ഉണ്ടായി. കേരളത്തിന്റെ ഈ വളർച്ച നാം കാണണം. കമ്പ്യൂട്ടറിനെ എതിർത്തവരാണ് പ്രതിപക്ഷം. അവർക്ക് എങ്ങനെ ഇപ്പോൾ അതിനെ അനുകൂലിച്ച് പ്രസംഗിക്കാൻ കഴിയും? അവർ അധികാരത്തിലിരുന്നപ്പോൾ 3,000 കോടി രൂപയായിരുന്ന ഐ.ടി. വരുമാനം ഇന്ന് 18,000 കോടി രൂപയിലേക്ക് വളർന്നിരിക്കുന്നു. ഈ വളർച്ച കണ്ടില്ലെന്ന് നടിക്കാൻ ഇവർക്ക് കഴിയില്ല. അര ലക്ഷം ചെറുകിട വ്യവസായ യൂണിറ്റുകളാണ് കേരളത്തിൽ ഉണ്ടായിരുന്നത്. ജനസാന്ദ്രത കൂടിയ കേരളം പോലൊരു സംസ്ഥാനത്ത്

വൻകിട വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുകയെന്നത് അസാധ്യമായ കാര്യമാണ്. ഇവിടെ ചെറുകിട വ്യവസായത്തെയാണ് പ്രോത്സാഹിപ്പിക്കാൻ കഴിയുക. അര ലക്ഷത്തോളം ചെറുകിട വ്യവസായ യൂണിറ്റുകളുണ്ടായിരുന്ന സംസ്ഥാനത്ത് അത് ലക്ഷത്തിലധികമായെങ്കിൽ ഈ സ്റ്റേറ്റിൽ ഉണ്ടായ മാറ്റം ചെറുതല്ല. 'തൊട്ടതൊക്കെ പൊന്നാക്കുക' എന്ന് നാം സാധാരണ പറയാറുണ്ട്. അങ്ങനെ തൊട്ടതെല്ലാം പൊന്നാക്കി മാറ്റുകയായിരുന്നു ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള സർക്കാർ ചെയ്തത്. അതായിരുന്നു ഈ സർക്കാരിന്റെ സവിശേഷതയും. ന്യൂനപക്ഷ ക്ഷേമപദ്ധതികൾ നടപ്പിലാക്കിയതിൽ ഇന്ത്യയിൽ ഒന്നാം സ്ഥാനത്താണ് കേരളം, അതൊരു ചെറിയ കാര്യമല്ല. പ്രവാസികൾക്ക് ഒരു വകുപ്പ് വേണ്ടെന്ന് കേന്ദ്രം പറഞ്ഞപ്പോൾ കേരളത്തിലെ പ്രവാസികാര്യ വകുപ്പ്, പ്രവാസികൾക്ക് വിഷയങ്ങളുണ്ടെന്നും അത് പരിഹരിക്കണമെന്നുമുള്ള നിലപാട് സ്വീകരിക്കുകയായിരുന്നു. എന്നുമാത്രമല്ല കേരളീയൻ എന്ന നിലയിൽ വിദേശത്ത് ജോലി ചെയ്യുന്ന ആളുകൾ അഭിമാനിക്കുന്ന നിമിഷമായിരുന്നു 'നിതാഖത്ത്' മുതൽ ചില യുദ്ധഘട്ടങ്ങളിൽ വരെ വിദേശത്തുള്ള പ്രവാസികൾ അനുഭവിച്ച വിഷമതകൾ പരിഹരിച്ചുവരെ. അതിന് നേതൃത്വം കൊടുത്തത്, കേന്ദ്രത്തെപ്പോലും ചലിപ്പിച്ച ചാലകശക്തിയായി മാറിയത് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള കേരളത്തിലെ സർക്കാരാണ്. ഇവിടെ ധർമ്മത്തിന്റെ ശക്തികളും അധർമ്മത്തിന്റെ ശക്തികളുമുണ്ട്. അപ്പുറത്തുള്ളവർ ആരാണ്; എങ്ങനെയാണ് അവർ ചർച്ചയിൽ പങ്കെടുക്കുക? ലാവ്ലിൻ കേസിൽ പ്രതിയായ വ്യക്തിയാണ് ശ്രീ. പിണറായി വിജയൻ. അദ്ദേഹം ഒരു ജാഥ നയിക്കുകയാണ്. ആ ജാഥ തുടങ്ങിയ സമയത്ത് എന്താണുണ്ടായത്; ജാഥ തുടങ്ങിയ സമയത്ത് ബഹുമാനപ്പെട്ട കോടതി ചോദിച്ചത് എങ്ങനെയാണ് വിചാരണ കൂടാതെ ഇത്രവലിയ അഴിമതിക്കേസിൽനിന്നും നിങ്ങൾ രക്ഷപെട്ടതെന്നാണ്. ഇത് ചോദിച്ചത് ഭരണപക്ഷമല്ല, ബഹുമാനപ്പെട്ട കോടതിയാണ്. എന്നുമാത്രമല്ല, യാത്ര കടന്നുവരുമ്പോൾ ആദ്യം സ്വീകരിക്കേണ്ടത് കണ്ണൂർ ജില്ലയിലാണ്. കണ്ണൂർ ജില്ലയിൽ ജാഥയെ സ്വീകരിക്കേണ്ടവരെ കാണുന്നില്ല. കാരണം അവിടെ ജാഥയെ സ്വീകരിക്കേണ്ടത് കൊലക്കേസിലെ പ്രതികളാണ്. ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികളും ഫസൽ വധക്കേസിൽ ബഹുമാനപ്പെട്ട കോടതി ജാമ്യം നിഷേധിച്ച കാരായി രാജൻ, മനോജ് വധക്കേസിലെ പ്രതികൾ ഇവരെല്ലാം ചേർന്നാണ് കണ്ണൂർ ജില്ലയിൽ ജാഥയ്ക്ക് സ്വീകരണം നൽകുന്നത്. എല്ലാ കേസിലും സി.പി.ഐ.(എം)-കാരാണ് പ്രതികൾ. ഷുക്കൂർ വധക്കേസിലെ പ്രതികൾ ജാമ്യത്തിനായി ബഹുമാനപ്പെട്ട കോടതിയെ സമീപിച്ചപ്പോൾ സി.ബി.ഐ. പറഞ്ഞത് അവർ വളരെ വലിയ

ഗൂഢാലോചന നടത്തിയവരാണെന്നാണ്. കൊലപാതകത്തിന് ഗൂഢാലോചന നടത്തുകയും മനുഷ്യരെ അരുംകൊല ചെയ്യുകയും ചെയ്യുന്നവർ കേരള നിയമസഭയ്ക്കകത്ത് ഇരുന്നിരുന്നുവെന്നത് ഒരു നാണക്കേടായി നാളെ ചരിത്രം രേഖപ്പെടുത്തും. ഇതിനേക്കാൾ വലിയ അപമാനം വേറെയുണ്ടോ? ഇങ്ങനെയുള്ള ക്രിമിനലുകളുമായി മുന്നോട്ട് പോകുകയാണെങ്കിൽ ഭാവിയിൽ സി.പി.ഐ.(എം)-ന് എ.കെ.ജി. സെന്ററിന്റെ പ്രവർത്തനം സെൻട്രൽ ജയിലിലേക്ക് മാറ്റേണ്ടിവരും. സി.പി.ഐ.(എം)-ന്റെ ഏത് സംസ്ഥാന നേതാവാണ് ഏതെങ്കിലും ഒരു കേസുമായി ബന്ധപ്പെടാതെ ഇന്നുള്ളത്? ഒരു ക്രിമിനൽ കേസിൽ വിജിലൻസ് കോടതി വിധി വന്നപ്പോൾ അവർ യു.ഡി.എഫ്. ഗവൺമെന്റിനെതിരെ ആരോപണങ്ങളുമായി വന്നു. അവർക്കെതിരെ എത്ര വിജിലൻസ് കോടതി വിധികളുണ്ടായിട്ടുണ്ട്; പ്രതിപക്ഷ നേതാവിനെതിരെ ആരോപണങ്ങൾ വന്നിട്ടില്ലേ; തന്റെ ബന്ധുവിന് ഭൂമി പതിച്ച് നൽകിയതിന് വിജിലൻസ് കോടതി ശ്രീ. വി. എസ്. അച്ചുതാനന്ദനെ പ്രതിചേർത്ത് കേസെടുത്തിട്ടില്ലേ? അന്ന് നമ്മളാരെങ്കിലും ഇവർ കാണിച്ചതുപോലെയുള്ള കോപ്രായങ്ങൾ കാണിച്ചോ. നവജാത ശിശുക്കളുമായി ബന്ധപ്പെട്ട് അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീമതി ശ്രീമതി ടീച്ചർക്കെതിരെ കേസ്സെടുത്തിട്ടില്ലേ; ശ്രീമതി ശ്രീമതി ടീച്ചറെ പ്രതി ചേർക്കണമെന്ന് വിജിലൻസ് കോടതി പറഞ്ഞിട്ടില്ലേ? ശ്രീ. ടി. പി. ശ്രീനിവാസനെ മർദ്ദിച്ച സംഭവം ചെറിയ കാര്യമാണോ? ആഗോള വിദ്യാഭ്യാസ സമ്മേളനത്തിൽ പങ്കെടുക്കാൻ വന്ന വിദ്യാഭ്യാസ വിചക്ഷണനെന്ന നിലയിലല്ല അവർ അദ്ദേഹത്തെ കാണുന്നത്. അവർ പറഞ്ഞത് വിദേശ വിദ്യാഭ്യാസ കച്ചവടക്കാർ കേരളത്തിലേയ്ക്ക് വരുവാൻ പോകുകയാണെന്നാണ്. അങ്ങനെയെങ്കിൽ ഇവർ എടുക്കേണ്ട നിലപാട് എന്താണ്; ആദ്യം ആരെയാണ് എതിർക്കേണ്ടത്? വിദേശ രാജ്യങ്ങളിലെ യൂണിവേഴ്സിറ്റികൾ ഇവിടെ വരുന്നത് അപകടകരമാണെങ്കിൽ കേരളത്തിൽ അതിന് മാതൃക കാണിച്ച ഒരു വ്യക്തിയുണ്ട് - ഇന്ന് നവകേരള ജാഥ നയിക്കുന്ന ശ്രീ. പിണറായി വിജയൻ. അദ്ദേഹത്തിന്റെ മക്കൾ എവിടെയാണ് പഠിച്ചത്? സ്വന്തം മക്കളെ വിദേശ യൂണിവേഴ്സിറ്റികളിൽ പഠിക്കാൻ അയയ്ക്കുകയും കേരളത്തിലെ ഏതെങ്കിലും ഒരു കുട്ടിക്ക് അവിടെ പഠിക്കാനുള്ള അവസരം ഈ സർക്കാർ സൃഷ്ടിക്കുമ്പോൾ അതിനെ തടയുകയും ചെയ്യുന്നത് ഏറ്റവും വലിയ അക്രമമാണ്. ഇങ്ങനെ ചെയ്യുന്നവർ രാജ്യത്തെ ജനങ്ങളെ വിഡ്ഢികളാക്കുകയാണ്. ശ്രീ. ടി. പി. ശ്രീനിവാസൻ വിദ്യാഭ്യാസ വിചക്ഷണനാണോ എന്ന് ചോദിച്ച ആളുകൾ ഒരു കാര്യം മനസ്സിലാക്കണം, ഐ.എഫ്.എസ്. നേടിയ, അമേരിക്കയിൽ വരെ ഡിപ്ലോമാറ്റായി പ്രവർത്തിച്ച, നമ്മുടെ രാജ്യത്തും വിദേശ രാജ്യങ്ങളിലും നല്ല അഭിപ്രായമുള്ള, ഇന്ത്യാ രാജ്യത്തിന് അഭിമാനമായ ഒരു

വ്യക്തിത്വത്തിന്റെ മുഖത്തടിച്ചിട്ട് അത് ന്യായീകരിക്കാൻ നിങ്ങൾ ശ്രമിക്കുകയാണ്. ശ്രീ. ടി. പി. ശ്രീനിവാസന്റെ മുഖത്തടിച്ചത് ഈ കേരളീയ സമൂഹത്തിന്റെ മുഖത്തടിച്ചതിന് തുല്യമാണ്. അതിന് പ്രബുദ്ധ കേരളം അവരോട് പ്രതികാരം ചോദിക്കാതിരിക്കില്ല എന്ന് ഞങ്ങൾക്കുറപ്പുണ്ട്. അതുകൊണ്ട് ഈ അധർമ്മം ചെയ്തവർക്കെതിരെ ധർമ്മത്തിന്റെ പാത സ്വീകരിച്ച് മുന്നോട്ടുപോകുന്ന സർക്കാരിന്, അതിനുള്ള പാതയൊരുക്കുന്ന ഈ നന്ദിപ്രമേയത്തെ മുക്തകണ്ഠം അഭിനന്ദിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. ശിവദാസൻ നായർ</u> : സർ, ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന്റെ രണ്ടാമത്തെ ഖണ്ഡികയിൽ പറയുന്നത് "Albert Einstein once said that, all that is valuable in human society depends upon the opportunity for development accorded to an individual. Going by that saying, I am proud to say that the last five years of my Government has been a golden age of opportunities, an age where dreams came true, an age that propelled Kerala towards a fast trajectory of growth and development, an age which has opened several doors that is going to bring in more and more opportunities for a holistic development of the people of Kerala." എന്നാണ് പറഞ്ഞിരിക്കുന്നത്. ഈ ഗവൺമെന്റിന് ഇതിനപ്പുറം എന്ത് സർട്ടിഫിക്കറ്റാണ് കിട്ടേണ്ടത്? സുപ്രീം കോടതിയിൽ നിന്നും ഏറ്റവും ഉന്നതമായ നിലയിൽ പ്രവർത്തിച്ച്, അതിനുശേഷം ഇവിടെ കേരള ഗവർണർ ആയി വന്ന അദ്ദേഹം വെറുതെ സർക്കാരിനെക്കുറിച്ച് ഇത്തരമൊരു കാര്യം പറയുമോ? ഈ സർക്കാരിന് ഇതിൽക്കൂടുതൽ എന്ത് സർട്ടിഫിക്കറ്റാണ് ആരെങ്കിലും നൽകേണ്ടത്? ഈ സർക്കാർ ധാരാളം കാര്യങ്ങൾ ചെയ്തു. അഞ്ച് വർഷത്തിനു ശേഷം കണക്കെടുപ്പ് നടത്തുമ്പോൾ, ചെയ്ത കാര്യങ്ങളിൽ പലതും ചെയ്യുന്നതിന് നേതൃത്വം കൊടുക്കുകയും അതിന് പണം നൽകാൻ സഹായിക്കുകയും ചെയ്ത ശ്രീ. കെ. എം. മാണിസാറിനെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയും നന്ദി പറയുകയും ചെയ്യുന്നു. അദ്ദേഹം ഇന്ന് ധനകാര്യ വകുപ്പുമന്ത്രിയല്ല, എന്നാലും ഞാൻ അദ്ദേഹത്തെ പ്രത്യേകം അഭിനന്ദിക്കുന്നു. സർക്കാരിന്റെ ദീർഘകാല പദ്ധതികളെ കുറിച്ച് ഇവിടെ പല അംഗങ്ങളും സംസാരിക്കുകയുണ്ടായി. 5181 കോടി രൂപയുടെ കൊച്ചി മെട്രോയിലൂടെ ട്രെയിൻ ഓടിത്തുടങ്ങാൻ പോകുകയാണ്. ദേശീയ നിരക്കിനേക്കാൾ കൂടിയ വളർച്ചാ നിരക്കാണ് ഉണ്ടായിട്ടുള്ളത്. ജൂൺ മാസത്തിൽ സ്മാർട്ട് സിറ്റി, ഡിസംബർ 31-ന് കണ്ണൂരിൽ ആദ്യ വിമാനം, വിഴിഞ്ഞം പദ്ധതി,

900 സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ തുടങ്ങിയ എത്രയെത്ര പദ്ധതികളാണ് പൂർത്തിയാക്കാൻ പോകുന്നത്. ദീർഘകാല പദ്ധതികളുമായി സർക്കാർ ഇങ്ങനെ മുന്നോട്ടുപോകുമ്പോൾ, ഇവിടെ ഭരണകക്ഷിയെക്കൊണ്ട് സംസാരിപ്പിക്കാതിരിക്കുകയെന്ന തന്ത്രമാണ് പ്രതിപക്ഷം ഇപ്പോൾ പയറ്റിക്കൊണ്ടിരിക്കുന്നത്. ഭരണപക്ഷത്തിന്റെ വായ മൂടിക്കെട്ടിയിരിക്കുകയാണ്. പ്രതിപക്ഷത്തിന് എന്തും വിളിച്ചു പറയാം. പക്ഷേ ഞങ്ങൾക്ക് സംസാരിക്കാനുള്ള അവസരം നിഷേധിക്കുകയെന്ന തന്ത്രമാണ് അവർ പയറ്റുന്നത്. ഇന്ന് ഏതായാലും ഭാഗ്യത്തിന് ഞങ്ങൾക്ക് സംസാരിക്കാനുള്ള അവസരം ഉണ്ടായി. കഴിഞ്ഞ അഞ്ച് വർഷത്തെ ഓരോ സംരംഭത്തെക്കുറിച്ചും നടപ്പിലായതും നടപ്പിലാക്കിയതുമായ കാര്യങ്ങളെക്കുറിച്ചും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, എല്ലാ ദിവസവും രാവിലെ ഇവിടെ വന്ന് പുലയാട്ട് നടത്തിക്കൊണ്ടാണല്ലോ പോകുന്നത്. അദ്ദേഹം മുഖ്യമന്ത്രിയായ അഞ്ച് വർഷത്തിനിടയിൽ ഇതുപോലെ ഏതെങ്കിലുമൊരു പ്രോജക്ട് നടപ്പിലാക്കിയെന്ന് അദ്ദേഹത്തിന് പറയാനാകുമോ? അദ്ദേഹത്തിന്റെ കാലയളവിൽ കേരളത്തിലെ ജനങ്ങൾക്ക് പ്രയോജനപ്രദമായ ഒരു പ്രോജക്ട് നടപ്പിലാക്കിയെന്ന് പറഞ്ഞതിനുശേഷം ഈ പുലയാട്ട് അദ്ദേഹം നടത്തട്ടെ. ഈ സർക്കാർ 710 കോടി രൂപയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ ധനസഹായമായി അനുവദിച്ചത്. നൂറ് കോടി രൂപ പട്ടികജാതി വികസന വകുപ്പുമന്ത്രിയും അനുവദിക്കുകയുണ്ടായി. 1200 കോടി രൂപ കാരുണ്യ ബെനവലന്റ് ഫണ്ടിന് കൊടുത്തു, കാൻസർ വന്നുകഴിഞ്ഞാൽ, കിഡ്നി, ഹൃദയം എന്നിവയ്ക്ക് അസുഖം വന്നുകഴിഞ്ഞാൽ മുമ്പൊക്കെ മരണമല്ലാതെ മറ്റ് മാർഗ്ഗമില്ലായിരുന്നു. ചികിത്സിക്കാൻ പണമില്ലാതെ, മരണത്തെ മുന്നിൽക്കണ്ടുകൊണ്ടുനിൽക്കുന്ന ഒരു സാഹചര്യമായിരുന്നു ഉണ്ടായിരുന്നത്. ഇപ്പോൾ ഇത്തരം രോഗികൾ ഒരു അപേക്ഷ ലോട്ടറി ഓഫീസിൽ കൊണ്ടുകൊടുത്താൽ, അവരെ ചികിത്സിക്കുന്ന ആശുപത്രിയിൽ അവരുടെ അക്കൗണ്ടിൽ ആദ്യം രണ്ട് ലക്ഷം രൂപ കൊടുക്കും. ആ പണം തീർന്നുകഴിഞ്ഞാൽ ബാക്കി തുകയും കൊടുക്കും. മുഖ്യമന്ത്രിയായി ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഇരുന്ന അവസരത്തിൽ എത്രപേർക്ക് ഇത്തരത്തിൽ സഹായം ചെയ്തു? അദ്ദേഹം ഇവിടെ നീട്ടിയും കുറുക്കിയും എന്തെല്ലാമാണ് പറയുന്നത്. ഇതുപോലുള്ള ഏതെങ്കിലും ഒരു പദ്ധതി നടപ്പിലാക്കിയശേഷം അദ്ദേഹം ഇവിടെ വന്ന് സംസാരിക്കട്ടെ. കോക്ലിയർ ഇംപ്ലാന്റേഷൻ വഴി 620 കൊച്ചുകുട്ടികൾക്ക് കേൾക്കാൻ അവസരം ഒരുക്കിയത് ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായതിനുശേഷമാണ്. ശ്രീ. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായ കാലത്ത് ആ കുട്ടികൾ ഊമയും ബധിരരുമായി ഈ സംസ്ഥാനത്തുതന്നെ ഉണ്ടായിരുന്നു. അദ്ദേഹം അവരെ കണ്ടില്ല. ഈ

620 കുട്ടികളുടെയും രക്ഷിതാക്കളുടെയും പ്രാർത്ഥന ഇപ്പോൾ സർക്കാരിനോടൊപ്പമാണ്, ശ്രീ. ഉമ്മൻ ചാണ്ടിയോടൊപ്പമാണ് എന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. ജനകീയ കോടതിയിൽ പോകുമ്പോൾ ചികിത്സാ ധനസഹായം കിട്ടിയവരാണ് ഞങ്ങളുടെ സാക്ഷികൾ. ജനകീയ കോടതിയിൽ പോകുമ്പോൾ ഞങ്ങളുടെ സാക്ഷികളായി പറയുന്നത് ഈ 620 പിഞ്ചുകുഞ്ഞുങ്ങളെയും അവരുടെ രക്ഷിതാക്കളെയുമാണ്. പ്രതിപക്ഷത്തിന്റെ സാക്ഷികൾ ആരൊക്കെയാണ്? ഇവർ ജനങ്ങളുടെ മുമ്പാകെ സാക്ഷികളായി നിരത്തുന്നത് ബിജു രാധാകൃഷ്ണനെയാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്നപ്പോൾ, സ്വന്തം ഭാര്യയെ കൊന്നതിനുശേഷം സർവ്വസ്വതന്ത്രനായി നടന്ന ആളാണ് ബിജു രാധാകൃഷ്ണൻ. ഉമ്മൻ ചാണ്ടി സർക്കാർ വന്നപ്പോൾ അത് കൊലക്കേസായി ചാർജ്ജ് ചെയ്യുകയും വിചാരണ നടത്തി ബിജു രാധാകൃഷ്ണനെ ജയിലിലാക്കുകയും ചെയ്തു. ആ ബിജു രാധാകൃഷ്ണനെ സാക്ഷിയാക്കിക്കൊണ്ട് ജനകീയ കോടതിയിലേയ്ക്ക് പോകാൻ ഇവർക്ക് നാണമില്ലേ, ലജ്ജയില്ലേ? മുപ്പത്തിമൂന്ന് കേസ്സുകളിൽ പ്രതിയായ ഒരു സ്ത്രീ, ഞാൻ അവരുടെ പേര് പറയാൻ ആഗ്രഹിക്കുന്നില്ല. പ്രതിപക്ഷം ആ പേര് ആവോളം പറയുകയും അസ്വദിക്കുകയും ചെയ്തുകൊള്ളട്ടെ. ആ സ്ത്രീയെ മുന്നിൽ നിർത്തിക്കൊണ്ട് ജനകീയ കോടതിയിൽ യുദ്ധം നയിക്കാനായി അവർ വരികയാണ്. ശ്രീ. ജോസഫ് വാഴയ്ക്കൻ ഇവിടെ സൂചിപ്പിച്ചു, ഓരോ തെരഞ്ഞെടുപ്പിലും ഇതുപോലുള്ള കഥാപാത്രങ്ങളെ മുൻനിർത്തി മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി തെരഞ്ഞെടുപ്പിന് വന്നിട്ടുണ്ട്. ഇപ്പോൾ ഈ ആളിനെയാണ് മുന്നിൽക്കൊണ്ടുവന്നു നിർത്തിയിരിക്കുന്നത്. ഞങ്ങൾ ജനങ്ങളോട് പറയുന്നത് ഞങ്ങൾ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളെ മുൻ നിർത്തിയാണ്. ഞങ്ങൾ നടപ്പിലാക്കിയ ഓരോ കാര്യങ്ങളും ജനങ്ങളോട് എണ്ണിയെണ്ണി പറഞ്ഞുകൊണ്ടാണ് ഞങ്ങൾ മുന്നോട്ടുപോകുന്നത്. അത് ജനങ്ങൾ കേൾക്കുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്. അത് ജനങ്ങൾ കേൾക്കുമെന്ന് പ്രതിപക്ഷത്തിന് ഉറപ്പുള്ളതുകൊണ്ടാണ് പ്രതിപക്ഷം ഞങ്ങളുടെ വായ മൂടിക്കെട്ടാൻ ഹീനമായ തന്ത്രങ്ങൾ നിയമസഭയ്ക്കുള്ളിൽ നടത്തുന്നത്. ഇവിടെ മുദ്രാവാക്യങ്ങൾ വിളിക്കുന്ന ചില ആളുകൾ, ....... ഞാൻ ഇവിടെ അത് സൂചിപ്പിച്ചു, ഷുക്കൂർ വധം സി.ബി.ഐ.യ്ക്ക് വിട്ട സർക്കാരിന്റെ നടപടിക്കെതിരെ ശ്രീ. പി. ജയരാജനും ശ്രീ. റ്റി. വി. രാജേഷും കൊടുത്ത ഹർജി തള്ളിക്കൊണ്ടാണ് ജസ്റ്റീസ് കമാൽ പാഷയുടെ ഉത്തരവുണ്ടായത്. ആ കൊലപാതക കേസിലെ പ്രതികൾ ഇവിടെ വന്ന് ശ്രീ. ഉമ്മൻ ചാണ്ടിയുടെ മുഖത്ത് നോക്കി മുദ്രാവാക്യം വിളിക്കുകയാണ്. എന്തൊരു ഹീനമായ തന്ത്രമാണിത്. എന്താണ് പറഞ്ഞത്,

കൊല്ലപ്പെട്ട ഷുക്കൂറിന്റെ മാതാവിന്റെ കണ്ണുനീർ കാണാതിരിക്കാനാവില്ല. അന്വേഷണത്തെ നിയന്ത്രിക്കാൻ ഒരു പ്രദേശത്തെ സ്വയംപ്രഖ്യാപിത രാജാക്കന്മാരെ അനുവദിച്ചാൽ തകരുന്നത് നീതിനിർവ്വഹണമാകും എന്നൊക്കെയാണ്. ഈ കൊലക്കേസിലുൾപ്പെട്ട പ്രതികളെ സംരക്ഷിക്കാൻ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി നടത്തുന്ന ഹീനമായ ശ്രമങ്ങൾ കേരളത്തിലെ ജനങ്ങൾ കാണുന്നില്ലേ? കൊലക്കേസിലെ പ്രതിയെ തെരഞ്ഞെടുപ്പിന് നിർത്തി പാർട്ടി ഗ്രാമങ്ങളിൽ വോട്ട് പിടിച്ച് ജില്ലാ പഞ്ചായത്തിന്റെയും മുനിസിപ്പാലിറ്റിയുടെയും ചെയർമാന്മാരാക്കി ജനാധിപത്യത്തെത്തന്നെ അപഹസിക്കുന്ന പ്രതിപക്ഷം ഇപ്പോൾ ഇവിടെ ശ്രീ. പി. ജയരാജനെ ശക്തനായ മുഖ്യമന്ത്രിക്ക് കരുത്തനായ ആഭ്യന്തര വകുപ്പുമന്ത്രി എന്ന് വിശേഷിപ്പിക്കുകയാണ്. ഈനാംപേച്ചിക്ക് കൂട്ട് മരപ്പട്ടി ആണെന്നുപറയുന്നതുപോലെയായി. ഇവിടെ ഇപ്പോൾ ശ്രീ. ഇ. പി. ജയരാജനെ ആഭ്യന്തര വകുപ്പുമന്ത്രിയാക്കുന്നത് കേരളത്തിലെ ജനങ്ങൾ........

ശ്രീ. ബെന്നി ബെഹനാൻ : ശ്രീ. ഇ. പി. ജയരാജനല്ല, ശ്രീ. പി. ജയരാജൻ ആണ്.

ശ്രീ. കെ. ശിവദാസൻ നായർ : അതെ. ശ്രീ. ഇ. പി. ജയരാജൻ പാവമാണ്, കാഴ്ചയ്ക്കുമാത്രമേയുള്ളൂ പ്രശ്നം. ശ്രീ. പി. ജയരാജനാണ് പ്രശ്നം.

ശ്രീ. ഷാഫി പറമ്പിൽ : 2010-ൽ ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ അദ്ദേഹം സല്യൂട്ട് സ്വീകരിക്കുന്ന ഫ്ലക്സ് ബോർഡിൽ അദ്ദേഹത്തിന്റെ തല വെട്ടിയിട്ടാണ് ശ്രീ. പി. ജയരാജന്റെ തല വച്ചതെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ശിവദാസൻ നായർ : തല വെട്ടുക എന്നത് അവർക്കൊരു പ്രത്യേക ഹരമാണ്. ഇവിടെ ആരുടെ തലയാണെന്നതിൽ മാത്രമേ വിഷയമുള്ളൂ. ആദ്യം ശ്രീ. അച്ചുതാനന്ദന്റെ തല വെട്ടാനാണ് അവർ നോക്കിയത്. പക്ഷേ അച്ചുതാനന്ദൻ ഇപ്പോൾ ആരുടെയൊക്കെ തലവെട്ടണമെന്നതിനെക്കുറിച്ച് ഗൂഢമായി മന്ദസ്മിതം തൂകി തീരുമാനിച്ചുകൊണ്ടിരിക്കുകയാണ്. തല വെട്ടുമ്പോൾ ശ്രീ. പിണറായി വിജയന്റെതാണോ ശ്രീ. കോടിയേരി ബാലകൃഷ്ണന്റേതാണോയെന്നത് ഇപ്പോൾ അദ്ദേഹം തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ പാർട്ടി നടപടി എടുത്തതിനു ശേഷവും ഇവിടെ വന്ന് ശ്രീ. യെച്ചൂരിയുടെ ബലത്തിൽ ഈ പുലയാട്ട് മുഴവൻ നടത്തുമ്പോൾ അത് യഥാർത്ഥത്തിൽ മാർക്സിസ്റ്റ് പാർട്ടിയുടെ നേതാക്കന്മാരോടുള്ള വെല്ലുവിളിയായി മാത്രമേ നമുക്ക് കാണുവാൻ സാധിക്കൂ. ശ്രീ. ടി. പി. ശ്രീനിവാസനെതിരെ നടന്ന ആക്രമണം നമ്മുടെ സാമാന്യ ജനം, സമൂഹം കാണുകയല്ലേ? ശ്രീ. ടി. പി. ശ്രീനിവാസൻ ഒരു വിദ്യാഭ്യാസ

വിചക്ഷണനാണോ എന്നത് സംബന്ധിച്ച് ശ്രീ. എ.കെ. ബാലനും സംശയമുണ്ട്. ഇക്കാര്യത്തിൽ ശ്രീ. പിണറായി വിജയന് നേരത്തെ സംശയമുണ്ടായിരുന്നു. വിദ്യാഭ്യാസ വിചക്ഷണനല്ലെങ്കിൽ ആളിനെ അടിക്കാമോ; അടിച്ച് താഴെയിടാമോ; അങ്ങനെയാണോ ഇവർ പറയുന്നത്? വിദേശ രാജ്യങ്ങളിലും യു.എൻ.ലും ഇന്ത്യയെ പ്രതിനിധീകരിച്ച് സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച, ഏറ്റവും അഭിമാനകരമായ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരുന്ന ശ്രീ. ടി. പി. ശ്രീനിവാസനെ പരസ്യമായി അടിക്കുകയുണ്ടായി. അദ്ദേഹത്തെ ആക്രമിച്ച വ്യക്തികൾക്കെതിരെ ഇതുവരെയും ഒരു നടപടി പോലും സ്വീകരിക്കാതിരുന്ന മാർക്സിസ്റ്റ് പാർട്ടിക്ക് എങ്ങനെയാണ് ജനങ്ങളെ നേരിടാൻ സാധിക്കുക? ഇവിടെ അസഹിഷ്ണുതയാണല്ലോ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. അസഹിഷ്ണുത ആർ.എസ്.എസ്.-ന് മാത്രമാണോ? ഷുക്കൂറിന്റെ വധവും ശ്രീ. ടി. പി. ശ്രീനിവാസനെതിരെ നടന്ന ആക്രമണവും ഇവരുടെ അസഹിഷ്ണുതയുടെ പ്രകടനമല്ലേ? വർഗ്ഗീയ ഫാസിസ്റ്റ് ശക്തികളുടെ അസഹിഷ്ണുതപോലെതന്നെ അപകടകരമല്ലേ ഇവരുടെയും അസഹിഷ്ണുത? അക്കാര്യത്തെക്കുറിച്ച് ഇവർ ആലോചിക്കട്ടെ. ഞങ്ങൾക്ക് ഒരു കാര്യം സൂചിപ്പിക്കാനുണ്ട്. ഇപ്പോൾ കണ്ണൂരിലെ ധാരാളം കേസുകൾ സി.ബി.ഐ. ഏറ്റെടുക്കുന്നുണ്ട്. അത് മാത്രമല്ല, ഇന്ന് പലരും അകത്താകാൻ തുടങ്ങുകയുമാണ്. ഇതുമായി ബന്ധപ്പെട്ട് പലർക്കും വിചാരണയ്ക്ക് പോകേണ്ടതുണ്ട്. നമ്മുടെ സി.ബി.ഐ. കോടതി എറണാകുളത്താണ്. കണ്ണൂരിൽ സി.ബി.ഐ. കോടതിയുടെ ഒരു ബഞ്ച് അനുവദിക്കുന്നതിനുള്ള തീരുമാനമെടുക്കാൻ ഗവൺമെന്റ് സഹായിക്കണം. അല്ലെങ്കിൽ ഇവരെല്ലാം കണ്ണൂരിൽ നിന്ന് എറണാകുളത്തേക്ക് വരണം. എന്തൊരു ബുദ്ധിമുട്ടാണിത്? ഈ നേതാക്കന്മാരെ സഹായിക്കാനുള്ള ബാദ്ധ്യത നമുക്കില്ലേ? സി.പി.ഐ (എം)-ന്റെ നേതാക്കന്മാരെല്ലാം വണ്ടി പിടിച്ച് ദിവസവും എറണാകുളത്ത് സി.ബി.ഐ. കോടതിയിലേക്ക് വരികയാണ്. ആയതിനാൽ വിചാരണ പെട്ടെന്നാക്കുന്നതിനും ഇവരുടെ ചെലവ് കുറയ്ക്കുന്നതിനും കണ്ണൂരിൽ സി.ബി.ഐ.-യുടെ ഒരു പ്രത്യേക ബഞ്ച് സ്ഥാപിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കണ്ടേ? ഒരു കൂട്ടം അക്രമി സംഘങ്ങളുടെ ഒരു താവളമായി സി.പി.ഐ(എം) മാറിയിരിക്കുന്നു എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അവരെക്കുറിച്ചുള്ള കാര്യങ്ങൾ ജനങ്ങൾ അറിയാതിരിക്കുന്നതിനും ഈ ഗവൺമെന്റ് ചെയ്യുന്ന നല്ല കാര്യങ്ങളെക്കുറിച്ച് ജനങ്ങളെ അറിയിക്കാതിരിക്കുന്നതിനും ഈ ഗവൺമെന്റിന്റെ മുഖം വികൃതമാക്കുന്നതിനും വേണ്ടി ചില 'ടെയിൻഡ് പേഴ്സൺസി'നെ ഉപയോഗിച്ച് ബോധപൂർവ്വം നടത്തുന്ന ഈ വ്യഥാ വ്യായാമം പൊതുവായി നമ്മുടെ രാഷ്ട്രീയ പ്രസ്ഥാനത്തിന്, നമ്മുടെ പൊതു സമൂഹത്തിനുതന്നെ വലിയ ക്ഷീണമാണുണ്ടാക്കുന്നതെന്ന കാര്യം അവർ ഓർക്കുന്നത് നന്നായിരിക്കും.

'ടെയിന്റഡ് പേഴ്സൺസ്' എന്ന വാക്ക് ഇൻവെർട്ടഡ് കോമയിലാണ്, കാരണം 'ടെയിന്റഡ് പേഴ്സൺസ്'' എന്ന വാക്ക് ശ്രീ. അച്ചുതാനന്ദൻ ഉപയോഗിച്ചതാണ്. ഈ നന്ദിപ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ഈ മാസം അഞ്ചാം തീയതി ബഹുമാന്യനായ കേരള ഗവർണർ നിയമസഭയിൽ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി പ്രകടിപ്പിക്കുന്ന പ്രമേയം ശ്രീ. കെ. മുരളീധരൻ ഇവിടെ അവതരിപ്പിച്ചു. ഈ നന്ദിപ്രമേയ ചർച്ചയിൽ പങ്കെടുത്ത ശ്രീ. കെ. എം. മാണി, ശ്രീ. സി. പി. മുഹമ്മദ്, ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. ജോസഫ് വാഴയ്ക്കൻ, ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി, ശ്രീ. കെ. ശിവദാസൻ നായർ എന്നീ അംഗങ്ങളെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുന്നു. ഈ അംഗങ്ങൾ ഇവിടെ സൂചിപ്പിച്ച കാര്യങ്ങളും അവർ മുന്നോട്ട് വച്ച നിർദ്ദേശങ്ങളും ഞാൻ പ്രത്യേകം ശ്രദ്ധിക്കും. പ്രത്യേകിച്ച് ശ്രീ. കെ. എം. മാണി കാരുണ്യ പദ്ധതിയെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ഒരു കാരണവശാലും കാരുണ്യ പദ്ധതിയുടെ ഐഡന്റിറ്റി നഷ്ടപ്പെടുത്തില്ല. ശ്രീ. മാണി ഇക്കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തിയ ഉടൻ തന്നെ ടാക്സസ് സെക്രട്ടറിയെ വിളിച്ച് ഇക്കാര്യം പ്രത്യേകമായി സൂചിപ്പിച്ചു. മറ്റ് മെമ്പർമാർ സൂചിപ്പിച്ച വിഷയങ്ങളിൽ ഉൾക്കൊള്ളാൻ സാധിക്കുന്ന കാര്യങ്ങൾ ഉൾക്കൊള്ളുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതുസംബന്ധിച്ച് ഒരു പൂർണ്ണ ചർച്ച ഈ സഭയിൽ നടക്കാത്തതിൽ എനിക്ക് ദുഃഖമുണ്ട്. ഈ ഗവൺമെന്റ് വിമർശനത്തെ ഭയപ്പെടുന്നില്ല. ജനാധിപത്യ സംവിധാനത്തിൽ വിമർശനം നമുക്ക് ശക്തി പകരുകയേ ഉള്ളൂ. തെറ്റുണ്ടെങ്കിൽ നമ്മൾ തിരുത്തണം. ശരിയാണെങ്കിൽ തെറ്റ് പറയുന്നവരെ തിരുത്താൻ ശ്രമിക്കണം. അത് എപ്പോഴും സാധ്യമാകുമെന്ന് എനിക്ക് തോന്നുന്നില്ല. പക്ഷേ നമ്മുടെ തെറ്റുകൾ തിരിച്ചറിയാൻ, തിരുത്തേണ്ട തെറ്റുകൾ തിരുത്താൻ വിമർശനങ്ങൾ അനിവാര്യമാണെന്ന് ഞാൻ വിശ്വസിക്കുന്നു. അത് നടക്കാതെ പോയതിൽ എനിക്ക് ദുഃഖമുണ്ട്. ബഡ്ജറ്റായാലും നയപ്രഖ്യാപനമായാലും അത് സാങ്കേതികമായി അടുത്ത വർഷത്തേയ്ക്കുള്ളതാണെങ്കിലും അടുത്ത വർഷത്തെ കാര്യങ്ങൾ നിയന്ത്രിക്കേണ്ടത് ജനവിധിയിലൂടെ വരുന്ന പുതിയ ഗവൺമെന്റാണ്. അപ്പോൾ ഈ ആറാമത്തെ നയ പ്രഖ്യാപനത്തിലുള്ള, ആറാമത്തെ ബഡ്ജറ്റിലുള്ള പ്രസക്തി എന്താണ്? ഗവൺമെന്റിന്റെ അഞ്ച് വർഷക്കാലത്തെ പ്രവർത്തനങ്ങളിലെ തെറ്റും ശരിയും തിരിച്ചറിഞ്ഞുകൊണ്ട്, നാളെയെക്കുറിച്ചുള്ള നമ്മുടെ പ്രതീക്ഷകൾ നമുക്ക് ഇതിലൂടെ പങ്കുവയ്ക്കാം. ഗവൺമെന്റിന്റെ കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ നേട്ടങ്ങളെക്കുറിച്ചും

കോട്ടങ്ങളെക്കുറിച്ചും സജീവമായി ചർച്ച നടക്കാതെ പോയതിൽ പ്രയാസമുണ്ട്. അതിന് പ്രതിപക്ഷം എന്ത് കാരണമാണ് സൂചിപ്പിച്ചത്? ആദ്യത്തെ ദിവസം പ്രതിപക്ഷം അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയപ്പോൾ ചർച്ച അനുവദിച്ചില്ലായെന്ന് പറഞ്ഞുകൊണ്ട് സഭ സ്തംഭിപ്പിച്ചു. നയപ്രഖ്യാപന പ്രസംഗത്തിന്റെ ചർച്ചയിൽ ഏത് കാര്യത്തെക്കുറിച്ചും സംസാരിക്കാം. കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ വിമർശിക്കുന്നതിനുള്ള അവസരവും സ്വാതന്ത്ര്യവും ഉണ്ടായിരുന്നെങ്കിലും അവർ അത് ചെയ്തില്ല. രണ്ടാമത്തെ ദിവസം അടിയന്തര പ്രമേയം അനുവദിച്ചില്ലായെന്ന് പറഞ്ഞുകൊണ്ടാണ് സഭ സ്തംഭിപ്പിച്ചത്. സഭാനാഥന് സഭയുടെ ചട്ടങ്ങൾ പാലിക്കണം. ഇത് പ്രകടമായ ലംഘനമാണെന്ന് പറഞ്ഞ സമയത്ത് അതിന്റെ പേരിൽ പ്രതിപക്ഷം സഭ ബഹിഷ്കരിച്ചു. ഈ നിയമസഭയിൽ പ്രതിപക്ഷം എന്നെല്ലാം അടിയന്തര പ്രമേയം കൊണ്ടു വന്നിട്ടുണ്ടോ, അന്നെല്ലാം അത് അനുവദിച്ചിട്ടുണ്ട്. സഭാനടപടിക്രമം അനുസരിച്ച് ഒരു പ്രശ്നം ഒന്നിൽക്കൂടുതൽ പ്രാവശ്യം ചർച്ച ചെയ്യാൻ പാടില്ല. എന്നിട്ടുപോലും ഒരിക്കൽപ്പോലും അതൊരു തടസ്സവാദമായില്ല, എല്ലാം ചർച്ച ചെയ്തിരുന്നു. എന്നാൽ ഇന്നലെ അതിന്റെ പേരിലായിരുന്നു പ്രശ്നം. ഇന്നെന്താണ്? ഇന്നിവിടെ അടിയന്തരപ്രമേയത്തിന് നോട്ടീസ് കൊടുത്തു. അത് മെൻഷൻ ചെയ്ത് ഇവിടെ ചർച്ച നടത്തുകയും ചെയ്തു. എന്നിട്ടും പ്രതിപക്ഷം ഇറങ്ങിപ്പോയി. ഇതേ വിഷയം 25-10-2011-ന് ഇവിടെ കൊണ്ടുവന്നതാണ്. അന്ന് ഇക്കാര്യം ഇവിടെ ചർച്ച ചെയ്യാൻ ഞാൻ തന്നെയാണ് പറഞ്ഞത്. അന്ന് കൊണ്ടുവന്ന അടിയന്തര പ്രമേയം എനിക്കെതിരായിട്ടുള്ളതായിരുന്നു. അതുകൊണ്ട് ഇക്കാര്യം ചർച്ച ചെയ്യണം, അത് ജനങ്ങൾ കാണണമെന്ന് ഞാൻ പറഞ്ഞു. അന്നാണ് ഈ സഭയിൽ ഒരു അടിയന്തരപ്രമേയ ചർച്ച ആദ്യമായിട്ട് ലൈവ് ടെലികാസ്റ്റ് നടത്തിയത്. ജനങ്ങൾ എല്ലാം അറിയട്ടെ, നമുക്ക് ഇക്കാര്യത്തിൽ ഒന്നും മറച്ചുവയ്ക്കാനില്ല. അന്ന് ചർച്ച ചെയ്ത കാര്യം ഇന്ന് വീണ്ടും മെൻഷൻ ചെയ്യാൻ അനുവദിച്ചു, എന്നിട്ടും അവർ ചർച്ച ബഹിഷ്കരിച്ചു - ഇതാണ് ഒളിച്ചോട്ടം എന്നുപറയുന്നത്. 3 ദിവസവും ഇവിടെ ഈ പ്രശ്നം വന്നു. 3 ദിവസവും നടക്കുന്ന ചർച്ച പൊതുവായ കാര്യങ്ങളെക്കുറിച്ചാണ്. പ്രതിപക്ഷത്തിന് ഇതൊക്കെ ഇവിടെ പറയാമായിരുന്നു. ഈ ഗവൺമെന്റിന്റെ ഭരണ നേട്ടങ്ങളെ ചെറുക്കാൻ ഇവരുടെ സമരം കൊണ്ടോ മുദ്രാവാക്യം കൊണ്ടോ സാധിക്കില്ലെന്ന് തിരിച്ചറിഞ്ഞുകൊണ്ടാണ് അവർ ഇറങ്ങിപ്പോയത്. അതിലുള്ള ദുഃഖമാണെനിക്ക് ആദ്യമായി ഇവിടെ സൂചിപ്പിക്കാനുള്ളത്. ഈ ഗവൺമെന്റിന്റെ

നേട്ടങ്ങൾ, ചെയ്ത കാര്യങ്ങളെക്കുറിച്ച് വലിയ അവകാശ വാദങ്ങൾ ഒന്നുമില്ല. 'വികസനവും കരുതലും' എന്നതാണ് ഈ ഗവൺമെന്റ് മുന്നോട്ടുവച്ച മുദ്രാവാക്യം. ഇത് രണ്ടും കഴിഞ്ഞ 5 വർഷക്കാലവും നെഞ്ചോട് ചേർത്തുവച്ച്, ഓരോ ദിവസവും ഉണരുകയും ഉറങ്ങുകയും ചെയ്യാൻ ഈ ഗവൺമെന്റിന് സാധിച്ചു എന്നതാണ് ഏറ്റവും വലിയ കാര്യം. നമ്മൾ ലക്ഷ്യമിട്ടിരുന്ന വൻകിട പദ്ധതികളെല്ലാം സമയബന്ധിതമായി മുന്നോട്ടുപോകുകയാണ്. ആ പദ്ധതികൾ മാത്രമല്ല ലക്ഷ്യമാക്കിയത്. അതിനേക്കാൾ വലുതായി, നമ്മുടെ സമൂഹത്തിൽ പ്രത്യേക പരിഗണന വേണ്ടതെന്ന് തോന്നിയ എല്ലാവരുടെയും പ്രശ്നങ്ങൾ പരിഹരിക്കാനാണ് ഞങ്ങൾ ശ്രമിച്ചത്. ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുള്ള ഏതെങ്കിലും ഒരു കാര്യത്തിൽ വീഴ്ച പറ്റിയിട്ടുണ്ടെങ്കിൽ ഞങ്ങൾ അതിന് ഉത്തരവാദികളാണ്. ലോകത്തിന്റെ എവിടെ എന്ത് പ്രശ്നമുണ്ടായാലും അവിടെ ഒരു മലയാളിയെങ്കിലും ഉണ്ടായിരിക്കും. വിദ്യാഭ്യാസ രംഗത്തും ആരോഗ്യ രംഗത്തുമൊക്കെയുണ്ടായ നേട്ടത്തിന്റെ ഫലമായി ലോകത്തിന്റെ എല്ലായിടത്തും നമ്മുടെ സഹോദരീ സഹോദരന്മാരുണ്ട്. അവിടെ എന്ത് പ്രശ്നമുണ്ടായാലും സംസ്ഥാന ഗവൺമെന്റിന്റെ ഇടപെടൽ നമുക്ക് ആവശ്യമായി വരും. അവിടെയെല്ലാം പോയില്ലേ; അവിടെയെല്ലാം ഇടപെട്ടില്ലേ; അവിടെയുള്ളവരെയെല്ലാം സംരക്ഷിച്ച് കൊണ്ടുവരുന്നതിന് നമ്മൾ ശ്രമിച്ചിട്ടില്ലേ? കേരളത്തിൽ ഗവൺമെന്റിന്റെ പരിഗണന വേണ്ട ഒട്ടേറെ ആൾക്കാരുണ്ട്. അവരുടെ കാര്യങ്ങളിൽ ഈ ഗവൺമെന്റ് എത്രമാത്രം താൽപ്പര്യത്തോടുകൂടി പ്രവർത്തിച്ചു. അക്കാര്യത്തിൽ വീഴ്ചയുണ്ടെങ്കിൽ അവർക്ക് അത് പറയാമായിരുന്നു. ഗവൺമെന്റിനുംകൂടി അതറിയാൻ താൽപ്പര്യമുണ്ട്. ഞങ്ങൾ ചെയ്ത കാര്യങ്ങളിൽ എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ അതറിയാൻ ഞാൻ കാത്തിരിക്കുകയാണ്. കാരണം, എന്നാലല്ലേ തെറ്റ് തിരുത്താൻ സാധിക്കൂ. എന്റെ ധാരണ ഇതൊക്കെ ശരിയാണെന്നാണ്. പ്രതിപക്ഷം വ്യത്യസ്തമായ കാഴ്ചപ്പാടോടുകൂടി നോക്കുമ്പോഴാണ് അതിനകത്ത് തെറ്റുകൾ കാണുന്നത്. ഈ 5 വർഷക്കാലത്തെ പ്രവർത്തനങ്ങളിൽ ഏറ്റവും സംതൃപ്തി നൽകിയ കാര്യം ഏതെന്ന് ചോദിച്ചാൽ, ഞാൻ ഒരു സംശയവും കൂടാതെ പറയും കേരളത്തിൽ നടപ്പിലാക്കിയ 'ആശ്രയ പദ്ധതി'യാണ് എന്ന്. 'ആശ്രയ പദ്ധതി' ഇന്ന് കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും നടപ്പിലാക്കിക്കഴിഞ്ഞു. നമ്മുടെ ജനസംഖ്യയിലെ രണ്ട് ശതമാനം ആളുകൾ ആ വിഭാഗത്തിൽപ്പെടുന്നവരാണ്. അവർക്ക് ഈ ലോകത്ത് ആശ്രയിക്കാൻ ഒരാളുമില്ല. ഒരാളുടെയും സംരക്ഷണമോ സ്നേഹമോ കരുതലോ അവർക്കില്ല. ആ രണ്ട് ശതമാനം ആളുകൾ ഇവിടെ ജീവിച്ചിരുന്നത്

മൃഗങ്ങൾക്കുപോലും കിട്ടിയിരുന്ന സൗകര്യങ്ങൾ കിട്ടാതെയാണ്. അവർക്ക് ഭക്ഷണമില്ല, മരുന്നില്ല, സാധാരണ രീതിയിലുള്ള ജീവിതം നയിക്കാനുള്ള ബൗദ്ധിക സാഹചര്യങ്ങളുമില്ല. ഗവൺമെന്റ് അവർക്കുവേണ്ടി പണം കണ്ടെത്തി. മുനിസിപ്പാലിറ്റികളോടും പഞ്ചായത്തുകളോടും അവരെ ദത്തെടുക്കാൻ പറഞ്ഞു. കേരളത്തിന് അഭിമാനകരമായ ഒരു പ്രസ്ഥാനമാണ് കുടുംബശ്രീ. സേവനത്തിന്റെ, ത്യാഗത്തിന്റെ, സന്നദ്ധതയുടെ എല്ലാം പ്രതീകമായി നമുക്ക് എന്നും അഭിമാനിക്കാൻ സാധിക്കുന്ന കുടുംബശ്രീയോട് ഈ ഭാരിച്ച ഉത്തരവാദിത്വം ഏറ്റെടുക്കാൻ പറഞ്ഞു. ഗവൺമെന്റ് പണം മുടക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ദത്തെടുക്കും. കുടുംബശ്രീ അംഗങ്ങളെക്കൊണ്ട് ഇവർക്ക് ഒരു സാധാരണ ജീവിതം സാധ്യമാകത്തക്കവിധത്തിലുള്ള സംവിധാനമുണ്ടാക്കി. 'ആശ്രയ പദ്ധതി' പൂർത്തീകരിച്ചപ്പോൾ, മുഴുവൻ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലുമായപ്പോൾ അത് ആ കുടുംബങ്ങൾക്ക് മാത്രമല്ല, നമുക്കെല്ലാം സന്തോഷിക്കാൻ വക നൽകുന്ന ഒരു വസ്തുതയാണ്. ലോകത്ത് ഒരിടത്തുമില്ലാത്ത വിധത്തിൽ 32 ലക്ഷം പേർക്ക് ക്ഷേമ പെൻഷൻ കൊടുക്കാൻ സാധിച്ചു. കഴിഞ്ഞ മാസം 6-ാം തീയതി പോസ്റ്റ് ഓഫീസ് വഴി കൊടുക്കാനായി ഏൽപ്പിച്ച തുക കൊടുക്കാതിരുന്നതിനെത്തുടർന്ന് ഒരൊറ്റ ദിവസം കൊണ്ട് 18 ലക്ഷം ചെക്കുകൾ, അതിന്റെ ചാർജ് വഹിക്കുന്ന മന്ത്രിമാർ കേരളത്തിലെ 14 ജില്ലകളിലും പോയി മുഴുവൻ ജനപ്രതിനിധികളേയും വിളിച്ചുകൂട്ടി അതാത് പഞ്ചായത്ത് പ്രസിഡന്റുമാരുടെ കൈകളിലേക്ക് അത് കൈമാറി - ഇതാണ് കരുതൽ. ഇതുപോലെയുള്ള അനേകം വൻകിട പ്രോജക്ടുകളുമുണ്ട്. പക്ഷേ ആ പ്രോജക്ടുകളിൽ നിന്ന് ലഭിക്കുന്ന സംതൃപ്തിയേക്കാൾ നമുക്ക് സംതൃപ്തി ലഭിക്കുന്ന പ്രവർത്തനങ്ങൾ അക്ഷയ പദ്ധതിപോലെയുള്ളതാണ്. ഇതുപോലെയുള്ള നിരവധി പദ്ധതികൾ ഈ ഗവൺമെന്റ് ആവിഷ്കരിച്ചു. ആ പദ്ധതികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

വികസനവും കരുതലും, അത് പൂർണ്ണമായും നടപ്പിലാക്കിക്കൊണ്ട് മുന്നോട്ടു പോകാൻ സാധിച്ചുവെന്നുള്ള ചാരിതാർത്ഥ്യമാണ് ഏറ്റവും കൂടുതലായിട്ടുള്ളത്. ഈ ഗവൺമെന്റിനെ ശക്തമായി എതിർക്കുന്നുവെന്നും ഞാനിരിക്കുന്ന ഈ സഭയിൽ ഇരിക്കാൻ ലജ്ജ തോന്നുന്നുവെന്നും പ്രതിപക്ഷനേതാവ് പറഞ്ഞു. അദ്ദേഹം മുഖ്യമന്ത്രിയായിരുന്നപ്പോൾ ഞാൻ പ്രതിപക്ഷ നേതാവായിരുന്നു. ഞാൻ മുഖ്യമന്ത്രിയായിരിക്കുമ്പോൾ അദ്ദേഹം പ്രതിപക്ഷ നേതാവാണ്.

അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കാൻ സാധിച്ചതിൽ ഞാൻ അഭിമാനം കൊള്ളുകയാണ്. ഞാനിതു വെറുതെ പറയുന്നതല്ല. കാരണം, അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കാൻ സാധിച്ചതുകൊണ്ട് ഇനി ആരോടൊപ്പവും എനിക്ക് പ്രവർത്തിക്കാൻ സാധിക്കും. ഞാൻ ആരെ കണ്ടാലും ചിരിക്കും. തിരിച്ച് അവർ ചിരിച്ചില്ലെങ്കിൽ എനിക്ക് വലിയ ടെൻഷനായിരുന്നു. പക്ഷേ ഇപ്പോൾ ആ ടെൻഷനൊക്കെ മാറി. അത് ഇപ്പോൾ സാധാരണ രീതിയായി മാറി. അതുകൊണ്ട് എനിക്ക് അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കാൻ സാധിച്ചതിൽ സന്തോഷവും അഭിമാനവും മാത്രമേയുള്ളൂ. എന്തൊക്കെ ആക്ഷേപങ്ങളാണ് ഇവിടെ പറഞ്ഞത്. നല്ല കാര്യങ്ങൾ നടത്താതിരിക്കാൻ വേണ്ടിയുള്ള ശക്തമായ ശ്രമമാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുമുണ്ടായിക്കൊണ്ടിരിക്കുന്നത്. രണ്ട് എം.എൽ.എ.-മാരുടെ ഭൂരിപക്ഷത്തിലാണ് ഈ ഗവൺമെന്റ് വന്നതെന്ന കാര്യം എല്ലാവർക്കുമറിയാം. എല്ലാവരും പറഞ്ഞു, 'ഇത് അധിക നാൾ നിൽക്കില്ല. 6 മാസം,' പരമാവധി തന്ന സമയം 6 മാസമാണ്. പക്ഷേ ഇപ്പോൾ 5 വർഷം പൂർത്തിയാക്കി. എന്തുകൊണ്ടാണ്? എല്ലാ ഭാഗത്തുനിന്നും കിട്ടിയ സഹകരണം കൊണ്ടാണ്. എന്റെ കഴിവുകൊണ്ടൊന്നുമല്ല. ഒരിക്കലും ഞാനങ്ങനെ അവകാശപ്പെടില്ല. ഞാൻ അങ്ങനെ കഴിവുള്ള ആളുമല്ല. പക്ഷേ, എല്ലാവരുടെയും കൂട്ടായുള്ള ശക്തിയും ആത്മവിശ്വാസവും - യു.ഡി.എഫ്-ൽ നിന്നും അതുപോലെ ഗവൺമെന്റ് ഉദ്യോഗസ്ഥരിൽ നിന്നും ജനങ്ങളിൽ നിന്നും കിട്ടിയ സപ്പോർട്ട് - ജനങ്ങളിൽ നിന്നും കിട്ടിയ സപ്പോർട്ടാണ് ഏറ്റവും വലുത്. അസംബ്ലിയിലേയ്ക്കും പാർലമെന്റിലേയ്ക്കും നടന്ന എല്ലാ തെരഞ്ഞെടുപ്പുകളിലും ജനങ്ങൾ ഈ ഗവൺമെന്റിന് സപ്പോർട്ട് നൽകി. ആ ആത്മവിശ്വാസത്തോടും പിൻബലത്തോടും കൂടിയാണ് ഈ ഗവൺമെന്റ് അഞ്ച് വർഷം പൂർത്തീകരിക്കാൻ പോകുന്നത്. പ്രതിപക്ഷം എന്തോ ഭയപ്പെടുകയാണ്. അവർ പൊതുതെരഞ്ഞെടുപ്പുകളിലൊക്കെ വലിയ അവകാശവാദം പറഞ്ഞു. അവകാശവാദമൊന്നും ജനങ്ങൾ അംഗീകരിച്ചില്ല. പാർലമെന്റ് തെരഞ്ഞെടുപ്പിൽ അവകാശവാദം പറഞ്ഞു, അത് അംഗീകരിച്ചില്ല. അപ്പോൾ പിന്നെ എന്താണ്? ഈ ഗവൺമെന്റിന് എവിടെയെങ്കിലും ഒരു തടയിടാൻ ആക്ഷേപങ്ങൾ, ആരോപണങ്ങൾ അത് മാത്രമേ അവർ കണ്ടെത്തിയുള്ളൂ. പക്ഷേ ശരിയെന്ന് തോന്നുന്ന കാര്യങ്ങൾ, എന്ത് ആക്ഷേപങ്ങൾ ഉന്നയിച്ചാലും അത് ഭയന്ന് പിറകോട്ട് പോകില്ലെന്ന ഒരു നിലപാടാണ് യു.ഡി.എഫ്. എടുത്തത്. അതിന്റെ വിജയമാണ്, അതിന്റെ പിന്തുണയാണ് ജനങ്ങളിൽ നിന്ന് കിട്ടിയത്. എന്തെല്ലാം കാര്യങ്ങൾ എവിടെ വരെ പോയി പറയുന്നു. എനിക്ക് ഏറ്റവും കൂടുതൽ വിഷമം തോന്നിയത്....., ഇപ്പോൾ പറയുന്ന കാര്യങ്ങളൊന്നും എനിക്ക് വലിയ പ്രശ്നമല്ല. കാരണം, ജനങ്ങൾ അത് തിരിച്ചറിയും.

2.00 PM]

എനിക്ക് ഏറ്റവും കൂടുതൽ വിഷമം തോന്നിയത് മെന്റലി ചലഞ്ച്ഡായിട്ടുള്ള കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ എയ്ഡഡാക്കിയതിൽ കോടികളുടെ അഴിമതിയുണ്ടെന്ന് പറഞ്ഞ് പ്രതിപക്ഷനേതാവ് ദേശാഭിമാനി പത്രത്തിൽ ഒരു ലേഖനം എഴുതിയതിലാണ്. ഏറ്റവും വലിയ അനീതിയാണ് ഈ സ്കൂളുകളിൽ നടക്കുന്നത് എന്നാണ് ഞാൻ വിശ്വസിക്കുന്നത്. അതായത് എ.പി.എൽ., ബി.പി.എൽ., സമ്പന്നൻ, ദരിദ്രൻ എന്നിങ്ങനെയുള്ള വ്യത്യാസമില്ലാതെ കേരളത്തിൽ എല്ലാവർക്കും വിദ്യാഭ്യാസം സൗജന്യമാണ്. പക്ഷേ, ഈ വിഭാഗത്തിനുമാത്രം വിദ്യാഭ്യാസം സൗജന്യമല്ല. സ്പെഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾ ഫീസ് കൊടുത്തോ ആരുടെയെങ്കിലും ഔദാര്യത്തിലോ പഠിക്കേണ്ട അവസ്ഥയാണുള്ളത്. ഇതുപോലുള്ള 288 സ്പെഷ്യൽ സ്കൂളുകളാണുള്ളത്. ഇതിൽ 287 സ്കൂളുകളും സ്വകാര്യ മേഖലയിൽ സന്നദ്ധ സംഘടനകളോ, സേവന സംഘടനകളോ സാമൂഹ്യ സംഘടനകളോ നടത്തുന്നവയാണ്. തിരുവനന്തപുരത്ത് പാങ്ങപ്പാറയിലുള്ള സി. എച്ച്. മുഹമ്മദ്കോയ മെമ്മോറിയൽ സ്കൂളിൽ മാത്രമാണ് സൗജന്യ വിദ്യാഭ്യാസമുള്ളത്. ഇത് അനീതിയാണെന്ന് എനിക്ക് പൂർണ്ണമായി ബോധ്യപ്പെട്ടു. 287 സ്കൂളുകൾ ഒന്നിച്ച് എയ്ഡഡാക്കുമ്പോഴുണ്ടാകുന്ന സാമ്പത്തിക ബാധ്യതയുടെ ബുദ്ധിമുട്ട് എനിക്കറിയാം. സ്വാഭാവികമായും ചില ഭാഗത്തുനിന്നുള്ള എതിർപ്പും ഉണ്ടാകുന്നുണ്ട്. അങ്ങനെ എതിർക്കുന്നതിനെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. സാമ്പത്തിക ബാധ്യത ഉള്ളതുകൊണ്ടാണ് ഇത്തരത്തിൽ എതിർപ്പ് ഉണ്ടാകുന്നത്. 'സമ്പന്നന്റെ മക്കളടക്കമുള്ളവരെ സൗജന്യമായി പഠിപ്പിക്കുന്ന ഒരു വ്യവസ്ഥിതിയുള്ള ഈ നാട്ടിൽ പാവപ്പെട്ട ഈ കുട്ടികളോട് കാണിക്കുന്നത് അനീതിയല്ലേ; ഇത്തരം വിദ്യാർത്ഥികളെ സ്കൂളുകളിൽ എത്തിക്കുന്നതുതന്നെ വളരെ ബുദ്ധിമുട്ടുള്ള ഒരു കാര്യമാണ്, അത്തരക്കാർക്ക് സൗജന്യ വിദ്യാഭ്യാസം കൊടുക്കാതിരിക്കുന്നത് ശരിയാണോയെന്ന് ഞാൻ അവരോട് ചോദിച്ചു. അപ്പോൾ ഇതിനെ എതിർത്തവരാരും മിണ്ടിയില്ല. ഇത്തരത്തിലുള്ള മുഴുവൻ സ്കൂളുകളും എയ്ഡഡ് ആക്കാൻ സാമ്പത്തികമായി ബുദ്ധിമുട്ടുള്ളതുകൊണ്ട് ആദ്യം 100 കുട്ടികളിൽ കൂടുതലുള്ള സ്കൂളുകളെ എയ്ഡഡാക്കാമെന്നും അതിനുശേഷം 50 കുട്ടികളുള്ള സ്കൂളുകളെയും അതിനുശേഷം പഞ്ചായത്തുകൾ നടത്തുന്ന 25 കുട്ടികൾ വരെയുള്ള സ്കൂളുകളെയും എയ്ഡഡാക്കാമെന്ന് തീരുമാനിച്ചു. അങ്ങനെയാകുമ്പോൾ ആവശ്യമായ സമയം ലഭിക്കുന്നതാണ്. ഈ രീതിയിൽ ആദ്യഘട്ടത്തിൽ 33 സ്കൂളുകൾ എയ്ഡഡാക്കി. 50 കുട്ടികളുള്ള സ്കൂളുകൾ പതിനേഴാം തീയതി എയ്ഡഡാക്കുന്നതാണ്. പഞ്ചായത്തുകളിൽ നില്ക്കുന്ന,

25 കുട്ടികളുള്ള ബഡ്സ് സ്കൂളുകളെ എയ്ഡഡാക്കാവുന്നതാണ്. ഇതിൽ 100 കോടി രൂപയുടെ അഴിമതി മുഖ്യമന്ത്രി നടത്തുന്നു എന്നാണ് പ്രതിപക്ഷ നേതാവ് പറഞ്ഞിരിക്കുന്നത്. ആവർത്തിച്ചാവർത്തിച്ച് അദ്ദേഹം ഇങ്ങനെ പറഞ്ഞപ്പോൾ ചിലർ അദ്ദേഹത്തെ പോയി കാണുകയും സത്യാവസ്ഥ ബോധ്യപ്പെടുത്തുകയും ചെയ്തു. അപ്പോൾ അദ്ദേഹം കാര്യങ്ങൾ മനസ്സിലാക്കി യെന്നാണ് കരുതിയത്. എന്നാൽ കഴിഞ്ഞ ദിവസത്തെ ദേശാഭിമാനി പത്രത്തിൽ വീണ്ടും അദ്ദേഹം ഇതിനെക്കുറിച്ച് ലേഖനമെഴുതുകയുണ്ടായി. ഈ സ്കൂളുകൾ മുഴുവനും എയ്ഡഡാക്കുമ്പോൾ 2000 അദ്ധ്യാപകരെ നിയമിക്കേണ്ടിവരുമെന്നും അവർക്ക് ഓരോരുത്തർക്കും അഞ്ചുലക്ഷം, പത്തുലക്ഷം എന്ന നിരക്കിൽ കണക്കുകൂട്ടിയുമാണ് അദ്ദേഹം ഇത്തരത്തിലൊരു അഭിപ്രായം പറഞ്ഞത്.

അതുപോലെ മറ്റൊരു നേതാവ് വിഴിഞ്ഞം പദ്ധതിയെക്കുറിച്ച് പറഞ്ഞത് 6000 കോടി രൂപയുടെ അഴിമതി നടന്നു എന്നാണ്. 6000 കോടി രൂപ എന്നു കേട്ടാൽ ഞാൻ പേടിക്കുമെന്നാണ് കരുതിയത്. ആറ് കോടി രൂപ എന്നുപറഞ്ഞിരുന്നെങ്കിൽ വിഷമിക്കുമായിരുന്നു. 7525 കോടി രൂപയുടെ പ്രോജക്ടിൽ 6000 കോടി രൂപയുടെ അഴിമതി നടന്നു എന്നാണ് പറഞ്ഞത്. ഞാൻ അവരുടെ ഒരു നേതാവിനോട് അന്വേഷിച്ചപ്പോൾ അദ്ദേഹം എന്നോട് രഹസ്യമായി പറഞ്ഞത് 600 കോടി എന്നു പറഞ്ഞുകൊടുത്തതിൽ 6000 എന്ന് തെറ്റി പറഞ്ഞുപോയതാണെന്നാണ്.

രാവിലെ അടിയന്തരപ്രമേയമായി അവതരിപ്പിച്ച ടൈറ്റാനിയം കേസ്സിൽ സംഭവിച്ചതിനെക്കുറിച്ച് ഞാൻ ഇവിടെ വിശദീകരിച്ചതാണ്. ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് ഈ പ്രശ്നം അറിയില്ല. അദ്ദേഹം ആ സമയത്ത് മന്ത്രിയോ എം.എൽ.എ.-യോ കെ.പി.സി.സി. പ്രസിഡന്റോപോലും ആയിരുന്നില്ല. പക്ഷേ, കോൺഗ്രസ് പാർട്ടിയിലെ ഒരു നേതാവെന്നുള്ള പേരിൽ രമേശിന്റെ പേരുകൂടി ചേർത്തു. ഞാൻ ആ സമയത്ത് മുഖ്യമന്ത്രിയായിരുന്നു. എനിക്ക് അതിനകത്ത് ഇടപെടേണ്ട ഒരു കാര്യവുമില്ല. എന്റെ മുന്നിൽ ഒരു പ്രശ്നം വന്നാൽ അതിൽ എന്നെക്കൊണ്ട് എന്തെങ്കിലും ചെയ്യാൻ സാധിക്കുമെങ്കിൽ ചെയ്യണമെന്നുള്ളത് എന്റെ ഒരു സ്വഭാവമാണ്. സി.ഐ.റ്റി.യു.-ലെ നേതാക്കളടക്ക മുള്ളവർ വന്നാണ് ഫാക്ടറി പൂട്ടാൻ പോകുന്നുവെന്നും അടുത്ത ആഴ്ച പൂട്ടുന്നതിനെ സംബന്ധിച്ചുള്ള നോട്ടീസ് കിട്ടിയിട്ടുണ്ടെന്നും എന്നോട് പറഞ്ഞത്. ഭാഗ്യവശാൽ ഞാൻ ധൃതിയിലായതുകൊണ്ട്, ഇപ്പോൾ സമയമില്ലെന്നും നിങ്ങളെല്ലാവരും കൂടി ഒരുമിച്ച് വന്നാൽ നമുക്ക് സംസാരിക്കാമെന്നും പറഞ്ഞു. മാനേജ്മെന്റും യൂണിയൻകാരുമായി മസ്കറ്റ് ഹോട്ടലിൽ വച്ച് കൂടാമെന്ന് എം.ഡി. എന്നെ അറിയിച്ചു. അതിന്റെ

അടിസ്ഥാനത്തിൽ ചേർന്ന യോഗത്തിൽ സി.ഐ.റ്റി.യു.-ന്റെ നേതാവ് ശ്രീ. ആനത്തലവട്ടം ആനന്ദനുമുണ്ടായിരുന്നു. സുപ്രീം കോടതി വച്ചിരിക്കുന്ന മോണിറ്ററിംഗ് കമ്മിറ്റിയുടെ ചെയർമാന് മുഖ്യമന്ത്രിയെന്ന നിലയിൽ ഒരു കത്ത് അയച്ചുകൊടുക്കണമെന്ന് എന്നോട് ആവശ്യപ്പെടുകയും ഞാൻ അന്നുതന്നെ കത്തയച്ച് അതിന്റെ കോപ്പി അവർക്ക് കൊടുക്കുകയും ചെയ്തു. രണ്ടു ദിവസം കഴിഞ്ഞപ്പോൾ മലിനീകരണ നിവാരണ പ്രവർത്തനങ്ങൾക്ക് മുഖ്യമന്ത്രി ഉറപ്പു തന്നാൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ ചെയർമാൻ ഈ പ്രശ്നത്തിൽ ഇടപെടാമെന്നു പറഞ്ഞു. അങ്ങനെയാണ് ഞാൻ ഈ പ്രശ്നത്തിൽ ഇടപെട്ടത്. ഇടപെട്ടപ്പോൾ ടൈറ്റാനിയം ഫാക്ടറിയുടെ ഇഷ്യൂ വളരെ സീരിയസ്സാണെന്നു മനസ്സിലായി. എറണാകുളത്തെ ഫാക്ടറികളെക്കുറിച്ചും കമ്മിറ്റി ചെയർമാൻ വിശദമായി സംസാരിച്ചു. എഫ്.എ.സി.റ്റി.-യിൽ നിന്നും 50 ഏക്കർ സ്ഥലം വാങ്ങി, ഫാക്ടറികളിൽ നിന്നും പണം വാങ്ങി അവിടെ ഒരു മലിനീകരണ നിവാരണ പ്ലാന്റ് തുടങ്ങി. അതിനാൽ അവിടത്തെ ഫാക്ടറികളൊന്നും പൂട്ടിയില്ല. ടൈറ്റാനിയത്തിന്റെ പ്രശ്നം ഞാൻ ഇടപെടുന്നതിന് വളരെ വർഷങ്ങൾക്കുമുമ്പ് തുടങ്ങിയ കാര്യമാണ്. ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന കാലത്ത് അന്തരിച്ചുപോയ നേതാവ് ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ son-in-law ആയ ശ്രീ. എ. ഡി. ദാമോദരനെ ചെയർമാനാക്കി ഒരു കമ്മിറ്റി രൂപീകരിച്ചു. ആ കമ്മിറ്റിയുടെ ശിപാർശ അനുസരിച്ച് 108 കോടി രൂപയുടെ പ്രോജക്ടാണ് പറഞ്ഞിരുന്നത്. അതിനെക്കുറിച്ച് ചർച്ച ചെയ്തു. ഡയറക്ടർ ബോർഡിൽ ശ്രീ. കടകംപള്ളി സുരേന്ദ്രനും മെമ്പറായിരുന്നു. ഇവരെല്ലാവരും ചർച്ച ചെയ്തു തീരുമാനിച്ച 108 കോടി രൂപയുടെ മലിനീകരണ നിവാരണ പ്രോജക്ട് താങ്ങാനുള്ള കഴിവ് ട്രാവൻകൂർ ടൈറ്റാനിയത്തിനില്ല. അതുകൊണ്ട് മലിനീകരണ ഫാക്ടറിയോടൊപ്പം പ്രൊഡക്ഷൻ വർദ്ധിപ്പിക്കുന്ന, ഫിനാൻഷ്യലി വയബിലിറ്റിയുള്ള പ്രോജക്ട് വേണമെന്ന് പറഞ്ഞ് അവർ പ്രോജക്ട് വാങ്ങി. ആ പ്രോജക്ടിനെ സംബന്ധിച്ച് ബുദ്ധിമുട്ടുണ്ടായി, മെഷിനറി ഫങ്ഷൻ ചെയ്തില്ല എന്ന കാര്യങ്ങളിലൊന്നും എനിക്ക് യാതൊരു പങ്കുമില്ല. ശ്രീ. രമേശ് ചെന്നിത്തലയ്ക്കും പൊതുമരാമത്ത് വകുപ്പുമന്ത്രിക്കും ട്രാവൻകൂർ ടൈറ്റാനിയം കമ്പനി അഴിമതിയുമായി യാതൊരു ബന്ധവുമില്ല. അവർ അതിനെതിരെ പരാതി കൊടുത്തു. അന്ന് ഞങ്ങൾ ആരും ആ കേസ്സിൽ പ്രതിയായിരുന്നില്ല. രണ്ടാമത് വീണ്ടും പരാതി കൊടുത്തു. അതിലും ആരും പ്രതിയായിരുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വരികയും മന്ത്രിമാരെയൊക്കെ നിശ്ചയിക്കുകയും ചെയ്തതിനു ശേഷം നൽകിയ മൂന്നാമത്തെ പരാതിയിലാണ് ഞങ്ങളുടെ പേരുകൾ ഉൾപ്പെട്ടിട്ടുള്ളത്. അന്ന് ഇക്കാര്യങ്ങളിൽ ഇടപെടണമെന്ന് പറഞ്ഞുവന്ന ആളുകൾ

തന്നെയാണ് ആ പരാതി കൊടുത്തത്. ഒരു കോടതിയും ഒരു കാര്യത്തിലും ആരെയും പ്രതിയാക്കുകയോ എഫ്.ഐ.ആർ. ഇടുകയോ ചെയ്തിട്ടില്ല. പക്ഷേ ഗവൺമെന്റിനെ അടിക്കാൻ കിട്ടുന്ന ഏത് വടിയും ഉപയോഗിക്കാം എന്നുള്ളതാണ് പ്രതിപക്ഷത്തിന്റെ നിലപാട്. അത് വളരെ നിർഭാഗ്യകരമാണ്. ഇതുപോലുള്ള പ്രചരണം കേരളത്തിലെ ജനങ്ങളുടെ മുന്നിൽ വിലപോകില്ല. ഇന്ന് പ്രചരിക്കുന്ന മറ്റാക്ഷേപങ്ങളുടെയൊക്കെ സത്യം എന്നെങ്കിലും പുറത്തുവരും. അവരെക്കുറിച്ച് പറഞ്ഞതൊന്നും ശരിയല്ലെന്നും ബാക്കിയുള്ളവരെക്കുറിച്ച് പറഞ്ഞതൊക്കെ ശരിയാണെന്നുമാണ് പ്രതിപക്ഷം പറയുന്നത്. ഈ പറയുന്നതൊക്കെ കേൾക്കുന്നത് ജനങ്ങളാണ്. ഇതിൽ ശരിയും തെറ്റും ഏതെന്നുള്ളത് കേരളത്തിലെ ജനങ്ങൾക്ക് ബോദ്ധ്യപ്പെടുന്ന സാഹചര്യമുണ്ടാകും. അതിൽ യാതൊരു സംശയവുമില്ല. ഞാൻ എന്റെ പ്രസംഗം അധികം നീട്ടാൻ ആഗ്രഹിക്കുന്നില്ല.

ശ്രീ. ടി. പി. ശ്രീനിവാസനെക്കുറിച്ച് ശ്രീ. എ. കെ. ബാലൻ പറഞ്ഞത് വളരെ വേദനാജനകമാണ്. അദ്ദേഹത്തെ ആക്രമിക്കുന്നത് ഇലക്ട്രോണിക് മീഡിയയിൽ കൂടി എല്ലാവരും കണ്ടിട്ടുള്ളതാണ്. ശ്രീ. പിണറായി വിജയൻ ശ്രീ. എ. കെ. ബാലന്റെ സ്വരത്തിൽ ആദ്യം സംസാരിച്ചു. അതിനുശേഷം തെറ്റ് മനസ്സിലാക്കി അദ്ദേഹം തിരുത്തുകയും ചെയ്തു. തിരുത്തുകയെങ്കിലും ചെയ്തല്ലോ എന്നു വിചാരിച്ച് ഇരിക്കുമ്പോഴാണ് ശ്രീ. എ. കെ. ബാലൻ ഇന്ന് അതിനെ ന്യായീകരിച്ചത്. ശ്രീ. ടി. പി. ശ്രീനിവാസൻ ലോകം മുഴുവൻ അറിയപ്പെടുന്ന കേരളത്തിന്റെ ഏറ്റവും ഉന്നതനായൊരു വ്യക്തിയാണ്. അദ്ദേഹം ഇന്ന് നമ്മുടെ സംസ്ഥാനത്തിനുവേണ്ടി പ്രവർത്തിക്കുകയാണ്. അദ്ദേഹത്തിന് ഇന്ത്യയിലോ ലോകത്തോ എവിടെ വേണമെങ്കിലും അദ്ദേഹം ആഗ്രഹിക്കുന്ന ഉത്തരവാദിത്വങ്ങളുമായി പോകാൻ സാധിക്കും. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ശ്രീ. ടി. പി. ശ്രീനിവാസന്റെ സേവനം കേരളത്തിന് ആവശ്യമാണെന്ന് ഞാൻ അദ്ദേഹത്തോട് നേരിട്ട് അഭ്യർത്ഥിക്കുകയുണ്ടായി. അതനുസരിച്ച് അദ്ദേഹം കേരളത്തിൽ വരികയും ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വൈസ് ചെയർമാൻ പദവി അദ്ദേഹത്തിന് നൽകുകയും ചെയ്തു. വളരെ നല്ല പ്രവർത്തനങ്ങളാണ് അദ്ദേഹം കാഴ്ചവച്ചിട്ടുള്ളത്. സ്വയം ഭരണാവകാശമുള്ള കോളേജുകൾ കേരളത്തിൽ ആവശ്യമാണെന്ന അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടത്തിയ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 11 സ്വയംഭരണ കോളേജുകൾ നൽകുകയുണ്ടായി. അത് അനുവദിക്കുന്നതുവരെ ഇന്ത്യയിൽ 507 സ്വയംഭരണ കോളേജുകൾ ഉണ്ടായിരുന്നു. എന്നാൽ ഒരു കോളേജുപോലും കേരളത്തിനുണ്ടായിരുന്നില്ല. എന്താണ് കാര്യം ? ഇടതുപക്ഷം

അതിനെയൊക്കെ എതിർക്കും. കേരളത്തിലെ ഗവൺമെന്റ് കോളേജ് കൂടി ഈ നിലയിലേയ്ക്ക് ഉയർത്തണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. പക്ഷേ ഇടതുപക്ഷം സമ്മതിക്കില്ല. കേരളത്തിലെ യൂണിവേഴ്സിറ്റി കോളേജ്, മഹാരാജാസ് കോളേജ്, ബ്രണ്ണൻ കോളേജ്, വിക്ടോറിയ കോളേജ്, ഈ കോളേജുകൾക്കെല്ലാം അതിനുള്ള അർഹതയുണ്ട്. അതിനെയെല്ലാം ഇടതുപക്ഷം എതിർക്കും. കേരളത്തിലെ 11 കോളേജുകളിൽ സ്വയംഭരണാവകാശം നടപ്പിലാക്കിയതിനെ അതിശക്തമായി എതിർക്കുന്നവർക്കു പോലും ശ്രീ. ടി. പി. ശ്രീനിവാസന്റെ നേതൃത്വത്തിലുള്ള കൗൺസിൽ കൊടുത്ത ഒരു കോളേജിനെക്കുറിച്ചുപോലും പരാതി പറയാൻ സാധിച്ചിട്ടില്ല. കാരണം അർഹതയുള്ള കോളേജുകൾക്കാണ് സ്വയംഭരണാവകാശം നൽകിയിരിക്കുന്നത്. ഇന്ന് അവർ പല ശിപാർശകൾ സർക്കാരിന് നൽകിയിട്ടുണ്ട്. കേരളത്തിൽ ഉന്നതവിദ്യാഭ്യാസ രംഗത്ത്, സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് നമുക്ക് എത്രകണ്ട് വളരാൻ സാധിക്കുമെന്ന് അറിയാമോ? ഇന്ന് ഉന്നത വിദ്യാഭ്യാസ രംഗത്ത്, സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ഏറ്റവും പിന്നിൽ നിൽക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. 2001-ൽ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായി അധികാരത്തിൽ വന്ന സമയത്ത് സ്വാശ്രയ കോളേജുകൾ അനുവദിച്ചതു കൊണ്ടാണ് കേരളത്തിന് ഇന്ന് നാണക്കേടില്ലാതെ നിൽക്കാൻ സാധിക്കുന്നത്. എഞ്ചിനീയറിംഗിന് ഏകദേശം 2500 കുട്ടികൾക്കും മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്.-ന് ആയിരത്തിൽത്താഴെ വിദ്യാർത്ഥികൾക്കും മാത്രമാണ് ഒരു വർഷം പഠിക്കാൻ അവസരം ലഭിച്ചിരുന്നത്. അന്ന് ശ്രീ. എ. കെ. ആന്റണി എടുത്ത നിലപാടിൽ ഇന്നിപ്പോൾ അതിനൊക്കെ മാറ്റമുണ്ടായി. ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളത്തിന് വളരെയധികം മുന്നോട്ട് പോകാൻ സാധിക്കും. അക്കാര്യത്തിൽ കേരളം മുന്നോട്ടുപോയേ പറ്റൂ.

ഗ്ലോബൽ എഡ്യൂക്കേഷൻ മീറ്റ് ആരംഭിച്ചതിനെക്കുറിച്ച് വിമർശനങ്ങളുണ്ടായി. ഇന്നുരാവിലെ ഇതുസംബന്ധിച്ച് ചോദ്യങ്ങൾ ചോദിക്കുകയും ചെയ്തു. മനസ്സുവച്ചാൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഇന്റർനാഷണൽ ഹബ്ബായി മാറാൻ കേരളത്തിന് സാധിക്കും. അതാണ് ഈ ഗവൺമെന്റിന്റെ സ്വപ്നം; അതാണ് ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ഇവിടത്തെ ഒരു വിദ്യാഭ്യാസ സ്ഥാപനവും അടച്ചുപൂട്ടില്ല. ഇവിടത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളെല്ലാം ഇതുപോലെ നിലനിൽക്കുക തന്നെ ചെയ്യും. ഒരു വിദ്യാർത്ഥിക്കും ഒരു ബുദ്ധിമുട്ടുമുണ്ടാകുകയില്ല. പക്ഷേ നമുക്ക് ഉയരാവുന്ന അത്രയും ഉയരുകയും വളരാവുന്നത്രയും വളരുകയും വേണം. കേരളം ഇക്കാര്യത്തിൽ ഉയരുകയും വളരുകയും ചെയ്തിട്ടില്ല. നമ്മുടെ സാദ്ധ്യതകൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കണം. ആ രംഗത്ത് ശ്രീ. ടി. പി. ശ്രീനിവാസൻ

നൽകിയ സംഭാവനകൾ ഏറെ വലുതാണ്. അദ്ദേഹത്തെ അപമാനിക്കാൻ നടത്തുന്ന ശ്രമം കേരളീയ സമൂഹം പുച്ഛിച്ച് തള്ളും എന്ന് എനിക്ക് പൂർണ്ണവിശ്വാസമുണ്ട്. ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്.

ശ്രീ. കെ. എം. മാണിയുടെ പ്രസംഗം ഞാൻ വളരെ ശ്രദ്ധയോടുകൂടി കേൾക്കുകയുണ്ടായി. ഞാൻ ഇപ്പോൾ ബഡ്ജറ്റ് തയ്യാറാക്കുന്നതിന്റെ തിരക്കിലാണ്. നാളെ ബഡ്ജറ്റ് അവതരിപ്പിക്കേണ്ടതാണ്. ഞാൻ ഇവിടെ ഇരിക്കുമ്പോഴും അത്യാവശ്യം എഴുതുകയൊക്കെ ചെയ്യുന്നത് ബഡ്ജറ്റിന്റെ കാര്യങ്ങളാണ്. ശ്രീ. കെ. എം. മാണി 5 പ്രാവശ്യം ബഡ്ജറ്റ് അവതരിപ്പിക്കുകയുണ്ടായി. ആ കാലഘട്ടത്തിൽ സാമ്പത്തിക രംഗത്തും വികസന പ്രവർത്തന രംഗത്തും കരുതലിനുവേണ്ടി ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള പ്രവർത്തനങ്ങളിലുമെല്ലാം അദ്ദേഹത്തിന്റെ സഹകരണവും പങ്കാളിത്തവും നേതൃത്വവും വലിയൊരു പങ്കുവഹിച്ചു എന്നുള്ള കാര്യം ഈ സഭയിൽ തുറന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. വൻകിട പദ്ധതികൾക്കൊക്കെ പണമുണ്ടോ, പണമുണ്ടാകുമോ എന്നൊക്കെ ചോദിച്ചവരുണ്ട്. നമ്മുടെ വൻകിട പദ്ധതികൾക്കുവേണ്ടി വകയിരുത്തിയിരിക്കുന്ന തുക, ഈ പദ്ധതികൾക്ക് എത്ര രൂപ വേണമെങ്കിലും കൊടുക്കാൻ സാധിക്കത്തക്ക വിധത്തിൽ അദ്ദേഹം ഒരു പ്രത്യേക ഫണ്ട് ഉണ്ടാക്കിയിരിക്കുകയാണ്. ഇത് കേരളത്തിൽ ആദ്യമായിട്ടാണ്. അത് ശ്രീ. കെ. എം. മാണിയുടെ സംഭാവനയാണ്. ഒരു പദ്ധതിക്ക് 200 കോടി രൂപ, വേറൊരു പദ്ധതിക്ക് 500 കോടി രൂപ, വേറൊരു പദ്ധതിക്ക് 700 കോടി രൂപ എന്നിങ്ങനെയൊക്കെ വകയിരുത്തിയിട്ടുണ്ടാകും. ചിലപ്പോൾ ഒരു പദ്ധതിക്ക് 700 കോടി രൂപ വകയിരുത്തിയിരിക്കുന്ന സ്ഥാനത്ത് അത്രയും രൂപ വേണ്ടിവരില്ലായിരിക്കും. അതേസമയം 200 കോടി രൂപ വകയിരുത്തിയിരിക്കുന്ന സ്ഥാനത്ത് ചിലപ്പോൾ 500 കോടി രൂപ ചെലവഴിക്കേണ്ട സാഹചര്യമുണ്ടാകും. അതുകൊണ്ട് എല്ലാ പ്രോജക്ടിനും ടോക്കൺ പ്രൊവിഷൻ അനുസരിച്ച് ഒരു നിശ്ചിത തുക ഒന്നിച്ച് മാറ്റിവച്ചിട്ടുണ്ട്. ഏത് പ്രോജക്ടിന് എത്ര കോടി രൂപ വേണമെങ്കിലും ആ പ്രൊവിഷൻ അനുസരിച്ച് തുക വകയിരുത്താൻ സാധിക്കും. ആ സമീപനം അദ്ദേഹം സ്വീകരിച്ചതുമൂലം ഇവിടത്തെ എല്ലാ പ്രോജക്ടുകളും ആവശ്യാനുസരണം മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചു. നമ്മുടെ വികസന രംഗത്ത് അദ്ദേഹം ഒരു പുതിയ മാതൃകയാണ് നൽകിയിട്ടുള്ളത്. ഏത് പദ്ധതിക്ക് എപ്പോൾ പണം വേണമോ, അപ്പോൾ ലഭിക്കത്തക്കവിധത്തിലുള്ള സംവിധാനങ്ങളാണ് അദ്ദേഹം ബഡ്ജറ്റിൽ ഉണ്ടാക്കിയിട്ടുള്ളത്. കരുതൽ രംഗത്ത് അദ്ദേഹം കാട്ടിയത്, എന്നും അദ്ദേഹത്തിന്റെ പേര് കാരുണ്യയുമായി ബന്ധപ്പെട്ട് ഓർക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ലോട്ടറിയെ സംബന്ധിച്ച് എന്തൊക്കെ പ്രശ്നങ്ങളുണ്ടായിരുന്നു? ഇന്നിപ്പോൾ അഴിമതിക്കെതിരെ ഉറഞ്ഞുതുള്ളുന്നവർ തിരിച്ച് തുക കൊടുക്കേണ്ടി വന്ന സാഹചര്യമുണ്ടായില്ലേ; സാന്റിയാഗോ മാർട്ടിനിൽ നിന്ന് വാങ്ങിയ തുക കൊടുക്കേണ്ടി

വന്നില്ലേ? അന്ന് ലോട്ടറി എന്നാൽ സാന്റിയാഗോ മാർട്ടിനായിരുന്നു. ഇന്ന് ലോട്ടറി എന്നുപറയുന്നത് കാരുണ്യ ലോട്ടറിയാണ്. 1200 കോടി രൂപയുടെ കാരുണ്യ പ്രവർത്തനമാണ് ഇതുവഴി നടത്തിയിട്ടുള്ളത്. അത്ര വലിയൊരു തുകയാണ് ഈ നാലരവർഷക്കാലംകൊണ്ട് കാരുണ്യ ലോട്ടറി വഴി സമാഹരിക്കാൻ കഴിഞ്ഞത്. 'വികസനവും കരുതലും' എന്ന ഈ ഗവൺമെന്റിന്റെ ലക്ഷ്യം പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് അദ്ദേഹത്തിന് നേതൃത്വം നൽകാൻ സാധിച്ചു. ഗവൺമെന്റിനു വേണ്ടി അദ്ദേഹത്തെ പ്രത്യേകം അഭിനന്ദിക്കാനും ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

ഗവർണറുടെ നയപ്രഖ്യാപനപ്രസംഗം ഈ ഗവൺമെന്റിന്റെ അഞ്ച് വർഷത്തെ നേട്ടങ്ങൾ നിരത്തിക്കൊണ്ടുള്ള പ്രസംഗമായിരുന്നു. അതുസംബന്ധിച്ചുള്ള ചർച്ച കുറേക്കൂടി സജീവമായി നടന്നിരുന്നെങ്കിൽ, വിമർശനാത്മകമായ ചർച്ച നടന്നിരുന്നെങ്കിൽ ഞാൻ കൂടുതൽ സന്തോഷിക്കുമായിരുന്നു. എങ്കിലും ഈ നന്ദിപ്രമേയം പാസ്സാക്കിത്തരണമെന്നുള്ള അഭ്യർത്ഥനയോടുകൂടി ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u> : ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച നന്ദിപ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ............

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

നന്ദിപ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

ഓർഡർ, ഓർഡർ....... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ഫെബ്രുവരി മാസം 12-ാം തീയതി രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.22-ന് പിരിഞ്ഞു.)